
ശ്രീ

# ആനന്ദരാമായണം

കെ. ശങ്കരൻ മൂസ്സത്.

# ആനന്ദരാമായണം

കെ. വാസുദേവൻ മൂസ്സത്.



[illegible]

ശ്രീ

# ആനന്ദരാമായണം

## (ഗദ്യം)

---

പരിഭാഷകൻ:


പുഷ്പാഞ്ജലി, അഷ്ടപദി, വിലാസിനി, കാളിദാസൻ, രണ്ടു മഹതികൾ, സാഹിത്യകൌസ്തുഭം, പ്രബന്ധഭൂഷണം, പ്രാചീനഭാരതം, ഉൎവ്വശി, ശങ്കരാചാൎയ്യർ, ശ്രീസ്തുതി, ശ്രീകൃഷ്ണലീലകൾ, ഹരിശ്ചന്ദ്രൻ, ശ്രീകൃഷ്ണഌത്, മേല്പത്തൂർ ഭട്ടതിരി, ഹിരണ്മയി
മുതലായ ഗ്രന്ഥങ്ങളുടെ കൎത്താവായ

പണ്ഡിതർ, കെ. വാസുദേവൻ മൂസ്സത്.



പ്രസാധകൻ:

കെ. ശങ്കരൻ മൂസ്സത്.

---

തൃശ്ശിവപേരൂർ,

ജ്ഞാനസാഗരം പുസ്തകശാല.

1101.



(പകൎപ്പവകാശം പ്രസാധകനുള്ളതാകുന്നു.)


Price 2—0—0] [വില ക 2—0—0

PRITNED AT THE VIDYA VINODINI PRESS, TRICHUR.

# മുഖവുര.

രാമായണം കഥ പലരുടെ വകയായും പലപ്രകാരത്തിൽ ഉള്ളതിൽ ഓരോന്നും ഓരോ വിഷയത്തിൽ പ്രത്യേകം കേൾവിപ്പെട്ടിരിക്കുന്നു. വാൽമീകിരാമായണം വർണ്ണനാരീതിയിലും അലങ്കാരശോഭയിലും രസഭാവാദികളിലും പ്രസിദ്ധമാണ്. അതേകാരണത്താൽത്തന്നെ, അത് ആദികാവ്യം എന്നു പറയപ്പെടുന്നു. അദ്ധ്യാത്മരാമായണം ഭക്തിവിഷയത്തിൽ മററുള്ളവയെ അതിശയിക്കുന്നു. അദ്ധ്യാത്മദൃഷ്ട്യാ നോക്കുമ്പോൾ അതിന്നു മററു രാമായണങ്ങളെക്കാളധികമായ ഉൽക്കർഷമുള്ളതുകൊണ്ടാണ് അതിന്ന് അദ്ധ്യാത്മരാമണം എന്നു പേരുണ്ടായത്. അതുപോലെതന്നെ, പ്രസ്തുതമായ ആനന്ദരാമായണം കഥാവിഷയത്തിൽ തുലോം പ്രസിദ്ധിയെ പ്രാപിച്ചിരിക്കുന്നു. ശ്രീരാമകഥകളെ കേൾക്കുന്നതിൽ ശ്രോതാക്കൾക്ക് അധികമായ ആനന്ദം ഉണ്ടാകുന്നതുകൊണ്ടായിരിക്കണം ഈ രാമായണത്തിന്ന് ആനന്ദരാമായണം എന്നു പേരുണ്ടായത്. ഇതിലെ ഓരോ വിചിത്രകഥകൾ ശ്രോതാക്കളുടെ ഹൃദയത്തെ സ്വയമേവ ആനന്ദിപ്പിക്കുന്നവയാകുന്നു.

ഈ രാമായണത്തിൽ കഥകൾക്കുള്ള വൈചിത്ര്യം വിമർശകന്മാരുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്നതാണ്. സാധാരണ രാമായണങ്ങളിൽ ദശരഥമഹാരാജാവിൻെറ പുത്രചിന്തയോടുകൂടിയാണല്ലോ കഥ ആരംഭിക്കുന്നത. ഇതിലാകട്ടെ കൌസല്യയുടെ വിവാഹാലോചന മുതൽക്കുതന്നെ തുടങ്ങുന്നുണ്ട്. ദശരഥൻെറ മൂന്നു ഭാര്യമാരിൽ എളയവളായിട്ട് സുമിത്രയെയാണല്ലോ പറഞ്ഞു കണ്ടിട്ടുള്ളത്. ഇതിലാകട്ടെ ദശരഥൻെറ ഏററവും എളയ ഭാര്യ കൈകേയിയാകുന്നു. രണ്ടു ഭാഗം പായസം കിട്ടിയതും രണ്ടു പുത്രന്മാരുണ്ടായതും സുമിത്രയ്ക്കല്ല കൈകേയിക്കാണ്. ആകയാൽ സൌമിത്രിയായ ലക്ഷ്മ

ണൻ ഭരതൻെറ ജ്യേഷ്ഠനാകുന്നു. ഇങ്ങിനെ ആധികാരികമായ കഥതന്നെ ഇതിൽ ഭേദിച്ചാണു വൎണ്ണിക്കപ്പെട്ടിരിക്കുന്നത്.

സാധാരണ രാമായണത്തിൽ പ്രത്യേകം വൎണ്ണിക്കാതെ വിട്ടുകളഞ്ഞിട്ടുള്ള കഥകൾ ഈ ആനന്ദരാമായണത്തിൽ വൎണ്ണിച്ചിട്ടുണ്ട്. കൈകേയി ദശരഥനൊരുമിച്ചു സ്വൎഗ്ഗലോകത്തിലേക്കു യുദ്ധത്തിന്നു പോയതും ആ യുദ്ധത്തിൽ ദശരഥൻെറ രഥാക്ഷകീലം മുറിഞ്ഞുപോയതും അപ്പോൾ കൈകേയി തൻെറ എടത്തെ കയ്യിൻെറ വിരൽ അക്ഷകീലത്തിൻെറ സ്ഥാനത്തുവെച്ചു ദശരഥനെ രക്ഷിച്ചതും ദശരഥൻ സന്തോഷിച്ചു രണ്ടു വരങ്ങൾ കൈകേയിക്കു കൊടുക്കാമെന്നു പ്രതിജ്ഞചെയ്യുതുമായ കഥ ഇതിൽ വിസ്തരിച്ചിട്ടുണ്ട്. ഇതുപോലെതന്നെ ദശരഥൻെറ നായാട്ടും വൈശ്യതാപസനിൽ നിന്നുള്ള ശാപപ്രാപ്തിയും ഇതിൽ വിസ്തരിച്ചിട്ടുണ്ട്. ഈ രണ്ടും ആധികാരികമായ രാമകഥയിൽ പ്രാധാന്യേന സംബന്ധിച്ചിരിക്കുന്നതും അഭിഷേകവിഘ്നം, വനവാസം എന്നിവയും എന്നുവേണ്ട രാവണവധത്തിന്നുതന്നെയും മൂലകാരണമാവുകയാൽ ഇവയുടെ വൎണ്ണനം ഇതിലെ കഥാഗതിക്കു ഇതേറ്റം ചമൽക്കാരമുളവാക്കുന്നുണ്ട്.

ഇതുകൂടാതെ കഥയിലെ നായികയായ സീതയുടേയും നായകനായ ശ്രീരാമൻേറയും പൂൎവ്വചരിത്രം അഹല്യയുടെ ചരിത്രം, കൈകേയിയുടെ പൂൎവ്വചരിത്രം, ദശരഥൻെറ പൂൎവ്വചരിത്രം, രാവണൻെറ പൂൎവ്വചരിത്രം, ഹനൂമാൻെറ പൂൎവ്വചരിത്രം മുതലായവയും ഇതിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. ഈ വക കഥകൾ സാധാരണ രാമായണങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതല്ലാതെ ഇങ്ങിനെ വിസ്തരിച്ചിട്ടില്ല. ഇതുപോലെതന്നെ രാമേശ്വരത്തെ ക്ഷേത്രപ്രതിഷ്ഠ മുതലായവയും വളരെ വിശദമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

രാമായണകഥയിലെ പ്രതിനായകനായ രാവണനെ അസാധാരണമായ ഒരു സമ്പ്രദായത്തിലാണ് ഇതിൽ വൎണ്ണിച്ചി

രിക്കുന്നത്. രാവണൻ ബ്രഹ്മാവിൻെറ വാക്കിൽനിന്നു തന്റെ നാശഹേതുവായ രാമൻ ദശരഥൻെറ പുത്രനായി കൌസല്യയിൽ അവതരിക്കുമെന്നു കേട്ടിട്ടു കൌസല്യാദശരഥന്മാരുടെ വിവാഹത്തെത്തന്നെ വിഘ്നപ്പെടുത്തുവാൻ ശ്രമിക്കുന്നു. സീതയെ, ആ ദേവി പത്മ എന്ന പേരിൽ അവതീർണ്ണയായ കാലത്തുതന്നെ രാവണൻ അപഹരിക്കുവാൻ ശ്രമം ചെയ്യുന്നുണ്ട്. സീതാസ്വയംവരത്തിൽ ധനുരാരോപണമെന്ന വീരപരീക്ഷയ്ക്കു രാവണനും പങ്കുചേൎന്നു പരാജിതനായി പിൻമാറുന്നുമുണ്ട്. ഇങ്ങിനെ ആലോചിച്ചുനോക്കിയാൽ ഇതിലെ കഥയുടെ ഗതി സാധാരണ രാമായണങ്ങളിൽനിന്നു ഇലോം വ്യത്യസ്തവും പൂൎണ്ണവുമായ ഒരു രീതിയിലാണെന്ന് ഏവൎക്കും ബോദ്ധ്യപ്പെടാതിരിക്കയില്ല.

രാമായണങ്ങൾ ശതകോടി പ്രവിസ്തരങ്ങളായിട്ടുണ്ടെന്നു പ്രസിദ്ധമാണല്ലോ. ഈ ശതകോടിരാമായണങ്ങളുടെ ഉൽപത്തിയും അവ ഓരോ ഭൂഖണ്ഡങ്ങളിൽ പ്രചാരത്തിൽ വന്ന പ്രകാരവും ഈ ആനന്ദരാമായണത്തിൽത്തന്നെ ഒരിടത്തു (യാത്രാകാണ്ഡത്തിൽ) വൎണ്ണിച്ചിട്ടുണ്ട്. സാധാരണ രാമായണങ്ങളിൽ ആറു കാണ്ഡമുള്ളതിന്നു പകരം ഇതിൽ ഒമ്പതു കാണ്ഡങ്ങളുണ്ട്. പിന്നെ ഒരു വിശേഷവുംകൂടിയുണ്ട്: സാധാരണ രാമായണങ്ങളിൽ ആദി മുതൽ അവസാനംവരെയുള്ള കഥകൾ എല്ലാ കാണ്ഡങ്ങളിലുമായി വൎണ്ണിക്കയാണല്ലോ ചെയ്തിട്ടുള്ളത്. ഇതിലാകട്ടേ ആദ്യത്തെ കാണ്ഡത്തിൽത്തന്നെ കഥകൾ മുഴുവനും അവസാനിക്കുന്നു. ശേഷമുള്ള കാണ്ഡങ്ങൾ രാമപട്ടാഭിഷേകത്തിന്നു ശേഷമുള്ള ഓരോ സംഭവങ്ങളുടെ വിസ്തരമാണ്. വിസ്തരാത്മകങ്ങളായ ഈ കാണ്ഡങ്ങൾ നാനാവസ്തുക്കളുടേയും വിവിധലോകവ്യവഹാരങ്ങളുടേയും ജ്ഞാനത്തിന്നു ഇലോം പ്രയോജനപ്പെടുന്നവയുമാണ്. ഉദാഹരണത്തിന്നായി ഈ പ്രസിദ്ധീകരണത്തിൽത്തന്നെ അന്തർഭവിച്ചിട്ടുള്ള രണ്ടും മൂന്നും കാണ്ഡങ്ങളെ എടുക്കാം. രണ്ടാമത്തേതായ യാത്രാകാണ്ഡം

കൊണ്ടു ഭാരതവൎഷത്തിലുള്ള പുണ്യതീൎത്ഥങ്ങളുടെ ഒരു സമഷ്ടിയായ ജ്ഞാനവും, അടുത്തതായ യാഗകാണ്ഡംകൊണ്ട് അശ്വമേധയാഗത്തിന്റെ ഒരു സ്വരൂപജ്ഞാനവും വായനക്കാൎക്കുണ്ടാകുന്നതാണ്.

മേൽപ്രകാരം നവകാണ്ഡാത്മകമായ ആനന്ദരാമായണത്തെ മുമ്മൂന്നു കാണ്ഡങ്ങളടങ്ങിയ മൂന്നു ഖണ്ഡങ്ങളായിത്തിരിച്ചു പൊതുജനോപകാരപ്രദമായ വിധത്തിൽ പ്രസിദ്ധം ചെയ്യാനാണ് ഈ പ്രസിദ്ധീകരണംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അതിൽ (1) സാരകാണ്ഡം, (2) യാത്രാകാണ്ഡം, (3) യാഗകാണ്ഡം എന്നിവയടങ്ങിയ ഒന്നാമത്തെ ഖണ്ഡമാണു വായനക്കാരുടെ മുമ്പിൽ വെയ്ക്കുന്നതായ പ്രസ്തുത പുസ്തകം. (4) വിലാസകാണ്ഡം, (5) ജന്മകാണ്ഡം, (6) വിവാഹകാണ്ഡം എന്നിവയടങ്ങിയ രണ്ടാം ഖണ്ഡം ഇതിനെത്തുടൎന്നുകൊണ്ടു പ്രസിദ്ധം ചെയ്യുന്നതുമാണ്.

ഈ കൃതി സംസ്കൃതത്തിലുള്ള മൂലഗ്രന്ഥത്തിൽനിന്നു ലളിതഗദ്യരീതിയിൽ തൎജ്ജമ ചെയ്തതാകുന്നു. മൂലകൃതി വാല്മീകിയുടേതാണെന്നാണു കാണുന്നത്. എന്നാൽ, ആദികാവ്യമായ വാല്മീകിരാമായണത്തോടു സാമ്യപ്പെടുത്തത്തക്കവിധം കാവ്യഗുണങ്ങളോടുകൂടിയ ഒരു ഭാഗവും ഇതിൽ കാണുന്നില്ല. കഥകളെ പ്രസക്താനുപ്രസക്തമായി പരത്തിക്കൊണ്ടു പോകുന്നതിൽ പ്രസ്തുത കവിക്കുള്ള സാമൎത്ഥ്യം അന്യാദൃശമാണ്. സാഹിത്യഗുണത്തെസ്സംബന്ധിച്ചാകട്ടേ ഇദ്ദേഹം തീരെ ശ്രദ്ധിച്ചിട്ടുമില്ല. ഇതിന്റെ മൂലകാരൻ വാല്മീകിയാണെങ്കിൽ അദ്ദേഹം ആദികാവ്യകൎത്താവായ വാല്മീകിയിൽനിന്നു ഭിന്നനാണെന്നേ കവിതാതാരതമ്യനിരൂപണം ചെയ്യുന്ന ഒരു വിമൎശകനു വിചാരിപ്പാൻ ന്യായമുള്ളു.

പ്രസ്തുതകൃതിയുടെ തൎജ്ജമയിൽ മൂലാൎത്ഥത്തിനു ഭംഗം വരാത്തവിധത്തിൽ പല സ്വാതന്ത്ര്യങ്ങളും എടുത്തിട്ടുണ്ട്. ഇല്ലാതെയും ചില ഘട്ടങ്ങളിൽ ചില ചെറുകവിതകളും ചേൎത്തിട്ടുണ്ടു.

വായനക്കാൎക്കു വിജ്ഞാനവും വിനോദവും ഉണ്ടാകേണ്ടതിന്നു വേണ്ടതെല്ലാം ഇതിൽ യഥാശക്തി ചെയ്തിട്ടുണ്ടെന്നാണു വിശ്വാസം. പ്രൂഫ് തിരുത്തുവാൻ എൻെറ ദൂരദേശസ്ഥിതി നിമിത്തം സാധിക്കാതെ വന്നുപോയി. തന്നിമിത്തം സാരമായ ചില തെററുകൾ പററിപ്പോയിട്ടുമുണ്ട്. അവ വായനക്കാൎക്കു തന്നെ സുഗ്രഹമാണെന്നു കരുതി പ്രത്യേകം തിരുത്തിക്കാണിച്ചിട്ടില്ല. ജ്ഞാനസാഗരം മാനേജരും എൻെറ അനുജനുമായ കെ. ശങ്കരൻ മൂസ്സതിൻെറ ഉത്സാഹഫലവും രാമായണകഥാപ്രതിപാദകവുമായ ഈ ആനന്ദരാമായണത്തെ വായനക്കാർ ആദരിക്കുമാറാകണമെന്നു പ്രാൎത്ഥനയോടുകൂടി ഈ ഗ്രന്ഥത്തെ പൊതുജനങ്ങളുടെ മുമ്പിൽ വെച്ചുകൊള്ളുന്നു.

വെള്ളിനേഴി,
20—2—101.

കെ. വി. എം.

ഓം.

ശ്രീഗണേശായനമഃ.

# ആനന്ദരാമായണം.

## സാരകാണ്ഡം.

### ഒന്നാം സൎഗ്ഗം.

ശ്രീരാമദേവന്റെ പേരിൽ ഏററവും ഭക്തിയുള്ളവളായ ശ്രീപാൎവ്വതിദേവി, ശ്രീകൈലാസഗിരിയിൽ എഴുന്നെള്ളി ഇരുന്നരുളുന്ന ശ്രീപരമശിവനെ സ്നേഹപൂൎവ്വം നമസ്കരിച്ചു പറയുന്നു. "സ്വാമിൻ! എനിക്ക് ഇവിടുന്ന് അനേകം പുരാണങ്ങൾ പറഞ്ഞുതരിക ഉണ്ടായിട്ടുണ്ടല്ലൊ. അതുപ്രകാരം ഇപ്പോൾ രഘുകുലാലങ്കാരമായ ശ്രീരാമന്റെ ജനനം, ലീലകൾ മുതലായവയെ ദയ ചെയ്ത് എനിക്കു പറഞ്ഞുതരണം. ശ്രീരാമദേവന്റെ ലീലകൾ എനിക്ക് ഏററവും താല്പൎയ്യം ജനിപ്പിക്കുന്നുണ്ട്. അവ അത്യാനന്ദത്തെ നല്കുന്നതുമുണ്ട്". ഇങ്ങിനെ ശ്രീപാൎവ്വതി പറഞ്ഞപ്പോൾ സൎവ്വലോകശരണ്യനായ പരമശിവൻ സന്തോഷത്തോടുകൂടി അരുളിച്ചെയ്തു. "പ്രിയെ! നീ ചോദിച്ചതു വളരെ നല്ലതുതന്നെ. നിന്റെ ആഗ്രഹപ്രകാരം സൎവ്വമംഗളപ്രദമായ ശ്രീരാമചരിതത്തെ ഞാൻ നിണക്കു പറഞ്ഞുതരാം. മനസ്സിരുത്തി കേട്ടുകൊൾക".

പരമശിവൻ പറയുന്നു.

ശ്രീരാമന്റെ വംശപാരമ്പൎയ്യംതന്നെ ആദ്യം പറയാം. ആദിനാരായണങ്കൽനിന്നു ബ്രഹ്മദേവൻ ആവിൎഭവിച്ചു. ബ്രഹ്മദേവങ്കൽനിന്നു മരീചിയും, മരീചിയിൽനിന്നു കശ്യപനും, കശ്യപങ്കൽനിന്നു സൂൎയ്യനും ഉണ്ടായി. സൂൎയ്യങ്കൽനിന്നാണു ശ്രാദ്ധദേവൻ എന്നുകൂടി പേരുള്ള വൈവസ്വതമനു അവതരിച്ചത്. ആ മനുവിൽനിന്നു പരാക്രമശാലിയായ ഇക്ഷ്വാകു

വും, അദ്ദേഹത്തിൽനിന്നു വൃക്ഷിയും, വൃക്ഷിയിൽനിന്നു പുരഞ്ജയൻ എന്നു പറയപ്പെടുന്ന കകുൽസ്ഥനും, അദ്ദേഹത്തിൽനിന്ന് ഇന്ദ്രവാഹനും ഉണ്ടായി. ഇന്ദ്രവാഹനിൽനിന്നു വിശ്വരണിയും അദ്ദേഹത്തിൽനിന്നു ചന്ദ്രനും ചന്ദ്രങ്കൽനിന്നു പ്രതാപശാലിയായ യവനാശ്വനും, യവനാശ്വങ്കൽനിന്നു ചാപസ്ഥനും, അദ്ദേഹത്തിൽനിന്നു സുപ്രസിദ്ധനായ ബൃഹദശ്വനും ഉത്ഭവിച്ചു. ബൃഹദശ്വങ്കൽനിന്നു കുവലയാശ്വൻ, അദ്ദേഹത്തിൽനിന്നു ദൃഢാശ്വൻ, ദൃഢാശ്വങ്കൽനിന്നു ഹര്യ്യശ്വൻ, ഹര്യ്യശ്വങ്കൽനിന്നു നികുംഭൻ, എന്നിവരും നികുംഭന്റെ പുത്രനായി മൃഗണാശ്വനും ഉണ്ടായി. മൃഗണാശ്വങ്കൽനിന്നാണു കൃതാശ്വന്റെ ജനനം. കൃതാശ്വന്റെ പുത്രൻ സേനജിത്തു, സേനജിത്തിന്റെ പുത്രൻ യവനാശ്വൻ, യവനാശ്വന്റെ പുത്രൻ സുപ്രസിദ്ധനായ മാന്ധാതാവു, മാന്ധാതാവിങ്കൽനിന്നു പുരുകുത്സനും, പുരുകുത്സങ്കൽനിന്നു ത്രസ്യദസ്യു എന്നുപേരുള്ള അനരണ്യനും, അനരണ്യങ്കൽനിന്നു ഹര്യ്യശ്വനും അദ്ദേഹത്തിൽനിന്ന് അരുണനും, അരുണനിൽനിന്നു ത്രിബന്ധനനുംഉണ്ടായി. ത്രിബന്ധനന്റെ പുത്രനാണു ത്രിശങ്കു അഥവാ സത്യവ്രതൻ. ഈ ത്രിശങ്കു എന്ന സത്യവ്രതന്റെ പുത്രനാണു സത്യനിഷ്ഠനായ ഹരിശ്ചന്ദ്രൻ. ഹരിശ്ചന്ദ്രന്റെ പുത്രൻ ലോഹിതനും, അദ്ദേഹത്തിന്റെ പുത്രൻ അരിദനും ആകുന്നു. അരിദനിൽനിന്നു ചമ്പനും ചമ്പനിൽനിന്നു സുദയവനും, സുദയവനിൽനിന്നു വിജയനും വിജയനിൽനിന്നു ഭരുഗനും അദ്ദേഹത്തിൽനിന്നു വിരുഗനും വിരുഗനിൽനിന്നു ബാഹുകനും, ബാഹുകനിൽനിന്നു സഗരനും ജനിച്ചു. സഗരന്റെ പുത്രൻ അസമഞ്ജൻ, അസമഞ്ജന്റെ പുത്രൻ അംശുമാൻ, അംശുമാന്റെ പുത്രൻ ദിലീപൻ. ദിലീപനിൽനിന്നു ഭഗീരഥനും, ഭഗീരഥങ്കൽനിന്നു ശ്രുതനും, ശ്രുതങ്കൽനിന്നു നാഭനും, നാഭങ്കൽനിന്നു സിന്ധുദ്വീപനും ഉണ്ടായി. സിന്ധുദ്വീപന്റെ പുത്രൻ അയുതായുസ്സും, അയുതായുസ്സിന്റെ പുത്രൻ ഋതുപർണ്ണനും, ഋതുപർണ്ണന്റെ പുത്രൻ കൽമാഷപാദനെന്നു പറയപ്പെടുന്ന സുദാസനും സുദാസ

ന്റെ പുത്രൻ അസ്സഗനും, അദ്ദേഹത്തിന്റെപുത്രൻ നാരികവചൻ അഥവാ മൂലകനും ആകുന്നു. മൂലകങ്കൽനിന്നു ദശരഥനും ദശരഥങ്കൽനിന്നു ജഡപീഡനും, ജഡപീഡങ്കൽനിന്നു വിശ്വസഖനും അദ്ദേഹത്തിൽനിന്നു ഖട്വാംഗനും ഖട്വാംഗങ്കൽനിന്നു ദീൎഗ്ഘബാഹുവായ ദിലീപനും ജനിച്ചു. ഈ ദിലീപന്റെ പുത്രൻ രഘു, രഘുവിന്റെ പുത്രൻ അജൻ, അജന്റെ പുത്രൻ ദശരഥൻ, ദശരഥന്റെ പുത്രനായിട്ടാണു പരമപുരുഷനായ ശ്രീരാമദേവൻ തിരുവവതാരം ചെയ്യരുളിയതു്.

ശ്രീരാമദേവന്റെ അഗണ്യങ്ങളായ തിരുനാമങ്ങളെ മഹഷിമാർ നമസ്കരിച്ചുംകൊണ്ടു് എപ്പോഴും സ്തുതിക്കുന്നു. മേൽകാണിച്ചപ്രകാരം ആദിനാരായണൻ മുതൽ 61 തലമുറകൾക്കും പിന്നെ 61 തലമുറകൾക്കും നടുവിൽ നായകക്കല്ലായി വിളങ്ങുന്ന ശ്രീരാമദേവന്റെ ചരിത്രം മുഴുവൻ നിണക്കു ഞാൻ ചുരുക്കി പറഞ്ഞുതരാം. സരയൂനദിയുടെ കരയിൽ ഉള്ള അയോദ്ധ്യാപട്ടണത്തിൽ ത്രിഭുവനപ്രസിദ്ധനും, മഹാബലശാലിയും ഇക്ഷ്വാകുകുലാലങ്കാരവും, ഐശ്വൎയ്യസമൃദ്ധിയുള്ളവനുമായ ദശരഥമഹാരാജാവു വാണുകൊണ്ടു ജംബുദ്വീപം മുഴുവനും തന്റെ ആജ്ഞയിൻകീഴിലാക്കി രഥഗജതുരഗപദാദികളോടുകൂടി നീതിയെ അനുസരിച്ചുകൊണ്ടു രാജ്യപരിപാലനം ചെയ്തുവന്നു.

അക്കാലത്തു് അയോദ്ധ്യയുടെ സമീപത്തിലുള്ള കോസലരാജ്യത്തിൽപ്പെട്ട 'കോസലം' എന്ന പട്ടണത്തിൽ പുണ്യശാലിയായ കോസലൻ എന്ന രാജാവു രാജ്യം വാഴുന്നുണ്ടായിരുന്നു. അദ്ദേഹത്തിനു കൌസല്യ എന്നു പേരായി ഒരു കന്യക ഉണ്ടായിരുന്നു. നവയൌവ്വനത്തിലെത്തിയ കൌസല്യയുടെ ഭത്താവായി ദശരഥനെയാണു കോസലരാജാവു തിരഞ്ഞെടുത്തതു്. ഈ വിവരം ദശരഥനെ അറിയിക്കുവാനായി കോസലൻ തന്റെ ദൂതന്മാരെ അയയ്ക്കുകയും, ദൂതന്മാർ അയോദ്ധ്യയിൽ പോയി ദശരഥനെ വിവരം ധരിപ്പിച്ചു വിവാഹമുഹൂത്തം നിശ്ചയിച്ചു മടങ്ങി വരികയും ചെയ്തു. ദൂതന്മാർ ചെന്ന

പ്പോൾ ദശരഥമഹാരാജാവു മന്ത്രിമാരോടും ബന്ധുമിത്രങ്ങളോടുംകൂടി മാഗധന്മാരുടേയും വന്ദികളുടേയും സ്തുതികൾ കേട്ടും, ദാസികളുടെ ഗാനം ശ്രവിച്ചും, രത്നദീപപ്രകാശത്തോടും സൈന്യങ്ങളുടെ കാവലോടുംകൂടി, രാത്രിസമയത്തു സരയൂനദിയിൽ തോണി കളിക്കുകയായിരുന്നു.

ഇതേസമയത്തുതന്നെ ലങ്കാധിപതിയായ രാവണൻ ബ്രഹ്മാവിനെ ലങ്കയിലേയ്ക്കു വരുത്തി അദ്ദേഹത്തോട് 'എനിക്ക് ആരുടെ കൈകൊണ്ടു മരണം ഭവിക്കുമെന്നു സൂക്ഷ്മമായി പറയണം' എന്ന് ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ ബ്രഹ്മാവു പറഞ്ഞു. 'ദശരഥമഹാരാജാവിന്നു കൌസല്യയിൽ ആദിനാരായണനായ വിഷ്ണുവിൻെറ അംശാവതാരമായിട്ടു രാമലക്ഷ്മണഭരതശത്രുഘ്നന്മാർ അവതരിക്കും. അവരിൽവെച്ചു രാമൻെറ കൈകൊണ്ടാണു നിനക്കു മരണം ഭവിക്കുക. ഹേ! രാവണാ! ഇന്നുമുതൽ അഞ്ചാമത്തെ ദിവസം കൌസല്യയും ദശരഥനും തമ്മിലുള്ള വിവാഹം വൈദികബ്രാഹ്മണരെക്കൊണ്ടു നടത്തിക്കുവാൻ കോസലരാജാവു നിശ്ചയിച്ചിരിക്കുന്നു.' എന്നിങ്ങിനെ അരുളിച്ചെയ്തു ബ്രഹ്മദേവൻ ബ്രഹ്മലോകത്തേയ്ക്കു മടങ്ങിപ്പോയി.

ബ്രഹ്മാവിൻെറ വാക്കു കേട്ടിട്ടു രാവണൻ അപ്പോൾതന്നെ പുഷ്പകവിമാനത്തിൽ കയറി അസംഖ്യം രാക്ഷസന്മാരേയും കൂട്ടി, അതിവേഗത്തിൽ അയോദ്ധ്യാപുരിയിലേയ്ക്കു ചെന്നു. ആ സമയത്തു ദശരഥമഹാരാജാവു തോണി കളിക്കുകയായിരുന്നു. അവിടെ വെച്ചുതന്നെ രാവണനും ദശരഥനും തമ്മിൽ ഘോരമായ ഒരു യുദ്ധമുണ്ടായി. യുദ്ധത്തിൽ രാവണൻ ദശരഥനെ ജയിക്കുകയും, ദശരഥൻ കയറിയിരുന്ന കളിത്തോണിയെ കാൽകൊണ്ടു ചവിട്ടി പിളത്തു കളകയും ചെയ്തു. തോണിയിൽ ഉണ്ടായിരുന്ന അനേകം ആളുകളിൽ ദശരഥമഹാരാജാവും അദ്ദേഹത്തിൻെറ മന്ത്രി സുമന്ത്രനും ഒഴികെ എല്ലാവരും വെള്ളത്തിൽ വീണു മുങ്ങി മരിച്ചുപോയി. ദശരഥനും സുമന്ത്രനുമാകട്ടെ, പൊളിഞ്ഞ തോണിയുടെ ഒരു പലകമേലേറി

ഇരുന്നു സരയൂനദിയുടെ ഒഴുക്കുവഴിക്കു ഗംഗാനദിയിലും, അവിടെ നിന്നു സമുദ്രത്തിലും, ഒഴുകിപ്പോയെങ്കിലും, ഈശ്വരകടാക്ഷത്താൽ മരിക്കാതെ ഒരുവിധം കരയ്ക്കു കയറി. രാവണൻ അയോദ്ധ്യയിൽനിന്നു കോസലത്തിലേയ്ക്കു പോകയും, കോസലരാജാവിനെ യുദ്ധം ചെയ്തു ജയിച്ച് അദ്ദേഹത്തിൻെറ പുത്രിയായ കൌസല്യയെ ബലാല്ക്കാരേണ അപഹരിച്ച്, ഏററവും സന്തോഷത്തോടുകൂടി, ആകാശമാർഗ്ഗത്തൂടെ ലങ്കാപുരിയിലേയ്ക്കു പോകയും ചെയ്തു. പോകുന്നവഴിയിൽ രാവണൻ സമുദ്രത്തിൽ ഒരു തിമിംഗലത്തെ കണ്ടു. അപ്പോൾ അദ്ദേഹം 'ദേവന്മാർ എനിക്കു ശത്രുക്കളായതുകൊണ്ട് ഏതുവിധത്തിലെങ്കിലും ഈ കന്യകയെ കൊണ്ടുപോയേയ്ക്കും. അതുകൊണ്ട് ഇവളെ ഞാൻ ചോദിക്കുമ്പോൾ തരേണമെന്നു കല്പിച്ച് ഈ തിമിംഗലത്തെ ഏല്പിക്കുകയാണ നല്ലത്' എന്നു വിചാരിച്ചു കന്യകയെ ഒരു പെട്ടിയിലാക്കി ആ പെട്ടി തിമിംഗലത്തിൻെറ കൈവശം ഏല്പിച്ചു ലങ്കാപുരിയിലേയ്ക്കു പോകയും ചെയ്തു.

രാവണൻെറ കല്പനപ്രകാരം കന്യകയെ വാങ്ങിയ തിമിംഗലം, അവളെ അടക്കം ചെയ്തിട്ടുള്ള പെട്ടി തൻെറ വായിലാക്കിക്കൊണ്ടു, സമുദ്രത്തിൽ സഞ്ചരിച്ചുകൊണ്ടുവന്നു. അതിന്നിടയിൽ ആ തിമിംഗലത്തോടു യുദ്ധത്തിന്നായി മറെറാരു തിമിംഗലം നേരിട്ടു ചെന്നു. അതിനെ കണ്ടപ്പോൾ ആദ്യത്തെ തിമിംഗലം യുദ്ധത്തിന്നൊരുങ്ങി പുറപ്പെട്ടു. അതു തൻെറ വായിലുള്ള പെട്ടി സമീപത്തുള്ള ഒരു ദ്വീപിൽവെച്ചിട്ടാണ ശത്രുവിൻെറ നേരെ ചെന്നത്. അതിന്നിടയിൽ, മുമ്പു പറഞ്ഞപ്രകാരം സരയൂനദിയിൽനിന്നു തോണി പലകമേൽ ഒഴുകിപ്പോന്നിരുന്ന ദശരഥമഹാരാജാവും സുമന്ത്രനും സമുദ്രത്തോടടുത്തു മേല്പറഞ്ഞ ദ്വീപിൽ യദൃച്ഛയാ വന്നുചേൎന്നു. കരക്കിറങ്ങിയപ്പോൾ അവിടെ ഒരു പെട്ടി ഇരിക്കുന്നതായി കാണുകയും തുറന്നുനോക്കിയപ്പോൾ അതിന്നുള്ളിൽ കൌസല്യയെ കണ്ടെത്തുകയും ചെയ്തു. അപ്രതീക്ഷിതമായ വിധത്തിൽകന്യകയെ കണ്ടതുകൊണ്ടു ദശരഥൻ ആശ്ചൎയ്യംകൊണ്ടു സ്തംഭിച്ചുപോയി. അ

പ്പോൾതന്നെ ദശരഥൻ ഗാന്ധർവ്വവിധിപ്രകാരം കൌസല്യ യെ വേൾക്കുകയും, അനന്തരം രാജാവും ഭാര്യയും മന്ത്രിയുംകൂടി ആ പെട്ടിയിൽതന്നെ കടന്നിരുന്നു പെട്ടി പൂർവ്വസ്ഥിതിയിൽ പൂട്ടുകയും ചെയ്തു. പിന്നെ ദശരഥനും കൌസല്യയും ഉണ്ടായ സംഭവങ്ങളെല്ലാം അന്യോന്യം പറഞ്ഞു ധരിപ്പിച്ചു. ഇവരുടേ വിവാഹം നടന്നതു മുമ്പു തീർച്ചപ്പെടുത്തിയിരുന്ന മുഹൂർത്തത്തി ൽതന്നെയാണ്.

തിമിംഗലം തൻെറ ശത്രുവിനെ യുദ്ധത്തിൽ ജയിച്ചു മു മ്പെത്തെപ്പോലെതന്നെ പെട്ടി വായിലാക്കിക്കൊണ്ടു വീണ്ടും സമുദ്രത്തിൽ സഞ്ചരിച്ചുതുടങ്ങി. അതിന്നിടയിൽ രാവണൻ, ബ്രഹ്മാവിനെ പിന്നേയും സഭയിൽചെന്നു വരുത്തി അദ്ദേഹ ത്തോടു 'ഹേ ബ്രഹ്മദേവ! ഇവിടുന്നു പറഞ്ഞ വർത്തമാനം യ ഥാർത്ഥമല്ലാതെ വന്നു. ദശരഥനെ ഞാൻ യുദ്ധത്തിൽ കൊല്ലു കയും അദ്ദേഹത്തിൻെറ ഭാര്യയാവാൻ വെച്ചിരുന്ന കൌസ ല്യയെ ഉപായത്തിൽ ഒളിപ്പിക്കുകയും ചെയ്തു' എന്നു പറഞ്ഞു. ബ്രഹ്മാവ് ഇതു കേട്ട് ആശ്ചര്യത്തോടുകൂടി 'ഹേ ദശഗ്രീവാ! നീ പറയുന്നതു പരമാർത്ഥമല്ല. ദശരഥനും കൌസല്യയും ത മ്മിൽ നിശ്ചയിച്ചിരുന്ന വിവാഹം നിർവ്വിഘ്നം നടന്ന് അവർ ദമ്പതിമാരായി തീൎന്നിരിക്കുന്നു'. എന്നു പറഞ്ഞു.

ബ്രഹ്മാവു പറഞ്ഞതു സത്യമല്ലെന്നു രാവണൻ ഉറപ്പായി വിശ്വസിച്ചു. ഉടൻതന്നെ ദൂതന്മാരെ വിട്ട് ആ തിമിംഗല ത്തിൻെറ കൈവശം ഏല്പിച്ചിരുന്ന പെട്ടി തൻെറ മുമ്പാകെ വരുത്തിക്കുകയും ചെയ്തു. പെട്ടി ബ്രഹ്മാവിൻെറ മുമ്പിൽവെച്ചു തുറന്നപ്പോൾ അതിൽ മൂന്നുപേർ ഇരിക്കുന്നതായി കണ്ടു രാവ ണൻ അമ്പരന്നുപോയി. അവരെ കണ്ടു കോപാക്രാന്തനായി തീൎന്നിട്ടു രാവണൻ തൽക്ഷണംതന്നെ വാൾ ഉറയിൽനിന്ന് ഊരി അവരെ വെട്ടുവാൻ ഭാവിച്ചു. അപ്പോൾ ബ്രഹ്മാവ് അ ദ്ദേഹത്തെ പെട്ടെന്നു തടുത്ത് ഇങ്ങിനെ പറഞ്ഞു. 'ഹേ ദശാ നനാ! നീ എന്താണു ചെയ്യുവാൻ ഭാവിക്കുന്നത്? സാഹസ മായി ഒന്നും പ്രവർത്തിക്കരുത്. നീ ഇപ്പോൾ കണ്ടത് എന്താ

ണ്? ഒരാളെ ആക്കി അടച്ചിരുന്ന പെട്ടിയിൽ ഇപ്പോൾ മൂന്നു
പേർ ഇരിക്കുന്നു. ഈ മൂന്നുപേർ ഇനിയും വൎദ്ധിച്ചു വൎദ്ധിച്ചു
അസംഖ്യകോടി മനുഷ്യരായി വരുവാൻ വിരോധമുണ്ടോ? അ
ക്കൂട്ടത്തിൽ രാമനും ഉണ്ടായിക്കൂടെന്നുണ്ടോ? അങ്ങിനെ ഈ
ക്ഷണത്തിൽതന്നെ ദശരഥങ്കൽനിന്നു രാമൻ ആവിൎഭവിച്ചു്
ഇപ്പോൾതന്നെ നിന്നെ കൊന്നു എന്നു വരരുതേ? നിണക്കു്
ഉള്ള ആയുസ്സു് ഇപ്പോൾതന്നെ അവസാനിപ്പിക്കുവാൻ തുടങ്ങു
ന്നതെന്താണു്? എന്താണു വരുന്നതെന്നുവെച്ചാൽ വരട്ടെ.
അതിന്നു വേണ്ടതു പിന്നീടു് ആലോചിക്കാം. അതുകൊണ്ടു്
ഈ പെട്ടിയെ ദൂതന്മാർ മുഖേന അയോദ്ധ്യയിലേക്കു് അയച്ചു്
നീ ഇവിടെ സുഖമായി ഇരുന്നുകൊൾക. എന്റെ വാക്കു്
ഒരിക്കലും പിഴച്ചുപോകയില്ല. കൎമ്മഗതി ആൎക്കും ഒഴിക്കുവാൻ
പാടില്ലാത്തതുകൊണ്ടു്, എന്തുതന്നെ ചെയ്താലും വരുവാനുള്ള
തു വരികതന്നെ ചെയ്യും’.

ബ്രഹ്മാവു മേല്പ്രകാരം അരുളിച്ചെയ്തതു കേട്ടപ്പോൾ
ഭീതനായിത്തീൎന്ന രാവണൻ ഉടനെതന്നെ ദൂതന്മാരോടു് ആ
പെട്ടിയെ അയോദ്ധ്യാനഗരത്തിൽ എത്തിക്കുവാൻ കല്പിച്ചു.
ദൂതന്മാർ പെട്ടിചുമന്നു് അയോദ്ധ്യാനഗരത്തിൽ കൊണ്ടുപോ
യിവെച്ചു രാവണന്റെ അടുക്കലേക്കു മടങ്ങിപ്പോയി. അയോ
ദ്ധ്യയിലെ നിവാസികൾ ദശരഥമഹാരാജാവിനെ സന്ദൎശിച്ചു
സന്തോഷഭരിതന്മാരായി തീൎന്നു. കോസലരാജാവു് ഈ വൎത്ത
മാനം അറിഞ്ഞു ഏററവും സന്തോഷിച്ചു കൌസല്യയേ വിധി
പ്രകാരം ദശരഥന്നു വിവാഹം ചെയ്തുകൊടുക്കുകയും, വിശേഷി
ച്ചു തന്റെ രാജ്യത്തെക്കൂടി ദശരഥന്നു നൽകുകയും ചെയ്തു. അ
ന്നുമുതൽ കോസലരാജ്യം സൂൎയ്യവംശരാജാക്കന്മാൎക്കു സിദ്ധിക്കു
കയും, ആ വഴിക്കു് അവർ കോസലേശ്വരന്മാർ എന്നു പ്രസി
ദ്ധിയെ പ്രാപിക്കുകയും ചെയ്തു. ഇങ്ങിനെ ദശരഥൻ കൌസല്യ
യേ വിവാഹം ചെയ്തതിന്നുശേഷം, രണ്ടാമതു മഗധരാജപുത്രി
യായ സുമിത്രയേയും, മൂന്നാമതു കേകയരാജാവിന്റെ പുത്രി
യും പരമസുന്ദരിയുമായ കൈകേയിയേയും, വിവാഹം ചെയ്തു

കളുണ്ടായി. അതിന്നുശേഷം അദ്ദേഹം എഴുനൂറു സ്ത്രീകളെ കളത്രങ്ങളായിട്ടും പരിഗ്രഹിച്ചു. ഇങ്ങിനെ അനേക സുഖഭോഗങ്ങൾ അനുഭവിച്ചും അനവധി ദാനധൎമ്മങ്ങൾ അനുഷ്ഠിച്ചും ദശരഥൻ രാജ്യപരിപാലനം ചെയ്തുവന്നു. കാലം പോയി പോയി ദശരഥമഹാരാജാവു വാൎദ്ധക്യത്തിൽ കാലെടുത്തുവെച്ചു എങ്കിലും അദ്ദേഹത്തിന്നു സന്തതി ഉണ്ടായില്ല.

ഹേ പാൎവ്വതി! കുലീനനും സുന്ദരനും യുവാവും സൎവ്വഭോഗ്യങ്ങളും തികഞ്ഞവനുമായ ദശരഥൻ, ഭാൎയ്യമാരോടുകൂടി സുഖമായി രാജ്യഭാരം ചെയ്തുവരുന്ന കാലത്തു, ദേവാസുരന്മാർ തമ്മിൽ രാജ്യം നിമിത്തമായി ഒരു വമ്പിച്ചയുദ്ധം നടക്കുക ഉണ്ടായി. അതു നടന്നുകൊണ്ടിരിക്കുമ്പോൾ, അയോദ്ധ്യയിൽ ദശരഥൻ പാൎക്കുന്നിടത്ത് "അങ്ങേക്കു നിസ്സംശയം ജയം ഉണ്ടാവും" എന്ന് ഒരു അശരീരിവാക്കു കേൾക്കപ്പെട്ടു. അതേസമയത്തുതന്നെ ദേവൻ എന്നു പേരായ ഒരുവൻ അവിടെ വന്നു ദശരഥനെ വണങ്ങി അദ്ദേഹത്തോടു ദേവാസുരയുദ്ധത്തിന്നു പുറപ്പെടുവാൻ പ്രാൎത്ഥിച്ചു. അതുപ്രകാരം ദശരഥൻ കൈകേയിയോടുകൂടി രഥാരൂഢനായി പോയി ദേവാസുരന്മാരുടെ രണരംഗത്തിൽ പ്രവേശിച്ചു, സൎവ്വലോകഭയങ്കരമായ യുദ്ധം ആരംഭിച്ചു. യുദ്ധമദ്ധ്യത്തിലുള്ള ക്ഷോഭം നിമിത്തം ദശരഥൻ ഇരിക്കുന്ന രഥത്തിന്റെ അച്ചാണി മുറിഞ്ഞുപോയെങ്കിലും, യുദ്ധത്തിലുള്ള ആവേശംകൊണ്ട്, അദ്ദേഹം അതു അത്രശ്രദ്ധിക്കുകയുണ്ടായില്ല. ദശരഥന്റെകൂടെ ഉണ്ടായിരുന്ന കൈകേയി രഥത്തിന്നു പററിയ കേടുകണ്ടു തന്റെ ഭൎത്താവിന്നു ജയംവരുവാനായി മുറിഞ്ഞ അച്ചാണിക്കു പകരം തന്റെ ഇടത്തുകയ്യിന്റെ വിരൽ തിരുകിക്കൊണ്ടു, യുദ്ധം കഴിയുന്നതുവരെ നിലകൊണ്ടു. കൈകേയിക്ക് ഒരു മഹൎഷിയുടെ വരംകൊണ്ട് ഈ സാഹസപ്രവൃത്തിയാൽ കയ്യിന്നു കേടൊന്നും പററിയതുമില്ല. യുദ്ധത്തിൽ ദശരഥൻ എല്ലാ അസുരന്മാരേയും ജയിച്ചു പരിപൂൎണ്ണമായ വിജയം സമ്പാദിച്ചു. യുദ്ധം കഴിഞ്ഞപ്പോൾ രഥത്തിന്റെ അച്ചാണി മുറിഞ്ഞുപോയതായും, അതിന്നുപകരം കൈ

കേയി തന്റെ കൈവിരൽ വെച്ചിരിക്കുന്നതായും കണ്ടിട്ടു ദശരഥൻ വളരെ സന്തോഷിക്കുകയും, ഭാൎയ്യയുടെ ഉചിതജ്ഞതയേ പ്രശംസിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു. "ഹേ പ്രാണനായികേ! നിന്റെ സാമൎത്ഥ്യംതന്നെയാണ് സാമൎത്ഥ്യം. നിന്റെ ധീരതകണ്ടു നിനക്കുഞാൻ രണ്ടു വരങ്ങൾ തന്നുകൊള്ളുന്നു. അത് എന്താണ് ഇഷ്ടമെന്നുവെച്ചാൽ ചോദിച്ചുകൊൾക." അതിന്നു കൈകേയി "ആട്ടേ! ഇപ്പോൾ എനിക്കുതന്ന വരങ്ങൾ രണ്ടും ഞാൻ ഇവിടുത്തെ കയ്യിൽതന്നെ ഏല്പിച്ചുകൊള്ളുന്നു. എനിക്ക് ആവശ്യം വരുമ്പോൾ ചോദിച്ചുകൊള്ളാം. അപ്പോൾ തന്നാൽമതി" എന്നു പറഞ്ഞു. ദശരഥൻ അപ്രകാരം ചെയ്യാമെന്നു സമ്മതിക്കുകയും ജയഭേരിയോടുകൂടി ദേവലോകത്തുനിന്ന് അയോദ്ധ്യയിലേക്കു മടങ്ങിപ്പോരികയും ചെയ്തു. ഇതുകേട്ടു ശ്രീപാൎവ്വതി പറഞ്ഞു—"ഒരു സ്ത്രീയുടെ കൈവിരലിന്നു മഹത്തായ രഥത്തിന്റെ ശക്തിയെ താങ്ങുവാൻ സാധിച്ചത് എങ്ങിനെയാണ്?" ഈ ചോദ്യത്തിന്നു പരമശിവൻ മറുപടി പറയുന്നു. "അല്ലയോ പാൎവ്വതി! നിന്റെ സംശയം ഞാൻ തീൎത്തുതരാം. കൈകേയി തന്റെ ബാല്യകാലത്തു തപോനിഷ്ഠനായ ഒരു മഹൎഷിയുടെ മുഖത്തു കരി അരച്ചു തേയ്ക്കുക ഉണ്ടായി. അപ്പോൾ അദ്ദേഹം കോപിച്ചു 'ഭാവികാലത്തിൽ നിണക്ക് ഒരു അപവാദം ഉണ്ടാകയും, തന്നിമിത്തം നീ ആരുടേയും മുഖത്തുനോക്കുവാൻ യോഗ്യതയില്ലാത്തവളായിത്തീരുകയും ചെയ്യട്ടേ' എന്നു ശപിച്ചു. ശാപം കേട്ടപ്പോൾ താപഗ്രസ്തയായിത്തീൎന്ന കൈകേയി, മഹൎഷിയുടെ കാക്കൽ നമസ്കരിച്ച് അഭയം പ്രാപിക്കുകയും, മഹൎഷി സന്തുഷ്ടനായിട്ടു 'നിന്റെ ഇടത്തേകയ്യ് വജ്രംപോലെ ഉറപ്പുള്ളതായി ഭവിക്കട്ടെ. ആ കയ്യിന്ന് എന്തുകാൎയ്യം ചെയ്യാനും ശക്തി ഉണ്ടാകട്ടേ' എന്ന് അവൾക്ക് ഒരു വരവും കൊടുത്തു. ഈ വരത്തിന്റെ ശക്തികൊണ്ടാണു കൈകേയിക്ക് ആപൽഘട്ടത്തിൽ ഭൎത്താവിനെ സഹായിപ്പാൻ സാധിച്ചതു്.

ഇങ്ങിനെ അരുളിച്ചെയ്തു പരമശിവൻ പ്രസ്തുതമായ കഥ

യേതന്നെ തുടൎന്നുപറഞ്ഞു. ഒരു ദിവസം രാത്രിയിൽ ദശരഥ മഹാരാജാവു നായാട്ടിന്നായി കാട്ടിൽപോയി അനേകമൃഗങ്ങളെകൊന്ന്, അവിടെയുള്ള ഒരു നദിയുടെ തീരത്തിൽ ക്രീഡിച്ചുകൊണ്ടിരുന്നു. അവിടെ അടുത്തായി കാശിക്കുപോകുന്ന വഴിയിൽക്കൂടെ ഒരാൾ പോകുന്നുണ്ടായിരുന്നു. അതു ശ്രവണൻ എന്നു പേരായ ഒരു വൈശ്യനായിരുന്നു. ശ്രവണന്റെ മാതാപിതാക്കന്മാർ വാൎദ്ധക്യം ബാധിച്ചു കണ്ണുകാണ്മാൻ മേലാത്തവരായിരുന്നതുകൊണ്ടു, ശ്രവണൻ അവരെ ചുമലിൽ എടുത്തുംകൊണ്ടാണ് പോയിരുന്നത്. പ്രസ്തുതസ്ഥലത്ത് എത്തിയപ്പോഴേക്കു നേരം ഇരുട്ടായതുകൊണ്ടും, മാതാപിതാക്കന്മാർ ദാഹിച്ചുവലഞ്ഞു വെള്ളം വേണമെന്നു പറഞ്ഞതുകൊണ്ടും, ശ്രവണൻ അവരെ തോളിൽനിന്നു താഴെ ഇറക്കിവെച്ചു, സമീപത്തുണ്ടായിരുന്ന ഒരു കുളത്തിൽചെന്നു കുടം കമിഴ്ത്തി വെള്ളം മുക്കി. കുടത്തിൽ വെള്ളം നിറയുന്ന ശബ്ദംകേട്ട്, അത് ഒരു ഗജം തുമ്പിക്കൈകൊണ്ടു വെള്ളം മുക്കുന്ന ശബ്ദമാണെന്നു ദശരഥനു തോന്നി. കാട്ടാനയെ നായാട്ടിൽ കൊല്ലുവാൻ പാടില്ലെന്നു ധൎമ്മശാസ്ത്രം ശാസിക്കുന്നുണ്ടെങ്കിലും, തൽക്കാലത്തെ വ്യാമോഹംകൊണ്ട് അത് ഓൎമ്മവെക്കാതെ ദശരഥൻ ശബ്ദഭേദിയായ ഒരു അസ്ത്രത്തെ പ്രയോഗിച്ചു. ആ അസ്ത്രം ശ്രവണന്റെ മാറത്താണു ചെന്നുതറച്ചത്. "അയ്യോ! എന്നെ ആരാണിങ്ങിനെ പ്രഹരിച്ചത് എന്ന്" ആയാൾ ഉറക്കെ നിലവിളിക്കുകയും, അതുകേട്ടു ദശരഥൻ സംഭ്രാന്തനായി ചെന്നുനോക്കുകയും ചെയ്തു. ശരംകൊണ്ടു മാറുപിളൎന്നു നിലവിളിക്കുന്ന ശ്രവണനെ വെള്ളത്തിൽനിന്നു കരയ്ക്കുകയററി, ദശരഥൻ വൎത്തമാനമെല്ലാം ചോദിച്ചുമനസ്സിലാക്കി. പ്രാണവേദനയാൽ വിലപിക്കുന്ന വൈശ്യൻ പറഞ്ഞപ്രകാരം ദശരഥൻ ആയാളുടെ മാറത്തുനിന്നു ശരം പറിക്കുകയും, അതോടുകൂടി അയാൾ ചരമഗതിയെ പ്രാപിക്കുകയും ചെയ്തു. അനന്തരം ദശരഥൻ ശ്രവണന്റെ മാതാപിതാക്കന്മാരുടെ അരികത്തുചെന്നു, തനിക്കു പിണഞ്ഞ അബദ്ധം ധരിപ്പിച്ചപ്പോൾ അവർ "ഞങ്ങൾ പുത്രശോകംകൊ

ണ്ടു മരിക്കുന്നതുപോലെ നിണക്കും പുത്രശോകത്താൽ മരണം ഭവിക്കട്ടെ'' എന്നു ദശരഥനെ ശപിക്കുകയും, പുത്രനെ ദഹിപ്പിക്കുന്ന ചിതാഗ്നിയിൽ ചാടി അവർ പ്രാണനെ ഉപേക്ഷിക്കുകയും ചെയ്തു. ദശരഥനാകട്ടെ കുണ്ഠിതത്തോടുകൂടി, അയോദ്ധ്യയിലേയ്ക്കു മടങ്ങിപ്പോന്നു, തനിക്കു കിട്ടിയ ശാപത്തിൻെറ വിവരം വസിഷ്ഠമഹൎഷിയെ ഗ്രഹിപ്പിച്ചു. വസിഷ്ഠൻ വൈശ്യവധത്തിൻെറ ദോഷം തീരുവാനായിട്ടു സരയൂനദിയുടെ തീരത്തിൽ വെച്ചു ദശരഥനെക്കൊണ്ടു് ഒരു അശ്വമേധയാഗവും കഴിപ്പിച്ചു.

ദശരഥനു ശാന്ത എന്നു പേരായി ഒരു മകൾ ഉണ്ടായിരുന്നു. ആ മകളെ തനിക്കു ദത്തുപുത്രിയായി തരേണമെന്നു രോമപാദൻ എന്ന രാജാവു, ദശരഥൻെറ സമീപത്തുവന്നു് അപേക്ഷിക്കുകയുണ്ടായി. ആ അപേക്ഷ അനുസരിച്ചു് ദശരഥൻ ശാന്തയെ രോമപാദനു ദത്തുകൊടുക്കുകയും ചെയ്തു. രോമപാദൻ ശാന്തശീലയായ ശാന്തയെ സന്തോഷത്തോടുകൂടി തൻെറ പുരിയിൽ കൊണ്ടുചെന്നു വളൎത്തിവന്നു. അക്കാലത്തു വൎഷമില്ലായ്കയാൽ നാട്ടടക്കം അതിഭയങ്കരമായ ഒരു ക്ഷാമം ബാധിക്കുകയുണ്ടായി. അതിൻെറ നിവാരണത്തിന്നായി ഋശ്യശൃംഗമഹൎഷിയെ കൂട്ടിക്കൊണ്ടുവരുവാൻ ചില അപ്സരസ്ത്രീകൾ പുറപ്പെട്ടു. ഋശ്യശൃംഗൻ എന്ന മഹൎഷി വിഭണ്ഡകമഹൎഷിക്കു് ഒരു മാനിൽ ഉണ്ടായ പുത്രനാണ്. അദ്ദേഹത്തെ കൊണ്ടുവരുവാൻ പോയ അപ്സരസ്ത്രീകൾ വിഭണ്ഡകൻെറ ആശ്രമത്തിൽ ചെന്നു്, അവിടെ ഉണ്ടായിരുന്ന ഋശ്യശൃംഗനെ നൃത്തഗീതവാദിത്രാദികളായ വിദ്യകൾ പ്രയോഗിച്ചു മയക്കി വശീകരിച്ചു കൂട്ടിക്കൊണ്ടുപോയി. അപ്സരസ്ത്രീകൾ അദ്ദേഹത്തെ രോമപാദൻെറ രാജ്യത്തേയ്ക്കാണു കൊണ്ടുപോയതു്. അദ്ദേഹം അവിടെ എത്തിയപ്പോഴയ്ക്കു തന്നെ അദ്ദേഹത്തിൻെറ പ്രഭാവംകൊണ്ടു മേഘങ്ങൾ ധാരാളമായി വൎഷിക്കുകയും, രാജ്യമെങ്ങും സുഭിക്ഷമുണ്ടാകയും ചെയ്തു. അതുകൊണ്ടു സന്തുഷ്ടനായി തീൎന്ന രോമപാദൻ, തൻെറ ദത്തുപുത്രിയായ ശാന്തയെ ഋശ്യശൃംഗനു ഭാൎയ്യയായി കൊടുക്കുകയും ചെയ്തു.

ഋശ്യശൃംഗന്റെ അത്ഭുതശക്തികൊണ്ടു ദേവന്മാർ സന്തോഷിച്ച് അദ്ദേഹം ചെയ്യുന്ന കർമ്മങ്ങൾക്കു സാഫല്യമുണ്ടാക്കിക്കൊടുക്കണമെന്നു വസിഷ്ഠമഹർഷി പറഞ്ഞു ദശരഥനു മനസ്സിലായി. ഉടൻ തന്നെ ദശരഥൻ, ഋശ്യശൃംഗനെ തന്റെ രാജധാനിയിലേയ്ക്കു ആളയച്ചു വരുത്തി, അദ്ദേഹത്തെക്കൊണ്ടു പുത്രകാമേഷ്ടി എന്നു പേരായ ഒരു യാഗം കഴിപ്പിച്ചു. ആ യാഗത്തിന്റെ മദ്ധ്യത്തിൽ അഗ്നിദേവൻ അഗ്നികുണ്ഡത്തിൽ നിന്നു, കയ്യിൽ ഒരു പായസപാത്രവുമായി ആവിർഭവിച്ച് 'ഇതു അങ്ങയുടെ ഭാര്യമാർക്കു ഭക്ഷിക്കുവാൻ കൊടുക്കുക' എന്നു പറഞ്ഞു അന്തർദ്ധാനംചെയ്തു. യാഗാവസാനത്തിൽ ദശരഥൻ ആ പായസം തന്റെ ഭാര്യമാർക്കു മൂന്നുപേക്കും ഭാഗിച്ചു കൊടുത്തു. കൈകേയി പായസം കിട്ടിയപ്പോൾ മനസ്സിൽ മറെറന്തോ ഒരു വിചാരമായി ഇരിക്കുകയായിരുന്നു. അതുകൊണ്ടു പായസം മുഴുവൻ ഭക്ഷിക്കാതെ അതിൽ ഒരുഭാഗം കയ്യിലെടുത്ത് അവിടെ അടുത്തുള്ള അഞ്ജനമലയിലേയ്ക്ക് എറിഞ്ഞു.

ആ മലയുടെ മുകളിൽ സുവച്ച്ല എന്നൊരു സ്ത്രീ കഴുകന്റെ രൂപത്തിൽ പാക്കുന്നുണ്ടായിരുന്നു. അവൾ ഒരു കാലത്തു സത്യലോകത്തിൽ ബ്രഹ്മാവിന്റെ സഭയിൽ നത്തകിയായിരുന്നു. എന്തോ കാരണത്താൽ ബ്രഹ്മാവ് അവളെ ശപിച്ചതുകൊണ്ടാണ് അവറം കഴുകിന്റെ രൂപം ധരിച്ച് അഞ്ജനമലയിൽ വരുവാൻ എടയായത്. കൈകേയിയുടെ കയ്യിലെ പായസം കൊണ്ട് അവളുടെ ശാപം നിവൃത്തിക്കുമെന്നു ബ്രഹ്മദേവൻ ശാപമോക്ഷം അരുളിച്ചെയ്തിരുന്നു. കൈകേയി എറിഞ്ഞ പായസം മേൽപറഞ്ഞ കഴുകിന്റെ മേൽ കൊള്ളുകയും, തൽക്ഷണം കഴുകിന്റെ രൂപം പോയി സുവച്ച്ലയ്ക്കു മുമ്പത്തെ സ്വരൂപം കിട്ടുകയും, അവൾ ബ്രഹ്മദേവന്റെ സമീപത്തേയ്ക്കുതന്നെ പോകയും ചെയ്തു.

ഇതിന്നുശേഷം ദശരഥപത്നിമാരായ കൌസല്യയും, സുമിത്രയും, കൈകേയിയും മേൽപറഞ്ഞ പായസത്തെ ഭാഗിച്ചുഭക്ഷിക്കുകയും, അതിന്റെ പ്രഭാവംകൊണ്ട് അവർ മൂവരും ഗർഭം

ധരിക്കുകയും ചെയ്തു. ശുഭലക്ഷണങ്ങളെക്കൊണ്ട്, അവക്കു അതിദിവ്യന്മാരായ പുത്രന്മാർ ഉണ്ടാകുമെന്നു കാണുകയാൽ, ദശരഥനും നാട്ടുകാരും വലിയ സന്തോഷത്തിൽ നിമഗ്നരായി.

സാരകാണ്ഡം ഒന്നാം സൎഗ്ഗം സമാപ്തം.

## രണ്ടാം സർഗ്ഗം.

പരമശിവൻ പറയുന്നു.

അക്കാലത്ത് ഒരു ദിവസം ഭൂമിദേവി രാവണന്റെ ദുഷ്ടതകൾ സഹിപ്പാൻ വയ്യാതായിട്ടു സത്യലോകത്തു ചെന്നു ബ്രഹ്മാവിനോടു തന്റെ സങ്കടങ്ങൾ അറിയിച്ചു. സങ്കടപരിഹാരത്തിന്നു ത്രൈലോക്യപാലകനായ മഹാവിഷ്ണുവിനെ ശരണം പ്രാപിക്കുകയാണു വേണ്ടതെന്ന് ബ്രഹ്മാവ് പറകയാൽ ഭൂമിദേവി ബ്രഹ്മാവിനോടുംകൂടി ക്ഷീരാബ്ധിശാലിയായ വിഷ്ണുവിന്റെ സന്നിധാനത്തെ പ്രാപിച്ചു. ത്രിലോകകണ്ടകനായ രാവണനെക്കൊണ്ടു ഭൂലോകവാസികൾ അനുഭവിക്കുന്ന സങ്കടങ്ങളെ കേട്ടപ്പോൾ ദയാർദ്രഹൃദയനായിത്തീൎന്ന വിഷ്ണുഭഗവാൻ "നിങ്ങളാരും ഭയപ്പെടേണ്ട. രാവണനിഗ്രഹത്തിന്നായി ഞാൻ ഭൂമിയിൽ അവതരിക്കുന്നുണ്ട്. എനിക്കു സഹായമായിട്ടു ദേവന്മാർ ഭൂലോകത്തിൽ വാനരന്മാരായി ജനിക്കട്ടെ. ഞാൻ അയോദ്ധ്യാധിപതിയായ ദശരഥന്റെ പുത്രനായി രാമൻ എന്നു പേരിലാണവതരിപ്പാൻ പോകുന്നത്. ദശരഥൻ എനിക്കു പട്ടാഭിഷേകം ചെയ്യുവാൻ ശ്രമിക്കും. ആ ശ്രമം സഫലമായാൽ രാവണനിഗ്രഹത്തിന്നു സൌകൎയ്യമാകയില്ല. അതു കൊണ്ടു പട്ടാഭിഷേകം മുടക്കുവാനായി ദുന്ദുഭി എന്ന അപ്സരസ്ത്രീ മന്ഥരയായി ജനിക്കണം. അവൾ പിന്നെ ദ്വാപരയുഗത്തിന്റെ അവസാനത്തിൽ കംസന്റെ നഗരത്തിൽ ഒരു കൂനിയായി ജനിക്കും" എന്നിങ്ങിനെ അരുളിച്ചെയ്തു. അതുകേട്ടു സമാധാന

ദേവന്മാരോടെ ശിവദേവിയും ബ്രഹ്മാവും സ്വസ്ഥാനങ്ങളിലേയ്ക്കു മടങ്ങിപ്പോകയും ചെയ്തു.

മഹാവിഷ്ണു താൻ ഭൂമിദേവിക്കു കൊടുത്ത വാഗ്ദത്തംപോലെ ചൈത്രമാസത്തിൽ നവമി തിഥിയിൽ, സൂര്യൻ ഉച്ചത്തിൽ നില്ക്കുന്ന ശുഭമുഹൂർത്തത്തിൽ, ദശരഥമഹാരാജാവിന്റെ പ്രഥമപത്നിയായ കൌസല്യാദേവിയുടെ തിരുമകനായിട്ടു, ശംഖചക്രഗദാപത്മങ്ങളാൽ അലംകൃതങ്ങളായ നാലു തൃക്കൈകളോടും അരയിൽ പീതാംബരത്തോടും നീലമേഘശ്യാമളമായ വർണ്ണത്തോടുംകൂടി തിരുവവതാരം ചെയ്തു. കൌസല്യാദേവി തന്റെ പുത്രനായിപ്പിറന്ന വിഷ്ണുഭഗവാനെക്കണ്ടു സന്തുഷ്ടയായിട്ടു ഭക്തിബഹുമാനങ്ങളോടുകൂടി "ഈ വിഷ്ണുരൂപത്തെ മറച്ചു കിടാവിന്റെ രൂപത്തെ സ്വീകരിക്കേണം" എന്നപേക്ഷിക്കുകയും, ആ അപേക്ഷയനുസരിച്ചു ഭഗവാൻ ചതുർഭുജരൂപത്തെ ഉപസംഹരിച്ചു ബാലവേഷം കൈക്കൊൾകയും ചെയ്തു. സ്വർണ്ണാഭരണങ്ങളണിഞ്ഞാലത്തെപ്പോലെ തങ്കവർണ്ണം തിളങ്ങുന്ന തിരുമേനിയും, താമരപ്പൂക്കളോടൊത്ത തൃക്കണ്ണുകളും, പൂർണ്ണചന്ദ്രനെ വെല്ലുന്ന തിരുമുഖവും, സൂര്യപ്രകാശത്തെ അതിശയിക്കുന്ന കാന്തിപൂരവും കലൎന്ന് അതിസുന്ദരനായ ബാലനായിട്ടു ഭഗവാൻ കൌസല്യാദേവിയുടെ ഈററില്ലത്തിൽ ശോഭിച്ചു. വിഷ്ണുവിന്റെ അവതാരത്തിനുശേഷം ദശരഥന്റെ മറെറാരു പത്നിയായ സുമിത്രാദേവിയുടെ പുത്രനായിട്ടു ആദിശേഷനും, അതിനെത്തുടൎന്നുകൊണ്ടു കൈകേയിയുടെ പുത്രന്മാരായിട്ടു ശംഖചക്രങ്ങളും അവതരിച്ചു.

ഇങ്ങിനെ സർവ്വമംഗളസഹിതമായ ശുഭസമയത്തു ദശരഥമഹാരാജാവിന്നു മൂന്നു ഭാര്യമാരിലുംകൂടി നാലു പുത്രന്മാർ ഉണ്ടായി. ആ സമയത്തു ദേവന്മാർ ദിവ്യവാദ്യങ്ങളെ ഘോഷിച്ചു പുഷ്പവൃഷ്ടി ചെയ്ത് അത്യാനന്ദം പ്രദർശിപ്പിച്ചു. കൌസല്യാനന്ദനനായ പ്രഥമപുത്രന്റെ മുഖാരവിന്ദം കാണികൾക്കു പരമാനന്ദപ്രദമായിരുന്നു. അതുകൊണ്ട് ആ പുത്രന്നു 'രാമൻ' എന്നു നാമകരണം ചെയ്തു. സുമിത്രയുടെ പുത്രൻ ഏ

ററവും സുന്ദരനും ലക്ഷണം തികഞ്ഞവനുമായിരുന്നതിനാൽ ആ ബാലന്നു ലക്ഷ്മണനെന്നും പേരിട്ടു. കൈകേയി ഇരട്ടപെറവണ്ടായ പുത്രന്മാരിൽ മൂത്തവൻ രാജ്യഭരണവിദഗ്ദ്ധനാണെന്നു തെളിയിക്കുന്ന ചിഹ്നങ്ങളോടുകൂടിയിരുന്നതുകൊണ്ട് ആ കുമാരന്നു ഭരതനെന്നും, ഇളയവൻ ശത്രുസംഹാരിയാണെന്നു കാണിക്കുന്ന ചിഹ്നങ്ങളുള്ളവനായിരുന്നതുകൊണ്ട് ആ പുത്രന്നു ശത്രുഘ്നനെന്നും പേരിട്ടു. കുലഗുരുവായ വസിഷ്ഠമഹർഷിയെക്കൊണ്ടാണ് ദശരഥൻ ശാസ്ത്രോക്തവിധിപ്രകാരം തന്റെ പുത്രന്മാൎക്കു മേൽപ്രകാരം നാമകരണം ചെയ്യിച്ചത്.

പുത്രന്മാർ നാലുപേരും ക്രമേണ ക്രമേണ വളൎന്നു തുടങ്ങി. മാതാപിതാക്കന്മാർ “കയ്യോ വളരുന്നു കാലോ വളരുന്നു” എന്നിങ്ങിനെ കൌതുകത്തോടെ ലാളിച്ചു വളൎത്തിവരുന്ന കാലത്തു പുത്രന്മാർ ഓരോ ബാലലീലകളെ ചെയ്തുംകൊണ്ടുവന്നു. സുമിത്രാപുത്രനായ ലക്ഷ്മണൻ ശ്രീരാമനോടും ശത്രുഘ്നൻ ഭരതനോടും കൂടിയാണു കളിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നത്. ദശരഥൻ തന്റെ പുത്രന്മാരുടെ ക്രീഡകൾ കണ്ട് ഏററവും വാത്സല്യത്തോടുകൂടി അവരെ പലതരം സ്വൎണ്ണാഭരണങ്ങളെക്കൊണ്ടും രത്നാഭരണങ്ങളെക്കൊണ്ടും അലങ്കരിക്കുകയും അവരുടെ ലീലകളെ നോക്കി ആനന്ദസാഗരത്തിൽ നിമഗ്നനാകയും ചെയ്തു. ഇങ്ങിനെ പുത്രവാത്സല്യംകൊണ്ടു ദശരഥൻ പരമസന്തുഷ്ടനായിരിക്കുന്നകാലത്തൊരു ദിവസം ദശരഥൻ ഭക്ഷണത്തിന്നിരുന്ന സമയത്ത് ഇലയിൽ ചോറുവിളമ്പിയപ്പോഴക്കും രാമൻ ഓടിവന്ന് അതിൽനിന്ന് ഒരുപിടി വാരിയെടുത്ത് അതിവേഗത്തിൽ പുറത്തേക്കോടുകയുണ്ടായി. അവനെ പിടിക്കുവാനായി ദശരഥൻ പറഞ്ഞപ്രകാരം കൌസല്യാദേവി പിന്നാലെ ഓടിച്ചെന്നു. പക്ഷേ എത്ര ഓടിയിട്ടും കൌസല്യക്കു രാമനെ പിടികിട്ടിയില്ല. രാമൻ യോഗികളുടെ മനസ്സിന്നുകൂടി പിടികിട്ടാത്തവനാകയാൽ ഇതിൽ ആശ്ചൎയ്യമൊന്നുമില്ല. കുറെ കഴിഞ്ഞപ്പോൾ രാമൻ അച്ഛന്റെ അരികത്തു തന്നെ പാഞ്ഞുചെന്നു താൻ വാരിക്കൊണ്ടുപോയ അന്നത്തെ അച്ഛ

നം അമ്മമ്മാരുമായി കൊടുക്കുകയും ചെയ്യും. ഇപ്രകാരം ബാലസ്വഭാവസുലഭങ്ങളായ പലതരം ലീലകളെക്കൊണ്ടും, പൂന്തേൻ പൊഴിയുന്ന കളിവചനങ്ങളെക്കൊണ്ടും, രാമാദികളായ ബാലന്മാർ മാതാപിതാക്കന്മാരുടെ മനസ്സിനെ ആകൎഷിച്ചു. ഓടിയും ചാടിയും തമ്മിൽ കെട്ടിപ്പിടിച്ചു കൂത്താടിയും പരസ്പരമുള്ള ചുംബനാദികൾ ചെയ്തും കുതിരമുതലായ വാഹനങ്ങളുടെ പുറത്തുകയറി സഞ്ചരിച്ചും ബാലന്മാർ അച്ഛനമ്മമാരെ കണ്ണിലധികം കൌതുകം ജനിപ്പിച്ചുവന്നു. ചിലപ്പോൾ ദശരഥൻ സിംഹാസനത്തിലിരുന്നു രാജ്യകാൎയ്യങ്ങൾ നടത്തുമ്പോൾ ബാലന്മാർ ഓടിയെത്തി അച്ഛനെ വണങ്ങി അച്ഛന്റെ ഒപ്പം സിംഹാസനത്തിന്മേൽ കയറിയിരിക്കും. ഈ സമയത്തു രാജാവിന്നും സഭ്യന്മാൎക്കുമുണ്ടാകുന്ന ആനന്ദം അനിൎവ്വചനീയമായിരുന്നു.

ഉണ്ണികൾ വളൎന്നുവന്നു വയസ്സോടുകൂടി ആറാംവയസ്സായപ്പോൾ ദശരഥൻ രാമലക്ഷ്മണഭരതശത്രുഘ്നന്മാരായ നാലു മക്കളുടേയും ഉപനയനം വിധിപോലെ നടത്തി. ഉപനയനമെന്ന സംസ്കാരം ബ്രഹ്മതേജസ്സിനെ കാംക്ഷിക്കുന്നവരായ ബ്രാഹ്മണൎക്ക് അഞ്ചാം വയസ്സിലും, ഭുജബലത്തെ ആഗ്രഹിക്കുന്നവരായ ക്ഷത്രിയൎക്കു ആറാമത്തെ വയസ്സിലും, ധനലാഭകാംക്ഷികളായ വൈശ്യൎക്കു എട്ടാമത്തെ വയസ്സിലും ചെയ്യേണമെന്നാണല്ലോ ശാസ്ത്രവിധി. ആ വിധിപോലെതന്നെയാണ് ദശരഥൻ ആ കൎമ്മം നടത്തിയത്. വസിഷ്ഠൻ മുതലായ മഹൎഷിമാരുടേയും വിശിഷ്ടന്മാരായ ബ്രാഹ്മണരുടേയും സാന്നിദ്ധ്യത്തോടും ആഭിമുഖ്യത്തോടുംകൂടിയാണ് ഉപനയനം നടത്തപ്പെട്ടത്. ഉപനയനാനന്തരം ശുഭമുഹൂൎത്തത്തിൽ ദശരഥൻ വസിഷ്ഠനെക്കൊണ്ട് ഉണ്ണികളുടെ വേദാരംഭം കഴിപ്പിക്കുകയും അദ്ദേഹത്തിന്റെ കീഴിൽത്തന്നെ നാലു വേദങ്ങളും അവയുടെ അംശങ്ങളും അൎത്ഥവിചാരത്തോടുകൂടി അദ്ധ്യയനം ചെയ്യിക്കുകയും ചെയ്തു. ഇങ്ങിനെ വിദ്യാഭ്യാസവും ബ്രഹ്മചൎയ്യവും കഴിഞ്ഞതിൽപ്പിന്നെ വസിഷ്ഠമഹൎഷിയോടുകൂടി ആറുമാസകാലം തീൎത്ഥസഞ്ചാ

രം ചെയ്യാനായിട്ടും ദശരഥൻ തന്റെ മക്കളെ പറഞ്ഞയച്ചു. ഈ തീൎത്ഥയാത്രക്കയച്ചതു ആന, തേർ, കാലാൾ, കുതിരപ്പട യോടും കൂടിയായിരുന്നു. രാമാദികൾ ഈ തീൎത്ഥയാത്രയെ യ ഥാവിധി നിൎവ്വഹിച്ചു പട്ടണത്തിൽ മടങ്ങിവന്ന് അച്ഛന്റെ കല്പനകൾക്കു കീഴടങ്ങിയും ബുദ്ധിമാന്മാരെന്നും വിനീതന്മാരെ ന്നും പേർ നേടിയും പാൎത്തുവന്നു. പിതൃഭക്തി, ഗുരുഭക്തി, ഈ ശ്വരഭക്തി, ഒരുമ, വിനയം, ശൌൎയ്യം, ഔദാൎയ്യം എന്നു തുട ങ്ങിയ വിശിഷ്ടഗുണങ്ങളെക്കൊണ്ടു മാതാപിതാക്കന്മാൎക്കും നാട്ടു കാൎക്കും 'കണ്ണിലുണ്ണി'കളായിട്ടു രാമലക്ഷ്മണഭരതശത്രുഘ്നന്മാർ ദശരഥരാജധാനിയെ അലങ്കരിച്ചു. അവരെ ചതുൎവ്വേദങ്ങ ളോടോ ചതുരുപായങ്ങളോടോ അല്ലാതെ മററാരോടും ഉപമി ക്കുവാൻ പാടുള്ളതല്ലായിരുന്നു.

സാരകാണ്ഡം രണ്ടാം സൎഗ്ഗം സമാപ്തം.

# മൂന്നാം സർഗ്ഗം.

പരമശിവൻ പറയുന്നു.

മേൽപറഞ്ഞപ്രകാരം രാമൻമുതലായ നാലുകുമാരന്മാരും സുഖമായി വസിക്കുന്ന കാലത്തു ഒരിക്കൽ മഹാതപസ്വി യായ വിശ്വാമിത്രമഹൎഷി ദശരഥനെ കാണ്മാനായി അയോ ദ്ധ്യാനഗരത്തിൽ വന്നു. ദശരഥൻ മഹൎഷിയെ ആദരപൂൎവ്വം സ്വീകരിച്ചുപൂജിച്ചു കുശലപ്രശ്നം ചെയ്കയും, അദ്ദേഹം സന്തു ഷ്ടനായിട്ടു രാജാവിനെ അനുഗ്രഹിക്കയും ചെയ്തു. അനന്തരം,

ദശരഥൻ— ഇവിടുത്തെ ആഗമനം തീരെ അപ്രതീക്ഷിതമാ ണ്. വിശേഷിച്ചു വല്ലതും ഉണ്ടായിട്ടാണോ ഈ വരവു എന്നറിവാൻ ബദ്ധപ്പാടുമായിരിക്കുന്നു. ആകയാൽ ആഗ മനകാരണം പറഞ്ഞ് എന്നെ കൃതാൎത്ഥനാക്കുവാനപേക്ഷ.

വിശ്വാമിത്രൻ— കുറച്ചൊരുകാൎയ്യം പറവാനുണ്ട്. അതെന്തെ ന്നാൽ—ഞാൻ ഒരു യാഗം ആരംഭിച്ചിട്ടുണ്ട്. അതിന്റെ രക്ഷയ്ക്കായി അങ്ങയുടെ പുത്രന്മാരായ രാമലക്ഷ്മണന്മാരെ എ

ന്റെകൂടെ ആശ്രമത്തിലേയ്ക്കയച്ചുതരണം. അവർ കുറേദിവസം ആശ്രമത്തിൽ താമസിച്ചു യാഗത്തെ നിർവിഘ്നമായി നടത്തിത്തരണം.

ഇപ്രകാരം വിശ്വാമിത്രമഹർഷിയ്ക്കുചെയ്ത അപേക്ഷയെ ദശരഥൻ തന്റെ കുലഗുരുവായ വസിഷ്ഠമഹർഷിയെ അറിയിക്കയും ഇളംപ്രായത്തിലുള്ള ഉണ്ണികളെ പറഞ്ഞയയ്ക്കുന്ന കാര്യത്തിൽ ഗുരുവിന്റെ അഭിപ്രായം എന്താണെന്നു ചോദിക്കയും ചെയ്തു. വിശ്വാമിത്രന്റെ അപേക്ഷയെ സാധിക്കേണ്ടതാണെന്നും രാമലക്ഷ്മണന്മാർ ചെറിയ കുട്ടികളാണെങ്കിലും അവർ യാഗരക്ഷയ്ക്കു മതിയാകുമെന്നും വസിഷ്ഠൻ പറകയും, അതുപ്രകാരം ദശരഥൻ രാജകീയരഥത്തിൽ കയററി രാമലക്ഷ്മണന്മാരെ വിശ്വാമിത്രന്റെ കൂടെ പറഞ്ഞയയ്ക്കയും ചെയ്തു. വിശ്വാമിത്രൻ പരമസന്തോഷത്തോടുകൂടി രഥം നടത്തിയുംകൊണ്ടു കുമാരന്മാരായ രാമലക്ഷ്മണന്മാരെ വളരെ സുഖമാകുംവണ്ണം കൊണ്ടുപോയി. അന്നു വൈകുന്നേരം മാർഗ്ഗമദ്ധ്യത്തിലുള്ള കാമാശ്രമത്തിൽ രാത്രിയെ അവിടെ സുഖമായി കഴിച്ചുകൂട്ടി. പിറേറന്നാൾ പ്രഭാതത്തിൽ എഴുന്നേററ മഹർഷി രാമലക്ഷ്മണന്മാരോടുകൂടി സ്നാനവും സന്ധ്യാവന്ദനവും കഴിച്ചു കുമാരന്മാർക്കു രഹസ്യങ്ങളായ പലേ വിദ്യകളേയും ഉപദേശിച്ചു. മാഹേശ്വരി വിദ്യ, ധനുർവിദ്യ, ശാസ്ത്രവിദ്യ, അസ്ത്രവിദ്യ, ലൌകികവിദ്യ, രഥവിദ്യ, ഗജവിദ്യ, അശ്വവിദ്യ, ഗദാവിദ്യ, പ്രയോഗസംഹാരങ്ങളോടുകൂടിയ മന്ത്രവിദ്യ, വിശപ്പും ദാഹവും ഒഴുക്കി നിറുത്തുവാനുള്ള ബല അതിബല എന്ന വിദ്യകൾ മുതലായവയാണു രാമലക്ഷ്മണന്മാർക്കു മഹർഷി ഉപദേശിച്ചത്.

വിദ്യോപദേശം കഴിഞ്ഞതിനുശേഷം മഹർഷിയുടെ ഉപദേശവും സമ്മതവും അനുസരിച്ചു ശ്രീരാമൻ വനത്തിലുള്ള മഹർഷിമാരേയും മററും ഉപദ്രവിക്കുന്ന രാക്ഷസന്മാരേയും, വിശേഷിച്ചു മഹാദുഷ്ടയും ഭയങ്കരമൂർത്തിയും വഴിയിൽകൂടെ നടക്കുന്നവരെ ഹിംസിക്കുന്നവളുമായ താടക എന്ന രാക്ഷസസ്ത്രീയേയും ഹിംസിച്ച് ആ വനമാർഗ്ഗത്തെ നിർബ്ബാധമാക്കിച്ചെയ്തു. ഇതു

നിമിത്തം വനവാസികളായ എല്ലാവക്കും വലിയസുഖവും സന്തോഷവും സമാധാനവുമുണ്ടായി. രാമനാൽ ഹിംസിക്കപ്പെട്ടവളായ താടക ഒരു അപ്സരഃസ്ത്രീയായിരുന്നു. ആ അപ്സരഃസ്ത്രീ ഒരു മഹൎഷിയെ ദ്രോഹിച്ചതുകൊണ്ട് അദ്ദേഹം കോപിച്ചു "നീ ഒരു രാക്ഷസിയായിജ്ജനിച്ചു സുന്ദനെന്ന അസുരന്റെ ഭാൎയ്യയായിരുന്നു മാരിചൻ, സുബാഹു എന്നിങ്ങിനെ പേരുള്ള രണ്ടു അസുരന്മാരെ പ്രസവിക്കട്ടേ" എന്നു ശപിച്ചു. ശാപാനന്തരം മഹൎഷി കോപം അടങ്ങി ശാന്തനായിട്ടു "നീ രാമബാണത്താൽ വധിക്കപ്പെട്ടപ്പോൾ ശാപംതീൎന്നു പൂൎവ്വസ്ഥിതിയെ പ്രാപിക്കും" എന്നു ശാപമോക്ഷവും കൊടുത്തു. ആകയാൽ താടക രാമനാൽ വധിക്കപ്പെട്ടപ്പോൾ ശാപമുക്തയായി അപ്സരഃസ്വരൂപം സ്വീകരിക്കപ്പെട്ടു "ഹേ രാമചന്ദ്രാ! നിന്തിരുവടിയുടെ പ്രഭാവത്താൽ എനിക്കു സൽഗതി ലഭിച്ചു" എന്നുണൎത്തിച്ചു ശ്രീരാമനെ നമസ്കരിച്ചു സ്വൎഗ്ഗത്തിലേക്കു പോയി.

ഇത്രയും സംഗതികൾ കഴിഞ്ഞതിന്നശേഷം വിശ്വാമിത്ര മഹൎഷി രാമലക്ഷ്മണസഹിതനായിട്ടു തേരിൽകയറി തന്റെ ആശ്രമത്തിൽ എത്തിച്ചേൎന്നു. എന്നിട്ടു രാമന്റെ അനുമതിയോടുകൂടി യാഗംചെയ്വാൻ ആരംഭിച്ചു. രാമലക്ഷ്മണന്മാർ ധനുൎദ്ധരന്മാരായിട്ടു യാഗരക്ഷയും ആരംഭിച്ചു. യാഗത്തെ മുടക്കുവാനായി മായാവികളായ അനേകം അസുരന്മാർ വന്നു. അവരെയെല്ലാം രാമലക്ഷ്മണന്മാർ അന്തഃപുരിയിലേക്കു അയച്ചുകളഞ്ഞു. താടകയുടെ സുതന്മാരായ മാരീചനും സുബാഹുവും യാഗത്തിന്നു വിഘ്നം ചെയ്യുന്നവരിൽ പ്രധാനപ്പെട്ട രണ്ടുപേരായിരുന്നു. അവരിൽ മാരീചനെ ശ്രീരാമൻ ഒരു ശരംകൊണ്ടു നൂറുകാതംവഴി അകലേയുള്ള സമുദ്രത്തിൽ താഴ്ത്തുകയും മറെറാരു ശരംകൊണ്ടു വധിക്കയും ചെയ്തു. വിശ്വാമിത്രന്റെ യാഗം യാതൊരു വിഘ്നവുംകൂടാതെ നിറവേറുകയും ചെയ്തു.

വിശ്വാമിത്രന്റെ യാഗത്തിന്നു മഹായോഗ്യന്മാരായ അനേകം മഹൎഷിമാർ കൂടിയിരുന്നു. യാഗാവസാനത്തിൽ കാരു

വൎത്തമാനങ്ങൾ പറഞ്ഞകൂട്ടത്തിൽ മിഥിലാപുരത്തിലെ രാജാവായ ജനകരാജൎഷി തന്റെ പുത്രിമാൎക്കു ഭൎത്താക്കന്മാരെ തിരഞ്ഞെടുക്കേണ്ടതിന്നായി സ്വയംവരം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വിവരം പ്രസംഗവശാൽ പ്രസ്താവിക്കുകയുണ്ടായി. ഈ വിവരം അറിവു കിട്ടിയപ്പോൾ വിശ്വാമിത്രമഹൎഷി രാമലക്ഷ്മണന്മാരോടുകൂടി മിഥിലയിലേയ്ക്കു പുറപ്പെട്ടു. പോകുന്ന വഴിയിൽ സ്ത്രീരൂപത്തോടുകൂടിയതായ ഒരു ശിലയെ ശ്രീരാമനു കാണിച്ചുകൊടുത്ത് അതിന്റെ ചരിത്രത്തെ വിശ്വാമിത്രൻ ഇങ്ങിനെ പറഞ്ഞു.

സൃഷ്ടികൎത്താവായ ബ്രഹ്മാവു പ്രജകളെ സൃഷ്ടിക്കുന്നതിന്നിടയിൽ അത്ഭുതമായിട്ടുള്ള ഒരു സ്ത്രീരൂപത്തെ സൃഷ്ടിച്ചു. അവൾക്കു ബ്രഹ്മാവ് അഹല്യാ എന്നു പേരിട്ടു. അവൾക്കു തക്കതായ ഭൎത്താവിനെ കണ്ടുപിടിക്കുവാനായിട്ടു ബ്രഹ്മാവു ദേവലോകത്തേയ്ക്കു പോയി. ദേവലോകത്തുള്ള എല്ലാ പുരുഷന്മാരേയും നോക്കിയതിന്നുശേഷം ബ്രഹ്മാവു വരാന്വേഷണത്തിന്നായിത്തന്നെ ഭൂലോകത്തേയ്ക്കു വരുവാൻ പുറപ്പെട്ടു. അപ്പോൾ ഇന്ദ്രാദികളായ ദിക്പാലകന്മാർ അഹല്യയെ തങ്ങൾക്കു തരേണമെന്നു ബ്രഹ്മാവിനോടപേക്ഷിച്ചു. ബ്രഹ്മാവാകട്ടെ അഹല്യയെ അവൎക്കാൎക്കും നൽകുവാൻ ഇഷ്ടപ്പെട്ടില്ല. ആകയാൽ അദ്ദേഹം ഭൂലോകത്തിലേയ്ക്കുതന്നെ വന്നു ഗൌതമമഹൎഷിയെ സന്ദൎശിച്ചു. മഹാനായകനായ ഗൌതമന്റെ മട്ട് ആകപ്പാടെ ബ്രഹ്മാവിന്നു പിടിച്ചു. അദ്ദേഹത്തിന്ന് അഹല്യയെ പാണിഗ്രഹണം ചെയ്തുകൊടുത്തു ബ്രഹ്മാവു തന്റെ ലോകത്തിലേയ്ക്കുതന്നെ പോകയും ചെയ്തു.

അഹല്യയുടെ ഭൎത്താവായിത്തീൎന്ന ഗൌതമൻ അവളോടുകൂടി ഗൃഹസ്ഥാശ്രമം സ്വീകരിച്ചു നിത്യനൈമിത്തികകൎമ്മങ്ങളേയും, തപസ്സു, യാഗം മുതലായവയേയും ശാസ്ത്രവിധിപ്രകാരം ചെയ്തുവന്നു. ഗൌതമനു വളരെ സന്തോഷവുമുണ്ടായി. എന്നാൽ ഒരാൾ ഏററവും അസൂയയോടെ വൎത്തിക്കുന്നുണ്ടായിരുന്നു. അതു സ്വൎഗ്ഗലോകപതിയായ ദേവേന്ദ്രനല്ലാതെ മററാരുമ

ല്ല. ബ്രഹ്മാവ് അതിസുന്ദരിയായ അഹല്യയെ തനിക്കു തരാതെ തപസ്വിയായ ഗൌതമന്നു നൽകിയതാണു ദേവേന്ദ്രന്റെ അസൂയയ്ക്കു കാരണം. "ആട്ടെ ഇതിന്നു ഗൌതമനെ ഒന്നു കബളിക്കണം" എന്നു കരുതി ദേവേന്ദ്രൻ രാത്രിസമയങ്ങളിൽ ഗൌതമാശ്രമത്തിൽചെന്ന് അവിടുത്തെ മട്ടുകൾ മനസ്സിലാക്കുവാൻ തുടങ്ങി. അങ്ങിനെ ഇരിക്കുമ്പോൾ ഒരു രാത്രിയിൽ ഗൌതമൻ അകത്തില്ലാത്ത അവസരത്തിൽ ദേവേന്ദ്രൻ ഗൌതമന്റെ വേഷംധരിച്ച് ആശ്രമത്തിൽചെന്ന് അഹല്യയോടുകൂടി ക്രീഡാസുഖം അനുഭവിച്ചു മടങ്ങിപ്പോന്നു. ഈ ഗൂഢസംഗതിയെ ഗൌതമൻ ജ്ഞാനദൃഷ്ടികൊണ്ടു കണ്ട് കുപിതനായിത്തിന്ന ഗൌതമൻ ദേവേന്ദ്രനെ നോക്കി "ഒരു ലോകത്തിന്റെ അധിപനായിരിക്കുന്ന നീ ഈ ഹീനകൃത്യം പ്രവൎത്തിച്ചതു ശരിയായില്ല. നീ ഒരു യോനിയെ ആശിച്ച് ഇതു ചെയ്തതുകൊണ്ടു നിന്റെ ദേഹത്തിൽ ആയിരം യോനികൾ ഉണ്ടാകട്ടെ" എന്നു ശപിച്ചു. മഹൎഷിയുടെ ശാപത്താൽ ദേവേന്ദ്രന്റെ ദേഹമെല്ലാം പുതുതായുണ്ടായ യോനികളെക്കൊണ്ടു നിറഞ്ഞു. ഇങ്ങിനെയുണ്ടായ വൈരൂപ്യം നിമിത്തം ലജ്ജയോടും സന്താപത്തോടുംകൂടി ഇന്ദ്രൻ സ്വൎഗ്ഗലോകത്തിൽ ചെന്നിട്ടു തന്റെ ഗുരുവും ദിവ്യനുമായ ബൃഹസ്പതി മഹൎഷിയെ വരുത്തി തനിക്കു പിണഞ്ഞ അബദ്ധത്തിന്റെ സ്വഭാവം ധരിപ്പിക്കുകയും ഗൌതമശാപത്തിന്നു ഒരു നിവാരണം ഉണ്ടാക്കിത്തരേണമെന്നപേക്ഷിക്കയും ചെയ്തു. ബൃഹസ്പതിയാകട്ടേ "മഹാമുനിയുടെ ശാപം വിഫലമാകയില്ല. പക്ഷേ ഞാൻ ഒരു അനുഗ്രഹം തരാം. നിന്റെ ദേഹത്തിൽ ഉണ്ടായിട്ടുള്ളതെല്ലാം കാണുന്നവൎക്കു കണ്ണുകളാണെന്നു തോന്നുമാറാകട്ടേ" എന്ന് അരുളിച്ചെയ്തു. അതുമുതൽക്കു ദേവേന്ദ്രൻ സഹസ്രാക്ഷനായിത്തീൎന്നു.

ഗൌതമമഹൎഷി ദേവേന്ദ്രനെ ശപിച്ചതിന്നുശേഷം അഹല്യയുടെ നേരെതിരിഞ്ഞ് "എന്റെ പത്നിയായിരുന്ന് ഈ വിധം പരപരിഗ്രഹത്തിന്നു പാത്രമായ നീ ഒരു കല്ലായിപ്പോകട്ടേ" എന്നും ശപിച്ചു. ആ ശാപവചനം കേട്ട് ഏററവും സ

ന്തപ്തഹൃദയയായിത്തീൎന്ന അഹല്യ "സ്വാമിൻ! ഇനി എന്നാണ് എങ്ങിനെയാണ് എനിക്കു വീണ്ടും നിന്തിരുവടിയുടെ പാദശുശ്രൂഷ ചെയ്വാൻ ഭാഗ്യമുണ്ടാവുക എന്നരുളിച്ചെയ്യേണം" എന്നു പ്രാൎത്ഥിച്ചു. അപ്പോൾ ഗൌതമൻ "ഒരു കാലത്തു മഹാവിഷ്ണുഭഗവാൻ ശ്രീരാമനായവതരിച്ചിട്ട് ഇവിടെ വരും. അപ്പോൾ അവിടത്തെ തൃക്കാൽപ്പൊടിയേററ് നീ വീണ്ടും പൂൎവ്വസ്ഥിതിയെ പ്രാപിക്കും. പിന്നെ നീ എൻെറ ശുശ്രൂഷ ചെയ്വാൻ വന്നുകൊൾക" എന്നു പറഞ്ഞു. പിന്നെ ഗൌതമൻ തപസ്സുചെയ്വാൻ മഹാമേരുവിലേയ്ക്കു പോയി. അഹല്യ ഇങ്ങിനെ ശിലാരൂപിണിയായി ഇവിടെ കിടക്കുകയും ചെയ്തു."

ഇപ്രകാരം വിശ്വാമിത്രമഹൎഷി പറഞ്ഞതായ കഥ കേട്ടപ്പോൾ ശ്രീരാമൻ തൻെറ പാദാരവിന്ദംകൊണ്ട് ആ ശിലയെ കാരുണ്യത്തോടുകൂടി സ്പൎശിക്കുകയും, അപ്പോൾ ശിലാരൂപം പോയി ആ സ്ഥാനത്തു സൎവ്വാംഗസുന്ദരിയായ അഹല്യയുടെ രൂപം കാണപ്പെടുകയും ചെയ്തു. ശാപമോക്ഷം സിദ്ധിച്ച അഹല്യ അതിന്നു ഹേതുഭൂതനായ രാമനെ വണങ്ങി സ്തുതിച്ചു ഗൌതമമഹൎഷിയുടെ അരികത്തേയ്ക്കു പോകയും ചെയ്തു. * അഹല്യാമോക്ഷം കഴിഞ്ഞപ്പോൾ ആനന്ദഭരിതന്മാരായിത്തീൎന്ന ദേവകൾ ശ്രീരാമചന്ദ്രൻെറയും ലക്ഷ്മണൻെറയും ശിരസ്സിൽ പുഷ്പവൎഷം ചെയ്തു.

അനന്തരം വിശ്വാമിത്രൻ രാമലക്ഷ്മണന്മാരോടുകൂടി ഗംഗാനദിയുടെ തീരത്തിൽ എത്തി. നദിയെ കടത്തുവാനായി തോണിക്കാരനോടു പറഞ്ഞപ്പോൾ അവൻ രാമനോട് ഇങ്ങിനെ പറഞ്ഞു:— "ഹേ ലോകനാഥാ! നിന്തിരുവടിയെ തോ

---

* ഗൌതമൻ അഹല്യയെ "ഒരു നദിയായിപ്പോകട്ടെ" എന്നു ശപിച്ചുവെന്നും, അതുപ്രകാരം അഹല്യ ജനസ്ഥാനത്തിൽക്കൂടെ ഒഴുകി സമുദ്രത്തിൽ ചെന്നുചേരുന്ന നദിയായിത്തീൎന്നുവെന്നും, ശ്രീരാമൻ വനവാസകാലത്ത് ആ നദിയിൽ പാദസ്പൎശം ചെയ്തുകൊണ്ടു ശാപം തീൎന്ന് അഹല്യ വീണ്ടും ഗൌതമനെ പ്രാപിച്ചുവെന്നും ചില മുനികൾ പറയുന്നുണ്ട്. ഈ ഭേദം കല്പഭേദംകൊണ്ടു വന്നതാകുന്നു എന്നറിയേണ്ടതാണ്.

ണിയിൽ കയററി അക്കരെയിൽ കൊണ്ടുപോകുവാൻ അടിയ
ന്നു വലിയ ആഗ്രഹമുണ്ട്. പക്ഷേ തോണിയിൽ വല്ല കല്ലും
ഉണ്ടായിരിക്കയില്ല എന്ന് ഉറപ്പില്ല. നിന്തിരുവടിയുടെ തൃ
കാൽപ്പൊടി കല്ലിനെ സ്ത്രീയാക്കിത്തീക്കുന്നതിന്നു ശക്തിയുള്ള
താണെന്നു കേൾക്കുന്നുണ്ട്. അതുകൊണ്ടു തൃക്കാലുകൾ ഗം
ഗാജലത്തിൽ അടിയൻെറ കൈകൊണ്ടു നല്ലവണ്ണം കഴുകി
പൊടി കളഞ്ഞിട്ടുവേണം തോണിയിൽ കയറുവാൻ. ഇ
പ്പോൾ അടിയന്ന് ഒരു കെട്ടിയവൾ ഉണ്ട്. ഇനി ഒരുത്തികൂ
ടിയുണ്ടായാൽ അടിയനെക്കൊണ്ടു പുലത്താനാവില്ല. എന്ന
ല്ലാ കല്ലും മരവും ഒരുപോലെയാണെന്നു കേട്ടിട്ടുണ്ട്. അതു
കൊണ്ട് അടിയൻെറ ഈ തോണിയും ഒരു പെണ്ണായിത്തീന്നു
പോയാൽ അടിയൻെറ ഉപജീവനമാൎഗ്ഗവും അടഞ്ഞുപോ
കും." തോണിക്കാരൻെറ ഈ വാക്കു കേട്ടിട്ടു ശ്രീരാമൻ വളരെ
ആഹ്ലാദിച്ചു. അനന്തരം അവൻ ശ്രീരാമൻെറ തൃക്കാൽ കഴു
കിക്കുകയും എല്ലാവരുംകൂടി തോണിയിൽ കയറി നദി കടന്നു
മിഥിലാനഗരിയിൽ ചെന്നു ചേരുകയും ചെയ്തു.

ആ സമയത്തു മിഥിലാപുരിയിൽ വാഴുന്ന ജനകമഹാരാ
ജാവു തൻെറ പുത്രിമാരുടെ സ്വയംവരത്തിന്നായി ക്ഷണിച്ചിരു
ന്നതനുസരിച്ചു പല രാജാക്കന്മാരും വന്നുകൊണ്ടിരുന്നു. ലങ്കാ
രാജാവായ രാവണൻ തനിക്കു ക്ഷണം കിട്ടിയില്ലെങ്കിലും സ്വ
യംവരമുണ്ടെന്നു കേട്ടു പുഷ്പകവിമാനത്തിൽ കയറി മന്ത്രിക
ളോടുകൂടി ചെന്നിരുന്നു. ജനകമഹാരാജാവു ദശരഥനെ വി
നയപൂൎവ്വം ക്ഷണിച്ചിരുന്നുവെങ്കിലും അദ്ദേഹം തൻെറ പുത്രന്മാ
രായ രാമലക്ഷ്മണന്മാർ അടുത്തില്ലാത്തതുകൊണ്ടുള്ള വിരഹതാ
പം നിമിത്തം സ്വയംവരത്തിന്നു വരികയുണ്ടായില്ല. ഇങ്ങി
നെയിരിക്കുന്ന സമയത്തു വിശ്വാമിത്രമഹൎഷി രാമലക്ഷ്മണന്മാ
രോടും മുനിമാരോടുംകൂടി മന്ദമന്ദം മിഥിലാപുരോപകണ്ഠത്തിലു
ള്ള ഒരുപവനത്തിൽ പ്രവേശിച്ചു. വിശ്വാമിത്രൻ വരുന്നു
ണ്ടെന്നറിഞ്ഞു ജനകമഹാരാജാവ് അദ്ദേഹത്തെ എതിരേററു
കൊണ്ടുപോവാനായി മന്ത്രിസമേതനായി പുറപ്പെട്ടു. അപ്പോ

ഴയ്ക്കു വിശ്വാമിത്രന്റെ ഒരു ശിഷ്യൻ അങ്ങോട്ടുതന്നെ ചെന്നു. ജനകൻ മുനിശിഷ്യനെ വന്ദിച്ചു വൎത്തമാനം ചോദിച്ചപ്പോൾ അദ്ദേഹം രാജാവിന്റെ കൈ പിടിച്ചുംകൊണ്ടു സ്വകാൎയ്യമായ ഒരു സ്ഥലത്തു ചെന്നു് ഇങ്ങിനെ പറഞ്ഞു:— "രാജൎഷേ! ദശരഥന്റെ പുത്രന്മാരും മഹാവീരന്മാരുമായ രാമലക്ഷ്മണന്മാരെ മഹൎഷി സ്വയംവരത്തിന്നു കൂട്ടിക്കൊണ്ടുവന്നിട്ടുണ്ടു്. ശ്രീരാമൻ നിങ്ങളുടെ നിശ്ചയപ്രകാരം ശിവധനുസ്സിനെ ഭഞ്ജിച്ചു സീതയെ വിവാഹം ചെയ്യാൻ പോകുന്നു. രാമാനുജനായ ലക്ഷ്മണൻ ഊൎമ്മിളയേയും വിവാഹം ചെയ്യുന്നതാണു്. ആകയാൽ നിങ്ങൾ അവരെ വരന്മാൎക്കു് ഉചിതമായ വിധത്തിൽ എതിരേററു് അരമനയിലേയ്ക്കു കൂട്ടിക്കൊണ്ടുവരണം. വില്ലു മുറിച്ചു കഴിയുന്നതുവരെ ഈ സംഗതി പുറത്തു പറയാതെ സ്വകാൎയ്യമായി വെയ്ക്കുകയും വേണം. ഈ സംഗതികൾ ഇവിടെപ്പറയുവാനായി എന്റെ ഗുരുവായ വിശ്വാമിത്രമഹൎഷി എന്നെ അയച്ചിരിക്കയാണു്" എന്നും പറഞ്ഞു മഹൎഷിശിഷ്യൻ തിരികെ പോയി.

അനന്തരം ജനകമഹാരാജാവു പരമസന്തോഷത്തോടുകൂടി കരതോരണാദികളെക്കൊണ്ടു നഗരം മുഴുവൻ അലങ്കരിപ്പിച്ചു മന്ത്രിസമേതനായി ആന, തേർ, കാലാൾ, കുതിരപ്പടകളുടെ അകമ്പടിയോടും, അനേകം സാമന്തരാജാക്കന്മാരോടും മനോഹരങ്ങളായ പലവിധം വാദ്യങ്ങളോടുംകൂടി ഭാൎയ്യാസമേതനായി പൊന്നണിഞ്ഞ രാജകീയഗജങ്ങളുടെ പുറത്തു അമ്പാരികളോടുകൂടി രാമലക്ഷ്മണസഹിതനായ വിശ്വാമിത്ര മഹൎഷിയുടെ അരികത്തുചെന്നു വണങ്ങി. പിന്നെ ഒന്നും അറിയാത്ത ഭാവത്തിൽ കുമാരന്മാർ രണ്ടുപേരോടും കുശലപ്രശ്നംചെയ്തു് അവൎക്കു പീതാംബരം, ആഭരണം, മുതലായവ ഉപഹാരമായി കൊടുത്തു്, അവരെ രണ്ടുപേരേയും ഓരോ ആനകളുടെ പുറത്തുകയററി ആലവട്ടം കുടതഴചാമരം മുതലായ രാജചിഹ്നങ്ങളോടും വിശ്വാമിത്രന്റെ സാന്നിദ്ധ്യത്തോടുംകൂടി ഘോഷയാത്രയായി രാജധാനിയിലേയ്ക്കു കൊണ്ടുപോയി. അപ്പോൾ നഗ

രത്തിലെ രാജവീഥിയിൽ ദാസിമാരുടെ മനോഹരമായ നൎത്ത
നവും, വന്ദികളുടേയും മാഗധന്മാരുടേയും സ്തുതിഘോഷവും, നാ
നാതരത്തിലുള്ള മംഗളവാദ്യങ്ങളുടെ ശബ്ദവും, ഗായികന്മാരു
ടെ കൎണ്ണാനന്ദങ്ങളായ ഗാനങ്ങളും ഘോഷിക്കപ്പെട്ടു. കോമ
ളകളേബരന്മാരായ രാമലക്ഷ്മണന്മാരുടെ പുരപ്രവേശം കാ
ണ്മാൻ കൌതുകത്തോടുകൂടി മിഥിലയിലെ പൌരനാരീജന
ങ്ങൾ അവരവരുടെ ഗൃഹങ്ങളുടെ വരാന്തകളിൽ കയറി തങ്ങ
ളുടെ നീലോല്പലസദൃശങ്ങളായ നേത്രങ്ങളെക്കൊണ്ടു സസ
ന്തോഷം നോക്കി കൃതാൎത്ഥതപ്പെട്ടു് അവരുടെ ശിരസ്സിൽ പരി
മളം പൊഴിയുന്ന നവകുസുമങ്ങൾ വൎഷിച്ചു. എത്രനോക്കിയാ
ലും തൃപ്തിതോന്നാത്തവിധം സമഗ്രമായ ലാവണ്യസാരം തിക
ഞ്ഞിട്ടുള്ള രാമചന്ദ്രൻ സീതാദേവിക്കു് അനുരൂപനായ വരനാ
ണെന്നും, സൎവ്വലക്ഷണസമ്പന്നനായ ലക്ഷ്മണകുമാരൻ ഊൎമ്മി
ളക്കു യോജിച്ചവനാണെന്നും, സ്ത്രീകൾ തമ്മിൽ തമ്മിൽ പറക
യും ദൈവസങ്കല്പത്താലും നമ്മുടെ പൂൎവ്വപുണ്യത്താലും ഇവരുടെ
വിവാഹം നടക്കുന്നതു കണ്ടു തങ്ങൾക്കു് ആനന്ദിക്കേണമെന്നും
ഇവർ ഉത്തമപുരുഷന്മാരാണെന്നും പ്രസ്താവിക്കുകയും ചെയ്തിരു
ന്നു. ഇപ്രകാരം വരാന്തകളിൽനിന്നു പൌരനാരിമാർ പറയു
ന്നതുകേട്ടു രാമലക്ഷ്മണന്മാർ തലയുയൎത്തി അവരെ സസന്തോ
ഷം കൂടക്കൂടെ കടാക്ഷിച്ചുംകൊണ്ടുമിരുന്നു. ഈ എഴുന്നെള്ള
ത്തു് ഒന്നിച്ചുണ്ടായിരുന്നവരും സ്വയംവരത്തിന്നായി ക്ഷണിച്ചു
വരുത്തപ്പെട്ടവരും ആയ മററുരാജാക്കന്മാർ കണ്ടിട്ടു് "ഈ ജ
നകരാജാവു നമ്മളെ ഒന്നും തക്കവിധം മാനിക്കാതെ ഇവരെ
മാത്രം ഇത്രയോക്കെ ബഹുമാനിക്കുന്നതുകൊണ്ടു്, ഇദ്ദേഹം സീ
തയെ രാമന്നു കൊടുക്കുവാൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെന്നുത
ന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. നമ്മളെ ക്ഷണിച്ചിട്ടുള്ളതു്
ഈസ്വയംവരസഭയിൽവെച്ചു് അപമാനിക്കുവാനായിട്ടാണു്"
എന്നു തമ്മിൽ തമ്മിൽ സംസാരിച്ചിരുന്നു. ഈ സംസാരം രാ
മലക്ഷ്മണന്മാരും വിശ്വാമിത്രനും ജനകമഹാരാജാവും കേൾക്കു
കയും ചെയ്തിരുന്നു. ഇങ്ങിനെയുള്ള ഈ എഴുന്നെള്ളത്തു് അ

ല്പസമയത്തിന്നുള്ളിൽ സ്വയംബരമണ്ഡപത്തിന്റെ സമീപ ത്ത് എത്തിച്ചേൎന്നു. അപ്പോൾ മഹാരാജാവു കുമാരന്മാരെ ആനപ്പുറത്തുനിന്ന് ഇറക്കി വിശ്വാമിത്രനെ മുന്നിലും അവരെ പിന്നിലുമായി നടത്തി മഹൎഷിമാരാൽ പരിവൃതമായ ശാലയി ലേയ്ക്കു പ്രവേശിപ്പിച്ചു. അവിടെ വിശ്വാമിത്രമഹൎഷിയെ പൂ ജിപ്പിച്ചിരുത്തി അദ്ദേഹത്തിന്റെ മുൻഭാഗത്തായി രാമലക്ഷ്മ ണന്മാരേയും ആസനസ്ഥന്മാരാക്കി.

ഹേ പാൎവ്വതി! പിന്നെജനകമഹാരാജാവു സ്വയംവരാഗത ന്മാരായ രാജാക്കന്മാരെനോക്കി ഇങ്ങിനെ പറഞ്ഞു. "അല്ലയോ ബഹുമാനപ്പെട്ട രാജാക്കന്മാരേ! എന്റെ കന്യകയുടെ വിവാ ഹത്തിന്നു ഞാൻ മുൻപുതന്നെ നിശ്ചയിച്ചിട്ടുള്ളപ്രകാരം ശിവ ധനുസ്സിനെ കുലയ്ക്കുവാനുള്ള അവസരം ഇതാ ആസന്നമായി രിക്കുന്നു. പണ്ടു പരശുരാമൻ പരമശിവന്റെ അടുക്കൽ ധ നുൎവ്വിദ്യയേ അഭ്യസിച്ചതിന്റെ അവസാനത്തിൽ അദ്ദേഹ ത്തിന്ന് ആ വിദ്യയിൽ സിദ്ധിച്ച വൈദഗ്ദ്ധ്യംകണ്ടു തിരുവുള്ള മുണ്ടായി ഭഗവാൻ പരമശിവൻ താൻ ത്രിപുരന്മാരെ ജയിക്കു ന്നതിൽ ഉപയോഗിച്ച ഈ മാഹാത്മ്യമേറിയ ചാപത്തെ പര ശുരാമന്നു സമ്മാനമായി കല്പിച്ചുകൊടുത്തു. അദ്ദേഹം ഈ വില്ലുകൊണ്ടു 21 പ്രാവശ്യം പ്രദക്ഷിണം ചെയ്തു സകല ക്ഷ ത്രിയരേയും ജയിക്കുകയും വിശേഷിച്ചു തന്റെ പിതൃഘാതിയും സഹസ്രബാഹുവുമായ കാൎത്തവീൎയ്യാൎജ്ജുനനേ കൃതാ എന്ന അ തിഥിയാക്കുകയും ചെയ്തുശേഷം ശാന്തമാനസനായി തപസ്സു ചെയ്വാനൊരുങ്ങി പുറപ്പെട്ടു പോകുമ്പോൾ ഈ വില്ല് എ ന്റെ രാജധാനിയിൽ വെയ്ക്കുകയാണുണ്ടായത്. അങ്ങിനെ കുറേകാലം കഴിഞ്ഞതിന്നുശേഷം ഒരിക്കൽ എന്റെ കുമാരിയാ യ സീത ഓരോ കളികൾ ചെയ്യുന്നതിനിടയിൽ ഈ വില്ലും ക യ്യിലെടുത്തു വിളയാടിക്കൊണ്ടിരുന്നു. ഇതു, വില്ലിന്റെ ഉടമ സ്ഥനായ പരശുരാമൻകണ്ട സീത മഹാലക്ഷ്മിയുടെ അവതാര മായിരിക്കണമെന്നു മനസ്സിൽ കരുതി എന്നെ വിളിച്ച് ആ രെക്കൊണ്ടും വളയ്ക്കുവാൻ കഴിയാത്ത ഈ വില്ല് എവൻ കുല

ക്കുന്നുവോ അവനാണ് സീതയുടെ ഭത്താവാവാൻ യോഗ്യനാ യിട്ടുള്ളത്. അതുകൊണ്ട് ഈ വില്ലിനെ സീതാസ്വയംബര ത്തിൽ ഒരു പരിക്ഷാസാധനമായി വെച്ചുകൊൾക" എന്നി ങ്ങിനെ എന്നോടു കല്പിക്കുക ഉണ്ടായി. ജനകൻ രാജാക്കന്മാ രോട് ഇങ്ങിനെ പറഞ്ഞശേഷം തന്റെ ആയുധശാലയിലുള്ള ആ ശൈവചാപത്തെ അഞ്ഞൂറുകാളകളെ പൂട്ടിയ ഒരു വലി യവണ്ടിയിൽ ഏററിക്കൊണ്ടു സ്വയംവരസഭയുടെ മദ്ധ്യ ത്തിൽക്കൊണ്ടുവന്നു വെപ്പിച്ചു. പിന്നെ സഭാവാസികളും മ ഹാവീരന്മാരുമായ രാജാക്കന്മാരെ സംബോധന ചെയ്തുകൊ ണ്ട് "ഈ വില്ലു ഞാണേററി എവൻ കുലയ്ക്കുന്നുവോ അവന്റെ കണ്ഠത്തിൽ എന്റെ മകൾ സീത വരണമാലയെ അപ്പിക്കും. ശക്തിയുള്ളവർ വില്ലു കുലയ്ക്കാവുന്നതാണ്" എന്ന് എല്ലാവ രും കേൾക്കുമാറ് ഉച്ചത്തിൽ പറഞ്ഞു.

ജനകന്റെ ഈ വാക്കുകേട്ടു എല്ലാരാജാക്കന്മാരും തങ്ങളു ടെ മുമ്പിൽ ഇരിക്കുന്ന പവ്വതസദൃശമായ ധനുസ്സിനെ നോക്കി അഭിമാനമെല്ലാം കളഞ്ഞു ലജ്ജാവനതമുഖന്മാരായി സ്ഥിതി ചെയ്തു. ചിലർ വില്ലിന്റെ അടുത്തുചെന്ന് അതിനെ എടു ത്തുനിവൃത്തുവാനായി കൈകളെ വ്യാപരിപ്പിച്ചുവെങ്കിലും സാ ധിക്കാതെ മടങ്ങി. മററുചിലർ കൈകൊണ്ടു പൊക്കി എങ്കി ലും നിവൃത്തുവാൻ സാധിക്കാതെ സ്വയംനിവൃത്തന്മാരായി. ഈ വില്ല് എടുത്തുവിത്തുവാൻതന്നെ പ്രയാസമായിരിക്കേ ഇതു കുലയ്ക്കുന്നകാൎയ്യം വിചാരിക്കുവാൻകൂടി കഴിയാത്തതാ ണെന്നു കരുതി രാജാക്കന്മാരെല്ലാം ഇരിപ്പായി. അതുകണ്ടിട്ടു ലങ്കാധിപതിയും സ്വയംവരത്തിന്നു സമാഗതനുമായിരുന്ന രാ വണൻ തനിക്കു സ്വതസ്സിദ്ധമായിട്ടുള്ള ഗവ്വത്തോടുകൂടെ വി ല്ലിന്റെ അരികത്തുചെന്നു ചിരിച്ചുംകൊണ്ടു "ഹേ ജനകരാ ജാവേ! എന്റെ ഈ ഇരുപതുകൈകൾ സകല ദേവകളേ യും എന്നുവേണ്ട ത്രൈലോക്യവാസികളെ എല്ലാം തന്നേയും യു ദ്ധത്തിൽ തോല്പിച്ചു വിശ്വം മുഴുവൻ നിഷ്പ്രയാസം വശപ്പെടു ത്തിയവയാണ്. ഈ കൈകൾ കൈലാസ പവ്വതത്തെക്കൂടി

പൊക്കി അമ്മാനമാടിയവയാണ്. തത്താദൃശങ്ങളായ എ
ന്റെ കൈകളുടെ ശക്തിയെ ഈ രാജാക്കന്മാരുടെ മുമ്പിൽ
വെച്ച് ഈ തുരുമ്പുപിടിച്ച വില്ലിന്മേൽ പ്രകടിപ്പിച്ചു കാണേ
ണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?" എന്നു ഗംഭീരമായി
ചോദിച്ചുംകൊണ്ടു വില്ലിന്മേൽ കൈവെച്ച്, എടത്തു കൈക
ളിൽ ഒന്നുകൊണ്ടു രാവണൻ പിടിച്ചുനോക്കിയപ്പോൾ വില്ല്
അനങ്ങിയില്ല. അപ്പോൾ ഒരു വലത്തുകൈകൊണ്ടു പിടിച്ചു
നോക്കി. അപ്പോഴും തഥൈവ! ഇതുകണ്ട് അത്ഭുതപ്പെട്ടു രണ്ടു
കൈകളും കൂട്ടിപ്പിടിച്ചു നോക്കിയിട്ടും വില്ലു സ്ഥാനത്തുനിന്ന്
എളകിയില്ല. അനന്തരം ഓരോന്നായി ഇരുപതു കൈകളും
കൂട്ടിപ്പിടിച്ച് ഒരുവിധം പൊക്കിനിർത്തി പത്തൊമ്പതു കൈക
ളെക്കൊണ്ടും താങ്ങിപ്പിടിച്ചശേഷം ഒരു കൈകൊണ്ടു ഞാണ്
എടുക്കുവാൻ ഭാവിച്ചപ്പോൾ ഭാരം സഹിക്കാതെ വില്ലു രാവ
ണന്റെ മേലേക്കു ചാഞ്ഞു. പെട്ടെന്നു രാവണൻ ഞാൺവിട്ട്
ആ കയ്യുംകൂടി അതിശക്തിയോടെ വിൽ പിന്നോക്കം തള്ളി.
പക്ഷേ വില്ലു പിന്നോക്കം വീഴാതെ രാവണന്റെ മാറത്തേക്ക്
ഇരുത്തുകയാൽ ആ വീരശിരോമണി പുറംകുത്തി "പ്ധീം"
എന്നു ഭൂമിയിൽ മലച്ചുവീണു. അപ്പോൾ അദ്ദേഹത്തിന്റെ
20 കിരീടങ്ങളും ശിരസ്സിൽനിന്നു വേർപെട്ടു ഭൂമിയിൽ പതിച്ചു.
വസ്ത്രങ്ങൾ അഴിഞ്ഞു. കണ്ണുകൾ വട്ടംചുഴന്നു. വായ്ക്കുളിൽനി
ന്നു ജലം ഒഴുകി. മുൻപു വലിയ മേനിപറഞ്ഞ രാവണന്നു
നേരിട്ടതായ ഈ അവസ്ഥകണ്ടു സഭാവാസികളെല്ലാം ചിരി
ച്ചുപോയി. തൽക്ഷണം രാവണന്റെ മന്ത്രിമാരും മററു രാക്ഷ
സന്മാരും ചുററും വന്ന് അദ്ദേഹത്തിന്റെ മാറത്തു വീണുകിട
ക്കുന്ന ധനുസ്സിനെ അവിടെനിന്നു നിലത്തേക്കു തള്ളുവാൻ ശ്ര
മം തുടങ്ങി. പതിനെട്ടടവും പ്രയോഗിച്ചിട്ടും വില്ല് എള്ളോ
ളം എളകിയില്ല. രാവണൻ ഉടുത്തിട്ടുള്ള വിലയേറിയ പീതാം
ബരങ്ങൾ മുഴുവൻ നനഞ്ഞുപോയി. അദ്ദേഹം വല്ലാത്ത ഒരു
ദുരവസ്ഥയിൽ അകപ്പെട്ടു. അതുകണ്ടു ജനകമഹാരാജാവ്
"ഈ ഭൂലോകത്തിൽ വീരന്മാർ ആരുമില്ലാതായല്ലോ? ഈ സഭ

യിൽ രാജാക്കന്മാരായിട്ട് ആരെങ്കിലുമുണ്ടെങ്കിൽ അവർ എല്ലാവരും കാണ്കെ രാവണന്നു പ്രാണഭിക്ഷയെ നൽകട്ടേ" എന്ന് എല്ലാവരും കേൾക്കേ ഉച്ചത്തിൽ പറഞ്ഞു. ജനകന്റെ ഈ വാക്കുകൾ രാമലക്ഷ്മണന്മാരുടെ ചെവികളിൽ ശരങ്ങളെപ്പോലെ ചെന്നുകൊള്ളുകയാൽ അവർ കോപത്തോടുകൂടി പുരികം വളച്ചു വിശ്വാമിത്രന്റെ മുഖത്തേയ്ക്കു ഭാവഗർഭമായി ഒന്നു നോക്കി.

അപ്പോൾ വിശ്വാമിത്രമഹർഷി 'ഹേ രാഘവാ!' ഇപ്പോൾ ഈ സഭാമദ്ധ്യത്തിൽ വെച്ചു രാവണന്റെപ്രാണൻപോകുന്നതു കണ്ടുംകൊണ്ടിരുന്നാൽ ശരിയാകുമോ? വേഗം എഴുന്നേററു ചെന്ന് അവന്റെ പ്രാണനെ രക്ഷിച്ചു ശിവധനുസ്സിനെ ഞാണേററി കുലയ്ക്കുകതന്നെ.' എന്നിങ്ങിനെ പറഞ്ഞു രാമന്ന് അനുവാദം നൽകി. അതുകേട്ടു രാമകുമാരൻ "തഥാസ്തു" എന്നു പറഞ്ഞ് എഴുന്നേററു വിശ്വാമിത്രമഹർഷിയെ വണങ്ങി തന്റെ കണ്ഠത്തിൽ അണിഞ്ഞിട്ടുള്ള മുക്താഹാരം മുതലായ ആഭരണങ്ങൾ അഴിച്ചുവെച്ച് അരയിൽ ഉടുത്തിട്ടുള്ള വസ്ത്രത്തിന്റെ തുമ്പുകൾ മടിയിൽ തിരുകി കിരീടം മുതലായവയെ ശരിയാക്കി നിർത്തി സന്നദ്ധഭാവത്തിൽ സഭാമദ്ധ്യത്തിലേയ്ക്കു ചെന്നു. ഇതു കണ്ടു സഭ്യന്മാരെല്ലാം സംഭ്രമിച്ചുപോയി. "രാമൻ എത്ര ചെറിയകുട്ടിയാണ്. നമ്മളൊക്കെ പരിക്ഷിച്ചു മടങ്ങിയ ഈ വില്ലു കുലപ്പാൻ ഈ കുമാരൻ ആളാകുമോ?" എന്നു ചിലർ. "അതിനല്ലാ രാവണന്റെ കിടപ്പു കാണ്മാനാണ് രാമൻ പോകുന്നത്. ബാലനാകയാൽ ബാലസ്വഭാവമായ നേരമ്പോക്കു കാണിക്കുകയാണ്" എന്നു മററചിലർ. "അതാവില്ല, അങ്ങിനെയാണെങ്കിൽ ഈ മുക്താഹാരവും മററും അഴിച്ചുവെയ്ക്കേണമോ?" എന്നു വേറെ ചിലർ. "നിങ്ങളെന്താണു പറയുന്നത്? വില്ലു കുലയ്ക്കുവാൻ വിശ്വാമിത്രമഹർഷി രാമനോടു പറഞ്ഞതു കേട്ടില്ലേ? പിന്നെ എന്താണ് സംശയം?" എന്ന് ഇനി ചിലർ. "വിശ്വാമിത്രമഹർഷി അങ്ങിനെ പറഞ്ഞാലും ഈ ചെറുകുമാരൻ ആ പെരുവില്ലിന്മേൽ എന്തുകാണിപ്പാനാണ്?" എന്നു

അല്പം ചിലർ. ഇങ്ങിനെ പലരും പലവിധം സംസാരിക്കുന്നതിന്നിടയിൽ രാമൻ വില്ലിൻെറ സമീപത്തെത്തിക്കഴിഞ്ഞു. അപ്പോൾ ജനകമഹാരാജാവു ശിരീഷസുകുമാരനായ രാമനെ കണ്ടിട്ടു വിശ്വാമിത്രനോട് "ഹേ മുനിസത്തമാ! ഈ സഭയിൽ എന്തിനായിട്ടാണ് ഈ കുമാരനെ അയച്ചിരിക്കുന്നത്? പരമശക്തനായ രാവണൻ ഉൾപ്പടെ ഉള്ള സഭാവാസികൾക്കൊക്കും ഈ വില്ലു കുലയ്ക്കുവാൻ കഴിഞ്ഞില്ലല്ലോ. അവൎക്കെല്ലാം അസാദ്ധ്യമായ കാൎയ്യം ഈ കുട്ടി എങ്ങിനെ നിൎവ്വഹിക്കും? ഇവിടുന്നു ശിഷ്യൻമുഖേന പറഞ്ഞയച്ചിരുന്ന സംഗതികൾ ഈ സഭയിൽ പ്രയോഗിക്കുകയാണോ? മുഗ്ദ്ധമേനിയുടയ ഈ ചെറുബാലനും പ്രചണ്ഡമായ ഈ ശിവധനുസ്സിനും തമ്മിൽ അജഗജാന്തരം കാണുന്നുണ്ടല്ലോ. ഒരു ചാതകപ്പക്ഷി ദാഹംകൊണ്ട് എത്ര വെമ്പിയാലും സമുദ്രജലത്തെ വററിക്കുവാൻ ശക്തമാകുമോ?" എന്നിങ്ങിനെ പറഞ്ഞു.

സ്വയംവരസഭയിലെ അവസ്ഥ ഈവിധമിരിക്കുമ്പോൾ ജനകമഹാരാജാവിൻെറ അന്തഃപുരത്തിലെ സ്ഥിതിയും പ്രസ്താവയോഗ്യമായിരുന്നു. സുമേധമുതലായ അന്തഃപുരസ്ത്രീകൾ, സഭയിലെ വിശേഷങ്ങൾ കാണുവാനായി അരമനയുടെ മുകളിൽ കയറി, അതിൻെറ ബാഹ്യാലിന്ദങ്ങളിൽ ഇരുന്ന്, ഉൽകണ്ഠയോടുകൂടി നോക്കിക്കൊണ്ടു സ്ഥിതിചെയ്തു; ശ്രീരാമൻെറ നീലാരവിന്ദത്തോടൊത്ത കണ്ണുകൾ, പൂൎണ്ണചന്ദ്രസദൃശമായ മുഖം, മുട്ടോളം നീണ്ട മനോഹരമായ ഭുജം, സുവൎണ്ണാഭരണങ്ങൾ അണിഞ്ഞ പാദം, കിരീടകുണ്ഡലാദികളെക്കൊണ്ടു മഹാശൂരനെന്നു കാണിക്കുന്ന ശിരസ്സ്, ഭംഗിയേറിയ മുഴങ്കാൽ, ശംഖതുല്യമായ കഴുത്ത്, എള്ളിൻപൂവ്വൊത്ത നാസിക, നീണ്ടു ചുരുണ്ട മനോഹരമായ കേശപാശം, എന്നിവയിൽ ഓരോന്നിലും പൌരനാരിമാരുടെ നേത്രങ്ങളാകുന്ന വണ്ടുകൾ സഞ്ചരിക്കുവാൻ തുടങ്ങി. കഴുത്തിലണിഞ്ഞ മുത്തുമാലകളും രത്നമാലകളും അഴിച്ച് അരയിൽ ധരിച്ചിട്ടുള്ള പീതാംബരം എടുത്തു കുത്തി, കയ്യിലുള്ള കോദണ്ഡം കീഴെവെച്ച്, ശിവധനുസ്സിൻെറ

അരികത്തുചെന്നു രത്നാംഗുലീയാലംകൃതങ്ങളായ മൃദുകരങ്ങളെ കൊണ്ട് ആ വില്ലെടുക്കുവാൻ ഭാവിക്കുന്ന രാമചന്ദ്രനിൽ തെളിഞ്ഞുകാണുന്ന വീൎയ്യവും സൌന്ദൎയ്യവും, അന്തഃപുരസ്ത്രീകളുടെ ദൃഷ്ടികളിൽ അമൃതവൎഷം ചെയ്തു. അവരെല്ലാവരും "ആഭരണാദികൾ ഇല്ലാതെകണ്ടുതന്നെ ഇത്രത്തോളം കാന്തിപൊഴിയുന്ന ഈ രാമകുമാരൻ തന്നെയാണ് സീതാദേവിയുടെ ഭൎത്താവാകേണ്ടത്" എന്നു വിചാരിച്ച് ആ ഭാഗ്യം സിദ്ധിക്കുവാനായി മേല്പോട്ടുനോക്കി ജഗദീശ്വരനോടു പ്രാൎത്ഥിച്ചു. അവരുടെ കണ്ണിൽകാണുന്ന ശ്രീരാമസ്വാമി ബ്രഹ്മാവിഷ്ണുരുദ്രന്മാരാകുന്ന ത്രിമൂൎത്തികളും ചേൎന്ന സാക്ഷാൽ ആദിനാരായണനെന്നറിയാതെ അവർ "ഹേ വിധേ! ഹേ വിഷ്ണോ! ഹേ പരമശിവാ! ഞങ്ങൾ പല ജന്മങ്ങളിൽ ചെയ്തിട്ടുള്ള വ്രതാനാദികളുടെ ഫലമായി രാമൻ കുലെക്കുവാൻ പോകുന്ന ഈ വില്ല് പുഷ്പമാലപോലെ മൃദുവായി ഭവിക്കട്ടെ. എന്നാൽ സീത ഈ ത്രൈലോക്യസുന്ദരനെ മാലയിടും. അതുകണ്ടു ഞങ്ങളുടെ കണ്ണുകളെ സഫലമാക്കുവാൻ അനുഗ്രഹിക്കേണം" എന്നു പ്രാൎത്ഥിച്ചു. ആസമയത്തു സഖീസമേതയായ സീതാദേവി ശ്രീരാമനെ കണ്ട് ആനന്ദബാഷ്പം തൂകിക്കൊണ്ട് ഇരിക്കുന്നേടത്തുനിന്നു എഴുന്നേററ് തന്റെ ഇഷ്ടസഖിയായ തുളസിയുടെ ചുമലിൽ ശിരീഷകോമളമായ കൈവെച്ചുകൊണ്ട് അവളോട് ഇങ്ങിനെ പറഞ്ഞു. "എന്റെ വിവാഹത്തിന്ന് ഇത്ര കഠിനമായ പരീക്ഷയെ ഏൎപ്പെടുത്തിയ പിതാവ് എനിക്കു വിരോധിയായിട്ടാണ് ഇപ്പോൾ വന്നിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ രാമൻ എത്രയോ മൃദുവായ ദേഹത്തോടുകൂടിയവൻ, ഈ ശിവധനുസ്സാ, വലിയ മലപോലെ കഠിനവുമാകുന്നു. ഈ വില്ലുകുലെക്കുവാൻ ഇദ്ദേഹത്തെക്കൊണ്ടു എങ്ങിനെ സാധിക്കും? ഹാ ദൈവമേ! നീ എന്താണ് ചെയ്യാൻപോകുന്നത്? നിന്റെ ഉദ്ദേശം എന്തെന്ന് എനിക്കു മനസ്സിലാവുന്നില്ല. ഞാൻ വിവാഹവിഷയത്തിൽ രാമനെ ഒഴിച്ചു മററാരേയും മനസ്സുകൊണ്ടു വിചാരിക്കുകപോലും ചെയ്തിട്ടില്ല. എന്റെ സങ്കല്പത്തിന്നു വിരോധമായി അച്ഛൻ എന്നെ

മറെറാരു പുരുഷനു കൊടുക്കുന്നതായാൽ ഞാൻ ഈ മഞ്ച ത്തിൽനിന്നു ചാടി ദേഹത്യാഗം ചെയ്യുന്നതാണ്. ഹേ വി ധേ! ഹേ ശങ്കരാ! ഹേ ദുർഗ്ഗാദേവീ! ഹേ ഗായത്രി! ഹേ സാവി ത്രി! ഹേ സരസ്വതി! ഹേ ഇന്ദ്രാ! ഹേ യമാ! ഹേ വരുണാ! ഹേ കുബേരാ! ഹേ അഗ്നേ! ഹേ ലക്ഷ്മീ! ഹേ വിഷ്ണോ! ഹേ ഗ രുഡാ! ഹേ അനന്താ! ഹേ ഇന്ദ്രാദിദേവന്മാരേ! ഞാൻ നി ങ്ങളോടെല്ലാം സവിനയം പ്രാർത്ഥിക്കുന്നു. നിങ്ങൾ നിങ്ങളുടെ ശക്തികൊണ്ട് ഈ വില്ലിനെ കുസുമസുകുമാരമാക്കിത്തീർത്തു നി ങ്ങളുടെ ദിവ്യശക്തിയെ രാമൻെറ ഭുജംങ്ങളിൽ സംക്രമിപ്പിച്ച് ഈ വില്ലുകുലപ്പാൻ സാധിക്കേണ്ടതിന്നു അനുഗ്രഹിക്കണേ! ഭാവിയിൽ ഒരു ഋഷിപത്നിയെ പോലെ പതിനാലുകൊല്ലം കാട്ടിൽ പാർക്കുവാൻ എനിക്കു യോഗമുണ്ടെന്നു നിങ്ങൾ അറി ഞ്ഞിരിക്കുമെല്ലോ. ആ യോഗം ഫലിക്കത്തക്കവിധം രാമ ൻെറ പത്നിയാകുവാൻ എന്നെ നിങ്ങൾ അനുഗ്രഹിക്കുവിൻ."

ഇപ്രകാരം സീതാദേവിയും അന്തഃപുരസ്ത്രീകളും സ്വയം വരസഭയിലുള്ള രാജാക്കന്മാരും ഓരോന്നു പറയുന്നതിന്നിട യിൽ, ശ്രീരാമചന്ദ്രൻ ശിവധനുസ്സിനെ മൂന്നുപ്രദക്ഷിണം ചെ യ്തു നമസ്കരിച്ച്, അതിൻെറ അധിദേവതയായ പരമശിവനേ യും, തൻെറ പിതാവായ ദശരഥനേയും, മാതാവായ കൌസ ല്യയേയും, ആചാര്യനായ വിശ്വാമിത്രനേയും, ഭക്തിപൂർവ്വം ധ്യാനിച്ചുംകൊണ്ട്, എടത്തെ കൈകൊണ്ടു വില്ലു പിടിച്ചു, വ ലത്തെ കൈകൊണ്ടു നിഷ്പ്രയാസം ഞാണെടുത്തു കുലച്ചു വില്ലി നെ വളച്ചു. അപ്പോൾ വാദ്യങ്ങൾ മുഴങ്ങി. വന്ദികൾ സ്തുതി തുടങ്ങി. എല്ലാവരും ആനന്ദസാഗരത്തിൽ മുഴുകി. രാമൻ വി ല്ലെടുത്തു വളച്ചപ്പോൾ അതു മൂന്നു ഖണ്ഡമായി മുറിഞ്ഞു ഭൂമി യിൽ വീണു. ആ വിൽ മുറിഞ്ഞ ശബ്ദം ആകാശം മുഴുവൻ പ രന്നു. ഭൂമികുലുങ്ങുകയും, സമുദ്രങ്ങൾ കലങ്ങുകയും ചെയ്തു. ഭയ ങ്കരമായ ചാപഭംഗധ്വനി പത്തു ദിക്കുകളിലും മാറെറാലി ക്കൊണ്ടു. ജ്യോതിർഗ്ഗോളങ്ങൾ ശബ്ദശക്തിയാൽ ഇളകി നക്ഷ ത്രങ്ങൾ ഭൂമിയിൽ വീണു. അനന്തൻെറ ആയിരം പടങ്ങളും

വിറച്ചു. ഈ സമയത്തു മന്ദമാരുതൻ പരിമളം പൊഴിഞ്ഞു കൊണ്ടു വീശി. ദേവകൾ ആകാശത്തിൽ നിരന്നു നന്ദനോദ്ധ്യാനത്തിലെ പുതിയ പാരിജാതപുഷ്പങ്ങളെ വർഷിച്ചു. ദേവദുന്ദുഭികൾ മുഴക്കി. അപ്സരസ്ത്രീകൾ ആനന്ദംകൊണ്ടു നൃത്തം തുടങ്ങി. സ്വയംവരമണ്ഡപത്തിലും, ദുന്ദുഭി മുതലായ മംഗളവാദ്യങ്ങൾ ഘോഷിക്കപ്പെട്ടു. ദാസികളുടെ ആട്ടവും ഉണ്ടായി. അരമനയിലെ അളിന്ദങ്ങളിലിരിക്കുന്ന അന്തഃപുരസ്ത്രീകൾ കങ്കണാലംകൃതങ്ങളായ കൈകളെക്കൊണ്ടു രാമന്റെ ശിരസ്സിൽ പുഷ്പവൃഷ്ടി ചെയ്കയും ചെയ്തു.

ഈ സമയത്തു ലജ്ജകൊണ്ടു കിരീടം വീണുപോയ പത്തു തലകളും താഴ്ത്തി വസ്ത്രം അഴിഞ്ഞു നഗ്നനായിത്തീൎന്ന രാവണൻ, ഒരുവിധം എഴുന്നേററു നിമിഷനേരംപോലും സഭയിൽ നില്ക്കാതെ ലങ്കയിലേയ്ക്കു ഓടിക്കളഞ്ഞു. രാമൻ വില്ലു മുറിച്ചതു കണ്ടിട്ടു സ്ത്രീകളെല്ലാം സന്തോഷിച്ചു, ജയജയ എന്നു പറഞ്ഞും കൊണ്ടു, കൈകൾ കൊട്ടി കോലാഹലം കൂട്ടി. അപ്പോൾ സീതാദേവിയും പരമാനന്ദംകൊണ്ടു പുളകിതാംഗിയായിത്തീൎന്ന് നീലോല്പലോപമങ്ങളായ നേത്രങ്ങളെക്കൊണ്ടു, ശ്രീരാമനെ അനുരാഗത്തോടുകൂടി സതൃഷ്ണം നോക്കിക്കൊണ്ടിരുന്നു. അപ്പോൾ ജനകമഹാരാജാവു മന്ത്രിമാരോടു 'ഹേ സചിവന്മാരേ! നമ്മുടെ പുത്രിയായ സീതയെ ആനപ്പുറത്തേററി നാലുപുറവും സൈന്യങ്ങളുടെ കാവലോടുകൂടി ഈ സഭയിലേയ്ക്കു ഘോഷയാത്രയായി കൊണ്ടുവരുവിൻ' എന്നു കല്പിച്ചു. 'ഉത്തരവുപോലെ' എന്നു പറഞ്ഞു മന്ത്രിമാർ ഉടൻതന്നെ സീതാദേവിയുടെ സമീപത്തു പോയി അഞ്ജലി കൂപ്പിക്കൊണ്ടു 'ഹേ ഇന്ദീവരാക്ഷിയും ഗജഗാമിനിയുമായ ജാനകീദേവി! ഇവിടുത്തെ ഭാഗ്യം തന്നെ ഭാഗ്യം. സൂൎയ്യവംശത്തിൽ ദശരഥപുത്രനായി പിറന്ന രാമചന്ദ്രൻ രാജസഭയിൽവെച്ചു ശിവധനുസ്സിനെ നിഷ്പ്രയാസം കുലച്ച് ഇതാ മുറിച്ചുകഴിഞ്ഞു. ആകയാൽ ഹേ ദേവി! വേഗം എഴുന്നേററു ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള പിടിയാനയുടെ പുറത്തു കയറി രാമന്റെ സമീപത്തേയ്ക്കു എഴുനെള്ളണം.

അദ്ദേഹത്തിന്റെ കണ്ഠത്തിൽ സ്വയംവരമാലയെ അർപ്പിക്കണം' എന്നു മധുരമായി പറഞ്ഞു. അപ്രകാരംതന്നെ സീതാദേവി അച്ഛനമ്മമാരെ വന്ദിച്ചു സഖീസമേതയായി ആനപ്പുറത്തു കയറി ഇരുന്നു. ആ ആനയുടെ മുന്നിലും പിന്നിലും പല മംഗളവാദ്യങ്ങൾ ഘോഷിക്കപ്പെട്ടു. അസംഖ്യം കഞ്ചുകികൾ രാജകീയമുദ്രകളോടുകൂടി ആനയുടെ മുമ്പിൽ അകമ്പടിയായി നടന്നു, ഘോഷയാത്ര കാണ്മാൻ വരുന്ന ജനസംഘത്തെ വിലക്കിയുംകൊണ്ടു, യാത്ര ചെയ്തു. ദാസികളുടെ നൃത്തവും, വന്ദികളുടെ സ്തുതിയും, നടന്മാരുടെ പാട്ടും പൊടിപൊടിച്ചു. സീതയുടെ ദാസിമാർ വിശേഷപ്പെട്ട വസ്ത്രാലംകാരങ്ങളെ ധരിച്ചു കുതിരകളുടെ പുറത്തു കയറി, ആനയുടെ ചുഴലവും നിന്നു ചാമരം വീശുക മുതലായ ഉപചാരങ്ങളെ ചെയ്തു. ശുദ്ധാന്തരക്ഷിമാരായ അനേകം വൃദ്ധസ്ത്രീകൾ കൈകളിൽ പൂടവയും, തങ്കതടിയും ധരിച്ചുകൊണ്ടു കുതിരപ്പുറത്തു കയറി, ആനയുടെ പാർശ്വങ്ങളിലായി സീതയെ അനുഗമിച്ചു. വേറെ ചില സ്ത്രീകൾ പുരുഷവേഷം ധരിച്ചുംകൊണ്ടു ഘോഷയാത്രയിൽ പങ്കുചേർന്നു. അതിന്റെ പിന്നിലായി കഞ്ചുകിസ്ത്രീകൾ മുഖമൂടിയോടുകൂടി, കുതിരപ്പുറത്തു വന്നുകൊണ്ടിരുന്നു. അതിന്റെ പിന്നാലെ മന്ത്രിമാരെല്ലാം അവരവരുടെ വാഹനങ്ങളിലേറി സൈന്യസമേതം നടകൊണ്ടു. സീതയുടെ കൂടെ ആനപ്പുറത്തു കയറിയ സ്ത്രീകൾ എടവിടാതെ വെഞ്ചാമരങ്ങളെ വീശിക്കൊണ്ടിരുന്നു. ഇങ്ങിനെ ഘോഷയാത്ര ചെയ്യുന്ന കന്യകയുടെ ശിരസ്സിൽ പുഷ്പങ്ങളെ വർഷിച്ചിരുന്നു. വിദ്യുല്ലതാംഗിയായ സീതാദേവി കയ്യിൽ രത്നമാലയുമായി കോലാഹലത്തോടെ നഗരപ്രദക്ഷിണം ചെയ്തു സ്വയംവരസഭയുടെ സമീപത്തു ചെന്ന് ആനപ്പുറത്തു നിന്ന് ഇറങ്ങി, ശ്രീരാമദേവനെ കടാക്ഷിച്ചുകൊണ്ട്, ഉന്മേഷത്തോടുകൂടി കാൽനടയായി നടന്നു, രാമന്റെ സമീപത്തിൽ ചെന്നുനിന്നു, രണ്ടു കൈകളേയും കൊണ്ട് ആ മാല അദ്ദേഹത്തിന്റെ കഴുത്തിൽ അണിയിച്ച്, അദ്ദേഹത്തിന്റെ തൃക്കാല്ക്കളിൽ തല കുനിച്ചു വന്ദനം ചെയ്തു, ലജ്ജാനമ്രമുഖി

യായി സമീപത്തു സ്ഥിതി ചെയ്തു. ഇങ്ങിനെ നില്ക്കുന്ന രത്നമാലാലംകൃതയായ സീതയെ ശ്രീരാമൻ സസന്തോഷം കടാക്ഷിച്ചശേഷം വിശ്വാമിത്രമഹർഷിയെ വന്ദിച്ചു.

വിശ്വാമിത്രമഹർഷി വിജയിയായ ശ്രീരാമനെ സസന്തോഷം കെട്ടിപ്പുണൎന്നു മടിയിൽ വെച്ചു, വാത്സല്യത്തോടെ ശിരസ്സിൽ മുകൎന്നു. അനന്തരം ജനകമഹാരാജാവു ദിവ്യമംഗളസ്വരൂപിണിയായ സീതയെ രാമന്റെ അരികെ ഇരുത്തി. അവർ രണ്ടുപേൎക്കും തമ്മിൽ ഭൂഷണഭൂഷ്യഭാവം പ്രത്യക്ഷമായി കാണപ്പെട്ടു. വിശ്വാമിത്രൻ ഈ വധൂവരന്മാരെ സസന്തോഷം ആശീൎവ്വദിച്ചു, തന്റെ ജന്മം സഫലമായി എന്നു കൃതാൎത്ഥതപ്പെട്ടു. അപ്പോൾ ജനകൻ വിശ്വാമിത്രനോടു ഹേ മഹാമുനേ! അങ്ങയുടെ പ്രസാദത്താൽ ഞാൻ ധന്യനായി. എന്റെ വംശവും ധന്യതയെ പ്രാപിച്ചു. എന്റെ മാതാപിതാക്കന്മാരും ധന്യന്മാരായി ഭവിച്ചു. എന്തുകൊണ്ടെന്നാൽ ശ്രീരാമചന്ദ്രന്റെ ശ്വശുരനായി തീരാനുള്ള മഹാഭാഗ്യം എനിക്കു സിദ്ധിച്ചുവല്ലോ' എന്നിങ്ങിനെ പറഞ്ഞു മഹൎഷിയെ വണങ്ങി. ഈ അവസരത്തിൽ സഭയിലുള്ള രാജാക്കന്മാരെല്ലാം സീതയുടെ അസാധാരണമായ സൌന്ദൎയ്യം കണ്ടു അമ്പരന്നുപോയി. ചിലർ സീതയെ തങ്ങൾക്കു ലഭിക്കാതെ പോയതിൽ ദൈവത്തെ ശപിക്കുകയും മററു ചിലർ നാനാവിചാരങ്ങളാൽ മൂൎച്ഛിതന്മാരായി തീരുകയും, വേറെ ചിലർ ലജ്ജകൊണ്ടു മുഖം താഴ്ത്തി വലിയ പ്രാകൃതാവസ്ഥയിൽ അകപ്പെടുകയും ചെയ്തു. ഇങ്ങിനെ സ്ഥിതി ചെയ്യുന്ന രാജാക്കന്മാരോടു ജനകമഹാരാജാവു 'നിങ്ങളുടെ ബന്ധുവായ ഞാൻ സീതയുടെ വിവാഹം ഘോഷമായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു, നിങ്ങളെല്ലാവരും കുറച്ചുദിവസം ഇവിടെ താമസിച്ച് ഈ മംഗളകൎമ്മം വേണ്ടതുപോലെ നടത്തി തരണം' എന്ന് അപേക്ഷിച്ചു. ഇതുകേട്ടു നാനാരാജാക്കന്മാരും ഒന്നിച്ചുചേൎന്ന് ഒരു കൂടിയാലോചന നടത്തുകയും, അതിൽവെച്ചു തങ്ങൾക്കിവിടെ അപമാനം ഭവിപ്പാനും ദശരഥകുമാരനായ രാമൻ തങ്ങളെ എല്ലാം തോല്പിച്ചു

കന്ന്യകാരത്നത്തെ കയ്ക്കലാക്കുവാനും എടയായതു, തങ്ങൾ പുറപ്പെട്ടുപോന്ന സമയത്തിന്റെ ദോഷംകൊണ്ടാണെന്നും, തല്ക്കാലം ഇവിടെവെച്ച രാമനോടു യുദ്ധം ചെയ്താലും ജയിപ്പാൻ പ്രയാസമാകകൊണ്ട്, ഇനി ഒരിക്കൽ നല്ലനേരം നോക്കി പുറപ്പെട്ടു ചെന്നു രാമനെ ജയിക്കുന്നതാണ് നല്ലതെന്നും, പ്രസ്തുത സമയത്തു ജനകന്റെ ക്ഷണം സ്വീകരിക്കുകതന്നെ എന്നും തീൎച്ചപ്പെടുത്തി സീതാവിവാഹം കഴിയുന്നതുവരെ അവരെല്ലാവരും മിഥിലയിൽതന്നെ താമസിക്കാമെന്നു പറഞ്ഞു. അപ്പോൾ ജനകമഹാരാജാവു സന്തുഷ്ടനായിട്ട്, എല്ലാരാജാക്കന്മാൎക്കും പ്രത്യേകം പ്രത്യേകം താമസിക്കുവാൻ മാളികകൾ ഒഴിച്ചുകൊടുത്തു, സൽക്കാരത്തിന്നുള്ള എല്ലാ ഏൎപ്പാടുകളും ചെയ്കയും, അപ്രകാരംതന്നെ വിശ്വാമിത്രൻ മുതലായവരേയും അൎഹതയ്ക്കു തക്കവണ്ണം ബഹുമാനിച്ചു താമസിപ്പിക്കുകയും ചെയ്തു.

പിന്നീടു ജനകൻ വിശ്വാമിത്രന്റെ വാക്കുപ്രകാരം ദശരഥമഹാരാജാവിനെ കൂട്ടിക്കൊണ്ടു വരുവാൻ തന്റെ മന്ത്രിമാരെ പറഞ്ഞയച്ചു. അവർ അയോദ്ധ്യാപട്ടണത്തിൽ ചെന്നു ദശരഥമഹാരാജാവിനെ കണ്ടു വണങ്ങി, വിനയത്തോടുകൂടി തങ്ങളുടെ മഹാരാജാവിന്റെ സ്വയംവരസഭയിൽ ശ്രീരാമന്നുണ്ടായ വിജയത്തേയും, സീതാദേവിയെ അദ്ദേഹത്തിന്നു വിവാഹം കഴിച്ചുകൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതിനേയും, അറിയിച്ചു, മഹാരാജാവു പരിവാരസമേതം മിഥിലയിലേയ്ക്കു വരേണമെന്നു ജനകൻ പറഞ്ഞയച്ചിട്ടുള്ള വിവരം പറഞ്ഞു. ഇതു കേട്ടപ്പോൾ ദശരഥന്നുണ്ടായ സന്തോഷം അവൎണ്ണനീയമെന്നേ പറയേണ്ടു. അദ്ദേഹം ഒട്ടും താമസിക്കാതെ ഈ സന്തോഷവൎത്തമാനം അന്തഃപുരത്തിലും, മന്ത്രിമാരുടെ സന്നിധിയിലും പറഞ്ഞു. ക്ഷണനേരംകൊണ്ടു ശ്രീരാമന്റെ വിവാഹവൎത്തമാനം അയോദ്ധ്യാനഗരം മുഴുവനും പരന്നു. ദശരഥൻ മന്ത്രിമാരോടും, സൈന്യങ്ങളോടും, നഗരവാസികളോടും, സ്ത്രീകളോടുംകൂടി പുറപ്പെട്ടു യഥാസമയം മിഥിലാപട്ടണത്തിൽ ചെന്നുചേൎന്നു. അവിടെ ജനകൻ ദശരഥമഹാരാജാവിനെ വലിയ പദവി

യിൽ. ഘോഷയാത്രയായി പട്ടണപ്രവേശം ചെയ്യിച്ച്, എതിരേല്ക്കുവാനുള്ള ഒരുക്കങ്ങളും ചെയ്തിരുന്നു. ആനപ്പുറത്ത് അമ്പാരി എഴുന്നെള്ളിച്ച് അനേകരാജാക്കന്മാരുടെ അകമ്പടിയോടുകൂടി ജനകൻ ദശരഥനെ ചെന്ന് എതിരേററു. ദശരഥന്റെകൂടെ മനോഹരാകാരന്മാരായ ഭരതശത്രുഘ്നന്മാരെ കണ്ടിട്ട് അവർ രാമലക്ഷ്മണന്മാർ തന്നെയാണോ എന്നു ജനകൻ സംശയിച്ചുപോയി. 'രാമലക്ഷ്മണന്മാരുടെ തൽസ്വരൂപമായിട്ടുള്ള ഈ സുന്ദരബാലന്മാർ ആരാണ്' എന്നു ജനകൻ വിശ്വാമിത്രനോടു ചോദിച്ചപ്പോൾ, അദ്ദേഹം അവർ ദശരഥന്റെ മൂന്നാമത്തെ പത്നിയായ കൈകേയിയുടെ പുത്രന്മാരാണെന്നും അവരിൽ ജ്യേഷ്ഠൻ രാമന്റെ അംശമായ ഭരതനും, എളയവൻ ലക്ഷ്മണാംശമായ ശത്രുഘ്നനും ആണെന്നുള്ള വിവരം പറഞ്ഞു മനസ്സിലാക്കി. അതു കേട്ടപ്പോൾ ജനകമഹാരാജാവു ദശരഥമഹാരാജാവിനേയും വിശ്വാമിത്രമഹർഷിയേയും തന്റെ പുരോഹിതനായ ശതാനന്ദമുനിയേയും നോക്കിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു. 'അയോനിജയായി ഭൂമിയിൽനിന്ന് അവതരിച്ച എന്റെ പുത്രിയായി ഭവിച്ച സീതയെ ശ്രീരാമനും, രണ്ടാമത്തെ പുത്രിയായ ഊർമ്മിളയെ ലക്ഷ്മണനും വിവാഹം ചെയ്തുകൊടുക്കുവാൻ ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. എന്റെ അനുജനായ കുശധ്വജനു, സീതയേയും ഊർമ്മിളപോലേയും തന്നെ സൌന്ദര്യാദിഗുണങ്ങളോടുകൂടിയവരായി, മാണ്ഡവി എന്നും, ശ്രുതകീർത്തി എന്നും പേരായ, രണ്ടു കന്യകമാരുണ്ട്. അവരിൽ മാണ്ഡവിയെ ഭരതനും, ശ്രുതകീർത്തിയെ ശത്രുഘ്നനും, ഭാര്യമാരായി കൊടുക്കുവാനും നിശ്ചയിച്ചിരിക്കുന്നു. എന്റെ ഈ നിശ്ചയത്തെ സ്വീകരിച്ച് നാലുപേരുടേയും വിവാഹം നടത്തി തന്ന് എന്നെ ഗൌരവപ്പെടുത്തുവാൻ അപേക്ഷിച്ചുകൊള്ളുന്നു". പിന്നെ ദശരഥനോടായിട്ടു, "ഞാൻ പറഞ്ഞ നാലു കന്യകമാരേയും പുത്രഭാര്യമാരായി സ്വീകരിക്കുവാൻ അങ്ങേക്കു മനസ്സുണ്ടാകണം" എന്നു പറഞ്ഞു ജനകൻ അദ്ദേഹത്തെ വന്ദിച്ചു. അപ്പോൾ ദശരഥൻ "വളരെ സന്തോഷം, അങ്ങി

നെതന്നെ ആവട്ടെ" എന്നു സമ്മതിച്ചു. അനന്തരം അഹല്യ യുടെ പുത്രനും ജനകന്റെ പുരോഹിതനുമായ ശതാനന്ദമഹ ഷിയോടു 'സീതയെ അയോനിജയെന്നും, ഭൂമിയിൽനിന്നുണ്ടായ വളെന്നും, ജനകൻ പറഞ്ഞുവല്ലോ? അതെങ്ങിനെ എന്നു സ വിസ്തരം പറഞ്ഞുതരണം' എന്നു ദശരഥൻ ആവശ്യപ്പെട്ടു. ശതാനന്ദനാകട്ടെ ദശരഥനോട് "അതു കേൾക്കേണ്ട വിഷ യംതന്നെയാണ്, എല്ലാവരും അറിഞ്ഞിരിക്കേണ്ടതുമാണ്". എന്ന മുഖവുരയോടുകൂടി സീതയുടെ ചരിത്രത്തെ വിശദമായി പറഞ്ഞു.

"പണ്ടു പത്മനാഭൻ എന്നു പേരായിട്ട് ഒരു രാജാവുണ്ടാ യിരുന്നു. അദ്ദേഹം ലോകസമ്പ്രദായത്തെ ആലോചിച്ചതിൽ എല്ലാമനുഷ്യരും ലക്ഷ്മീദേവിയുടെ കടാക്ഷത്തെയാണ് ആഗ്ര ഹിക്കുന്നതെന്നു കണ്ടു. എള്ളുകൊണ്ടു തപസ്സുചെയ്തു ലക്ഷ്മീദേ വിയെ പുത്രിയായി ലഭിക്കുവാൻ ആഗ്രഹത്തോടുകൂടി പുറപ്പെ ട്ട് പത്മാക്ഷൻ കാട്ടിൽചെന്നു ലക്ഷ്മിയെക്കുറിച്ച് ഉഗ്രമായ ത പസ്സു തുടങ്ങി. തപസ്സിന്റെ പ്രഭാവത്താൽ ദേവി പ്രത്യക്ഷ മാകയും പത്മനാഭൻ ലക്ഷ്മിയോടു 'ഇവിടുന്നു എന്റെ പുത്രി യായി അവതരിച്ചു എന്നെ കൃതാൎത്ഥനാക്കണം' എന്നു പ്രാ ൎത്ഥിക്കുകയും ചെയ്തു. അതിന്നു ലക്ഷ്മീദേവി "രാജാവേ! ഞാൻ മഹാവിഷ്ണുവിന്റെ അധീനയാണ്. അദ്ദേഹത്തിന്റെ ദയയു ണ്ടായാൽ നിന്റെ ആഗ്രഹം സാധിക്കും" എന്നു മറുപടി പ റഞ്ഞു. പിന്നെ പത്മനാഭൻ മഹാവിഷ്ണുവിനെ തപസ്സുചെയ്തു പ്രത്യക്ഷമാക്കുകയും എന്തു വരമാണ് വേണ്ടതെന്നു ചോദിച്ച പ്പോൾ ലക്ഷ്മീദേവി എനിക്കു പുത്രിയായി ജനിക്കുവാൻ വരം തരണം എന്ന് അപേക്ഷിക്കുകയും ചെയ്തു. വിഷ്ണുഭഗവാൻ അദ്ദേഹത്തിന്റെ അപേക്ഷയെ അനുസരിച്ചു ഒരു മാതളനാര ങ്ങ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്ത് അന്തൎദ്ധാനം ചെയ്തു. രാജാവ് ആ കായ കീറിനോക്കിയപ്പോൾ അതിന്റെ ഒരു ഖ ണ്ഡത്തിൽ സ്വൎണ്ണവൎണ്ണത്തോടുകൂടിയ ഒരു പെൺകുട്ടി ഇരിക്കു ന്നതായി കണ്ടു. അത്യാശ്ചൎയ്യഭരിതനായിതീൎന്ന അദ്ദേഹം ത

ൻെറ ഇഷ്ടപ്രകാരം തന്നെ മനോഹരയായ കന്യകയെ കിട്ടിയതിൽ സന്തോഷിച്ച് അവളെ കയ്യിലെടുത്തു ഓമനിച്ച് ആ കന്യക സൌന്ദൎയ്യംകൊണ്ടു കാണികളുടെ മനസ്സിനെ കവരുന്നവളായിരുന്നതിനാൽ ജനങ്ങൾ അവളെ 'പത്മ' എന്നു വിളിച്ചുവന്നു.

വെളുത്തപക്ഷത്തിലെ ചന്ദ്രകല എന്നപോലെ വളൎന്നുവന്ന ആ പെൺകിടാവു യൌവ്വനാരംഭത്തിൽ എത്തിയപ്പോൾ അവൾക്ക് അനുരൂപനായ വരനെ തീൎച്ചപ്പെടുത്തുവാനായി രാജാവു മന്ത്രിമാരോടുകൂടി ആലോചിച്ചു സ്വയംവരം കഴിപ്പാൻ തീൎച്ചപ്പെടുത്തി നാനാരാജാക്കന്മാരേയും ക്ഷണിച്ചു. സ്വയംവരത്തോടുകൂടി ഒരു യാഗവും ചെയ്യാൻ ഏൎപ്പാടുചെയ്തു. രാജാവിൻെറ ക്ഷണനം കിട്ടിയ രാജാക്കന്മാരെല്ലാം വിശേഷപ്പെട്ട വേഷഭൂഷണങ്ങളോടുകൂടി പത്മാസ്വയംവരത്തിന്നായി രാജധാനിയിൽ എത്തി. സ്വയംവരഘോഷം കാണ്മാൻ മഹൎഷിമാരും ദേവഗന്ധൎവ്വയക്ഷകിന്നരാദികളും രാവണാദികളായ രാക്ഷസന്മാരും എത്തിച്ചേൎന്നു. പക്ഷികൾ, പൎവ്വതങ്ങൾ, നദികൾ, സമുദ്രങ്ങൾ മുതലായവയും കൂടി സ്വേച്ഛകൊണ്ട് ഓരോ രൂപങ്ങളെ ധരിച്ചു സ്വയംവരത്തിന്നു സന്നിഹിതരായി. എല്ലാവരും സഭയിൽ യഥാസ്ഥാനം ഇരുന്ന ഉടനെ രാജാവ് 'ഈ ആകാശത്തിൽ കാണുന്ന നീലനിറത്തെ എടുത്തു ദേഹത്തിൽ പൂശുന്നതു ആരോ ആ പുരുഷന്ന് എൻെറ മകൾ പത്മയെ വിവാഹംകഴിച്ചു കൊടുക്കുന്നതാണ. ഇതു സത്യമാകുന്നു' എന്ന് ഉറക്കെ പറഞ്ഞു. ഇതു കേട്ട രാജാക്കന്മാരെല്ലാം കന്യാപിതാവിൻെറ നിശ്ചയപ്രകാരം ചെയ്വാൻ ആൎക്കും സാധിക്കാത്തതാണെന്നു സങ്കല്പിച്ചു. എന്നാൽ പത്മയുടെ സൌന്ദൎയ്യംകൊണ്ടു മോഹിതന്മാരായിത്തീൎന്ന അവർ ആ കന്യകയെ ഉപേക്ഷിച്ചുപോകാൻ ശക്തരാകാതെ എല്ലാവരുംകൂടി അവളെ ബലാൽക്കാരേണ കൊണ്ടുപോകാൻ ശ്രമിച്ചു. അപ്പൊൾ പത്മാക്ഷൻ അവരെ തടുത്തു ഘോരമായ യുദ്ധം ചെയ്തു തോല്പിക്കുകയാൽ ദ്വേഷംശത്രുതന്മാരായവരെല്ലാം ഓടിപ്പോയി. അസൂ

രന്മാരാകട്ടെ അതിഭയങ്കരമായ യുദ്ധംചെയ്തു പത്മാക്ഷനെകൊന്നു പത്മയെ പിടിപ്പാനായി അവളുടെ അരികത്തു ചെന്നു. ആ സമയത്തു ഗത്യന്തരമില്ലായ്കയാൽ പത്മ അഗ്നിപ്രവേശം ചെയ്തു ശുദ്ധമായി ദേഹം ഉപേക്ഷിച്ചു. ഈ സംഗതി ആരും അറിയാഞ്ഞതുകൊണ്ടു അവരെല്ലാം പത്മയെ തേടിക്കൊണ്ടു പട്ടണം മുഴവൻ നടന്നു. എന്നിട്ടും കണ്ടെത്തായ്കയാൽ അരമനയിൽ ഒളിച്ചിരിക്കയായിരിക്കും എന്നു വിചാരിച്ച് കോട്ട കൊത്തളങ്ങളെല്ലാം ഇടിച്ചുതകൎത്തു. പത്മാക്ഷന്റെ രാജധാനി തീരെ ശൂന്യമായിത്തീൎന്നു. അപ്പോൾ അവിടെ ഉണ്ടായിരുന്ന വിവേകികളായ ചിലർ 'കണ്ടില്ലേ ലക്ഷ്മീദേവിയെ പുത്രിയായി ലഭിച്ച പത്മാക്ഷന്റെ ഗതി. കുററമാണോ വിദ്വാന്മാരായ മഹൎഷിമാർ ലക്ഷ്മിയെ ആഗ്രഹിക്കാത്തത്? ലക്ഷ്മി മനുഷ്യരുടെ മനസ്സിനെ ഏളക്കിത്തീൎത്ത ഭയം, ശോകം, വധം മുതലായ അനൎത്ഥങ്ങളെ ഉണ്ടാക്കുന്ന സ്വഭാവത്തോടുകൂടിയവളായതുകൊണ്ടു തീരെ വിവേകമില്ലാത്തവർ മാത്രമേ ലക്ഷ്മിയെ ആഗ്രഹിക്കയുള്ളു എന്നു പറഞ്ഞു. പത്മാക്ഷൻ യുദ്ധഭൂമിയിൽ മരിച്ചശേഷം അദ്ദേഹത്തിന്റെ പത്നിമാർ ഉടന്തടി ഏറി ദേഹത്യാഗം ചെയ്കയും വൈരികളായ അസുരന്മാരെല്ലാം അവരവരുടെ സ്ഥാനങ്ങളിലേയ്ക്കു പോകയും ചെയ്തു.

പത്മ എന്ന കന്യകയാകട്ടെ മഹാവിഷ്ണുവിന്റെ നാശമില്ലാത്ത ശക്തിയാകയാൽ അവൾ ചാടിയ അഗ്നികുണ്ഡത്തിൽ അനേകകാലം താമസിക്കുകയും പിന്നെ ഒരിക്കൽ ആ അഗ്നികുണ്ഡത്തിൽനിന്നു വെളിയിൽ വന്ന് അതിന്റെ സമീപത്ത് ഇരിക്കുകയും ചെയ്തു. അപ്പോൾ ദശാനനായ രാവണൻ ദിഗ്ജയത്തിന്നു പുറപ്പെട്ടു പുഷ്പകവിമാനത്തിൽ കയറി ആകാശമാൎഗ്ഗത്തൂടെ പോകുന്നുണ്ടായിരുന്നു. രാവണന്റെകൂടെ ഉണ്ടായിരുന്ന ചാരണൻ അഗ്നികുണ്ഡത്തിന്റെ അരികിൽ ഇരിക്കുന്ന പത്മയെ കണ്ടിട്ടു 'മഹാരാജാവേ! പണ്ടു സുരാസുരന്മാരെല്ലാം ഏതു കന്യകയെ ലഭിപ്പാൻവേണ്ടി വളരെ പാടുപെട്ടുവോ ആ കന്യക അതാ ഇരിക്കുന്നു. അവളാണു പത്മാ

ക്ഷൻെറ മകളായ പത്മ' എന്നു പറഞ്ഞു. ഇതു കേട്ട രാവണൻ നോക്കിയപ്പോഠം പത്മയെ കാണുകയും തൽക്ഷണംതന്നെ കാമാൎത്തനായിട്ട വിമാനം കീഴ്പോട്ടിറക്കി പത്മയെ ബലാല്ക്കാരേണ പിടിപ്പാൻ ചെല്ലുകയും ചെയ്തു. പക്ഷേ രാവണൻ അടുത്തെത്തിയപ്പോഴയ്ക്കും പത്മ മുമ്പെത്തെപ്പോലെതന്നെ അഗ്നിയിൽ അന്തൎദ്ധാനം ചെയ്തുകളഞ്ഞു. പിന്നെ രാവണൻ അവഠം മറഞ്ഞ സ്ഥലത്തെ നോക്കിക്കൊണ്ടു 'ഹേ പത്മേ! നിൻെറ വാസസ്ഥാനം എനിക്കു മനസ്സിലായി. നീ ഇപ്രകാരം ഇവിടെ മറഞ്ഞിരുന്നു ദേവാസുരന്മാർ തമ്മിൽ ശണ്ഠകൂട്ടിക്കുന്നതുകൊണ്ട് ഈ സ്ഥലം പ്രത്യേകം പരിശോധിക്കുവാൻ ഞാൻ ഉറച്ചിരിക്കുന്നു" എന്നു പറഞ്ഞു രാക്ഷസന്മാരെക്കൊണ്ട് ആ അഗ്നികുണ്ഡത്തിൽ വെള്ളം ഒഴിപ്പിച്ച് അഗ്നിയെ കെടുത്ത് അതിലെ വെണ്ണീറ രാവണൻ എടുത്തു പരിശോധിച്ചു. അതിൽനിന്ന് അത്ഭുതമായ അഞ്ചു രത്നങ്ങഠം കിട്ടി. രാവണൻ അവയെ എടുത്ത് ഒരു പെട്ടിയിലാക്കി വിമാനമേറി ലങ്കയിൽ ചെന്നു തൻെറ രാജധാനിയിലെ പൂജാഗ്ഗഹത്തിൽ നിക്ഷേപിച്ചു.

അന്നു രാത്രിയിൽ മണ്ഡോദരിയോടുകൂടി മാളികമുകളിൽ ഇരിക്കുന്ന സമയത്തു രാവണൻ 'പ്രിയേ! നീ കണ്ടാൽ ആശ്ചൎയ്യം തോന്നുന്ന അഞ്ചു ദിവ്യരത്നങ്ങഠം ഞാൻ സമ്പാദിച്ച് ഒരു പെട്ടിയിലാക്കി പൂജപ്പുരയിൽ വെച്ചിട്ടുണ്ട്. അതു നീ എടുത്തുകൊഠംക' എന്നു പറഞ്ഞു. ഉടൻതന്നെ മണ്ഡോദരി പൂജപ്പുരയിൽ ചെന്നു പെട്ടി എടുക്കുവാൻ നോക്കി. പക്ഷേ പെട്ടി ഇരിക്കുന്ന ദിക്കിൽനിന്ന് എളകിയില്ല. അതു കണ്ട് ആശ്ചൎയ്യത്തോടും ലജ്ജയോടുംകൂടി വിവരം ഭൎത്താവിനെ അറിയിച്ചു. പിന്നെ രാവണൻ ചെന്നു നോക്കിയപ്പോഴും പെട്ടി എളകുകയുണ്ടായില്ല. പെട്ടിയെ ഒരുവിധത്തിലും എടുത്തുകൊണ്ടുവരുവാൻ സാധിക്കയില്ലെന്നു കണ്ടപ്പോഠം അവിടെവെച്ചുതന്നെ രാവണൻ അതു തുറക്കുകയാണു ചെയ്തത്. പെട്ടി തുറന്നപ്പോഠം കണ്ട കാഴ്ച അത്ഭുതമായിരുന്നു. അതിന്നുള്ളിൽ താൻ

മുമ്പ് അഗ്നികുണ്ഡത്തിന്റെ സമീപത്തു കണ്ട കാന്തിമതിയായ കന്യക ഇരിക്കുന്നതായി കാണപ്പെട്ടു. രാവണനും മററു രാക്ഷസന്മാരും കന്യകയെ കണ്ട് ആശ്ചര്യപ്പെട്ടുപോയി. ആ സമയത്തു രാവണൻ 'ഹേ മണ്ഡോദരി! ഈ പെൺകിടാവു പത്മാക്ഷരാജാവിന്റെ മകളാണ്. പത്മ എന്നാണ പേര്. ഇവളുടെ വിവാഹത്തിന്നായി പണ്ടു പത്മാക്ഷൻ ഏൎപ്പെടുത്തിയ സ്വയംവരത്തിൽവെച്ചു ഭൂലോകത്തിലും സ്വൎഗ്ഗലോകത്തിലും ഉള്ള സകല പുരുഷന്മാരും ചേൎന്നു പത്മാക്ഷനോടു യുദ്ധം ചെയ്തു അദ്ദേഹത്തേയും അദ്ദേഹത്തിന്റെ നഗരത്തേയും നാമാവശേഷമാക്കിത്തീൎത്ത് ഇവളെ പിടിപ്പാനായി ചെന്നപ്പോൾ ഇവൾ തീയിൽ ചാടിക്കളഞ്ഞു. പിന്നീടു ഞാൻ ആ തീയ്യ് കെടുത്തു പരിശോധിച്ചപ്പോൾ അതിൽ അഞ്ചു രത്നങ്ങൾ ഇരിക്കുന്നതായി കണ്ട് അവ എടുത്ത് ഈ പെട്ടിയിലാക്കികൊണ്ടുപോന്നു' എന്നു മണ്ഡോദരിയോടു പറഞ്ഞു. അതുകേട്ടു മണ്ഡോദരി ഭയത്തോടും ദുഃഖത്തോടുംകൂടി 'നാഥാ! പിപ്പലാദന്റെ മകളായ കൃത്തികാദേവിയെപ്പോലെ തന്റെ വംശനാശം ചെയ്യു ഇവൾ ഈ ബാല്യകാലത്തുതന്നെ ഇത്രത്തോളമൊക്കെ വരുത്തിക്കൂട്ടിയ സ്ഥിതിക്കു കുറച്ചുകൂടി കഴിഞ്ഞാൽ ഇവൾ എന്തുതന്നെ ചെയ്കയില്ല. എന്തിനാണിവളെ ഇങ്ങോട്ടു കൊണ്ടുവന്നത്? ഞാൻ വിചാരിക്കുന്നു ഈ കന്യക നിമിത്തമായി അങ്ങയ്ക്കു മരണം ഭവിക്കുമെന്ന്. ആകയാൽ ഒട്ടും താമസിക്കാതെ ഈ പെട്ടിയോടുകൂടിതന്നെ ഇവളെ കാട്ടിൽ കൊണ്ടുപോയി ഇടണം' എന്നു പറഞ്ഞു. മണ്ഡോദരിയുടെ ഈ വാക്കു ന്യായമാണെന്നു വിചാരിച്ചു രാവണൻ അപ്പോൾതന്നെ ഭൃത്യന്മാരെ വിളിച്ച് ആ കന്യകയെ പെട്ടിയോടുകൂടി കാട്ടിൽ കൊണ്ടുപോയി വിടുവാൻ കല്പന കൊടുത്തു. ഭൃത്യന്മാർ പുറപ്പെട്ടപ്പോൾ മണ്ഡോദരി അവരോട് 'ഈ പെട്ടിയിലുള്ള കന്യക കാണുന്നവരുടെ വംശത്തെ നശിപ്പിക്കുന്ന സ്വഭാവമുള്ളവളാകയാൽ ഈ പെട്ടി പുറത്തെങ്ങും ഇടാതെ ഭൂമിയിൽ കുഴിച്ചിടണം. ഈ കന്യക കുറച്ചുകാലത്തിന്നുശേഷം ഏ

ഹസ്ഥാശ്രമധമ്മങ്ങളിൽ നിഷ്ഠയുള്ളവനും ജിതേന്ദ്രിയനും ചരാചരങ്ങളെ ആത്മബുദ്ധിയോടുകൂടി കാണുന്നവനുമായ ഒരു പുരുഷൻെറ ഗൃഹത്തിൽ വരുന്നതാണ്" എന്നു പറഞ്ഞു. അതുപ്രകാരം ഭൃത്യന്മാർ പെട്ടി എടുത്തു വിമാനത്തിൽ കയററുമ്പോഠം കന്യക പെട്ടിയിൽനിന്നു 'രാവണൻ മുതലായ എല്ലാ രാക്ഷസന്മാരേയും കൊല്ലുവാനായി വീണ്ടും ഞാൻ ലങ്കയിലേക്കു വരുന്നുണ്ട്. പിന്നെ നികുംഭപുത്രനായ പൌണ്ഡ്രകനേയും ശതമുഖരാവണനേയും കൊല്ലുവാനായും ഒരിക്കൽ ഇങ്ങോട്ടു വരും. മൂന്നാമത് ഒരിക്കൽ മഹാശൂരനായ മൂലകാസുരനേയും കുംഭകണ്ണപുത്രനായ ശൂരനേയും കൊല്ലുവാനായിട്ടും ഇങ്ങോട്ടു വരും' എന്നു വിളിച്ചുപറഞ്ഞു. ഇതുകേട്ടപ്പോഠം രാവണാദികളായ സകല രാക്ഷസന്മാരും വല്ലാതെ ഭയപ്പെട്ടുപോയി. രാവണൻ "എന്നാൽ ഇപ്പോഠംതന്നെ ഇവളുടെ കഥ കഴിച്ചേക്കാം" എന്നുപറഞ്ഞു വാഠം ഉറയിൽനിന്ന് ഊരി കന്യകയുടേ നേരിട്ടു ചെല്ലുന്നതു കണ്ടു മയൻെറ മകളായ മണ്ഡോദരി 'നാഥാ! അങ്ങയുടെ ദീഗ്ഘമായ ആയുസ്സിനെ ഇന്നുതന്നെ അവസാനിപ്പിക്കുന്നത് എന്തിനാണ്. ഇവഠം നിമിത്തമായിട്ട് അങ്ങേക്കു നാശം വരുമെന്ന് ഇവഠം പറഞ്ഞതു പൊളിയായി വരികയില്ലെങ്കിലും പിന്നീട് എന്നോ വരാനിരിക്കുന്ന ജീവഹാനിയെ ഇന്നുതന്നെ ക്ഷണിച്ചുവരുത്തുന്നതു സാഹസമാണ്. ആകയാൽ ഭൃത്യന്മാർ പെട്ടി കൊണ്ടുപോകതന്നെ ചെയ്യട്ടെ" എന്നു പറഞ്ഞു ഭത്താവിനെ തടുത്തു. രാവണൻ ശാന്തകോപനായി അങ്ങിനെ ചെയ്യാൻ സമ്മതിക്കയും ചെയ്തു. അനന്തരം ഭൃത്യന്മാർ പെട്ടിയെ വിമാനത്തിൽ കയററി പുറപ്പെട്ടു നാടും നഗരവും, കടലും കാടും കടന്നു മിഥിലാപട്ടണത്തിൻെറ അരികിലുള്ള ഒരു ഉഴുത ഭൂമിയിൽ കുഴി ഉണ്ടാക്കി അതിൽ പെട്ടി കുഴിച്ചിട്ടു ലങ്കയിലേക്കു മടങ്ങിപ്പോയി.

മേൽപ്രകാരം പെട്ടിയെ സ്ഥാപിച്ചതായ ഭൂമിയെ വിദേഹരാജാവ് ഒരു സൂയ്യഗ്രഹണപുണ്യകാലത്തിൽ വൈദികനായ ഒരു ബ്രാഹ്മണനു ദാനം ചെയ്തു. ബ്രാഹ്മണൻ ആ ഭൂമിയിൽ കന്നു പൂട്ടുവാനുള്ള മുഹൂത്തം നോക്കിയതിൽ അനേകവഷകാ

ലത്തെയ്ക്കു നല്ല മുഹൂൎത്തം കിട്ടിയില്ല. പിന്നെ ഏററവും ഫല പ്രദമായ ഒരു മുഹൂൎത്തം ഉണ്ടായി. ആ മുഹൂൎത്തത്തിൽ ബ്രാഹ്മണൻ ഒരു കൃഷിക്കാരനെക്കൊണ്ടു ഭൂമിയിൽ കന്നു പൂട്ടിച്ചു. ആ സമയത്തു കരിച്ചാലിൽനിന്നു പെട്ടി വെളിയിൽവന്നു. അതു കണ്ടപ്പോൾ കൃഷിക്കാരൻ പെട്ടിയെടുത്തു ഭൂമിഉടമസ്ഥന്റെ ഗൃഹത്തിൽ ചെന്നു "തിരുമേനി! ഇവിടുന്നു നിശ്ചയിച്ച മുഹൂൎത്തം വളരെ വിശേഷപ്പെട്ടതാണ്. ഇപ്പോഴയ്ക്കുതന്നെ കരിച്ചാലിൽനിന്ന് ഇതാ ഒരു നിക്ഷേപപ്പെട്ടി കിട്ടിയിരിക്കുന്നു. പെട്ടിയുടെ കനംകൊണ്ട് ഇതിൽ നിറയെ നിധിയാണെന്നാണു തോന്നുന്നത്" എന്നു പറഞ്ഞു പെട്ടി അദ്ദേഹത്തിനു കൊടുത്തു. ബ്രാഹ്മണൻ അതു വാങ്ങി വിദേഹരാജാവിന്റെ കൊട്ടാരത്തിൽ ചെന്നു മന്ത്രിമാരുടെ മുമ്പാകെ വെച്ച് ആ പെട്ടിയുടെ ആഗമം പറഞ്ഞു മനസ്സിലാക്കി അത് എടുത്തുകൊൾവാൻ രാജാവിനോടു പറഞ്ഞു.

രാജാവു — ബ്രാഹ്മണശ്രേഷ്ഠാ! ആ ഭൂമി ഞാൻ അങ്ങയ്ക്കു ദാനം തന്നതാണ്. അതിലുള്ള സകല വസ്തുക്കൾക്കും ഉടമസ്ഥൻ അങ്ങു തന്നെയാണ്. ആകയാൽ പെട്ടി അങ്ങുതന്നെ കൊണ്ടുപൊയ്ക്കൊള്ളു.

ബ്രാഹ്മണൻ — രാജാവേ! അങ്ങ് എനിക്കു ഭൂമിയെ ദാനം ചെയ്തത് ഇങ്ങിനെ ഒരു പെട്ടി അതിന്നുള്ളിൽ ഉള്ള സംഗതി മനസ്സിലാക്കാതെകണ്ടാണ്. അതുകൊണ്ടു നിധി നിറഞ്ഞ ഈ പെട്ടി അങ്ങയുടെ സ്വത്താണ്. എനിക്ക് അവകാശമില്ലാത്ത ഒരു സ്വത്തു ഞാൻ എടുക്കുന്നതായാൽ എനിക്കു പാപമുണ്ടാവും. അതു കൂടാതെ കഴിപ്പാനായി ഇത് ഇവിടെത്തന്നെ സ്വീകരിക്കണം.

രാജാവു പെട്ടി താൻ സ്വീകരിക്കയില്ലെന്നുതന്നെ പറഞ്ഞു. ബ്രാഹ്മണൻ വീണ്ടും സ്വീകരിപ്പാനായി നിർബ്ബന്ധിക്കുകയും ചെയ്തു. രാജാവും ബ്രാഹ്മണനും തമ്മിൽ ഇങ്ങിനെ വാദിക്കുന്നതിന്നിടയിൽ സഭ്യന്മാർ 'ആട്ടെ, ഈ പെട്ടി ഒന്നു തുറന്നുനോക്കുക. ഇതിന്റെ ഉള്ളിലുള്ള വസ്തു എന്താണെന്നറി

ഞ്ഞതിൻെറശേഷം ഈ വാദം തീരുമാനിക്കാം' എന്ന് അഭി പ്രായപ്പെട്ടു. അതു രണ്ടുപേരും സമ്മതിക്കുകയാൽ രാജാവു സ ഭയിൽവെച്ചുതന്നെ ഭൃത്യന്മാരെക്കൊണ്ടു പെട്ടി തുറപ്പിച്ചു. പെ ട്ടിയുടെ ഉള്ളിൽ അതിപ്രകാശത്തോടും അസാധാരണ സൌന്ദ ര്യത്തോടുംകൂടിയ ഒരു കന്യക ഇരിക്കുന്നതായി കണ്ടു രാജാവി ന്ന് ആശ്ചര്യവും സന്തോഷവും ഉണ്ടായി. ബ്രാഹ്മണൻ പെ ട്ടി രാജാവിന്നു കൊടുത്തു ഗൃഹത്തിലേയ്ക്കു പോകയും രാജാവു ക ന്യകയെ പെട്ടിയിൽനിന്ന് എടുത്ത് അന്തഃപ്പുരത്തിലേയ്ക്കു കൊ ണ്ടുപോകയും ചെയ്തു. ആ സമയത്തു ദേവകളുടെ വാദ്യഘോ ഷവും, പുഷ്പവൃഷ്ടിയും, ഗന്ധൎവ്വന്മാരുടെ ഗാനവും അപ്സരസ്ത്രീക ളുടെ നൃത്തവും ഉണ്ടായി. വിദേഹരാജാവ് ആ കന്യകയെ ത ൻെറ പുത്രിയായി സങ്കല്പിച്ചു പുരോഹിതനേയും വൈദികന്മാ രേയും വരുത്തി ജാതകൎമ്മം മുതലായ ക്രിയകളെ വിധിപ്രകാ രം കഴിക്കുകയും ബ്രാഹ്മണൎക്ക് അനേകം ദാനങ്ങൾ ചെയ്കയും ചെയ്തു. ഈ കന്യക ഒന്നാമതു മാതളംനാരങ്ങയിൽനിന്നു പുറ പ്പെട്ടവളാകയാൽ മാതുളുങ്ഗി എന്നും, കുറെക്കാലം അഗ്നികു ണ്ഡത്തിൽ പാൎത്തുകൊണ്ട് അഗ്നിഗൎഭ എന്നും, രത്നരൂപമാ യിരുന്നതിനാൽ രത്നവതി എന്നും, ഭൂമിയിൽനിന്ന് ആവിൎഭ വിച്ചതുകൊണ്ടു ഭൂപുത്രി എന്നും, വിദേഹരാജാവായ ജനക നാൽ വളൎത്തപ്പെട്ടതുകൊണ്ടു ജാനകി എന്നും, പത്മാക്ഷരാജാ വിന്നു തപസ്സിൻെറ ഫലമായി സിദ്ധിച്ച ആളാകയാൽ പ ത്മ എന്നും ഒടുവിൽ സീത(=കരിച്ചാൽ)യിൽനിന്നു പ്രത്യക്ഷ പ്പെട്ടുകയാൽ സീത എന്നും പല പേരുകളാൽ പ്രസിദ്ധയായി തീൎന്നു.

ഹേ! ദശരഥമഹാരാജാവേ പത്മയുടെ സ്വയംവരത്തി ന്നു പണ്ടു പത്മാക്ഷൻ ചെയ്തിരുന്ന നിശ്ചയം അവളെ ആകാ ശത്തിലെ നിലനിറം ഉടലിൽ പൂശുന്ന പുരുഷന്നു ഭാൎയ്യയായി കൊടുക്കാമെന്നാണല്ലൊ അങ്ങയുടെ പുത്രനായ ശ്രീരാമൻ ആകാശത്തിൻെറ നീലിമ കോലുന്ന നിറമുടയവനാകയാൽ ഇവളുടെ പാണിഗ്രഹണത്തിന്നു സൎവ്വദാ അൎഹനാകുന്നു. അ

ങ്ങുന്നു ചോദിച്ചതിന്ന് ഇപ്പോൾ മറുപടി പറഞ്ഞുകഴിഞ്ഞു. എനി ജനകമഹാരാജാവിന്റെ ഇഷ്ടപ്രകാരം രാമൻ മുതലായ നാലു കുമാരന്മാരെക്കൊണ്ടും സീത മുതലായ കന്യകമാരുടേ പാണിഗ്രഹണം കഴിപ്പിക്കുക."

മേൽപ്രകാരം ശതാനന്ദമഹർഷി പറഞ്ഞവസാനിച്ചപ്പോൾ ദശരഥമഹാരാജാവു സ്വയംവരാർത്ഥം ക്ഷണിക്കപ്പെട്ടവരും തന്റെ ശ്വശ്രുരന്മാരുമായ കോസലരാജാവു, മഗധരാജാവു, കേകയരാജാവ് എന്നിവരോടും ഭാര്യാസഹോദരനായ യുധാജിത്തിനോടും മററു ബന്ധുക്കളോടുംകൂടി സൈന്യസമേതനായി മിഥിലാരാജധാനിയിൽ പ്രവേശിച്ചു. അപ്പോൾ ജനകൻ ആദരപൂർവ്വം സ്വീകരിച്ചു വസ്ത്രാഭരണാദികൾ സമ്മാനിച്ച് ആചാരോപചാരങ്ങളോടുകൂടി പൂജിച്ചു. അനന്തരം രാമൻ മുതലായ വരന്മാർ ആനപ്പുറത്തു കയറി പട്ടണപ്രദക്ഷിണം ചെയ്തു വരേണമെന്ന് എല്ലാവരും കൂടി നിശ്ചയിച്ചു. ആ സമയത്തു രാമൻ ദശരഥനെ അഭിവാദ്യം ചെയ്തു നമസ്കരിക്കുകയും ദശരഥൻ ആശീർവ്വാദം ചെയ്തു് ആലിംഗനം ചെയ്കയും ചെയ്തു. പിന്നെ വസിഷ്ഠവിശ്വാമിത്രന്മാരേയും കൌസല്യ മുതലായ മാതാക്കന്മാരേയും രാമൻ അഭിവാദ്യം ചെയ്തു. രാമനെ തുടൎന്നുകൊണ്ടു ലക്ഷ്മണാദികളായ കുമാരന്മാരും അച്ഛനേയും മററും അഭിവാദ്യം ചെയ്തു. പിന്നെ എല്ലാവരും ആനപ്പുറത്തു കയറി ശ്രീരാമൻ മുമ്പിലും ലക്ഷ്മണാദികൾ പിമ്പിലുമായി പാട്ടു, വാദ്യം മുതലായ ആഘോഷങ്ങളോടുകൂടി ഘോഷയാത്ര പുറപ്പെടുകയും യാത്ര പോകുന്ന സമയത്തു പൌരന്മാർ മാളികപ്പുറത്തു നിന്നു പുഷ്പങ്ങളെ വർഷിക്കയും ചെയ്തു. ഈ ഘോഷയാത്ര പട്ടണം മുഴുവൻ പ്രദക്ഷിണം ചെയ്തു മകരതോരണാലംകൃതവും വസ്ത്രാഭരണാദികളായ സകല പദാർത്ഥങ്ങളും സംഭരിച്ചിട്ടുള്ളതും ആയ ദശരഥമഹാരാജാവിന്റെ താമസസ്ഥലത്ത് എത്തിച്ചേൎന്നു.

പിന്നെ ജനകമഹാരാജാവു മൌഹൂർത്തികന്മാരെ വരുത്തി വിവാഹത്തിന്നുള്ള ശുഭമുഹൂർത്തം നിശ്ചയിക്കുകയും തോരണം

കൊടിക്കൂറമുതലായവയാൽ നഗരം അലങ്കരിക്കുവാൻ മന്ത്രിമാൎക്കു കല്പന കൊടുക്കുകയും ചെയ്തു. മുഹൂൎത്തദിവസം അടുത്തപ്പോഴേക്കു അത്യുന്നതങ്ങളായ ധ്വജങ്ങളുടെ അഗ്രത്തിൽ ആടിക്കളിക്കുന്ന കൊടിക്കൂറകളെക്കൊണ്ടും, രത്നാലംകൃതങ്ങളായ തോരണങ്ങളെക്കൊണ്ടും ചന്ദനച്ചാറു തളിച്ചു സുരഭിളമാക്കിത്തീൎത്ത രാജമാൎഗ്ഗങ്ങളെക്കൊണ്ടും മിഥിലാപട്ടണം അത്ഭുതപൂൎവ്വമായ കാന്തിയോടുകൂടി പ്രകാശിച്ചു. മുഹൂൎത്തദിവസം പ്രഭാതത്തിൽ രാമലക്ഷ്മണഭരതശത്രുഘ്നന്മാരേയും കൌസല്യാദികളായ മാതാക്കന്മാർ ഉചിതമായ ആസനങ്ങളിൽ ഇരുത്തി നീരാജനം മുതലായവയെ ചെയ്തു നാലുപുറവും സുഗന്ധതൈലം നിറച്ചു ദീപങ്ങൾ കൊളുത്തിവെച്ചു, പൂൎണ്ണകുംഭംമുതലായവയേയുംവെച്ചു മംഗളവാദ്യഘോഷത്തോടുകൂടി വരന്മാരുടെ മംഗളസ്നാനം കഴിപ്പിക്കുകയും, തദനന്തരം തങ്ങളും സ്നാനംചെയ്കയും ചെയ്തു. പിന്നെ മാതാക്കന്മാർ കുമാരന്മാരെ വിശേഷപ്പെട്ട വസ്ത്രാഭരണങ്ങൾ അണിയിച്ചു തങ്ങളും വേണ്ടതക്ക അലങ്കാരങ്ങൾ ചെയ്തു വിവാഹഘോഷത്തിനു തെയ്യാറായി. ദശരഥനും അഭ്യംഗാലങ്കാരങ്ങൾ ചെയ്തു ഒരുങ്ങി. അപ്പോൾ വസിഷ്ഠമഹൎഷി ദശരഥനേയും രാമാദികളായ കുമാരന്മാരേയും അവരുടെ അമ്മമാരേയും വരുത്തി വിവാഹമണ്ഡപത്തിന്റെ മദ്ധ്യത്തിൽ ദിവ്യമായ ആസനത്തിൽ ആദ്യം ദശരഥമഹാരാജാവിനെ ഇരുത്തി. അദ്ദേഹത്തിന്റെ എടത്തുഭാഗത്തു കുമാരന്മാർ നാലുപേരേയും അവരുടെ പിൻഭാഗത്തു കൌസല്യാദികളായ സ്ത്രീകളേയും യഥാക്രമം ഇരുത്തി. പിന്നെ വസിഷ്ഠൻ ദശരഥനെക്കൊണ്ടു വിഘ്നേശ്വരപൂജ ചെയ്യിച്ചു, പുണ്യാഹം മുതലായ എല്ലാ ചടങ്ങുകളും വിധിപ്രകാരം നടത്തി, ക്രമാചാരം, കുലാചാരം, വൃദ്ധാചാരം, ദേശാചാരം പ്രമാണാചാരംമുതലായ എല്ലാ ആചാരങ്ങളും ചെയ്യിച്ചു പൂൎണ്ണകുംഭം എടുപ്പിച്ചു മണ്ഡപപൂജയും കഴിപ്പിച്ചു. കൌസല്യാദികൾ അപ്പോൾ പച്ചനിറത്തിലും മഞ്ഞനിറത്തിലുമുള്ള പുടവകൾ ധരിച്ചുകൊണ്ടു പ്രകാശിച്ചു. ഇങ്ങിനെ വരപക്ഷത്തിലെ ക്രിയകൾ നടന്നുകൊണ്ടിരിക്കുമ്പോൾ

വധൂപിതാവായ ജനകൻ വാദ്യങ്ങളോടും മററംകൂടി അവിടെ വന്ന രാമാദികൾക്ക വിവാഹാവസരത്തിൽ ധരിപ്പാനുള്ള വസ്ത്രാഭരണങ്ങൾ കൊടുക്കുകയും വരന്മാർ അവയെ ധരിക്കുകയും ചെയ്തു.

പിന്നെ ജനകൻ രാമാദികളായ കുമാരന്മാർ നാലുപേരേയും ആനപ്പുറത്തു കയററി സുന്ദരിമാരായ സ്ത്രീകളെക്കൊണ്ടു വെൺകൊററക്കുട പിടിപ്പിച്ചു വെഞ്ചാമരങ്ങളും വീശിച്ചു അക്ഷതവഷത്തോടും വാദ്യഘോഷത്തോടും മററം കൂടി കൂട്ടിക്കൊണ്ടുപോയി. ഈ ഘോഷയാത്രയെകണ്ടു എല്ലാവരും ആനന്ദിച്ചു. ഭൃത്യന്മാർ ഭംഗിയേറിയ തൊട്ടികളിൽ വിചിത്രമായി വെയ്ക്കപ്പെട്ട പൂച്ചെടികളേയും പൂൎണ്ണകുംഭങ്ങളേയും എടുത്തുംകൊണ്ടു വരിവരിയായി നടന്നു. പൂവ്വ്, ബാണം, ആകാശബാണം, നക്ഷത്രബാണം, ചന്ദ്രബാണം, കമ്പം, പകിരി, മുതലായ കരിമരുന്നുപ്രയോഗങ്ങളും ഉണ്ടായി. ചെറിയ ദീപങ്ങളെക്കൊണ്ടും, പന്തങ്ങളെക്കൊണ്ടും, ചന്ദ്രാകൃതിയിലുള്ള ദീപങ്ങളെക്കൊണ്ടും വീഥികളെല്ലാം മനോഹരമാംവണ്ണം വിളങ്ങി. കൃത്രിമമായി ഉണ്ടാക്കപ്പെട്ട സിംഹം, പുലിമുതലായ മൃഗങ്ങളും, മയിൽ, ചക്രവാകം മുതലായ പക്ഷികളും ഈ ഘോഷയാത്രയിൽ സവിശേഷം ശോഭിച്ചു. ഇങ്ങിനെ കൊണ്ടുവരപ്പെട്ട കുമാരന്മാരെ ജനകൻ വിചിത്രാകൃതിയിൽ അലങ്കരിക്കപ്പെട്ട ഒരു മണ്ഡപത്തിൽ ഇരുത്തി.

അവിടെ ദശരഥഗുരുവായ വസിഷ്ഠൻ, ജനകഗുരുവായ ശതാനന്ദൻ എന്നിവരും, വാൽമീകി, വിശ്വാമിത്രൻ മുതലായ മഹൎഷിമാരും സന്നിഹിതരായിരുന്നു. അവരെ മധുവൎക്കാദികളെക്കൊണ്ടു പൂജിച്ചു വിധിപ്രകാരം ബഹുമാനിച്ചു. വസിഷ്ഠന്റെ വചനപ്രകാരം ദശരഥൻ സ്ത്രീജനങ്ങളെ സല്ക്കരിച്ചു. പിന്നെ സീതമുതലായ നാലു കന്യകമാരേയും വിലപിടിച്ച പട്ടുകളെക്കൊണ്ടു മൂടി വിവാഹവേദിയിൽ യഥാക്രമം ഇരുത്തി. അവിടെ ഉണ്ടായിരുന്ന എല്ലാ സ്ത്രീപുരുഷന്മാരും പുഷ്പങ്ങളും അക്ഷതങ്ങളും കൊടുത്ത് ദമ്പതിമാരെ ആശിൎവ്വദിച്ച് അവൎക്കു

മംഗളം വരുവാനായി ഗണപതി സുബ്രഹ്മണ്യൻ മുതലായവരോടു പ്രാൎത്ഥിച്ചു. അനന്തരം വസിഷ്ഠനും ശതാനന്ദനുംകൂടി കന്യകമാരുടെ മൂടുപടം എടുത്തു മാററി ശുഭമുഹൂൎത്തത്തിൽ ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിവരെക്കൊണ്ടു സീത, ഊൎമ്മിള, മാണ്ഡവി, ശ്രുതകീൎത്തി എന്നിവരെയഥാക്രമം പാണിഗ്രഹണം ചെയ്യിക്കയും ലാജഹോമം മുതലായ ഹോമങ്ങൾ വഴിപോലെ കഴിപ്പിക്കയും ചെയ്തു. ഈ സമയത്തു ദാസികളുടെ ആട്ടവും വന്ദികളുടെ സ്തുതികളും നടന്മാരുടെ മംഗളഗാനവും ആഘോഷത്തോടുകൂടി നടക്കുന്നുണ്ടായിരുന്നു. വധൂവരന്മാരുടെ പിതാക്കന്മാർ ശ്രോത്രിയ ബ്രാഹ്മണൎക്കു പല ദാനങ്ങളും ചെയ്കയുമുണ്ടായി. പിന്നെ രാമാദികളായ നാലുപേരേയും അവരുടെ ഭാൎയ്യമാരേയും പട്ടുകംബളങ്ങളിൽ ഇരുത്തി ചന്ദനം, താംബൂലം മുതലായ മംഗളപദാൎത്ഥങ്ങൾ കൊടുത്ത് അവരെ കൌസല്യാദികളായ അമ്മമാരോടുകൂടെ ഭോജനശാലയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

ഹേ പാൎവ്വതി! ഭോജനശാലയിൽ ശ്രീരാമൻ മുതലായവർ നവോഢമാരായ ഭാൎയ്യമാരോടുകൂടി നിന്നേയും എന്നേയും സങ്കല്പിച്ച് പൂജകൾ ചെയ്തു സുമംഗലിമാരായ സ്ത്രീകളാൽ പരിവൃതന്മാരായി സസന്തോഷം ഭോജനം കഴിച്ചു. ദശരഥനും മഹൎഷിമാരോടും രാജശ്രേഷ്ഠന്മാരോടും പൌരപ്രമാണികളോടുംകൂടി ജനകഗൃഹത്തിൽ ചേൎന്നു കൃതാൎത്ഥതയോടെ ഭോജനംചെയ്തു. പിന്നെ കൌസല്യമുതലായ ദേവിമാർ ഇഷ്ടമിത്രങ്ങളോടുകൂടി ജനകന്റെ ഗൃഹത്തിലേയ്ക്കു ചെല്ലുകയും അവിടെ സ്വമേധയാൽ യഥോചിതം സ്വീകരിക്കപ്പെട്ടു ഭോജനം കഴിക്കുകയും ചെയ്തു. ഇപ്രകാരം ജനകമഹാരാജാവു ദശരഥമഹാരാജാവിനേയും പരിവാരങ്ങളേയും വലിയ പദവിയിൽ സല്ക്കരിച്ചതിന്നുശേഷം രാമാദികൾ സഭാൎയ്യന്മാരായി ആചാൎയ്യോപദേശപ്രകാരം അമ്മമാരുടെ കാക്കൽ അഭിവാദ്യം ചെയ്കയും അമ്മമാർ പാദപതിതന്മാരായ മക്കളേയും അവരുടെ ഭാൎയ്യമാരേയും ആസനങ്ങളിൽ ഇരുത്തി കന്യകമാരുടെ കാലുകളിൽ കുങ്കുമം അലങ്കരി

ച്ച് അവരെ അവരുടെ ഭർത്താക്കന്മാരുടെ മടിയിൽ വെച്ച് ആ ഇരുപ്പുകണ്ട് ആനന്ദസാഗരത്തിൽ മുങ്ങുകയും ചെയ്തു. ദിവ്യമായ പീതാംബരംധരിച്ചു കരുണാകടാക്ഷത്തോടെ ലോകം മുഴുവൻ നിറഞ്ഞുവാഴുന്ന ത്രൈലോകചൂഡാമണിയായ ശ്രീരാമൻ ജഗദീശപത്നിയായ ലക്ഷ്മീദേവിയുടെ അംശമായി അവതരിച്ച സീതാദേവിയെ ഇപ്രകാരം പാണിഗ്രഹം ചെയ്ത് അതുല്യമായ മഹിമയോടുകൂടി ശോഭിച്ചു.

വിവാഹം കഴിഞ്ഞതിന്റെ നാലാംദിവസം രാത്രിയിൽ താലങ്ങളിൽ തിരി കൊളുത്തിവെച്ചു, ദമ്പതിമാൎക്ക് ആരാത്രികം ചെയ്യപ്പെട്ടു. ജനകമഹാരാജാവു ദമ്പതിമാൎക്കു അസംഖ്യം ദാസന്മാരേയും ദാസിമാരേയും, രഥഗജതുരഗപാദാദികളേയും സ്ത്രീധനമായി നല്കി. അവയെ എല്ലാം സ്വീകരിച്ചു ദശരഥമഹാരാജാവു ശ്രീരാമാദികളോടുകൂടെ അനേകം വാദ്യഘോഷങ്ങളെ മുഴക്കിച്ചുകൊണ്ട് ആനപ്പുറത്തു കയറി തന്റെ വാസസ്ഥാനത്തു ചെന്നുചേൎന്നു. ജനകൻ താല്പൎയ്യത്തോടുകൂടി അപേക്ഷിച്ചതുകൊണ്ട് ദശരഥമഹാരാജാവും പരിവാരങ്ങളും ഒരു മാസം കാലം മിഥിലാപട്ടണത്തിൽതന്നെ താമസിച്ചു. പിന്നെ നല്ല ദിവസം നോക്കി നവദമ്പതിമാരോടും പത്നിമാരോടും പരിവാരങ്ങളോടുംകൂടി ആഘോഷമായി അയോദ്ധ്യയിലേയ്ക്കു പുറപ്പെട്ടു. സീത മുതലായ കന്യകമാൎക്കു തങ്ങളുടെ വാത്സല്യമേറിയ മാതാപിതാക്കന്മാരെ വിട്ടുപോകുന്നതിൽ വലിയ വ്യസനം ഉണ്ടായി എങ്കിലും സുമേധയുടെ ലോകതത്വോപദേശങ്ങളെക്കൊണ്ട് ഒരു വിധം സമാധാനം ഉണ്ടായി. മിഥിലാപട്ടണത്തിന്റെ അതൃത്തിവരേയും ജനകൻ അനുയാത്ര ചെയ്കയും അവിടെവെച്ചു ദശരഥന്റെ അനുവാദത്തോടുകൂടി താൻ അതേവരേയും വളരെ ലാളിച്ചു വളൎത്തിയ കന്യകമാരെ മേലിൽ തന്നെപ്പോലെത്തന്നെ നോക്കേണ്ടതായ ഭാരം ദശരഥനിൽ ഏല്പിച്ചു മടങ്ങിപ്പോരികയും ചെയ്തു.

ദശരഥൻ തന്റെ മക്കളോടും ഭാൎയ്യമാരോടും സ്നുഷമാരോടും സൈന്യങ്ങളോടുംകൂടി മിഥിലയിൽനിന്നു നാലു കാതം വ

ഴി ദൂരം ചെന്നപ്പോൾ അനേകം ദുന്നിമിത്തങ്ങൾ കാണപ്പെട്ടു. ഈ മംഗളാവസരത്തിൽ അമംഗളലക്ഷണങ്ങൾ കണ്ടതുകൊണ്ടു തീരെ മനസ്സമാധാനമില്ലാതെയായിട്ടു ദശരഥൻ വസിഷ്ഠനോടു "സ്വാമിൻ! വലിയ ചില ദുല്ലക്ഷണങ്ങൾ കാണുന്നുവല്ലോ. ഇതിന്നു കാരണമെന്താണ്" എന്നു ചോദിച്ചതിന്നു വസിഷ്ഠമഹഷി "ഈ ദുന്നിമിത്തങ്ങൾ വരുവാൻ പോകുന്ന അനത്ഥത്തിന്റെ സൂചകങ്ങളാണ്. എന്നാൽ ഇക്കൂട്ടത്തിൽ ചില നല്ല ലക്ഷണങ്ങളും കാണായ്കയില്ല. മാൻ മുതലായ മൃഗങ്ങൾ അങ്ങേക്കു പ്രദക്ഷിണമായി പോകുന്നതു കണ്ടില്ലേ? ഈ ശുഭശകുനങ്ങൾ അങ്ങേക്കു വരുവാൻ പോകുന്ന അനത്ഥത്തിൽനിന്നു രക്ഷപ്പെടുവാൻ സാധിക്കുമെന്നു സൂചിപ്പിക്കുന്നുണ്ട്" എന്നു മറുപടി പറഞ്ഞു സമാധാനിപ്പിച്ചു. അപ്പോഴേക്കു പ്രചണ്ഡമായ ഒരു കൊടുങ്കാററ് ആകാശവും ഭൂമിയും ഒന്നായി തോന്നുമാറു ഭൂമിയിലെ മണ്ണെടുത്തു വഷിച്ചുംകൊണ്ടു വീശിത്തുടങ്ങി. അതുകൊണ്ടു ദശരഥാദികൾ കണ്ണിലും, കാതിലും, മൂക്കിലും മററും മണ്ണു കയറി വല്ലാതെ ക്ലേശിച്ചു. എന്തൊരാപത്താണിത് ഈശ്വരാ എന്നു വിചാരിച്ചു ദശരഥൻ പരിഭ്രമിച്ചു. തൽക്ഷണം പെട്ടെന്നു ദശരഥന്റെ മുമ്പിൽ കാത്തവീയ്യാജ്ജുനനെ കൊന്നവനും മദഗവ്വിതന്മാരായ ക്ഷത്രിയരാജാക്കന്മാരെ എല്ലാം 21 പ്രാവശ്യം സംഹരിച്ചവനും, മഹാപരാക്രമശാലിയുമായ സാക്ഷാൽ പരശുരാമൻ പരമതേജസ്സോടുകൂടി നീലമേഘവണ്ണനായി ജടാമണ്ഡലധാരിയായി ഒരു കയ്യിൽ വെൺമഴുവും മറുകയ്യിൽ വില്ലുമായി കാണുന്നവർ ഭയപ്പെടുമാറു കണ്ണുകളിൽനിന്നു തീപ്പൊരികൾ പറപ്പിച്ചുകൊണ്ടും മുഖം കോപാഗ്നിയിൽ ജ്വലിച്ചുകൊണ്ടും യമതുല്യമായ ആകൃതിയോടുകൂടി പ്രത്യക്ഷപ്പെട്ടു. ദശരഥൻ അദ്ദേഹത്തെ കണ്ടപ്പോഴെക്കു ഭയംകൊണ്ടു നടുങ്ങിപ്പോകയാൽ അദ്ദേഹത്തിന്നു ചെയ്യേണ്ടതായ അഘ്യപാദ്യാദികളായ ഉപചാരങ്ങളെ മറന്നു രക്ഷിക്കണേ! രക്ഷിക്കണേ! എന്നു പറഞ്ഞു സാഷ്ടാംഗമായി വീണു നമസ്കരിച്ചു. പിന്നെ എഴുന്നേററ് "എന്റെ മക്കൾക്കു

പ്രാണഭിക്ഷയെ തരേണമേ" എന്നിങ്ങിനെ അഞ്ജലിബന്ധത്തോടുകൂടി അപേക്ഷിച്ചു. എന്നാൽ ശ്രീരാമൻ ദശരഥനുണ്ടായതുപോലെയുള്ള യാതൊരു ഭയവും പരിഭ്രമവും കൂടാതെ അചഞ്ചലനായിക്കൊണ്ടുതന്നെ സ്ഥിതിചെയ്തു. അതു കണ്ടിട്ടു പരശുരാമൻ പഞ്ചപുച്ഛവുമടക്കി നില്ക്കുന്ന ദശരഥനെ തിരെ ഗണിക്കാതെ ശ്രീരാമൻെറ നേരെ ചെന്നു "എടാ ക്ഷത്രിയാധമാ ! രാമൻ എന്നുള്ള എൻെറ പേർ നീയ്യും ധരിച്ചു ഗർവ്വിഷ്ഠനായി ഇരിക്കുകയാണോ ? നീ ഒരു ക്ഷത്രിയനാണെങ്കിൽ എന്നോടു യുദ്ധത്തിന്നു വാ. കാണട്ടെ വീര്യം" എന്നു ഉഗ്രസ്വരത്തിൽ ഗർജ്ജിച്ചതിന്നുശേഷം "ആ തുരുമ്പുപിടിച്ച പഴയ വില്ലു മുറിച്ചു എന്നുവെച്ചു നീ അത്രത്തോളം ഗർവ്വിക്കേണ്ട. ഇതാ എൻെറ കയ്യിലുള്ള ഈ വൈഷ്ണവചാപം ഒന്നു കുലച്ചു നിൻെറ ഭുജബലത്തെ ആദ്യം കാണിക്ക്. പിന്നെയാവാം യുദ്ധം. ഈ വില്ലു നീ കുലയ്ക്കാത്തപക്ഷം ഇതേക്ഷണത്തിൽ ക്ഷത്രിയാന്തകനെന്നു പ്രസിദ്ധനായ ഞാൻ നിങ്ങളെ എല്ലാം കൂട്ടത്തോടെ കൊന്നുകളയും" എന്നിങ്ങിനെ ക്രോധതാമ്രാക്ഷനായി പറഞ്ഞു. അപ്പോൾ ശ്രീരാമൻ "ഹേ ബ്രാഹ്മണാ ! ഇങ്ങിനെ പറയരുത്. ദേവന്മാർ, പശുക്കൾ, സ്ത്രീകൾ, ബ്രാഹ്മണർ എന്നിവരുടെ നേരെ ആയുധം പ്രയോഗിക്കുന്നതു രഘുവംശജാതന്മാരായ ഞങ്ങൾക്കു വിരുദ്ധമാണ്. ഞങ്ങളാൽ പൂജിക്കപ്പെടേണ്ടവനായ ബ്രാഹ്മണശ്രേഷ്ഠാ ! അങ്ങയുടെ പാദാരവിന്ദങ്ങളിൽ ഞങ്ങളെല്ലാവരുടേയും പ്രാണനെ സമർപ്പിച്ചേയ്ക്കാം. അങ്ങുന്ന് ഇഷ്ടംപോലെ ചെയ്തുകൊള്ളുക. ഞങ്ങൾ അങ്ങയുടെ നേരെ വില്ലെടുക്കുകയില്ല" എന്നു വിനയപൂർവ്വം മറുപടി പറഞ്ഞു. ഈ വാക്കു കേട്ടപ്പോൾ പരശുരാമന്ന് അസഹ്യമായ കോപം പൂർവ്വാധികം ജനിച്ചു. അതിൻെറ ശക്തികൊണ്ടു സപ്തസാഗരങ്ങളും കലങ്ങുകയും ദിക്കുകളെല്ലാം അന്ധകാരമയമായി തീരുകയും ചെയ്തു. അതുകണ്ടു ദശരഥപുത്രനായ രാമനും കോപിഷ്ഠനായിത്തീർന്ന പരശുരാമനെ രൂക്ഷമായി നോക്കിക്കൊണ്ട് അദ്ദേഹത്തിൻെറ കയ്യിലുള്ള വൈഷ്ണവചാപം വാങ്ങി നിഷ്പ്ര

യാസം കുലച്ചു തന്റെ ആവനാഴിയിൽനിന്ന് ഒരസ്ത്രം എടുത്തു തൊടുത്തു. "ഹേ ബ്രാഹ്മണോത്തമാ! രാമൻ തൊടുത്ത അസ്ത്രം വ്യത്ഥമായി പോകാത്തതുകൊണ്ട്, ഒന്നുകിൽ അങ്ങയുടെ പാദാരവിന്ദം, അല്ലെങ്കിൽ പരലോകം രണ്ടാലൊന്ന് ഇതിന്നു ലക്ഷ്യമാക്കി കാണിച്ചുതരണം" എന്നു പറഞ്ഞു.

ശ്രീരാമന്റെ ഈ വാക്കു കേട്ടപ്പോൾ പരശുരാമന്റെ മുഖം വല്ലാതെ വാടിപ്പോയി. അദ്ദേഹത്തിന്നു തന്റെ പൂർവ്വവൃത്താന്തങ്ങൾ ഓർമ്മയിൽ വന്നു. എന്നിട്ടു ശാന്തനായി ഇങ്ങിനെ പറഞ്ഞു. "ഹേ വീരാധിവീരനായ രാമാ! അങ്ങയെ ഈശ്വരൻ എന്നും, അനാദിപുരുഷനായ വിഷ്ണുവെന്നും, സൃഷ്ടിസ്ഥിതിസംഹാരകാരണനെന്നും ഞാൻ അറിയുന്നു. കാർത്തവീര്യാർജ്ജുനനെ കൊല്ലുവാനായും ഭൂഭാരം പോക്കുവാനായും അവതരിച്ച ശ്രീമൻ നാരായണന്റെ അംശമായ ഞാൻ ആ നാരായണമൂർത്തിയെ പ്രത്യക്ഷമായി കാണുവാനായിട്ട് എന്റെ ബാല്യത്തിൽ ഗൌതമനദിയിലെ നാഗതീർത്ഥത്തിൽ ഘോരമായ തപസ്സു ചെയ്യുക ഉണ്ടായി. തപസ്സുകൊണ്ടു സന്തോഷിച്ച് ആദിനാരായണൻ ശംഖചക്രഗദാപത്മധാരിയായി പ്രത്യക്ഷപ്പെട്ടു. "ഹേ ബ്രാഹ്മണാ നിന്റെ തപസ്സു സഫലമായി. നീ എന്റെ അംശമാകയാൽ നിന്റെ അച്ഛനെക്കൊന്ന കാർത്തവീര്യാർജ്ജുനനെ സംഹരിച്ചു 21 പ്രാവശ്യം ക്ഷത്രിയവധംചെയ്തു ഭുജപരാക്രമംകൊണ്ടു ഭൂമി മുഴുവൻ അടക്കി പിന്നെ ആ ഭൂമി കശ്യപന്നു ദാനംചെയ്തു ശാന്തിയെ പ്രാപിക്കും. വരുന്ന ത്രേതായുഗത്തിൽ ഞാൻ ദശരഥാത്മജനായ രാമനായിട്ട് അവതരിക്കും. അപ്പോൾ നീ എന്നെ ഭക്തിയോടുകൂടി കാണും. നിന്നിൽ നിക്ഷിപ്തമായിരിക്കുന്ന എന്റെശക്തിയെ ഞാൻ തിരിയെ എടുത്തുകൊള്ളും. പിന്നെ നീ ശാന്തചിത്തനായിട്ട് ഒരു ബ്രഹ്മകല്പംകൂടി ജീവിച്ചിരിക്കും" എന്ന് അനുഗ്രഹിച്ചു. അവിടുന്ന് ആജ്ഞാപിച്ച കാര്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞു. അങ്ങുന്നു ബ്രഹ്മാവിന്റെ അപേക്ഷപ്രകാരം അവതരിച്ച മഹാവിഷ്ണുവാകയാൽ മുമ്പ് എന്നിൽ നിക്ഷിപ്തമായ ശക്തിയെ പ്രത്യാവാഹനം ചെ

യുള്ള യുക്തംതന്നെയാണ്. ഇപ്പോൾ എന്റെ ജന്മം സഫലമായി. എന്നേയ്ക്കാൾ യോഗ്യൻ അങ്ങുന്നു തന്നെയാണ്. അങ്ങുന്നു ത്രൈലോക്യനാഥനും, ഭക്താനുഗ്രഹപരതന്ത്രനും, പരമകാരുണികനുമാകുന്നു. അങ്ങയ്ക്കു് അനേകം നമസ്കാരം. ഹേ രാമചന്ദ്ര! പുണ്യലോകഗതിയെ പ്രാപിക്കുവാനായി ഞാൻ ചെയ്ത തപസ്സിന്റെ ഫലം മുഴുവൻ അങ്ങയുടെ ബാണത്തിന്മേൽ ഇതാ അർപ്പിച്ചിരിക്കുന്നു." ഇപ്രകാരമുള്ള പരശുരാമന്റെ വാക്കു കേട്ടു ശ്രീരാമൻ അങ്ങിനെതന്നെ ഭവിക്കുമെന്ന് അനുഗ്രഹിക്കുകയും പരശുരാമൻ അദ്ദേഹത്തെ പ്രദക്ഷിണംചെയ്തു നമസ്കരിച്ച് അനുവാദം വാങ്ങി തപസ്സുചെയ്യാനായി മഹേന്ദ്രപർവ്വതത്തിലേയ്ക്കു പോകുകയുംചെയ്തു. ഹേ പാർവ്വതി! സർവ്വദേവന്മാരേയും ജയിച്ചു ഗർവ്വിതനായിരുന്നവനും, ഗർവ്വിതനായിരുന്ന രാവണനെക്കൂടി ബന്ധിച്ചവനും, സഹസ്രബാഹുവുമായ കാർത്തവീര്യാർജ്ജുനനെ ഒരു നിമിഷംകൊണ്ടു യുദ്ധത്തിൽ ജയിച്ചു ത്രൈലോക്യവീരനായ പരശുരാമന്റെ കയ്യിൽനിന്നു വില്ലുവാങ്ങി കുലച്ച് അതിലൊരു ശരം തൊടുത്ത് അദ്ദേഹത്തെ ജയിച്ച ശ്രീരാമന്റെ സാമർത്ഥ്യത്തെ ഞാൻ എങ്ങിനെ വർണ്ണിക്കട്ടെ. പരശുരാമൻ പോയതിന്നുശേഷം ദശരഥൻ ഈ വലിയ ആപത്തിൽനിന്നു വിമുക്തനായ ശ്രീരാമനെ മരിച്ചവൻ വീണ്ടും ജീവിച്ചതുപോലെ ഭാവിച്ച് ആലിംഗനംചെയ്തു മനസ്താപമെല്ലാം നീങ്ങി കണ്ണിൽനിന്ന് ആനന്ദാശ്രു പൊഴിച്ച് അവിടെനിന്ന് അയോദ്ധ്യയിലേയ്ക്കു പോയി.

ദശരഥൻ മുതലായവർ അയോദ്ധ്യാപുരിയുടെ അടുത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ മന്ത്രിയായ സുമന്ത്രൻ വിവരം ധരിച്ചു പട്ടണത്തെ കൊടികൾ, തോരണങ്ങൾ, പുഷ്പങ്ങൾ എന്നിവകൊണ്ട് അലങ്കരിപ്പിച്ചു താൻ രാജകീയഗജങ്ങളോടും വാദ്യഘോഷങ്ങളോടുംകൂടി പുറപ്പെട്ട് അവരെ എതിരേല്ക്കുവാനായി ചെന്നു. മന്ത്രിയാൽ കൊണ്ടുവരപ്പെട്ട ഗജങ്ങളുടെ പുറത്തു രാമാദികളായ നാലുപേരേയും അവരുടെ പത്നിമാരേയും കയററി മംഗളവാദ്യങ്ങളോടും, വന്ദിമാഗധന്മാരു

ടെ സ്തുതിയോടും, പാഠകന്മാരുടെ ഗാനത്തോടുംകൂടി ദശരഥൻ നഗരപ്രവേശം ചെയ്തു ഘോഷയാത്രയായി രാജധാനിയിലേക്കു ചെന്നു. അവിടെ ലക്ഷ്മിദേവിയെ പൂജിക്കുകയും ശ്രോത്രിയബ്രാഹ്മണൎക്കു പല ദാനങ്ങൾ കൊടുക്കുകയും ചെയ്തു, ദശരഥൻ പരമാനന്ദം പൂണ്ടു. അപ്പോൾ അവിടെ വന്നിരുന്ന ബന്ധുരാജാക്കന്മാരെല്ലാം ദശരഥനും ശ്രീരാമാദികളും വസ്ത്രാഭരണങ്ങളെ സമ്മാനിച്ചു തക്കതായ ഉപചാരം ചെയ്കയും അവർ ആ സമ്മാനങ്ങൾ വാങ്ങി യഥോചിതം പ്രത്യുപകാരം ചെയ്കയും ചെയ്തു തങ്ങൾ തങ്ങളുടെ നഗരങ്ങളിലേക്കു മടങ്ങിപ്പോയി. ദശരഥൻ തന്റെ ഭാൎയ്യാസഹോദരനായ യുധാജിത്തിനെ മാത്രം പറഞ്ഞയയ്ക്കാതെ അവിടെതന്നെ താമസിപ്പിച്ചു. പിന്നെ ശ്രീരാമാദികളായ നാലുപേരും തങ്ങളുടെ ഭാൎയ്യമാരോടുകൂടി സുഖമായി താമസിച്ചു.

ഇപ്രകാരം പരമശിവൻ പാൎവ്വതീദേവിയോടു ശ്രീരാമന്റെ ജനനംമുതൽ വിവാഹംവരേയുള്ള കഥയെ അരുളിച്ചെയ്തപ്പോൾ ശ്രീപാൎവ്വതി "പ്രാണനാഥാ! പരശുരാമൻ മഹാവിഷ്ണുവിന്റെ അംശമാണെന്നു പറഞ്ഞുവല്ലോ. അതുപോലെ ശ്രീരാമൻ മഹാവിഷ്ണുവിന്റെ അംശംതന്നെയാണെന്നു വിശദമായി അരുളിച്ചെയ്യണം" എന്നു പറഞ്ഞു. അപ്പോൾ പരമശിവൻ മറുപടി പറഞ്ഞു. "പാൎവ്വതി! വിഷ്ണുവിന്റെ അവതാരങ്ങളിൽ എട്ടും അംശാവതാരങ്ങൾമാത്രമാണ്. രാമാവതാരം, കൃഷ്ണാവതാരം എന്ന രണ്ടവതാരങ്ങൾ മാത്രമേ പൂൎണ്ണാവതാരമായിട്ടുള്ളൂ. ആകയാൽ ഈ രണ്ടവതാരങ്ങൾ മറ്റുള്ളവയേക്കാൾ മഹത്വമുള്ളവയാണ്. രാമകൃഷ്ണന്മാരിൽവെച്ചും രാമനു സത്യസന്ധതയും, ജിതേന്ദ്രിയത്വവും അധികമുള്ളതുകൊണ്ടു രാമാവതാരമാണ് മേലേ എന്നറിഞ്ഞുകൊൾക. മറ്റുള്ളവർ രാമനോടു സമന്മാരല്ല. കൃഷ്ണൻ കറുത്ത നിറമുള്ളവനാകുന്നു. രാമനാകട്ടെ ശ്യാമനിറത്തോടുകൂടിയവനാണ്. ഹേ പാൎവ്വതി! സീതാസ്വയംവരം അടങ്ങിയ ഈ അദ്ധ്യായം കേൾക്കുന്നവൎക്കു സൎവ്വമംഗളങ്ങളും ഭവിക്കും.

സാരകാണ്ഡം മൂന്നാംസൎഗ്ഗം സമാപ്തം.

# നാലാംസർഗ്ഗം.

പരമശിവൻ പറയുന്നു.

ശ്രീരാമൻ അയോദ്ധ്യയിൽ ദശരഥനെ ശുശ്രൂഷിച്ചുംകൊണ്ടു സീതാദേവിയോടുകൂടി പലവിധമായ സുഖഭോഗങ്ങളെ അനുഭവിച്ചുകൊണ്ടും വാഴുന്ന കാലത്തു ജനകമഹാരാജാവു ശരദൃതുവിൽ ആശ്വയുജമാസത്തിൽ വരുന്ന ദിപാവളിമഹോത്സവത്തിനു ദശരഥമഹാരാജാവിനെ കൂട്ടിക്കൊണ്ടുവരുവാനായി തന്റെ മന്ത്രിമാരെ അയോദ്ധ്യയിലെയ്ക്കു പറഞ്ഞയച്ചു. അയോദ്ധ്യയിൽ വന്ന ജനകമന്ത്രിമാരെ ദശരഥൻ തക്കവിധം ഉപചരിച്ച് അവർ വരുവാനുണ്ടായ കാരണം ചോദിച്ചപ്പോൾ "വരുന്ന ദിപാവളി ഉത്സവത്തിന്ന് ഇവിടുത്തെ ബന്ധുവായ ജനകമഹാരാജാവ് ഇവിടുത്തേയും കുടുംബങ്ങളേയും ഇഷ്ടമിത്രജനങ്ങളേയും ക്ഷണിച്ചു കൂട്ടിക്കൊണ്ടുവരുവാൻ കല്പിച്ചയച്ചിരിക്കുന്നു" എന്നു മന്ത്രിമാർ പറഞ്ഞു. ദശരഥൻ അപ്രകാരം ചെയ്യാൻ സമ്മതിക്കയും ദിപാവളി ഉത്സവത്തിനു താൻ മിഥിലാപുരത്തിലേയ്ക്കു പോകുന്നുവെന്നു പുരവാസികളേയും സാമന്തരാജാക്കന്മാരേയും അറിയിച്ച് അവരെ കൂടി പുറപ്പെടുവിക്കുവാൻ ഭൃതന്മാരോടു കല്പിക്കുകയും ചെയ്തു.

പിന്നെ ഒരു നല്ല മുഹൂർത്തത്തിൽ ദശരഥൻ പുരവാസികളിലും ദേശരാജാക്കന്മാരാലും പരിവൃതനായി ചതുരംഗസൈന്യങ്ങളോടുകൂടി ആനപ്പുറത്തു കയറി മിഥിലയിലേയ്ക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ പിന്നിലായി രാമലക്ഷ്മണഭരതശത്രുഘ്നന്മാരും വിശേഷപ്പെട്ട അലങ്കാരങ്ങളെ ധരിച്ചു ഗജാരൂഢന്മാരായി പുറപ്പെട്ടു. അവരുടേയും പിന്നിൽ കൌസല്യമുതലായ രാജമഹിഷിമാരും സീതതുടങ്ങിയ പുത്രഭാര്യമാരും ദിവ്യാഭരണങ്ങളാൽ അലംകൃതമാരായും ദാസിമാർ പരിവൃതമാരായും പിടിയാനകളുടെ പുറത്തു കയറിക്കൊണ്ടു പുറപ്പെട്ടു. ഇപ്രകാരം ദശരഥൻ എല്ലാവരോടുംകൂടി മിഥിലാപുരത്തിന്റെ സമീപത്തു എത്തിയപ്പോൾ ജനകൻ വിവരം ധരിച്ചു നഗരവാ

സികളോടും വാദ്യഘോഷങ്ങളോടും അദ്ദേഹത്തെ എതിരേററ പട്ടണപ്രദക്ഷിണമായി രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോഠം തെരുവുകളിലെല്ലാം ദാസിമാർ നൎത്തനംചെയ്കയും സ്തുതിപാഠകന്മാർ പാടുകയും പൌരനാരിമാർ മാളികമുകളിൽ കയറി പുഷ്പങ്ങഠം വർഷിക്കയും ചെയ്തു. ഇപ്രകാരം എതിരേററുകൊണ്ടു വരപ്പെട്ട ദശരഥാദികളെ ജനകൻ അവൎക്കായി പ്രത്യേകം തെയ്യാർചെയ്തതും സകല വസ്തുക്കളേയും സംഭരിച്ചതും ആയ മാളികയിൽ കൊണ്ടുചെന്നു വസ്ത്രാഭരണങ്ങഠം നല്കി രത്നദീപങ്ങളെക്കൊണ്ടു നീരാജനംചെയ്തു ഉപചരിച്ചു. അന്നു രാത്രിയിൽ ദശരഥാദികളായ എല്ലാവൎക്കും മംഗളസ്നാനവും ഘോഷമായ വിരുന്നും നടത്തുകയും ജാമാതാക്കന്മാരായ രാമാദികഠംക്കു രഥഗജതുരഗപദാദികളെ ബഹുമാനമായി കൊടുത്ത് എല്ലാവരേയും സന്തോഷിപ്പിക്കയുംചെയ്തു. കൌസല്യാദികളായ ദേവിമാൎക്കും സീതാദികളായ തന്റെ പുത്രിമാൎക്കും അയോദ്ധ്യയിൽനിന്നു വന്നിട്ടുള്ള മററുപേൎക്കും വസ്ത്രാഭരണാദികളെ കൊടുത്തു സന്തോഷം വരുത്തി പണ്ടു മഹാബലി നാടുവാണിരുന്ന കാലത്തു കൊണ്ടാടിയിരുന്നതും ലോകത്തിന്നു ആനന്ദകരവും ആയ ഈ ദീപാവളി മഹോത്സവത്തെ മിഥിലാപട്ടണത്തിലുള്ള എല്ലാവരും അവരവരുടെ വീടുകളിൽ വെച്ചു മംഗളമായി അനുഷ്ഠിച്ചു മിഥിലാനഗരത്തെ മഹാബലിയുടെ രാജ്യത്തോടു സദൃശമാക്കി ചെയ്തു.

ഈ മഹോത്സവം അവസാനിച്ചതിന്നുശേഷം ദശരഥമഹാരാജാവു തന്റെ സൈന്യങ്ങളോടും മന്ത്രിമാരോടും ശ്രീരാമൻ മുതലായ എല്ലാവരോടുംകൂടി മിഥിലയിൽനിന്നു പുറപ്പെട്ടു വരുന്ന വഴിയിൽ, മുൻപ് സീതാസ്വയംവരത്തിൽവെച്ചു അവമാനം നേരിട്ട രാജാക്കന്മാരെല്ലാം ഒത്തുചേൎന്നു സൈന്യസമേതം പുറപ്പെട്ടു വന്ന് അദ്ദേഹത്തെ എതിൎത്തു. അപ്പോഠം ദശരഥൻ എന്താണു ചെയ്യേണ്ടതെന്നു വിചാരമായി മന്ത്രിമാരോട് ആലോചിച്ചു. അച്ഛന്റെ വിചാരം കണ്ടു ശ്രീരാമൻ ലക്ഷ്മണനോടുകൂടി അതിവേഗത്തിൽ അദ്ദേഹത്തിന്റെ മു

മ്പിൽ ചെന്നു വണങ്ങി "അച്ഛാ! ഞാനിരിക്കുമ്പോഠം അച്ഛനെന്തിനു വിചാരപ്പെടുന്നു. ഒരു നിമിഷത്തിനുള്ളിൽ ഇവരെല്ലാവരേയും ഞാൻ വധിക്കുന്നുണ്ട്. എൻെറ ധൈൎയ്യത്തെ കണ്ടുകൊഠംക" എന്നു പറഞ്ഞു. ഇങ്ങിനെ പറയുന്ന രാമനെ സസന്തോഷം ആലിംഗനം ചെയ്തുകൊണ്ടു ദശരഥൻ "ഉണ്ണീ നീ ആറ വയസ്സായ ഒരു കുട്ടിയല്ലേ? ഇവരോടു യുദ്ധം ചെയ്വാൻ നീ മോഹിക്കുന്നതു ശരിയാണോ? ഈ കാട്ടിൽ വെച്ചു ദുഷ്ടന്മാരായ രാജാക്കന്മാർ എന്നോട് എതൃക്കുകയാണു ചെയ്തിട്ടുള്ളത്. അതുകൊണ്ടു ഞാൻതന്നെ അവരോടു യുദ്ധം ചെയ്യാം. നീ സൈന്ന്യങ്ങളേയും മറവം കാത്തുകൊണ്ടിരുന്നാൽ മതി" എന്നു പറഞ്ഞു ശ്രീരാമനെ വിലക്കി. എന്നാൽ ശ്രീരാമൻ "ഞാൻതന്നെ യുദ്ധം ചെയ്യാം. യുദ്ധത്തിൽ എനിക്കു ശക്തിക്ഷയം വരുന്നതായി കണ്ടാൽ ഇവിടുന്നു വന്നു സഹായിച്ചാൽ മതി. അതേവരേയും അച്ഛൻ ഞാൻ പറയുന്നതുപോലെ ഈ സ്ഥലത്തുതന്നെ സൈന്ന്യങ്ങളേയും കുടുംബങ്ങളേയും കാത്തുംകൊണ്ടിരിക്കണം" എന്നു പറഞ്ഞ് അച്ഛനെ വണങ്ങി വില്ലും കയ്യിലെടുത്തു തേരിൽ കയറി യുദ്ധത്തിന്നു പുറപ്പെട്ടു. അതുകണ്ടു ലക്ഷ്മണനും അദ്ദേഹത്തെ തുടൎന്നുകൊണ്ടു ഭരതനും അദ്ദേഹത്തിൻെറ പിന്നാലെ ശത്രുഘ്നനും അവരവരുടെ തേരുകളിൽ കയറി യുദ്ധസന്നദ്ധരായി പോയി.

ശത്രുക്കളുമായി കൂട്ടിമുട്ടിയ ഉടനെ ശ്രീരാമൻ അവരെ എതൃക്കുവാനായി തൻെറ സൈന്ന്യങ്ങളെ പതിനായിരകണക്കായി മുമ്പിൽ വിട്ടു. അവരെ കണ്ട് ശത്രുക്കഠം "ഇതാ രാമൻ പിതാവിൻെറ തേരിലേറി വന്നു കഴിഞ്ഞു. അതാ ഒരു വലിയ മരം ശാഖകളോടുകൂടി കണ്ടില്ലേ? അതാണു ദശരഥൻെറ തേരിലുള്ള കോവിദാരദ്ധ്വജം. ഈ തേരിൽ ദശരഥൻെറ കല്പനപ്രകാരം അനേകം ആയുധങ്ങഠം നിറച്ചിട്ടുള്ളതു കണ്ടില്ലേ? അതാ ആ ധ്വജത്തിൻെറ അഗ്രത്തിൽ അനേകം കൊടിക്കൂറകഠം പറക്കുന്നു." എന്നിങ്ങിനെ പരസ്പരം ഓരോന്നു പറഞ്ഞുംകൊണ്ടു യുദ്ധം ആരംഭിച്ചു. പിന്നെ രണ്ടു ചേരിയി

ലുള്ള സൈന്യങ്ങളും അസ്ത്രശസ്ത്രങ്ങളെക്കൊണ്ടും ഭിണ്ഡിപാലം, ശതഘ്നി തുടങ്ങിയ ആയുധങ്ങളെകൊണ്ടും അതിഘോരമായ യുദ്ധം ചെയ്തു. രാജാക്കന്മാർ ശ്രീരാമനോടെതിരിട്ട് ആകാശമെങ്ങും പറക്കുമാറു ശരങ്ങൾ വർഷിച്ചു. അതുകണ്ടു ലക്ഷ്മണഭരതശത്രുഘ്നന്മാർ വേഗത്തിൽ ശ്രീരാമന്റെ അരികിൽ എത്തിച്ചേന്നു. പിന്നെ രണ്ടുപക്ഷക്കാരും തമ്മിൽ ഉണ്ടായ യുദ്ധം സുബ്രഹ്മണ്യസ്വാമിയും താരകാസുരനും തമ്മിലുണ്ടായ യുദ്ധംപോലെ പ്രചണ്ഡമായിരുന്നു. അതിന്നിടയിൽ ശത്രുക്കൾ എല്ലാവരും കൂടി ഭരതനോടെതിൎത്ത് അദ്ദേഹത്തെ അസ്ത്രശസ്ത്രപ്രഹരംകൊണ്ടു മോഹാലസ്യപ്പെടുത്തുകയാൽ ഭരതൻ തേരിൽനിന്നു താഴെ വീണു. അതുകണ്ടിട്ടു ശത്രുഘ്നൻ ശത്രുക്കളെ എതിൎക്കുകയും അദ്ദേഹവും അവരുടെ ശസ്ത്രങ്ങളെക്കൊണ്ടു വിലത്തുവീഴുകയും ചെയ്തു. ലക്ഷ്മണനേയും ശത്രുക്കൾ എതിൎത്ത് അസ്ത്രശസ്ത്രങ്ങളെക്കൊണ്ടു വിധമല്ലാതെ ചമച്ചു. ഒടുവിൽ അവർ തങ്ങളുടെ പ്രധാനലക്ഷ്യമായ ശ്രീരാമന്റെ നേരെ ശരവൎഷം തുടങ്ങി. ഈ സംഭവങ്ങളെല്ലാം കൌസല്യ മുതലായ ദേവിമാരും സീത തുടങ്ങിയവരും സേനാനിവേശത്തിലുള്ള പഴുതുകളിൽക്കൂടെ നോക്കിക്കൊണ്ടിരിക്കേ, ശ്രീരാമദേവൻ തന്റെ വില്ലിൽ വലുതായ ഞാണൊലി ഇട്ട് അതിൽ വായവ്യാസ്ത്രത്തെ അഭിമന്ത്രിച്ചു പ്രയോഗിച്ചു. ആ അസ്ത്രം പ്രചണ്ഡവേഗത്തോടുകൂടി പാഞ്ഞുചെന്നു പടയോടുകൂടിയ ശത്രുരാജാക്കന്മാരെയെല്ലാം ശുഷ്കതൃണങ്ങളെപ്പോലെ ആകാശത്തിൽ പറപ്പിച്ചു സമുദ്രതീരത്തിൽ കൊണ്ടുപോയി വീഴ്ത്തി. ശേഷിച്ച സൈന്യങ്ങളെ മോഹനാസ്ത്രംകൊണ്ടു മോഹാലസ്യപ്പെടുത്തി ഭൂമിയിൽ വീഴ്ത്തുകയും ചെയ്തു. ഇങ്ങിനെ ശത്രുക്കളെല്ലാം ഭൂമിയിൽ വീണു പുരണ്ടു തുടങ്ങി.

ഇങ്ങിനെ ഇരിക്കുമ്പോൾ ഭരതൻ മൂൎച്ഛിതനായിത്തന്നെ കിടക്കയായിരുന്നു. അപ്പോഴയ്ക്കു കൈകേയി പെട്ടെന്ന് ആനപ്പുറത്തു കയറിച്ചെന്നു ഭരതനെ മടിയിൽ കിടത്തി വിലപിക്കുവാൻ തുടങ്ങി. അതു കണ്ടപ്പോൾ ദശരഥനും കൌസല്യ മുത

ലായവരും വല്ലാതെ വ്യസനിച്ചു. അപ്പോഠം ശ്രീരാമൻ അവരെ എല്ലാം സമാധാനപ്പെടുത്തിയിട്ട ലക്ഷ്മണനെ വിളിച്ച് "ഇവിടെനിന്നു കുറച്ചുകലത്തായി മുൽഗലമുനിയുടെ ആശ്രമം ഉണ്ട്. മഹിമയുടയ അദ്ദേഹത്തിൻെറ ആശ്രമത്തിൽ മൃതസഞ്ജീവിനി മുതലായ വള്ളികഠം നില്ക്കുന്നുമുണ്ട്. അവ ഈവക ഘട്ടങ്ങളിൽ ക്ഷേമം തരുന്നവയാണ്. നീ വേഗം പോയി അവയെ പറിച്ചുകൊണ്ടു വരണം" എന്നു പറഞ്ഞു. ലക്ഷ്മണൻ അങ്ങിനെതന്നെ സമ്മതിച്ചു മഹഷിയുടെ പർണ്ണശാലയിലേക്കു വേഗത്തിൽ ചെന്നു മഹഷിയുടെ ശിഷ്യന്മാരോട് ഔഷധങ്ങളെപ്പററി ചോദിച്ചപ്പോഠം ശിഷ്യന്മാർ "ഇപ്പോഠം മഹഷി സമാധിയിൽ ഇരിക്കയാണ്. അതിൽനിന്ന് ഉണന്നതിനുശേഷം അദ്ദേഹത്തിൻെറ കല്പന വാങ്ങി വേണ്ട ഔഷധങ്ങഠം തരാം. കല്പനകൂടാതെ തരുവാൻ ഞങ്ങഠംക്കു സ്വാതന്ത്ര്യമില്ല" എന്നു മറുത്തു പറഞ്ഞു. അപ്പോഠം ലക്ഷ്മണൻ "അയ്യോ എനിക്കു നേരം വൈകി" എന്നു പറഞ്ഞ് ആശ്രമത്തിൽനിന്നു മടങ്ങി രാമസവിധത്തിൽ ചെന്നു വിവരം പറഞ്ഞപ്പോഠം ശ്രീരാമൻ "ലക്ഷ്മണാ! നീ ആശ്രമത്തിൽ ചെന്നു മഹഷിക്കും ശിഷ്യന്മാക്കും യാതൊരു ഉപദ്രവവും ചെയ്യാതെ ഔഷധച്ചെടികളെ മാത്രം പറിച്ചുംകൊണ്ടുവാ" എന്നു കല്പിച്ചു വീണ്ടും ലക്ഷ്മണനെ ആശ്രമത്തിലേക്ക് അയച്ചു. അതുപ്രകാരം ലക്ഷ്മണൻ പിന്നെയും ആശ്രമത്തിൽ ചെന്നു മുനിശിഷ്യന്മാരെ പറഞ്ഞു സമാധാനപ്പെടുത്തി ഔഷധങ്ങളെ ബലാൽക്കാരേണ പറിച്ചു കൊണ്ടുവന്നു ശ്രീരാമൻെറ കയ്യിൽ കൊടുക്കുകയും അദ്ദേഹം അവയെക്കൊണ്ടു ഭരതശത്രുഘ്നന്മാരെ മൂഛയിൽനിന്ന് ഉണത്തുകയും ചെയ്തു. അപ്പോഠം കൈകേയിയും ദശരഥൻ മുതലായവരും സന്തോഷിച്ചു ശ്രീരാമനെ ആലിംഗനംചെയ്തു പ്രശംസിക്കുകയും, അനന്തരം ഭരതശത്രുഘ്നന്മാരേയും ആശ്ലേഷിക്കുകയും, പിന്നെ വസിഷ്ഠമഹഷിയോടും മഹാബ്രാഹ്മണരോടുംകൂടി അവിടെവെച്ച് ഒരു വലിയ മഹോത്സവം ആഘോഷിക്കുകയും ചെയ്തു.

ഇത് ഇപ്രകാരം ഇരിക്കുമ്പോൾ മുൽഗലമഹർഷിയുടെ ശിഷ്യന്മാർ മഹർഷി സമാധിയിൽനിന്ന് ഉണൎന്ന സമയം അദ്ദേഹത്തോടു ലക്ഷ്മണൻ വന്നു ബലാൽകാരേണ ഔഷധങ്ങൾ പറിച്ചു കൊണ്ടുപോയ വിവരം കോലാഹലത്തോടുകൂടി പറഞ്ഞു ധരിപ്പിച്ചു. അതു കേട്ടു മുൽഗലമഹർഷി ആശ്ചൎയ്യപ്പെട്ടു ശിഷ്യന്മാരോടു "ലക്ഷ്മണൻ എന്നു പറയുന്നതു് ആരാണ്? അവൻ ആരുടെ കല്പനപ്രകാരമാണു നമ്മുടെ ആശ്രമത്തിൽ വന്നത്? എന്തിനായിട്ടാണു നമ്മുടെ അനുവാദംകൂടാതെ അവൻ ഔഷധങ്ങൾ പറിച്ചു കൊണ്ടുപോയത്. ഈ വിവരങ്ങൾ വേഗം ചെന്ന് അന്വേഷിച്ച് അറിഞ്ഞു വരുവിൻ" എന്നു കല്പിച്ച് അവരെ അയച്ചു. മുനിശിഷ്യന്മാർ മഹർഷിയോടു യാത്രപറഞ്ഞു ദശരഥന്റെ അടുത്തുവന്നു "നിങ്ങൾ ആരാണ്, എന്തിനായിട്ടാണു ഞങ്ങളുടെ ആശ്രമത്തിലുള്ള ഔഷധങ്ങളെ ലക്ഷ്മണൻ മുഖേന കൊണ്ടുവന്നത്. കാരണം പറയുവിൻ" എന്നു കോപത്തോടുകൂടി ചോദിച്ചപ്പോൾ ദശരഥൻ അല്പം ആലോചിച്ചു "ബ്രാഹ്മണരേ! ഞാൻ ദശരഥരാജാവാണ്, എന്റെ ആവശ്യമായിട്ടാണ് ഔഷധങ്ങൾ കൊണ്ടുവന്നത്. ഈ സംഗതി വിനയത്തോടുകൂടി മഹർഷിയോട് ഉണൎത്തിക്കുക. ഞാനും മഹർഷിയെ കാണ്മാനായി വേഗത്തിൽ ആശ്രമത്തിലേക്കു വരുന്നുണ്ട്" എന്നു പറകയും മുനിശിഷ്യന്മാർ അതുപ്രകാരം മടങ്ങിപ്പോയി ഗുരുവിനെ ധരിപ്പിക്കയും ചെയ്തു. ശ്രീരാമന്റെ പിതാവായ ദശരഥനാണ് ഔഷധമൂലികകൾ പറിപ്പിച്ചു കൊണ്ടുപോയതെന്ന് അറിഞ്ഞപ്പോൾ മുൽഗലമഹർഷിയുടെ മുഖം മുൻപത്തെ കോപം പോയി പ്രസന്നമായിത്തീൎന്നു. ദശരഥനെ കാണേണമെന്നു മഹർഷി മനസ്സിൽ വിചാരിച്ചു. അപ്പോഴേക്കു ദശരഥനും മഹർഷിയുടെ മുമ്പിൽ വന്ന് അഞ്ജലിബന്ധംചെയ്തു കാക്കൽ വീണു നമസ്കരിക്കുകയും മഹർഷി അദ്ദേഹത്തെ എഴുന്നേല്പിച്ചു യഥോചിതം ഉപചരിച്ച് ആസനം കൊടുത്ത് ഇരുത്തുകയും ചെയ്തു. അതിന്നുശേഷം ശ്രീരാമൻ മുതലായവരും മഹർഷിയെ വണങ്ങി യഥോചിതം ഇരുന്നു.

കൌസല്യ മുതലായ ദേവിമാരും മഹൎഷിയേയും അദ്ദേഹത്തിന്റെ ഭാൎയ്യയായ സുമതിയേയും നമസ്കരിച്ച് അവർ ചെയ്യ ഉപചാരങ്ങളെ സ്വീകരിച്ചു യഥാസ്ഥാനം ഇരുന്നു. അപ്പോൾ ദശരഥൻ മഹൎഷിയോടു "സ്വാമിൻ! ഞാൻ ചെയ്ത കുററത്തെ ക്ഷമാശീലനായ ഇവിടുന്നു ക്ഷമിക്കണം" എന്നു പ്രാൎത്ഥിച്ചു. അതിന്നു മഹൎഷി "കുററമോ, അങ്ങുന്ന് എനിക്കു കുററമല്ല വലിയ ഉപകാരമാണു ചെയ്തത്. ഇതില്ലെങ്കിൽ അങ്ങയുടെ പുത്രനായി മായാബലത്താൽ അവതരിച്ച ശ്രീരാമനെ എനിക്ക് എങ്ങിനെ കാണ്മാൻ സാധിക്കും?" എന്നു മറുപടി പറഞ്ഞു. മഹൎഷിയുടെ കോപം ശമിച്ചു എന്നു കണ്ടപ്പോൾ ദശരഥൻ വണക്കത്തോടുകൂടി "എനിക്ക് ഇവിടുത്തോട് ഒരു കാൎയ്യം സംസാരിച്ചാൽ കൊള്ളാമെന്നുണ്ട്" എന്ന് അറിയിച്ചു. മഹൎഷി കുറച്ചുനേരം ആലോചിച്ചു ദശരഥന്നു ചോദിക്കുവാനുള്ള കാൎയ്യം ഇന്നതാണെന്നു ധ്യാനംകൊണ്ടറിഞ്ഞിട്ട് അദ്ദേഹത്തെ ഒരു തുളസിക്കാട്ടിലേയ്ക്കു വേറെ വിളിച്ച് അവിടെവെച്ച് "അങ്ങയ്ക്ക് അറിവാനുള്ളത് എന്താണെന്നുവെച്ചാൽ ചോദിച്ചുകൊൾക. ഞാൻ മറുപടി പറയാം." എന്നു പറഞ്ഞു. അപ്പോൾ ദശരഥൻ "സ്വാമിൻ! രാമന്നു ഭാവിയിൽ വരുവാനിരിക്കുന്ന ഗുണദോഷങ്ങൾ എന്തെല്ലാമാണെന്ന് അരുളിച്ചെയ്തു കേട്ടാൽ കൊള്ളാം" എന്നു പറകയും മഹൎഷി അതുപ്രകാരം പറഞ്ഞു തുടങ്ങുകയും ചെയ്തു.

"ഹേ ദശരഥമഹാരാജാവേ! സൎവ്വവ്യാപകനായ ശ്രീമന്നാരായണമൂൎത്തി അങ്ങയ്ക്കു വരം തന്നിരിക്കകൊണ്ടും, ദുഷ്ടനിഗ്രഹശിഷ്ടപരിപാലനങ്ങളെ ചെയ്തു ഭൂമിയുടെ ഭാരം ഒഴിവാക്കാൻ ചുമതലപ്പെട്ടതുകൊണ്ടും, അധൎമ്മത്തെ അകററി ധൎമ്മത്തെ സ്ഥാപിക്കേണ്ടതുകൊണ്ടും, അങ്ങയുടെ മുജ്ജന്മസുകൃതത്താൽ അങ്ങയുടെ പുത്രനായ ശ്രീരാമനായി അവതരിച്ചിരിക്കയാണ്. അങ്ങുന്നു സ്വൎഗ്ഗാരോഹണം ചെയ്തതിന്നുശേഷം ശ്രീരാമൻ മഹാമഹിമയുടയവനായി ഏകഛത്രാധിപതിയായി പതിനോരായിരം വൎഷകാലം രാജ്യപരിപാലനം ചെയ്യും. അദ്ദേഹം സപ്ത

ദ്വീപങ്ങൾക്കും അധിപതിയായി ഭവിക്കും. അദ്ദേഹത്തിന്നു ഗു ണവാന്മാരായ രണ്ടു പുത്രന്മാർ ഉണ്ടാവും. അവർ രണ്ടുപേരും ഈരണ്ടു ഭാൎയ്യമാരെ വിവാഹം ചെയ്കയും അവരിൽ 24 പുത്ര ന്മാരും 12 പുത്രിമാരും ജനിക്കയും ചെയ്യും. ഈ 24 പുത്രന്മാർ വഴിയായി അങ്ങയുടെ വംശം വളരെ പരന്നുവരാവും. എന്നി കുറച്ചുകാലത്തിന്നുള്ളിൽ ബൃന്ദയുടെ ശാപംഅനുഭവിക്കുവാനാ യി ശ്രീരാമൻ ദണ്ഡകാരണ്യവാസം ചെയ്കയും അതു കഴിഞ്ഞ തിന്നുശേഷം മേൽപ്രകാരം രാജ്യം പരിപാലിക്കയും ചെയ്യും."

മഹൎഷി ഇത്രയും പറഞ്ഞപ്പോൾ ദശരഥൻ ഈ ബൃന്ദ എ ന്നു പറഞ്ഞത് ആരാണെന്നും അവൾ ആരുടെ ഭാൎയ്യയാണെ ന്നും അവളുടെ ശാപം മഹാവിഷ്ണുവിന്ന് എങ്ങിനെ സംഭവി ച്ചു എന്നും വിവരമായി പറവാൻ അപേക്ഷിക്കുകയും മഹൎഷി തുടൎന്നുപറകയും ചെയ്തു. "ഹേ മഹാരാജാവേ! പണ്ടൊരു കാല ത്തു പരമശിവനും ജലന്ധരാസുരനും തമ്മിൽ ഒരു യുദ്ധമുണ്ടാ യി. ആ യുദ്ധത്തിൽ പരമശിവൻ പലവിധത്തിൽ അവനെ ഹിംസിച്ചുവെങ്കിലും അവൻ ചാവാതെ ഇരിക്കുന്നതു കണ്ടു പാൎവ്വതിദേവി വിഷ്ണുവിനോട് 'ഈ അസുരൻ ഇനിയും ജീവി ച്ചിരിക്കുന്നത് ഇവന്റെ ഭാൎയ്യയായ ബൃന്ദയുടെ പാതിവ്രത്യശ ക്തികൊണ്ടാണ്' എന്നു പറഞ്ഞു. അതു കേട്ടപ്പോൾ വിഷ്ണു താമസിക്കാതെ ജലന്ധരാസുരന്റെ പട്ടണത്തിൽ ചെന്ന് ഉ പായത്തിൽ ബൃന്ദയോടു സംസൎഗ്ഗം ചെയ്ത് അവളുടെ പാതി വ്രത്യത്തിന്നു ഭംഗം വരുത്തേണമെന്നു വിചാരിച്ചു. ആ സമയ ത്തു ജലന്ധരാസുരന്റെ അരമനയിൽ സുഖമായി നിദ്ര ചെ യ്തുംകൊണ്ടിരുന്ന ബൃന്ദ തന്റെ ഭൎത്താവ് എണ്ണ തേച്ച് ഒരു എരുമയുടെ പുറത്തു കയറി തെക്കോട്ടു നോക്കി പോകുന്നതാ യും അപ്പോൾ അദ്ദേഹം തലയില്ലാതെ മുണ്ഡിതനായിരിക്കുന്ന തായും ആ സ്വപ്നത്തിൽ അദ്ദേഹം ഇരുളിൽ മറഞ്ഞ് അദൃ ശ്യനായി ഭവിച്ചതായും ഒരു സ്വപ്നം കണ്ടു. ഈ സ്വപ്നം നി മിത്തം ബൃന്ദ വല്ലാത്ത മനോവിചാരത്തിൽ അകപ്പെട്ടു. മന സ്സിനെ ദുഃഖിപ്പിക്കുന്ന ഈ വിചാരം പോകുവാനായി വരാ

ന്തയിലും മററും കുറേനേരം ലാത്തി നോക്കിയിട്ടും മനസ്സു വിചാരഗ്രസ്തമായിത്തന്നെ ഇരുന്നു. പിന്നെ രണ്ടു സഖിമാരോടുകൂടി പട്ടണപ്രാന്തത്തിലുള്ള ഉദ്യാനത്തിലേയ്ക്കും അവിടെനിന്നു മറെറാരു വനത്തിലേയ്ക്കും ചെന്നു. ഇങ്ങിനെ ബൃന്ദ മനസ്സിനെ ആശ്വസിപ്പിക്കാനായി പല വനങ്ങളേയും കടന്നു പോകുന്നതിന്നിടയിൽ സിംഹഗർജ്ജനം ചെയ്തുംകൊണ്ടു വരുന്ന രണ്ടു രാക്ഷസന്മാർ അവളെ കണ്ടുമുട്ടി. അവരുടെ ഘോരദംഷ്ട്രകളേയും ക്രൂരദൃഷ്ടികളേയും കണ്ടു ഭയപ്പെട്ട് അവൾ അവിടെനിന്നു മറെറാരു ഭാഗത്തേയ്ക്കു് ഓടുമ്പോൾ ആ സ്ഥലത്ത് ഒരു മരത്തടിയുടെ മുകളിൽ ഒരു മഹർഷി തന്റെ ശിഷ്യനോടുകൂടി ഇരിക്കുന്നതായി കണ്ടു. അദ്ദേഹം കാഴ്ചയിൽതന്നെ വളരെ ശാന്തസ്വഭാവനായിരുന്നതുകൊണ്ടു ബൃന്ദ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു തന്റെ മൃദുവായ ഭുജലതകൊണ്ട് അദ്ദേഹത്തെ തലോടി 'ഹേ മുനിസത്തമ! അടിയൻ ഇവിടുത്തെ ശരണം പ്രാപിച്ചിരിക്കുന്നു. കരുണയുണ്ടായി ഈ സാധുവിനെ രക്ഷിക്കണം' എന്നു പറഞ്ഞു. ഇതു കേട്ടിട്ടു ധ്യാനനിഷ്ഠനായിരുന്ന മഹർഷി സമാധിയിൽനിന്ന് ഉണർന്നു കണ്ണു തുറന്നു ബൃന്ദയെ നോക്കി 'വത്സേ നീ ഭയപ്പെടേണ്ട. ഇവിടെ ഇരുന്നുകൊള്ളു' എന്ന് അഭയം കൊടുത്തു. അപ്പോഴയ്ക്കും മുൻപറഞ്ഞ രാക്ഷസന്മാർ അവളെ തുടർന്നുംകൊണ്ട് അവിടെ എത്തിവീണു. മഹർഷി അവരെ കണ്ടു കോപം പൂണ്ട് ഒരു ഹുങ്കാരം ചെയ്കയും അതു കേട്ടു ഭയപ്പെട്ട് അവർ ഓടിപ്പോകയും ചെയ്തു.

അപ്പോൾ ബൃന്ദ ആ മഹർഷിയുടെ മഹിമ കണ്ട് അത്ഭുതപ്പെട്ടു ഭൂമിയിൽ വീണു നമസ്കരിച്ചു 'ഹേ മുനിപുംഗവാ! കൃപാനിധേ നിന്തിരുവടി അടിയനെ ഈ വലിയ ആപത്തിൽനിന്നു രക്ഷിച്ചുവല്ലൊ. എനി അടിയൻ ഒരു കാൎയ്യം ഉണൎത്തിക്കുവാൻ വിചാരിക്കുന്നു. അതു കേട്ടു മറുപടി അരുളിച്ചെയ്യാൻ തിരുവുള്ളമുണ്ടാകണം സ്വാമിൻ. അടിയന്റെ ഭൎത്താവായ ജലന്ധരാസുരൻ പരമശിവനോടു യുദ്ധം ചെയ്വാൻ പോയിരിക്കയാണ്. അദ്ദേഹം ഇപ്പോൾ യുദ്ധത്തിൽ എതു സ്ഥിതിയി

ൽ ഇരിക്കുന്നു എന്ന് അരുളിച്ചെയ്യാൽ കൊള്ളാം' എന്നു പറ
ഞ്ഞു. മഹൎഷി അതുകേട്ടു ദയാൎദ്രഹൃദയനായിട്ട് ആകാശത്തേ
യ്ക്കു നോക്കിയപ്പോൾ അവിടെനിന്നു രണ്ടു വാനരന്മാർ ഇറങ്ങി
അദ്ദേഹത്തിന്റെ മുമ്പിൽ വന്നുനിന്നു. മഹൎഷി ആ വാനര
ന്മാരോടു പുരികംകൊണ്ട് എന്തൊ ഒരു അടയാളം കാണിക്കു
കയും അതിന്റെ താല്പൎയ്യം മനസ്സിലാക്കി അവർ ആകാശത്തി
ലേയ്ക്കുതന്നെ ചാടി മറയുകയും ചെയ്തു. അരക്ഷണത്തിനുള്ളിൽ
വാനരന്മാർ വീണ്ടും കീഴ്പ്പോട്ടിറങ്ങി വന്നു മഹൎഷിയുടെ മു
മ്പിൽ നില്ക്കുകയും അപ്പോൾ അവരുടെ സമീപത്തു ജലന്ധരാ
സുരന്റെ തലയും രണ്ടു കൈകളും കിടക്കുന്നതായി കാണുക
യും ചെയ്തു. അതു കാണേണ്ട താമസം ബൃന്ദ തന്റെ ഭൎത്താവു
മരിച്ചുപോയതായറിഞ്ഞു വ്യസനം സഹിക്കാതെ ഭൂമിയിൽ മൂ
ൎഛിതയായി വീണുപോയി. അപ്പോൾ മഹൎഷി തന്റെ കയ്യി
ലുള്ള കമണ്ഡലുവിൽനിന്നു കുറച്ചു വെള്ളമെടുത്ത് അവളുടെ
മുഖത്തു തളിക്കുകയും ആ സമയത്തു ബൃന്ദ മൂൎഛ തെളിഞ്ഞ്
എഴുന്നേല്ക്കുകയും ചെയ്തു. പിന്നെ കുറെനേരം വിലപിച്ചതിന്നു
ശേഷം അവൾ മഹൎഷിയോടു 'മുനിശ്രേഷ്ഠാ! നിന്തിരുവടി തി
രുവുള്ളമുണ്ടായി എന്റെ ഭൎത്താവിനെ ജീവിപ്പിച്ചുതരണം. നി
ന്തിരുവടിക്ക് അതിന്നുവേണ്ട ശക്തി ഉണ്ടെന്ന് എനിക്കു നി
ശ്ചയമുണ്ട്' എന്നു മഹൎഷിയോടു പറഞ്ഞു. അതിന്നു മഹൎഷി
'അറിവില്ലാത്ത പെണ്ണേ! യുദ്ധത്തിൽ രുദ്രദേവന്റെ കൈ
കൊണ്ടു മരണം പ്രാപിച്ചവനെ ആരെക്കൊണ്ടും ജീവിപ്പിക്കാ
ൻ കഴിക ഇല്ല. എങ്കിലും എനിക്കു നിന്റെ പേരിൽ വള
രെ കരുണ തോന്നുന്നതുകൊണ്ടു ഞാൻ അവനെ ജീവിപ്പി
ക്കാം' എന്നു പറഞ്ഞു. പിന്നെ മഹൎഷി അവിടെ അന്തൎദ്ധാ
നം ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ ജലന്ധരാസുരൻ ജീവിച്ചു
ബൃന്ദയുടെ അരികത്തു വന്ന് അവളെ ആലിംഗനം ചെയ്തു
ചുംബിച്ചു. പിന്നെ അദ്ദേഹം ബൃന്ദയോടുകൂടി സുഖമായി വ
സിച്ചു.

ഇങ്ങിനെ ഇരിക്കുന്ന കാലത്ത് ഒരു ദിവസം ബൃന്ദ അ

ദ്ദേഹത്തോടുകൂടി രതിക്രീഡ ചെയ്കതിന്റെ അവസാനത്തിൽ അദ്ദേഹം തന്റെ ഭർത്താവല്ലെന്നും ഭർത്താവിന്റെ വേഷം ധരിച്ചുവന്ന വിഷ്ണുവാണെന്നും അവൾക്കു മനസ്സിലായി. അപ്പോൾ അവൾ ഏററവും കോപത്തോടുകൂടി "ഹേ വിഷ്ണോ! നിന്റെ മനസ്സ് വളരെ ദൂഷിച്ചതാണ്. അത് അന്യസ്ത്രീയിലാണല്ലോ പ്രവേശിക്കുന്നത്. മുൻപ് ശിഷ്യനോടുകൂടി ഇവിടെ ഇരുന്നിരുന്ന കപടമുനിയും നീ തന്നെയാണ്. ആ ശിഷ്യൻ ഗരുഡനാണെന്നും എനിക്കു മനസ്സിലായി. ആകാശത്തിൽനിന്ന് ഇറങ്ങിവന്ന കുരങ്ങന്മാരും നിന്റെ മായകൊണ്ടുണ്ടായവരാണ്. അവർ നിന്റെ ദാസന്മാരായ പുണ്യശീലനും സുശീലനും ആണ്. എന്നെ ഉപദ്രവിക്കുവാൻ വന്ന രാക്ഷസന്മാരും കേവലം മായയാകുന്നു. അവർ നിന്റെ ദാസന്മാരായ ജയവിജയന്മാരാണ്. അവർ ഭൂമിയിൽ രാക്ഷസന്മാരായി പിറന്നു നിന്റെ ഭാര്യയെ അപഹരിക്കും. തന്നിമിത്തം നിനക്കു വളരെ കഷ്ടപ്പെടുവാൻ ഇടവരും. നീ സർവ്വേശ്വരനായിരുന്നിട്ടുകൂടി വാനരന്മാരുടെ സഹായം നിനക്ക് അപേക്ഷിക്കേണ്ടതായി വരും. അപ്പോൾ നിനക്കു സഹായം ചെയ്യാനായി ഭൂമിയിൽ രണ്ടു വാനരന്മാരായി പിറക്കുകയും ചെയ്യും. ഇങ്ങിനെ എല്ലാം സംഭവിക്കട്ടെ എന്നു ഞാൻ ഇതാ നിന്നെ ശപിക്കുന്നു" എന്നിങ്ങിനെ വിഷ്ണുവിനെ ശപിച്ചു. പിന്നെ അവൾ തന്റെ ഭർത്താവ് ശിവനാൽ കൊല്ലപ്പെട്ടതായി അറിഞ്ഞ് അഗ്നിയിൽ ചാടി ദേഹത്യാഗം ചെയ്കയും ചെയ്തു. ഹേ ദശരഥമഹാരാജാവേ! ബൃന്ദയുടെ ഈ ശാപം നിമിത്തം വിഷ്ണുദാസന്മാരായ ജയവിജയന്മാർ രാക്ഷസവംശത്തിൽ രാവണനും കുംഭകർണ്ണനുമായി ജനിച്ച് ഇപ്പോൾ സമുദ്രമദ്ധ്യത്തിലുള്ള ലങ്കാപുരിയിൽ വസിക്കുന്നുണ്ട്. രാമൻ എന്നി ദണ്ഡകാരണ്യവാസം ചെയ്തു പഞ്ചവടിയിൽ താമസിക്കുമ്പോൾ അവർ ജനകരാജപുത്രിയായ സീതയെ അപഹരിച്ചു കൊണ്ടുപോയി ആറുമാസകാലം അമ്മയെപ്പോലെ ലങ്കയിൽ താമസിപ്പിക്കും. പിന്നെ അവർ രാമബാണങ്ങൾക്കു ലക്ഷ്യമായിത്തീർന്നു മരണം

പ്രാപിക്കയും ചെയ്യും. രാവണനിഗ്രഹത്തിന്നായി രാമൻ വാനരരാജാവായ ബാലിയെക്കൊന്ന് അവന്റെ സഹോദരനായ സുഗ്രീവനെ കിഷ്കിന്ധാരാജാവാക്കി വാഴിക്കുകയും, അവനുമായി സഖ്യം ചെയ്ത് അവന്റെ സഹായത്താൽ സമുദ്രത്തിൽ സേതു ബന്ധിച്ച് ആ മാർഗ്ഗത്തൂടെ ലങ്കയിൽ ചെന്ന് അവിടെയുള്ള ദുഷ്ടരാക്ഷസന്മാരെ എല്ലാം കൊന്നു സീതയെ വീണ്ടെടുത്ത് അയോദ്ധ്യയിലേയ്ക്കു വരും. പിന്നെ ശ്രീരാമൻ ദിഗ്ജയയാത്രയും അശ്വമേധയാഗവും മററും ചെയ്തു സപ്തദ്വീപങ്ങളേയും രക്ഷിച്ചു പട്ടമഹിഷിയായ സീതയോടും അനുജന്മാരോടും ബന്ധുക്കളോടുംകൂടി സുഖമായി താമസിക്കും. ഞാൻ പറഞ്ഞ ഈ സംഗതികളെല്ലാം സ്വകാര്യമായി അങ്ങയുടെ മനസ്സിൽ മാത്രം വെച്ചുകൊണ്ടിരുന്നാൽ മതി. ആരോടും ഇവയെ പ്രസ്താവിക്കരുത്."

മേൽപ്രകാരം മുൽഗലമഹർഷി പറഞ്ഞതു കേട്ടു ദശരഥൻ സന്തോഷിച്ച് അദ്ദേഹത്തെ നമസ്കരിച്ചു തന്റെ പൂർവ്വജന്മത്തേയും തനിക്കു പുത്രനായി മഹാവിഷ്ണുവും, പുത്രഭാര്യയായി ലക്ഷ്മീദേവിയും പിറക്കുവാൻ മാത്രം താൻ ചെയ്തിട്ടുള്ള സുകൃതം എന്താണെന്നതിനേയും കൂടി അരുളിച്ചെയ്യേണമെന്ന് അപേക്ഷിക്കുകയും അതുപ്രകാരം മഹർഷി പിന്നേയും പറവാനാരംഭിക്കയും ചെയ്തു. "ഹേ മഹാരാജാവേ! സഹ്യാദ്രിക്കു സമീപമുള്ള കരവീരം എന്ന നഗരത്തിൽ സർവ്വധർമ്മമർമ്മജ്ഞനായി ധർമ്മദത്തൻ എന്നു പ്രസിദ്ധനായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അദ്ദേഹം വിഷ്ണുവിന്നു പ്രീതികരങ്ങളായ അനേകം വ്രതങ്ങളനുഷ്ഠിച്ചു പൂജ ചെയ്കയും ദ്വാദശാക്ഷരവിദ്യ എന്ന വാസുദേവമന്ത്രത്തെ എപ്പോഴും ജപിച്ചുകൊണ്ടും അതിഥികളെ പൂജിച്ചുകൊണ്ടും പാർത്തു വരികയും ചെയ്തു. അക്കാലത്ത് ഒരിക്കൽ കാർത്തികമാസത്തിൽ ഏകാദശിദിവസം ഉപവാസം ചെയ്തു രാത്രിയിൽ ഉറക്കൊഴിച്ചു പിറേറദിവസം പ്രഭാതത്തിൽ പൂജാസാധനങ്ങളോടുകൂടി ക്ഷേത്രത്തിലേയ്ക്കു പുറപ്പെട്ടു. വഴിയിൽ ഘോരദംഷ്ട്രകളോടും, രക്തദൃഷ്ടികളോടും

ത്തുങ്ങിയ ജിഹ്വയോടും, ആപാദചൂഡം എല്ലും കോലുമായ സ്വരൂപത്തോടുംകൂടിയ ഒരു രാക്ഷസി ഭയങ്കരമായ ഘർഘര ശബ്ദത്തോടുകൂടി അദ്ദേഹത്തിൻെറ നേരിട്ടുവന്നു. ബ്രാഹ്മണൻ ആ സത്വത്തെ കണ്ടു ഭയപ്പെട്ടു പൂജാദ്രവ്യങ്ങൾ അവളുടെ നേരെ എറിഞ്ഞു ഹരിനാമസങ്കീർത്തനം ചെയ്തു വിഷ്ണുവിനെ ധ്യാനിച്ചു തുളസീതീർത്ഥം കയ്യിലെടുത്ത് അവളുടെ മേൽ തളിച്ചു. തീർത്ഥം അവളുടെ മേൽ വീണക്ഷണത്തിൽ അവൾ സർവ്വപാപങ്ങളിൽനിന്നും വിമുക്തയായിത്തീൎന്നു. അപ്പോൾ പൂർവ്വജന്മസ്മരണയും ഉണ്ടായി. പിന്നെ അവൾ ധർമ്മദത്തനോട് 'ഹേ ബ്രാഹ്മണോത്തമ! മുജ്ജന്മത്തിൽ ചെയ്ത ദുഷ്കൃതം നിമിത്തം എൻെറ ഗതി ഇങ്ങിനെയായി. ഇനി സൽഗതി വരുവാനുള്ള വഴി എന്തെന്ന് ഉപദേശിച്ചുതരണം' എന്നു പറഞ്ഞപ്പോൾ അദ്ദേഹം ദയയോടുകൂടിയും തുളസീതീർത്ഥത്തിൻെറ മഹിമ വിചാരിച്ച് അത്ഭുതത്തോടുകൂടിയും അവളോട് 'നിണക്ക് ഈ ഗതി വരുവാൻ എന്തു ദുഷ്കർമ്മമാണു മുമ്പു നീ ചെയ്തത്. നീ എവിടെനിന്നു വരുന്നു. നീ എന്തു സമ്പ്രദായക്കാരിയാണ്' എന്നു ചോദിച്ചു. അതിന്നു രാക്ഷസി ഇങ്ങിനെ മറുപടി പറഞ്ഞു.

'ഹേ ബ്രാഹ്മണാ! സൌരാഷ്ട്രദേശത്തിൽ ഭിക്ഷു എന്നു പേരായി ഒരു ബ്രാഹ്മണൻ ഉണ്ട്. അദ്ദേഹത്തെയാണു ഞാൻ ഭർത്താവായി പ്രാപിച്ചത്. എൻെറ പേര് കലഹ എന്നാണ്. ഞാൻ എപ്പോഴും ഭർത്താവു പറയുന്നതിന്നു എതിരായി പ്രവർത്തിച്ചുവന്നു. സ്നേഹത്തോടുകൂടി അദ്ദേഹത്തോടു സംസാരിക്കയോ പെരുമാറുകയോ ഒരിക്കലും ഞാൻ ചെയ്തില്ല. ഭക്തിയോടുകൂടിയും തൃപ്തികരമായും ഒരിക്കലും ഞാൻ അദ്ദേഹത്തിന്നു ഭക്ഷണം വിളമ്പിക്കൊടുക്കുക ഉണ്ടായിട്ടില്ല. അതുതന്നേയും എൻെറ ഊണു സുഖമായി കഴിച്ചതിന്നുശേഷമേ ചെയ്തിരുന്നുള്ളു. ഇങ്ങിനെ ഇരിക്കേ ഭർത്താവ് ഒരിക്കൽ തൻെറ ഒരു ആപ്തബന്ധുവിനോടു താൻ പറഞ്ഞതൊന്നും ഭാര്യ അനുസരിക്കാത്തതുകൊണ്ട് അവളെ നേർവഴിക്ക് ആക്കുവാൻ ഒരു ഉപായം

പറഞ്ഞുതരേണമെന്ന് ആവശ്യപ്പെട്ടു. സ്നേഹിതൻ അവരും എന്തെല്ലാമാണു വിപരീതമായി പ്രവൎത്തിക്കുന്നതെന്നു വിശദമായി പറവാൻ ആവശ്യപ്പെട്ടപ്പോരം അദ്ദേഹം താൻ എന്തു പറയുന്നുവോ അതിന്നൊക്കെ വിപരീതമായേ അവരം പ്രവൎത്തിക്കയുള്ളു എന്നു വിസ്തരിച്ചു പറഞ്ഞു. അപ്പോരം സ്നേഹിതൻ "അങ്ങിനെയാണെങ്കിൽ അങ്ങെയ്ക്കു എന്തെല്ലാമാണോ വേണ്ടത് അതെല്ലാം വേണ്ടെന്നു പറയുക. എന്നാൽ യഥാൎത്ഥത്തിൽ വേണ്ടതെല്ലാം ചെയ്യുമെന്നാണു തോന്നുന്നത്" എന്നു ഒരു യുക്തി പറഞ്ഞുകൊടുത്തു. അങ്ങിനെത്തന്നെ പരീക്ഷിക്കാമെന്നു പറഞ്ഞു ഭൎത്താവു ഗൃഹത്തിൽ വന്നു എന്നോടു "കലഹേ ഇന്ന് ഊണിന്നുപുറമെ ആരേയും ക്ഷണിക്കേണ്ട. എന്റെ സ്നേഹിതൻ വലിയ അപകടക്കാരനാണ്" എന്നു പ പറഞ്ഞു. അപ്പോരം ഞാൻ "നിങ്ങളുടെ സ്നേഹിതൻ ഏററവും യോഗ്യനാണ്. അദ്ദേഹത്തെ ഞാൻ ഇന്ന് ഉണ്ണാൻ ക്ഷണിക്കും" എന്നു പറഞ്ഞു സ്നേഹിതനെ വരുത്തി സുഖമായ ഭക്ഷണം കൊടുത്തു. അതു മുതൽ ഭൎത്താവു തന്റെ ആഗ്രഹത്തിന്നു വിപരീതമായി പറഞ്ഞ് എല്ലാ ആഗ്രഹങ്ങളേയും സാധിച്ചും കൊണ്ടു വന്നു. അങ്ങിനെ കഴിയുന്നതിന്നിടയിൽ ഒരു ദിവസം ഭൎത്താവിന്നു അച്ഛന്റെ ശ്രാദ്ധമായിരുന്നു. അന്നു ഭൎത്താവു "കലഹേ ഇന്നു അച്ഛന്റെ ശ്രാദ്ധദിവസമാണ്. ശ്രാദ്ധം ഞാൻ ഊട്ടാൻ വിചാരിക്കുന്നില്ല" എന്നു എന്നോടു പറഞ്ഞു. ഉടൻതന്നെ ഞാൻ ശ്രാദ്ധത്തിന്നു വിശിഷ്ടന്മാരായ ബ്രാഹ്മണരെ ക്ഷണിച്ചുകൊണ്ടു വന്നു ഭൎത്താവിനോടു "നല്ലകാൎയ്യം! നിങ്ങളുടെ ബുദ്ധി ഇങ്ങിനെ ആയ്യ് എന്താണ്. അച്ഛന്റെ പുത്രനായി പിറന്നിട്ടു ശ്രാദ്ധം ഊട്ടേണ്ടെന്നു തോന്നിയല്ലോ. നിങ്ങരക്ക് എന്തുഗതിയാണു വരിക എന്ന് അറിഞ്ഞില്ല." എന്നുപറഞ്ഞു. അതിന്നു ഭൎത്താവ് 'നീ ശ്രാദ്ധത്തിന്നു വട്ടംകൂട്ടുകയാണെങ്കിൽ വിശേഷവിധിയായ വിഭവങ്ങളൊന്നും ഉണ്ടാക്കേണ്ട. ബ്രാഹ്മണരേയും അധികം ക്ഷണിക്കേണ്ട. എണ്ണത്തിന്നു ഒരാരം മാത്രം മതി' എന്നു മറുപടി പറഞ്ഞു. ഞാനാകട്ടെ യോഗ്യ

ന്മാരായ 18 ബ്രാഹ്മണരെ ക്ഷണിക്കുകയും കുളിച്ചു ശുദ്ധമായി വിശേഷപ്പെട്ട പദാൎത്ഥങ്ങൾ ശ്രാദ്ധഭോജനത്തിന്നു തയ്യാറാക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം 'കലഹേ! ഇന്നു നമുക്കു ശ്രാദ്ധത്തിന്നു മുമ്പു സുഖമായി ഊണുകഴിക്കുക. ബാക്കി ഉള്ളതുകൊണ്ടു ബ്രാഹ്മണരെ ഊട്ടിയാൽ മതി' എന്നു പറഞ്ഞു. ഞാനാകട്ടെ 'തരക്കേടില്ല. അച്ഛന്റെ ശ്രാദ്ധമായിട്ടു് ആദ്യം ഊണും കഴിച്ചു ബ്രാഹ്മണൎക്കു ഉച്ഛിഷ്ടം കൊടുക്കുവാൻ തോന്നിയതു വിചിത്രം തന്നെ' എന്നു പറഞ്ഞു് ശ്രാദ്ധം വിധിപ്രകാരം കഴിപ്പിച്ചു. ശ്രാദ്ധത്തിന്റെ എണ്ണമായ പിണ്ഡദാനം, തൎപ്പണം മുതലായവ കഴിഞ്ഞപ്പോൾ ഭൎത്താവു ഞാൻ ഇന്നു ഭക്ഷണം കഴിക്കാതെ പട്ടിണികിടക്കുവാനാണു് വിചാരിക്കുന്നതെന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ ബുദ്ധിയെ നിന്ദിച്ചു 'ശ്രാദ്ധം ഊട്ടിട്ടു പട്ടിണികിടന്നാൽ ആവൎത്തിക്കണം എന്നാണു് വിധി. അതുകൊണ്ടു നിങ്ങൾ തീൎച്ചയായും ഉണ്ണണം' എന്നു പറഞ്ഞു ഭൎത്താവിന്നു സകലപദാൎത്ഥങ്ങളോടുംകൂടി സുഖമായി ഭോജനം വിളമ്പികൊടുത്തു. പിന്നെ ഭൎത്താവു എന്തുകൊണ്ടോതാൻ സാധാരണയായി പറയാറുള്ള പതിവിനെ മറന്നു ശ്രാദ്ധപിണ്ഡങ്ങളെ ശുചിയായ തീൎത്ഥത്തിൽ കൊണ്ടുപോയി ഇടുവാൻ എന്നോടു പറകയും ഞാൻ എന്റെ പതിവു മറക്കാതെ ആ പിണ്ഡങ്ങൾ ശൌചകുഴിയിൽ കൊണ്ടുപോയി ഇടുകയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ ഭൎത്താവ് വളരെ വ്യസനിക്കയും 'ഓ, ശരി' എന്നു മന്ത്രിച്ചു എന്നോടു ആട്ടെ ആ പിണ്ഡം എനി ശൌചകുഴിയിൽനിന്നു എടുക്കേണ്ട എന്നു പറകയും ചെയ്തു. ഉടനെ ഞാൻ പിണ്ഡങ്ങൾ കുഴിയിൽനിന്ന് എടുത്തുകൊണ്ടുവന്നു. അതു കണ്ടപ്പോൾ ഇനി ഇതു ശുചിയായ ജലത്തിൽ എങ്ങാനും ഇട്ടേക്കരുതേ എന്നു പറയുകയും ഞാൻ അവയെല്ലാം പരിശുദ്ധമായ തീൎത്ഥത്തിൽ തന്നെ ഇടുകയും ചെയ്തു. ഇങ്ങിനെ ഭൎത്താവു പറയുന്നതിനെല്ലാം ഞാൻ വിപരീതമായി പ്രവൎത്തിക്കുന്നതു കണ്ടിട്ട് അദ്ദേഹത്തിന്നു എന്നിൽ വലിയ അതൃപ്തി

തോന്നുകയും വേറെ ഒരു വിവാഹം ചെയ്വാൻ ശ്രമിക്കുകയും ചെയ്തു. അത് അറിഞ്ഞിട്ടു ഞാൻ വിഷം കുടിച്ചു മരിക്കുകയും ചെയ്തു. മരണസമയത്തു യമദൂതന്മാർ എന്നെ പിടിച്ചു യമധർമ്മരാജാവിന്റെ മുമ്പിൽ കൊണ്ടുചെന്നപ്പോൾ യമൻ ചിത്രഗുപ്തനോടു എന്റെ പുണ്യപാപങ്ങളെ വിവരിക്കുവാൻ കല്പിച്ചു. ചിത്രഗുപ്തൻ അദ്ദേഹത്തോട് ഇങ്ങിനെയാണ് അറിയിച്ചത്. "സ്വാമിൻ, ഇവൾ പുണ്യമെന്നുള്ളതു ചെയ്തിട്ടു ഇല്ല. പതിവായി ഭർത്താവിന്റെ ഊണിന്നു മുമ്പു ഭക്ഷണം കഴിച്ചിരുന്നു. ആ പാപത്തിന്നു തന്റെ മലത്തെ താൻതന്നെ തിന്നുന്ന വൽഗു എന്ന പ്രാണിയായിട്ടു ഇവൾ ജനിക്കണം. ഇവൾ ഭർത്താവിന്റെ വാക്കു കേൾക്കാതെ കലഹം ചെയ്തുവന്നതുകൊണ്ടു പതിയായി ജനിച്ചു [illegible] കാര്യമായി വെക്കുന്ന പാത്രത്തിൽനിന്നു തന്നെ ഭോജനം കഴിച്ചിരുന്നതുകൊണ്ടു പെററപിള്ളയെ തിന്നുന്ന പൂച്ചയായിട്ടു പിറക്കണം. അതും പോര ഭർത്താവ് രണ്ടാംവേളിക്കു ആലോചിച്ചപ്പോൾ ആത്മഹത്യ ചെയ്തതുകൊണ്ട് കുറച്ചുകാലം പ്രേതാകൃതിയായി നടക്കുകയും വേണം. പിന്നെ നമ്മുടെ കിങ്കരന്മാരെക്കൊണ്ട് ഇവളെ പാലവനത്തിൽ തള്ളിയിടണം. അവിടേയും അനേകകാലം പ്രേതമായിത്തന്നെ ഇരിക്കണം. പിന്നേയും മൂന്നു ജന്മങ്ങൾ പാപം ചെയ്തുതന്നെ ഇവൾ കഴിച്ചുകൂട്ടണം." ചിത്രഗുപ്തൻ ഇങ്ങിനെ പറഞ്ഞതു കേട്ടു യമൻ അപ്രകാരംതന്നെ എല്ലാം കല്പിക്കുകയും യമകിങ്കരന്മാർ പ്രേതരൂപിയായ എന്നെ പാലവനത്തിൽ കൊണ്ടുപോയി തള്ളുകയും ചെയ്തു. ആ വനത്തിൽ എന്റെ ദുഷ്കർമ്മം നിമിത്തം പതിനഞ്ചു കൊല്ലം കാലം വളരെ ദുഃഖങ്ങൾ അനുഭവിച്ചു വിശപ്പും ദാഹവും അടക്കാതെകണ്ടു കഴിച്ചുകൂട്ടിയതിന്നു ശേഷം ഞാൻ അവിടെ [illegible]

[illegible]

ന്നി വാദിക്കു ക്കു [illegible] ച്ചു. അപ്പോൾ ചില വൈഷ്ണവന്മാരും ശൈവന്മാരും ചേർന്നു

അവരുടെ മന്ത്രപ്രയോഗങ്ങളെകൊണ്ടു എന്നെ ആ ശരീരത്തിൽനിന്നു ഒഴിപ്പിച്ചു. പിന്നെ വിശന്നും ദാഹിച്ചും വലഞ്ഞു മുമ്പത്തെ സ്വരൂപത്തിൽതന്നെ ഭൂമിയിൽ പലദിക്കിലും ചുററി തിരിയുന്നതിനിടയിൽ ഇതാ ഇപ്പോൾ അങ്ങയേ കണ്ടെത്തി. അങ്ങയുടെ തൃക്കയ്യുകൊണ്ടു തളിച്ച തുളസീതീർത്ഥത്തിൻെറ മഹിമയാൽ ഞാൻ സർവ്വപാപങ്ങളിൽനിന്നും വിമുക്തയായി. എനിക്ക് ഈ പ്രേതദേഹത്തിൽനിന്നു എങ്ങിനെ മുക്തിലഭിക്കും? എനി മൂന്നുജന്മങ്ങളിൽ എനിക്കു വരുവാനിരിക്കുന്ന അവസ്ഥ എന്താണ്. അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്ന എൻെറ പേരിൽ ദയയുണ്ടായി എല്ലാം പറഞ്ഞുതന്നു എന്നെ അനുഗ്രഹിക്കണം."

അവൾ ഇപ്രകാരം പറഞ്ഞപ്പോൾ ധർമ്മദത്തൻ അവളുടെ പേരിൽ ദയയോടുകൂടി കുറച്ചുനേരം ആലോചിച്ചതിന്നുശേഷം താഴെ പറയുംപ്രകാരം പ്രസ്താവിച്ചു.

സാരകാണ്ഡം നാലാംസർഗ്ഗം സമാപ്തം.

## അഞ്ചാംസർഗ്ഗം.

ധർമ്മദത്തൻ പറയുന്നു.

തീർത്ഥം, സ്നാനം, ദാനം, വ്രതം മുതലായവകൊണ്ടു സർവ്വപാപങ്ങളും നശിപ്പിച്ചുപോകും. എന്നാൽ നീ പ്രേതശരീരത്തോടുകൂടി ഇരിക്കുന്നവളായതുകൊണ്ടു നിണക്കു അവയെ ചെയ്യാൻ അധികാരമില്ല. നിൻെറ ദുഃഖം കണ്ടിട്ടു എൻെറ മനസ്സിൽ വലിയ വ്യസനം തോന്നുന്നുണ്ട്. നിൻെറ ദുഃഖം തീരുന്നതുവരെ എനിക്കു മനസ്സമാധാനം ഉണ്ടാകയില്ല. നിൻെറ പാപമാണെങ്കിൽ വളരെ തീവ്രവും മൂന്നു ജന്മങ്ങളിൽ അനുഭവിക്കേണ്ടതുമാണ്. ഏററവും ഹീനമായ ഈ പ്രേതാവസ്ഥ നിൻെറ അല്പമായ പുണ്യംകൊണ്ടു തീരുന്നതല്ല. അതുകൊണ്ടു ഞാൻ ജനിച്ചമുതൽക്ക് അനുഷ്ഠിച്ചുവന്നിട്ടുള്ള കാർത്തി

കവ്രതംകൊണ്ടുണ്ടായ സുകൃതത്തിൽ പകുതി നിണക്കു തരാം. അതുകൊണ്ടു നീ സൽഗതിയെ പ്രാപിച്ചാലും. കാൎത്തികവ്രതത്തോടു സമമായിട്ടു മറെറാരു പുണ്യകൎമ്മവും ഇല്ല. യജ്ഞം, ദാനം, തീൎത്ഥസ്നാനം മുതലായവയെല്ലാറ്റിലും അധികം ശ്രേഷ്ഠമായിട്ടുള്ളതു കാൎത്തികാവ്രതമാണ്.

ഇങ്ങിനെ പറഞ്ഞു ധൎമ്മദത്തൻ ആ രാക്ഷസിയുടെ ചെവിയിൽ പെട്ടമാറു വാസുദേവമന്ത്രത്തെ ജപിച്ചുകൊണ്ട് അവളെ തുളസീതീൎത്ഥംകൊണ്ടു സ്നാനം ചെയ്യിച്ചു. അപ്പോൾ അവൾ പ്രേതാവസ്ഥയിൽനിന്നു മുക്തയായി അഗ്നിജ്വാലയോടൊത്ത ദിവ്യരൂപവും, ഉൎവ്വശിക്കുള്ളപോലെയുള്ള ലാവണ്യവും ഉള്ളവളായിത്തീൎന്നു. എന്നിട്ട് അവൾ ധൎമ്മദത്തന്റെ കാക്കൽ വീണു നമസ്കരിച്ചു "ഹേ ഉത്തമബ്രാഹ്മണാ! കൃപാനിധേ! നിന്തിരുവടിയുടെ കാരുണ്യംകൊണ്ട് അടിയനു നരകാവസ്ഥയിൽനിന്നു മോചനം ലഭിച്ചു, പാപസമുദ്രത്തിൽ മുങ്ങി കരകാണാതെ ക്ലേശിച്ചിരുന്ന അടിയനു നിന്തിരുവടി അവലംബമായി ഭവിച്ചു" എന്നു പറഞ്ഞപ്പോഴേക്ക് ആകാശത്തിൽ വിഷ്ണുപാൎഷദന്മാരാൽ കൊണ്ടുവരപ്പെട്ട ഒരു വിമാനം അവൾക്കു കാണുമാറായി. അതിൽ കയറിവന്നിരുന്ന പുണ്യശീലൻ, സുശീലൻ മുതലായ വിഷ്ണുഗണങ്ങൾ അപ്സരസ്ത്രീകളോട്ടുംകൂടി മേൽപറഞ്ഞ കലഹയുടെ സമീപത്തു വന്ന് അവളെ വിമാനത്തിൽ കയററി. അതു കണ്ട് അത്യാശ്ചൎയ്യത്തോടുകൂടി ധൎമ്മദത്തൻ നമസ്കരിച്ചപ്പോൾ വിഷ്ണുപാൎഷദന്മാർ അദ്ദേഹത്തോട് ഇങ്ങിനെ പറഞ്ഞു. "ഹേ ബ്രാഹ്മണകുലോത്തമ! അങ്ങുന്നു ചെയ്തതു നല്ലതുതന്നെ. അങ്ങുന്നു വിഷ്ണുവിനെ വഴിപോലെ പൂജിച്ചിട്ടുള്ളവനും സാധുക്കളുടെ പേരിൽ അനുകമ്പയുള്ളവനും ധൎമ്മജ്ഞനുമാണ്. വൈഷ്ണവങ്ങളായ അനേകം വ്രതങ്ങളെ അനുഷ്ഠിച്ച് അങ്ങുന്നു വിഷ്ണുവിനെ സന്തോഷിപ്പിച്ചിരിക്കുന്നു. അങ്ങുന്നു ജനനം മുതൽക്ക് അനുഷ്ഠിച്ചുപോന്നിട്ടുള്ള കാൎത്തികവ്രതപുണ്യത്തിന്റെ പകുതിഭാഗം ഈ സാധുസ്ത്രീക്കു കൊടുത്തതുകൊണ്ട് അങ്ങയുടെ പുണ്യം ഒന്ന് എരട്ടിക്കുകയാ

10

ണു ചെയ്തിട്ടുള്ളത്. ഇവരം പല ജന്മങ്ങളിലും ചെയ്തിട്ടുള്ള പാപങ്ങളെല്ലാം നിൻെറ പുണ്യദാനത്താൽ ഒഴിഞ്ഞുപോയി. എന്നുമാത്രമല്ല നിൻെറ ഹരിവാസരജാഗരണം മുതലായ സൽക്കർമ്മങ്ങളുടെ ഫലമായി ഈ വിമാനം ഇവിടെ വന്നു തുളസീതീർത്ഥസ്നാനംകൊണ്ട് ഏനിയുള്ള ജന്മങ്ങളിലെ പാപങ്ങളിൽനിന്നുകൂടി വിമുക്തയായ ഇവളെ കൊണ്ടുപോകുവാൻ തെയ്യാറാകയും ചെയ്തിരിക്കുന്നു. ഇനി കാർത്തികദിവസം ദീപദാനം ചെയ്ത പുണ്യത്താലാണു ഇവരംക്കു തേജോമയമായ ഈ രൂപം സിദ്ധിച്ചതു്. നിൻെറ തുളസീപൂജയാകുന്ന സുകൃതത്താൽ ഇവരംക്കു വിഷ്ണുസന്നിധിയിലേയ്ക്കു ചെല്ലുവാനുള്ള ഭാഗ്യവും സിദ്ധിച്ചിരിക്കുന്നു. ഹേ ദയാലുവായ സാധുബ്രാഹ്മണ! സകലഭാഗ്യസമ്പന്നയായ ഇവളെ ഞങ്ങരം വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകുന്നു. ഞങ്ങളും ഈ ജന്മത്തിൻെറ അവസാനത്തിൽ വിഷ്ണുസായൂജ്യം സിദ്ധിച്ചു ഭാൎയ്യമാരോടുകൂടെ വൈകുണ്ഠത്തിലേയ്ക്കു വരും. നിങ്ങളെപ്പോലെ ഭക്തിയോടുകൂടി വിഷ്ണുവിനെ ഭജിച്ചവരായ സകലരും ധന്യന്മാരും പുണ്യശാലികളും ആയിത്തീൎന്നു ജന്മസാഫല്യത്തെ പ്രാപിക്കും. തന്നെ ആരാധിച്ചവരായ ഭക്തന്മാൎക്കു നല്ല ഫലം കൊടുക്കുന്നവനാണു വിഷ്ണു. ഉത്താനപാദരാജാവിൻെറ പുത്രന്ന് അഞ്ചാമത്തെ വയസ്സിൽ ധ്രുവപദത്തെ വിഷ്ണുഭഗവാൻ കല്പിച്ചു കൊടുത്തില്ലേ? ഇങ്ങിനെയുള്ള വിഷ്ണുവിനെ നിങ്ങരം ജനനം മുതൽ ഇടവിടാതെ ഭക്തിപൂൎവ്വം പൂജിച്ചുവന്നതുകൊണ്ടു നിങ്ങളുടെ രണ്ടു ഭാൎയ്യമാരോടുംകൂടി വിഷ്ണുലോകം പ്രാപിച്ച് എണ്ണായിരം സംവത്സരം വിഷ്ണുവിനെ സാക്ഷാത്തായി സേവിച്ചു തദവസാനത്തിൽ സൂൎയ്യവംശത്തിൽ ദശരഥമഹാരാജാവായി പിറക്കുകയും രണ്ടു ഭാൎയ്യമാരെ പ്രാപിക്കുകയും ചെയ്യും. പിന്നെ അങ്ങയുടെ പകുതി പുണ്യംകൊണ്ടു സൽഗതിയെ പ്രാപിച്ച് ഈ കലഹ കേകയരാജാവിൻെറ പുത്രിയായി ജനിച്ച് അങ്ങയുടെ മൂന്നാമത്തെ ഭാൎയ്യയായി ഭവിക്കും. ഈ ജന്മത്തിലും മഹാവിഷ്ണു അങ്ങയ്ക്കു പ്രത്യക്ഷദൎശനം തരികയും ദേവകാൎയ്യാൎത്ഥമായി രാമനാമം ധ

രിച്ച് അങ്ങയുടെ പുത്രനായിട്ട് അവതരിച്ച് രാവണാദികളാ
യ രാക്ഷസന്മാരെ സംഹരിച്ചു രാജ്യം പരിപാലിക്കയും ചെയ്യും.
അങ്ങുന്നു ചെയ്തിട്ടുള്ള വിഷ്ണുവ്രതങ്ങളോടു താരതമ്യപ്പെടുത്തി
നോക്കുമ്പോൾ യജ്ഞം, ദാനം, തീൎത്ഥോപവാസം മുതലായവ
എത്രയോ താഴെയാണ്. ആകയാൽ ഹേ ധൎമ്മദത്താ എനി
ഉള്ള കാലത്തും നിങ്ങൾ വിഷ്ണുവ്രതങ്ങളെ അനുഷ്ഠിച്ചുകൊണ്ടും,
മദമാത്സൎയ്യാദികൾക്ക് എടം കൊടുക്കാതെകണ്ടും, സൎവ്വരിലും
സമഭാവനയോടുകൂടി വസിക്കണം. കാൎത്തികമാസം, മാഘമാ
സം, ചൈത്രമാസം, വൈശാഖമാസം എന്നിവയിൽ കൊല്ലം
തോറും മുടങ്ങാതെ പ്രാതസ്സ്നാനം ചെയ്യണം. ഏകാദശിവ്രതം
അനുഷ്ഠിക്കുകയും തുളസിയെ പൂജിക്കുകയും തുളസികാടുവെച്ചു
സംരക്ഷിക്കുകയും വേണം. ബ്രാഹ്മണർ, പശുക്കൾ, വിഷ്ണുഭക്ത
ന്മാർ എന്നിവരെ എപ്പോഴും സേവിക്കയും വേണം. ചുരക്കാ
യ, കത്തിരിക്ക മുതലായവ ഉപയോഗിക്കരുത്. ഇങ്ങിനെ ഇ
രുന്നാൽ നിങ്ങളും ഞങ്ങളെപ്പോലെ വിഷ്ണുസാലോക്യത്തെ പ്രാ
പിക്കും. ഹേ! ബ്രാഹ്മണശ്രേഷ്ഠാ! വിഷ്ണുഭക്തനായ അങ്ങയു
ടെ സുകൃതാൎദ്ധം കൊടുത്തതുനിമിത്തം ഇവളെ ഞങ്ങളിതാ
കൊണ്ടുപോകുന്നു. അങ്ങുന്നു മഹാ ധന്യൻതന്നെ" എന്നു പ
റഞ്ഞു വിഷ്ണുദാസന്മാർ കലഹയെ വിമാനത്തിൽ കയററി
വൈകുണ്ഠലോകത്തേയ്ക്കു കൊണ്ടുപോയി.

ഹേ ദശരഥമഹാരാജാവേ! വിഷ്ണുപാൎഷദന്മാരുടെ ഉപ
ദേശപ്രകാരം ധൎമ്മദത്തൻ പിന്നേയും വിഷ്ണുവ്രതങ്ങളെ അനു
ഷ്ഠിക്കുകയും അവർ പറഞ്ഞപ്രകാരം തന്നെ അന്ത്യകാലത്തിൽ
രണ്ടു ഭാൎയ്യമാരോടുംകൂടി വൈകുണ്ഠലോകത്തിൽ ചെന്നു നി
ശ്ചിതമായ എണ്ണായിരം വൎഷകാലം ഭഗവാനെ സേവിക്കുക
യും തദനന്തരം ദശരഥനായിട്ടുള്ള ഈ ജന്മത്തെ സ്വീകരിച്ചു
സൂൎയ്യവംശത്തിൽ ജനിക്കുകയും ചെയ്തു. ആ ധൎമ്മദത്തൻ ത
ന്നെയാണ് അങ്ങുന്ന്. അങ്ങയുടെ മൂന്നു ഭാൎയ്യമാരിൽ മൂത്തവ
ളിൽ മഹാവിഷ്ണു ശ്രീരാമനായും, ഇളയവളിൽ ആദിശേഷൻ
ലക്ഷ്മണനായും, മൂന്നാമത്തെ ഭാൎയ്യയിൽ ശംഖചക്രങ്ങൾ ഭര

ശത്രുഘ്നന്മാരായും അവതരിച്ചിരിക്കുന്നു. സാക്ഷാൽ മഹാവിഷ്ണു വിനെത്തന്നെ പുത്രനായി ലഭിച്ചതുകൊണ്ട് അങ്ങയെപ്പോലെ ഒരു ഭാഗ്യവാൻ വേറെ ഇല്ല എന്നു പറഞ്ഞു മുൽഗലമഹഷി ദശരഥനെ ബഹുമാനിച്ചു പറഞ്ഞയച്ചു.

പരമശിവൻ പറയുന്നു.

അനന്തരം ദശരഥൻ ഏററവും കൃതാൎത്ഥതയോടെ രാമലക്ഷ്മണന്മാരെ ആലിംഗനം ചെയ്തു സന്തോഷത്തോടുകൂടി പരിവാരസമേതനായി അയോദ്ധ്യയിലേയ്ക്കുള്ള യാത്രയെ തുടൎന്നു. മഹാരാജാവിൻെറ എഴുന്നെള്ളത്തുണ്ടെന്ന് അറിഞ്ഞു മന്ത്രിമാർ കൊടിക്കൂറകൾ ഉയൎത്തി, തോരണം നാട്ടി, നഗരം അലങ്കരിക്കുകയും വീഥികളിൽ ചന്ദനച്ചാർ തളിക്കുകയും മംഗളവാദ്യങ്ങളെ മുഴക്കുകയും ചെയ്തു മഹാരാജാവിനെ പട്ടണപ്രവേശം ചെയ്യിച്ചു. പൌരസ്ത്രീകൾ കുട്ടികളേയും എടുത്തുകൊണ്ടു മാളികകളുടെ മുകളിൽ കയറിനിന്നു മഹോത്സവത്തോടുകൂടി വരുന്ന ശ്രീരാമൻെറ ശിരസ്സിൽ സ്വൎണ്ണപുഷ്പങ്ങളെ വൎഷിച്ചു. ചില സ്ത്രീകൾ ദശരഥാദികളുടെ മുമ്പിൽ വന്നു ദൃഷ്ടിദോഷപരിഹാരത്തിന്നായി കംഭദീപംകൊണ്ടു നീരാജനം ചെയ്ത് ഉപചരിച്ചു. ഇങ്ങിനെയുള്ള മഹോത്സവങ്ങളോടുകൂടി ദശരഥൻ തൻെറ രാജധാനിയിൽ പ്രവേശിക്കുകയും പിന്നെ തന്നോടുകൂടെ വന്നവരായ ജനകരാജമന്ത്രിമാരെ വിരുന്നുകൊണ്ടും സമ്മാനങ്ങളെക്കൊണ്ടും തൃപ്തിപ്പെടുത്തി മിഥിലയിലേയ്ക്കു പറഞ്ഞയയ്ക്കുകയും ചെയ്തു. ഇങ്ങിനെ കൊല്ലംതോറും ഉത്സവങ്ങൾക്കു ജനകൻ ദശരഥനെ ക്ഷണിച്ചു ബഹുമാനിച്ചുംകൊണ്ടു വന്നു. ഇങ്ങിനെ കുറെക്കാലം കഴിഞ്ഞു. ശ്രീരാമനേക്കാൾ ആറു മാസത്തെ വയസ്സു കുറഞ്ഞവളായ സീതാദേവി വിവാഹശേഷം പതിനൊന്നാമത്തെ വൎഷത്തിൽ ഋതുവായി മംഗളസ്നാനം ചെയ്തു. ഈ വൎത്തമാനം ദശരഥൻ മിഥിലയിലേയ്ക്ക് അറിയിക്കുകയും ജനകമഹാരാജാവു പത്നിമാരോടും മന്ത്രിമാരോടും കൂടി അയോദ്ധ്യയിലേയ്ക്കു വരികയും ദശരഥൻ അദ്ദേഹത്തെ ആദരപൂൎവ്വം സ്വീകരിച്ചു സല്ക്കരിക്കുകയും ചെയ്തു.

പിന്നെ ദശരഥൻ ശ്രീരാമന്റെ ഋതുശാന്തിമുഹൂർത്തം നിശ്ചയിച്ച് ഉത്സാഹത്തോടുകൂടി പട്ടണത്തെ കുലവാഴ, കരിമ്പു, പുഷ്പങ്ങൾ, കണ്ണാടികൾ മുതലായവകൊണ്ട് അലങ്കരിച്ചു മുഹൂർത്തമണ്ഡപം കെട്ടിച്ച് അതിനേയും അലങ്കരിച്ചു ശുഭമായ മുഹൂർത്തത്തിൽ വസിഷ്ഠമഹർഷിയുടെ ആഭിമുഖ്യത്തിൽ സേകം എന്ന കർമ്മത്തെ ഘോഷമായി നടത്തി. മുഹൂർത്തസമയത്തു ജനകൻ ദശരഥനും അദ്ദേഹത്തിന്റെ പുത്രന്മാൎക്കും തന്റെ പുത്രിമാൎക്കും വസ്ത്രാഭരണാദികളെ സമ്മാനിക്കയും പിന്നെ ഒരുമാസം സുഖമായി അയോദ്ധ്യയിൽ താമസിച്ചു മിഥിലയിലേക്കു മടങ്ങിപ്പോകയും ചെയ്തു. ഇതുപ്രകാരംതന്നെ ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിവരുടെ ഋതുശാന്തിമുഹൂർത്തങ്ങൾക്കും ജനകനെ ക്ഷണിക്കുക ഉണ്ടായി. ഇതിന്നുശേഷം അയോദ്ധ്യയിലെ എല്ലാ ഗൃഹങ്ങളിലും മംഗളം മേല്ക്കുമേൽ വൎദ്ധിച്ചുവന്നു. ദാരിദ്ര്യമെന്നത് ആൎക്കും ഇല്ലാതെയായി. എല്ലാവരും പുത്രമിത്രാദിഭാഗ്യത്തോടുകൂടിയും ആധിവ്യാധികൾ കൂടാതെയും സുഖമായി താമസിച്ചുവന്നു. രാമാദികൾ നാലുപേരും പത്നീസമേതന്മാരായി ഗാൎഹസ്ഥജീവിതത്തിൽ പ്രവേശിക്കുകയും ചെയ്തു.

ശ്രീരാമൻ പ്രഭാതത്തിൽ ഉണൎന്നു ദേഹശുദ്ധി ചെയ്തു പതിവായി സ്നാനം ചെയ്വാൻ ഗംഗാനദിയിലേക്കു ചെല്ലും. നദീതീരത്തു പല്ലക്കിൽനിന്നു ഇറങ്ങി മന്ത്രിമാരോടുകൂടി നദിയുടെ മണൽതിട്ടിലേക്കു ചെന്നു നദിയെ വണങ്ങി ശാസ്ത്രോക്തമായ വിധത്തിൽ സ്നാനത്തെ നിൎവ്വഹിക്കും. പിന്നെ അനേകം ബ്രാഹ്മണരോടുകൂടി സന്ധ്യാവന്ദനാദികളായ നിത്യകൎമ്മങ്ങൾ ചെയ്തു ആ ബ്രാഹ്മണൎക്കു ഗോദാനം, ഭൂമിദാനം മുതലായവയും വിധിപ്രകാരം ചെയ്തു അവരേയും സരയൂനദിയേയും പൂജിക്കും. പിന്നെ ദിവ്യാലങ്കാരങ്ങൾ അണിയിച്ചിട്ടുള്ള കുതിരകളെ പൂട്ടിയ തേരിൽ കയറി സരയൂസ്നാനംകൊണ്ടു പരിശുദ്ധനായ സാരഥിയെ തേർ തെളിപ്പാൻ കല്പിച്ചു രഥത്തിലുള്ള മണികളുടേയും കിങ്ങിണികളുടേയും ശബ്ദത്തോടുകൂടിയും, സ്വൎണ്ണദണ്ഡധാരിക

ളായ ചേവുകക്കാരൻ മുമ്പിൽ നടന്നു വഴി കാട്ടപ്പെട്ടും രാജധാനിയിലേയ്ക്കു ചെല്ലും. ആ സമയത്തു സ്ത്രീകൾ പുഷ്പങ്ങളെ വഷിക്കയും ചെയ്യും. ഇങ്ങിനെ സൂൎയ്യകോടിപ്രകാശത്തോടുകൂടിയ തന്റെ അരമനയിലേയ്ക്കു ശ്രീരാമൻ ചെല്ലുമ്പോഴെയ്ക്കും സീതാദേവി കാൽ കഴുകുവാനും ആചമിപ്പാനും ഉള്ള ജലവുംകൊണ്ടു തെയ്യാറായി നില്ക്കും. അവയെ സ്വീകരിച്ചു രാമൻ തങ്കമെതിയടി ഇട്ടുംകൊണ്ട് അഗ്നിഹോത്രശാലയിലേയ്ക്കു ചെല്ലും. അവിടെ ദിവ്യമായ ആസനത്തിൽ ദേവിയോടുകൂടി ഇരുന്നു ശാസ്ത്രോക്തപ്രകാരം അഗ്നിഹോത്രം അനുഷ്ഠിക്കും. പിന്നിട്ടു ലോകത്തിലുള്ളവരെല്ലാം ഈശ്വരാരാധന ചെയ്യേണമെന്നു കാണിപ്പാനോ എന്നു തോന്നുമാറു സൎവ്വേശ്വരനായ ശ്രീരാമൻ സ്ഫടികലിംഗത്തിൽ പരമശിവനെ ആവാഹിച്ചു കൎമ്മകാണ്ഡത്തിലെ വിധിപ്രകാരം വില്വപത്രം, തുളസിദളം, പുഷ്പം മുതലായവയെക്കൊണ്ട് അൎച്ചനയും സീതാദേവിയാൽ കൊണ്ടുവരപ്പെട്ട പക്വാന്നംകൊണ്ടു നിവേദ്യവും ചെയ്തു, ബ്രാഹ്മണരെ ദാനംകൊണ്ടു പൂജിച്ച് അവരുടെ ആശീൎവ്വാദം വാങ്ങിയതിന്നുശേഷം തുളസിപൂജ, ഗുരുപൂജ, പശുപൂജ, അശ്വപൂജ മുതലായവയെ ചെയ്യും. തദനന്തരം സൂൎയ്യനമസ്കാരം, ബ്രഹ്മയജ്ഞം എന്നിവ ചെയ്തു, സീതയോടുകൂടി ഗുരുമുഖേന പുരാണശ്രവണം ചെയ്യും. പിന്നെ പൌരാണികന്മാരെ പൂജിച്ചു തന്റെ ബന്ധുക്കളോടും ബ്രാഹ്മണരോടുംകൂടി നാളികേരം, വിളാമ്പഴം, മാമ്പഴം, മാതളിൻപഴം, വാഴപ്പഴം, ചക്കപ്പഴം മുതലായ ഫലങ്ങളേയും, ശുദ്ധമായ നെയ്യിൽ പാകംചെയ്തു ഭക്ഷ്യങ്ങളേയും യഥാസുഖം ഭക്ഷിച്ചു താംബൂലചൎവ്വണം ചെയ്തു കണ്ണാടിയിൽ മുഖം നോക്കി, സീതാദൎശനം ചെയ്തു സന്തുഷ്ടനായി മന്ത്രിപ്രധാനികളോടും വാദ്യഘോഷങ്ങളോടുംകൂടി തേരിൽ കയറി അമ്മമാരുടെ ഗൃഹങ്ങളിൽ ചെന്നു പ്രദക്ഷിണം ചെയ്തു നമസ്കരിച്ചു, പിന്നെ സിംഹാസനസ്ഥനായ ദശരഥമഹാരാജാവിനെ ചെന്നു വന്ദിച്ച് അദ്ദേഹത്തിന്റെ കല്പനപ്രകാരം ആസനത്തിൽ ഇരുന്നു രാജ്യകാൎയ്യങ്ങളെ ആലോചിക്കും. അങ്ങിനെ കുറച്ചുനേ

രം ഇരുന്നാൽ പിന്നെ പിതാവിനെ നമസ്കരിച്ചു യാത്രപറഞ്ഞു രഥാരൂഢനായി തന്റെ ഗൃഹത്തിലേയ്ക്കുതന്നെ പോരും. ആ സമയത്തു വാദ്യഘോഷങ്ങളും വാരസ്ത്രീകളുടെ നൎത്തനവും ഉണ്ടായിരിക്കും. ഗൃഹത്തിൽ എത്തിയാൽ സീതയോടു ചെന്നു ആനന്ദിക്കുകയും അന്നത്തെ വൎത്തമാനങ്ങളെല്ലാം പറയുകയും ഹാസ്യഗീതാദികളെക്കൊണ്ട് ആനന്ദിക്കുകയും ചെയ്യും. മദ്ധ്യാഹ്നസമയത്തു സരയൂനദിയിലോ തന്റെ ഗൃഹത്തിൽതന്നെയോ സ്നാനംചെയ്തു മാദ്ധ്യാഹ്നികകൎമ്മം നിൎവ്വഹിക്കും. ഇങ്ങിനെ ശ്രീരാമൻ നാൾതോറും സരയൂനദിയിൽ യാതൊരു ഭാഗത്തു സ്നാനം ചെയ്തുവന്നുവോ ആ ഭാഗത്തിന്നു ശ്രീരാമതീൎത്ഥം എന്നു പേരുണ്ടായി. ഈ ശ്രീരാമതീൎത്ഥത്തിൽ ചൈത്രമാസത്തിൽ സ്നാനജപാദികൾ ചെയ്യുന്നവൎക്കു വിശേഷഫലം സിദ്ധിക്കും എന്നുള്ള മഹിമയും ഉണ്ടായിത്തീൎന്നു. മാദ്ധ്യാഹ്നികത്തിന്നുശേഷം ശ്രീരാമൻ ഇഷ്ടമിത്രസമേതനായി സീതാദേവിയാൽ സ്വൎണ്ണപാത്രത്തിൽ കങ്കണങ്ങളുടേയും നൂപുരങ്ങളുടേയും മനോഹരശബ്ദത്തോടുകൂടി കൊണ്ടുവന്നു വിളമ്പപ്പെട്ട ദിവ്യപക്വാന്നങ്ങളെ സസന്തോഷം ഭുജിക്കും. പിന്നെ താംബൂലം ഉപയോഗിച്ചു നൂറടി നടന്നു സീതാസമേതനായി കുറച്ചുനേരം നിദ്രചെയ്യുകയും തദനന്തരം വിശേഷവസ്ത്രാഡംബരങ്ങളോടുകൂടി ശരചാപശസ്ത്രധാരിയായി രഥത്തിൽ കയറി ഉദ്യാനം മുതലായവയിൽ ചെന്ന് അവിടെയുള്ള വിനോദങ്ങളെ ദൎശിച്ചു നൃത്തവാദിനിങ്ങളോടുകൂടി സ്വഗൃഹത്തിലേയ്ക്കുതന്നെ മടങ്ങും. പിന്നീടു വൈകുന്നേരത്തെ സന്ധ്യാവന്ദനവും പരമശിവപൂജയും ചെയ്തു അത്താഴം കഴിക്കും. തദനന്തരം സ്വൎണ്ണരത്നാദികളാൽ നിൎമ്മിതമായ അഴകേറിയ മഞ്ചത്തിന്മേൽ സീതയോടുകൂടി പള്ളിക്കുറുപ്പു ചെയ്യും. ഇങ്ങിനെയായിരുന്നു ശ്രീരാമന്റെ ദിനചൎയ്യ.

ഇങ്ങിനെ പന്ത്രണ്ടു സംവത്സരം കഴിഞ്ഞതിന്നുശേഷം ഒരു ദിവസം ദശരഥൻ ശ്രീരാമന്റെ അമാനുഷപ്രവൃത്തികളേയും വസിഷ്ഠമുൽഗലന്മാർ പറഞ്ഞ വാക്കുകളേയും ആലോചിച്ചു ശ്രീരാമൻ സാക്ഷാൽ നാരായണസ്വാമിതന്നെയാണെന്നു നിശ്ചയിച്ച് അദ്ദേഹത്തെ സ്വകാൎയ്യമായ ഒരു സ്ഥലത്തു വിളി

ച്ച് ഉയൎത്തി വണക്കത്തോടുകൂടി "ശ്രീരാമാ! നീ ഭൂമിയുടെ ഭാരം തീൎക്കുവാൻ അവതരിച്ച മഹാവിഷ്ണുവല്ലേ? മഹാജനങ്ങൾ അറിവില്ലായ്മകൊണ്ടു നിന്നെ എന്റെ പുത്രനെന്നു ഗ്രഹിച്ചിരിക്കുന്നു. ഭാൎയ്യാപുത്രഗൃഹാദികളിലുള്ള ബന്ധം അപരിഹാൎയ്യമാകയാൽ ആ ബന്ധത്തിൽനിന്നു മോചനം വരുവാനായി നിന്റെ മായയാൽ മോഹിതനായ ഞാൻ നിന്റെ കയ്യിൽനിന്നു ജ്ഞാനോപദേശം കിട്ടേണമെന്നു മോഹിക്കുന്നുണ്ട്" എന്നു പറഞ്ഞു. അതിന്നു ശ്രീരാമൻ "പിതാവേ! അവിടുന്നു ചോദിച്ചതുപോലെ ഞാൻ പറയാം. എന്റെ മാതാവായ കൌസല്യയും അതു കേൾക്കട്ടെ" എന്നു പറഞ്ഞുവെച്ചു കൌസല്യയോടും ദശരഥനോടുമായി ഇങ്ങിനെ പറയുവാൻ തുടങ്ങി.

"മുത്തുച്ചിപ്പിയിൽ രജതബുദ്ധിയും, രജ്ജുവിൽ സൎപ്പദൃഷ്ടിയും മരീചികയിൽ ജലബുദ്ധിയും തോന്നുന്നതുപോലെ ലോകത്തിൽ സത്യബുദ്ധിമായ നിമിത്തം തോന്നുന്നതാകയാൽ ആ ബുദ്ധി കേവലം മിഥ്യയാകുന്നു. ഇപ്രകാരംതന്നെ ഓരോരുത്തരും ദേഹാദികളിൽ അജ്ഞാനം നിമിത്തം ആത്മബുദ്ധിയേയും വെച്ചുംകൊണ്ടിരിക്കുന്നുണ്ട്. ജ്ഞാനികളാകട്ടെ ദേഹാദികൾ മിഥ്യാകല്പിതങ്ങളാണെന്നറിഞ്ഞ് അജ്ഞാനമകന്ന പരമാൎത്ഥവസ്തുവായ ആത്മസ്വരൂപത്തെത്തന്നെ കാണുവാൻ ശ്രമിക്കുന്നു. ആത്മാവു പരിശുദ്ധനും സച്ചിദാനന്ദസ്വരൂപനും ആകുന്നു. ലോകേശ്വരനായ ബ്രഹ്മാവു മുതലുള്ള എല്ലാ ജീവികളും ആ ആത്മാവിന്റെ അംശങ്ങളാണ്. ലോകത്തിൽ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കുവേണ്ടി മായാമുഖേന ആത്മാവു വേഷധാരിയെപ്പോലെ പല രൂപങ്ങളെ എടുക്കുന്നുണ്ടെങ്കിലും ആ മായ താമര ഇലപോലെ നിൎല്ലേപനും നിത്യാനന്ദമൂൎത്തിയും സനാതനനുമായ ആത്മാവിൽ സംബന്ധിക്കുന്നില്ല. ഭാൎയ്യാപുത്രാദികളിലുള്ള മമത്വബുദ്ധിയെ വിവേകംകൊണ്ടകററി ആ ബുദ്ധിയെ ചിൽഘനമായ പരബ്രഹ്മത്തിൽ ചെലുത്തി താൻ കാണുന്നതെല്ലാം ശ്രീമൻ നാരായണസ്വരൂപനാണെന്നു കാണുന്നതു ആരോ അവൻ സംസാരദുഃഖത്തിൽനിന്നു വിമുക്തനാവും. അതിന്നു സത്യം, ദയ, ശൌചം, ശാന്തി, ഇന്ദ്രിയനി

ഗ്രഹം, അഹിംസ, ഭക്തി, വേദമാർഗ്ഗാനുഷ്ഠാനം മുതലായ സൽഗ്ഗുണങ്ങളെ നിരന്തരം അനുഷ്ഠിക്കേണ്ടതാണ്. ഇവക്കു വിപരീതമായുള്ള കളവ്, ചൂത്, കലഹം, മാത്സര്യം, ഡംഭം, ക്രൂരത, ലോഭം, ഭയം, കോപം, ദുഃഖം, ഹീനകാര്യങ്ങളിൽ പ്രവേശം, വേദബ്രാഹ്മണരേയും സജ്ജനങ്ങളേയും സന്ന്യാസിമാരേയും നിന്ദിക്കൽ, പരദൂഷണം, ഏഷണി മുതലായ ദുർഗ്ഗുണങ്ങളെ ഒരിക്കലും സ്വീകരിക്കയുമരുത്. അങ്ങുന്നു മുജ്ജന്മത്തിൽ തപസ്സുചെയ്തു ഞാൻ അങ്ങയുടെ പുത്രനായി ജനിക്കണമെന്നു പ്രാർത്ഥിച്ചതനുസരിച്ചു ഞാൻ അവതരിച്ചിരിക്കുന്നു. എന്നാൽ ഉപദേശിക്കപ്പെട്ട ഈ അജ്ഞാനബന്ധനിവാരണമാർഗ്ഗത്തെ പുറമെ ആരോടും പ്രസ്താവിക്കരുത്."

ഇപ്രകാരം ജ്ഞാനോപദേശംചെയ്തു ശ്രീരാമദേവന്റെ വചനാമൃതത്തെ ശ്രോത്രങ്ങളെക്കൊണ്ടു പാനംചെയ്തു ദശരഥൻ മായാബന്ധം നീങ്ങി സത്വപരിപൂർണ്ണനായി സർവ്വാംഗം പുളകംപൂണ്ടു ദൃഢഭക്തിയോടുകൂടി ശ്രീരാമനെ വന്ദിച്ചു. അപ്പോൾ അദ്ദേഹം "പിതാവേ! ഞാൻ അങ്ങയുടെ പുത്രനായതുകൊണ്ട് ഇങ്ങിനെ എല്ലാം ചെയ്യുന്നതു ഭംഗിയല്ല. ഇപ്പോൾ ഞാൻ മായകൊണ്ടു മനുഷ്യവേഷം പൂണ്ടിരിക്കയാൽ അങ്ങ് ഈ ചെയ്യുന്നത് ഉപഹാസത്തിനു കാരണമായി ഭവിക്കും. ആകയാൽ ഭക്തിയോടുകൂടി എന്റെ സ്വരൂപത്തെ എപ്പോഴും ധ്യാനിച്ചാൽ മതി. അങ്ങയുടെ ജീവൻ, മനസ്സു മുതലായ പൂർവ്വത്തേയും എന്നിൽ സമർപ്പിക്കുക" എന്നു പറഞ്ഞ് എഴുനേററിരുന്ന് അച്ഛനേയും അമ്മയേയും നമസ്കരിച്ച് അവരുടെ അനുവാദം വാങ്ങി രഥാരൂഢനായി ശ്രീരാമൻ തന്റെ ഗൃഹത്തിലേക്കു പോയി. ശ്രീരാമൻ ചിലപ്പോൾ തന്റെ മാതൃഗൃഹങ്ങളിലും ചിലദിവസങ്ങളിൽ സഹോദരഗൃഹങ്ങളിലും ചിലപ്പോൾ പിതാവിന്റെ സന്നിധിയിലുംപോയി ഭോജനം കഴിക്ക പതിവാണ്. ചിലദിവസങ്ങളിൽ തന്റെ ഗൃഹത്തിലേക്കു തന്റെ അമ്മമാർ സഹോദരന്മാർ പിതാവ് എന്നിവരേയും നഗരത്തിലുള്ള ശ്രോത്രിയ ബ്രാഹ്മണരേയും കൂട്ടിക്കൊണ്ടു

വന്ന് അവരോടൊരുമിച്ച് ഭോജനം ചെയ്കയും പതിവായിരുന്നു.

ഇങ്ങിനെ ഇരിക്കുന്ന കാലത്തു ശ്രീരാമദശനത്തിന്നായി തപോവനവാസികളായ മഹഷിമാരുടെ സമൂഹങ്ങൾ ഓരോ ദിവസവും അയോദ്ധ്യയിലേക്കു വന്നുതുടങ്ങി. അവർ ശ്രീരാമന്റെ അരമനയിൽചെന്ന് അദ്ദേഹത്തെ പലവിധത്തിൽ സ്തുതിക്കുകയും അദ്ദേഹത്തിന്റെ ആധിഥ്യം സ്വീകരിച്ച കൃതാത്ഥരാവുകയും ചെയ്യുവന്നു. ചില മഹഷിമാർ ഒന്നുരണ്ടുദിവസം അയോദ്ധ്യയിൽതന്നെ താമസിച്ച് പുണ്യകഥാപ്രസംഗംകൊണ്ടു ശ്രീരാമനെ സന്തോഷിപ്പിച്ച തങ്ങളുടെ ആശ്രമങ്ങളിലേക്കു മടങ്ങിപ്പോകും. പതിവ്രതയും ഇംഗിതജ്ഞയുമായ സീതാദേവി തന്റെ ഭത്താവിന്നു ഹാസ്യക്രീഡാദികളിൽ ഏതേതു സമയങ്ങളിൽ ഇഷ്ടമാണോ അതാതിനെ അതാതുസമയങ്ങളിൽ ഇഷ്ടപ്രകാരം നടത്തി വിവാഹവഷം മുതൽ പന്ത്രണ്ടുസംവത്സരംകാലം അദ്ദേഹത്തെ തൃപ്തിപ്പെടുത്തിവന്നു. കൃതയുഗത്തിലെ ഒരു സംവത്സരം ത്രേതായുഗത്തിലെ പത്തുസംവത്സരങ്ങളേക്കാളും ദ്വാപരയുഗത്തിലെ 100 സംവത്സരങ്ങളേക്കാളും കലിയുഗത്തിലെ 1000 സംവത്സരങ്ങളേക്കാളും ശ്രേഷ്ഠമായതുകൊണ്ടു ശ്രീരാമൻ അനുഭവിച്ച സുഖം ദേവേന്ദ്രഭോഗത്തേക്കാൾ മേലെയായിരുന്നു എന്നു പറയാവുന്നതാണ്. രാമന്റെകാലത്ത് ഋതുഭേദംകൂടാതെ പുഷ്പങ്ങൾ, ഫലങ്ങൾ, പഴങ്ങൾ മുതലായവ എല്ലാം എതുകാലത്തും കിട്ടിക്കൊണ്ടിരുന്നു. അനാവൃഷ്ടി, ചോരഭയം, പ്രാണിഹിംസ, മുതലായവ ഉണ്ടായിരുന്നില്ല. ജനങ്ങൾ ദിവ്യഭോഗങ്ങളെ അനുഭവിച്ചുംകൊണ്ടിരുന്നു.

ഇങ്ങിനെ ഇരിക്കുന്നകാലത്തു കൈകേയിയുടെ സഹോദരനായ യുധാജിത്തു തന്റെ മരുമക്കളായ ഭരതനേയും ശത്രുഘ്നനേയും ദശരഥന്റെ അനുവാദത്തോടുകൂടി കേകയരാജ്യത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഹേ പാവ്വതി! ഇങ്ങിനെയാണ് ശ്രീരാമന്റെ ബാലചരിതം. മനോഹരവും മംഗളകരവും ആ

യ ഈ ബാലചരിതത്തെ ഭക്തിയോടുകൂടി കേൾക്കുന്നവർക്കു സർവ്വമംഗളങ്ങളും സിദ്ധിക്കും.

സാരകാണ്ഡം അഞ്ചാംസർഗ്ഗം കഴിഞ്ഞു.

# ആറാം സർഗ്ഗം

മേൽപറഞ്ഞപ്രകാരം ത്രേതായുഗത്തിൽ ശ്രീരാമൻ സുഖത്തെ അനുഭവിച്ചുംകൊണ്ടിരിക്കുന്നതിന്നിടയിൽ ഒരു ദിവസം ആകാശത്തിൽകൂടെ നാരദമഹർഷി വരുന്നതായിട്ടു കണ്ടു. കണ്ടഉടനെ ശ്രീരാമൻ സീതാലക്ഷ്മണന്മാരോടുകൂടി അദ്ദേഹത്തെ യഥോചിതം പൂജിച്ചു. പൂജയെ സ്വീകരിച്ചതിന്നുശേഷം നാരദൻ "ശ്രീരാമാ! നിന്തിരുവടി രാവണനെ കൊന്നതിന്നുശേഷം വേണം രാജ്യപരിപാലനം ചെയ്യാനെന്നു ദേവന്മാർ അപേക്ഷിക്കുന്നുണ്ട്. അവരുടെ അപേക്ഷയെ ഇവിടെ അറിയിപ്പാനായിട്ടാണ് ഞാൻ ഇവിടെ വന്നത്" എന്നുപറഞ്ഞു. ശ്രീരാമൻ അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചുപറകയും അപ്പോൾ നാരദൻ അനുവാദംവാങ്ങി പോകുകയും ചെയ്തു. അനന്തരം രാമൻ സീതയോടു "ഹേ പ്രിയേ! എന്റെ അച്ഛൻ എനിക്കു പട്ടാഭിഷേകം ചെയ്വാൻ ആഗ്രഹിക്കുന്നുണ്ട്. അതിനെ തടുത്തു രാവണാദികളെ നിഗ്രഹിപ്പാൻവേണ്ടി ലക്ഷ്മണനോടുകൂടി ദണ്ഡകാരണ്യത്തിലേക്കു പോകേണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ആകയാൽ നീ അച്ഛനേയും അമ്മയേയും ശുശ്രൂഷിച്ചുംകൊണ്ട് അയോദ്ധ്യയിൽ താമസിച്ചുകൊൾക" എന്നു പറഞ്ഞു. അതുകേട്ടു സീതാദേവി ശ്രീരാമനെ നമസ്കരിച്ചുംകൊണ്ടു "രഘുപുംഗവാ! അങ്ങുന്ന് എന്നേയുംകൂടി കാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകണം. അങ്ങിനെ ചെയ്വാൻ മൂന്നുകാരണങ്ങൾ ഉണ്ട്. ഒന്നാമത്തു, ഞാൻ കുട്ടിയായിരിക്കുമ്പോൾ ഒരു ബ്രാഹ്മണശ്രേഷ്ഠൻ എന്റെ ഹസ്തരേഖയെ പരിശോധിച്ച് എനിക്കു ഭർത്താവിനോടുകൂടി വനവാസംചെ

യ്യാന്‍ യോഗമുണ്ടെന്നു പറക ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്ക് അസത്യമാകുവാന്‍ പാടില്ലാത്തതുകൊണ്ടു ഞാന്‍ഇവിടുത്തോടുകൂടി വനത്തിലേയ്ക്കു പോരേണ്ടിയിരിക്കുന്നു. ഇതാണ് ഒരു കാരണം. രണ്ടാമത് എന്റെ സ്വയംവരത്തില്‍ ഇവിടുന്നു വില്ലെടുക്കുവാനായി ചെന്നപ്പോഠം ഇവിടേയ്ക്ക് ആ വില്ല് ഒരു പുഷ്പമാലപോലെ ആയിവരേണമെന്നു ഞാന്‍ ദേവകളോടു പ്രാര്‍ത്ഥിച്ചസമയത്തു ദേവകാര്യ്യസിദ്ധിക്കുവേണ്ടി പതിന്നാലു സംവത്സരം ഭര്‍ത്താവിനോടുകൂടി വനവാസം ചെയ്യാമെന്നു ഞാന്‍ പ്രതിജ്ഞ ചെയ്തു ഉണ്ടായിട്ടുണ്ട്. ആ പ്രതിജ്ഞ നിറവേറുന്നതിന്നും ഞാന്‍ വനത്തിലേയ്ക്കു പോകാതെ തരമില്ല. മൂന്നാമതു ഞാന്‍ കല്പാന്തരങ്ങളിലെ രാമായണകഥ കേട്ടിട്ടുള്ളതില്‍ സീതയോടുകൂടാതെ രാമന്‍ വനവാസം ചെയ്തതായി കേട്ടിട്ടില്ല. അതുകൊണ്ട് എന്നേയുംകൂടി കൂട്ടികൊണ്ടുവേണം വനത്തിലേയ്ക്കു പോകാന്‍" എന്ന് അറിയിച്ചു. ഈ വാക്കു കേട്ടപ്പോഠം ശ്രീരാമന്‍ ആനന്ദഭരിതനായിട്ടു സീതയെ ആലിംഗനംചെയ്ത് അങ്ങിനെതന്നെ ചെയ്യാമെന്നു സമ്മതിച്ചു.

പിന്നെ ഒരു ദിവസം ദശരഥമഹാരാജാവു ശ്രീരാമനെ യുവരാജാവായി പട്ടാഭിഷേകം ചെയ്യണമെന്നു സങ്കല്പിച്ചു തന്റെ ഗുരുവായ വസിഷ്ഠമഹര്‍ഷിയെ ആളെ അയച്ചുവരുത്തി വണങ്ങി "നമ്മുടെ രാമന്ന് ഇവിടുന്നു യുവരാജപട്ടാഭിഷേകം നടത്തിച്ചുതരണം" എന്നു പറഞ്ഞു. വസിഷ്ഠമഹര്‍ഷിയാകട്ടെ ദശരഥനെ കൌസല്യയുടെ ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി കൌസല്യയുടേയും സുമിത്രയുടേയും മുമ്പില്‍ വെച്ച് ഇങ്ങിനെ പറഞ്ഞു. "നിങ്ങളെല്ലാവരും കേഠക്കണം. കൈകേയിയുടെ വരം നിമിത്തം ശ്രീരാമന്‍ ലക്ഷ്മണനോടും സീതയോടുംകൂടി നാളെ ഇവിടെനിന്നു ദണ്ഡകാരണ്യത്തിലേയ്ക്കു പുറപ്പെടും. പിന്നെ കുറേകാലം വനവാസംചെയ്തു രാവണനെ നിഗ്രഹിക്കും. നിങ്ങഠം ഇതൊന്നും അറിയാത്ത ഭാവത്തില്‍ അഭിമാനലേശംകൂടാതെകണ്ടു കാര്യ്യങ്ങളില്‍ വ്യാപരിക്കണം. ഹേ ദശരഥ! മന്ത്രിയായ സുമന്ത്രന്‍ മുഖേന സ്വദേശ രാജാക്ക

ന്മാരെ എല്ലാം ക്ഷണിച്ചുവരുത്തുക. മുമ്പു വൈശ്യമുനി ചെയ്തിട്ടുള്ള ശാപംകൊണ്ടും രാമന്റെ വേർവാടുകൊണ്ടും അങ്ങുന്ന് അധികം താമസിക്കാതെ സ്വൎഗ്ഗാരോഹണം ചെയ്യും. അടുത്ത രാജാവായി ശ്രീരാമൻ രാജ്യാഭിഷേകമഹോത്സവത്തിൽ ഇരിക്കുന്നതിനെ കൌസല്യ കണ്ടു സന്തോഷിക്കും. അങ്ങയും വിമാനാരൂഢനായി ആകാശത്തിൽ സ്ഥിതിചെയ്തുകൊണ്ട് ആ മഹോത്സവം കണ്ട് ആനന്ദിക്കും. ഭവിതവ്യതയെ ബ്രഹ്മാദികൾ വിചാരിച്ചാൽകൂടി തടുക്കുവാൻ സാധിക്കയില്ല.' ഇ പ്രകാരം വസിഷ്ഠമഹൎഷി പറഞ്ഞപ്പോൾ ദശരഥൻ സഭയിൽ ചെന്നു മന്ത്രിമാരെ വിളിച്ചു ദൂതന്മാർ മുഖാന്തരം സ്വദേശരാജാക്കന്മാരേയും മുനിപുംഗവന്മാരേയും അടിയന്തരമായി വരുത്തുവാനും, പട്ടണം മുഴുവൻ വിചിത്രമായി അലങ്കരിക്കുവാനും കല്പന കൊടുത്തു. അതുപ്രകാരം മന്ത്രിമാർ നാനാദിക്കുകളിലേയ്ക്കും ദൂതന്മാരെ അയയ്ക്കുകയും തോരണം, കൊടിക്കൂറ, സ്വൎണ്ണകുംഭം മുതലായവയെക്കൊണ്ട് അയോദ്ധ്യാനഗരത്തെ മനോഹരമായി അലങ്കരിക്കുകയും ചെയ്തു. അതിനിടയിൽ വസിഷ്ഠമഹൎഷി മന്ത്രിസത്തമനായ സുമന്ത്രരോട് 'നാളെ പ്രഭാതത്തിൽ നമ്മുടെ പ്രാകാരമദ്ധ്യത്തിൽ ആഭരണങ്ങളണിഞ്ഞ ചില കന്യകമാരും, പൊന്നണിഞ്ഞ പതിനാറ് ആനകളും, ഐരാവതത്തിന്റെ വംശത്തിൽ പിറന്ന നാൽക്കൊമ്പനാനയും തെയ്യാറുണ്ടായിരിക്കണം. പലേ പുണ്യതീൎത്ഥങ്ങൾ നിറച്ചു അനേകസഹസ്രം പൊൻകുടങ്ങളും, മൂന്നുപുലിത്തോലും, മുക്താഹാരവും, സ്വൎണ്ണദണ്ഡത്തോടുകൂടിയ വെൺകൊററക്കുടയും, ദിവ്യങ്ങളായ മാലകൾ, വസ്ത്രങ്ങൾ, ഭൂഷണങ്ങൾ മുതലായവയും തെയ്യാറാക്കണം. നൎത്തകിമാരായവാരസ്ത്രീകളും, സൂതിപാഠകന്മാരും, വാദ്യക്കാരും അവരവരുടെ പ്രവൃത്തികൾ ഉത്സാഹത്തോടുകൂടി ചെയ്യണം. പുറമേയുള്ള പ്രാകാരത്തിൽ ചതുരംഗസൈന്യങ്ങൾ ആയുധങ്ങളോടുകൂടി ഒരുങ്ങിനില്ക്കണം. ഈ പട്ടണത്തിലുള്ള എല്ലാ ക്ഷേത്രങ്ങളിലേയും ദേവന്മാൎക്കു പൂജ മുതലായവയെ ശ്രദ്ധയോടുകൂടിയും ഭക്തിയോടുകൂടിയും നടത്തിക്കുക

യും വേണം. പുറമേ പട്ടാഭിഷേകത്തിന്നായി വരുന്ന സ്വദേശരാജാക്കന്മാരെല്ലാം അവരവരുടെ വിരുതുകളോടുകൂടി മുഹൂർത്തസമയത്തിൽ ഒരുങ്ങി പുറപ്പെടുകയും വേണം' എന്ന് ആജ്ഞാപിച്ചു.

പിന്നെ വസിഷ്ഠൻ തേരിൽ കയറി ശ്രീരാമൻെറ സമീപത്തു ചെന്ന് അദ്ദേഹത്തിൻെറ ഉപചാരം സ്വീകരിച്ചു 'ഹേ രാമാ! ഈ ഉത്സവങ്ങൾക്കു നീ ഒരു നിമിത്തംമാത്രമാണ്. നാളെ ദിവസം പുറപ്പെട്ടു സീതയോടും ലക്ഷ്മണനോടുംകൂടി ദണ്ഡകാരണ്യത്തിൽ ചെന്നു പതിന്നാലുവർഷംകാലം അവിടെ താമസിച്ചു രാവണനെ നിഗ്രഹിച്ചു തദനന്തരം രാജ്യപരിപാലനം ചെയ്യുവാനാണ് നീ ഭാവിക്കുന്നത്. ലോകാചാരത്തിന്ന് അനുസരിച്ചു നിൻെറ പിതാവു നാളെ ചെയ്വാൻ പോകുന്ന രാജ്യപട്ടാഭിഷേകത്തെ നീ സ്വീകരിച്ചുകൊൾക. അതിന്നുവേണ്ടി നീയും സീതയും ഇന്നത്തെ ദിവസം ബ്രഹ്മചര്യത്തോടുകൂടി പരിശുദ്ധരായിരുന്ന് ഉപവാസം ചെയ്തു രാത്രിയിൽ ഭൂമിയിൽ ശയനം ചെയ്യുകയും വേണം എന്നു പറഞ്ഞേല്പിച്ച് ഈ വിവരം സീതയേയും ലക്ഷ്മണനേയുംകൂടി അറിയിച്ചു രഥാരൂഢനായി ദശരഥൻെറ രാജധാനിയിലേയ്ക്കുതന്നെ പോന്നു.

ഈ സമയത്തു കൌസല്യയും സുമിത്രയും ശ്രീരാമന്റെ പട്ടാഭിഷേകം അയഥാർത്ഥമാണെന്ന് അറിഞ്ഞിരുന്നിട്ടുകൂടി രാമൻെറ പേരിലുള്ള സ്നേഹം നിമിത്തം പട്ടാഭിഷേകത്തിന്നു വരുവാൻപോകുന്ന വിഘ്നങ്ങളുടെ പരിഹാരത്തിന്നായി ദേവപൂജ മുതലായവയെ ചെയ്യുകയും മഹർഷിമാരെക്കൊണ്ടു ബലി, ദാനം മുതലായവ ചെയ്യിച്ചു ശാന്തിജപം നടത്തിക്കുകയും ചെയ്തു.

ഇങ്ങിനെ ഇരിക്കുമ്പോൾ അന്നു സുമാർ ഇരുപതു നാഴിക കഴിച്ചശേഷം ദാസീപുത്രിയായ മന്ഥര എന്നവൾ മാളികമുകളിൽ കയറി നഗരം ഭംഗിയായി അലങ്കരിച്ചിട്ടുള്ളതുകണ്ട് ഈ അലങ്കാരങ്ങൾക്കെല്ലാം കാരണം എന്താണെന്നു വീഥി

യിൽ നില്ക്കുന്ന ഒരു വൃദ്ധയോടു ചോദിക്കുകയും അവൾ ശ്രീരാമന്റെ പട്ടാഭിഷേകം പ്രമാണിച്ചാണ് നഗരം അലങ്കരിച്ചിരിക്കുന്നതെന്നു പറയുകയും ചെയ്തു. മന്ഥര ഉടനേതന്നെ കൈകേയിയുടെ സമീപത്തു ചെന്ന് ഈ വിവരം ധരിപ്പിച്ചു. കൈകേയി കുമാരനായ ശ്രീരാമന്റെ പട്ടാഭിഷേകവർത്തമാനംകേട്ടു പരമസന്തുഷ്ടയായി ഭവിക്കുകയും സന്തോഷസൂചകമായി അവൾക്കു രത്നഖചിതമായ ഒരു ആഭരണം സമ്മാനിക്കുകയുംചെയ്തു. ഈ സന്തോഷസമയത്ത് ആകാശത്തുനിന്ന് ഒരു അശരീരിവാക്കു കേൾക്കപ്പെട്ടു. അതു കേട്ടു മന്ഥര മയങ്ങിപ്പോവുകയും ആഹ്ലാദഭരിതയായിരിക്കുന്ന കൈകേയിയോട് ഇങ്ങിനെ പറയുകയും ചെയ്തു. 'ഹേ ബുദ്ധിഹീനയായവളേ! നിന്റെ ഭാഗ്യം ഇതാ അവസാനിച്ചിരിക്കുന്നു. ഈ സമയത്തു നീ സന്തോഷിക്കുന്നതെന്താണ്. രാമനു പട്ടാഭിഷേകം ചെയ്താൽ നീ കൌസല്യയുടെ ദാസിയായി ഭവിക്കും. ആകയാൽ ഞാൻ പറയുന്നതു കേട്ട് അതുപ്രകാരം പ്രവർത്തിക്കുക. നിനക്കു മഹാരാജാവു രണ്ടു വരങ്ങൾ തരുവാനുണ്ടല്ലോ. അതിൽ ഒന്നു ഭരതനെ പട്ടാഭിഷേകം ചെയ്യേണമെന്നും മറ്റൊന്നു രാമൻ നടയായി കാട്ടിൽ ചെന്നു പതിനാലുവർഷം താമസിക്കണമെന്നും ആയിരിക്കണമെന്ന് അപേക്ഷിക്കുക. ഈ ഉദ്ദേശം നിർവ്വഹിക്കുന്നതിലേയ്ക്കുവേണ്ടി ഇപ്പോൾ നീ ക്രോധാഗാരത്തിൽ പോയി കിടന്നുകൊൾക." ഇതുകേട്ടു കൈകേയിക്കു മന്ഥരയുടെ വാക്കു തനിക്കു അനുകൂലമാണെന്നു തോന്നുകയും തന്നിമിത്തം അവർ അവൾ പറഞ്ഞതുപോലെതന്നെ പ്രവർത്തിക്കുകയും ചെയ്തു.

അന്നു രാത്രിയിൽ ദശരഥൻ, കൈകേയി കോപഗൃഹത്തിൽ പ്രവേശിച്ചിരിക്കുന്നതായി അറിഞ്ഞു വലിയ പരിഭ്രമത്തോടുകൂടി അവിടെ ചെന്നുചേർന്നു. ആ സമയത്തു കൈകേയി കുന്തളഭാരത്തെ അഴിച്ചു പരത്തി ആഭരണങ്ങളെല്ലാം വലിച്ചെറിഞ്ഞു വെറും നിലത്തു കിടക്കുകയായിരുന്നു. ഇത്ര വലുതായ കോപത്തിന്നു കാരണമെന്താണെന്നു സഖിമാരോടു ചോ

ദിച്ചതിൽ, കൈകേയിക്കു താൻ കൊടുക്കുവാൻ വാഗ്ദത്തം ചെയ്തിട്ടുള്ള രണ്ടു വരങ്ങളെ അവർ ഇപ്പോൾ വരിക്കുവാൻ പോകുന്നു എന്നും അവയിൽ ഒന്നു ഭരതന്നു പട്ടാഭിഷേകം ചെയ്യേണമെന്നും, മറെറാന്നു രാമനെ കാട്ടിലേയ്ക്കു് അയയ്ക്കേണമെന്നും ആയിരിക്കുമെന്നും അറിഞ്ഞു. അപ്രതീക്ഷിതവും അത്യന്തം സന്താപകരവുമായ ഈ വർത്തമാനം കേട്ടപ്പോൾ മഹാരാജാവു മോഹാലസ്യപ്പെട്ടു ഭൂമിയിൽ വീണുപോയി. ഉടൻതന്നെ ഈ സംഗതി മന്ത്രിസത്തമനായ സുമന്ത്രന്നു് അറിവു കിട്ടുകയും അദ്ദേഹം ബദ്ധപ്പെട്ടു രാജാവിന്റെ സമീപത്തേയ്ക്കു് എത്തുകയും ചെയ്തു. സുമന്ത്രൻ മഹാരാജാവിന്റെ സമീപത്തു ഇരിക്കുന്ന കൈകേയിയോടു് സംഗതി എന്തെന്നു ചോദിച്ചപ്പോൾ രാജപത്നിയായ കൈകേയി മഹാരാജാവു് ഇപ്പോൾ അടിയന്തരമായി രാമനെ കാണുവാൻ ആഗ്രഹിക്കുന്നുണ്ടെന്നും, അതുകൊണ്ടു രാമനെ വേഗം കൂട്ടിക്കൊണ്ടുവരേണമെന്നും കല്പിച്ചു. അതിന്നു മന്ത്രി രാജകല്പനകൂടാതെ താൻ അങ്ങിനെ ചെന്നു പറയുന്നതു ന്യായമല്ലെന്നു മറുപടി പറഞ്ഞപ്പോൾ ദശരഥൻ ഗൽഗദകണ്ഠനായിട്ടു് "ഹേ മന്ത്രിസത്തമ! രാമനെ അതിവേഗത്തിൽ ഇവിടെ കൂട്ടിക്കൊണ്ടുവരണം" എന്നു ആജ്ഞാപിച്ചു. ഉടൻതന്നെ മന്ത്രി ശ്രീരാമനെ അവിടേയ്ക്കു കൂട്ടിക്കൊണ്ടുവന്നു. രാമൻ വന്നു തന്റെ പിതാവിനെ കാണുമ്പോൾ കൈകേയി രാമനോടു "ഹേ രാമ! നിന്റെ പിതാവു് എനിക്കു മുമ്പു തന്നിട്ടുള്ള വരങ്ങളിൽ ഒന്നുകൊണ്ടു് ഇന്നുതന്നെ നിന്നെ ദണ്ഡകാരണ്യത്തിലേയ്ക്കു് അയയ്ക്കേണമെന്നു ഞാൻ ആവശ്യപ്പെട്ടു" എന്നു പറകയും അതിന്നു ശ്രീരാമൻ "അമ്മേ! വളരെ നല്ലതു്. ഞാൻ അങ്ങിനെതന്നെ ചെയ്യാം" എന്നു പറകയും ചെയ്തു. പിന്നെ രാമൻ ദശരഥനോടു "ഹേ ദയാലുവായ പിതാവേ! ഇവിടുന്നു് ഒട്ടും വ്യസനിക്കേണ്ട. എന്റെ ചെറിയമ്മയുടെ ആഗ്രഹം സാധിക്കുവാനായി ഞാൻ ദണ്ഡകാരണ്യത്തിലേയ്ക്കു പോകുവാൻ ഉറച്ചിരിക്കുന്നു" എന്നു പറഞ്ഞു. ഇതുകേട്ടു ദശരഥൻ, "വത്സ! എന്നെ വിട്ടുപിരിഞ്ഞു സിംഹ

വ്യാഘ്രാദികളായ ഹിംസ്രജന്തുക്കളാൽ പരിവൃതമായ വനത്തിലേയ്ക്കു പോകുവാൻ തീച്ചപ്പെടുത്തുകയോ ?" എന്നു പറയുകയും തൽക്ഷണം മുമ്പത്തെപ്പോലെ മൂച്ഛിതനായി വീഴുകയും ചെയ്തു. അപ്പോഠം ശ്രീരാമൻ ശീതോപചാരാദികളെക്കൊണ്ടു പിതാവിൻെറ മൂച്ഛയെ തെളിയിച്ചിട്ടു "പ്രിയപിതാവേ! ഞാൻ ഈ പ്രതിജ്ഞയെ നിറവേററി കഴിഞ്ഞാൽ ഒട്ടും താമസിക്കാതെ ഇവിടുത്തെ സന്നിധിയിൽ എത്തിക്കൊള്ളാം. ഇപ്പോഠംതന്നെ ഞാൻ പുറപ്പെട്ടിട്ടില്ലെങ്കിൽ ചെറിയമ്മയുടെ മനോവിചാരം ശമിക്കുന്നതല്ല. അതുകൊണ്ട് എൻെറ അമ്മയേയും മററും വേഗം ചെന്നു പറഞ്ഞു സമാധാനിപ്പിച്ച് ഇപ്പോഠംതന്നെ ഇവിടുത്തോടു യാത്രയും പറഞ്ഞു ഏററവും തൃപ്തിയോടും സുഖത്തോടും കൂടി കാട്ടിലേയ്ക്കു പുറപ്പെടുന്നുണ്ട്" എന്നുപറഞ്ഞ് അവിടെനിന്നു തൻെറ മാതാവായ കൌസല്യാദേവിയുടെ സമീപത്തു ചെന്ന് അവരെ പറഞ്ഞു സമാധാനപ്പെടുത്തി പ്രദക്ഷിണംവെച്ചു നമസ്കരിച്ച് അവിടെനിന്നു തൻെറ രാജധാനിയിലേയ്ക്കുതന്നെ ചെന്നു സീതയോടു സകല സംഗതികളും പറഞ്ഞു ധരിപ്പിച്ചു. അവിടെ ഉണ്ടായിരുന്ന ലക്ഷ്മണൻ ജ്യേഷ്ഠൻെറ വനയാത്രയെപ്പററി കേട്ടപ്പോഠം "ജ്യേഷ്ഠാ! അങ്ങുന്നു തനിയെ പോകുന്നതു ശരിയല്ല. ഞങ്ങഠം രണ്ടുപേരേയും തീച്ചയായും കൂട്ടിക്കൊണ്ടു പോകണം" എന്നു വിനയപൂർവ്വം പ്രാത്ഥിച്ചു. അതിന്നു ശ്രീരാമൻ "ശരി, എന്നാൽ വേഗത്തിൽ പുറപ്പെടുക" എന്നു പറഞ്ഞു ബ്രാഹ്മണരെ വരുത്തി യാത്രാദാനം ചെയ്ത് അഗ്നിഹോത്രാഗ്നിയും എടുത്തു സീതയോടും ലക്ഷ്മണനോടുംകൂടി കാൽനടയായി അച്ഛനെ കണ്ടു യാത്ര പറയുവാൻ അദ്ദേഹത്തിൻെറ രാജധാനിയിലേയ്ക്കു പുറപ്പെട്ടു. ആ യാത്രയെ കണ്ടിട്ടു പട്ടണവാസികളായ ജനങ്ങഠം എല്ലാവരും ഏററവും വ്യസനത്തോടുകൂടി മാഗ്ഗത്തിൽ ചുഴന്നുകൊണ്ടിരുന്നു. ശ്രീരാമൻ അതൊന്നും ഗൌനിക്കാതെ നേരെ ചെന്നു പിതാവിൻെറ കാക്കൽ വീണു നമസ്കരിച്ചു. പിന്നെ കൈകേയിയെ നോക്കി "അമ്മേ! വനത്തിലേയ്ക്കു പോകുവാൻ ആജ്ഞയെ തരുവിൻ !" എന്നു പ

റയുകയും അപ്പോൾ കൈകേയി ആരണ്യകവേഷത്തിന്നു വേ ന്ന മരവുരി മുതലായവയെ അട്ടഹത്തിന്നു കൊടുത്തു. ശ്രീരാമൻ അതുകൾ വാങ്ങി ആദ്യം താൻ ധരിക്കുകയും പിന്നെ സീതയ്ക്കു കൊടുക്കുകയും ചെയ്തു. സീതയാകട്ടെ, മരവുരി ഉടുക്കേണ്ടതു് എങ്ങിനെയാണെന്നു മനസ്സിലാകാതെ അന്ധയായി നിന്നുപോയി. അപ്പോൾ ശ്രീരാമൻ ഇന്നപ്രകാരം ധരിക്കേണമെന്നു പറഞ്ഞുകൊടുത്തു. ആ വാക്കു സമീപത്തുനിന്നു കേട്ടിരുന്ന വസിഷ്ഠമഹർഷി ഏററവും കോപത്തോടുകൂടി കൈകേയിയോടു "ഹേ ബുദ്ധിഹീനയായ പാപി! നിണക്കുള്ള വരം രാമൻ മാത്രം കാട്ടിലേയ്ക്കു പോകേണമെന്നാണല്ലൊ. ആ സ്ഥിതിക്കു രാമന്നു മരവുരി കൊടുത്തതു ന്യായംതന്നെ. എന്നാൽ ഹേ ദുഷ്ടേ! സീതയ്ക്കു മരവുരി കൊടുത്തതു് എന്തു കാരണംകൊണ്ടാണ്" എന്നു പറഞ്ഞു ദിവ്യവസ്ത്രങ്ങളെ കൊണ്ടുവരുവിച്ചു സീതയ്ക്കു ധരിക്കുവാനായി കൊടുത്തു. ഈ അവസരത്തിൽ ദശരഥൻ മന്ത്രിയെ വിളിച്ചു "ഹേ സുമന്ത്രാ! ഈ മൂന്നുപേക്കും കാട്ടിലേയ്ക്കു പോകുവാനുള്ള രഥം തെയ്യാറാക്കു" എന്നു കല്പിച്ചു. പിന്നെ ശ്രീരാമൻ മാതാപിതാക്കന്മാരെ പ്രദക്ഷിണംവെച്ച് അവിടെനിന്നു പുറത്തെയ്ക്കു പോന്ന് അവിടെ തെയ്യാറാക്കി നിൎത്തിയിരുന്ന രഥത്തിൽ സീതയോടും ലക്ഷ്മണനോടുംകൂടി കയറുകയും, സാരഥിയോടു രഥം വേഗത്തിൽ തെളിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. പിന്നെ അരികിൽ നില്ക്കുന്ന കൌസല്യയേയും, സുമിത്രയേയും, ദശരഥനേയും, പട്ടണവാസികളേയും സമാധാനപ്പെടുത്തി പുറപ്പെട്ടു വേഗത്തിൽ തമസാനദിയുടെ തീരത്തിൽ ചെന്നുചേന്നു. ഈ വനയാത്ര നടന്ന സമയം ശ്രീരാമന്നു പ്രായം 18 വയസ്സായിരുന്നു. ഇതു മാൎഗ്ഗശീഷമാസത്തിൽ വെളുത്തപക്ഷത്തിൽ പഞ്ചമി തിഥിയോടുകൂടിയ ശ്രേഷ്ഠനക്ഷത്രത്തിൽ ആണു നടന്നതു്.

ശ്രീരാമൻ വനത്തിലേയ്ക്കു പോകുമ്പോൾ മാൎഗ്ഗത്തിൽ ശുഭശകുനങ്ങൾ കാണപ്പെട്ടു. ഇന്ദ്രാദികളായ ദേവന്മാർ രാമൻ മുതലായ മൂന്നുപേക്കും യാതൊരു സുഖവിരോധവും ഉണ്ടാകാ

തിരിക്കത്തക്കവണ്ണം സകല സൌകൎയ്യങ്ങളും ചെയ്യിരുന്നു. തമസാനദിയുടെ തീരത്തിൽ ശ്രീരാമൻ ഒരു ദിവസം താമസിച്ചു. പിന്നെ അവിടെനിന്നു പുറപ്പെട്ടു ശൃംഗിവേരപുരത്തിൽ ചെന്നുചേൎന്നു. ആ പട്ടണത്തിലെ അധിപനായ ഗുഹന്റെ ഉപചാരങ്ങളെ സ്വീകരിച്ച് അന്നുരാത്രി അവിടെ കഴിച്ചുകൂട്ടി. പിന്നെ ഗുഹൻ മുഖേന തല ജടപിരിക്കുവാനുള്ള പാൽവരുത്തുകയും ജടധാരിയായി സീതാലക്ഷ്മണസഹിതനായി തോണിയിൽ കയറുകയും, പിന്നെ സുമന്ത്രനോടു തേരുംകൊണ്ട് അയോദ്ധ്യയിലേയ്ക്കു മടങ്ങിപ്പോകുവാൻ ആജ്ഞാപിക്കുകയും ചെയ്തു. അപ്പോൾ ഗുഹൻ, തന്റെ ജ്ഞാതികളായ ആളുകളെക്കൊണ്ടു ഗംഗയിൽ ശ്രീരാമൻ കയറിയ തോണിയെ തുഴയിച്ചു. തോണി ഗംഗാനദിയുടെ മദ്ധ്യത്തിൽ എത്തിയപ്പോൾ സീത "ഹേ ഗംഗാദേവി! ഞാൻ ഭവതിയെ വന്ദിക്കുന്നു. ഞങ്ങൾ മൂന്നുപേരും വനവാസംകഴിഞ്ഞു തിരികെ വരുമ്പോൾ ദേവിക്കു മധുമാംസാദികളെക്കൊണ്ടു ബലിപൂജ ചെയ്തുകൊള്ളാം" എന്നിങ്ങിനെ പ്രാൎത്ഥിച്ചു. അപ്പോഴയ്ക്കു തോണി അക്കരയിൽ ചെന്നുചേൎന്നു. ഉടനെ രാമാദികളായ മൂന്നുപേരും തോണിയിൽനിന്നു കരയ്ക്കിറങ്ങി ഗുഹനോടു യാത്രപറഞ്ഞ് അയയ്ക്കുകയും, ആ രാത്രി ഗംഗാനദിയുടെ തീരത്തിൽ കഴിച്ചുകൂട്ടി പിറെറന്നു പുലർകാലെ പുറപ്പെട്ടു പശ്ചിമേ നടന്നു ഭരദ്വാജമഹൎഷിയുടെ ആശ്രമത്തിൽ ചെല്ലുകയും, അവിടെ മഹൎഷി ചെയ്തതായ ഉപചാരത്തെ സ്വീകരിച്ച് അല്പനേരം താമസിക്കുകയും ചെയ്തു. പിന്നെ പ്രയാഗയിൽചെന്നു യമുനാനദിയെ വന്ദിക്കുകയും, ആ നദിയെ കടന്നു മഹാവനത്തിലേയ്ക്കു പ്രവേശിക്കുകയും ചെയ്തു. വനത്തിൽ ഒന്നാമതു ചെന്നതു വാൽമീകിമുനിയുടെ ആശ്രമത്തിലേയ്ക്കാണ്. വാൽമീകി രാമാദികളെ യഥോചിതം പൂജിക്കുകയും അവർ ആ പൂജയെ സ്വീകരിച്ച് ആശ്രമത്തിൽ കുറച്ചുനേരം ഇരിക്കുകയും, തദനന്തരം അവിടെനിന്നു പുറപ്പെട്ടു ചിത്രകൂടഗിരിയിൽ ചെന്നുചേരുകയും ചെയ്തു. അവിടെ ലക്ഷ്മണൻ മനോഹരമായ ഒരു പൎണ്ണശാലയെ പ

ണിയുകയും രാമൻ മൃഗമാംസംകൊണ്ട് ആ പൎണ്ണശാലയ്ക്കു വാസ്തുബലിയെ കൊടുക്കുകയും ചെയ്തു. ഈ ആശ്രമത്തിൽ ഇരിക്കുവാനും കിടക്കുവാനും പാകം ചെയ്യാനും അഗ്നിഹോത്രം, തേവാരം മുതലായവ ചെയ്യാനും പ്രത്യേകം പ്രത്യേകം ഉള്ള സ്ഥലങ്ങൾ വൃക്ഷപൎണ്ണങ്ങളെക്കൊണ്ടു നിൎമ്മിക്കപ്പെട്ടിരുന്നു. ഈ ആശ്രമത്തിൽ അവർ മൂന്നുപേരും അയോദ്ധ്യയിലെന്നപോലെതന്നെ സുഖമായി പാൎത്തുവന്നു. ആശ്രമത്തിൽ അതിഥികളായി അനേകം മഹൎഷിമാർ വന്നുകൊണ്ടിരിക്കയും രാമൻ അവരെ കന്ദമൂലഫലാദികളെക്കൊണ്ട് ആതിത്ഥ്യം ചെയ്തു പൂജിക്കയും ചെയ്തുപോന്നു.

ഇങ്ങിനെ ഇരിക്കുന്നകാലം ഒരു ദിവസം ശ്രീരാമൻ സീതയുടെ മടിയിൽ തലവെച്ചുകിടന്ന് ഉറങ്ങുകയായിരുന്നു. അതുകണ്ടിട്ട് ഇന്ദ്രപുത്രനായ ജയന്തൻ ഒരു കാക്കയുടെ രൂപം ധരിച്ച് അവിടെ വരികയും മാൎദ്ദവമുള്ളതും രക്തവൎണ്ണവുമായ സീതയുടെ പെരുവിരൽ (സ്തനമെന്നും പക്ഷാന്തരമുണ്ട്) മാംസത്തെ തിന്നുവാൻ മോഹിച്ചു നഖതുണ്ഡങ്ങളെക്കൊണ്ടു കൊത്തുകയും ചെയ്തു. സീതയാകട്ടെ ഭൎത്താവിന്റെ നിദ്രയ്ക്കു ഭംഗം വന്നേയ്ക്കുമെന്നു ഭയന്ന് ആ കാക്കയെ തടുക്കുകയുണ്ടായില്ല. ശ്രീരാമൻ ഉറക്കമൊണൎന്ന് എഴുന്നേററപ്പോൾ സീതയുടെ പെരുവിരലിൽനിന്നു രക്തം ഒഴുകുന്നതും കാക്ക വായിൽനിന്നു രക്തം മുഴക്കിക്കൊണ്ട് ഓടുന്നതും കണ്ടു. രാമൻ കോപിച്ചു കാക്കയുടെ നേക്ക് ഇഷികാസ്ത്രം അഭിമന്ത്രിച്ച് അയയ്ക്കുകയും ആ അസ്ത്രം കാക്കയെ പിന്തുടൎന്നുകൊണ്ടു ബഹുദൂരം പാഞ്ഞുചെല്ലുകയും ചെയ്തു. ആ അസ്ത്രത്തിൽനിന്നു കാകനെ രക്ഷിക്കുവാൻ ബ്രഹ്മാണ്ഡഗോളത്തിൽ ആരുമില്ലാതിരുന്നതുകൊണ്ട് ഒടുവിൽ കാകൻ ശ്രീരാമന്റെ ചരണത്തെതന്നെ ശരണംപ്രാപിച്ചു. ശ്രീരാമൻ നാരദമുനിയുടെ അഭിപ്രായപ്രകാരം ആ കാക്കയുടെ ഒരു കണ്ണുമാത്രം ലക്ഷ്യമാക്കിക്കൊൾവാൻ അസ്ത്രത്തോടു മന്ത്രിക്കുകയും അസ്ത്രം അതുപ്രകാരംതന്നെ കാകവേഷധാരിയായ ജയന്തന്റെ ഒരു നേത്രത്തെ അപഹരിക്കുകയും

ചെയ്തു. ഇങ്ങിനെ രസകരമായ പല സംഗതികളേയും ചെയ്തുകൊണ്ടു രാമാദികഠം സുഖമായി ചിത്രകൂടത്തിൽ പാൎത്തുവന്നു.

ശ്രീരാമന്റെ കഥ ഇങ്ങിനെ നടക്കുമ്പോഠം സുമന്ത്രൻ ഗംഗാതീരത്തിൽനിന്നു രാമനോടു പിരിഞ്ഞു രഥവുംകൊണ്ട് അയോദ്ധ്യയിലേയ്ക്കു ചെന്നു ദശരഥനോടു രാമൻ വനത്തിൽ പ്രവേശിച്ച സംഗതി അറിയിച്ചു. അതുകേട്ടു ഉടനെ ദശരഥമഹാരാജാവു ഹാരാമാ! എന്നു വിലപിച്ചുകൊണ്ടു പ്രാണനെ ഉപേക്ഷിച്ചു. രാജാവു തീപ്പെട്ടതായി അറിഞ്ഞു വസിഷ്ഠമഹൎഷി അദ്ദേഹത്തിന്റെ മൃതശരീരത്തെ തൈലദ്രോണിയിൽവെച്ചു സംരക്ഷിക്കുവാൻ ഏൎപ്പാടുചെയ്തിട്ടു കൈകേയി പുത്രന്മാരായ ഭരതശത്രുഘ്നന്മാരെ വേഗത്തിൽ യുധാജിത്തിന്റെ നഗരത്തിൽനിന്നു കൊണ്ടുവരുവാൻ ദൂതന്മാരെ വിളിച്ചു പറഞ്ഞയച്ചു. ഭരതനും ശത്രുഘ്നനും വസിഷ്ഠന്റെ സന്ദേശംകേട്ട് ഒട്ടും താമസിക്കാതെ അയോദ്ധ്യയിലേയ്ക്കു വരികയും സംഗതികഠം അന്വേഷിച്ചപ്പോഠം തങ്ങളുടെ അമ്മയായ കൈകേയി ചെയ്ത ദുഷ്ടതകഠം അറിയുകയും ചെയ്തു. അമ്മയുടെ ദുഷ്കൃത്യങ്ങളിൽ കഠിനമായ വെറുപ്പോടും പശ്ചാത്താപത്തോടുംകൂടി അവർ രണ്ടുപേരും അമ്മയേ വളരെ ശകാരിക്കുകയും, അച്ഛന്റെ മൃതശരീരത്തെ വസിഷ്ഠമഹൎഷി കല്പിച്ചതായ വിധിപ്രകാരം സരയൂനദിയുടെ തീരത്തിൽ ദഹിപ്പിക്കുകയും ചെയ്തു. കൌസല്യമുതലായ രാജപത്നിമാർ മൂന്നുപേരും വീരമാതാക്കന്മാരാകയാൽ ഭൎത്താവിനെ ദഹിപ്പിക്കുന്നതോടുകൂടി അഗ്നിപ്രവേശം ചെയ്കയുണ്ടായില്ല. പിതാവിന്റെ ഔൎദ്ധ്വദൈഹികക്രിയകഠം ചെയ്തുകഴിഞ്ഞതിന്നുശേഷം ഭരതൻ കൈകേയിയുടെ മുമ്പാകെ വെച്ച് ഈ ആപത്തുകഠംക്കെല്ലാം കാരണമായ മന്ഥരയേ തക്കപ്രകാരം ശിക്ഷിക്കുകയും മേലിൽവേണ്ടത് എന്താണെന്നു മനസ്സുകൊണ്ടു തീൎച്ചപ്പെടുത്തുകയും ചെയ്തു. കൈകേയി ഭരതനോട് അയോദ്ധ്യാരാജാവായി വാഴുവാൻ പലപ്രകാരത്തിൽ പറഞ്ഞുനോക്കി എങ്കിലും ഭരതൻ അതു സമ്മതിച്ചില്ല. വന

വാസത്തിന്നുപോയ ശ്രീരാമനെ വനത്തിൽനിന്നു തിരികെ ന ഗരത്തിലേയ്ക്കു കൂട്ടിക്കൊണ്ടു വരേണമെന്നാണു ഭരതൻ തീൎച്ച പ്പെടുത്തിയത്. അതിന്നായി മന്ത്രിപ്രധാനികളോടുകൂടി ത ന്റെ അമ്മമാരേയും കൂട്ടിക്കൊണ്ടു ശ്രീരാമഭക്തന്മാരായ പൗര വാസികളാൽ പരിവൃതനായിട്ടു ഭരതൻ അയോദ്ധ്യയിൽനിന്നു പുറപ്പെട്ടു. ഗംഗാനദിയുടെ തീരത്തിലെത്തിയപ്പോൾ ഗുഹൻ ഭരതനെ പൂജിക്കുകയും ആ പൂജയെ സ്വീകരിച്ചു ഗംഗയും കട ന്ന് അദ്ദേഹം ഭരദ്വാജാശ്രമത്തിൽ ചെന്നുചേരുകയും ചെയ്തു. അതിദിവ്യനായ ഭരദ്വാജമഹൎഷി തപശ്ശക്തികൊണ്ടു തന്റെ ആശ്രമത്തെ സ്വൎഗ്ഗമാക്കിത്തീൎക്കുകയും ഭരതന്റെകൂടെ വന്നി ട്ടുള്ള സൈന്യങ്ങളെ എല്ലാം വലിയ പദവിയിൽ സല്ക്കരിക്കുക യും ചെയ്തു. ഭരതൻ ഭരദ്വാജനെ വണങ്ങി അദ്ദേഹം പറ ഞ്ഞുകൊടുത്ത വഴിയിൽകൂടി പോയി ചിത്രകൂടാചലത്തിൽ ചെല്ലുകയും അവിടെവെച്ചു സീതാലക്ഷ്മണ സഹിതനായി പ ൎണ്ണശാലയിൽ താമസിക്കുന്ന തന്റെ ജ്യേഷ്ഠനായ ശ്രീരാമനെ കണ്ടു സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്തു. രാമൻ ഭരതനെ എഴുനേല്പിച്ച് ആശ്ലേഷിച്ചപ്പോൾ ഭരതൻ ഉണ്ടായ സംഗതി കളെല്ലാം വിശദമായി അദ്ദേഹത്തോടു പറഞ്ഞു. പിതാവി ന്റെ സ്വൎഗ്ഗാരോഹണം അറിഞ്ഞു ശ്രീരാമൻ ഗംഗാനദിയി ലേയ്ക്കു ചെന്നു പുലകുളി, ഉദകക്രിയ മുതലായ കൎമ്മങ്ങളെല്ലാം വിധിപ്രകാരം ചെയ്തു പൎണ്ണശാലയിലേയ്ക്കുതന്നെ വന്നു. അ പ്പോൾ ഭരതൻ ഗുരുവായ വസിഷ്ഠനെ പുരസ്കരിച്ചു ശ്രീരാ മനോട് അയോദ്ധ്യയിലേയ്ക്കുവന്നു പട്ടാഭിഷേകം ചെയ്തു രാജ്യം പരിപാലിക്കേണമെന്ന് അപേക്ഷിച്ചു. ശ്രീരാമനാകട്ടെ താൻ അങ്ങിനെ ചെയ്യുന്നതല്ലെന്നു ഖണ്ഡിതമായി മറുപടി പറക യാണുണ്ടായത്. അപ്പോൾ ഇച്ഛാഭംഗത്തിൽപെട്ട ഭരതൻ നിലത്തു ദൎഭപ്പുല്ലു വിരിച്ച് ഇനി ഞാൻ ഭക്ഷണം കഴിക്കുന്ന തല്ലാ എന്നു പ്രതിജ്ഞചെയ്ത് അതിൽ കിടന്നു. ഭരതന്റെ ഈ ദൃഢനിശ്ചയം കണ്ടിട്ട് അദ്ദേഹത്തെ സമാധാനിപ്പിക്കു വാനായി രാമൻ വസിഷ്ഠമഹൎഷിയോട് ആവശ്യപ്പെട്ടു. അ

ഇപ്രകാരം വസിഷ്ഠൻ ഭരതൻെറ അരികത്തുചെന്നു "ഹേ ഭരത! സാക്ഷാൽ മഹാവിഷ്ണുതന്നെയാണ് ഭൂഭാരഹരണത്തിന്നുവേണ്ടി ശ്രീരാമനായിട്ട് അവതരിച്ചിരിക്കുന്നത്. രാമൻ കാട്ടിലേയ്ക്കു പുറപ്പെട്ടിട്ടുള്ളതു രാവണൻ മുതലായ രാക്ഷസന്മാരെ കൊല്ലുവാനായിട്ടാണ്. ആകയാൽ ഈ വിഷയത്തിൽ നിങ്ങിനെ ശാഠ്യം പിടിക്കുന്നതുകൊണ്ടു പ്രയോജനമില്ല" എന്നിങ്ങിനെ ശ്രീരാമൻെറ പരമാത്മാവസ്ഥയെ പറഞ്ഞു മനസ്സിലാക്കി. തൻെറ ജ്യേഷ്ഠൻ ശ്രീനാരായണസ്വാമിയാണെന്നു മനസ്സിലായപ്പോൾ ഭരതൻ അദ്ദേഹത്തോടു "ഹേ ജ്യേഷ്ഠാ! അങ്ങയുടെ രാജ്യം ഭരിക്കുന്നതിന്നായും എനിക്കു പ്രതിദിവസം തൊഴുതു പൂജിക്കുന്നതിന്നായും അങ്ങയുടെ മെതിയടികൾ എനിക്കു തരണം. അങ്ങയുടെ വനവാസകാലമായ പതിന്നാലു കൊല്ലം മുഴുവൻ ഞാൻ ജടാവല്ക്കലധാരിയായി അങ്ങയുടെ വരവിനെ കാത്തുംകൊണ്ടു നഗരത്തിന്നു പുറത്തു താമസിച്ചു രാജ്യപരിപാലനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പതിന്നാലു കൊല്ലംകഴിഞ്ഞു പതിനഞ്ചാമത്തെ കൊല്ലം ആദ്യത്തെ ദിവവസം സൂൎയ്യൻ അസ്തമിക്കും വരെയും ഞാൻ കാത്തിരിക്കും. പിന്നെ അങ്ങുന്നു വന്നുകാണാത്തപക്ഷം തീൎച്ചയായും ഞാൻ അഗ്നിപ്രവേശം ചെയ്യുന്നതാണ്. ഇതു സത്യം" എന്നു പറഞ്ഞു. രാമൻ അങ്ങിനെതന്നെയാകട്ടെ എന്നു മറുപടിപറഞ്ഞു തൻെറ രത്നഖചിതങ്ങളായ മെതിയടികൾ ഊരി ഭരതന്നു കൊടുത്ത് അദ്ദേഹത്തോട് അയോദ്ധ്യയിലേയ്ക്കു പോകുവാൻ ആജ്ഞാപിച്ചു. ഭരതനാകട്ടെ ആ ദിവ്യപാദുകകളെ വിനയപൂൎവ്വം വാങ്ങി ഭക്തിയോടുകൂടി ശിരസ്സിൽ അൎപ്പിച്ച് ഏററവും കൃതാൎത്ഥനായ ഭാവത്തിൽ അനേകം പ്രാവശ്യം ശ്രീരാമനെ പ്രദക്ഷിണംചെയ്തു നമസ്കരിച്ച് അമ്മമാരോടും സൈന്യങ്ങളോടുംകൂടി അയോദ്ധ്യയിലേയ്ക്കു പുറപ്പെട്ടു. പുറപ്പെടുമ്പോൾ കൈകേയി "ഹേ രാമ ഞാൻ ചെയ്തതു തെററാണ്. അതിനെ നീ ക്ഷമിക്കണം" എന്നിങ്ങിനെ ശ്രീരാമനോടു പറഞ്ഞു. അതിന്ന് അദ്ദേഹം "ഹേ വാത്സല്യമുള്ള മാതാവേ! ഇവിടുന്ന് യാ

തൊരു തെററം ചെയ്യിട്ടില്ല. വരുവാനിരിക്കുന്ന ചില സംഭവങ്ങൾക്കുവേണ്ടി എൻെറ ഇഷ്ടപ്രകാരം മന്ഥരയും ആകാശവാണിയും ഇവിടുത്തെ മനസ്സിനെ ഭ്രമിപ്പിക്കുകയാണ് ഉണ്ടായത്. ആകയാൽ അമ്മയുടെ പേരിൽ എനിക്കു ലേശംപോലും പരിഭവമില്ല. അമ്മ സുഖമായി അയോദ്ധ്യയിലേയ്ക്കു പൊയ്ക്കോൾക" എന്നിങ്ങിനെ മറുപടി പറഞ്ഞു. അതുകേട്ടു കൃതാർത്ഥയായിത്തീൎന്ന കൈകേയി ഭരതനോടുകൂടി അയോദ്ധ്യയിലേയ്ക്കു പുറപ്പെട്ടു. ഭരതൻ എല്ലാവരേയും കൂട്ടിവന്ന വഴിയിൽക്കൂടെതന്നെ മടങ്ങിപ്പോയി അയോദ്ധ്യയുടെ അരുത്തിയിൽ എത്തിച്ചേൎന്നു. അവിടെവെച്ചു നഗരവാസികളോടെല്ലാം അവരവരുടെ വസതികളിൽ പോയി മുൻപത്തെപ്പോലെതന്നെ പാൎക്കുവാൻപറഞ്ഞ് എല്ലാവരേയും അയയ്ക്കുകയും, താൻ നഗരത്തിനു പുറത്ത് ഒരു ഗ്രാമത്തിനു നന്ദിഗ്രാമം എന്നു പേർ കൊടുത്ത് അവിടെ ദിവ്യമായ ഒരു സിംഹാസനം ഇട്ട് അതിന്മേൽ ശ്രീരാമൻെറ രത്നപാദുകകളെ വെയ്ക്കുകയും മുനിവൃത്തിയോടുകൂടി ഫലമൂലങ്ങളെ മാത്രം ഭക്ഷിച്ചുകൊണ്ട് ആ പാദുകകളുടെ സമീപത്തിൽ ഇരുന്നു പരമഭക്തിയോടുകൂടി ശ്രീരാമനെ ധ്യാനിച്ചുംകൊണ്ടു രാജ്യഭരണം നടത്തിവരികയും ചെയ്തു.

ശ്രീരാമൻ ചിത്രകൂടാദ്രിയിൽതന്നെ അനേകം മഹൎഷിമാരാൽ പരിവൃതനായിട്ടു വസിച്ചുപോന്നു. അക്കാലത്തു സീതയുടെ നെററിമേൽ സുന്ദരമായ തിലകം തൊടുവിച്ചും ഗണ്ഡങ്ങളിൽ പലവൎണ്ണത്തിലുള്ള പുഷ്പങ്ങളുടെ ചാറുകളെക്കൊണ്ട് പത്രലതകളെ എഴുതിയും രാമൻ വിനോദിച്ചു. അക്കാലത്തു പട്ടണവാസികളായ ജനങ്ങൾ പലരും അവിടെ വന്നു ശ്രീരാമനെ സന്ദൎശിക്കുന്നതു പതിവായിത്തീൎന്നു. വനവാസിയായ രാമന് ഈ നാഗരികന്മാരുടെ സാന്നിദ്ധ്യം സുഖമായി തോന്നിയില്ല. ഇനി ഇവിടെനിന്നു പോകയാണു നല്ലത് എന്നു വിചാരിച്ചു രാമൻ സീതാലക്ഷ്മണന്മാരോടുകൂടി അവിടെനിന്നു അത്രിമഹൎഷിയുടെ ആശ്രമത്തിലേയ്ക്കു പോയി. മഹൎഷി രാമനെ

ഉചിതമായ വിധത്തിൽ പൂജിച്ചതിന്നുശേഷം സീതയോടു തന്റെ പതിയെ കാണുവാൻ പറഞ്ഞപ്രകാരം സീത അത്രിപത്നിയായ അനസൂയയെ നമസ്കരിച്ചു. അനസൂയ സീതയെ ആശ്ലേഷിച്ചു മടിയിൽ ഇരുത്തി വിശ്വകർമ്മാവിനാൽ നിർമ്മിക്കപ്പെട്ട രണ്ടു കുണ്ഡലങ്ങളും, രണ്ടു പട്ടുകളും വിചിത്രമായ അംഗരാഗവും സീതക്കു സമ്മാനമായി കൊടുത്തു. അനന്തരം മുനിപത്നി "ഹേ സീതേ! ഈ അംഗരാഗം ശരീരത്തിൽ ധരിച്ചിരുന്നാൽ സൌന്ദൎയ്യം എന്നും നിലനില്ക്കുന്നതിന്നു പുറമേ ഇതു നിന്റെ പാതിവ്രത്യത്തെ രക്ഷിക്കുകയും നിന്നെ രാമനോടു ചേൎക്കുകയും ചെയ്യും. ഇതു നീ ധരിച്ചിരുന്നാൽ രാമൻ നിന്നോടും ലക്ഷ്മണനോടും കൂടി വനവാസകാലം സുഖമായി കഴിച്ചു തന്റെ രാജ്യത്തെ പ്രാപിക്കും" എന്നിങ്ങിനെ അനുഗ്രഹിച്ചു. അത്രിമഹൎഷി രാമാദികളായ മൂന്നുപേരേയും ഉചിതമായ ഭോജനംകൊടുത്തു് ഉപചരിക്കുകയും രാമൻ അത്രിയുടെ ആതിഥ്യം സ്വീകരിച്ചു മൂന്നു ദിവസം ആശ്രമത്തിൽ താമസിച്ചതിന്നുശേഷം മറെറാരു വനത്തിലേക്കു പോകയും ചെയ്തു. ഇങ്ങിനെ ഒരു കൊല്ലത്തെ വനവാസം അവസാനിച്ചു. ഹേ പാൎവ്വതി! ഇപ്പോഠം രാമന്റെ ബാല്യചരിത്രം ഒരുവിധം നിന്നോടു പറഞ്ഞു കഴിഞ്ഞു.

സാരകാണ്ഡം ആറാം സൎഗ്ഗം സമാപ്തം.

## ഏഴാംസൎഗ്ഗം.

പരമശിവൻ പറയുന്നു.

ഹേ പാൎവ്വതി! അനന്തരം ശ്രീരാമൻ വില്ലും കുലച്ചു സീതാലക്ഷ്മണന്മാരോടുകൂടി ദണ്ഡകാരണ്യത്തിൽ പ്രവേശിച്ചു താൻ മുമ്പിലും സീത തന്റെ പിന്നിലും ലക്ഷ്മണൻ സീതയുടെ പിന്നിലുമായി സഞ്ചരിച്ചു. ലക്ഷ്മണനും കുലവില്ലു് കയ്യിൽ ധരിച്ചുംകൊണ്ടാണ് നടന്നിരുന്നത്. ഇങ്ങിനെ പോകുംവഴിയിൽ ഒരു തടാകം കാണപ്പെട്ടു. അവർ മൂവ്വരും ആ തടാകത്തിലിറങ്ങി സ്നാനംചെയ്തു് അതിലെ പരിശുദ്ധമായ ജലത്തെ തൃപ്തി

യാകുംവോളം പാനംചെയ്തു കരയിലുള്ള മരങ്ങളുടെ പഴങ്ങളെ പറിച്ചു ഭക്ഷിച്ചു കുറച്ചുനേരം ആ തടാകതീരത്തിൽ വിശ്രമിച്ചു. ആ സമയത്തു വിരാധൻ എന്നു പേരായ ഒരു രാക്ഷസൻ കാണികൾക്കു ഭയം തോന്നിക്കുന്ന ഭൂതാകൃതിയായ ശരീരത്തോടും വായിൽ ഭയങ്കരമായ ദംഷ്ട്രകളോടുംകൂടിയവനായി ഘോരമായി അട്ടഹസിച്ചുകൊണ്ടും അനേകം മനുഷ്യരെ കഴുത്തിൽ കുത്തികോൎത്തതായ ഒരു ശൂലായുധം ധരിച്ചുകൊണ്ടും വ്യാഘ്രം, ഗജം, മഹിഷം മുതലായ മൃഗങ്ങളെ കൊന്നതിന്നുകൊണ്ടും തങ്ങളുടെ നേരിട്ടുവരുന്നതായി കാണപ്പെട്ടു. അപ്പോൾ ശ്രീരാമൻ 'ഹേ ലക്ഷ്മണ! നീ സീതയെ കാത്തുകൊണ്ടു ഇരുന്നുകൊൾക. ഞാൻ ഇതാ ഈ വരുന്ന രക്ഷസ്സിനെ സംഹരിക്കട്ടെ' എന്നു പറഞ്ഞു. അപ്പോഴയ്ക്കു വിരാധൻ അവരുടെ അടുത്ത് എത്തിക്കഴിഞ്ഞു. അവൻ മൂവരോടും പ്രത്യേകം പ്രത്യേകം നിങ്ങൾ ആരാണെന്നു ചോദിക്കുകയും അതിന്നു ശ്രീരാമൻ തങ്ങൾ ഇന്നവരാണെന്നു പറഞ്ഞതുകൂടാതെ താൻ കാട്ടിൽവന്ന സംഗതി ഇന്നതാണെന്നു വ്യക്തമാക്കുകയും ചെയ്തു. അപ്പോൾ വിരാധൻ ചിരിച്ചുംകൊണ്ടു 'ഞാൻ ലോകപ്രസിദ്ധനായ വിരാധനാണെന്നുള്ള സംഗതി അറിഞ്ഞില്ലായിരിക്കും! എന്നെ ഭയപ്പെട്ടു ഈകാട്ടിൽ പാൎത്തിരുന്ന അനേകം മുനിമാർ ഇരുന്ന സ്ഥലം അറിയാത്തവിധത്തിൽ ഓടിക്കളഞ്ഞു. നിങ്ങൾ രണ്ടുപേൎക്കും ജീവനിൽ കൊതി ഉണ്ടെങ്കിൽ നിങ്ങളുടെ ആയുധങ്ങളെല്ലാം ഇവിടെ ഇട്ടേച്ചു വേഗത്തിൽ ഓടിക്കൊൾവിൻ. ഇല്ലാത്തപക്ഷം ഈ നിമിഷത്തിൽതന്നെ നിങ്ങളെ ഞാൻ തിന്നുകളയും' എന്നു പറഞ്ഞു തൻെറ വലിയ കൈകൾ നീട്ടിക്കൊണ്ടു സീതയെ പിടിപ്പാനായി എത്തി. തൽക്ഷണം ശ്രീരാമൻ ഒരു ബാണം പ്രയോഗിച്ച് അവൻെറ രണ്ടു കൈകളും ഛേദിച്ചുകളഞ്ഞു. അപ്പോൾ വിരാധൻ ഏററവും കുപിതനായിത്തീൎന്നു ഗുഹയെപ്പോലെ വായ്പിളൎന്നുംകൊണ്ടു ശ്രീരാമൻെറ നേരെ പാഞ്ഞു. ആ സമയത്തു രാമൻ മറെറാരു ബാണം പ്രയോഗിച്ച് അവൻെറ കാലുകളേയും മുറിച്ചുകളഞ്ഞു. കാലും കയ്യും ഇല്ലാത്തവനായി

ത്തിന് വിരാതൻ നിലത്തു വീണ് ഉരുണ്ടു തന്റെ ഭൂതാകാരമായ ദേഹത്തെ പെരുമ്പാമ്പിന്റെ മാതിരിയിൽ വളച്ചുകൊണ്ടും അഗാധമായ വായ്പിളർന്നുകൊണ്ടും വീണ്ടും രാമനോടെതിർത്തു. അപ്പോൾ ശ്രീരാമൻ വളരെ ആശ്ചര്യപ്പെട്ട് അർദ്ധചന്ദ്രാകാരമായ ഒരു അസ്ത്രംകൊണ്ട് അവനെ സംഹരിച്ചു സീതയുടെ അരികത്തേയ്ക്കു ചെന്നു. സീത തന്റെ ഭർത്താവിനെ കണ്ടു സന്തോഷിച്ച് ആലിംഗനംചെയ്യുകയും അദ്ദേഹത്തിന്റെ വീര്യാതിശയത്തെ പ്രശംസിക്കുകയും ചെയ്തു. കരുണാസാഗരമായ ശ്രീരാമദേവൻ ഇപ്രകാരം വിരാധനെ നിഗ്രഹിച്ചതു കണ്ടു ദേവന്മാർ സന്തോഷിച്ചു ദിവ്യവാദ്യങ്ങളെ മുഴക്കി. അതിനിടയിൽ വിരാതന്റെ ദേഹത്തിൽനിന്നു ദിവ്യരൂപധാരിയായ ഒരുവൻ പുറപ്പെട്ട് അദ്ദേഹത്തെ വണങ്ങി "ഹേ കരുണാനിധേ! ഞാൻ പണ്ട് ഒരു വിദ്യാധരനായിരുന്നു. മഹർഷിയായ ദുർവ്വാസസ്സിന്റെ ശാപംകൊണ്ടു പിന്നെ രാക്ഷസനായിത്തീർന്നതാണ്. ഇപ്പോൾ തിന്തിരുവടി നിമിത്തമായിട്ട് അടിയനു ശാപമോചനം ലഭിച്ചു" എന്നു പറഞ്ഞു ശ്രീരാമനെ സ്തുതിക്കുകയും വിമാനാരൂഢനായി ദിവ്യലോകത്തേയ്ക്കു പോകുകയും ചെയ്തു.

പിന്നെ ശ്രീരാമൻ സീതാലക്ഷ്മണന്മാരോടുകൂടി സർവ്വസൌഖ്യങ്ങൾക്കും നിധാനമായ ശരഭംഗാശ്രമത്തെ പ്രാപിച്ച് ആ മഹർഷിയെ വന്ദിച്ച് അദ്ദേഹം ചെയ്ത ഉപചാരങ്ങളെ സ്വീകരിച്ച് ഒരു രാത്രി താമസിച്ചു. പിറേറദിവസം രാവിലെ ശരഭംഗമഹർഷി താൻ സമ്പാദിച്ചിട്ടുള്ള പുണ്യമെല്ലാം ശ്രീരാമങ്കൽ സമർപ്പിച്ച് അദ്ദേഹത്തെ പലപ്രകാരത്തിൽ സ്തുതിച്ചു ജ്വലിക്കുന്ന ചിതാഗ്നിയിൽ ചാടി തന്റെ സ്ഥൂലദേഹത്തെ ഉപേക്ഷിച്ചു വിഷ്ണുപാർഷദന്മാരാൽ ആനീതമായ വിമാനത്തിൽ കയറി വൈകുണ്ഠലോകത്തേയ്ക്കു പോയി. രാമാദികൾ അവിടെനിന്നു സുതീക്ഷ്ണമഹർഷിയുടെ ആശ്രമത്തിലേയ്ക്കാണ് പോയത്. ആശ്രമത്തിൽ സുതീക്ഷ്ണൻ ചെയ്ത സൽക്കാരങ്ങളെ സ്വീകരിച്ച് അവർ സുഖമായി താമസിച്ചു.

ശ്രീരാമൻ സുതീക്ഷ്ണാശ്രമത്തിൽ താമസിക്കുന്ന ആ കാലം

വനത്തിൽ പാൎക്കുന്ന നാനാമുനിജനങ്ങളും അദ്ദേഹത്തെ സന്ദ ശിക്കുവാൻ പതിവായി വന്നുകൊണ്ടിരുന്നു. അവർ ശ്രീരാമ നെ വണങ്ങി സ്തുതിക്കുകയും സീതാലക്ഷ്മണസഹിതനായ അ ദ്ദേഹത്തെ തങ്ങളുടെ ആശ്രമങ്ങളിലേയ്ക്കു ക്ഷണിച്ചു കൂട്ടിക്കൊ ണ്ടു പോകയും ചെയ്തു. അവരിൽ ചിലർ ഒരു ദിവസവും, ചി ലർ മൂന്നു ദിവസവും, ചിലർ അഞ്ചു ദിവസവും, ചിലർ ഏഴു ദിവസവും, ചിലർ ഒരു പക്ഷവും, ചിലർ ഒരു മാസവും, ചി ലർ ഒന്നര മാസവും, ചിലർ മൂന്നു മാസവും, ചിലർ അഞ്ചുമാ സവും, ചിലർ ആറു മാസവും, ചിലർ എട്ടു മാസവും, ചിലർ പതിനൊന്നു മാസവും, ചിലർ ഒരു സംവത്സരവും രാമാദിക ളെ തങ്ങളുടെ ആശ്രമങ്ങളിൽ താമസിപ്പിച്ചു വിശേഷരീതി യിൽ ഉപചരിച്ചു തൃപ്തികരമായ വിധത്തിൽ പൂജിക്കുകയും ചെയ്തു. ഇപ്രകാരം ശ്രീരാമൻ തന്റെ ദണ്ഡകാരണ്യവാസ ത്തിൽ ഒമ്പതു വൎഷങ്ങൾ ഏററവും സുഖമായി കഴിച്ചുകൂട്ടി. ഈ കാലങ്ങളിൽ ശ്രീരാമൻ സീതാലക്ഷ്മണന്മാരോടുകൂടി സ ഞ്ചരിക്കുന്ന വഴിയിൽ അവിടവിടെ കാണപ്പെട്ട രാക്ഷസന്മാ രെ എല്ലാം സംഹരിക്കുകയും അവിടങ്ങളിലുള്ള മുനിപുംഗവ ന്മാരുടെ ആശ്രമങ്ങളിലും, പൂന്തോട്ടങ്ങളിലും, ഉപവനങ്ങളിലും, നദി, തടാകം, പൎവ്വതം, കൊടുമുടി എന്നിവയിലും മരങ്ങളുടെ അടികളിലും സീതയോടുകൂടി, കൈലാസത്തിൽ പാൎവ്വതിയോ ടുകൂടിയ പരമശിവനെപ്പോലെ, പാൎത്തു വിനോദിക്കുകയും ചെയ്തു.

അനന്തരം ശ്രീരാമൻ അഗസ്ത്യമഹൎഷിയുടെ അനുജനാ യ സുമതി എന്ന മുനിയുടെ ആശ്രമത്തിൽ ചെന്നു് അദ്ദേഹ ത്തിന്റെ സല്ക്കാരം സ്വീകരിക്കുകയും അവിടെനിന്നു നാനാവൃ ക്ഷജാലങ്ങളാൽ നിബിഡമായ അഗസ്ത്യാശ്രമത്തിലേയ്ക്കുപോ കയും ചെയ്തു. അഗസ്ത്യൻ അനേകം മഹൎഷിമാരോടും ശിഷ്യ ന്മാരോടും കൂടി ചെന്നു് എതിരേററു ശ്രീരാമനെ ആലിംഗനം ചെയ്തു് ആശ്രമത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു വിധിപ്രകാരം ഉ പചരിച്ചു. ശ്രീരാമൻ അദ്ദേഹത്തിന്റെ പൂജയെ ആദരപൂൎവ്വം

സ്വീകരിച്ചു കുറച്ചുദിവസം അവിടെ താമസിച്ചു. അപ്പോഠ അഗസ്ത്യൻ പണ്ടു ദേവേന്ദ്രൻ ശ്രീരാമന്നു സമൎപ്പിക്കവാനാ യി തന്റെ കയ്യിൽ ഏല്പിച്ചിട്ടുണ്ടായിരുന്ന ഒരു ധനുസ്സിനേ യും, രണ്ടു തൂണീരങ്ങളേയും രത്നമയമായ പിടിയോടുകൂടിയ ഒരു ഖൾഗത്തേയും ശ്രീരാമന്നു കൊടുക്കുക ഉണ്ടായി. ശ്രീരാമൻ അഗസ്ത്യന്റെ ഉപദേശപ്രകാരം പഞ്ചവടിയിലേക്കു പുറപ്പെ ട്ടു ഗൌതമി എന്ന നദിയുടെ ഉത്തരതീരത്തിൽകൂടെ യാത്രചെ യ്തു. അവിടെ പൎവ്വതാകാരനും അരുണപുത്രനും ആയ ജടായു വിനെ കണ്ടിട്ടു ശ്രീരാമൻ "അങ്ങുന്ന് എന്റെ പിതാവായ ദ ശരഥന്ന് ഉററബന്ധുവല്ലേ?" എന്നു ചോദിച്ചു ബന്ധുസമാ ഗമപ്രീതനായ ജടായുവിനോടു കുറച്ചുനേരം സംഭാഷണം ചെ യ്തിട്ട് അവിടേനിന്നു പോയി പഞ്ചവടിയെ പ്രവേശിച്ചു. അ വിടെ ഒരിടത്തു മുമ്പു ചിത്രകൂടഗിരിയിൽ എന്നപോലെ പ ൎണ്ണശാലകളെ കെട്ടി ഉണ്ടാക്കി മൃഗമാംസങ്ങളെക്കൊണ്ടു വാ സ്തുബലിയെ ചെയ്തു ശ്രീരാമൻ സീതാലക്ഷ്മണസഹിതനായി സസുഖം താമസിച്ചു. അപ്പോഠ ജടായുവും അവിടെ ചെന്നു രാമാദികളെ കാത്തുംകൊണ്ടിരുന്നു. ഹേ പാൎവ്വതി! ഈ പഞ്ച വടിയിൽ ശ്രീരാമൻ മൂന്നരക്കൊല്ലംകാലം താമസിക്കുക ഉ ണ്ടായി.

അക്കാലത്തു ശൂൎപ്പണഖ എന്നു പേരായ രാക്ഷസിയുടെ പുത്രനായ ശാംബവൻ എന്നവൻ ഒരു വനത്തിൽ ഏററവും തീവ്രമായ തപസ്സിനെ ചെയ്തുംകൊണ്ടിരുന്നു. തപസ്സുകൊണ്ടു പ്രീതനായ ബ്രഹ്മാവു പ്രത്യക്ഷമായി അവന്ന് ഒരു ഖൾഗവും അനുഗ്രഹവും കൊടുത്തു ബ്രഹ്മലോകത്തേക്കു മടങ്ങിപ്പോയി. പക്ഷേ തപസ്സിൽതന്നെ മനസ്സിനെ നിറുത്തിയിരുന്ന ശാംബ വന്നു ബ്രഹ്മാവു വന്നതും പോയതും ഓൎമ്മ ഉണ്ടായില്ല. ധ്യാന നിഷ്ഠനായിരുന്ന അവന്റെ ചുററം ചെടികളും വള്ളികളും വ ളൎന്ന് അവനെ മൂടിക്കൊണ്ടിരുന്നു. ആ പ്രദേശം കണ്ടാൽ ഒ രു വള്ളിമൂടിലാരമെന്നല്ലാതെ അതിനുള്ളിൽ ഒരാഠ ഇരിക്കു ന്നുണ്ടെന്ന് ആൎക്കും തോന്നുകയില്ല. ആ പ്രദേശത്തു ലക്ഷ്മണൻ

യദൃച്ഛയാ പോകുന്നതിന്നിടയായപ്പോൾ ഒരു ഖഡ്ഗം അവിടെ കിടക്കുന്നതായി കണ്ടു. ലക്ഷ്മണൻ അത് എടുത്ത് ആ വാൾകൊണ്ടുതന്നെ ആ വള്ളിമുടിലാരം വെട്ടുവാൻ തുടങ്ങിയപ്പോൾ അതിന്നുള്ളിലുണ്ടായിരുന്ന ശാംബവനും വെട്ടു കൊണ്ടുപോയി. അതു കണ്ടു ഭയപ്പെട്ടു ലക്ഷ്മണൻ ശ്രീരാമന്റെ അരികത്തു ചെന്ന് 'അല്ലയോ ആൎയ്യനായുള്ളോവേ! ഞാൻ ഇന്ന് ഒരു ബ്രഹ്മഹത്യ ചെയ്തുപോയി. അതിന്ന് എന്താണ് പ്രായശ്ചിത്തം ചെയ്യേണ്ടതെന്നു വിധിച്ചുതരണം'. എന്ന് ഉണൎത്തിച്ചു. അതിന്നു ശ്രീരാമൻ 'ഹേ കുമാരലക്ഷ്മണാ! നീ ഭയപ്പെടേണ്ട. വെട്ടുകൊണ്ടു മരിച്ചവൻ ബ്രാഹ്മണനല്ല. അവൻ ശാംബവനെന്നു പേരായ രാക്ഷസനാണ്'' എന്നു പറഞ്ഞു ലക്ഷ്മണന്റെ ഭയസംഭ്രമങ്ങളെ തീൎത്തു. ലക്ഷ്മണന്നു സന്തോഷമാകയും ചെയ്തു. ഈ സംഗതി ശാംബവന്റെ മാതാവായ ശൂൎപ്പണഖയ്ക്കു മനസ്സിലായപ്പോൾ അവൾ വളരെ വ്യസനിക്കുകയും കോപിക്കുകയും ചെയ്തു. കുപിതയായ ശൂൎപ്പണഖ കാമരൂപം ധരിച്ചു തന്റെ കണ്ണിൽപെട്ട സൎവ്വപ്രാണികളേയും ഹിംസിച്ചുംകൊണ്ടു സഞ്ചരിക്കുവാൻ തുടങ്ങി. അങ്ങിനെ പോകുന്നതിന്നിടയിൽ ഒരു ദിവസം പഞ്ചവടിയിൽ എത്തിച്ചേൎന്നു. അവിടെ രാമലക്ഷ്മണന്മാർ ഇരിക്കുന്നതു കണ്ടിട്ട് അസഹ്യമായ കോപത്തോടുകൂടി അവരെ വല്ലവിധത്തിലും കപടമായി കൊല്ലേണമെന്നു കരുതി ശൂൎപ്പണഖ ദിവ്യവസ്ത്രാഭരണഭൂഷിതയായ ഒരു സുന്ദരിയുടെ വേഷം ധരിച്ചു ശ്രീരാമന്റെ സമീപത്തു ചെന്ന് "അങ്ങ് ആരാണ്. അങ്ങയുടെ അരികത്തുള്ള ഈ സ്ത്രീ ഏതാണ്. നിങ്ങൾ ഈ കാട്ടിലേയ്ക്കു വരുവാൻ കാരണം എന്ത്. നിങ്ങൾ എവിടെനിന്നു വന്നു. എങ്ങോട്ടു പോകുന്നു?" എന്നിങ്ങിനെ ചോദിച്ചു. അതിന്നു ശ്രീരാമൻ തങ്ങൾ ഇന്നവരാണെന്നും നഗരം വിട്ടു കാട്ടിൽ വരുവാനുണ്ടായ കാരണം ഇന്നതാണെന്നും വിവരമായി പറഞ്ഞുകൊടുത്തു. അപ്പോൾ ശൂൎപ്പണഖ "അല്ലയോ ആൎയ്യാ! അങ്ങ് എന്റെ ഭൎത്താവായി ഇരിക്കണം" എന്നപേക്ഷിച്ചതിന്നു ശ്രീരാമൻ "ഞാൻ മുമ്പുതന്നെ ഒരു പത്നി

യെ സ്വീകരിച്ചിരിക്കുന്നു. അതാ എൻെറ അനുജൻ ലക്ഷ്മ ണൻ ഉണ്ടല്ലോ. ഈ കാൎയ്യം അയാളോടു പറകയാണ് നല്ല ത്" എന്നു മറുപടി പറഞ്ഞു. അപ്പോൾ ശൂൎപ്പണഖ ലക്ഷ്മ ണൻെറ അരികത്തു ചെന്ന് അദ്ദേഹത്തോടു തൻെറ ഭൎത്താ വായി ഇരിക്കേണമെന്ന് അപേക്ഷിച്ചു. അവളുടെ അപേക്ഷ യ്ക്കു ലക്ഷ്മണൻ "ഞാൻ ശ്രീരാമദേവൻെറ ദാസനാണ്. നീ എന്നെ ഭൎത്താവായി ലഭിക്കുന്നതായാൽ നീയ്യും ദാസിയാകേ ണ്ടിവരും" എന്നു മറുപടി പറഞ്ഞു. അതു കേട്ടു ശൂൎപ്പണഖ വേഗത്തിൽ സീതയുടെ സമീപത്തു ചെന്ന് അവളെ എടുക്കു വാനായി ഭാവിച്ചു. അപ്പോൾ ശ്രീരാമൻ ഹേ ശൂൎപ്പണഖേ ! ഇവിടെ വാ !, ഇവിടെ വാ ! എന്നിങ്ങിനെ ധൃതിയിൽ വിളി ച്ച് "ഇതാ ഈ അസ്ത്രം കൊണ്ടുപോയി ലക്ഷ്മണന്ന് അടയാള മായി കാട്ടിക്കൊൾക. എന്നാൽ നിൻെറ മനോരഥം സാധി ക്കും" എന്നു പറഞ്ഞ് ഒരു അസ്ത്രം അവളുടെ കയ്യിൽ കൊടു ത്തു. ശൂൎപ്പണഖ രാമൻെറ വാക്കു വിശ്വസിച്ച് ആ അസ്ത്രം കൊണ്ടുപോയി ലക്ഷ്മണൻെറ കയ്യിൽ കൊടുത്തു. അസ്ത്രം ക ണ്ടിട്ടു ലക്ഷ്മണൻ ജ്യേഷ്ഠൻെറ അന്തൎഗ്ഗതം ഇന്നതെന്നു മനസ്സി ലാക്കി ആ അസ്ത്രം വില്ലിൽ തൊടുത്തു ശൂൎപ്പണഖയുടെ നേരെ പ്രയോഗിക്കുകയും രാമനാമം കൊത്തിയതായ ആ അമ്പ് അ തിവേഗത്തിൽ ചെന്നു ശൂൎപ്പണഖയുടെ കൎണ്ണനാസികകളേയും, സ്തനങ്ങളേയും ഛേദിച്ചു ക്ഷണനേരംകൊണ്ടു ശ്രീരാമൻെറ തൂ ണീരത്തിൽ ചെന്നുചേരുകയും ചെയ്തു. ഇപ്രകാരം ഛിന്നാവ യവയായിത്തീൎന്ന ശൂൎപ്പണഖ ഹാ, ഹാ, എന്ന് അലറിക്കൊ ണ്ടു തൻെറ സഹോദരന്മാരായ ഖരദൂഷണന്മാരുടെ സമീപ ത്തേയ്ക്കു ഓടിപ്പോയി. ഖരൻ, ദൂഷണൻ, ത്രിശിരസ്സ് എന്ന മൂന്നുപേരും ശൂൎപ്പണഖയുടെ വികൃതരൂപം കണ്ടു സംഗതികളെ ല്ലാം അവളോടു ചോദിച്ചു മനസ്സിലാക്കുകയും ഉടൻതന്നെ അ തിയായ കോപത്തോടുകൂടി രാമലക്ഷ്മണന്മാരെ കൊല്ലുവാനാ യി ക്രൂരന്മാരായ പതിന്നാലു രാക്ഷസന്മാരെ നിയോഗിച്ചയ യ്ക്കുകയും ചെയ്തു. അവർ പതിന്നാലുപേരും യുദ്ധസന്നദ്ധന്മാ

രായി വന്ന് എതിരിട്ടപ്പോൾ ശ്രീരാമൻ പതിന്നാലു ബാണങ്ങളെ പ്രയോഗിച്ചു നിഷ്പ്രയാസമായി അവരെ അന്തകന്നു ബലിയാക്കിത്തീൎത്തു തന്റെ ലോകത്തിലേക്കു പറഞ്ഞയച്ചു. ഈ പതിന്നാലുപേരേയും ശ്രീരാമൻ കൊന്നതായി അറിഞ്ഞപ്പോൾ ഖരദൂഷണന്മാർ പൂൎവ്വാധികം കോപിച്ചു വശാവുകയും ഒട്ടും താമസിക്കാതെ പതിന്നാലായിരം സൈന്യങ്ങളോടുകൂടി രാമനോടു യുദ്ധത്തിന്നു പുറപ്പെടുകയും ചെയ്തു. രാക്ഷസന്മാരുടെ വരവു കണ്ടിട്ടു ശ്രീരാമൻ സീതയേയും ലക്ഷ്മണനേയും അടുത്തുള്ളതായ ഒരു ഗുഹയിൽ ഇരുത്തി താൻ മാത്രം വില്ലും ശരവും കയ്യിലേന്തി അവരോട് എതിരിട്ടു. ആ രാക്ഷസന്മാരുടെ നേരെ ശ്രീരാമൻ അല്പനേരം അസ്ത്രശസ്ത്രപ്രയോഗം ചെയ്തതിന്നുശേഷം ആ പതിന്നാലായിരം രാക്ഷസന്മാരുടെ മുമ്പിലും പതിന്നാലായിരം രാമന്മാരായി നിന്നു യുദ്ധംചെയ്കയും ക്ഷണനേരംകൊണ്ട് അവരെ എല്ലാം സംഹരിക്കുകയും ചെയ്തു. ഉടനെ ഖരൻ എതിരിട്ടു. അവനേയും ശ്രീരാമൻ വധിച്ചു. ഖരനെ തുടൎന്നുകൊണ്ടു ദൂഷണനും അവന്റെ പിന്നാലെ ത്രിശിരസ്സും യുദ്ധംചെയ്കയും അവരേയും ശ്രീരാമൻ നിഷ്പ്രയാസം സംഹരിച്ചു വൈകുണ്ഠലോകത്തിലേക്ക് അയയ്ക്കുകയും ചെയ്തു. ഈ പറഞ്ഞ സംഗതികളെല്ലാം ഗൌതമീനദിയുടെ തീരത്തിൽവെച്ച് ഒരു മുഹൂൎത്തനേരത്തിന്നുള്ളിൽ നിൎവ്വഹിക്കപ്പെട്ടു. ഖരദൂഷണത്രിശിരസ്സുകൾ പാൎത്തുവന്ന സ്ഥലത്തിന്നു ത്രികണ്ടകം എന്നു പേർ പറഞ്ഞുവന്നിരുന്നു. അവരുടെ മരണശേഷം ആ സ്ഥലത്തിന്നു "ത്ര്യംബകക്ഷേത്രം" എന്ന പേർ സിദ്ധിച്ചു. രാക്ഷസന്മാരുടെ ഭയത്തിൽനിന്നു വിമുക്തയായ ഈ ജനസ്ഥാനത്തെ ശ്രീരാമൻ വിശിഷ്ടന്മാരായ ബ്രാഹ്മണൎക്കു ദാനംചെയ്ത് അവരെ സുഖമായി താമസിപ്പിച്ചു. യുദ്ധത്തിൽ ജയം പ്രാപിച്ചു വിജയലക്ഷ്മിയോടുകൂടി രാമൻ സീതയുടെ സമീപത്തു ചെന്നപ്പോൾ സീത ഏററവും സന്തോഷിച്ചു ഭൎത്താവിനെ പലവിധത്തിൽ പ്രശംസിച്ചു പ്രേമത്തോടുകൂടി ആലിംഗനംചെയ്തു.

ഈ സമയത്തു ശ്രീരാമൻ സീതയെ പ്രത്യേകമായ ഒരിട

ത്തെയ്ക്കു വിളിച്ച് "ഹേ സീതേ! നീ ഈ സമയംമുതൽ മൂന്നുരൂപങ്ങളോടുകൂടി തിരിഞ്ഞു രജോഗുണരൂപിണിയായി അഗ്നിയിലും, സത്വരൂപിണിയായി എന്റെ വലത്തുഭാഗത്തും, ദശഗ്രീവനെ മയക്കുവാൻ വേണ്ടി ഛായാരൂപിണിയായി പഞ്ചവടിയിലെ ആശ്രമത്തിലും പാൎക്കണം" എന്ന് ആജ്ഞാപിക്കുകയും അതുപ്രകാരം സീതാദേവി മൂന്നു രൂപങ്ങളെ ധരിച്ചു മേൽ പറഞ്ഞ മൂന്നു സ്ഥലങ്ങളിൽ സന്നിഹിതയായിരിക്കുകയും ചെയ്തു.

മൂക്കു മുറിഞ്ഞ ശൂൎപ്പണഖ ലങ്കാപുരിയിൽ ചെന്നു രാവണനോടു "ജ്യേഷ്ഠാ! നീ വലിയ മൂഢനാണ്. ലോകത്തിൽ രാജാക്കന്മാരെല്ലാം അവിടവിടെ നടക്കുന്ന സംഗതികളെ ചാരന്മാർ മുഖേന ഉടനടി അറിയുന്നതു പതിവാണ്. അതു നീ തെല്ലുപോലും ശ്രദ്ധിക്കുന്നില്ല. രാമൻ എന്നു പേരായ മനുഷ്യൻ ജനസ്ഥാനത്തിൽ വന്നു പതിന്നാലായിരം സൈന്യങ്ങളേയും നിന്റെ സഹോദരന്മാർ മൂന്നുപേരേയും യമലോകത്തേയ്ക്കു അയച്ചിരിക്കുന്നു. പ്രതാപവാനായ നീ ഇതെല്ലാം അറിഞ്ഞുവോ?" എന്നു പറഞ്ഞു. ഇതു കേട്ടു രാവണൻ അവളുടെ മുഖത്തേയ്ക്കു നോക്കിയപ്പോൾ മൂക്കുമുതലായ അംഗങ്ങൾ മുറിഞ്ഞുപോയിരിക്കുന്നതായി കണ്ടു സിംഹാസനത്തിൽനിന്നു ബദ്ധപ്പെട്ട് ഇറങ്ങി 'നീ ഈ സ്ഥിതിയിലായതിന്നും ജനസ്ഥാനത്തിൽ യുദ്ധമുണ്ടായതിന്നും കാരണമെന്ത്?' എന്നു ചോദിച്ചു. അപ്പോൾ ശൂൎപ്പണഖ 'ഞാൻ ജനസ്ഥാനത്തിൽ സഞ്ചരിച്ചുംകൊണ്ടിരിക്കുമ്പോൾ അവിടെ ജാനകിയെ സന്ദൎശിക്കുകയുണ്ടായി. അവൾ ഏററവും സുന്ദരിയായിരുന്നതുകൊണ്ട് അവളെ നിണക്കുവേണ്ടി കൊണ്ടുവരുവാനായി പിടിപ്പാൻ ഭാവിച്ചപ്പോൾ ലക്ഷ്മണൻ പ്രയോഗിച്ച ഒരു ശരംകൊണ്ട് എനിക്ക് ഈ ഗതി സംഭവിച്ചു. രാമന്റെ കല്പനപ്രകാരം ലക്ഷ്മണൻ, തപസ്സുചെയ്തുംകൊണ്ടിരിക്കുന്ന ശാംഭവനെ യാതൊരു കാരണവും കൂടാതെ കൊന്നുകളഞ്ഞു. ഖരൻ മുതലായവരും എനിക്കുവേണ്ടി യുദ്ധംചെയ്തു മരണം പ്രാപിച്ചു. ആകയാൽ

നിണക്കു സാമൎത്ഥ്യമുണ്ടെങ്കിൽ അവിടെ പോയി സീതയെ കൊണ്ടുവന്നുകൊൾക. ഇല്ലെങ്കിൽ ഭൎത്താവു മരിച്ചുപോയ സ്ത്രീയെപ്പോലെ തലയും കുനിച്ച് ഇരുന്നുകൊൾക" എന്നു പറഞ്ഞു. ഇതുകേട്ടു രാവണൻ ശൂൎപ്പണഖയോടു "ഹേ ശൂൎപ്പണഖേ! അവൻ നിന്റെ അവയവങ്ങളെ ഛേദിച്ചതിൽ വ്യസനിക്കേണ്ട. ഈ ക്ഷണത്തിൽതന്നെ ഞാൻ പോയി അവരെ എല്ലാം കൊന്ന് ആ കൈകൊണ്ടു നിന്റെ കണ്ണീർ തുടയ്ക്കുന്നുണ്ട്" എന്നിങ്ങിനെ പലതും പറഞ്ഞു സമാധാനിപ്പിച്ച് ഉടൻതന്നെ തേരിൽ കയറി തന്റെ ക്ഷേമകാംക്ഷിയും തപോനിഷ്ഠനുമായ അമ്മാമൻ മാരീചന്റെ അടുത്തുചെന്ന് ഉണ്ടായ സംഗതികളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. മാരീചൻ "ഹേ രാവണാ! ലങ്കാരാജ്യത്തിന്നുതന്നെ ഹാനികരമായ ഈ സംഗതി ആരാണു നിന്നോട് ഉപദേശിച്ചത്. വിശ്വാമിത്രന്റെ യാഗത്തിൽവെച്ചു രാമന്റെ ഒരു ബാണംകൊണ്ടു ഞാൻ സമുദ്രത്തിൽ വന്നുവീണ് ഒരു വിധം തപ്പിപ്പിഴയ്ക്കുവാൻ എത്രയോ പാടുപെട്ടു. അന്നു മുതല്ക്കു രഥം, രത്നം, രജതം, രമ്യം എന്നു മുതലായ വാക്കുകളെ കേൾക്കുമ്പോൾകൂടി അവയുടെ ആദ്യത്തെ 'ര' എന്ന അക്ഷരം രാമനെ ഓൎമ്മപ്പെടുത്തി എനിക്കു ഭയം ജനിപ്പിക്കുന്നു. നീ ആ രാമനെ കാണുന്നതായാൽ തൽക്ഷണംതന്നെ യമലോകം പ്രാപിക്കും. ആകയാൽ രാമനോട് എതിൎക്കേണ്ട കാൎയ്യം മാത്രം വിചാരിക്കേണ്ട" എന്നു പറഞ്ഞു വളരെ ഭയപ്പെടുത്തി. പക്ഷേ മാരീചന്റെ വാക്കുകൾ രാവണനെ അധികം കോപിപ്പിക്കുകയാണ് ഉണ്ടായത്. ക്രുദ്ധനായിത്തീൎന്ന രാവണൻ മാരീചനോടു "നീ ഇപ്പോൾ എന്റെ കൂടെ പോരാത്തപക്ഷം നിന്നെ ഞാൻ കൊന്നുകളയും. ആകയാൽ എന്നോടുകൂടി ഇപ്പോൾതന്നെ പുറപ്പെടുക. നീ ഒരു മാനിന്റെ രൂപം എടുത്തു രാമൻ താമസിക്കുന്ന കാട്ടിൽ ചെന്ന് അവന്റെ മുമ്പിൽ കളിച്ചുകൊൾക. അപ്പോൾ രാമൻ നിന്നെ പിടിക്കുവാൻവേണ്ടി പിന്നാലെ വരും. അങ്ങിനെ പിൻതുടൎന്നു കുറെ ദൂരം ചെന്നാൽ രാമന്റെ സ്വരംപോലുള്ള

സ്വരത്തിൽ ഹാ ലക്ഷ്മണാ! ഹാ സീതേ! എന്നിങ്ങിനെ ഉറക്കെ നിലവിളിച്ചുകൊൾക. ആ സമയത്തു ഞാൻ സീതയേയും എടുത്തു ലങ്കയിലേക്കു പോരുന്നേക്കാം. കാൎയ്യം സാധിച്ചാൽ നിന്റെ അദ്ധ്വാനത്തിന്നു പ്രതിഫലമായി ലങ്കാരാജ്യത്തിൽ പകുതി തരികയും ചെയ്യാം" എന്നിങ്ങിനെ പലതും പറഞ്ഞു മാരീചനെ പുറപ്പെടുവിക്കുവാൻ ശ്രമിച്ചു. മാരീചൻ ഗത്യന്തരമില്ലാതെ രാവണന്റെ വാക്കിന്നു കീഴടങ്ങുകയാണ് ഉണ്ടായത്. ഈ പാപിയുടെ കൈകൊണ്ടു ഞാനെന്തിന്നു മരിക്കുന്നു. ശ്രീരാമന്റെ കൈകൊണ്ടു മരണം ഭവിച്ചാൽ എനിക്കു സൽഗതി സിദ്ധിക്കും. എന്നിങ്ങിനെ മനസ്സിൽ വിചാരിച്ചുകൊണ്ടു രാവണനോടു "ഹേ രാവണാ! നിന്റെ ഇഷ്ടംപോലെ ഞാൻ പ്രവൃത്തിക്കാം" എന്നു പറഞ്ഞു രാവണനോടുകൂടി തേരിൽ കയറി മാരീചൻ പഞ്ചവടിയിലേക്കു ചെന്നു. അവിടെ അവൻ നവരത്നനിറം കലൎന്ന ഒരു പൊൻമാനായി ചമഞ്ഞു സീതയുടെ മുമ്പിൽ ചെന്നു കളിച്ച് അവൾക്കു മോഹം ജനിപ്പിച്ചു. ഛായാസീത ആ മാനിനെ കണ്ടിട്ടു ശ്രീരാമനോടു "ഹേ പ്രാണനാഥാ! ഈ മാനിനെ എനിക്കു പിടിച്ചുതരണം. ഇതിനെ ജീവനോടുകൂടി കിട്ടിയാൽ ഇതിനോടുകൂടി ക്രീഡിക്കാം. കൊന്നിട്ടു കിട്ടിയുള്ളു എങ്കിൽ ഇതിന്റെ തോൽകൊണ്ടു കഞ്ചുകം മുതലായവയെ നിൎമ്മിക്കയും ചെയ്യാം" എന്നു പറഞ്ഞു. രാമൻ വരുവാൻ പോകുന്ന സംഗതികൾ അറിഞ്ഞിട്ടു ലക്ഷ്മണനെ വിളിച്ചു "ഹേ കുമാരാ! നീ സീതയുടെ കൂടെ ഇരിക്കണം. ഞാൻ ഈ മാനിനെ പിടിച്ചുംകൊണ്ടു വരാം" എന്നു പറഞ്ഞു പൊൻമാനിന്റെ പിന്നാലെ നടകൊണ്ടു. ആ മാൻ രാമനെ അധികം ദൂരത്തേക്കു കൊണ്ടുപോവാൻ വേണ്ടി ചില ദിക്കിൽ മറഞ്ഞും, മററു ചില ദിക്കിൽ തെളിഞ്ഞും, വിളയാടിക്കൊണ്ടു വളരെ ദൂരം ചെന്നപ്പോൾ ശ്രീരാമൻ കുറച്ചുനേരം ആലോചിച്ച് ഒരു ബാണം എടുത്തു മാനിന്റെ മേൽ എയ്യുകയും അപ്പോൾ മാൻവേഷം പൂണ്ട മാരീചൻ ഹാ സീതെ ! ഹാ ലക്ഷ്മണാ ! ഞാൻ ഇതാ മരിക്കുന്നു. എന്നിങ്ങി

ത്തെ രാമന്റെ കണ്ഠസ്വരത്തിൽ ഉറക്കെ നിലവിളിച്ചു ദേഹത്തിൽനിന്നു രക്തം പ്രവഹിച്ചു മൃത്യുവേ പ്രാപിച്ചു. ഈ വിലാപം കേട്ടപ്പോഠം ജാനകി ലക്ഷ്മണനോടു "ഹേ കുമാരാ! നീ വേഗം ചെന്നു ശ്രീരാമനെ കണ്ടു വരിക" എന്നു പറഞ്ഞു. അതിന്നു ലക്ഷ്മണൻ "ദേവി! ഇതു രാമന്റെ ശബ്ദമല്ല; ഇതു കേട്ടു ഭയപ്പെടേണ്ട" എന്നു പറഞ്ഞപ്പോഠം സീത പെട്ടെന്നു ഭാവം മാറി "ഹേ ലക്ഷ്മണാ! നിന്റെ അന്തർഗ്ഗതം എനിക്കു അറിവുണ്ടു്. നീ ഇങ്ങിനെ പറയുന്നതു ഭരതന്റെ ദുരുപദേശം കൊണ്ടു രാമൻ മരിക്കേണമെന്നു മോഹിച്ചോ? അല്ലാത്തപക്ഷം എന്നെ പരിഗ്രഹിക്കേണമെന്നു കാംക്ഷിച്ചോ ആയിരിക്കണം. അങ്ങിനെ ആണെങ്കിൽ ഇതേ നിമിഷത്തിൽതന്നെ ഞാൻ പ്രാണത്യാഗം ചെയ്യുന്നുണ്ടു്" എന്നു പറയുകയാണുണ്ടായതു്. നിഷ്ഠുരങ്ങളായ ഈ വാക്കുകളെ കേട്ടിട്ടും ആ ഭയങ്കര പ്രദേശത്തു സീതയെ തനിയെ വിട്ടേച്ചുപോകുവാൻ മനസ്സുവരാതെ ലക്ഷ്മണൻ "ഹേ ദേവി! ഞാൻ പറയുന്നതു കേഠംക്കുക. ജ്യേഷ്ഠന്റെ കല്പനപ്രകാരം ദേവിയെ കാത്തുവരുന്ന എന്നോടു ക്രൂരനാരാചംപോലുള്ള വാക്കുകഠം പറഞ്ഞതിന്റെ ഫലം ഉടനെ നിണക്കു് അനുഭവമാകും. എങ്കിലും ഇപ്പോഠം ഞാൻ പറയുന്ന ഹിതത്തെ കേട്ടുകൊഠംക. എല്ലാ ദുഷ്ടന്മാക്കും ഭവതിയെ തൊടുവാൻ സാധിക്കാതെ സംരക്ഷിക്കുവാൻവേണ്ടി ഈ വില്ലുകൊണ്ടു ഭവതിയുടെ ചുഴലവും ഒരു രേഖയെ ഞാൻ വരക്കുന്നുണ്ടു്. എന്തു് ആപത്തുകഠംതന്നെ വന്നാലും ഭവതി ആ രേഖയിൽനിന്നു പുറത്തു് അടി എടുത്തുവെക്കരുതു്" എന്നു പറഞ്ഞു വില്ലിന്റെ അഗ്രംകൊണ്ടു പഞ്ചവടിയുടെ ചുറവും ഒരു തോടു കീറി സീതയെ വണങ്ങി ഒന്നും പറയാതെ ലക്ഷ്മണൻ ശ്രീരാമന്റെ സമീപത്തേക്കു പോയി.

ഈ തക്കത്തിൽ മുൻപുതന്നെ അവിടെ വന്നു മറഞ്ഞിരിക്കുന്ന രാവണൻ ഒരു സന്യാസിയുടെ വേഷം ധരിച്ചു ആശ്രമസമീപത്തിൽ ചെന്നു. അവിടെ ലക്ഷ്മണനാൽ നിയമിക്കപ്പെട്ട രേഖയെ അതിക്രമിക്കുവാൻ കഴിയാതെ അതിന്നു പുറ

ത്തു നാരായണാ എന്നു ജപിച്ചുകൊണ്ടു രാവണൻ നിലയായി. ഈ നാരായണനാമം കേട്ടു സീത അതു പറയുന്നാൾ ഒരു സന്ന്യാസിയാണെന്നു മനസ്സിലാക്കി അദ്ദേഹത്തിന്നു കൊടുക്കുവാൻ ഭിക്ഷയും കയ്യിലെടുത്ത് ആശ്രമദ്വാരത്തിന്റെ സമീപത്തിൽ ചെന്നു. സീത ചാപരേഖയുടെ ഉള്ളിൽ നിന്നുംകൊണ്ടു ഭിക്ഷയെടുത്തു കൈ നീട്ടി പുറത്തുനില്ക്കുന്ന സന്ന്യാസിയോട് അതു കൈകാണിച്ചു വാങ്ങിക്കൊൾവാൻ പറഞ്ഞു. സന്ന്യാസിയാകട്ടെ താമരപ്പൂവുപോലെ മനോഹരമായ കണ്ണുകളോടുകൂടിയ സീതയെ കണ്ടിട്ട് "ഇതു അകലെനിന്നു നീ ഭിക്ഷ തരുന്നതും ഞാൻ വാങ്ങുന്നതും ശരിയല്ല. നിണക്കു രാമന്റെ ഗൃഹസ്ഥധൎമ്മത്തെ സംരക്ഷിക്കേണമെന്നു മോഹമുണ്ടെങ്കിൽ നീ ഈ രേഖയുടെ പുറത്തുവന്നു ഭിക്ഷ നൽകണം. അതാണ് നിണക്ക് ഉചിതം" എന്നു പറഞ്ഞു. അതു കേട്ടപ്പോൾ സീത ധൎമ്മത്തിന്നു വിരോധം വരുവാൻ എന്താണു കാരണം എന്ന് ആലോചിച്ചു മനശ്ചാപല്യത്തോടുകൂടെ രേഖയുടെ പുറത്തു എടത്തെ കാൽവെച്ചു മുമ്പത്തെപ്പോലെതന്നെ കൈനീട്ടി ഇതാ ഭിക്ഷ വാങ്ങിക്കൊൾക എന്നു പറഞ്ഞു. ഉടൻതന്നെ രാവണൻ സീതയെ കടന്നുപിടിച്ചു സന്ന്യാസിവേഷം കളഞ്ഞു സ്വന്തരൂപം കൈക്കൊണ്ടു കഴുതകളെ പൂട്ടിയ തന്റെ തേരിൽ സീതയേയും കയററി ലങ്കാനഗരത്തിലേയ്ക്കായി പുറപ്പെട്ടു. കുറച്ചു ദൂരം ചെന്നപ്പോൾ ആ വഴിയിൽക്കൂടെ യദൃച്ഛയാ വന്നിരുന്ന ജടായു, രാവണൻ സീതയെ അപഹരിച്ചുപോകയാണെന്നറിഞ്ഞ് അവനോടു യുദ്ധത്തിന്ന് ഒരുമ്പെട്ടു. പക്ഷിശ്രേഷ്ഠനായ ജടായു തന്റെ കാലുകളെക്കൊണ്ടു ചവിട്ടിയും, കൊക്കുകൊണ്ടു കൊത്തിയും, രാവണന്റെ രഥത്തെ ഛിന്നഭിന്നമാക്കുകയും, രഥത്തിന്മേൽ കെട്ടിയിരുന്ന എട്ടു കോവർകഴുതകളേയും കൊല്ലുകയും, അവന്റെ വില്ല് ഒടിക്കുകയും ദശാനനനായ രാവണന്റെ പത്തു കിരീടങ്ങളും തട്ടിക്കളഞ്ഞ് അവന്റെ ശരീരത്തെ മാന്തി പിളൎക്കുകയും, അവനെ മോഹാലസ്യപ്പെടുത്തുകയും ചെയ്തു. സീതയേയും എടുത്തുകൊ

ണ്ടു പിന്നോക്കം തിരിച്ചു. തൽക്ഷണംതന്നെ രാവണൻ മൂൎഛ തെളിഞ്ഞ് എഴുനേററു വീണ്ടും ജടായുവിനോട് എതിൎത്തു യുദ്ധം ചെയ്ത് അവന്റെ ദേഹം വെട്ടി പിളൎന്നു രക്തം ഒലിപ്പിച്ചു സീതയെ തട്ടിപ്പറിച്ച് ആകാശമാൎഗ്ഗത്തൂടെ യാത്രയായി. അപ്പോൾ സീത അവാച്യമായ ദുഃഖത്തോടുകൂടി ഭൂമിയിലേയ്ക്കു നോക്കിക്കൊണ്ടു പരവശയായി സ്ഥിതി ചെയ്തു. കുറച്ചുദൂരം ചെന്നപ്പോൾ വഴിയിൽ ഒരു മലയുടെ മുകളിൽ അഞ്ചു വാനരന്മാർകൂടി ഇരിക്കുന്നതായി കണ്ടു. അപ്പോൾ സീത തന്റെ ആഭരണങ്ങളിൽ ചിലത് അഴിച്ച് ഉത്തരീയത്തിന്റെ തുമ്പത്തു കെട്ടി ചുരുട്ടി ഈ ആഭരണം എന്റെ ഭൎത്താവിന്നു ഞാൻ പോയ വഴിയെ കാണിക്കട്ടെ എന്ന ആശംസയോടുകൂടി ആ ഉത്തരീയചുരുൾ വാനരന്മാരുടെ മദ്ധ്യത്തിൽ വീഴുമാറു കീഴ്പോട്ടിട്ടു. പിന്നെ വഞ്ചകനായ രാവണൻ ലങ്കയിൽ ചെന്നു സീതയെ അശോകവനികാമദ്ധ്യത്തിൽ വെയ്ക്കുകയും അവളുടെ കാവലിന്ന് അനേകസഹസ്രം രാക്ഷസന്മാരെ നിയോഗിക്കുകയും ചെയ്തു. രാവണൻ സീതയോട് അനേകവിധത്തിൽ പ്രാൎത്ഥിച്ചു എങ്കിലും അപ്പോഴൊക്കെ സീത അവന്റെ മുഖത്തു നോക്കുകയാകട്ടെ മറുപടി പറയുകയാവട്ടെ ചെയ്തില്ല. അപ്പോൾ രാവണൻ ആട്ടെ പിന്നെ നോക്കാം എന്നു വിചാരിച്ചു തന്റെ രാജധാനിയിലേയ്ക്കു പോയി.

ആ സമയത്തു ബ്രഹ്മാവിന്റെ കല്പനപ്രകാരം ദേവേന്ദ്രൻ ഗൂഢമായി സീതയ്ക്കു ഒരു പായസം കൊണ്ടുവന്നു കൊടുത്തു. അതിന്നുള്ള വിശേഷം എന്തെന്നാൽ അതു ഭക്ഷിച്ചാൽ പിന്നെ ഒരു സംവത്സരകാലത്തേയ്ക്കു വിശപ്പ് ഉണ്ടാവില്ല എന്നുള്ളതാകുന്നു. സീത ദേവേന്ദ്രദത്തമായ ആ പായസത്തിൽനിന്നു കുറച്ച് എടുത്തു വ്യോമചാരികളായ ദേവന്മാൎക്കും രാമലക്ഷ്മണന്മാൎക്കും അതിഥികൾക്കും പശുക്കൾക്കും സങ്കല്പപൂൎവ്വം നിവേദിക്കുകയും കുറച്ചു ത്രിജടയ്ക്കു കൊടുക്കുകയും ചെയ്തിട്ടു ശിഷ്ടമുള്ളത് താനും ഭക്ഷിച്ചു. ഇതിനിടയിൽ രാവണൻ ആലോചനസഭക്കൂടി ആലോചിച്ചു രാമലക്ഷ്മണന്മാരെ കൊല്ലുവാനാ

യി പതിനാറു രാക്ഷസന്മാരെ പറഞ്ഞയച്ചു. എങ്കിലും മാർഗ്ഗമദ്ധ്യത്തിൽ വെച്ചു കബന്ധൻ എന്നു പേരായ മറെറാരു അസുരൻ അവരെ എല്ലാം പിടിച്ചുതിന്നുകയാണ് ഉണ്ടായത്. പൊൻമാനായി ചമഞ്ഞ മാരീചൻ രാമബാണത്തെ ഭയപ്പെട്ട് ഏതെല്ലാം സ്ഥലങ്ങളിൽ തിരിഞ്ഞുനിന്നുവോ ആ സ്ഥലങ്ങളെല്ലാം രാജ്യങ്ങളും നഗരങ്ങളുമായി പരിണമിച്ചു. ആ മാൻ കാലിൽ അണിഞ്ഞിരുന്നതായ നൂപുരം (തള) ഗൌതമീനദിയുടെ തീരത്തിൽ വീണതുകൊണ്ട് ആ സ്ഥലത്തിന്ന് ഇന്നും നൂപുരഗ്രാമം എന്നു പേരുണ്ടായിരിക്കുന്നു. ആ മാൻ രാമന്റെ അമ്പുതറച്ചു ചപലങ്ങളായ കണ്ണുകളോടുകൂടി യാതൊരു സ്ഥലത്തു വീണുവോ ആ സ്ഥലത്തിന്നു ചാപല്യഗ്രാമം എന്നും പേരുസിദ്ധിച്ചിരിക്കുന്നു. ഈ സ്ഥലം ഇന്നും പ്രത്യക്ഷത്തിൽ കാണുന്നുണ്ട്. ലക്ഷ്മണൻ പഞ്ചവടിയുടെ ചുററും നിർമ്മിച്ചതായ രേഖ ഭയങ്കരമായ ഒരു നദിയുടെ രൂപത്തിൽ ഇപ്പോഴും കാണപ്പെട്ടുന്നുണ്ട്. ഹേ പാർവ്വതി! ആ സ്ഥലങ്ങളിൽ ജ്ഞാനികളായ സാധുജനങ്ങളുടെ കണ്ണിന്ന് ഇന്നും രാമലക്ഷ്മണന്മാർ പ്രത്യക്ഷീഭവിക്കുന്നുണ്ട്. എന്നാൽ അജ്ഞന്മാരായ പാമരന്മാരുടെ കണ്ണിന്ന് അവർ ശിലാരൂപമായിട്ടേ കാണപ്പെടുന്നുള്ളു. ഗൌതമിനദിയിൽ രാമനും ലക്ഷ്മണനും സീതയും സ്നാനം ചെയ്തിരുന്ന തീർത്ഥങ്ങൾ ഇന്നും അവരുടെ പേരോടുകൂടി രാമതീർത്ഥം, ലക്ഷ്മണതീർത്ഥം, സീതാതീർത്ഥം എന്നിങ്ങിനെ വ്യവഹരിക്കപ്പെടുന്നു. സീതാരാമന്മാർ ഏതു മലയുടെ അഗ്രത്തിൽ ശയ്യ വിരിച്ചു കിടന്നിരുന്നുവോ ആ മല രാമശയ്യാദ്രി എന്ന പേരിൽ പ്രസിദ്ധമായിത്തീന്നു. ആ മലയിൽ ഇന്നും ശയ്യയുടെ ആകൃതിയിലുള്ള ശാദ്വലകുസുമങ്ങൾ കാണപ്പെടുന്നുണ്ട്.

ശ്രീരാമന്റെ സമീപത്തേയ്ക്കു സീതയാൽ നിർബ്ബന്ധിച്ചു പറഞ്ഞയയ്ക്കപ്പെട്ട ലക്ഷ്മണൻ ഓടിവരുന്നതായി കണ്ടപ്പോൾ അദ്ദേഹം ഒട്ടൊന്നു പരിഭ്രമിക്കാതിരുന്നില്ല. സീത പറഞ്ഞ ക്രൂരവാക്കുകളെപ്പററി ലക്ഷ്മണൻ അറിയിച്ചപ്പോൾ സ്വതേ ശാന്തനായ ശ്രീരാമന്നു കലശലായ കോപവും കണ്ണുകളിൽ

നിന്ന് അശ്രുപ്രവാഹവും മനസ്സിൽ അത്ഭുതവും ഉണ്ടായി. തന്റെ ചുററംകൂടി പിൻതുടൎന്നുകൊണ്ടിരിക്കുന്ന ഋഷീശ്വരന്മാരെ കണ്ടു ശ്രീരാമൻ ഒട്ടും താമസിക്കാതെ ലക്ഷ്മണനോടുകൂടി പഞ്ചവടിയിലുള്ള ആശ്രമത്തിലേക്കു തിരിച്ചു. അവിടെ ചെന്നപ്പോഠം സീതയെ കാണായ്കയാൽ തന്റെ മനുഷ്യാവതാരത്തിന്ന് അനുസരിച്ചവിധം അദ്ദേഹം വ്യസനാൎത്തനായി ചമഞ്ഞു. "ഹേ ലക്ഷ്മണാ! സീതയെ കാണ്മാനില്ലല്ലോ. അവഠം എങ്ങോട്ടായിരിക്കും പോയിരിക്കുന്നത്. നമ്മെപ്പിരിഞ്ഞിരിക്കുന്ന ശീലം സീതക്കില്ലല്ലോ" എന്നിങ്ങിനെ പറഞ്ഞു ലക്ഷ്മണനോടുകൂടി കണ്ട ദിക്കിലെല്ലാം തിരഞ്ഞു വരുന്നവഴിയിൽ പക്ഷിരാജനായ ജടായുവിനെ കണ്ടെത്തി. ജടായു രാമനോടു "ദേവാ! സീതാദേവിയെ രാവണൻ അപഹരിച്ചു ലങ്കയിലേക്കു കൊണ്ടുപോയിരിക്കുന്നു. അടിയൻ അതു കണ്ടു സീതയെ വീണ്ടെടുക്കുവാൻവേണ്ടി അവനോടു യുദ്ധം ചെയ്കതിൽ അടിയന്ന് ഇതാ ഈ അവസ്ഥ വന്നുചേൎന്നു" എന്നു പറഞ്ഞ് അവസാനത്തെ ശ്വാസം വലിച്ചു. പിന്നെ രാമൻ ജടായുവിന്റെ ദേഹം അഗ്നിയിൽ സംസ്കരിച്ചു ഗൌതമീനദിയിൽ ഉദകക്രിയ ചെയ്തു, വന്യമൃഗങ്ങളുടെ മാംസംകൊണ്ടു പിണ്ഡവും നൽകി, സീതയേ അന്വേഷിച്ചുകൊണ്ടു ഭ്രാന്തനെപ്പോലെ തെക്കേ ദിക്കിലേക്കു ചെന്നു. ചെന്ന ദിക്കിലെല്ലാം ദൎഭപ്പുല്ലുകൊണ്ടു സീതയുടെ വിഗ്രഹം നിൎമ്മിച്ച് അഗ്നിഹോത്രാദികളായ ഗൃഹസ്ഥകൎമ്മങ്ങളെ നിൎവ്വിഘ്നം നിൎവ്വഹിച്ചുവന്നു. അന്ന് ഒരിക്കൽ പരമശിവൻ പാൎവ്വതിയോടു— "ഹേ പാൎവ്വതി! പണ്ടൊരിക്കൽ യാതൊരു ശ്രീരാമന്റെ മന്ത്രത്തെ അങ്ങു ജപിച്ചുവരുന്നുവോ, ആ മന്ത്രദേവതയായ രാമൻ ഭാൎയ്യാവിയുക്തനായി, വ്യസനാൎത്തനായി, ഭ്രാന്തചിത്തനായി ഈ കാട്ടിൽ ചുററിത്തിരിഞ്ഞതെന്തുകൊണ്ട് എന്ന് എന്നോടു ചോദിച്ചുവല്ലോ. രാമൻ സാക്ഷാൽ വിഷ്ണുതന്നെയാണ്. ലോകവാസികഠംക്കു കാമിനിമൂലം സംഭവിക്കുന്ന കഷ്ടതകളെ മനസ്സിലാക്കി അവരുടെ അജ്ഞാനത്തെ കളയേണമെന്നു കരുതി അദ്ദേഹം മനുഷ്യനായി അവത

രിച്ച് ഒരു സ്ത്രീയെ വിവാഹംചെയ്ത് അവൾ നിമിത്തം നേരിടുന്ന കഷ്ടതകളെ അനുഭവിക്കുന്നു. ഇതു കേവലം ഒരഭിനയമാണ് എന്നു ഞാൻ നിന്നോടു സമാധാനവും പറഞ്ഞു. പിന്നെ നീ അതു പരിക്ഷിപ്പാനായി ശ്രീരാമൻ സഞ്ചരിക്കുന്ന കാട്ടിൽ ചെന്നു സീതാവേഷം ധരിച്ച് അദ്ദേഹത്തോടു "ഹേ കമലദളാക്ഷനായ രാമാ! അങ്ങുന്ന് എന്തിന്നു വ്യസനിക്കുന്നു. ഇതാ ജാനകിയായ ഞാൻ വന്നിരിക്കുന്നു. എന്നോടുകൂടി കളിച്ചു സുഖിച്ചാലും. വരൂ. നമുക്കു പോവുക" എന്നു പറഞ്ഞപ്പോൾ അദ്ദേഹം മന്ദസ്മിതം ചെയ്തു "ഭവതി ആരാണ്. ഭവതി സീതയല്ല. ഭവതിയെ ഞാൻ അറിയുകയില്ല. സീതാവേഷം ധരിച്ച് എന്നെ അന്ധാളിപ്പിക്കുവാനായിട്ടാണ ഭവതി ഈ കാട്ടിൽ വന്നിരിക്കുന്നത്" എന്നു പല പ്രാവശ്യം പറഞ്ഞപ്പോൾ നീ ഞാൻ പറഞ്ഞ പരമാത്മത്തെ മനസ്സിലാക്കി അദ്ദേഹത്തെ വണങ്ങി മടങ്ങിപ്പോന്നു കൈലാസത്തിലേയ്ക്കു വരികയും ചെയ്തുവല്ലോ. ഏതു സ്ഥലത്തു വെച്ചാണോ അദ്ദേഹം നിന്നോടു ഭവതി ആരാണെന്നു പലകുറി ചോദിച്ചത് ആ സ്ഥലത്തു നീ ഇപ്പോഴും "തലകാംബിക" എന്ന നാമത്തോടുകൂടി സന്നിധാനം ചെയ്യുന്നുണ്ട്. ശ്രീരാമൻ നിന്നെ ലജ്ജയുള്ളവളാക്കിത്തീർത്തത് എവിടെവെച്ചാണോ അവിടെ "ത്വം ലജ്ജാപുരം" എന്നൊരു പട്ടണം ഉണ്ടായിരിക്കുന്നു എന്നിങ്ങിനെ ശിവൻ പാൎവ്വതിക്കു ശ്രീരാമന്റെ വാസ്തവത്തെ ഉപദേശിച്ചു.

പിന്നെ രാമലക്ഷ്മണന്മാർ തങ്ങളുടെ മുമ്പിൽ കാണപ്പെട്ട ഭയങ്കരരൂപികളായ പല രാക്ഷസന്മാരേയും കൊന്നുകൊണ്ടു ദക്ഷിണാഭിമുഖമായി പോകുമ്പോൾ കബന്ധൻ എന്നു പേരായ അസുരൻ അവരുടെ വഴിയെ തടുത്തു. അവന്റെ കൈകൾ ഒരു കാതം വഴി നീളമുള്ളവയായിരുന്നു. രാമലക്ഷ്മണന്മാർ നോക്കിയപ്പോൾ അവന്നു കാലും തലയും ഇല്ലെന്നുകണ്ട് ഓരോരുത്തരും ഓരോ ബാണം പ്രയോഗിച്ച് അവന്റെ കൈകളെ ഛേദിച്ചുകളഞ്ഞു. അപ്പോൾ അവന്റെ ദേഹ

ത്തിൽനിന്നു ദിവ്യരൂപിയായ ഒരു പുരുഷൻ പ്രത്യക്ഷമായി ശ്രീരാമൻെറ മുമ്പിൽ വന്നു നമസ്കരിച്ചു "ഹേ രാമ! പണ്ടു ഞാൻ ഒരു ഗന്ധൎവ്വനായിരുന്നു. എന്നെ ആൎക്കും കൊല്ലുവാൻ കഴികയില്ലെന്നുള്ള വരം ബ്രഹ്മാവിനോടു വാങ്ങി ഗൎവ്വിഷ്ഠനായി നടക്കുന്ന കാലം അഷ്ടാവക്രമഹൎഷിയെ പരിഹസിക്കുകയാൽ അദ്ദേഹം കോപിച്ച് എന്നെ ശപിക്കുകയും ആ ശാപത്താൽ ഞാൻ ഒരു രാക്ഷസനായി പിറക്കുകയും ചെയ്തു. ത്രേതായുഗത്തിൽ ശ്രീരാമലക്ഷ്മണന്മാർ എൻെറ ദീൎഘമായ കൈകളെ ശരംകൊണ്ടു മുറിക്കുമെന്നും, എന്നാൽ പണ്ടത്തെ ഗന്ധൎവ്വരൂപംതന്നെ സിദ്ധിക്കുമെന്നും മഹൎഷി എനിക്കു ശാപമോക്ഷം തന്നിട്ടുണ്ട്. ശാപം നിമിത്തം രാക്ഷസനായതിന്നുശേഷം ഞാൻ ദേവേന്ദ്രനോട് എതിൎത്തപ്പോൾ അദ്ദേഹം വജ്രായുധംകൊണ്ട് എൻെറ ശിരസ്സിൽ പ്രഹരിക്കുകയും അപ്പോൾ ശിരസ്സും കാലുകളും ഉടലിന്നുള്ളിലേയ്ക്കു വലിക്കുകയും ചെയ്തു. ബ്രഹ്മാവിൻെറ വരബലത്താൽ വജ്രാഹതനായതുകൊണ്ടും ഞാൻ മരിച്ചില്ല. അപ്പോൾ ഇന്ദ്രൻ എൻെറ അവസ്ഥ കണ്ടു ദയതോന്നി എനിക്കു വയറിന്നുള്ളിൽ മുഖം ഉണ്ടാകുമെന്നും കൈകൾ ഒരു കാതം നീളമുള്ളവയാകുമെന്നും അനുഗ്രഹിച്ചു. അന്നേമുതൽ ഈ വനത്തിൽ എൻെറ കൈകളിൽപ്പെട്ട സൎവ്വപ്രാണികളേയും തിന്നുംകൊണ്ടു ജീവിച്ചുവന്നു. അതാ ആ കാണുന്ന കാട്ടിൽ ശബരി എന്നു പേരായ ഒരുവൾ മതംഗമഹൎഷിയെ ശുശ്രൂഷിച്ചുംകൊണ്ടു പാൎക്കുന്നുണ്ട്. അവൾ വളരെ കാലമായി ഇവിടുത്തെ വരവു കാത്തുംകൊണ്ടിരിക്കയാണ്. ഹേ രാഘവാ! അങ്ങയ്ക്കു സീതയേ വീണ്ടെടുക്കുവാനുള്ള വഴികൾ ശബരി പറഞ്ഞുതരും" എന്നു പറഞ്ഞു രാമനെ വണങ്ങി സ്തുതിച്ചു സ്വൎഗ്ഗലോകത്തേയ്ക്കു പോയി.

രാമലക്ഷ്മണന്മാർ കബന്ധൻ പറഞ്ഞ പ്രകാരംതന്നെ ശബരിയുടെ സമീപത്തു ചെന്നു. ശബരി അവരെ കണ്ടു വണങ്ങി ബഹുകാലമായി താൻ ശേഖരിച്ചുവെച്ചിരുന്ന ഫലവൎഗ്ഗങ്ങളെ അവൎക്കു കൊടുത്തു തൃപ്തിപ്പെടുത്തിയതിന്നുശേഷം ഇങ്ങി

നെ പറഞ്ഞു. "ഹേ രാമചന്ദ്രാ! ഋശ്യമൂകം എന്ന പൎവ്വതത്തിന്റെ മുകളിൽ സുഗ്രീവൻ തന്റെ മന്ത്രിമാരോടുകൂടി ഇരിക്കുന്നുണ്ട്. ഇവിടുന്ന് അവനോടു സഖ്യംചെയ്ത് അവനെ ബന്ധുവാക്കിയാൽ സീതയെ വീണ്ടുകൊണ്ടുവരുവാൻ സാധിക്കും. നിങ്ങൾ ഇവിടെനിന്നു പോകുന്ന വഴിയിൽ പമ്പ എന്നു പേരായ ഒരു വലിയ തടാകം ഉണ്ട്. അതിന്റെ ചുററും രുചികരങ്ങളായ ഫലങ്ങളോടുകൂടിയ പല വൃക്ഷങ്ങളും നില്ക്കുന്നുണ്ട്. അവയെ പറിച്ചു തിന്നു വിശപ്പും ദാഹവും തീൎത്തു സുഖമായി സുഗ്രീവസമീപത്തിൽ ചെന്നുകൊൾക". ശബരി ഇങ്ങിനെ സീതാലാഭോപായം പറഞ്ഞുകൊടുത്തു ഭഗവാനെ നമസ്കരിച്ച് ഉടൻതന്നെ അഗ്നിപ്രവേശംചെയ്തു ഭഗവൽദൎശനപുണ്യത്താൽ വൈകുണ്ഠലോകത്തേയ്ക്കു പോയി.

പിന്നെ ശ്രീരാമൻ ലക്ഷ്മണനോടുകൂടി പതുക്കെ നടന്നു പമ്പാസരസ്സിനെ പ്രാപിക്കുകയും അതിന്റെ തീരത്തുള്ള മരങ്ങളിൽനിന്നു മധുരഫലങ്ങളെ പറിച്ചുതിന്നും സരസ്സിലെ സ്വച്ഛജലം കുടിച്ചും വിശപ്പും ദാഹവും തീൎത്ത് അവിടെനിന്നു ഋശ്യമൂകാദ്രിയിലേയ്ക്കു പുറപ്പെടുകയും ചെയ്തു. പോകുംവഴിയിൽ കാണപ്പെട്ട വിനോദകരമായ വനങ്ങളുടെ നിബിഡതയാൽ ഉൽകണ്ഠിതനായിത്തീൎന്നു സീതാദേവിയെ സ്മരിച്ചുകൊണ്ടും കണ്ണെത്തുംവരയിൽ എല്ലാം നോക്കിക്കൊണ്ടുമാണു ശ്രീരാമൻ യാത്രചെയ്തത്.

സാരകാണ്ഡം ഏഴാം സൎഗ്ഗം സമാപ്തം.

## എട്ടാം സൎഗ്ഗം.

പരമശിവൻ പറയുന്നു.

അനന്തരം രാമലക്ഷ്മണന്മാർ നാലുഭാഗത്തുമുള്ള കാഴ്ചകൾ കണ്ടുംകൊണ്ട് ഋശ്യമൂകപൎവ്വതത്തിന്റെ സമീപത്തേയ്ക്കു ചെല്ലുമ്പോൾ ആ ഗിരിയുടെ ശിഖരത്തിൽ താമസിക്കുന്ന സു

ഗ്രീവൻ, അടിവാരത്തിൽക്കൂടെ വരുന്ന ഈ രണ്ടു പേരേയും ക
ണ്ട് അവർ ആരായിരിക്കുമെന്നു കുറച്ചുനേരം ആലോചിച്ചു.
അനന്തരം തൻെറ മന്ത്രിയായ ഹനുമാനോടു പറഞ്ഞു. "ഹേ
ഹനുമാനേ! അതാ അടിവാരത്തിൽക്കൂടെ രണ്ടുപേർ വരുന്നു.
അവർ എന്നെ നിഗ്രഹിക്കുവാൻ ബാലിയാൽ അയയ്ക്കപ്പെട്ടവ
രായിരിക്കുമോ എന്നു സംശയം തോന്നുന്നു. എന്തുകൊണ്ടെ
ന്നാൽ അവരിരുവരും ചാപബാണങ്ങളെ ധരിച്ചുംകൊണ്ടാണു
വരുന്നത്. അതുകൊണ്ടു നമുക്ക് ഇവിടെനിന്നു വല്ലവിധത്തി
ലും ഓടി രക്ഷ പ്രാപിക്കണം. നീ ഒരു ബ്രഹ്മചാരിയുടെ വേ
ഷം ധരിച്ച് അവരുടെ സമീപത്തു ചെന്നു സംഗതികൾ ഉ
പായത്തിൽ അറിയണം. അവർ ദുരുദ്ദേശത്തോടുകൂടി വരുന്ന
വരാണെങ്കിൽ അവിടെനിന്നു കൈകൊണ്ട് ആംഗ്യം കാണി
ക്കണം. അല്ലാ സദുദ്ദേശത്തോടുകൂടിയവരാണെങ്കിൽ മന്ദസ്മി
തംചെയ്തു സംഗതി വെളിപ്പെടുത്തണം". ഇപ്രകാരം സുഗ്രീ
വനാൽ ആജ്ഞാപ്തനായ ഹനുമാൻ രാമലക്ഷ്മണന്മാരുടെ അടു
ത്തുചെന്നു വണങ്ങി ഹേ പുരുഷശ്രേഷ്ഠന്മാരേ! നിങ്ങൾ ആ
രാണ്? എന്നു ചോദിച്ചു. അപ്പോൾ ലക്ഷ്മണൻ, തങ്ങളുടെ
സകല വൎത്തമാനങ്ങളും സവിസ്തരം പറകയും തൽക്കാലം ശ
ബരിയുടെ വചനപ്രകാരം സുഗ്രീവനുമായി സഖ്യംചെയ്യാൻ
വരികയാണെന്നുള്ള വാസ്തവത്തെ പ്രസ്താവിക്കുകയും ചെയ്തു.
തൽക്ഷണം ഹനുമാൻ തൻെറ സ്വന്ത രൂപം അവൎക്കു കാണി
ക്കുകയും, തങ്ങളുടെ വൎത്തമാനങ്ങൾ ശ്രീരാമനോടു സവിസ്തരം
അറിയിക്കുകയും ചെയ്തു. എന്നിട്ടു "നിങ്ങൾ രണ്ടുപേരും എ
നി കാൽനടയായി ഈ മല കയറുന്നതു ശരിയല്ല. എൻെറ
ചുമലിൽ കയറി ഇരുന്നുകൊൾക. ഞാൻ നിങ്ങളെ പൎവ്വ
താഗ്രത്തിന്മേൽ കൊണ്ടുപോയാക്കാം" എന്നു പറഞ്ഞു. അ
തുപ്രകാരം രാമലക്ഷ്മണന്മാർ ഹനുമാൻെറ ചുമലിൽ കയറി
ഇരിക്കുകയും ഹനുമാൻ വലുതായ സ്വരൂപം കൈക്കൊണ്ട് ഒ
രു ചാട്ടത്തിന്നു മലമുകളിൽ ചെന്ന് അവരെ ഒരു വൃക്ഷച്ഛായ
യിൽ ഇറക്കി ഇരുത്തുകയും ചെയ്തു. പിന്നെ സുഗ്രീവൻെറ

അടുത്തുചെന്നു രാമലക്ഷ്മണന്മാരുടെ വൃത്താന്തം ഇന്നതാണെന്നും, അവർ വരുന്നതു മിത്രഭാവത്തോടുകൂടിയാണെന്നും അറിയിച്ചു. അപ്പോൾ സുഗ്രീവൻ സന്തുഷ്ടനായിട്ടു രാമലക്ഷ്മണന്മാരെ എതിരേററു പൂജിച്ച് അവരുടെ മുമ്പിൽ അഗ്നിയെ ജ്വലിപ്പിച്ച് അവരോടു സ്നേഹഭാവത്തിൽ ഇരുന്നുകൊള്ളാമെന്ന് അഗ്നി സാക്ഷിയായി പ്രതിജ്ഞചെയ്യുകയും, സ്നേഹസൂചകമായി അവരെ ആലിംഗനം ചെയ്തു വൃക്ഷശാഖകളെക്കൊണ്ടു കല്പിതമായ ആസനങ്ങളിൽ അവരെ ഇരുത്തി താനും മന്ത്രിമാരോടുകൂടി ഇരുന്നു. പിന്നെ ശ്രീരാമനും സുഗ്രീവനും താന്താങ്ങളുടെ വർത്തമാനം മുഴുവൻ പരസ്പരം വിവരമായി പറഞ്ഞു ധരിപ്പിച്ചു. സുഗ്രീവൻ ലക്ഷ്മണനെ നോക്കി ഇങ്ങിനെ പറഞ്ഞു. "ബാലിയെക്കൊണ്ട് എനിക്കുണ്ടായ കഷ്ടതകളെ ഒന്നാമതു പറയാം. അതു ദയചെയ്തു കേൾക്കണം. പണ്ടൊരുകാലത്തു മയന്റെ മകനായി ദുർമ്മദൻ എന്നു പേരായി ഒരു അസുരൻ കിഷ്കിന്ധയുടെ സമീപത്തു വന്ന് ഉച്ചത്തിൽ അട്ടഹസിച്ചു ബാലിയെ യുദ്ധത്തിന്നു വിളിച്ചു. ബാലി അവനെ എതൃത്ത് അവനെ ഒരേ ഒരു കുത്തിന്നു നിലം പതിപ്പിച്ചു. അസുരൻ പേടിച്ച് ഓടി തന്റെ ഗുഹയിലേയ്ക്കു കടന്നപ്പോൾ ബാലിയും അവനെ പിൻതുടന്ന് അങ്ങോട്ടു ചെന്നു. കൂടെ ഞാനും പോയിരുന്നു. അപ്പോൾ ബാലി എന്നോടു പുറത്തു നില്ക്കേണമെന്നും താൻ ഗുഹയുടെ ഉള്ളിൽ പോയി വരാമെന്നും പറഞ്ഞു ഗുഹയിലേയ്ക്കു പ്രവേശിച്ചു. പിന്നെ ഒരു മാസകാലത്തേയ്ക്കു ബാലി ഗുഹയിൽനിന്നു പുറത്തുവന്നില്ല. അതിന്നുശേഷം ഗുഹാദ്വാരത്തിൽനിന്നു രക്തം വരുന്നതായി കണ്ടു ഞാൻ ഭയപ്പെടുകയും ബാലിയെ ദുർമ്മദൻ കൊന്നിരിക്കുമെന്നു വിചാരിച്ചു വ്യസനിക്കുകയും ചെയ്തു. ഈ സമയത്തുതന്നെ കിഷ്കിന്ധയെ ശത്രുക്കൾ ആക്രമിച്ചതായി കേട്ടു ഞാൻ ആ ഗുഹാദ്വാരത്തെ ഒരു വലിയ മലയെക്കൊണ്ട് അടച്ചു കിഷ്കിന്ധയിലേയ്ക്കു പോകയും ചെയ്തു. എന്നെ കണ്ടപ്പോൾ ശത്രുക്കൾ ഭയപ്പെട്ട് ഓടി

പ്പോയി. അപ്പോൾ മന്ത്രിമാർ എന്നോടു രാജാവായി ഇരു ന്നു രാജ്യപരിപാലനം ചെയ്യേണമെന്ന് ആവശ്യപ്പെടുകയും എനിക്ക് ഇഷ്ടമില്ലാതിരിക്കേക്കൂടി അവർ എന്നെ നിർബ്ബന്ധി ച്ചു രാജാവാക്കുകയും ചെയ്തു. പിന്നെ കുറച്ചുദിവസം കഴിഞ്ഞ തിന്നുശേഷം ബാലി ദുന്ദുഭിയെക്കൊന്നു മടങ്ങി ഗുഹാദ്വാര ത്തിലേയ്ക്കു വന്നു. അപ്പോൾ ഗുഹാദ്വാരം അടച്ചിരിക്കുന്നതാ യിക്കണ്ടു വളരെ കോപിച്ച് അത് അടച്ചിട്ടുള്ള പർവ്വതത്തെ തള്ളി തകർക്കുകയും ഗുഹയിൽനിന്നു പുറത്തുകടന്നു കിഷ്കിന്ധ യിലേയ്ക്കു വരികയും ചെയ്തു. അവിടെ അവന്റെ സിംഹാസ നത്തിൽ ഞാൻ ഇരിക്കുന്നതായി കണ്ടു ഞാൻ അവനെ വ ഞ്ചിച്ചതായി കരുതി എന്നെ അടിച്ചു പുറത്താക്കിയതുകൂടാതെ എനിക്ക് ആരെങ്കിലും വല്ല സഹായവും ചെയ്യുന്നപക്ഷം അ വരെ കൊന്നുകളയുമെന്നു നാട്ടിൽ എല്ലാം പെരുമ്പറ കൊട്ടി അറിയിക്കുകയും ചെയ്തു. പിന്നെ ഞാൻ ലോകമെങ്ങും സഞ്ച രിച്ചു യാതൊരേടത്തും ബാലിയുടെ ഉപദ്രവംകൂടാതെ ഇരി ക്കാൻ നിവൃത്തിയില്ലെന്നുകണ്ട് ഒടുവിൽ ഈ ഋശ്യമൂകാചല ത്തിൽ വന്നുചേർന്നു. ഈ പർവ്വതത്തിൽ മാത്രം ബാലിയുടെ ഉ പദ്രവമില്ല. എന്തുകൊണ്ടെന്നാൽ പണ്ടൊരിക്കൽ ദുന്ദുഭി എ ന്ന അസുരൻ അത്യുഗ്രമായ ഒരു മഹിഷമായി ചമഞ്ഞു രാത്രി സമയത്തു കിഷ്കിന്ധയിൽ വന്നു ബാലിയെ യുദ്ധത്തിന്നു വിളി ക്കുകയുണ്ടായി. ബാലി ഉടനെ ചെന്നു യുദ്ധംചെയ്ത് അവ ന്റെ ഒരു കൊമ്പു പിടിച്ചു ചുഴററി ഉറക്കെ നിലത്ത് അടി ക്കുകയും പിന്നെ രണ്ടു കൈകളെക്കൊണ്ടും അവന്റെ തല പിടിച്ചു വലിച്ചു പൊട്ടിച്ചു രക്തം പ്രവഹിപ്പിച്ചു ദൂരെ എറിയു കയും ചെയ്തു. ആ തല വളരെ ദൂരത്തിലുള്ള മതംഗമഹർഷിയു ടെ ആശ്രമത്തിൽചെന്നു വീണു. അപ്പോൾ മഹർഷി വളരെ കോപിച്ചു "ഹേ ബാലി! എന്റെ മലയിലേയ്ക്കു നീ എനി തല കാട്ടുന്നതായാൽ തൽക്ഷണംതന്നെ നീ മരിച്ചുപോകും." എന്നിങ്ങിനെ ബാലിയെ ശപിച്ചു. അന്നുമുതൽ ബാലി ഇ ങ്ങോട്ടു വരാറില്ല. ഞാൻ സീതയെ അന്വേഷിച്ചു കണ്ടുപിടി

ച്ച് അങ്ങയുടെ അടുക്കൽ കൊണ്ടുവരാമെന്നു പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. രാവണൻ സീതാദേവിയെ ആകാശമാൎഗ്ഗത്തൂടെ കൊണ്ടുപോയതു ഞാൻ കാണുക ഉണ്ടായി. അപ്പോൾ ദേവി തന്റെ ആഭരണങ്ങൾ ഉത്തരിയത്തിൽ കെട്ടി ഇങ്ങോട്ട് ഇടുകയും ഉണ്ടായി. ഇതാ ആ ആഭരണങ്ങൾ". ഇങ്ങിനെ പറഞ്ഞു സുഗ്രീവൻ സീതയുടെ ആഭരണങ്ങൾ പൊതിഞ്ഞ ഉത്തരിയം എടുത്തു ശ്രീരാമന്നു കൊടുക്കുകയും അദ്ദേഹം അതു കയ്യിൽ വാങ്ങി ലക്ഷ്മണനോടു— "ഹേ കുമാരാ! ഈ പണ്ടങ്ങൾ സീത ധരിച്ചിരുന്നതായി കണ്ടിട്ടുണ്ടോ? ഇവ അവളുടേതു തന്നെയാണെന്ന് ഉറച്ചുപറയുവാൻ കഴിയുമോ?" എന്നു ചോദിക്കുകയും ചെയ്തു. ലക്ഷ്മണനാകട്ടെ, ദേവിപാദങ്ങളിൽ അണിഞ്ഞിരുന്ന നൂപുരങ്ങളെ മാത്രം താൻ പ്രതിദിനം പ്രദക്ഷിണം ചെയ്തു വണങ്ങുന്ന സമയത്തു കണ്ടിട്ടുണ്ടെന്നും മറവുള്ളവയൊന്നും താൻ കാണുക ഉണ്ടായിട്ടില്ലെന്നും പറഞ്ഞു. സീതയുടെ ആഭരണങ്ങൾ കണ്ടതുകൊണ്ടു ശ്രീരാമന്നു സീതയെത്തന്നെ കണ്ടതുപോലെയുള്ള സന്തോഷവും ഉന്മേഷവും ഉണ്ടായി.

പിന്നെ ശ്രീരാമൻ സുഗ്രീവന്നു തന്റെ സാമൎത്ഥ്യത്തെ കാട്ടുവാനായിട്ട് അവിടെ ഉണ്ടായിരുന്ന ദുന്ദുഭിയുടെ ശിരസ്സിനെ തന്റെ കാലിന്റെ പെരുവിരൽകൊണ്ട് എറിയുകയും മഹത്തായ ആ ശിരസ്സു പത്തുയോജന ദൂരത്തിൽ ചെന്നുവീഴുകയും ചെയ്തു. ഇതുകൂടാതെ അവിടെ ഒരിടത്തു ചക്രാകൃതിയിൽ നിന്നിരുന്ന ഏഴു കരിമ്പന മരങ്ങളെ കാണുകയും ആ മരങ്ങൾ ഭൂമിയുടെ ഉള്ളിലുള്ള ഒരു സൎപ്പത്തിന്റെ ഉടലിൽനിന്നു മുളച്ചുണ്ടായവയാണെന്ന് അറിയുകയും ചെയ്തു. അപ്പോൾ ശ്രീരാമൻ തന്റെ കാൽപെരുവിരൽകൊണ്ട് അല്പം ഒന്ന് അമൎക്കുകയും തൽക്ഷണം ആദിശേഷാംശമായ ആ പാമ്പ് ഉടനിളത്തിൽ ആവുകയാൽ വട്ടത്തിൽനിന്നിരുന്ന കരിമ്പനകളൊപ്പം വരിയായി നില്ക്കുകയും ഉടനെ ഒരു ബാണം പ്രയോഗിച്ചു ശ്രീരാമൻ അവയെ ഛേദിക്കുകയും ചെയ്തു. ഈ മരങ്ങൾ സൎപ്പത്തിന്റെ ദേഹത്തിൽ മുളക്കുവാനുള്ള കാരണം പറയാം. പ

ണ്ടൊരിക്കൽ ബാലി ഏഴു പനമ്പഴങ്ങൾ ഒരുവൻ യദൃച്ഛയാ കൊണ്ടുവരുന്നതായി കണ്ടു. അവ തന്റെ ഗുഹയിൽ വെയ്ക്കുവാൻ ബാലി അവനോട് ആജ്ഞാപിച്ചു. പിന്നെ ബാലി ചെന്നുനോക്കിയപ്പോൾ ആ പനമ്പഴങ്ങൾ ഏഴുംചേൎന്ന് ഒരു പാമ്പായി ഭവിച്ചിരിക്കുന്നതുകണ്ടു നിന്റെ ഉടലിൽ ഏഴു മരങ്ങൾ മുളയ്ക്കട്ടെ എന്നു സൎപ്പത്തെ ശപിച്ചു. ഉടനെ സൎപ്പം 'ആ മരങ്ങളെ ആർ മുറിക്കുന്നുവോ അവൻ തീൎച്ചയായും നിന്നെ കൊല്ലുകയും ചെയ്യട്ടെ' എന്നു ബാലിയേയും ശപിച്ചു. ഇങ്ങിനെയുള്ള സപ്തസാലങ്ങളെ ശ്രീരാമൻ അനായാസേന ഛേദിച്ചതുകണ്ടു സുഗ്രീവൻ വളരെ സന്തോഷിച്ചു. സന്തുഷ്ടനായ സുഗ്രീവൻ ശ്രീരാമനോടു "സ്വാമിൻ! എനി ഞാൻ ഒരു വിശേഷം പറയാം. ദേവാധിപതിയായ ഇന്ദ്രൻ പണ്ടു ബാലിക്ക് ഒരു മാല കൊടുക്കുക ഉണ്ടായിട്ടുണ്ട്. ആ മാലയണിച്ചിരിക്കുന്നവന്റെ മുഖത്തു ആർ നോക്കുന്നുവോ അവന്റെ ഭുജബലം മുഴുവൻ നശിക്കും. ആ മാല ബാലിക്കു കിട്ടിയത് എങ്ങിനെ എന്നാൽ പറയാം. പണ്ടു കശ്യപപ്രജാപതി തീവ്രമായ തപസ്സുചെയ്തു പരമശിവന്റെ കയ്യിൽനിന്ന് ആ മാലയേ ലഭിച്ചു. കശ്യപൻ അതു തന്റെ പുത്രനായ ദേവേന്ദ്രനു സമ്മാനിച്ചു. ദേവേന്ദ്രൻ അതു സ്വപുത്രനായ ബാലിക്കും നൽകി. ബാലി എപ്പോഴും ആ മാലയേ കഴുത്തിൽ അണിഞ്ഞിരിക്കുന്നതുകൊണ്ട് അവനെ അങ്ങുന്നു കാണുന്നതായാൽ അങ്ങയുടെ ഭുജബലം അസ്തമിച്ചുപോകും. അതുകൊണ്ട് ഈ ദുൎഘടത്തെ ജയിക്കുവാനുള്ള ഉപായംകൂടി ആലോചിക്കണം" എന്നു പറഞ്ഞു. അതുകേട്ടപ്പോൾ ശ്രീരാമൻ അവിടെ കിടന്നിരുന്ന സൎപ്പത്തോടു "ഹേ സൎപ്പശ്രേഷ്ഠാ! നിന്റെ മേൽ മുളച്ചിരുന്ന മരങ്ങളെ വെട്ടിക്കളഞ്ഞു നിണക്കു ഞാൻ ശാപമോക്ഷം തന്നുവല്ലോ. അതിന്നു പകരമായി നീ കിഷ്കിന്ധയിൽ പോയിട്ടു ബാലി ഉറങ്ങുന്ന സമയത്ത് അവന്റെ കഴുത്തിലുള്ള മാല കൊത്തിക്കൊണ്ടുവരണം" എന്നു കല്പിച്ചു. അതുപ്രകാരംതന്നെ സൎപ്പം കിഷ്കിന്ധയിൽചെന്നു ബാലിയുടെ

അന്തഃപ്പുരമഞ്ചത്തിൽ വെച്ചിരുന്ന മേൽപറഞ്ഞ മാല എടുത്തു ശ്രീരാമന്നു കൊണ്ടുവന്നു കൊടുത്തു. മാല കയ്യിൽകിട്ടിയ ഉടനെ ശ്രീരാമൻ സുഗ്രീവനോടു ബാലിയെച്ചെന്നു യുദ്ധത്തിന്നു വിളിപ്പാൻ കല്പിക്കുകയും, അതുപ്രകാരംതന്നെ സുഗ്രീവൻ കിഷ്കിന്ധയിൽചെന്നു ബാലിയെ യുദ്ധം ചെയ്വാനായി വിളിക്കുകയും ചെയ്തു. ഉടനേ ബാലിസുഗ്രീവന്മാർ തമ്മിൽ ഘോരമായ യുദ്ധം ആരംഭിച്ചു. രണ്ടുപേരും തോൽമയോടുകൂടാതേയും, ബലത്തോടുകൂടിയും, തെല്ലും വ്യത്യാസമില്ലാത്ത സാമ്രൂപത്തോടുകൂടിയും യുദ്ധം ചെയ്യുന്നതുകണ്ടു ശ്രീരാമൻ അപ്പോൾ അസ്ത്രം പ്രയോഗിച്ചില്ല. അസ്ത്രം പ്രയോഗിച്ചാൽ അത് ആളുമാറി സുഗ്രീവന്നു കൊണ്ടേയ്ക്കുമോ എന്നു ശങ്കിച്ചിട്ടാണു പ്രയോഗിക്കാഞ്ഞത്. സുഗ്രീവന്ന് അസ്ത്രമേററാൽ ശത്രുനാശത്തിന്നുപകരം മിത്രനാശമാണല്ലോ ഫലിക്കുക. അതു വിചാരിച്ചു ശ്രീരാമൻ ഉദാസീനനായിരുന്നു. കുറേ കഴിഞ്ഞപ്പോൾ സുഗ്രീവൻ വല്ലാതെ ക്ഷീണിച്ചു ബാലിയോടുള്ള യുദ്ധം മതിയാക്കി ശ്രീരാമൻെറ സമീപത്തേയ്ക്കു് ഓടിവന്നു "ഹേ രാമ! എന്നെ ഇങ്ങിനെ ബാലിയുടെ കയ്യിന്ന് ഇരയാക്കിത്തീക്കുന്നത് എന്താണ്. അങ്ങേയ്ക്കു് എന്നെ കൊല്ലേണമെന്നു മോഹമുള്ളപക്ഷം സ്വന്തം കൈകൊണ്ടുതന്നേ കൊന്നേയ്ക്കുക" എന്നു പറഞ്ഞു. ഇതുകേട്ടു ശ്രീരാമൻ ലക്ഷ്മണനെക്കൊണ്ടു സുഗ്രീവൻെറ കഴുത്തിൽ ഒരു പുഷ്പമാല ഉണ്ടാക്കിച്ച് അണിയിപ്പിക്കുകയും വീണ്ടും സുഗ്രീവനെ യുദ്ധത്തിന്ന് അയയ്ക്കുകയും ചെയ്തു. സുഗ്രീവൻ അങ്ങിനെതന്നെ ചെന്നു ബാലിയേ മുമ്പത്തെപ്പോലെ യുദ്ധത്തിന്നു വിളിച്ചപ്പോൾ ബാലി യഥാപൂർവ്വം യുദ്ധസന്നദ്ധനായി പുറപ്പെട്ടു.

ബാലിയുടെ ഈ പുറപ്പാടുകണ്ട് അദ്ദേഹത്തിൻെറ ഭാര്യയായ താര ഇങ്ങിനെ പറഞ്ഞു. "നാഥാ! രാമൻ എന്നു പേരായ ഒരാൾ ഇവിടെവന്നു സുഗ്രീവൻെറ ബന്ധുത്വം സ്വീകരിച്ചിട്ടുള്ളതായി അംഗദകുമാരൻ പറകയുണ്ടായി. ആകയാൽ അങ്ങ് ഇപ്പോൾ യുദ്ധത്തിന്നുപോകാതെ രാമനെ ചെന്നു നമ

സ്മരിച്ച് അനുജൻ സുഗ്രീവനെ ദയയോടെ കൂട്ടിക്കൊണ്ടുവന്നു യുവരാജാവാക്കി അഭിഷേകം ചെയ്യണം. എന്റെ വാക്കു തള്ളിക്കളയരുത്." ഇങ്ങിനെ താര പ്രാർത്ഥിച്ചപ്പോൾ ബാലി "ഹേ താരേ! ഞാൻ പറയുന്നതു കേൾക്കുക. രാമൻ എന്നു പറയുന്നതു മനുഷ്യാവതാരം ചെയ്തുവന്നിട്ടുള്ള സാക്ഷാൽനാരായണൻതന്നെയാണെന്ന് എനിക്കറിവുണ്ട്. അദ്ദേഹത്തിന്റെ കൈകൊണ്ടു മരണംവന്നു പരമപദത്തെ പ്രാപിക്കുവാനുള്ള വിധി എനിക്കുണ്ട്. നീ ഇവിടെതന്നെ സുഗ്രീവനെ സേവിച്ചുംകൊണ്ടു സുഖമായി ഇരുന്നുകൊൾക. സുഗ്രീവൻ പക്ഷേ, നിന്നിൽ പ്രേമമുള്ളവനായി ഭവിച്ചേയ്ക്കാം. അങ്ങിനെ ആയാൽ അവന്റെ ഇഷ്ടത്തിന്നു ഭംഗം വരുത്താതെ അവനോടുകൂടി സുഖമനുഭവിച്ചുകൊൾക. എന്നാൽ ഞാൻ അവന്റെ ഭാൎയ്യയെ അനുഭവിച്ചതിന്നു പ്രതിവിധിയുമാകും. എനിക്കു മരണം അടുത്തിരിക്കുന്നതുകൊണ്ടുതന്നെയാണ് ഒരിക്കലും എന്റെ കയ്യിൽനിന്നു പൊയ്പോകാത്തതായ മാല ഞാൻ അറിയാതെ മറഞ്ഞിരിക്കുന്നത്. ഇന്നു ഞാൻ യുദ്ധരംഗത്തിൽവെച്ചു രാമബാണത്താൽ പ്രഹരിക്കപ്പെട്ടു മരിക്കുവാൻ പോകുന്നതുകൊണ്ടു ഞാൻ ധന്യനായി. എന്റെ മാതാപിതാക്കന്മാരും ധന്യരായി. ആകയാൽ ഞാൻ യുദ്ധത്തിന്നു പോകുന്നു. നീ വ്യസനിക്കേണ്ടതില്ല" എന്നു സമാധാനംപറഞ്ഞു യുദ്ധത്തിന്നുതന്നെ പോയി. പോകുംവഴിക്ക് ആപൽസൂചകങ്ങളായ പല ദുശ്ശകുനങ്ങളും കണ്ടു ബാലി സന്തോഷിക്കുകയാണ് ഉണ്ടായത്. യുദ്ധരംഗത്തെ പ്രാപിച്ച സുഗ്രീവനോടെതിൎത്തു ബാലി കഠിനമായ യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ ശ്രീരാമൻ ഒരു മരം മറഞ്ഞുനിന്നുകൊണ്ട് അസ്ത്രം പ്രയോഗിച്ചു ബാലിയെ നിലം പതിപ്പിച്ചു. ഇതറിഞ്ഞു ബാലിപത്നിയായ താര യുദ്ധഭൂമിയിൽ ഓടിവന്നു രാമാസ്ത്രതാഡിതനായി നിലത്തുവീണു കിടക്കുന്ന ബാലിയെകണ്ടു വളരേ വ്യസനിച്ചു. ഈ അവസരത്തിൽ ബാലി ലക്ഷ്മീകാന്തനായ ശ്രീരാമനെ നോക്കി "ഇവിടുന്ന് ഒരു വീരനായിരുന്നിട്ടും എന്റെ മാറത്തു, മരംമറ

ഞ്ഞുനിന്ന് അമ്പെയ്യുതുകൊണ്ട് ഇവിടുത്തെ കീൎത്തിക്കു വലിയ കളങ്കം പററിയിരിക്കുന്നു. എനിക്കാകട്ടേ ഇതുകൊണ്ടു മഹത്തായ ഗുണമാണു കിട്ടിയിരിക്കുന്നത്. എന്നാൽ ഈ വിധത്തിൽ തന്നേ നിഗ്രഹിക്കത്തക്കവിധം ഇവിടേക്കു് എന്തൊരു ദ്രോഹമാണു ഞാൻ ചെയ്യിട്ടുള്ളത്?" എന്നു ചോദിച്ചു. അതിനു ശ്രീരാമൻ ഇങ്ങിനെ സമാധാനം പറഞ്ഞു. "ഹേബാലി! നിന്റെ സഹോദരനായ സുഗ്രീവന്റെ ഭാൎയ്യയേ നീ അപഹരിച്ച് ഒരു ഗൃഹത്തിൽ കൊണ്ടുപോയി വെച്ചതുകൂടാതെ സുഗ്രീവനേയും അടിച്ചുപുറത്താക്കിക്കൊല്ലുവാൻ ശ്രമിച്ചതായ കുററംതന്നെയാണ് എനിക്കു കോപംതോന്നി നിന്നെ കൊല്ലുവാനുണ്ടായ കാരണം. സുഗ്രീവന്റെ പത്നിയേ ഇതേവരേയും നീ അനുഭവിച്ചതിന്നു പകരമായി ഇനിമേൽ നിന്റെ പത്നിയായ താരയേ എന്റെ അനുവാദത്തോടുകൂടി സുഗ്രീവനും അനുഭവിക്കും. നിന്റെ ദുഷ്ടവൃത്തികൾ നിമിത്തം ഞാൻ നിന്നെ കൊന്നതാണെങ്കിലും ഇതിന്നുപകരം ദ്വാപരയുഗത്തിൽ നിയ്യൊരു കാട്ടാളനായി ജനിച്ചു പ്രഭാസക്ഷേത്രത്തിൽവെച്ച് എന്റെ കാലിന്മേൽ ഒരു അമ്പെയ്യു ഞാൻ ചെയ്യുതായ ഈ കൃത്യത്തിന്നു പ്രതിക്രിയ ചെയ്യുകയും ആ ജന്മത്തിൽതന്നെ നിനക്കു മോക്ഷം കിട്ടുകയും ചെയ്യും." ഇങ്ങിനെ ശ്രീരാമൻ പറഞ്ഞപ്പോൾ ബാലി "ഹേ രാഘവാ! എനിക്ക് അങ്ങിനെയൊക്കെ ഭവിക്കുമെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ സീതാദേവിയെ രാവണൻ അപഹരിച്ചു കൊണ്ടുപോയ സംഗതി മുമ്പുതന്നെ എന്നെ അറിയിച്ചിരുന്നുവെങ്കിൽ ഞാൻ ഒരു നിമിഷത്തിന്നുള്ളിൽ ആ രാവണനെക്കൊണ്ടുതന്നെ സീതയേ ഇവിടുത്തെ മുമ്പിൽ കൊണ്ടുവന്നു തരുവിക്കുമായിരുന്നു. അതിരിക്കട്ടെ. ഇനി എന്റെ മകൻ അംഗദനെ ഇവിടുന്നുതന്നെ രക്ഷിക്കണം" എന്നു പ്രാൎത്ഥിച്ചു യുദ്ധക്കളത്തിൽവെച്ചു പ്രാണനെ ഉപേക്ഷിച്ചു. അതിന്നുശേഷം ശ്രീരാമൻ അംഗദനെ കൊണ്ടു ബാലിയുടെ ശേഷക്രിയകൾ വിധിപ്രകാരം കഴിപ്പിച്ചു. അനന്തരം സുഗ്രീവൻ ശ്രീരാമനെ വണങ്ങി അവിടുന്നുത

ന്നെ കിഷ്കിന്ധാരാജാവായി ഇരിക്കേണമെന്ന് അപേക്ഷിച്ചു. എങ്കിലും ശ്രീരാമൻ അതു സ്വീകരിക്കാതെ ലക്ഷ്മണനെക്കൊണ്ടു സുഗ്രീവനു കിഷ്കിന്ധാരാജ്യപട്ടാഭിഷേകം ചെയ്യിക്കുകയാണ് ഉണ്ടായത്. ഇത്രയുമായപ്പോഴയ്ക്കു വൎഷകാലം ആരംഭിച്ചിരുന്നു. പിന്നത്തെ നാലുമാസം സുഖമായി താമസിക്കുവാൻ പററിയ സ്ഥലം ഏതാണെന്ന് ആലോചിച്ചതിൽ കിഷ്കിന്ധോപകണ്ഠത്തിലുള്ള പ്രവൎഷണപൎവ്വതത്തിൻെറ അഗ്രത്തിൽ സ്ഫടികമയമായ ഒരു ഗുഹയുണ്ടെന്നറിഞ്ഞു ശ്രീരാമൻ അങ്ങോട്ടു പോയി. ആ ഗുഹയുടെ ചുററും പരിമളമുള്ള മലർനിരന്നിറഞ്ഞ മരങ്ങളും, മധുരഫലങ്ങളുള്ള വൃക്ഷങ്ങളും ധാരാളം ഉണ്ടായിരുന്നതുകൊണ്ട് അത് ഉചിതമായ വാസസ്ഥാനമാണെന്ന് ഉറച്ചു ശ്രീരാമൻ ലക്ഷ്മണനോടുകൂടി അവിടെ താമസം തുടങ്ങി.

പ്രവൎഷണാദ്രിയിൽ താമസിക്കുന്ന കാലത്തൊരുദിവസം ലക്ഷ്മണൻ കുളിച്ചു ശ്രീരാമൻെറ സമീപത്തു ചെന്നപ്പോൾ അദ്ദേഹത്തോടൊപ്പം സാത്വികാംശമായ സീതാദേവി ഇരിക്കുന്നതായികണ്ടു വന്ദിച്ചു. അപ്പോൾ സീത ശ്രീരാമൻെറ ദക്ഷിണപാൎശ്വത്തിൽ പ്രവേശിച്ച് അദ്ദേഹത്തോട് ഐക്യംപ്രാപിച്ചു. ഹേ പാൎവ്വതി! ശ്രീരാമൻ സീതയെവിട്ട് ഒരുകാലത്തും ഇരിക്കുക ഉണ്ടായിട്ടില്ല. പ്രവൎഷണാദ്രിയിൽ രാമലക്ഷ്മണന്മാർ സ്നാനം ചെയ്തിരുന്ന തീൎത്ഥങ്ങൾക്കു രാമതീൎത്ഥമെന്നും, ലക്ഷ്മണതീൎത്ഥമെന്നും പേരുണ്ടായി. കിഷ്കിന്ധാനഗരത്തിൽ രാജാവായി വാഴിക്കപ്പെട്ട സുഗ്രീവൻ തൻെറ മന്ത്രിയായ ഹനുമാൻ ഉപദേശിച്ചപ്രകാരം ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വാനരസൈന്യങ്ങളെക്കൊണ്ടുവരുവാൻ ദൂതന്മാൎക്കു കല്പന കൊടുത്തു. അപ്പോഴയ്ക്കു മഴക്കാലംകഴിഞ്ഞു ശരൽക്കാലവും ആരംഭിച്ചു. സുഗ്രീവൻ തൻെറ കാൎയ്യത്തിൽ കുറേ മന്ദഗതിയായിരിക്കുന്നതുകണ്ടു രാമദേവൻ കോപിക്കുകയും സുഗ്രീവൻെറ അടുക്കൽ പോയിവരുവാൻ ലക്ഷ്മണനോട് ആജ്ഞാപിക്കുകയും ചെയ്തു.

ലക്ഷ്മണൻ രാമാജ്ഞാനുസാരേണ കിഷ്കിന്ധയിൽ ചെന്നു

വാനരന്മാരെ തെല്ലൊന്നു ഭീഷണിപ്പെടുത്തിയപ്പോൾ സുഗ്രീവൻ ഹനുമാനെ വിളിച്ചു ലക്ഷ്മണനെ സമാധാനപ്പെടുത്തി കൂട്ടിക്കൊണ്ടു വരുവാൻ ഏല്പിച്ചയച്ചു. ഹനുമാൻ ലക്ഷ്മണൻെറ അടുത്തു ചെന്നു നല്ല വാക്കുകൾ പറഞ്ഞ് അദ്ദേഹത്തെ സമാധാനപ്പെടുത്തി കോട്ടയുടെ നടുവിലുള്ള മതിൽകെട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നു. അവിടെ ലക്ഷ്മണനെ സമാധാനിപ്പിക്കുവാനായി സുഗ്രീവനാൽ അയക്കപ്പെട്ട താരയും ചെന്നുചേൎന്നു. താര ലക്ഷ്മണനോടു "സുഗ്രീവൻ വളരെ ദൂരത്തിൽ പാൎക്കുന്ന വാനരസൈന്യങ്ങളെ എല്ലാം വരുവാൻ കല്പിച്ചപ്രകാരം ഇതാ അനവധി വാനരന്മാർ വന്നുകൊണ്ടിരിക്കുന്നു. ഇവിടുന്നു കോപിക്കരുത്" എന്നു പറഞ്ഞു സമാധാനപ്പെടുത്തി ലക്ഷ്മണനേയും കൂട്ടിക്കൊണ്ടു സുഗ്രീവൻെറ അന്തഃപ്പുരത്തിലേക്കു ചെന്നു. സുഗ്രീവൻ ലക്ഷ്മണനെ കണ്ട ഉടൻ ആസനത്തിൽ നിന്ന് എഴുന്നേററ് ഉപചാരം ചെയ്യപ്പോൾ ലക്ഷ്മണൻ 'ഹേ സുഗ്രീവാ! രഘുകുലശ്രേഷ്ഠനായ ശ്രീരാമനെ നീ മറന്നതുപോലെ തോന്നുന്നു. ബാലിയെ വധിച്ചതായ രാമാസ്ത്രം നിന്നെ പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്നു. നിയ്യാകട്ടെ എൻെറ കൈകൊണ്ടു മരിച്ചു ബാലി പോയ വഴിക്കുതന്നെ പോകുമെന്നു തോന്നുന്നു' എന്നു പറഞ്ഞു. ഇപ്രകാരം കഠിനവാക്കുകളെ പറയുന്ന ലക്ഷ്മണനോടു ഹനുമാൻ 'ആൎയ്യാ! ഇവിടുന്ന് ഇങ്ങിനെ പറയുന്നത് എന്താണ്? ഞങ്ങളുടെ രാജാവു സുഗ്രീവൻ ശ്രീരാമനെ മറന്നിട്ടില്ല. അവിടുത്തെ കാൎയ്യത്തിൽ എപ്പോഴും ദൃഷ്ടിവെച്ചുകൊണ്ടാണ് ഇരിക്കുന്നത്" എന്നു പറഞ്ഞു സമാധാനിപ്പിച്ചു സുഗ്രീവനെക്കൊണ്ടു ലക്ഷ്മണനു പൂജകളെ ചെയ്യിപ്പിച്ചു. പിന്നെ സുഗ്രീവൻ പ്രധാനപ്പെട്ട വാനരശ്രേഷ്ഠന്മാരാൽ പരിവൃതനായി ശ്രീരാമൻെറ സമീപത്തു ചെന്നു വണങ്ങി 'ആൎയ്യാ! ഇതാ ഇവിടുത്തെ കാൎയ്യസിദ്ധിക്കുവേണ്ടി വന്നിരിക്കുന്ന എൻെറ സൈന്യങ്ങളെ നോക്കുക. പതിനെട്ടു പത്മവ്യൂഹത്തിൻെറ അധിപന്മാർ വന്നിട്ടുണ്ട്" എന്നുണൎത്തിച്ചു കടലുപോലെ പരന്നിട്ടുള്ള വാനരസൈന്യങ്ങളെ കാട്ടിക്കൊടു

ത്തു. അനന്തരം രാമന്റെ കല്പനപ്രകാരം ആ സൈന്യങ്ങളെ തിരിച്ചു ജാംബവാൻ, അംഗദൻ, ഹനുമാൻ, നളൻ, സുഷേണൻ, ശരഭൻ, മൈന്ദൻ എന്നിവരെ പരിവാരങ്ങളോടുകൂടി തെക്കെ ദിക്കിലേയ്ക്കും മററുള്ളവരെ മററ മൂന്നു ദിക്കുകളിലേയ്ക്കും പോകുവാൻ കല്പിക്കുകയും സീത ഇരിക്കുന്ന സ്ഥലത്തെ തേടിപ്പിടിച്ച് ഒരു മാസകാലത്തിന്നുള്ളിൽ മടങ്ങി വരാത്ത പക്ഷം അവരെ എല്ലാം ശിരച്ഛേദം ചെയ്യുമെന്ന് ആജ്ഞാപിക്കുകയും ചെയ്തു. ഈ സുഗ്രീവാജ്ഞയെ ശിരസാ വഹിച്ചു പുറപ്പെടുന്ന വാനരന്മാരുടെ കൂട്ടത്തിൽനിന്നു ഹനുമാനെ ശ്രീരാമൻ വേറെ വിളിച്ചു തന്റെ നാമമുദ്രാങ്കിതമായ മോതിരം ഊരി കയ്യിൽ കൊടുത്ത് 'ഇതു സ്വകാൎയ്യമായി സീതയുടെ കയ്യിൽ കൊടുക്കണം' എന്നു പറഞ്ഞു രാമമന്ത്രവും ഉപദേശിച്ചു പറഞ്ഞയച്ചു. ഹനുമാൻ ആ മന്ത്രത്തെ ലക്ഷം പ്രാവശ്യം ജപിക്കുകയും ലക്ഷം പ്രാവശ്യം എട്ടിൽ എഴുതുകയും ചെയ്തു ലങ്കാനഗരത്തിൽ പോയി വരുവാൻ അതുല്യമായ സാമൎത്ഥ്യത്തെ പ്രാപിച്ചു. ഇങ്ങിനെ മന്ത്രസിദ്ധി ലഭിച്ച ഹനുമാൻ ശ്രീരാമനെ വലംവെച്ചു നമസ്കരിച്ചു വാനരസൈന്യങ്ങളോടുകൂടി പുറപ്പെട്ടു. അപ്പോൾ ശ്രീരാമൻ 'ഹേ ഹനുമാനേ! ചിത്രകൂടപൎവ്വതത്തിൽ വെച്ചു സീതയുടെ ഗണ്ഡങ്ങളിൽ മനയോലകൊണ്ടു ഞാൻ പത്തിക്കീറെറഴുതുകയുണ്ടായിട്ടുണ്ട്. ഈ വിവരം അടയാളവാക്കായി സീതയോടു പറയുക' എന്നും പറഞ്ഞു.

വാനരസൈന്യങ്ങൾ സുഗ്രീവാജ്ഞപ്രകാരം അവരവരുടെ ദിക്കുകളിലേയ്ക്കു ചെന്ന് അന്വേഷണം നടത്തിയതിൽ പടിഞ്ഞാറും വടക്കും കിഴക്കും ദിക്കുകളിലേയ്ക്കു പോയവർ സീതയെ കാണായ്കയാൽ ഒരുമാസത്തിന്നുള്ളിൽ മടങ്ങി വന്നു സുഗ്രീവനെ വിവരം ധരിപ്പിച്ചു. തെക്കെ ദിക്കിലേയ്ക്കു പോയ അംഗദാദികൾ കാട്ടുംതോറും സീതയെ തിരഞ്ഞുകൊണ്ടു പോകുംവഴിയിൽ ഒരു രാക്ഷസനെ കാണുകയും രാവണനാണെന്നു ധരിച്ച് അവനെ കൊല്ലുകയും ചെയ്തു. പിന്നേയും അനേകം രാക്ഷസന്മാരെ അവർ കണ്ടെത്തുകയും രാവണനെന്നു സംശ

യത്താൽ അവരേയും കൊല്ലുകയും ചെയ്തു. ഇങ്ങിനെ പോകുന്ന സമയത്തു വാനരന്മാൎക്ക വെള്ളം കുടിക്കേണമെന്നു തോന്നുകയാൽ അതിന്നു തക്ക ജലാശയം വല്ല ദിക്കിലും ഉണ്ടൊ എന്ന് അവർ അന്വേഷിച്ചു. അപ്പോഠം അടുത്തുള്ള ഒരു പൎവ്വതത്തിന്റെ ഗുഹാദ്വാരത്തിൽനിന്ന് അനേകം പക്ഷികഠം നനഞ്ഞ കൊക്കുകളോടുകൂടി പുറത്തു വരുന്നതു കണ്ട് ആ ഗുഹയിൽ നല്ലവെള്ളം ഉണ്ടായിരിക്കുമെന്നു കരുതി വാനരന്മാരെല്ലാം കൂടി ഗുഹാദ്വാരത്തിലേയ്ക്കു പ്രവേശിച്ചു. ഗുഹയുടെ അന്തൎഭാഗം ഗാഢാന്ധകാരത്താൽ നിബിഡമായിരുന്നതുകൊണ്ടു മടങ്ങിപ്പോരുവാനുള്ള വഴി അറിയാതെയും, അന്യോന്യം സംസാരിക്കാതെയും ഗുഹയുടെ ഉള്ളിൽ അങ്ങുമിങ്ങും ചുററിത്തിരിഞ്ഞ് ഒരു മാസകാലം കഴിച്ചുകൂട്ടി. അപ്പോഠം അവിടെ രത്നമയമായ ഒരു ഗൃഹം കണ്ട് അതിൽ കടന്നു നോക്കുകയും, അതിനുള്ളിൽ മംഗളമൂൎത്തിയായ ഒരു സ്ത്രീയെ കാണുകയും ചെയ്തു. ആ സ്ത്രീയോട് വാനരന്മാർ തങ്ങളുടെ വൎത്തമാനങ്ങളെ പറഞ്ഞ് അവളുടെ വിവരം പറയുവാനാവശ്യപ്പെട്ടു. ആ യോഗിനി വാനരന്മാരെ സല്ക്കരിച്ചു തന്റെ വൎത്തമാനങ്ങഠം താഴെ കാണിക്കുംപ്രകാരം പറഞ്ഞു.

"വിശ്വകൎമ്മാവിന്റെ പുത്രിയായ ഹേമ എന്നവഠം പരമശിവനെ നൃത്തംകൊണ്ടു സന്തോഷിപ്പിച്ചതു നിമിത്തം ശിവൻ പ്രസാദിച്ച് ഈ പട്ടണം അവഠംക്കു കൊടുത്തു. ഇവിടെ ഹേമ വളരെക്കാലം വസിച്ചുവന്നു. ഞാൻ അവളുടെ പരിചാരികയായും ഇരുന്നുപോന്നു. പിന്നെ അവഠം സ്വൎഗ്ഗാരോഹണം ചെയ്യു കാലത്ത് എന്നെ നോക്കി 'അല്പകാലത്തിനുമേൽ ശ്രീരാമസ്വാമി ഇവിടെ വരും. നീ അവിടുത്തെ ദൎശിച്ചു പൂജയും നമസ്കാരവും ചെയ്ത് എന്റെ അടുക്കൽ വന്നുകൊഠംക' എന്ന് എന്നോടു പറയുക ഉണ്ടായി. എനിക്കു പേർ സ്വയംപ്രഭ എന്നാണ്. രാമദൂതന്മാരായ നിങ്ങഠംക്ക് എന്തുപചാരമാണു ഞാൻ ചെയ്യേണ്ടത് ?" ഇങ്ങിനെ സ്വയംപ്രഭ പറഞ്ഞപ്പോഠം അംഗദാദികഠം ആ ഗുഹയ്ക്കുള്ളിൽ

പെട്ടു പല ദിവസം പൊയ്യോയതോൎത്തു തങ്ങളെ ആ ഗുഹയിൽനിന്നു പുറത്താക്കേണമെന്നും അതാണു തങ്ങൾക്കു ചെയ്യേണ്ട സഹായമെന്നും ആ യോഗിനിയോടു പറഞ്ഞു. അപ്പോൾ സ്വയംപ്രഭ 'നിങ്ങൾ എല്ലാവരുംകണ്ണടച്ചുകൊള്ളണം' എന്നു പറഞ്ഞപ്രകാരം വാനരന്മാർ കണ്ണടക്കുകയും ക്ഷണനേരത്തിന്നുശേഷം കണ്ണു തുറന്നുനോക്കിയപ്പോൾ എല്ലാവരും ഗുഹയുടെ പുറത്തു വന്നതായി കാണുകയും ചെയ്തു. തങ്ങളെ പുറത്തേക്കു കൊണ്ടുവന്ന മാൎഗ്ഗം അറിയായ്കയാൽ വാനരന്മാർ വളരെ ആശ്ചൎയ്യപ്പെട്ടു. പിന്നെ സ്വയംപ്രഭ ശ്രീരാമസന്നിധിയിൽ ചെന്നു നമസ്കരിച്ചു പൂജിച്ച് അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി സ്വൎഗ്ഗലോകത്തേക്കു പോയി. ജാംബവാൻ മുതലായ വാനരന്മാരാകട്ടെ മേൽപറഞ്ഞ ഗുഹയിൽപെട്ടു കുറെക്കാലം വെറുതെ പോയതും സമുദ്രം സമീപസ്ഥമായിരിക്കുന്നതും കണ്ടു വളരെ വ്യസനിച്ചു. കാൎയ്യസിദ്ധിക്ക് ഉപായമൊന്നുമില്ലെന്നറിഞ്ഞ് അവർ ശ്രീരാമന്റെ വൎത്തമാനങ്ങൾ ഉറക്കെ പറഞ്ഞുംകൊണ്ടു പ്രായോപവേശം ചെയ്തു. അവർ രാമകഥകളെ അനുക്രമമായി പറഞ്ഞുവരുന്നതിനിടയിൽ അതിൽ അന്തൎഭവിച്ചതായ ജടായുവിന്റെ മരണവൎത്തമാനം അവിടെ അടുത്തുള്ള ഒരു പൎവ്വതത്തിൽ പാൎക്കുന്നവനും ജടായുവിന്റെ സഹോദരനുമായ സമ്പാദി കേട്ടു വളരെ കോപിച്ചു വാനരന്മാരെ കൊല്ലുവാനായി വന്നെത്തി. അടുത്തു വന്നപ്പോൾ ജടായുവിന്റെ മരണകാരണം അറിയുകയും പിന്നെ മൃതിപ്പെട്ട സഹോദരനു ശേഷക്രിയകൾ ചെയ്കയും ചെയ്തു. പിന്നെ ജടായു വാനരന്മാർ വന്നതിന്റെ കാരണം മനസ്സിലാക്കി "നൂറു കാതം വഴി വിസ്താരമുള്ള ഈ സമുദ്രത്തിന്റെ അപ്പുറത്തുള്ള ലങ്കാനഗരത്തിൽ അശോകവനത്തിൽ ആണു സീത ഇപ്പോൾ ഇരിക്കുന്നത്. നിങ്ങളിൽ സാമൎത്ഥ്യമുള്ളവർ ഈ സമുദ്രം കടന്ന് ലങ്കയിൽ ചെന്നാൽ നിങ്ങൾക്കു സീതയെ കാണ്മാൻ കഴിയും. ഞാനാകട്ടെ ഇതാ ഈ മലയിൽനിന്നുതന്നെ സീതയേ കാണുന്നുണ്ട്. പക്ഷേ എനിക്കു ചിറകുകൾ ഇല്ലാത്തതുകൊ

ണ്ട് അങ്ങോട്ടു ചെല്ലുവാൻ നിവൃത്തി ഇല്ല. ഞാൻ ബഹുദൂരം ദൃഷ്ടിചെല്ലുന്ന ഗൃദ്ധ്രജാതിയിൽ ജനിച്ചവനാകയാലാണ് എനിക്കു സീതയേ കാണ്മാൻ സാധിക്കുന്നത്. പണ്ടൊരു കാലത്തു ഞാനും എന്റെ അനുജൻ ജടായുവുംകൂടി സ്വർഗ്ഗലോകത്തേക്കു ചെല്ലുവാനുറച്ചു സൂര്യമാർഗ്ഗത്തിങ്കലോളം ഉയരത്തിൽ പറന്നുകയറുക ഉണ്ടായി. സൂര്യകിരണങ്ങൾ ഞങ്ങളുടെ ചിറകുകളെ കരിക്കുവാൻ തുടങ്ങിയപ്പോൾ ഞാൻ എന്റെ ചിറകുകളെക്കൊണ്ട് അനുജൻ ജടായുവിനെ മറച്ചു. അപ്പോൾ എന്റെ ചിറകുകൾ കരിഞ്ഞുപോകയും ജടായു ചിറകു കരിയാതെ രക്ഷപ്പെട്ടു ദൂരദേശത്തേക്കു പറക്കുകയും ചെയ്തു. ഞാൻ ചിറകററ് ഈ മലയുടെ മുകളിൽ പതിച്ചു കഷ്ടപ്പെടുന്നകാലത്ത് ഇന്ദ്രശർമ്മാവ് എന്നു പേരായ മഹർഷിയെ കണ്ടെത്തുകയും അദ്ദേഹത്തെ വണങ്ങി എന്റെ അവസ്ഥകൾ ധരിപ്പിക്കുകയും ചെയ്തു. അപ്പോൾ മഹർഷി "അല്ലയോ സമ്പാതി! ഇനി ഒരിക്കൽ സീതാന്വേഷണത്തിന്നായിക്കൊണ്ടു വാനരന്മാർ ഇവിടെ വരും. അപ്പോൾ അവർക്കു സീത പാർക്കുന്ന സ്ഥലം നീ പറഞ്ഞുകൊടുക്കണം. എന്നാൽ നിനക്കു വീണ്ടും ചിറകുകൾ മുളച്ചുണ്ടാകും" എന്ന് എന്നെ അനുഗ്രഹിക്കുക ഉണ്ടായിട്ടുണ്ട്. അതുപ്രകാരം എനിക്ക് ഇതാ ചിറകുകൾ മുളച്ചു തുടങ്ങിയിരിക്കുന്നു. സീതയെ അപഹരിച്ച രാവണൻ ആകാശത്തുകൂടെ പോകുമ്പോൾ എന്റെ മകൻ കണ്ടെത്തി വിവരം എന്നോടു പറകയുണ്ടായി. അപ്പോൾ ഞാൻ "എടാ മൂഢാ! നീ കണ്ടപ്പോൾതന്നെ രാവണനെക്കൊന്നു സീതയെ വിടുവിക്കാതെ ഇവിടെ വന്നു പറകയാണല്ലോ ചെയ്തത്. വിഡ്ഢി! നിന്നെ ഇനി എന്റെ മുമ്പിൽ കാണരുത്. ഓടിപ്പോ" എന്നു കോപത്തോടുകൂടി പറഞ്ഞ് അവനെ ആട്ടിപ്പായിച്ചു. അന്നു കുണ്ഠിതത്തോടുകൂടി ഓടിപ്പോയ പുത്രൻ പിന്നെ ഇതേവരെയും ഇവിടെ വന്നിട്ടില്ല" എന്നു പറഞ്ഞു ജടായു അംഗദാദികളോടു യാത്ര ചോദിച്ച് അവിടെനിന്നു പോയി.

പിന്നെ അംഗദാദികളായ വാനരന്മാർ ഓരോരുത്തരും

സമുദ്രലംഘനം ചെയ്യുന്നതിൽ അവരവൎക്കുള്ള ബലത്തെപ്പററി പരസ്പരം പറകയുണ്ടായി. അപ്പോൾ വയോവൃദ്ധനായ ജാംബവാൻ അവൎക്കുള്ള ബലംകൊണ്ടൊന്നും സമുദ്രം കടക്കുവാൻ സാധിക്കയില്ലെന്നുകണ്ടു ഹനുമാൻെറ അടുത്തുചെന്ന് അയാൾ ജനനംമുതൽ ചെയ്തിട്ടുള്ള പരാക്രമങ്ങളെ ഓരോന്നായി ശ്ലാഘിച്ചു പറയുകയും പ്രകൃതത്തിൽ അത്യാവശ്യമായിരിക്കുന്ന സമുദ്രലംഘനം എന്ന വലിയകാൎയ്യം സാധിപ്പാൻ ഹനുമാൻ വിചാരിച്ചാലേ കഴിവുള്ളു എന്നു പറഞ്ഞ് അയാളെ അതിന്നു പ്രേരിപ്പിക്കുകയും ചെയ്തു. അതുകേട്ടപ്പോൾ ഹനുമാൻ അവിടെയുള്ള മഹേന്ദ്രപൎവ്വതത്തിൻെറ മുകളിൽകയറി സമുദ്രം കടന്നു ലങ്കയിൽ ചെല്ലുവാനുള്ള ഉദ്ദേശത്തോടെ ആകാശത്തേക്കു കുതിച്ചു. ഹനുമാൻെറ കുതിയുടെ ശക്തിയാൽ മഹേന്ദ്രപൎവ്വതം ഭൂമിയോളം താണുപോയി.

സാരകാണ്ഡം എട്ടാംസൎഗ്ഗം കഴിഞ്ഞു.

## ഒമ്പതാം സൎഗ്ഗം.

പരമശിവൻ പറയുന്നു.

മഹേന്ദ്രപൎവ്വതത്തിൽനിന്നു ചാടിയ ഹനുമാൻ ആകാശമാൎഗ്ഗത്തൂടെ പോകുമ്പോൾ ദേവകൾ അദ്ദേഹത്തിൻെറ ബലം പരീക്ഷിപ്പാൻ വേണ്ടി സുരസ എന്നവളെ അയയ്ക്കുകയും അവൾ ഹനുമാൻെറ മുമ്പിൽ ചെന്ന് അദ്ദേഹത്തോടു തൻെറ വായിൽ പ്രവേശിപ്പാൻ പറയുകയും ചെയ്തു. ഹനുമാനാകട്ടെ ശ്രീരാമദേവൻെറ കാൎയ്യം സാധിച്ചതിന്നുശേഷം അവളുടെ ഇഷ്ടംപോലെ ചെയ്യാമെന്നു പറയുകയാണുണ്ടായത്. സുരസ അതു സമ്മതിക്കാതെ ഹനുമാൻെറ യാത്രയ്ക്കു വിഘ്നം ചെയ്വാൻ തുടങ്ങിയപ്പോൾ അദ്ദേഹം തൻെറ ഉടലിനെ സുരസയുടെ വായിൽ ഒതുങ്ങാത്ത്ര വലുപ്പമുള്ളതാക്കിത്തീൎത്തു. തൽക്ഷണം സുരസ ഹനുമാൻെറ ആ വലിയ ദേഹം നിഷ്പ്രയാസം കൊള്ളത്തക്ക

ക്കവിധം വലുപ്പത്തിൽ തന്റെ വായ് പിളൎന്നു. അപ്പോൾ ഹ നുമാൻ അംഗുഷ്ഠമാത്രമായ സ്വരൂപം കൈക്കൊണ്ട് അവളു ടെ വായിൽ പ്രവേശിച്ച് അപ്പോൾ തന്നെ പുറത്തേയ്ക്കു പോ രികയും ചെയ്തു. സുരസ ഇതു കണ്ട് അത്ഭുതപ്പെട്ട് ഹനുമാ ന്റെ ബലത്തെ പുകഴ്ത്തി അവിടെനിന്നു സ്വൎഗ്ഗലോകത്തേയ്ക്കു പോയി.

ഹനുമാൻ പിന്നേയും മുൻപത്തേപ്പോലെ ആകാശത്തുടെ പോയിക്കൊണ്ടിരിക്കുമ്പോൾ മയിനാകം എന്നു പേരായ പൎവ്വ തം സമുദ്രരാജന്റെ കല്പനപ്രകാരം ഹനുമാന് വിശ്രമം നല്കു ന്നതിനായി രത്നമയങ്ങളായ ശിഖരങ്ങളോടുകൂടി സമുദ്രത്തിൽ നിന്നു പൊങ്ങി. ആ ശിഖരങ്ങളുടെ മുകളിൽ ഒരു മനുഷ്യരൂ പം ധരിച്ചുനിന്നു മയിനാകം ഹനുമാനോട് 'ഹേ ഹനുമാനേ! ഞാൻ മയിനാകപൎവ്വതമാണ്. എന്റെ മേൽ അമൃതസമങ്ങളാ യ ഫലങ്ങൾ ഉണ്ട്. അവയെ തിന്നു കുറച്ചുനേരം ഇരുന്നു ത ളൎച്ച തീൎത്തുപോകാം' എന്നു പറഞ്ഞു. വീണ്ടും 'പണ്ടൊരിക്കൽ പൎവ്വതങ്ങളും ദേവേന്ദ്രനും തമ്മിൽ കഠിനമായ ഒരു യുദ്ധം ഉണ്ടാ യി. അന്നു ദശരഥമഹാരാജാവാണ് ഇന്ദ്രന്റെ കയ്യിൽനിന്ന് എന്നെ രക്ഷിച്ചത്. അതുമുതൽ ഞാൻ ഈ സമുദ്രത്തിൽ പാ ൎത്തുവരുന്നു. ദശരഥപുത്രനായ ശ്രീരാമന്റെ കാൎയ്യത്തിനുവേ ണ്ടി പോകുന്ന നിനക്കു വിശ്രമം നൽകുക എന്ന പ്രത്യുപകാ രം ചെയ്തു കൃതാൎത്ഥതയെ പ്രാപിക്കേണമെന്ന് എനിക്ക് ആ ഗ്രഹമുണ്ട്' എന്നിങ്ങിനെ പ്രസ്താവിച്ചു. അതിനു ഹനുമാൻ "ഹേ മൈനാകമേ! രാമകാൎയ്യത്തിന്നായി പോകുന്ന എനിക്കു തളൎച്ച എന്നൊന്ന് ഇല്ലതന്നെ. സ്വാമികാൎയ്യം സാധിക്കുംവ രെ യാതൊന്നും ഞാൻ ഭുജിക്കുന്നതുമല്ല' എന്നു പറഞ്ഞപ്പോൾ മയിനാകം 'നല്ലത്, എന്നാൽ എന്നെ തൊട്ടു പരിശുദ്ധനാക്കു ക' എന്നു പറയുകയും അതുപ്രകാരം ഹനുമാൻ തന്റെ കൈ കൊണ്ടു മയിനാകത്തിന്റെ ശിഖരം തൊട്ട് 'അങ്ങിനെതന്നെ ആയാലും എന്നു പറഞ്ഞു വീണ്ടും യാത്ര തുടരുകയും ചെയ്തു. അനന്തരം സിംഹിക എന്നു പേരായ രാക്ഷസി ആകാശസ

ഞ്ചാരിയായ ഹനുമാൻെറ നിഴൽ പിടിച്ചുനിൎത്തി! ഈ സിംഹികയുടെ പാൎപ്പ് സമുദ്രജലത്തിലാണ്. മുകളിൽക്കൂടെ പറക്കുന്ന സൎവ്വപ്രാണികളുടേയും നിഴൽ പിടിച്ചു നിൎത്തി അവയെ കൊന്നുതിന്നുന്നതുകൊണ്ടു സിംഹികയ്ക്കു ഛായാഗ്രഹണി എന്ന പേരുണ്ടായിരിക്കുന്നു. സിംഹികയുടെ നിഴൽപിടുത്തംകൊണ്ടു ഹനുമാൻെറ ഗതിക്കു തടസ്സം വന്നപ്പോൾ അദ്ദേഹം അതിന്നു കാരണമെന്തെന്നു നാലുപുറവും നോക്കി ആരേയും കാണായ്കയാൽ കീഴ്പോട്ടുനോക്കുകയും അപ്പോൾ വായുംപിളൎന്നു നില്ക്കുന്ന സിംഹികയെ കാണുകയും ചെയ്തു. ഹനുമാൻ അവളുടെ വായിൽ വേഗത്തിൽ വീണു തൻെറ ദേഹത്തെ വലുതാക്കിത്തീൎത്തു ആ രാക്ഷസിയുടെ ദേഹത്തിലുള്ള ഞെരമ്പുകളെല്ലാം ഞെരിച്ച് അവളെ നിഗ്രഹിക്കുകയും പിന്നെ അവിടെനിന്നു പൊങ്ങി ലങ്കയുടെ ഒരു ഭാഗമായ സമുദ്രത്തിൻെറ തെക്കേക്കരയിൽ ചെന്നു ചേരുകയും ചെയ്തു. അവിടെ ഹനുമാൻ തൻെറ നേരിട്ടു കണ്ട രാവണസഹോദരിയായ ക്രൌഞ്ചി എന്ന രാക്ഷസിയെ സമുദ്രമദ്ധ്യത്തിൽവെച്ച് എതിൎത്ത സിംഹികയെ കൊന്നതുപോലെ നിഗ്രഹിച്ച്, സൂൎയ്യാസ്തമനത്തിനുശേഷം ലങ്കാപുരത്തിന്നുള്ളിൽ ഹനുമാൻ പ്രവേശിച്ചപ്പോൾ തിലങ്കണി എന്നു പേരായ ഒരു രാക്ഷസി എതിൎക്കുകയും അവളെ ഹനുമാൻ തൻെറ എടത്തേക്കൈ ചുരുട്ടി ഒരടികൊടുത്തു താഴെ വീഴ്ത്തുകയും ചെയ്തു. ഭൂമിയിൽ വീണപ്പോൾ ആ രാക്ഷസിക്ക് പണ്ടു ബ്രഹ്മാവു കൊടുത്തതായ വരത്തിൻെറ ഓൎമ്മവന്നു. എന്നിട്ട് അവൾ ഹനുമാനോട് 'ആൎയ്യ! എന്നാണോ നിന്നെ ഒരു കപി നിന്നെ അപമാനിച്ചു ജയിക്കുന്നത് അന്നു രാവണനെ കൊല്ലുവാനായി ശ്രീരാമൻ ലങ്കയിൽ വരും' എന്നു ബ്രഹ്മാവു പണ്ടു പറക ഉണ്ടായിട്ടുണ്ട്. ഇപ്പോൾ രാമൻ രാവണനെക്കൊല്ലുമെന്നുള്ളതു നിശ്ചയമാണ്. അതുകൊണ്ടു നീ ജയം പ്രാപിക്കും. നീ ലങ്കയിൽ ചെന്ന് അശോകവനസ്ഥിതയായ സീതയെ കണ്ടുകൊൾക' എന്നു പറഞ്ഞു. പിന്നെ ഹനുമാൻ ത്രിക്കൂടപൎവ്വതത്തിൻെറ മുകളിൽ അലങ്കാരംപോലെ ഇരിക്കുന്ന ലങ്കാന

ഗരത്തിൽ പ്രവേശിച്ചു. അവിടെ ഭംഗിയുള്ള പുരശിഖരങ്ങളും രാജവീഥികളും മുതലായവയെ കണ്ടുംകൊണ്ടു ഹനൂമാൻ ഗൃഹംതോറുംനടന്നു സീതയെ അന്വേഷിച്ചു പിന്നെ ഗുഹാകൃതിയായ ഒരു ഗൃഹത്തിൽ കിടന്നുനിദ്രചെയ്യുന്ന കുംഭകർണ്ണനെ കണ്ടു. മറെറാരു ഗൃഹത്തിൽ ചെന്നപ്പോൾ അവിടെ രാമദേവനെ സ്തുതിക്കുന്നതിൽ സന്തോഷത്തോടുകൂടിയ വിഭീഷണനേയും, അദ്ദേഹത്തിൻെറ ഭാര്യയായ സുലോചനയേയുംകണ്ടു വേറൊരു ഗൃഹത്തിൽചെന്നു. അവിടെ നിദ്രാണനായി കിടക്കുന്ന മേഘനാദൻ എന്ന ഇന്ദ്രജിത്തിനെ കാണുകയും പിന്നെ രാവണൻെറ രാജധാനിയിലേക്കു പോകയും ചെയ്തു. അപ്പോഴേക്കു നേരം അർദ്ധരാത്രിയായിരുന്നതുകൊണ്ടു രാവണൻ ഒരു കെട്ടിടത്തിൽ കിടക്കുകയായിരുന്നു. അതിൽ അനേകം ദീപങ്ങൾ പ്രകാശിച്ചുംകൊണ്ടിരുന്നു. ഹനൂമാൻ ആ വിളക്കുകൾ കെടുത്തു രാവണൻ മുതലായവരെ മോഹാലസ്യപ്പെടുത്തി ഒരു തീക്കൊള്ളി എടുത്തു രാവണൻെറ മീശ കത്തിക്കുകയും പിന്നെ അവിടെ ഉണ്ടായിരുന്ന അസംഖ്യം രാക്ഷസിമാരേയും ബോധംകെടുത്തി പ്രസ്തുതസ്ഥലത്തു കാണപ്പെട്ട ജലകുംഭങ്ങളും ഭേദിച്ചു രാജധാനിയിലെ കാവൽക്കാരെയെല്ലാം തൻെറ വാൽകൊണ്ടു ഭയപ്പെടുത്തുകയും ചെയ്തു. കാവൽക്കാരെല്ലാം നിദ്രയിൽനിന്നു ഞെട്ടി ഉണൎന്ന് എഴുന്നേററ് "ഇപ്പോൾ ജാനകീദേവി കോപിച്ചിരിക്കുന്നു നിശ്ചയം. ഇതു നമുക്കു ജീവഹാനിയെ വരുത്താതിരിക്കുകയില്ല" എന്നിങ്ങിനെ പറയുന്നതു കേട്ടു ഹനൂമാൻ സന്തോഷിച്ച് അവിടെനിന്നു പോയി മറെറാരു ഗൃഹത്തിൽ പ്രവേശിച്ചു. അവിടെ തിരഞ്ഞതിലും സീതയെ കാണായ്കയാൽ അവിടെ കാണപ്പെട്ട പുഷ്പവിമാനത്തിൽ കയറി ലങ്കാനഗരം മുഴുവൻ പരിശോധിച്ചു. അപ്പോൾ പിന്നേയും രാവണൻ അനേകം സ്ത്രീകളുടെ മദ്ധ്യത്തിൽ കിടന്നു നിദ്രചെയ്യുന്നതും അവൻെറ ഭാര്യ മണ്ഡോദരി കൂടെ ശയിക്കുന്നതും കണ്ട് അതു സീതയായിരിക്കുമോ എന്നു സന്ദേഹിച്ചു ഹനൂമാൻ തന്നോടു ലക്ഷ്മണൻ പറഞ്ഞിരുന്ന സീതയുടെ അടയാളങ്ങൾ

ആ സ്ത്രീയിൽ കാണുന്നുണ്ടോ എന്നു പരിശോധിച്ചതിൽ കാണായ്കയാൽ ഹനുമാൻ ചഞ്ചലചിത്തനായിത്തീൎന്നു.

പരമശിവൻ ഇങ്ങിനെ പറഞ്ഞപ്പോൾ ശ്രീപാൎവ്വതി ചോദിച്ചു—"നാഥാ! മണ്ഡോദരി ഒരു രാക്ഷസിയാണല്ലോ. അവൾ എങ്ങിനെ സീതയോടു സമാനയാകും? എന്നാൽ ലോകത്തിലുള്ള എല്ലാസ്ത്രീകളും സീതയുടെ അംശമാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അതു ശരിയാണോ?" ഇങ്ങിനെ ചോദിക്കുന്ന പാൎവ്വതിയോട് പരമശിവൻ പറഞ്ഞുതുടങ്ങി. സീതാദേവി മഹാവിഷ്ണുവിന്റെ സൃഷ്ടിയാണ്. മണ്ഡോദരിയും വിഷ്ണുവിന്റെ തന്നെ സൃഷ്ടിയാണ്. ഒരിക്കൽ രാവണന്റെ അമ്മയായ കൈകസി രാവണനോട് "ഞാൻ പൂജിച്ചുവരുന്ന ലിംഗം ആദിശേഷന്റെ ശ്വാസത്തിൽക്കൂടെ ഇന്നു പാതാളലോകത്തേയ്ക്കു പോയിരിക്കുന്നു. നീ പരമശിവന്റെ അടുക്കൽ ചെന്ന് ഒരു ശിവലിംഗംവാങ്ങി കൊണ്ടുവരണം" എന്നു പറഞ്ഞു. രാവണൻ അങ്ങിനെതന്നെ ആവാമെന്നു സമ്മതിച്ചു സാമഗാനപ്രിയനായ എന്റെ അടുക്കൽ വന്നു വണങ്ങി സാമഗാനംചെയ്തുംകൊണ്ട് 'ഹേ ശംഭോ! കൈലാസപതേ! എനിക്കു രണ്ടു വരങ്ങൾ തരേണമെന്ന് അപേക്ഷയുണ്ട്. ഒന്നാമത് എന്റെ അമ്മയ്ക്കു പൂജചെയ്യുവാൻ ഒരു ശിവലിംഗം തരേണം; രണ്ടാമത് ഇവിടുത്തെ വാമഭാഗത്തിൽ ഇരിക്കുന്ന സ്ത്രീയെ എനിക്കു ഭാൎയ്യയായും തരണം' എന്ന് അപേക്ഷിച്ചു. ഞാൻ അതുപ്രകാരംതന്നെ എന്റെ ഒരു ആത്മലിംഗത്തേയും നിന്നേയും അവനു കൊടുത്തു. 'ഹേ രാവണാ! ഈ ആത്മലിംഗത്തെ നീ മാൎഗ്ഗമദ്ധ്യത്തിൽ നിലത്തു വെയ്ക്കുന്നതായാൽ ഇതു വെച്ചസ്ഥലത്ത് ഉറച്ചുപോകും എന്നു പറഞ്ഞു അവനെ അയച്ചു. രാവണൻ നിന്നേയും ലിംഗത്തേയും എടുത്തുകൊണ്ടു പോകുന്ന വഴിയിൽ നീ വിഷ്ണുവിനെ സ്മരിക്കുകയാൽ വിഷ്ണു തന്റെ ശരീരത്തിൽ പൂശിയിരിക്കുന്ന ചന്ദനം എടുത്ത് അതിനെ ഒരു സ്ത്രീയാക്കി സൃഷ്ടിച്ച് അതിന്നു മണ്ഡോദരി എന്നു പേരുമിട്ടു മയന്റെ കയ്യിൽ കൊടുത്തു. മയൻ ആ കന്യകയെ വാങ്ങികൊണ്ടു പാ

താളലോകത്തിലേയ്ക്കു പോയി. അതിന്നിടയിൽ മഹാവിഷ്ണു ഒരു ബ്രാഹ്മണൻെറ വേഷം ധരിച്ചു രാവണൻ പോകുന്ന വഴിയിൽ ചെന്ന് അവനോട് 'ഹേ രാവണാ! പരമശിവൻ തൻെറ പത്നിയായ പാർവ്വതിയെ പാതാളലോകത്തിൽ മയൻെറ ഗൃഹത്തിൽ ഒളിച്ചുവെച്ച് മററൊരു സ്ത്രീയെ നിണക്കു കാട്ടി പാർവ്വതി എന്ന നാട്യത്തിൽ നിണക്കു തന്ന് നിന്നെ ചതിക്കുകയാണ് ചെയ്യുത്. ഭൂമിയിലോ സ്വർഗ്ഗത്തിലോ ഒളിപ്പിച്ചാൽ നീ ചെന്നു നോക്കിയേയ്ക്കാമെന്നും പാതാളലോകം തൻെറ സ്വന്തലോകമാകയാൽ അവിടെ നീ ചെന്നു നോക്കുക ഇല്ലെന്നും വിചാരിച്ചാണ് ശിവൻ തൻെറ ഭാര്യയെ പാതാളത്തിൽ കൊണ്ടുവെച്ചത്. ആകയാൽ നീ ഇപ്പോഠംതന്നെ പാതാളത്തിൽ ചെന്നു മയഗൃഹത്തിൽ ഇരിക്കുന്ന പാർവ്വതിയെ ഭാര്യയാക്കി സുഖമായിരിക്കുക' എന്നു പറഞ്ഞു.

ഇതുകേട്ടു രാവണൻ പിന്നെയും ഇവിടെവന്ന് എന്നോടു പറഞ്ഞു. "അങ്ങയുടെ ഉദ്ദേശം എനിക്കു മനസ്സിലായി. അങ്ങയുടെ ഭാര്യയെ പാതാളലോകത്തിൽ ഒളിവുവെച്ച് എനിക്കു മററൊരു സ്ത്രീയെതന്ന് എന്നെ ചതിക്കുകയാണ് അങ്ങു ചെയ്യുത്. ആകയാൽ എനിക്കുതന്ന സ്ത്രീ ഇവിടെതന്നെ ഇരിക്കട്ടെ. ഇപ്പോഠംതന്നെ ഞാൻ പാതാളത്തിൽ ചെന്ന് അവിടെയുള്ള കന്യകയെക്കൊണ്ടുപോകുന്നുണ്ട്." എന്നു പറഞ്ഞു രാവണൻ നിന്നെ ഇവിടെവെച്ചു വേഗത്തിൽ പാതാളത്തിലേയ്ക്കു പോയി. വഴിയിൽവെച്ചു രാവണന്നു മൂത്രശങ്ക ഉണ്ടായി. വഴിയിൽക്കൂടെ വന്നിരുന്ന ഒരു ബ്രാഹ്മണനോടു രാവണൻ "ഹേ ബ്രാഹ്മണശ്രേഷ്ഠ! ശിവൻെറ ഈ ആത്മലിംഗത്തെ കുറച്ചുനേരം കയ്യിൽപിടിക്കു. ഞാൻ വേഗം മൂത്രശങ്കയെ തീർത്തുവന്ന് ഇതു വാങ്ങിക്കൊള്ളാം" എന്നു പറഞ്ഞു. ആ കാണപ്പെട്ട ബ്രാഹ്മണൻ വിഷ്ണുഭഗവാനായിരുന്നു. അദ്ദേഹം രാവണൻെറ വാക്കുകേട്ടിട്ട് "ഒരു മുഹൂർത്തനേരംമാത്രം ഈ ലിംഗത്തെ ഞാൻ കയ്യിൽവെയ്ക്കാം. അതിന്നിടയിൽ അങ്ങുവന്നു വാങ്ങാത്തപക്ഷം ഇതു നിലത്തുവെച്ചു ഞാൻ എൻെറ പാട്ടിൽ പോ

യേക്കും" എന്നു പറകയും രാവണൻ അങ്ങിനെയാവട്ടെ എന്നു സമ്മതിക്കുകയും ചെയ്തു. അതുപ്രകാരംതന്നെ രാവണൻ ലിംഗത്തെ ബ്രാഹ്മണന്റെ കയ്യിൽകൊടുത്തു മൂത്രശങ്കയ്ക്കായി പോയി. രാവണനു ബ്രാഹ്മണനോടു പറഞ്ഞ സമയത്തിന്നുള്ളിൽ മടങ്ങിവരുവാൻ സാധിക്കാതെപോയതുകൊണ്ടു ബ്രാഹ്മണൻ ആ ലിംഗത്തെ പശ്ചിമസമുദ്രതീരമായ ആ പ്രദേശത്തുവെച്ചു തന്റെ വഴിക്കു പോയ്ക്കളഞ്ഞു. രാവണൻ വന്നുനോക്കിയപ്പോൾ ശിവലിംഗം ഭൂമിയിൽ ഇരിക്കുന്നതായികണ്ട് അതിനെ എടുക്കുവാൻ ശ്രമിച്ചു. പക്ഷേ അതു ഭൂമിയിൽ വേരൂന്നി ഉറച്ചുപോയതുകൊണ്ട് അവനാൽ എളക്കുവാൻ സാധിച്ചില്ല. ആ ലിംഗത്തിന്റെ മുകളിൽ ചെവിയുടെ തുളപോലെ ഒരു ദ്വാരം ഉണ്ടായിരുന്നു. രാവണൻ ആ ദ്വാരത്തിൽ ഉററുനോക്കിയപ്പോൾ അതിൽ ചെവിയുടെ കർണ്ണികപോലെ ഒരു സാധനം കാണപ്പെട്ടു. ആകപ്പാടെ ആ ലിംഗം ഭൂമിയുടെ കർണ്ണംപോലെ ആയിരുന്നതുകൊണ്ട് അന്നുമുതൽ ആ ലിംഗം ഉറച്ച സ്ഥലത്തിന്നു ഗോകർണ്ണക്ഷേത്രമെന്നു പേരുണ്ടായി. ഇങ്ങിനെ ശിവലിംഗം പോയതിൽ വളരെ വ്യസനിച്ചുംകൊണ്ടു രാവണൻ പാതാളലോകത്തിലേക്കു ചെന്നു. അവിടെ മയന്റെ ഗൃഹത്തിൽ സ്ത്രീകൾക്കു ശിരോമണിയായ മണ്ഡോദരിയെക്കണ്ടു രാവണൻ അവളെ തനിക്കു ഭാൎയ്യയായി തരേണമെന്ന് ആവശ്യപ്പെടുകയും മയൻ ഉടൻതന്നേ മണ്ഡോദരിയേ രാവണന്നു വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്തു. മയൻ രാവണന്നു സ്ത്രീധനമായി അനേകം ദിവ്യവസ്തുക്കളേയും ആഭരണങ്ങളേയും നൽകിയതോടുകൂടി ശത്രുവിഗ്രഹത്തിൽ പ്രത്യക്ഷശക്തിയോടുകൂടിയ ശക്തി എന്ന ഒരു ആയുധത്തേയും കൊടുക്കുക ഉണ്ടായി. മണ്ഡോദരിയുടെ മദ്ധ്യം കൃശമായിരിക്കുന്നതുകൊണ്ടു (മണ്ഡോദരി) (മന്ദോദരി—കൃശോദരി) എന്നു പേർ ഇവൾക്കു ചേൎന്നതുതന്നെ എന്നു കരുതി സന്തോഷിച്ച് അവളോടുകൂടി രാവണൻ ലങ്കയിലേക്കു ചെന്നു. അപ്പോൾ രാവണന്റെ അമ്മ താൻ പറഞ്ഞപ്രകാരം ശിവലിംഗം കൊണ്ടുവരാഞ്ഞതിൽ

വല്ലാതെ കോപിച്ചതുകണ്ട് ഉടനെ രാവണൻ ഗോകർണ്ണക്ഷേത്രത്തിൽചെന്ന് അത്യുഗ്രമായ തപസ്സുചെയ്തു ബ്രഹ്മാവിൻെറ കയ്യിൽനിന്നു വരംവാങ്ങി ത്രൈലോക്യത്തെ മുഴുവൻ കീഴടക്കി ലങ്കയിലേയ്ക്കുതന്നെ ചെന്നു രാജ്യപരിപാലനം ചെയ്തു. ഈ പറഞ്ഞവിശേഷംകൊണ്ടാണു മണ്ഡോദരി സീതാദേവിക്കു സമാനയായി രാവണൻെറകൂടെ ഇരിക്കുന്നതുകണ്ടു ഹനുമാനു സംശയം തോന്നിയത്. അനന്തരം മയനും പാതാളത്തിൽനിന്നു ലങ്കയിലേയ്ക്കു പോയി അവിടെ ഗൃഹം പണിചെയ്തു താമസമുറപ്പിച്ചു. മയൻെറ അനുജനായ ഗയൻ വലിയ വീരനും പ്രതാപശാലിയും ബ്രഹ്മാവിൻെറ വരത്താൽ രാത്രിയിൽ ഉറക്കമില്ലാത്തവനും ആയി ഭവിച്ചു. ഈ ഗയനു രാവണൻെറ കൈകൊണ്ടാണു മരണം വിധിച്ചിട്ടുള്ളതെന്നു മനസ്സിലാവുകയാൽ അതിന്ന് ഒരു കാരണം ഉണ്ടാക്കുവാൻവേണ്ടി കാററത്തു പറന്നുപോയിരുന്ന അവൻെറ വസ്ത്രം എടുത്തു രാവണൻെറ സ്വർണ്ണമയമായ കട്ടിലിന്മേലും, രാവണൻെറ വസ്ത്രത്തെ വിഭീഷണൻെറ പര്യങ്കത്തിന്മേലും കൊണ്ടുപോയി ഇടുകയും വീണ്ടും സീതയേ തിരഞ്ഞുപോകയും ചെയ്തു. ഒടുവിൽ ഹനുമാൻ ഉന്നതങ്ങളായ വൃക്ഷങ്ങളാലും രമ്യങ്ങളായ ഹർമ്മ്യങ്ങളാലും നിറയപ്പെട്ട അശോകവനത്തിൽ ചെല്ലുകയും അവിടെ ഒരു ദിക്കിൽ ഉയർന്നുനില്ക്കുന്ന ശിംശപാവൃക്ഷത്തിൻെറ ചുവട്ടിൽ അനേകം രാക്ഷസികളുടെ മദ്ധ്യത്തിൽ ഏകവേണീധരയായി മലിനാംബരയായി വെറുംനിലത്തു കിടന്നു രാമ രാമ എന്നു ജപിക്കുന്ന ഒരു സ്ത്രീയേക്കാണുകയും ചെയ്തു. കണ്ടഉടനെ ഹനുമാൻ ഇവൾതന്നെയാണു സീത എന്നു വിചാരിച്ചു കൃതാർത്ഥനായിത്തീർന്ന് ആ മരത്തിൻെറ കൊമ്പുകൾക്കിടയിൽ മറഞ്ഞിരുന്നു സീതയുടെ ദേഹത്തെ സൂക്ഷിച്ചുനോക്കുകയും, താൻ ഋശ്യമൂകപർവ്വതത്തിൽ സുഗ്രീവനോടുകൂടി ഇരിക്കുമ്പോൾ ആകാശത്തിൽനിന്നുവീണ ആഭരണഭാണ്ഡം അഴിച്ചു ശ്രീരാമനു കൊടുത്തപ്പോൾ താൻകണ്ടവയായ ആഭരണങ്ങളൊന്നും സീതയുടെ ദേഹത്തിൽ ഇല്ലാതിരുന്നതിനെ പ്രത്യേകം സൂക്ഷിച്ചുനോക്കുകയും ചെയ്തു.

ഇതിനിടയിൽ രാവണൻ ലങ്കാരാജ്യത്തിൽ ഒരു വാനരൻ കടന്നുവന്ന് അശോകവനികയിൽ ഇരിക്കുന്ന സീതയേകണ്ടതായി ഒരു സ്വപ്നംകണ്ടു ഞെട്ടിഉണൎന്ന് ഇങ്ങിനെ വിചാരിച്ചു. "ശ്രീരാമന്റെ കൈകൊണ്ടു മരണം സംഭവിച്ച് എനിക്കു വേഗത്തിൽ സൽഗതി സിദ്ധിക്കണം. അതിന്ന് ഇപ്പോഠംതന്നെ ഞാൻ സീതയുടെ അടുത്തുചെന്ന് അവളെ ആഗ്രഹിക്കുന്നതായി കാണിക്കുന്നുണ്ട്. വാനരൻ അതുകണ്ടു രാമനോടു ചെന്നുപറയട്ടേ. എന്നാൽ ഉടൻതന്നെ രാമൻ ഇവിടെവന്നു യുദ്ധംചെയ്തു എന്നെക്കൊല്ലുവാനിടവരും" എന്നിങ്ങിനെ രാവണൻ മനസ്സിൽ വിചാരിച്ച് ഉടൻതന്നെ അനേകം സ്ത്രീകളാൽ പരിവൃതനായി ആഡംബരത്തോടുകൂടി പുറപ്പെട്ടു കുതൂഹലംപൂണ്ടു സീതയുടെ സമീപത്തു ചെന്നു. രാവണൻ ഇങ്ങിനെ വരുമ്പോഠം അവന്റെ കൂടെവന്ന സ്ത്രീകളുടെ നൂപുരം മുതലായ ആഭരണങ്ങളുടെ ശിഞ്ജിതംകേട്ടു മനസ്സുകലങ്ങി സീത വല്ലാതെ വ്യസനിച്ചു. രാവണൻ സീതയുടെ മുമ്പിൽ വന്ന് ഇങ്ങിനെ പറഞ്ഞു. "ഹേ ജാനകീ! നീയ്യെന്താണ് എന്നെക്കണ്ടു വല്ലാതെ ലജ്ജിച്ചിരിക്കുന്നത്. രാമൻ രാജ്യഭ്രഷ്ടനായി തന്റെ മാതാപിതാക്കന്മാരേയും ബന്ധുക്കളേയും വിട്ടു, ജടയും വല്ക്കലവും ധരിച്ച്, ഏകാകിയായി വാസംചെയ്തു നിന്റെ പേരിൽ തെല്ലുപോലും സ്നേഹമില്ലാതെയാണിരിക്കുന്നത്. ആകയാൽ നീ അവനെ ഉപേക്ഷിച്ചു ത്രൈലോക്യാധിപതിയും മഹാ പരാക്രമിയും ദേവസ്ത്രീകളാൽ ശുശ്രൂഷിക്കപ്പെടുവാൻ ഉള്ള മഹാഭാഗ്യം സിദ്ധിച്ച് ഉന്നതപദവിയിൽ ഇരിക്കുന്നവനുമായ എന്നെ വരിച്ചു സുഖമായി ഇരിക്കുക. ഇന്നുമുതൽ മണ്ഡോദരി മുതലായ എല്ലാ സ്ത്രീകളേയും നിന്റെ ദാസികളാക്കി ചെയ്യേക്കാം. എന്റെ രാജ്യത്തേയും ജീവനെതന്നേയും നിന്റെ സ്വാതന്ത്ര്യത്തിൽ വിട്ടുതന്നേക്കാം." ഇങ്ങിനെ പലവിധത്തിൽ രാവണൻ പ്രണയപ്രാൎത്ഥനകളെ ചെയ്യുമ്പോഠം സീത എഴുന്നേററു അധോമുഖിയായിനിന്ന് ഒരു പുല്ലുപൊട്ടിച്ചു രാവണന്റെ മുമ്പിൽ ഇട്ട് ആ പുല്ലിനേ നോക്കിക്കൊണ്ടു പറഞ്ഞു.

"ഹേ നീച നീ രാമനെ പേടിച്ചു സന്യാസിവേഷംകെട്ടി വീരന്മാരായ രാമലക്ഷ്മണന്മാർ ഇരുവരും എന്റെ അരികത്തില്ലാത്ത സമയംനോക്കി ആശ്രമത്തിൽ വന്ന് ഇരുന്ന് 'അദ്ധ്വരത്തിൽചെന്നു ശ്വാനകൻ മന്ത്രംകൊണ്ടു ശുദ്ധമാം പുരോഡാശം' കട്ടുകൊണ്ടുപോകുംപോലെ നിയ്യെന്നെ അപഹരിച്ചുകൊണ്ടുപോന്നില്ലേ? അതിന്റെ ഫലം നിണക്കു വേഗത്തിൽ അനുഭവമാകും. ലോകനാഥനായ ശ്രീരാമൻ ഇവിടെവന്നു യുദ്ധംചെയ്തു നിന്റെ ശരീരം അസ്ത്രങ്ങളെക്കൊണ്ടു ഛിന്നഭിന്നമാക്കി നിന്നെക്കൊല്ലുന്ന സമയം രാമൻ മനുഷ്യനാണെന്ന് അവജ്ഞയോടുകൂടി ഇരിക്കുന്ന നിന്റെ ഭവിഷ്യത്തു നിണക്ക് അറിയാറാകും." ഈ വാക്കുകളെ കേട്ടപ്പോൾ വല്ലാതെ കോപിച്ചു രാവണൻ,

ഭവിത്രീലങ്കായാം ത്രിദശവദന ശ്ലാതിരചിരാൽ
സരാമോപി സ്ഥാതാന യുധിപുരതോ ലക്ഷ്മണസഖഃ
തഥായാസ്യത്യച്ചൈ"വ്വി"പദ മനുജേനാത്മജടിലഃ
ജയശ്രീരാമമെസ്യാന്ന മമ ബഹുതോഷോത്രുളുഭവേൽ.

എന്ന ഒരു ശ്ലോകത്തെ സീതയോടുപറഞ്ഞു. ഹേ സീതേ! ലങ്കയിൽ ദേവന്മാരുടെ മുഖം വേഗത്തിൽ വാടും. രാമനും ലക്ഷ്മണനും യുദ്ധത്തിൽ എത്തിയാലും എന്റെ മുമ്പിൽ നില്ക്കില്ല. ജടാധാരിയായ രാമൻ അനുജനോടുകൂടി വലിയ ആപത്തിൽ അകപ്പെടും. രാമനു ജയം വരിക ഇല്ല. എനിക്കു ജയംകിട്ടും. പിന്നെ എനിക്കു വലിയ സന്തോഷത്തിന്ന് ഇടവരും" എന്നാണു ശ്ലോകത്തിന്നു രാവണൻ ഉദ്ദേശിച്ച അർത്ഥം. ഇതു കേട്ടപ്പോൾ സീത "വിഭജ്യേദം സപ്താക്ഷരപരവിലോകം പഠപുനഃ." നിന്റെ ശ്ലോകത്തിൽ ആറാമത്തേതിനപ്പുറമുള്ള ഓരോ അക്ഷരങ്ങൾ എല്ലാ പദത്തിൽനിന്നും നീക്കി വായിച്ചു നോക്കെ എന്നു മറുപടി പറഞ്ഞു. (ആദ്യത്തെ പാദത്തിൽ ഏഴാമത്തേതായ "ത്രി" എന്ന അക്ഷരം നീക്കിയാൽ ലങ്കയിൽ ദശവദനന്ന് അതായതു രാവണന്നു വാട്ടംവരും എന്നർത്ഥമാകും. രണ്ടാമത്തെ പാദത്തിൽ ഏഴാമത്തേതായ "ന" എന്ന

അക്ഷരം തള്ളിയാൽ രാമൻ യുദ്ധത്തിൽ മുമ്പിൽനില്ക്കും എന്നാകും അൎത്ഥം. മൂന്നാമത്തേപാദത്തിൽ ഏഴാമക്ഷരമായ "ച്ഛി" എന്നതു പോയാൽ രാമൻ അനുജനോടുകൂടെ വലിയ പദത്തെ പ്രാപിക്കും എന്നൎത്ഥം കിട്ടും. നാലാംപാദത്തിൽ "ന" എന്ന ഏഴാം അക്ഷരം നീക്കിയാൽ രാമങ്കൽ ജയശ്രീ ഭവിക്കും എന്നൎത്ഥം വരും. ഇങ്ങിനെ സപ്തമാക്ഷരങ്ങളെ ലോപിച്ചു പാദങ്ങളേ ചൊല്ലിയാൽ കിട്ടുന്ന അൎത്ഥംപോലെയാണു കാൎയ്യങ്ങൾ സംഭവിക്കുക എന്നാണു സീത പറഞ്ഞതിന്റെ സാരം.

ഇപ്രകാരം സീത തന്റെ വാക്കുകളാകുന്ന ബാണങ്ങളാൽ രാവണനെ ജയിച്ചപ്പോൾ അവൻ തൽക്ഷണംതന്നെ വളരെ കോപിച്ചു വാളൂരി പിടിച്ചുകൊണ്ടു സീതയെ വെട്ടുവാനായി പാഞ്ഞുചെന്നു. ആ സമയത്തു മണ്ഡോദരി രാവണന്റെ കൈ കടന്നുപിടിച്ചു "നാഥാ! ഞാനും എന്നെപ്പോലെ സൌന്ദൎയ്യമുള്ള അനേകം സ്ത്രീകളും അങ്ങയ്ക്കുള്ളപ്പോൾ ഈ പാവപ്പെട്ട സീതയെ എന്തിന്നു മോഹിക്കുന്നു. വിടു, വിടു" എന്നു പറഞ്ഞു തടുത്തു. അപ്പോൾ രാവണൻ സീതയുടെ കാവൽക്കാരായ രാക്ഷസികളോടു "സീത എന്നെ മോഹിക്കുകയും എനിക്കു സ്വാധീനയാകയും ചെയ്യുന്നതിന്നു വേണ്ട നയോപായങ്ങളെ നിങ്ങൾ പ്രയോഗിക്കണം. ഇനിയും രണ്ടു മാസത്തിന്നുള്ളിൽ ഇവൾ എനിക്കു വശഗയാകാത്തപക്ഷം നിങ്ങൾ ഇവളെ കൊന്ന് എനിക്കു പ്രാതലാക്കിത്തീൎക്കുവിൻ" എന്ന് ആജ്ഞാപിച്ചു. ഇതുകേട്ടപ്പോൾ സീതാദേവി വീണ്ടും ഇങ്ങിനെ പറഞ്ഞു. "ഹേ മൂഢാത്മാവേ! നീ പണ്ട് ഒരു പെട്ടിയിൽ എന്നെ രത്നമായിട്ടു കൊണ്ടുവന്ന് ഇവിടെവെച്ചു തുറന്നു നോക്കിയപ്പോൾ ഞാൻ ഒരു കന്യകയായി നിന്നോടു ഞാൻ ഇപ്പോൾ പോയി കുറച്ചുകാലം കഴിഞ്ഞാൽ നിന്നെ വംശത്തോടുകൂടി കൊല്ലുവാൻവേണ്ടി വീണ്ടും ഇങ്ങോട്ടു വരുമെന്നു പറക ഉണ്ടായിട്ടുണ്ടല്ലോ. ആ പറഞ്ഞതു സത്യമാക്കുവാൻവേണ്ടിയാണ് ഞാൻ ഇപ്പോൾ വന്നിരിക്കുന്നത്. നിന്നേയും നിന്റെ ബന്ധുക്കളേയും നിന്റെ സന്തതികളേയും അതിവേഗ

ത്തിൽ രാമദേവന്റെ കയ്യിന്ന് ഇരയാകുന്നുണ്ട്. അപ്പോൾ തന്റെ പിതാമഹഗൃഹത്തിൽ പാൎക്കുന്ന നികുംഭപുത്രനായ പൌണ്ഡ്രകൻ ദ്വിപാന്തരവാസിയായ ശതമുഖരാവണനെ സഹായമാക്കിക്കൊണ്ട് ഈ ലങ്കയിൽ രാജാവായി ഭവിക്കും. അക്കാലത്തു മൂന്നാമത്തൊരിക്കൽക്കൂടി ഞാൻ ലങ്കയിലേക്കു വന്നു പൌണ്ഡ്രകനേയും ശതമുഖരാവണനേയും കൊന്ന് അയോദ്ധ്യയിലേക്കുതന്നെ പോകും. പിന്നേയും കുറച്ചുകഴിഞ്ഞാൽ നാലാമതും ഞാൻ പുഷ്പകവിമാനത്തിൽ കയറി ഇവിടെ വരികയും കുംഭകൎണ്ണപുത്രനായ മൂലകനെ ഞാൻതന്നെ യുദ്ധം ചെയ്തു കൊല്ലുകയും ചെയ്യും. ഈ സംഗതികളെല്ലാം മുമ്പുതന്നെ ഞാൻ നിന്നോടു പറഞ്ഞത് ഓൎമ്മവെച്ചുനോക്കുക. ഇതുകൂടാതേയും പണ്ട് ബ്രഹ്മാവു നിന്റെ മരണത്തെപ്പറ്റി പറഞ്ഞതും ഓൎത്തുനോക്കുക. കൌസല്യയെ ഒരു പെട്ടിയിലാക്കി നീ എടുത്തുകൊണ്ടു വന്നു പിന്നെ പെട്ടി തുറന്നുനോക്കിയപ്പോൾ അതിൽ അയോദ്ധ്യാധിപതിയായ ദശരഥനും കൌസല്യയുംകൂടി ഇരിക്കുന്നതായി കണ്ട് ആ പെട്ടി കോസലരാജ്യത്തിൽ കൊണ്ടുപോയി ഇടുവാൻ കല്പിച്ചു നീ ദൂതന്മാരെ അയച്ചപ്രകാരം ഒടുവിൽ ആ പെട്ടി സാകേതനഗരത്തിൽതന്നെ എത്തി. ഇതെല്ലാം ദൈവകല്പിതമാണ്. നീ എന്നെ അപഹരിച്ചതു നിന്റെ മരണത്തിന്നുതന്നെയാണ്. ആകയാൽ ഗൃഹത്തിൽ ചെന്നു സുഖം അനുഭവിച്ച് ഇരിക്ക്. ശ്രീരാമൻ വേഗത്തിൽ വന്നു നിന്നെ കൊല്ലും" സീതയുടെ ഈ വാക്കുകൾ രാവണന്റെ ഹൃദയത്തിൽ ബാണങ്ങളെപ്പോലെ തറക്കുകയും അവൻ നാണംകെട്ട് ഒരക്ഷരവും മറുപടി പറയാതെ രാജധാനിയിലേക്കു പോകയും ചെയ്തു.

തദനന്തരം രാവണന്റെ കല്പനപ്രകാരം കാവല്ക്കാരികളായ രാക്ഷസികൾ സീതയുടെ അടുക്കൽ ചെന്നു ചിലർ ക്രൂരമായ വാക്കുകളെ പറഞ്ഞു. ചിലർ വായ പിളൎന്നു നീ രാവണന്റെ ഇഷ്ടംപോലെ നടക്കാത്തപക്ഷം നിന്നെ വിഴുങ്ങിക്കളയുമെന്നു ഭയപ്പെടുത്തിയും, ചിലർ വാള് ഓങ്ങിക്കൊണ്ടും ചി

ലർ കയ്യ് ഓങ്ങിക്കൊണ്ടും ദേവിയെ ഭയപ്പെടുത്തി. അപ്പോൾ വിഭീഷണന്റെ പത്നിയായ ത്രിജട അവരെ തടുത്തു "നിങ്ങൾ സീതയെ ഭയപ്പെടുത്തേണ്ട. നേരേമറിച്ചു വണങ്ങുകയാണു വേണ്ടത്. ഉടനെ ശ്രീരാമദേവൻ സൈന്യസമേതനായി ഇവിടെ വന്നു ലങ്കയെ ദഹിപ്പിച്ചു രാവണനേയും കൊന്നു സീതയെ വീണ്ടു കൊണ്ടുപോയതായും രാവണൻ എണ്ണതേച്ചു പ്രജ്ഞയില്ലാതെ ചാണകക്കുഴിയിൽ വീണു കിടക്കുന്നതായും ഞാൻ ഒരു സ്വപ്നം കണ്ടു. ആകയാൽ നാം സീതക്കു ഹിതം പ്രവൎത്തിക്കുന്നതായാൽ ശ്രീരാമൻ നമുക്ക് അഭയം തരും. അല്ലാ ഉപദ്രവമാണു ചെയ്യുന്നതെങ്കിൽ നമ്മേയും നശിപ്പിച്ചേക്കും. ആകയാൽ സാഹസം ഒന്നും ചെയ്യാതെ ഇരിക്കുവിൻ" എന്ന് അവരെ പറഞ്ഞു ധരിപ്പിച്ചു. അതുപ്രകാരം രാക്ഷസികൾ സീതയെ ഉപദ്രവിക്കാതെ ഇരിക്കുകയും ചെയ്തു. ഈ സമയത്തു സീത വല്ലാതെ വ്യസനിച്ച് ഇങ്ങിനെ വിചാരിക്കുക ഉണ്ടായി: "ഞാൻ ഇനി ഇപ്പോൾതന്നെ മരണം പ്രാപിക്കണം. അതിന്ന് എന്താണ് ഉപായം. എന്റെ നീണ്ട തലമുടികൊണ്ടു കഴുത്തിൽ കെട്ടുകതന്നെയാണു തക്ക ഉപായം. മുൻപു പഞ്ചവടിയിൽവെച്ചു നിരപരാധനായ ലക്ഷ്മണനെ ക്രൂരവാക്കുശരങ്ങൾ എയ്തു ഞാൻ ഉപദ്രവിക്കുക ഉണ്ടായി. അതിന്റെ ഫലമായിട്ടാണ് ഈ രാക്ഷസികളുടെ ഉപദ്രവം എനിക്ക് അനുഭവമായത്. ഗൌതമീനദിയുടെ തീരത്തിൽ വെച്ചു ലക്ഷ്മണന്നു മനക്ലേശം വരുത്തിയതായ പാപത്തെ പോക്കുവാൻ തക്ക പ്രായശ്ചിത്തം ഇപ്പോൾ ആത്മഹത്യ ചെയ്യുന്നതുതന്നെയാണ്." ഇങ്ങിനെ ഓരോന്നു വിചാരിച്ചു മരിക്കുവാനുറച്ച സീതാദേവിയുടെ കഷ്ടാവസ്ഥ കണ്ടു വായുപുത്രനായ ഹനുമാൻ ഇനി ഒട്ടും താമസിക്കുവാൻ പാടില്ലെന്നു വിചാരിച്ചു വളരെ പതുക്കെ സീതയുടെ തലക്കുനേരെ മുകളിലുള്ള വൃക്ഷശാഖയിൽ മറഞ്ഞിരുന്നു ശ്രീരാമദേവൻ അയോദ്ധ്യാനഗരം വിട്ടു പുറപ്പെട്ടതു മുതൽ താൻ സീതയെ കണ്ടതുവരെയുള്ള കഥകളെല്ലാം അനുക്രമമായും സീതക്കു മനഃപ്രസാദം വര

ത്തകവിധത്തിലും പറഞ്ഞു. രാമദേവന്റെ വൎത്തമാനം കേട്ടപ്പോഠം സീത അത്ഭുതപരതന്ത്രയായി പറഞ്ഞു, "ഇതെന്താണു കേഠംക്കുന്നത്? രാത്രികാലമാകയാൽ ഞാൻ സ്വപ്നം കാണുകയായിരിക്കുമോ? അല്ലാ ഇതു പരമാൎത്ഥമാണെങ്കിൽ അമൃതവൎഷംപോലുള്ള ഈ വാക്കുകളെ പറഞ്ഞ മഹാഭാഗ്യവാൻ എന്റെ മുമ്പിൽ വരട്ടെ" എന്നിങ്ങിനെ സീത പറഞ്ഞപ്പോഠം ഹനുമാൻ വൃക്ഷശാഖയിൽനിന്ന് ഇറങ്ങി സീതയുടെ മുമ്പിൽ വന്നു വണങ്ങി സ്തുതിച്ചു പിന്നേയും രാമദേവന്റെ കഥകളെ സംക്ഷിപ്തമായി പറഞ്ഞ് അദ്ദേഹം തന്റെ കയ്യിൽ അടയാളമായി തന്നയച്ചിട്ടുള്ള രത്നാംഗുലീയകം സീതയുടെ കയ്യിൽ കൊടുത്തു. സീത തന്റെ പ്രാണനാഥന്റെ മോതിരം വാങ്ങി നോക്കി ചുംബിക്കുകയും ആയതു കണ്ണിൽവെച്ചു വണങ്ങുകയും ചെയ്തു ഹനുമാനോടു നീ ശ്രീരാമനെ കണ്ടതു മുതലുള്ള കഥ സവിസ്തരമായി ഒരിക്കൽകൂടി പറഞ്ഞാലും" എന്നു ആജ്ഞാപിച്ചു. അതുപ്രകാരം ഹനുമാൻ താൻ ശ്രീരാമനെ കണ്ടതുമുതല്ക്ക് ഉണ്ടായതെല്ലാം പറഞ്ഞശേഷം "അമ്മേ! ശ്രീരാമദേവൻ അടിയന്റെ ചുമലിൽ കയറി വാനരസൈന്യങ്ങളോടുകൂടി ഇവിടെ വന്നു രാവണനോടു യുദ്ധംചെയ്ത് അവനെ കൊന്ന് ഇവിടുത്തെ ഉടൻതന്നെ വീണ്ടുകൊണ്ടുപോകും. അടിയൻ പറയുന്നതു വിശ്വസിച്ചു ഭയംകൂടാതെ ഇരുന്നാലും" എന്നു പറഞ്ഞു സമാധാനിപ്പിക്കുകയും സീതക്കു ദൃഢവിശ്വാസം വരുവാനായി തന്റെ വിശ്വരൂപത്തെ കാണിക്കുകയും ചെയ്തു. അനന്തരം ഹനുമാൻ പറഞ്ഞു. "അമ്മേ! മുൻപു ചിത്രകൂടാദ്രിയിൽവെച്ചു ശ്രീരാമൻ ഇവിടുത്തെ കപോലത്തിൽ മനയോലകൊണ്ടു ചിത്രലതകഠം എഴുതിയ വിവരം അടയാളവാക്കായി ഇവിടെ പറയണമെന്നും ശ്രീരാമൻ കല്പിച്ചയച്ചിട്ടുണ്ട്." ഇതു കേട്ടപ്പോഠം സീത എല്ലാ ശങ്കകളും തീൎന്നു പരമാനന്ദത്തെ പ്രാപിച്ചു. അതു കണ്ടപ്പോഠം ഹനുമാൻ "അമ്മേ! അടിയന്ന് ഇപ്പോഠംതന്നെ രാമൻസമീപത്തിൽ പോകേണ്ടതായിരിക്കുന്നു. അതിന്ന് അനുവാദം തരികയും അടിയൻ ഇ

വിട്ടത്തെ കണ്ടു എന്നുള്ളതിലേയ്ക്കു് ഒരു അടയാളം തന്നയയ്ക്കുകയും വേണം" എന്നപേക്ഷിച്ചു. ഉടനെ സീത തന്റെ അച്ഛൻ സമ്മാനിച്ചതും താൻ ശിരസ്സിൽ ധരിച്ചുപോരുന്നതുമായ ചൂഡാമണിയെ അഴിച്ചു ഹനുമാന്റെ കയ്യിൽ അടയാളമായി കൊടുക്കുകയും ചിത്രകൂടത്തിൽ താമസിക്കുന്ന കാലത്തുണ്ടായ കാകന്റെ കഥയെ അടയാളവാക്കായി പറയുകയും ചെയ്തു. അനന്തരം ഹനുമാൻ സീതയെ വണങ്ങി സ്വാമിയുടെ കാൎയ്യം നിറവേറിയ സ്ഥിതിക്കു് ഇനി എന്തെങ്കിലും ഒരു നേരംപോക്കുണ്ടാക്കണമെന്നു മനസ്സിൽ വിചാരിച്ചു് ഇങ്ങിനെ പറഞ്ഞു. "അമ്മേ! അടിയനു വല്ലാതെ വിശക്കുന്നു. ഈ ഉദ്യാനത്തിൽ ദുല്ലഭമായ അനേകം മധുരഫലങ്ങൾ ഉണ്ടു്. അവയെ പറിച്ചു തിന്നുവാൻ അനുവാദം തരണം." ഇങ്ങിനെ പറയുന്ന ഹനുമാനു സീത തന്റെ കയ്യിൽനിന്നു് ഒരു വള ഊരി കൊടുത്തു് "ഇതാ ഇതുകൊണ്ടുപോയി രാജധാനിയിൽ ഉള്ള അങ്ങാടിയിൽ ചെന്നു വേണ്ട ഫലങ്ങൾ വാങ്ങി തിന്നു വിശപ്പും ദാഹവും തീൎത്തു പുറപ്പെട്ടുകൊൾക. ഈ വനത്തിലെ പഴങ്ങൾ ഒന്നും പറിക്കേണ്ട" എന്നു പറഞ്ഞു.

ഹനുമാൻ — അടിയൻ അന്യന്മാരുടെ കയ്യിൽനിന്നു് ഒന്നും വാങ്ങി തിന്നുകയില്ലെന്നു് ഒരു വ്രതം വെച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതു് അടിയനു വേണ്ട. അടിയൻ പോയി വരട്ടെ.

സീത — ഹേ വാനരശ്രേഷ്ഠ! ബാലാ! ഈ വനത്തിന്റെ നാഥൻ രാവണനാണു്. ആകയാൽ ഇതിലെ ഫലങ്ങൾ പൊട്ടിക്കുവാൻ നിണക്കു ശക്തിപോരാ. നിന്നെക്കൊണ്ടു് അതു സാധിക്കയില്ല. പിന്നെ എങ്ങിനെ നീ അവയെ പറിച്ചു തിന്നും?

ഹനുമാൻ — അമ്മേ! അടിയന്റെ ഹൃദയത്തിൽ രാമമന്ത്രം എന്ന ആയുധം ഉണ്ടു്. അതുകൊണ്ടു് എത്ര രാക്ഷസന്മാർ വന്നാലും ഇപ്പോൾ അടിയനു തൃണപ്രായമാണു്.

സീത — ശരി! എന്നാൽ ഒന്നും ശബ്ദിക്കാതെയും മരങ്ങളിൽനി

ന്നു കാഴ്ക്കുറം പറിക്കാതെയും നിലത്തു വീണുകിടക്കുന്ന പഴങ്ങഠം മാത്രം പെറുക്കി തിന്നുകൊറംക.

അങ്ങിനെയാകട്ടെ എന്നു പറഞ്ഞു ഹനുമാൻ തന്റെ വാൽകൊണ്ടു മരക്കൊമ്പുകഠം ചുററിപ്പിടിച്ചു കുലുക്കുകയും അവയിൽനിന്നു ഫലങ്ങഠം കീഴെ വീഴുകയും ചെയ്തു. ഹനുമാൻ ആ പഴങ്ങളെല്ലാം തിന്നു തൃപ്തനായിട്ടു പിന്നെ മരങ്ങഠം പറിച്ചു മററുള്ള മരങ്ങളിന്മേൽ എറിഞ്ഞ് അസംഖ്യം മരങ്ങളെ വീഴ്ത്തുകയും ചെയ്തു. ഇങ്ങിനെ ആ ഉദ്യാനത്തിലുള്ള മരങ്ങളിലെ ഫലങ്ങളെ എല്ലാം ഹനുമാൻ ഒരു നിമിഷത്തിനുള്ളിൽ പറിച്ചു തിന്നുകഴിഞ്ഞു. അപ്പോഴയ്ക്കു ഉദ്യാനപാലന്മാരായ രാക്ഷസന്മാർ വിവരം അറിഞ്ഞു ഹനുമാനെ പിടിക്കുവാൻ എത്തി. അവരെ എല്ലാം ഹനുമാൻ മരം പറിച്ച് അടിച്ചു കൊന്നുകളഞ്ഞു. ഇങ്ങിനെ സീത ഇരിക്കുന്ന മരം ഒന്നൊഴികെ എല്ലാ മരങ്ങളേയും തകർത്തു, ഹനുമാൻ ആ ഉദ്യാനത്തെ മൈതാനമാക്കിത്തീർത്തു. പിന്നെ ലങ്കയിലെ സുപ്രസിദ്ധമായ "ചൈത്യപ്രാസാദം" എന്ന മാളിക ഇടിച്ചുതകർക്കുകയും അതിലെ കാവല്ക്കാരെ എല്ലാം കൊല്ലുകയും ചെയ്തു. ഇതുയുമായപ്പോഠം രാക്ഷസസ്ത്രീകഠം സീതയുടെ അടുത്തുചെന്ന് 'ഇവൻ ആരാണ്; ആരുടെ ആളാണ്; എവിടേനിന്നാണ് ഇവിടെ വന്നത്" എന്നു ചോദിച്ചു. അതിന്നു സീത "ഞാൻ പഞ്ചവടിയിൽ ഇരിക്കുമ്പോഠം രാവണൻ ഒരു സന്ന്യാസിയായി വന്ന് എന്നെ അപഹരിച്ചുകൊണ്ടു പോന്നതു മുതൽ രാക്ഷസന്മാർ കളിച്ചുപുളച്ചു തങ്ങളുടെ ഇഷ്ടംപോലെയുള്ള രൂപങ്ങളെ ധരിച്ചു ഭൂമിയിൽ സഞ്ചരിക്കുന്നതായി എനിക്ക് അറിവുണ്ട്. ആകയാൽ ഇതിന്റെ പരമാർത്ഥം എന്നേക്കാഠം അധികം നിങ്ങഠംക്കാണ് അറിവുണ്ടായിരിക്കുക. ഈ സ്ഥിതിക്ക് എന്നോടു ചോദിക്കുന്നത് എന്താണ്" എന്നു ചോദിച്ചു. ഇതുകേട്ടു രാക്ഷസികഠം ഭയപ്പെട്ട് ഈ വിവരം രാവണനെ ധരിപ്പിക്കാനായി പുറപ്പെട്ടു. ആ സമയത്തു രാവണൻ തന്റെ കട്ടിലിന്മേൽ ശയനെന്റ വസ്ത്രം കിടക്കുന്നതായി കണ്ട് അവൻ മ

ണ്ഡോദരിയെ അനുഭവിച്ചിരിക്കുമെന്നു കരുതി, കോപിച്ചു വാളുമെടുത്തു മണ്ഡോദരിയെ കൊല്ലുവാനായി ചെന്നു. അതുകണ്ടു രാക്ഷസസ്ത്രീകൾ, സ്ത്രീകളെ കൊല്ലുന്നതു യുക്തമല്ലെന്നു പറഞ്ഞ് അവനെ തടുത്തു. അപ്പോൾ രാവണൻ ആ കോപത്തോടുകൂടിതന്നെ ശയന്റെ ഗൃഹത്തിൽ ചെന്ന് ഉറങ്ങികിടക്കുന്ന അവനെ വെട്ടിക്കൊന്നു തന്റെ ഗൃഹത്തിലേക്കു പോന്നു. അതുപ്രകാരംതന്നെ വിഭീഷണനും തന്റെ ശയ്യയിൽ അന്യന്റെ വസ്ത്രം കിടക്കുന്നതു കണ്ടു ഭാൎയ്യയുടെ നടപടിയെപ്പററി ശങ്കിക്കുകയും ഭാൎയ്യയെ കൊല്ലുവാനായി ചെല്ലുകയുമുണ്ടായി. പക്ഷേ രാക്ഷസസ്ത്രീകൾ സ്ത്രീഹത്യ എന്ന ദോഷം പറഞ്ഞു വിഭീഷണനേയും ആ കൃത്യത്തിൽനിന്നു പിൻവലിപ്പിച്ചു. ഇതിന്നെല്ലാം ഇടയായതു ഹനുമാന്റെ കൃത്രിമംകൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ.

അശോകവനത്തിൽനിന്നു വന്ന രാക്ഷസികൾ സഭാമദ്ധ്യത്തിൽ ഇരിക്കുന്ന രാവണനോട് അവിടെ നടന്ന വൎത്തമാനങ്ങൾ എല്ലാം ഭയത്തോടും പരിഭ്രമത്തോടുംകൂടി പറഞ്ഞു ധരിപ്പിച്ചു. അതുകേട്ടു രാവണൻ കോപിച്ച് ആ, ഹാ! നമ്മുടെ പ്രിയപ്പെട്ട അശോകവനം ഇങ്ങിനെ ആയോ ? എന്നു ചോദിച്ചു. കാവൽക്കാരിൽ പ്രധാനിയായ ജാംബുമാലിയെ വരുത്തി അവനോട് ഇരുപതിനായിരം രാക്ഷസന്മാരേയും കൂട്ടി ചെന്ന് അശോകവനം തകൎത്ത വാനരനെ പിടിച്ചുകൊണ്ടുവരുവാനായി കല്പിച്ചു. കല്പനപോലെതന്നെ ജാംബുമാലി പരിവാരങ്ങളോടുകൂടി വേഗത്തിൽ പുറപ്പെട്ട് അശോകവനത്തിൽ ചെന്നു. ഹനുമാൻ തന്നോടു യുദ്ധത്തിന്നായി വരുന്ന ആ രാക്ഷസസമൂഹങ്ങളെ കണ്ട് അത്യുച്ചത്തിൽ ഒരു സിംഹനാദം ചെയ്യും ഉടനെ രാക്ഷസന്മാർ ഹനുമാന്റെ മേൽ ബാണങ്ങളെ പ്രയോഗിക്കുകയും ചെയ്തു. ഹനുമാൻ അവിടെ കാണപ്പെട്ട ഒരു തോരണസ്തംഭത്തെ പുഴക്കി അതുകൊണ്ട് അടിച്ചു ഗജങ്ങൾ കൊതുകുകളെ കൊല്ലുന്നപോലെ ആ രാക്ഷസസൈന്യങ്ങളെ എല്ലാം നിഗ്രഹിച്ചു. പിന്നെ ഓടിച്ചെന്ന് ഒരു പനമരത്തെ

പുഴക്കിക്കൊണ്ടുവന്നു കാവൽക്കാരിൽ പ്രധാനിയായ ജാംബു മാലിയേയും കൊന്നുകളഞ്ഞു. ജാംബുമാലിയുടെ കൂട്ടരും മരിച്ചു തായി കേട്ട രാവണൻ ലക്ഷം രാക്ഷസന്മാരോടുകൂടെ തന്റെ പഞ്ചസേനാപതികളെ ഹനുമാനോടു യുദ്ധത്തിന്നായി പറ ഞ്ഞയച്ചു. അവരേയും ഹനുമാൻ ആ തോരണസ്തംഭംകൊണ്ടു തന്നെ അടിച്ചുകൊന്നു.

പഞ്ചസേനാധിപന്മാരുടേയും മരണം കേട്ടപ്പോൾ രാവ ണൻ തന്റെ പുത്രനായ അക്ഷകുമാരനെ ഹനുമാനോടു യുദ്ധ ത്തിനായി പറഞ്ഞയച്ചു. ഹനുമാൻ അക്ഷകുമാരനെ സൈന്യ ങ്ങളോടുകൂടെ മുൽഗരം എന്ന ആയുധംകൊണ്ട് അടിച്ചുകൊ ന്നു. ഈ സംഭവം രാവണനെ പൂർവ്വാധികം കോപിപ്പിച്ചു. ഉ ടൻതന്നെ രാവണൻ തന്റെ മറെറാരു പുത്രനായ ഇന്ദ്രജിത്തി നെ അനവധി സൈന്യങ്ങളോടുകൂടി യുദ്ധത്തിന്ന് അയച്ചു. ഇന്ദ്രജിത്ത് ഒരു കോടി സൈന്യങ്ങളോടുകൂടി രഥാരൂഢനാ യിച്ചെന്ന് അസ്ഖലിതങ്ങളായ അനേകം അസ്ത്രശസ്ത്രങ്ങളെ പ്രയോഗിച്ചു ഹനുമാനെ മൂടി. ഹനുമാൻ തന്റെ വാൽകൊ ണ്ട് ആ കോടി സൈന്യങ്ങളേയും കെട്ടിപ്പിടിച്ച് എല്ലാവരേ യും തോരണംകൊണ്ട് അടിച്ചുപൊടിച്ചു ഹനിക്കുകയും പിന്നെ ഒരു മരം പുഴക്കി ഇന്ദ്രജിത്തിന്റെ നേരെ എറിയുകയും ചെയ്തു. ആ വൃക്ഷാഘാതമേററ് ഇന്ദ്രജിത്തിന്റെ അവയവങ്ങൾ ഞെ രുങ്ങിപ്പോവുകയാൽ അവൻ ഒരു ഗുഹയിൽ പ്രവേശിച്ച് അ ന്തൎദ്ധാനം ചെയ്തു. ഈ സമയത്തു ബ്രഹ്മാവ് ഹനുമാന്റെ മു മ്പിൽ വന്നു, "ഹേ വായുപുത്രാ! നീ ഇന്ന് എന്റെ അസ്ത്ര ത്തിന്നു കീഴടങ്ങിച്ചെന്നു രാവണനെ സന്ദർശിച്ചാലും" എന്നു പറഞ്ഞു. ഹനുമാൻ ആ ഉപദേശത്തെ സ്വീകരിക്കുകയും ചെയ്തു. പിന്നെ ബ്രഹ്മാവ് ഇന്ദ്രജിത്തിന്റെ അടുക്കൽ ചെ ന്നു "ഹേ മേഘനാദ! വീരനായ നിന്റെ പരാക്രമം ഇന്ന് എവിടെപ്പോയി. നീ വീണ്ടും ഹനുമാനോടു യുദ്ധംചെയ്ത് എ ന്റെ അസ്ത്രംകൊണ്ട് അവനെ ബന്ധിച്ചു നിന്റെ അച്ഛന്റെ മുമ്പിൽ കൊണ്ടുചെല്ലുക" എന്നു പറഞ്ഞു. അതുപ്രകാരം ഇ

ന്ദ്രജിത്ത് ഹനൂമാനോടു വീണ്ടും യുദ്ധം തുടങ്ങുകയും യുദ്ധമദ്ധ്യത്തിൽ ഹനൂമാനെ ബ്രഹ്മാസ്ത്രബദ്ധനാക്കി രാവണന്റെ മുമ്പിൽ കൊണ്ടുചെല്ലുകയും ചെയ്തു.

ഹനൂമാനെ തന്റെ മുമ്പിൽ കൊണ്ടുവന്ന സമയത്തു രാവണൻ താന്റെ മന്ത്രിയായ പ്രഹസ്തനോട് അവൻ ആരാണെന്ന് അന്വേഷിക്കുവാൻ കല്പിച്ചപ്രകാരം പ്രഹസ്തൻ ഹനൂമാനോടു "നീ ആരാണ് ? ഇവിടെ വന്നത് എവിടെനിന്നാണ്. ആരാണു നിന്നെ അയച്ചത്" എന്നു ചോദിച്ചതിന്നു ഹനൂമാൻ രാവണനെ നോക്കി ഇങ്ങിനെ മറുപടി പറഞ്ഞു. "ഹേ ദശാനന ! നിന്റെ മൂഢതയേയും ശത്രുതാഭാവത്തേയും ദൂരെ നീക്കി ശരണാഗതവത്സലനായ ശ്രീരാമദേവന്നു സീതയെ കൊണ്ടുചെന്നു സമർപ്പിച്ചു നിന്റെ പുത്രമിത്രകളത്രങ്ങളോടും മന്ത്രിമാരോടുംകൂടി അവിടുത്തെ ചരണാരവിന്ദത്തെ ശരണം പ്രാപിച്ചാലും. അങ്ങിനെ ചെയ്താൽ നിണക്ക് അഭയം കിട്ടും. അല്ലാത്തപക്ഷം ദന്തങ്ങളേയും നഖങ്ങളേയും ആയുധമാക്കി യുദ്ധം ചെയ്യുന്നവരും സിംഹതുല്യപരാക്രമന്മാരും പർവ്വതാകാരന്മാരുമായ വാനരവീരന്മാർ ഈ ലങ്കാനഗരം ആക്രമിച്ചു നാമാവശേഷമാക്കിത്തീർക്കും. അതിന്നുമുമ്പായിത്തന്നെ അതിവേഗത്തിൽ സീതയെ ശ്രീരാമന്നു കൊണ്ടുചെന്നു കൊടുക്കുകയാണു നല്ലത്. അങ്ങിനെ ചെയ്യാതിരുന്നാൽ ദേവേന്ദ്രനും പരമശിവനും നിന്നെ രക്ഷിപ്പാൻ വന്നാൽക്കൂടിയും രാമന്റെ കയ്യിൽനിന്നു നിണക്കു രക്ഷപ്പെടുവാൻ സാധിക്കയില്ല. ഇന്ദ്രനും യമനും നിന്നെ മടിയിൽ കയററി ഇരുത്തി രക്ഷിക്കുന്നതായാലും നീ പാതാളലോകത്തിൽചെന്ന് ഒളിക്കുന്നതായാലും ശ്രീരാമന്റെ അസ്ത്രം നിന്നെ വിടുകയില്ല". ഇപ്രകാരം ഹനൂമാൻ പറഞ്ഞ ശുഭവും ശുദ്ധവുമായ ഹിതവാക്കുകൾ മരണമടുത്തവക്ക് ഔഷധങ്ങളെന്നപോലെ രാവണന്നു ഫലപ്രദമാകാതെ പരിണമിക്കയാണ് ഉണ്ടായത്. രാവണൻ കോപത്തിന്റെ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചുകൊണ്ടു ഹനൂമാനോട് ഇങ്ങിനെ പറഞ്ഞു. "സർവ്വദേവന്മാരേയും ജയിച്ചവനായ എ

ന്റെ ശക്തിയെത്രയാണെന്നു നിണക്ക് അറിവില്ല. അതുകൊണ്ടാണു നീ ഇങ്ങിനെ പുലമ്പുന്നത്. ആകയാൽ നിന്നോടു കുറച്ചു പറഞ്ഞു മനസ്സിലാക്കാം. ഇതാ നോക്കു. 'ബ്രഹ്മാവ് ഇവിടെ പഞ്ചാംഗം വായിക്കുന്നു. സൂര്യൻ എന്റെ രാജധാനിയിൽ ദ്വാരപാലകനായി ഇരിക്കുന്നു. ചന്ദ്രൻ എനിക്കു കുടപിടിക്കുന്നവനാണ്. വരുണൻ എനിക്കു വെള്ളം ചുമന്നു കൊണ്ടുവരുന്ന കുംഭദാസനാകുന്നു. വായുദേവൻ അതാ എന്റെ രാജധാനിയെ നിമിഷംതോറും വിളക്കിക്കൊണ്ടിരിക്കുന്നു. അഗ്നി എന്റെ വസ്ത്രങ്ങൾ അലക്കുന്ന വെളുത്തേടനാണ്. ഇന്ദ്രൻ എനിക്കു മാലകൾ കെട്ടിത്തരുന്നു. യമൻ കയ്യിൽ ദണ്ഡം വഹിച്ച് എന്റെ രാജധാനിയിൽ കാവൽ നില്ക്കുന്നു. അപ്സരസ്ത്രീകൾ അടിമകളായി ഇരിക്കുന്നു. മാർത്താണ്ഡദേവൻ ക്ഷുരകനായും, ഗണപതി കരരക്ഷകനായും ഇരിക്കുന്നു. കുജൻ മുതലായ ഗ്രഹങ്ങളെല്ലാം എന്റെ സിംഹാസനത്തിന്റെ പടികളായിട്ടാണ് ഇരിക്കുന്നത്. ഷഷ്ഠിദേവി ഇവിടെ കുട്ടികളെ നോക്കുന്ന ദാസിയാണ്. കൈലാസപർവ്വതത്തെ ഞാൻ ഊഞ്ഞാലാട്ടിയതും, കുബേരനെ ജയിച്ചതും പ്രസിദ്ധമാണല്ലോ. ഇത്രയൊക്കെ വീര്യശൌര്യപരാക്രമങ്ങളുള്ള എന്റെ മുമ്പിൽ തെല്ലും ഭയംകൂടാതെ ഇങ്ങിനെ പുലമ്പുന്ന നീ വാനരന്മാരിൽവെച്ച് അധമനാണ്. നിന്റെ ബുദ്ധി ഭ്രമിച്ചുപോയിരിക്കുന്നു. കാട്ടിൽ ചുററിത്തിരിയുന്ന രാമൻ എന്നവൻ എനിക്ക് എത്രത്തോളമുണ്ട്. മനുഷ്യരിൽ ഉൾപ്പെട്ടവനായ രാമനെ നിമിഷനേരത്തിനുള്ളിൽ ഞാൻ നിഗ്രഹിക്കുന്നുണ്ട്.' ഇങ്ങിനെ കോപത്തോടുകൂടി പറഞ്ഞു രാവണൻ ഹനുമാനെ കൊല്ലുവാനായി ഇരിക്കുന്നേടത്തുനിന്ന് എഴുന്നേററു നിന്നു. അപ്പോൾ വിഭീഷണൻ "ശത്രുക്കളുടെ ദൂതനെ കൊല്ലുന്നത് അധർമ്മമാണ്" എന്നു യുക്തിപ്രമാണങ്ങളോടുകൂടി എടുത്തുകാട്ടി രാവണനെ ആ സാഹസത്തിൽനിന്നു പിൻവലിപ്പിച്ചു. അനന്തരം രാവണൻ കുപിതനായിട്ടു തന്റെ ദൂതന്മാരോടു ഹനുമാന്റെ വാലു മുറിച്ചുകളയാൻ കല്പിച്ചു. അതുപ്രകാരം അ

സംഖ്യം ഭൃതന്മാർ ചെന്നു വെട്ടുകത്തി, കോടാലി മുതലായ ആയുധങ്ങറം കൊണ്ടുവന്നു ഹനുമാന്റെ വാലിന്മേൽ വെട്ടുവാൻ തുടങ്ങി. പക്ഷേ ആയുധങ്ങറം വഴുതിപ്പോയതല്ലാതെ വാലിന്നു യാതൊരു കേടും ഉണ്ടായില്ല. വാലിലെ ഒരു രോമം പോലും ഇളകിയില്ല. ഇതു കണ്ടു രാവണൻ അത്ഭുതപ്പെട്ടു "എടോ മക്കടാ! നിന്റെ വാൽ മുറിക്കുവാൻ ഉപായമെന്താണ്? വീരന്മാർ തങ്ങളുടെ മരണത്തെത്തന്നെ ചോദിക്കുന്നതായാലും മറയ്ക്കാതെ പറയുന്നതു സ്വഭാവമാണ്" എന്നു ചോദിച്ചതിന്നു താൻ ചിരംജീവിയാണെന്നു ഹനുമാൻ മറുപടി പറഞ്ഞു. രാവണൻ അതു വിശ്വസിക്കാതെകണ്ടു "നീ പറഞ്ഞതു പൊളിയാണ്. പരമാത്ഥം പറയുക" എന്നു പറഞ്ഞു. അപ്പോറം ഹനുമാൻ തന്റെ മനസ്സിൽ "അഗ്നിഭഗവാൻ എന്റെ അച്ഛന്നു ബന്ധുവാണ്. അതുകൊണ്ട് എനിക്ക് അഗ്നിയെ പേടിക്കേണ്ടതില്ല. എന്റെ വാലിന്മേൽ തീ കൊളുത്തുവാൻ പറഞ്ഞു പിന്നെ ആ തീയുകൊണ്ടുതന്നെ ലങ്കാനഗരം ദഹിപ്പിച്ചേയ്ക്കാം" എന്നു വിചാരിച്ചു രാവണനോട് "എന്റെ വാലിന്മേൽ തീ വെച്ചാൽ തീച്ചയായും കത്തും. യാതൊരു സംശയവുമില്ല" എന്നിങ്ങിനെ പറഞ്ഞു.

ഇപ്രകാരം ഹനുമാന്റെ വാക്കു കേട്ടിട്ടു രാവണൻ തന്റെ കിങ്കരന്മാരോട് "ഇവന്റെ വാൽ എന്തു പ്രയത്നം ചെയ്തെങ്കിലും തീ കൊളുത്തി ഇവനെ പട്ടണത്തിലെല്ലാം കൊണ്ടുപോയി കാണിക്കണം. ഇവനെ കണ്ടാൽ എന്റെ എല്ലാ ശത്രുക്കറക്കും ഭയമാകും" എന്നു കല്പിക്കയും ഭൃത്യന്മാർ ബദ്ധപ്പെട്ടു അപ്രകാരം പ്രവത്തിക്കുകയും ചെയ്തു. ചണനൂൽപട്ടുകളും വസ്ത്രങ്ങളും എണ്ണയിൽ മുക്കി അവയെക്കൊണ്ടു രാക്ഷസന്മാർ ഹനുമാന്റെ വാൽ വരിഞ്ഞുകെട്ടി. അപ്പോറം വാലു വദ്ധിക്കുകയാണുണ്ടായത്. അതു കണ്ടപ്പോറം അവർ വസ്ത്രവ്യാപാരസ്ഥലത്തുനിന്നു കൊണ്ടുവന്നും കൊള്ളചെയ്തുകൊണ്ടുവന്നും ഉള്ള അനവധി വസ്ത്രങ്ങളെക്കൊണ്ടും ഗൃഹങ്ങളിലുള്ള വസ്ത്രങ്ങളെക്കൊണ്ടും ഹനുമാന്റെ പുച്ഛം ബന്ധിക്കുവാൻ തുട

ങ്ങി. എന്നിട്ടും ഫലം ഉണ്ടായില്ല. പിന്നെ രാജകല്പനപ്രകാരം ലങ്കയിലുള്ള സ്ത്രീപുരുഷന്മാരുടെ വസ്ത്രങ്ങളെല്ലാം ബലാൽക്കാരേണ അപഹരിച്ചുകൊണ്ടുവന്ന് അവരെ എല്ലാം നഗ്നന്മാരാക്കിത്തീൎത്തു. അതുകൊണ്ടും മതിയായില്ല. പിന്നിട്ടു പൌരന്മാരുടെ കിടക്കശ്ശീലകളും സ്ത്രീകളുടെ റവുക്കകളും കുപ്പായങ്ങളും രാജധാനിയിലുള്ള വസ്ത്രങ്ങളും കൊണ്ടുവന്നു. ഇങ്ങിനെ രാജസദസ്യന്മാരുടേയും രാജാവിന്റെയും വസ്ത്രങ്ങളും കൊടികൾ, തലപ്പാവുകൾ, കൊടിക്കൂറകൾ എന്നിവയും, ബ്രാഹ്മണരുടെ വസ്ത്രങ്ങളും, മണ്ഡോദരി മുതലായവരുടെ വസ്ത്രങ്ങളും, ശിശുക്കളുടെ മുണ്ടുകളും എന്നുവേണ്ട ലങ്കയിലുള്ള വസ്ത്രമായ വസ്ത്രമൊക്കയും കൊണ്ടുവന്നു വാനരന്റെ വാലിന്മേൽ ചുറ്റിക്കെട്ടി. പിന്നെ സീതയുടെ അരികത്തെയ്ക്കും ആളുകൾ പോയി. അതറിഞ്ഞിട്ടു ഹനുമാൻ തന്റെ വാൽ മുഴുവനും കെട്ടിക്കഴിഞ്ഞതായി പ്രദൎശിപ്പിച്ചു. അപ്പോൾ ലങ്കയിലെ ഓരോ ഗൃഹത്തിലും വസ്ത്രത്തിന്നും എണ്ണയ്ക്കും നെയ്യിന്നുംവേണ്ടി വലുതായ കോലാഹലമുണ്ടായി. സ്നേഹദ്രവ്യങ്ങൾ ഉള്ളതു മുഴുവൻ ഹനുമാന്റെ വാൽ നനെക്കുവാനായി കൊണ്ടുവന്നു. രാത്രിയിൽ വിളക്കു കത്തിപ്പാൻ എണ്ണയും കുട്ടികൾക്കു കൊടുപ്പാൻ നെയ്യും ഒരു വീട്ടിലും ഇല്ലാതായി. ആണുങ്ങളും പെണ്ണുങ്ങളും എല്ലാം നഗ്നന്മാരായിച്ചമഞ്ഞു. ആൎക്കും ലജ്ജയുമില്ലാതായി. ഇത്രയുമായതിനുശേഷം രാക്ഷസന്മാർ വാലിന്മേൽ തീ വെച്ചു വിശറികളെക്കൊണ്ടു വീശിത്തുടങ്ങി. പക്ഷെ തീ കത്തിയില്ല. അപ്പോൾ ഹനുമാൻ പറഞ്ഞു. "രാക്ഷസന്മാരുടെ എജമാനനായ രാവണൻ തന്റെ വായകൊണ്ടുതന്നെ ഊതി കത്തിക്കുന്നതായാൽ വാലിന്മേൽ നിശ്ചയമായും തീ പിടിക്കും" ഈ വാക്കു കേട്ടിട്ടു ദശമുഖൻ മുൻപോട്ടുചെന്നു തന്റെ എല്ലാ മുഖങ്ങളെക്കൊണ്ടും ഊതിത്തുടങ്ങി. അപ്പോൾ അഗ്നി പെട്ടെന്നു കത്തുകയും രാവണന്റെ പത്തു മുഖങ്ങളിലുമുള്ള മീശരോമങ്ങൾ കത്തിപ്പോകുകയും ചെയ്തു. തൽക്ഷണം രാവണൻ മീശയിലെ തീ കെടുത്തുവാനായി ഇരുപതു കൈകളെക്കൊണ്ടും തുട

ച്ചുതുടങ്ങി. അതു കണ്ടിട്ടു രാക്ഷസന്മാരെല്ലാം ചിരിച്ചു. ഹനുമാനും കൂട്ടത്തിൽ ചിരിച്ചു. അപ്പോൾ രാവണൻ കോപിച്ച് "ഈ വാനരത്താനെ ഇവിടുന്നു കൊണ്ടുപോകുവിൻ" എന്നിങ്ങിനെ ദൂതന്മാരോടു കല്പിച്ചു.

അനന്തരം ദൂതന്മാർ ഹനുമാനേയുംകൊണ്ടു ലങ്കാപട്ടണം മുഴുവൻ നടന്നു. അവർ ഹനുമാനെ ചങ്ങലകളെക്കൊണ്ടു മുറുകെ കെട്ടി ആദരവോടുകൂടി കൊണ്ടുനടത്തി. ദീർഘമായി മുഴങ്ങുന്ന വാദ്യഘോഷങ്ങളോടുകൂടിയും, ആയുധപാണികളായ രക്ഷികളാൽ ചുററപ്പെട്ടും, ഹനുമാൻ ആ പകൽസമയത്തു ലങ്കാപട്ടണം മുഴുവൻ നടന്നുകണ്ടു. അവസാനത്തിൽ ഹനുമാൻ അതിസൂക്ഷ്മമായ രൂപത്തെ ധരിച്ചു ദൃഢമായ ലാംഗ്രലബന്ധത്തിൽനിന്നു വേർപെട്ടു. ബ്രഹ്മാസ്ത്രബന്ധനം അതിന്നു മുമ്പിൽ തന്നെ വേർപെട്ടുപോയിരുന്നു. ഇങ്ങിനെ ബന്ധമുക്തനായിച്ചമഞ്ഞ ഹനുമാൻ ലങ്കയുടെ പടിഞ്ഞാറെ ഗോപുരദ്വാരത്തിലേയ്ക്കു ചെന്നുചേന്നു. കോട്ടയുടെ തോരണസ്തംഭം പറിച്ചെടുത്ത് അതുകൊണ്ടു ദ്വാരപാലകന്മാരേയും തന്റെ കാവലിന്നു വന്നിട്ടുള്ളവരേയും കൊന്നു ഹനുമാൻ ലങ്കാപട്ടണത്തിലെ മാളികമുകളിലെല്ലാം ചാടി നൃത്തം വെച്ചു വാലിന്മേലെ തീകൊണ്ടു ലങ്കയിൽ എല്ലാടവും ദഹിപ്പിച്ചു. ആ സമയത്ത് എല്ലാ ഭവനങ്ങളിലും വലുതായ കോലാഹലം ഉണ്ടായി. സ്ത്രീകൾ ഉറങ്ങിക്കിടക്കുന്ന കുട്ടികളെപ്പോലും എടുക്കാതെയും വസ്ത്രത്തിലും അളകങ്ങളിലും തീ പററിയും പ്രാണരക്ഷയ്ക്കായി ഓടിത്തുടങ്ങി. ക്രമത്താലെ ഹനുമാൻ രാവണൻ മുതലായവരുടെ ഹർമ്മ്യങ്ങളേയും അഗ്നിക്കിരയാക്കി. ആ രാവണസഭയെ ദഹിപ്പിച്ചതിന്നുശേഷം ഹനുമാൻ ജനങ്ങളെ എല്ലാം വാലുകൊണ്ടു താഡിക്കുകയും ചെയ്തു. രാക്ഷസന്മാരെല്ലാം ദേഹം തീ പൊള്ളി മുഖം കൊണ്ടു വാദ്യം ചെയ്തു. അപ്പോൾ രാവണൻ ക്രുദ്ധനായിട്ടു പത്തുകോടി രാക്ഷസന്മാരേയും കൂട്ടി ഹനുമാനോടു യുദ്ധത്തിന്നു ചെന്നു. ഹനുമാൻ അവരെ എല്ലാം കോടികണക്കായി വാലുകൊണ്ടു വരിഞ്ഞു തോരണത്താൽ തല്ലി കൊല്ലുവാൻ

തുടങ്ങി. അപ്രകാരംതന്നേ വാൽ കളിയായിട്ടു രാവണന്റെ മസ്തകത്തിൽ വെച്ചു താഡിക്കുകയും മസ്തകത്തിലെ തോൽ പൊള്ളിക്കുകയും ചെയ്തു. ദശാനനൻ ഹനുമാന്റെ പുച്ഛാഗ്നികൊണ്ടു ദഗ്ദ്ധനായിട്ടു മോഹാലസ്യത്തെ പ്രാപിച്ചു. ശ്രീരാമന്റെ കീർത്തിയെ കാക്കുവാൻവേണ്ടി ഹനുമാൻ രാവണനെ കൊന്നില്ലെന്നേയുള്ളൂ. ഇപ്രകാരം തീ പൊള്ളി മൂർഛിതനായ രാവണനെയും അഗ്നിദഗ്ദ്ധന്മാരായ രാക്ഷസന്മാരേയും കണ്ടിട്ടു രാവണപുത്രനായ ഇന്ദ്രജിത്ത് പ്രാണരക്ഷണത്തിന്നായി ഓടി ഗുഹയിൽ പ്രവേശിച്ചു. ഇന്ദ്രജിത്തിനെ താൻ കൊന്നാൽ ലക്ഷ്മണന്നു പ്രീതി ഇല്ലാതാകുമെന്നു വിചാരിച്ചു ഹനുമാൻ അവനെ നിഗ്രഹിച്ചില്ല. ഇപ്രകാരം ഹനുമാൻ എല്ലാവരേയും ജയിച്ചു ഗോപുരങ്ങളെക്കൊണ്ടും കോത്തളങ്ങളെക്കൊണ്ടും അലംകൃതവും അതിവിസ്തൃതവുമായ ലങ്കാപട്ടണം ദഹിപ്പിച്ചതിന്നുശേഷം സമുദ്രത്തിലേയ്ക്കു പോയി. സമുദ്രതീരത്തിൽചെന്നു വാൽവെള്ളത്തിലേയ്ക്കു നീട്ടി ജലചാരികളായ ജന്തുക്കൾക്ക് ഉപദ്രവം വരാത്ത വിധത്തിൽ നനയ്ക്കുകയും സമുദ്രത്തിലെ തരംഗങ്ങളെക്കൊണ്ടു തണുപ്പിക്കുകയും പുകയേററു തന്റെ കണ്ഠത്തിൽ കെട്ടിയിരുന്ന കഫത്തെ സമുദ്രത്തിൽ ക്ഷേപിക്കുകയും ചെയ്തു.

ഇങ്ങിനെ ക്ഷണനേരം ആശ്വസിച്ചു മൌനം പൂണ്ടിരുന്നപ്പോഴാണു ഹനുമാന്നു സീതയുടെ വിചാരം ഉണ്ടായത്. വൈദേഹി അഗ്നിയിൽ വെന്തുപോയിരിക്കുമെന്നു വിചാരിച്ചു ഹനുമാൻ ദുഃഖാത്തനായി മാറത്ത് അടിച്ചു വിലപിച്ചു. ആ സമുദ്രതീരത്തിങ്കലിരുന്നു തന്നെത്താൻ നിന്ദിക്കുകയും ചെയ്തു. "അഹോ കഷ്ടം! മൂഢവാനരനായ എന്നേ എന്തിനു കൊള്ളാം. ഞാൻ സ്വന്തം സ്വാമിയുടെ പത്നിയെത്തന്നെ ദഹിപ്പിച്ചുവല്ലോ. തീച്ചയായും രാമന്റെ പ്രേമഭാജനമായ ജാനകി എന്നാൽ ദഹിപ്പിക്കപ്പെട്ടിരിക്കും. അവിവേകിയായ ഞാൻ ലങ്കയെ ദഹിപ്പിച്ചപ്പോൾ ലേശംപോലും മുൻകരുതൽ ചെയ്തില്ലല്ലോ. എനി ഇപ്പോൾതന്നെ വാലുകൊണ്ടു കെട്ടി

ത്തുങ്ങി ഞാൻ ആത്മഹത്യ ചെയ്യുന്നുണ്ട്. അതല്ലാതെ എ
ൻെറ നിന്ദിതമായ മുഖം രാമൻെറ മുമ്പിൽ കാണിക്കുകയോ?
അങ്ങിനെ ചെയ്താൽ രാമൻ സീതയുടെ വൎത്തമാനം കേട്ടിട്ടു
വേഗത്തിൽ മരിച്ചുപോകും. രാമൻ മരിച്ച ദുഃഖംകൊണ്ടു തീ
ൎച്ചയായും ലക്ഷ്മണനും മരിക്കും. അവരിരുവരും മരിച്ചാൽ പി
ന്നെ അവൎക്കുവേണ്ടി സുഗ്രീവനും മന്ത്രിമാരോടുകൂടി മരിച്ചു
പോകും. സുഗ്രീവൻ മരിച്ചാൽ ഏററവും ലാളിച്ചു വളൎത്ത
പ്പെട്ട അംഗദനും മരണം പ്രാപിക്കും. പിന്നെ പുത്രശോകം
കൊണ്ടു താരാദേവിയും മരിച്ചുപോകും. രാജാവു മരിച്ചതിന്നു
ശേഷം വാനരന്മാരും ജീവിച്ചിരിക്കയില്ല. എന്നല്ലാ, പതി
ന്നാലുവൎഷം തികഞ്ഞു പതിനഞ്ചാമത്തെ കൊല്ലം വന്നാൽ
ഭരതനും മരിക്കും. രാമനെക്കുറിച്ചുള്ള ദുഃഖംകൊണ്ടു കൌസല്യ
യും പുത്രദുഃഖത്താൽ സുമിത്രയും, അപ്രകാരംതന്നെ സൎവ്വാന
ൎത്ഥങ്ങളേയും ഉണ്ടാക്കിത്തീൎത്ത ദുഷ്ടയായ കൈകേയിയും മരി
ച്ചുപോകും. ബന്ധുക്കൾ മരിച്ചുള്ള ദുഃഖംകൊണ്ടു ശത്രുഘ്നനും
രാമനുവേണ്ടി മഹൎഷിമാരും ജീവനെ കളയും. രാമഭക്തന്മാ
രായ മന്ത്രിമാരും സുഹൃജ്ജനങ്ങളും മരിക്കുകതന്നെ ചെയ്യും.
സീതയുടേയും കൌസല്യയുടേയും സുമിത്രയുടേയും കൈകേയി
യുടേയും പിതൃഗൃഹത്തിലുള്ളവരും അവരുടെ ചാൎച്ചക്കാരും എ
ല്ലാം നശിച്ചുപോകും. രാജവംശം മുടിഞ്ഞുകഴിഞ്ഞാൽ പ്രജ
കൾ സ്വേച്ഛപോലെ പ്രവൎത്തിച്ചുതുടങ്ങും. അപ്പോൾ ചരാ
ചരമായ പ്രപഞ്ചം മുഴുവൻ മുടിഞ്ഞുപോകും. ഭൂമിയിലുള്ള ജീ
വികളെല്ലാം നശിച്ചുപോയാൽ സ്വൎഗ്ഗത്തിലുള്ള ദേവന്മാരും
ഹവ്യകവ്യങ്ങൾ കിട്ടാതെയായിട്ടു നശിച്ചു കൂട്ടത്തിലാവും. ഇ
പ്രകാരം അകാലത്തിൽ പ്രളയം വന്നു തൻെറ സൃഷ്ടികളെ
ല്ലാം നഷ്ടമായതു കണ്ടാൽ അതു വിചാരിച്ചുള്ള പശ്ചാത്താ
പംകൊണ്ടു സൃഷ്ടികൎത്താവായ ബ്രഹ്മാവും മരിക്കുകതന്നെ ചെ
യ്യും. ഈ വഴിക്ക് ഈ ബ്രഹ്മാണ്ഡം മുഴുവൻ തീൎച്ചയായും ന
ശിക്കും. ഈ നാശങ്ങൾക്കെല്ലാം കാരണമായിട്ടു വിധി എ
ന്നെ സൃഷ്ടിച്ചുവല്ലോ" എന്നിങ്ങിനെ ഖേദത്തോടുകൂടി തന്നെ

ത്താൻ പറഞ്ഞു. ഹനുമാൻ ദേഹത്യാഗത്തിന്ന് ഒരുങ്ങിയതു കണ്ടപ്പോൾ ആകാശത്തുനിന്നു സന്തോഷപ്രദമായ ഒരു അശരീരിവാക്ക് ഉണ്ടായി. "ഹേ വാനര! നീ ഖേദിക്കേണ്ട, കല്യാണിയായ സീത മരിച്ചുപോയിട്ടില്ല. നീ ഉടനെ സീതയെ ചെന്നുകണ്ടു ശ്രീരാമന്റെ സമീപത്തേക്കു പൊയ്ക്കൊൾക" ഈ വാക്കു കേട്ടിട്ടു ഹനുമാൻ ആനന്ദഭരിതനായിത്തീൎന്നു. പിന്നെ വേഗത്തിൽ ജാനകിയെ കാണ്മാനായി അശോകവനികയിലേക്കു പോകയും ചെയ്തു.

ആ സമയത്തു ഹനുമാൻ സ്വൎണ്ണവേഷ്ടിതമായ ലങ്കയിലെ ഭൂമിയെ ദൎശിച്ചു. ഈ സ്വൎണ്ണവേഷ്ടനത്തിന്നുള്ള കാരണത്തെ ഞാൻ പറയാം. ഹേ പാൎവ്വതി! നീ കേട്ടുകൊൾക. "ഹേ ദേവി! പണ്ടു ത്രികൂടം എന്ന പ്രസിദ്ധമായ ഒരു പൎവ്വതം ഉണ്ടായി. അതു ക്ഷീരസമുദ്രത്താൽ ചുററപ്പെട്ടതും പതിനായിരം യോജന ഉയരമുള്ളതും അത്രതന്നെ വിസ്താരമുള്ളതുമാണ്. അതു മൂന്നു കൊടുമുടികളെക്കൊണ്ടു സമുദ്രത്തേയും ദിക്കുകളേയും ആകാശത്തേയും ജ്വലിപ്പിച്ചുംകൊണ്ടിരിക്കുന്നു. ആ മൂന്നു കൊടുമുടികളിൽ ഒന്നു വെള്ളികൊണ്ടുള്ളതും മറെറാന്ന് ഇരുമ്പുകൊണ്ടുള്ളതും പിന്നത്തേതു സ്വൎണ്ണമയവുമാകുന്നു. ഈ ത്രികൂടാചലത്തിന്റെ താഴ്വരയിൽ മഹാത്മാവായ വരുണദേവന്റെ ഋതുമത്ത് എന്ന ഉദ്യാനം സ്ഥിതി ചെയ്യുന്നു. അതു ദേവസ്ത്രീകൾ കളിക്കുന്ന പൂങ്കാവനമാണ്. ഈ ഉദ്യാനത്തിൽ ശോഭിക്കുന്ന പൊൻതാമരപ്പൂക്കൾ നിറഞ്ഞും ആമ്പൽപ്പൂവ്, കരിങ്കുവളപ്പൂവ്, കല്യാണസൌഗന്ധികപ്പൂവ്, താമരപ്പൂവ് എന്നിവയുടെ കാന്തി കലൎന്നും ഉള്ള വിശാലമായ ഒരു പൊയ്ക ഉണ്ട്. ഈ പൊയ്കയെ കൃതഘ്നന്മാരും നൃശംസന്മാരും നാസ്തികന്മാരും ആയവൎക്കു കാണ്മാൻ കഴികയില്ല. ആ പൊയ്കയിലെ ജലത്തിൽ വലിയ ദുഷ്ടനും വിരൂപനും ദുൎജ്ജയനും മഹാബലവാനുമായിട്ട് ഒരു ആനപിടിയൻമുതല ഉണ്ടായിരുന്നു. അങ്ങിനെ ഇരിക്കുന്ന കാലത്ത് ഒരു കൊമ്പനാന വെള്ളം ദാഹിച്ചു വലഞ്ഞു പിടിയാനകളാൽ പരിവാരിതനായിട്ട് ആ

പൊയ്കയിലേക്കു ചെല്ലുകയുണ്ടായി. ദാഹം സഹിക്കാതെ വെള്ളം കുടിക്കുവാനായിട്ട് ആ കൊമ്പൻ പൊയ്കയിൽ ഇറങ്ങി. അവൻ വെള്ളം കുടിച്ചുകൊണ്ടിരിക്കുമ്പോൾ വെള്ളത്തിനുള്ളിൽ താമരകളുടെ ഇടയിൽ പതുങ്ങി കിടന്നിരുന്ന മുതല അവനെ കടന്നുപിടിച്ചു. രൌദ്രമൂർത്തിയും അതിബലവാനുമായ നക്രം ഇപ്രകാരം ഗജയൂഥങ്ങളുടെ മദ്ധ്യഗതനായ ഗജേന്ദ്രനെ ആകർഷിച്ചു. ആന കരയിലേക്കു വലിക്കുമ്പോൾ മുതല വെള്ളത്തിലേക്കും വലിക്കും. അതു കണ്ടിട്ടു പിടിയാനകൾ ഉറക്കെ നിലവിളിക്കും. അദൃശ്യാകൃതിയായ മുതല ആനയെ താമരവനത്തിലേക്കു വലിച്ചുകൊണ്ടു പോകും. അപ്രകാരം ബലവാനായ നക്രത്താൽ ആകർഷിക്കപ്പെട്ടു പരവശനായി ചമഞ്ഞ കൂട്ടതലവനായ കൊമ്പനെ കണ്ടു ദുഃഖം സഹിക്കാതെയായിട്ടു മററുള്ള ഗജങ്ങൾ നിലവിളിച്ചുവെങ്കിലും അവന്റെ കാൽ പിടിച്ചു കരയ്ക്കു കയററുവാൻ അവയെക്കൊണ്ടു സാധിച്ചില്ല. ഇങ്ങിനെ ആനയും മുതലയും തമ്മിൽ പിടിയും വലിയും ആയിട്ടുള്ള യുദ്ധം ആയിരം ദിവ്യസംവത്സരം തുടൎന്നുകൊണ്ടിരുന്നു. അതിഘോരങ്ങളായ വരുണപാശങ്ങളാലും നാഗപാശങ്ങളാലും ചുററി കെട്ടപെട്ട് ആന അങ്ങോട്ടും ഇങ്ങോട്ടും അനങ്ങുവാൻ വയ്യാതെ കുഴങ്ങി ഏററവും മുഴക്കമുള്ള ഘോരശബ്ദങ്ങളെ അവൻ എപ്പോഴും പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഘോരനക്രത്താൽ പിടിക്കപ്പെട്ടു ദുഃഖിതനായി ഉത്സാഹമില്ലാതെ ചമഞ്ഞു വലുതായ ആപത്തിൽ അകപ്പെട്ടു വലഞ്ഞ ഗജേന്ദ്രൻ ഒടുവിൽ ഇന്ദ്രിയങ്ങളെ ഒതുക്കി മനഃശ്ശുദ്ധിയോടുകൂടി ആപന്നാൎത്തിഹരനായ മഹാവിഷ്ണുവിനെ ധ്യാനിച്ചു. തുമ്പിക്കയ്യിന്റെ തലപ്പുകൊണ്ടു പൊൻതാമരപ്പൂവ് പൊട്ടിച്ചു മനസ്സുകൊണ്ടു ധ്യാനിച്ച് ആപത്തിൽനിന്നു രക്ഷ കിട്ടുവാൻ പ്രാൎത്ഥിച്ച് ആ ഗജേന്ദ്രൻ സ്തോത്രോച്ചാരണത്തോടുകൂടി ഭഗവാനെ പൂജിച്ചു. അവന്റെ സ്തുതികൊണ്ടു മനംതെളിഞ്ഞു പരമകാരുണികനും ദേവദേവനുമായ വിഷ്ണു ഗരുഡാരൂഢനായിട്ട് അവിടെ എഴുന്നള്ളി. അവിടുന്നു മുതലയാൽ പിടിക്കപ്പെട്ട

ആ ഗജേന്ദ്രനേയും മുതലയേയും ജലത്തിൽനിന്ന് ഉദ്ധരിച്ചു. ജലചാരിയായ നക്രത്തെ ചക്രംകൊണ്ടു കൊന്നു ശരണാഗതനായ ഗജേന്ദ്രനെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു. ഈ ഗജം പണ്ടു പാണ്ഡ്യരാജാവായ ഇന്ദ്രദ്യുമ്നനായിരുന്നു. ഒരിക്കൽ തപോനിഷ്ഠനായ ഇന്ദ്രദ്യുമ്നൻ സമാധിയിൽ മുഴുകി ഇരിക്കയായിരുന്നു. അപ്പോൾ കുംഭോൽഭവനായ അഗസ്ത്യമഹർഷി യദൃച്ഛയാ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുക ഉണ്ടായി. ധ്യാനത്തിലിരിക്കുന്ന രാജാവു മഹർഷി എഴുന്നെള്ളിയ കഥ അറിഞ്ഞില്ല. മഹർഷിയാകട്ടെ രാജാവു തന്നെ കണ്ടപ്പോൾ എഴുനില്ക്കാഞ്ഞതുകൊണ്ട് അദ്ദേഹത്തിന്ന് ഇങ്ങിനെ ശാപം നല്കി "തപസ്സു നിമിത്തമായ ഗർവ്വംകൊണ്ടു മതിമറന്നുപോയ നീ ഞാൻ വന്നപ്പോൾ എഴുന്നീററില്ലല്ലോ. ഇതുനിമിത്തം നീ ഒരു ഗജമായി ഭവിച്ചു വളരെക്കാലം മദത്തോടുകൂടി കാട്ടിൽ കിടക്കട്ടെ". ഇങ്ങിനെ മഹർഷിയുടെ ശാപം കേട്ടിട്ടു രാജാവ് അദ്ദേഹത്തെ വീണ്ടും വീണ്ടും നമസ്കരിച്ചു ശാപമോക്ഷത്തെ പ്രാർത്ഥിച്ചു. അപ്പോൾ മഹർഷി പറഞ്ഞു 'നിനക്കു മുക്തി വിഷ്ണുവിന്റെ കയ്യിൽനിന്നു വേണം കിട്ടുവാൻ. എപ്പോഴാണോ നിന്നെ മുതല പിടിക്കുന്നത് അപ്പോൾ വിഷ്ണുഭഗവാൻ നിനക്കു മുക്തിയെ തരും'. ഈ ശാപം നടന്ന കാലത്തുതന്നെ ഹൂഹൂ എന്നു പേരായ ഗന്ധർവ്വശ്രേഷ്ഠൻ അനേകം അപ്സരസ്ത്രീകളാൽ സേവിക്കപ്പെട്ടുംകൊണ്ട് ഈ പൊയ്കയിൽ ജലക്രീഡ ചെയ്യുവാൻ വരിക ഉണ്ടായി. അപ്പോൾ ദേവലൻ എന്ന മഹർഷി പൊയ്കയിൽ * അഘമർഷണത്തിന്നായി വളരെനേരം സ്ഥിതിചെയ്തു. പൊയ്കയിൽ സംസ്ഥിതനായ മഹർഷിയെ അവിടെ നിന്നു നീക്കം ചെയ്വാൻ ഗന്ധർവ്വൻ വിചാരിച്ചു. അദ്ദേഹം സ്വയം വെള്ളത്തിൽ മുങ്ങി ചെന്നു മഹർഷിയുടെ കാലുകളെ തന്റെ കൈകളെക്കൊണ്ടു മുറുകെ പിടിച്ചു വലിക്കുവാൻ തുടങ്ങി. മഹർഷി ഇതറിഞ്ഞിട്ടു "നീ മുതലയെപ്പോലെ എന്റെ

* അഘമർഷണം പാപം പോക്കൽ. അഘമർഷണങ്ങൾ എന്നു പേരായ മന്ത്രങ്ങൾ ജപിച്ചു ജലത്തിൽ മുങ്ങുകയാണ് ഇത്.

കാലുകൾ പിടിച്ചു വലിച്ചതുകൊണ്ട് ഈ പൊയ്കയിൽ തന്നെ ഒരു മുതലയായി തീരട്ടെ" എന്നു ഗന്ധർവ്വനെ ശപിക്കുകയും ചെയ്തു. ശാപമോക്ഷത്തിന്നായി ഗന്ധർവ്വൻ പ്രാർത്ഥിച്ചപ്പോൾ 'വിഷ്ണുഭഗവാൻ നിന്നെ ഉദ്ധരിക്കും' എന്നിങ്ങിനെ മഹർഷി ശാപമോക്ഷവും കൊടുത്തു. ഇപ്രകാരം പൂർവ്വശാപം നിമിത്തം വലുതായ സങ്കടത്തിൽപെട്ട അവരിരുവരേയും ഭഗവാൻ ഉദ്ധരണം ചെയ്തിട്ട് അവരോടുംകൂടി സ്വസ്ഥാനത്തേയ്ക്കു തിരിച്ചുപോകയും ചെയ്തു. അപ്പോൾ ഭഗവാന്റെ വാഹനമായ ഗരുഡൻ തനിക്കു വല്ലാതെ വിശക്കുന്നു എന്നു പറഞ്ഞപ്പോൾ ഭഗവാൻ 'നീ ആ പൊയ്കയിലേയ്ക്കുതന്നെ പൊയ്ക്കൊൾക. അവിടെ എന്നാൽ മോചിപ്പിക്കപ്പെട്ട ആനയുടേയും മുതലയുടേയും ദേഹങ്ങൾ കിടക്കുന്നുണ്ടല്ലോ; അവയെ യഥേഷ്ടം തിന്നു വിശപ്പു മാറ്റിക്കൊൾക' എന്ന് അരുളിച്ചെയ്തു. ഗരുഡൻ അതുപ്രകാരം പൊയ്കയിലേയ്ക്കു ചെന്നപ്പോൾ ഭൃംഗനെന്ന ഗൃദ്ധ്രരാജൻ മേല്പറഞ്ഞ മൃതദേഹങ്ങളുടെ സമീപത്ത് അവയെ തിന്മാനായി എത്തിട്ടുണ്ടായിരുന്നു. ഗരുഡൻ ആ ഗൃദ്ധ്രത്തെ കൊല്ലുകയും പിന്നെ ഒരു കാൽകൊണ്ടു ഗൃദ്ധ്രരാജന്റെ ശവത്തേയും മറ്റെ കാൽകൊണ്ടു ഗജനക്രങ്ങളുടെ ദേഹങ്ങളേയും എടുത്തിട്ട് അവയെ കൊത്തി തിന്മാൻ ശുദ്ധമായ ഒരു സ്ഥലം എവിടെയാണെന്നു നോക്കിക്കൊണ്ടു യാത്ര ചെയ്തു. അപ്പോൾ ശ്രീപാല്കടലിന്റെ തീരത്തു 'ജാംബൂനദം' എന്ന വൃക്ഷം നില്ക്കുന്നതായി കണ്ടു. അത് ഓരായിരം യോജന നീളവും വണ്ണവും ഉയരവും ഉള്ള ശോഭനമായ ഒരു വൃക്ഷമായിരുന്നു. ഗരുഡൻ അതിന്റെ വിശാലമായ കൊമ്പത്തു പറന്നു ചെന്നിരിക്കുകയും അപ്പോൾ ആ കൊമ്പു ഭാരം സഹിക്കാതെ, അതിന്മേൽ തലകീഴാക്കി തൂങ്ങിനിന്നു വളരെക്കാലമായി തപസ്സുചെയ്യുന്ന അറുപതിനായിരം ബാലഖില്യന്മാർ എന്ന താപസന്മാരോടുകൂടി മുറിയുകയും ചെയ്തു. ആ മരക്കൊമ്പത്തു തപസ്സു ചെയ്യുന്ന താപസന്മാർ താഴെ വീണാൽ തന്നെ ശപിക്കുമെന്നു ഭയപ്പെട്ടു ഗരുഡൻ ആ കൊമ്പു കൊക്കുകൊണ്ടു കൊത്തി എടുത്ത് ആകാ

ശത്തേയ്ക്കുതന്നെ പൊങ്ങി പറന്നു. അനന്തരം ഗരുഡൻ തന്റെ പിതാവായ കശ്യപമഹർഷിയെ ചെന്നു കണ്ട് 'എനിയ്ക്കു ഭക്ഷണത്തിന്നു ശുഭമായ ഒരു ഭൂമിയെ നിർദ്ദേശിച്ചുതരണം' എന്നിങ്ങിനെ ഉണർത്തിച്ചു. അതു കേട്ടിട്ടു കശ്യപൻ പറഞ്ഞു. 'ഇവിടെനിന്നു നൂറുയോജന സമുദ്രം കടന്നു ചെന്നാൽ ലങ്ക എന്ന ഒരു ശുഭഭൂമി കാണാം. അവിടെവെച്ചു നീ ഭക്ഷിച്ചു കൊൾക' ഇപ്രകാരം പിതാവിന്റെ വചനമനുസരിച്ചു ഗരുഡൻ ക്ഷണനേരംകൊണ്ടു ലങ്കാഭൂമിയിൽ പറന്നു ചെന്നു. അവിടെ തന്റെ ചിറകുകൾ ഉയർത്തി അവയിന്മേൽ വൃക്ഷശാഖയെ വെച്ചു കാലുകളെക്കൊണ്ട് എടുത്തിട്ടുള്ള ഗൃധ്രം, ഗജം, നക്രം എന്നിവയെ ഗരുഡൻ യഥേഷ്ടം ഭുജിക്കുകയും ചെയ്തു. അവയുടെ അസ്ഥികളെക്കൊണ്ട് അവിടെ ഉന്നതങ്ങളായ മൂന്നു ശൃംഗങ്ങൾ ഉണ്ടായി. അതാണു 'ത്രികൂടം' എന്നു പേരായ ലങ്കാരാജ്യത്തെ പർവ്വതരാജനായി ചമഞ്ഞത്. അതിന്റെ ശിഖരങ്ങളിൽ ഗരുഡൻ താൻ കൊത്തിക്കൊണ്ടുപോന്ന വൃക്ഷശാഖയെ സ്ഥാപിച്ചിട്ടു ഗരുഡൻ പോകയും ചെയ്തു. ബാലഖില്യന്മാരുടെ തപസ്സിന്റെ അവസാനത്തിങ്കൽ പരമമായ വിഷ്ണുപദത്തേയും പ്രാപിച്ചു. ആ വൃക്ഷശാഖ ത്രികൂടപർവ്വതത്തിന്റെ മൂന്നു ശിഖരങ്ങളിലുമായി പിന്നീടു ശിലാരൂപത്തിൽ ആയി ചമഞ്ഞു. അതിനെ അജ്ഞാനം നിമിത്തം രാക്ഷസന്മാർ അറിയുന്നില്ല. ആ കല്ലു ലങ്കാദഹനത്തിൽ അഗ്നികൊണ്ട് ഉരുകി നിലത്തേയ്ക്കു പതിച്ചു. ആ ഉരുകിയ സ്വർണ്ണത്തിന്റെ സമ്പർക്കംകൊണ്ടാണ് ലങ്കയിലെ ഭൂമി സ്വർണ്ണവർണ്ണമായി തീർന്നത്."

മേൽപ്രകാരമുള്ള ലങ്കാഭൂമിയെ കണ്ടു ശങ്കിതനായിത്തീർന്ന ഹനുമാൻ സീത എവിടെയാണെന്ന് അന്വേഷിച്ച് ചെന്നപ്പോൾ അശോകവൃക്ഷത്തിന്റെ മൂലത്തിൽ സീതയെ കണ്ടിട്ടു 'ഹേ ജാനകി! ഇവിടുന്നു അടിയന്റെ ചുമലിൽ കയറി ഇരുന്നാൽ ഇന്നുതന്നെ രാമനെ കാണുവാൻ കഴിയും' എന്നു പറഞ്ഞു. അതിന്നു സീത 'ഹേ വാനര! എന്നെ അപഹരിത്തിൽനി

ന്ന മററുള്ളവരാരെങ്കിലും വീണ്ടെടുക്കുന്നതായാൽ രാമൻ അതു സഹിക്കയില്ല. അതുകൊണ്ടു നീ ഞാൻ തരുന്ന അടയാളം കൊണ്ടുപോയി രാമനു സമപ്പിച്ചാൽ മതി' എന്നിങ്ങിനെ മറുപടി പറഞ്ഞിട്ടു സീതാദേവി ശ്രീരാമൻെറ മുദ്രമോതിരം ഊരി ഹനുമാൻെറ കയ്യിൽ കൊടുത്തു. അനന്തരം ഹനുമാൻ ആ മോതിരം എടുത്ത് നമസ്കരിച്ചു വേഗത്തിൽ അവിടെനിന്നു പോയി. ലങ്കയിൽനിന്നു സമുദ്രം ചാടുവാനായിട്ടു ഹനുമാൻ സുവേലപവ്വതത്തിൻെറ മുകളിൽ കയറുകയും ഗതിവേഗം കൊണ്ട് ആ പവ്വതത്തെ ചൂണ്ണമാക്കിതീക്കുകയും ചെയ്തു. ഇതിനിടയിൽ ബ്രഹ്മാവ്, ഹനുമാൻ ലങ്കയിൽ എന്തെല്ലാം ചെയ്തുവോ അതിനെ എല്ലാം വിവരിക്കുന്നതായ ഒരു വിസ്തരിച്ചപത്രം എഴുതി ഹനുമാൻെറ കൈവശം കൊടുത്തു. ഹനുമാൻ അതു വാങ്ങി ബ്രഹ്മാവിനെ വണങ്ങി വിടചോദിച്ചു മേല്പോട്ടു പൊങ്ങി ആകാശമാഗ്ഗത്തിൽകൂടെ യാത്രചെയ്കയും ചെയ്തു. കുറച്ചു സമയത്തിനുള്ളിൽ സമുദ്രത്തിൻെറ വടക്കെകരയിൽ നില്ക്കുന്ന വാനരന്മാരുടെ മുകളിൽ ഹനുമാൻ കാണപ്പെടുകയും പെട്ടെന്നു ഭൂമിയിൽ ഇറങ്ങുകയും ചെയ്തു. അവിടെ വാനരന്മാരെ കണ്ടുനിന്നു പുറമെ ഒരു മഹഷിശ്രേഷ്ഠനെക്കൂടി ഹനുമാൻ കാണുക ഉണ്ടായി. അദ്ദേഹത്തെ കണ്ടപ്പോൾ അല്പം ഗവ്വിതനായിട്ടു ഹനുമാൻ പറഞ്ഞു. "അല്ലയോ മുനീന്ദ്ര! ശ്രീരാമൻെറ കാൎയ്യം സാധിച്ചുവരികയാണ് ഞാൻ. എനിക്കു വെള്ളം ദാഹിക്കുന്നു. അതുകൊണ്ട് ഒരു ജലാശയത്തെ കാണിച്ചുതന്നാലും." ഇതു കേട്ടിട്ടു മഹഷി അദ്ദേഹത്തിന്ന് ഒരു ജലാശയത്തെ വിരലുകൊണ്ടു ചൂണ്ടികാണിച്ചു. അപ്പോൾ ഹനുമാൻ സീതനല്കിയ അടയാളമോതിരവും ചൂഡാമണിയും ബ്രഹ്മാവു കൊടുത്ത പത്രവും മഹഷിയുടെ മുമ്പിൽവെച്ച് വെള്ളം കുടിക്കുവാനായി അദ്ദേഹം ചൂണ്ടിക്കാട്ടിയ തടാകത്തിലേയ്ക്കു പോയി. അനന്തരം ഒരു വാനരൻ ഹനുമാൻവെച്ച അടയാളമോതിരം എടുത്ത് മഹഷിയുടെ സന്നിധിയിൽ ഉണ്ടായിരുന്ന ഒരു കിണ്ടിയിൽ നിക്ഷേപിച്ചു. അപ്പോഴയ്ക്കു ഹനുമാനും തിരിച്ചെ

ത്തി. ഹനുമാൻ നോക്കിയപ്പോൾ ചൂഡാമണിയും പത്രവും മാത്രം കണ്ടിട്ടു മോതിരം എവിടെ എന്നു മഹൎഷിയോടു ചോദിച്ചു. മഹൎഷിയാകട്ടെ കിണ്ടിയിൽ നോക്കുവാനായി പുരികം കൊണ്ടു സംജ്ഞകാണിക്കുകയാണുണ്ടായത്. അതുപ്രകാരം ഹനുമാൻ കിണ്ടിയിൽ നോക്കിയപ്പോൾ ശ്രീരാമൻെറ മുദ്രമോതിരങ്ങൾ ആയിരകണക്കായി അതിൽ കാണപ്പെട്ടു. അപ്പോൾ പരിഭ്രമത്തോടുകൂടി ഹനുമാൻ മഹൎഷിയോടു പറഞ്ഞു. "ഈ മോതിരങ്ങളെല്ലാം എവിടെനിന്നു വന്നവയാണ്. ഇവയിൽ ഞാൻ വെച്ച മോതിരം ഏതാണെന്നും പറഞ്ഞുതരണം." അതു കേട്ടിട്ടു മഹൎഷി 'ശ്രീരാമൻമാരുടെ ആജ്ഞപ്രകാരം ഹനുമാന്മാർ സീതമാരെ അന്വേഷിക്കുവാനായി ലങ്കയിലേക്കു പോയിട്ടു കൊണ്ടുവന്നിട്ടുള്ള ശുദ്ധി മോതിരങ്ങൾ അനവധി എൻെറ മുമ്പിൽ വെയ്ക്കുക ഉണ്ടായിട്ടുണ്ട്. അവ എല്ലാ വാനരന്മാർ ഈ കിണ്ടിയിൽ ഇട്ടിട്ടും ഉണ്ട്. ആ മോതിരങ്ങളാണ് ഇതെല്ലാം. ഇവയിൽ ഏതാണ് നിൻെറ മോതിരമെന്നു നീതന്നെ നോക്കിക്കൊൾക' എന്നു പറഞ്ഞു. അനന്തരം ഹനുമാൻ ഗൎവ്വമെല്ലാം നീങ്ങി മഹൎഷിയോടു ചോദിച്ചു. 'ഹേ മുനിശ്വര! എത്ര ശ്രീരാമന്മാർ ഇവിടെ വരിക ഉണ്ടായിട്ടുണ്ട്?' മഹൎഷി മറുപടിപറഞ്ഞു. 'ആ മോതിരങ്ങളെല്ലാം പുറത്തെടുത്ത് എണ്ണിനോക്കു; എന്നാൽ അറിയാമല്ലോ.' അപ്പോൾ ഹനുമാൻ കൈകൾ കുടന്നയാക്കി പിടിച്ച് അനേകം പ്രാവശ്യം കിണ്ടിയിൽനിന്നു മോതിരങ്ങൾ വാരി പുറത്തേക്കിട്ടു. പക്ഷേ മോതിരങ്ങൾക്ക് അററം കാണുക ഉണ്ടായില്ല. പിന്നെ അവയെല്ലാം കിണ്ടിയിലേക്കുതന്നെ ഇട്ടു ഹനുമാൻ മഹൎഷിയെ വണങ്ങി ക്ഷണനേരം ഇങ്ങിനെ വിചാരിച്ചു. എന്നെപ്പോലെ ഉള്ള അനേകംപേർ ഇതിന്നുമുമ്പുതന്നെ ലങ്കയിൽ പോയിട്ടു സീതയുടെ ശുദ്ധിമോതിരങ്ങൾ കൊണ്ടുവരിക ഉണ്ടായിട്ടുണ്ട്. ഈ സ്ഥിതിക്ക് എനിക്കെന്താണ് പ്രത്യേകം ഒരു മെച്ചമുള്ളത്', എന്നിങ്ങിനെ മനസ്സിൽ വിചാരിച്ച് ഗൎവ്വംനീങ്ങി ഹനുമാൻ മഹൎഷിയുടെ വലത്തുഭാഗത്തുകൂടെ അംഗദാദികൾ ഇരിക്കുന്ന ദി

കിലേയ്ക്കു ചെന്നു. അവർ അവിടെ പ്രായോപവേശനത്തിൽ ഇരിക്കുകയായിരുന്നു. അവരെല്ലാം ഹനുമാനെ കണ്ടു സന്തുഷ്ടന്മാരായിട്ട് അദ്ദേഹത്തെ ആലിംഗനം ചെയ്കയും അദ്ദേഹത്തിൻെറ മുഖത്തുനിന്നു സീതയെ അശോകവനത്തിൽ കണ്ടതായി അറിയുകയും ചെയ്തിട്ട് എല്ലാവരുംകൂടി വേഗത്തിൽ ശ്രീരാമൻെറ സമീപത്തേയ്ക്കു പോകയും ചെയ്തു.

പോകുന്ന വഴിക്ക് വാനരന്മാർ സുഗ്രീവനാൽ രക്ഷിക്കപ്പെട്ട മധുവനത്തെ കണ്ടിട്ട് അംഗദനോട് അനുവാദം ചോദിച്ച് എല്ലാവരുംകൂടി അതിൽകടന്നു കായികൾ പൊട്ടിച്ചു തിന്നുതുടങ്ങി. അതു കണ്ടിട്ടു കാവൽക്കാരനായ ദധിവക്രൻ എന്ന വാനരൻ അവരെ തടുത്തു. ദധിവക്രൻ സുഗ്രീവൻെറ അമ്മാമനാണെന്ന് അറിഞ്ഞിട്ടും അംഗദാദികളായ വാനരന്മാർ അവനെ കണക്കിനു പ്രഹരിച്ചു വിട്ടു. ആ വഴിയെപോയി ദധിവക്രൻ ഉണ്ടായ വർത്തമാനമെല്ലാം സുഗ്രീവനോടറിയിച്ചു. സുഗ്രീവനാകട്ടെ വർത്തമാനംകേട്ടു ഇങ്ങിനെ വിചാരിച്ചു. വാനരന്മാർ സീതയെ കണ്ടിരിക്കുന്നു നിശ്ചയം. ഇല്ലെങ്കിൽ അവർ മനോഹരമായ മധുവനത്തിൽ കടന്ന് ഇങ്ങിനെ ഒന്നും ചെയ്കയില്ല. ഇപ്രകാരം വിചാരിച്ചു സുഗ്രീവൻ ദധിവക്രനോടു 'അവർ എന്തെങ്കിലും കാണിക്കട്ടെ അങ്ങ് അതിനൊന്നും തടസ്ഥം പറയേണ്ട. അങ്ങ് വേഗത്തിൽ ചെന്ന് അവരെ എല്ലാം എൻെറ അടുക്കലേയ്ക്കു പറഞ്ഞയയ്ക്കുക' എന്നു പറഞ്ഞു. ദധിവക്രൻ അപ്രകാരംതന്നെ ചെന്നു വാനരന്മാരോടു വിവരം പറഞ്ഞു. വാനരന്മാർ സുഗ്രീവൻ പറഞ്ഞയച്ചതു കേട്ടിട്ടു എല്ലാവരുംകൂടി രാമൻെറ മുമ്പിൽ ചെന്നു വണങ്ങി സ്ഥിതിചെയ്തു. അപ്പോൾ ഹനുമാൻ ബ്രഹ്മാവിൻെറ പത്രം സമർപ്പിക്കുകയും ചൂഡാമണി കൊടുക്കുകയും ചെയ്തിട്ടു സീത പറഞ്ഞയച്ചതായ കാക്കയുടെ വർത്തമാനത്തെ അടയാളവാക്കായി പറയുകയുംചെയ്തു. ഹനുമാൻ ലങ്കയിൽ ചെന്നു കാണിച്ച പരാക്രമങ്ങളെല്ലാം ബ്രഹ്മാവിൻെറ പത്രംകൊണ്ടു മനസ്സിലായിട്ടു ശ്രീരാമൻ വളരെ സന്തോഷിച്ചു. അനന്തരം ശ്രീരാമൻ ഹനുമാനെ ആലിംഗനം ചെയ്തിട്ട് ഇ

ങ്ങിനെ പറഞ്ഞു. 'ഹേ മാരുതേ! ഉപകാരിയായ നിനക്ക് ഒരു പ്രത്യുപകാരം ചെയ്വാൻ ഞാൻ കാണുന്നില്ല. നീ ലോകത്തിൽവെച്ചു വലിയ ധന്യനാകുന്നു. എന്തുകൊണ്ടെന്നാൽ, പരമാത്മാവായിരിക്കുന്ന എന്റെ ആലിംഗനം ലോകത്തിൽ ദുർല്ലഭമാകുന്നു. അതു നിനക്കു ലഭിച്ചുവല്ലോ.' ഹേ വാനരപുംഗവ! നീ എന്റെ വലിയ ഭക്തനും എനിക്കു ഏററവും പ്രിയപ്പെട്ടവനുമാകുന്നു.' ഭക്തന്മാർ യാതൊരാളുടെ പാദാരവിന്ദങ്ങളെ തുളസീദളം മുതലായവയെക്കൊണ്ടു വഴിപോലെ പൂജിച്ചിട്ട് അതുല്യമായ വിഷ്ണുസായൂജ്യത്തെ പ്രാപിക്കുന്നുവോ അങ്ങിനെയുള്ള പരമാത്മാവിനാൽതന്നെ ഹനുമാൻ ആലിംഗനം ചെയ്യപ്പെട്ടുവല്ലോ. ഇദ്ദേഹം പൂൎവ്വജന്മത്തിൽ അനേകപുണ്യങ്ങളെ ചെയ്തവൻതന്നെയാകുന്നു. ആലിംഗിതനായ ഹനുമാൻ ഭയപ്പെട്ടു വിറച്ചുംകൊണ്ടു രാമനോടു 'ഞാൻ ഒരു തെററുകാരനായിരിക്കുന്നു' എന്നിങ്ങിനെ പറഞ്ഞു മുദ്രമോതിരത്തിന്റെ വൃത്താന്തവും മഹൎഷിയുടെ വാക്കും ഉണൎത്തിച്ചു. അതു കേട്ടിട്ടു രാമചന്ദ്രൻ ചിരിച്ചുംകൊണ്ടു ഹനുമാനോടു പറഞ്ഞു 'ഹേ വീര! ഞാൻതന്നെയാണു മഹൎഷിയുടെ വേഷം പൂണ്ടു വന്നു വഴിക്കു വെച്ച് ആ നേരംപോക്കു കാണിച്ചത്. അങ്ങിനെ ചെയ്തതു നിനക്കുണ്ടായിരുന്ന ഗൎവ്വം നീക്കുവാൻ വേണ്ടിയാണ്. മോതിരം ഇതാ എന്റെ കയ്യിൽ ചെറുവിരലിന്മേൽ കിടക്കുന്നു നോക്കുക. ഇതാണു നീ കൊണ്ടുവന്ന മോതിരം.' ഹനുമാൻ രാമന്റെ കൈവിരലിൽ മോതിരം കിടക്കുന്നതായി കണ്ടു ഗൎവ്വം നീങ്ങിയവനായിട്ടു നമസ്കരിക്കുകയും ശ്രീരാമൻ വിഷ്ണുഭഗവാൻ തന്നെയാണെന്നു വിചാരിക്കുകയും ചെയ്തു. എന്നുമാത്രമല്ല, 'എന്നിലുള്ള പൌരുഷവും ഇദ്ദേഹത്തിന്റെ കൃപകൊണ്ടുണ്ടായതാണ്'' എന്നും ഹനുമാൻ വിചാരിച്ചു. ഇപ്രകാരം, ഹേ പാൎവ്വതി, രാമനുവേണ്ടി വായുപുത്രൻ പ്രവൎത്തിച്ചതും സൎവ്വാശ്ചൎയ്യകരവുമായ സുന്ദരചരിതത്തെ ഞാൻ നിനക്കു പറഞ്ഞുതന്നു.

ശ്രീവാത്മീകി പ്രോക്തവും ശതകോടി ചരിതമദ്ധ്യഗതവുമായ ആനന്ദരാമായണത്തിൽ, സാരകാണ്ഡത്തിൽ, ഹനുമാന്റെ സുന്ദരചരിതത്തിൽ, സീതാശുദ്ധി എന്ന ഒമ്പതാംസൎഗ്ഗം സമാപ്തം.

# പത്താം സർഗ്ഗം

പരമശിവൻ പറയുന്നു.

അനന്തരം ശ്രീരാമൻ ഹനുമാനോടു "ലങ്കയുടെ സ്വരൂപത്തെ മുഴുവൻ വിസ്തരിച്ചു പറഞ്ഞാലും. അതുകേട്ടിട്ടു ഞാൻ വേണ്ടുന്ന പ്രതിവിധികൾ ചെയ്തുകൊള്ളാം" എന്നരുളിച്ചെയ്തു. രാമന്റെ ഈ വാക്കുകേട്ടു മാരുതി താഴെ പറയുംപ്രകാരം പറഞ്ഞു. "ഹേ ദേവ! ലങ്ക എന്നതു ത്രികൂടപർവ്വതത്തിന്റെ അഗ്രത്തിങ്കൽ സ്ഥിതിചെയ്യുന്നതായ ഒരു ദിവ്യ പുരിയാകുന്നു. അതു സ്വർണ്ണമയങ്ങളായ മതിലുകളോടും കൊത്തളങ്ങളോടും കൂടിയതും, നിർമ്മലജലം നിറഞ്ഞ കിടങ്ങുകളാൽ ചുററപ്പെട്ടതുമാകുന്നു. പലതരം ഉദ്യാനങ്ങളുടെ ശോഭയോടുകൂടിയതും, ദിവ്യങ്ങളായ പൊയ്കകളാൽ ആവരണം ചെയ്യപ്പെട്ടതും വിചിത്രശോഭയോടുകൂടിയ മണിസ്തംഭമയങ്ങളായ ഗൃഹങ്ങൾ നിറഞ്ഞതും ആണ്. ആ പുരിയുടെ പടിഞ്ഞാറെ ഗോപുരത്തിൽ അനേകായിരം ഗജസൈന്യങ്ങൾ നില്ക്കുന്നുണ്ട്. വടക്കേഗോപുരത്തിൽ സംഖ്യയില്ലാത്ത അശ്വസൈന്യങ്ങളും കാലാൾപടകളും സ്ഥിതിചെയ്യുന്നു. കിഴക്കേ ഗോപുരത്തിലും അങ്ങിനെതന്നെയാണ്. തെക്കേഗോപുരത്തിൽ തേരാളികളായ അസംഖ്യം രാക്ഷസവീരന്മാർ സ്ഥിതി ചെയ്യുന്നുണ്ട്. ഗോപുരം കടന്ന് ഉള്ളിലേയ്ക്കു ചെന്നാലുള്ള മദ്ധ്യപ്രദേശത്തിലും അസംഖ്യം ആനതേർ കുതിരപ്പടയാളികൾ ഉണ്ട്. ഹേ പ്രഭോ! നാനാതരം അസ്ത്രവിദ്യകളിൽ വിദഗ്ദ്ധന്മാരായ ഭടന്മാർ എപ്പോഴും ലങ്കയെ രക്ഷിച്ചുകൊണ്ടു നില്ക്കുന്നു. പലവിധത്തിലുള്ള പാലങ്ങളും പീരങ്കികളും ലങ്കയിൽ ഉണ്ട്. ഇങ്ങിനെ എല്ലാം ഇരിക്കുമ്പോൾ തിരുവടിയുടെ ഈ ദാസൻ അവിടെ ചെന്ന് എന്താണു കാണിച്ചതെന്നു കേട്ടാലും. ദശാനനനായ രാവണനുള്ള സൈന്യങ്ങളിൽ നാലിൽ ഒരു ഭാഗത്തെ അടിയൻ കൊന്നു. ലങ്കാപട്ടണം കൊള്ളിവെച്ചു കത്തിച്ചു. സ്വർണ്ണമതിലുകൾ അടിച്ചു തകർത്തു. ഹേ രഘുദ്വഹാ! ലങ്ക

യിലെ പീരങ്കികളും പാലങ്ങളും അടിയൻ ഛിന്നഭിന്നമാക്കി. ഇനി തിന്തിരുവടിയുടെ ദൎശനമാത്രം കൊണ്ടുതന്നെ ലങ്ക ഭസ്മമായി ഭവിക്കും. ലങ്കാപട്ടണത്തിൻെറ വടക്കുഭാഗത്തു സുവേലൻ എന്ന ഒരു പൎവ്വതം ഉണ്ട്. പടിഞ്ഞാറുഭാഗത്തു പരലങ്ക എന്ന ഒരു സ്ഥലം ഉണ്ട്. തെക്കുഭാഗത്താണ് നികുംഭില. അവിടെ യോഗിനിവടം എന്നൊരു വൃക്ഷവും സ്ഥിതി ചെയ്യുന്നു. കിഴക്കുഭാഗത്തു ലഘുലങ്ക എന്നൊരു പ്രദേശം ഉണ്ട്. അതു ത്രികൂടശിഖരത്തിൻെറ മദ്ധ്യത്തിൽ ഏററവും കാന്തിയോടുകൂടിയ ഒരു മനോഹരസ്ഥലമാണ്. ആ സ്ഥലം എൻെറ ലാംഗ്ഗൂലാഗ്നികൊണ്ടു നാമാവശേഷമായി കഴിഞ്ഞിരിക്കുന്നു. ഹേ ദേവദേവ! ഉടൻതന്നെ പുറപ്പെടുക. നമുക്കു ലവണസമുദ്രകരയിലേക്കു ചെല്ലുക.' ഇപ്രകാരം ഹനുമാൻെറ വാക്കു കേട്ടു ശ്രീരാമൻ സുഗ്രീവനോട് അരുളിച്ചെയ്തു. 'ഹേ സുഗ്രീവാ! സൈന്യങ്ങളോടെല്ലാം ഒരുങ്ങി പുറപ്പെടുവാൻ കല്പിച്ചാലും. ഇതാ ഇന്നിപ്പോൾ വിജയം എന്ന മുഹൂൎത്തമാണ്. ആശ്വിനമാസത്തിലെ വെളുത്ത ദശമിയും തിരുവോണം നക്ഷത്രവും ചേൎന്നിരിക്കുന്ന ഈ സമയം ഏററവും ശുഭപ്രദമാണ്. ഹേ വാനരശ്രേഷ്ഠാ! നമുക്കു ലവണസമുദ്രത്തെ ലക്ഷ്യമാക്കി പോവുകതന്നെ! സേനാനായകന്മാർ മുന്നിലും പിന്നിലും ഇരുപാൎശ്വങ്ങളിലും നിന്നു സേനയെ രക്ഷിക്കട്ടെ. നളൻ മുമ്പിൽ നടക്കട്ടെ. നീലൻ പിന്നിലും നില്ക്കട്ടെ. സുഷേണൻ എൻെറ ഇടത്തുഭാഗത്തും ജാംബവാൻ വലത്തുഭാഗത്തും സ്ഥിതി ചെയ്യട്ടെ. ഗജൻ, ഗവാക്ഷൻ, ഗവയൻ, മൈന്ദൻ എന്നീ വാനരന്മാർ മുറയ്ക്ക് അഗ്നികോണിലും നിരൃതികോണിലും വായുകോണിലും ഈശാനകോണിലും നില്ക്കട്ടെ. അപ്രകാരംതന്നെ ദ്വിവിദൻ മുതലായവരും യഥാക്രമം നിന്നു വാനരസേനയെ രക്ഷിക്കട്ടെ. ശത്രുക്കളെ ഹനിക്കുന്നവരായ എല്ലാ വീരന്മാരും സൈന്യങ്ങളുടെ ചുഴലവും നില്ക്കട്ടെ. ഞാൻ ഹനുമാൻെറ പുറത്തു കയറി പോകാം. ലക്ഷ്മണൻ എൻെറ മുമ്പിൽ അംഗദൻെറ പുറത്തു കയറിയും പോകട്ടെ. ഹേ സുഗ്രീവാ! ഭ

വാൻ എന്റെ ഒരുമിച്ചുതന്നെ ഉണ്ടായിരിക്കണം'. ഇങ്ങിനെ വാനരന്മാരോടു കല്പിച്ചിട്ട് വിഭുവായ ശ്രീരാമൻ സേനാമദ്ധ്യവിവൎത്തിയായിക്കൊണ്ടു ദക്ഷിണദിക്കിലേക്കു പുറപ്പെട്ടു. ആ സമയത്തു വാനരന്മാർ ഭയങ്കരങ്ങളായ ഭു ഭു എന്ന ശബ്ദങ്ങൾ പുറപ്പെടുവിച്ചു. പണവം, ആനകം, ഗോമുഖം മുതലായവയെക്കൊണ്ടു വാദ്യങ്ങൾ മുഴക്കി. മത്തവാരണങ്ങളോടു തുല്യന്മാരും കാമരൂപികളുമായ എല്ലാ വാനരന്മാരും ഒന്നിച്ചു ചേൎന്നു യാത്ര പുറപ്പെട്ടു. അവർ രാപ്പകൽ ഇടവിടാതെ നടന്നിരുന്നു. ഒരിക്കലും കാൽനാഴികനേരംപോലും നില്ക്കുക ഉണ്ടായില്ല. ഇങ്ങിനെ ശ്രീരാമൻ ലങ്കയിലേക്കു് എഴുന്നള്ളുമ്പോൾ ശുഭസൂചകങ്ങളായ ശകുനങ്ങൾ കാണപ്പെട്ടു. അവർ സഹ്യപൎവ്വതവും മലയപൎവ്വതവും കടന്നു ക്രമപ്രകാരം തെക്കെ സമുദ്രത്തിങ്കൽ എത്തിച്ചേൎന്നു. സമുദ്രത്തിലെ മണൽതിട്ടിൽ ശ്രീരാമൻ സൈന്യങ്ങളുടെ താവളം ഉറപ്പിച്ചു. വാനരന്മാർ സമുദ്രം കടക്കുവാനുള്ള ഉപായത്തെപ്പററി മന്ത്രാലോചനയും ചെയ്തുതുടങ്ങി.

ഇതിനിടയിൽ രാവണൻ, ലങ്കാപട്ടണത്തിൽ ഹനൂമാനാൽ ചെയ്യപ്പെട്ട പരാക്രമങ്ങൾ കണ്ടിട്ടു പ്രഹസ്തൻ മുതലായവരോടു പറഞ്ഞു. "ഇനിമേലിൽ എങ്ങിനെയാണു വന്നുകൂടുക എന്നറിഞ്ഞില്ല. ഒരു വാനരൻ വന്നിട്ടുതന്നെ നമ്മുടെ എല്ലാം മുമ്പിൽവെച്ചു പട്ടണം കത്തിച്ചു, സീതയെ കണ്ടു, ഉദ്യാനം തകൎത്തു, രാക്ഷസന്മാരെ യുദ്ധത്തിൽ കൊന്നു, എന്റെ ഏററവും പ്രിയപ്പെട്ട ഏളയ മകനേയും യുദ്ധംചെയ്തു കൊന്നു." ഇങ്ങിനെ രാവണൻ പറഞ്ഞപ്പോൾ മന്ത്രിമാരെല്ലാവരുംകൂടി അദ്ദേഹത്തെ ധൈൎയ്യപ്പെടുത്തിക്കൊണ്ടു പറഞ്ഞു. "ഹേ രാജാവെ! അവൻ ഒരു വാനരനാണല്ലോ എന്നുവെച്ചു ഞങ്ങൾ ഉപേക്ഷിക്കുകയാണു ചെയ്തതു്. കല്പിച്ചു് ഉത്തരവു തരുന്നപക്ഷം ഞങ്ങൾ ലോകത്തിലെങ്ങും വാനരന്മാർതന്നെ ഇല്ലെന്നാക്കിക്കളയാം" ഈ അവസരത്തിൽ രാക്ഷസേശ്വരനായ രാവണനോടു കുംഭകൎണ്ണൻ പറഞ്ഞു. "ഇവിടുന്നു ചെന്നു സീതയെ അപഹരിച്ചുവല്ലോ. ഇതു നന്നായില്ല. ഇരിക്കട്ടെ. ഇവി

ട്ടന്ന് അറിയാതെകണ്ട് അനുചിതമായ പ്രവൃത്തി ചെയ്യുവെ ങ്കിലും ഞാൻ എല്ലാം ശരിപ്പെടുത്തിക്കളയാം. ഹേ പ്രഭോ! മനസ്സിന്നു സ്വസ്ഥതയോടുകൂടി ഇരുന്നുകൊൾക. മഹാരാജാ വേ! എനിക്ക് അനുവാദം തന്നാലും. ഞാൻ ക്ഷണനേരം കൊണ്ടു രാമനേയും ലക്ഷ്മണനേയും സുഗ്രീവനേയും വാനരന്മാ രേയും കൊന്നു വരുന്നുണ്ട്." ഇപ്രകാരമുള്ള കുംഭകർണ്ണന്റെ വാക്കു കേട്ടിട്ടു പരമഭാഗവതനും ശ്രീരാമഭക്തനുമായ വിഭീഷ ണൻ മദമത്തന്മാരായ കുംഭകർണ്ണാദികളേയും കാമാതുരനായ രാവണനേയും നോക്കി ഇപ്രകാരം പറഞ്ഞു. ഹേ രാജാവേ! ഈ പറഞ്ഞ കുംഭകർണ്ണനും ഇന്ദ്രജിത്തും മഹാപാർശ്വനും മ ഹോദരനും, നികുംഭനും കുംഭനും, അപ്രകാരംതന്നെ അതികാ യനും യുദ്ധത്തിൽ ശ്രീരാമന്റെ മുമ്പിൽ നില്ക്കുവാൻ ശക്തന്മാ രല്ല. അതുകൊണ്ടു സീതയെ സല്ക്കരിച്ചു വലുതായ ധനസഞ്ച യത്തോടുകൂടി ശ്രീരാമന്നു കൊണ്ടുപോയി കൊടുത്ത് ഇവിടു ന്നു കുശലിയായിരുന്നാലും. ഇല്ലാത്തപക്ഷം ഇവിടേക്കു ദേവ നാഥന്മാരുടേയും പരമശിവന്റെ തന്നേയും രക്ഷയുണ്ടായാൽകൂ ടിയും ഇവിടുത്തെ ശ്രീരാമൻ ഭേദിച്ചുകളയും." ഇപ്രകാരം വി ഭീഷണൻ പറഞ്ഞ ഹിതവും, ശുഭവും, സുഖഹേതുവുമായ വാ ക്കിനെ രാവണൻ സ്വീകരിച്ചില്ല. കാലനാൽ പ്രേരിതനായ അദ്ദേഹം വിഭീഷണനോടു പറഞ്ഞു. "നീ തീച്ചയായും ബന്ധു വിന്റെ നാട്യത്തിലുള്ള ശത്രുവാകുന്നു. നീ ഒഴികെ മററാരെ ങ്കിലുമാണ് ഇങ്ങിനെ പറഞ്ഞതെങ്കിൽ അപ്പോൾതന്നെ ഞാൻ അവനെ വധിക്കും. എടാ ദുർബ്ബുദ്ധേ! ഇവിടെനിന്ന് എഴുന്നീററു കടന്നുപോ. രാക്ഷസവംശത്തിൽവെച്ച് ഏററവും അധമനായ നിന്നെക്കുറിച്ച് എനിക്കു വളരേ നിന്ദതോന്നുന്നു" എന്നിങ്ങിനെ രാവണൻ പരുഷവാക്കു പറഞ്ഞപ്പോൾ വിഭീ ഷണൻ നാലു മന്ത്രിമാരോടുംകൂടി ശ്രീരാമന്റെ സമീപത്തേ ക്കു പോയി. ശ്രീരാമനാകട്ടെ വിഭീഷണന്റെ പരമാത്ഥം അ റിഞ്ഞ് അദ്ദേഹവുമായി ഒരു സഖ്യവുംചെയ്തു. സമുദ്രത്തിന്റെ മുകളിലൂടെ ഹനുമാനെക്കൊണ്ടു മണലുകൊണ്ട് ഒരു ലങ്ക ഉണ്ടാ

ക്കി അതിങ്കൽ മിത്രമായ വിഭീഷണനെ രാക്ഷസരാജാവെന്ന നിലയിൽ വാനരന്മാരെക്കൊണ്ട് അഭിഷേകം ചെയ്യിക്കയും ചെയ്തു. ആ അവസരത്തിൽ ശ്രീരാമൻ പുഞ്ചിരി തൂകിക്കൊണ്ടു വിഭീഷണനോടു പറഞ്ഞു. ഈ വിശേഷപ്പെട്ട ലങ്കാനഗരം ഇപ്പോഠം അങ്ങയുടെ പക്കൽ പണയമായി ഇരിക്കട്ടെ. ഞാൻ രാവണനെ നിഗ്രഹിച്ചു ക്രമപ്രകാരം ഇത് അങ്ങയ്ക്കു തരുന്നുണ്ട്. ഈ ലങ്ക ഹനുമാന്റെ പേരിൽ പ്രസിദ്ധിയെ പ്രാപിക്കും." ഹേ പാർവ്വതി! സമുദ്രത്തിന്റെ തീരത്തിൽ ഹനുമൽലങ്ക എന്ന സ്ഥലം ഇപ്പോഴും ഉണ്ട്. രാവണവധാനന്തരം രാമൻ വിഭീഷണങ്കൽനിന്ന് അതിനെ വീണ്ടെടുക്കും.

ഇതിന്നിടയിൽ ശുകൻ എന്നവൻ രാവണനാൽ അയക്കപ്പെട്ട ചാരനായിട്ടു രാമന്റെ താവളത്തിലെത്തി ആകാശത്തു നിന്നുംകൊണ്ടു സുഗ്രീവനോട് ഇങ്ങിനെ പറഞ്ഞു. "ഹേ സുഗ്രീവാ! മഹാരാജാവായ രാവണൻ അങ്ങയോട് ഇങ്ങിനെ പറയുന്നു. അങ്ങയ്ക്ക് ഈ സംഗതിയിൽ കാര്യദോഷമൊന്നും വരുവാനില്ല. ഞാൻ രാമന്റെ ഭാര്യയേ അപഹരിച്ചുവെങ്കിൽ അതുകൊണ്ട് അങ്ങയ്ക്ക് എന്താണു ദോഷം. ആകയാൽ വാനരന്മാരോടുകൂടി കിഷ്കിന്ധയിലേയ്ക്കുതന്നെ പൊയ്ക്കോഠക. എന്നോടു വൈരം ഭാവിയ്ക്കേണ്ട." ഇങ്ങിനെ പറയുന്ന ശുകനെ വാനരന്മാർ കടന്നുപിടിച്ച് ഇരിമ്പുചങ്ങലകളെക്കൊണ്ടു ബന്ധിച്ചുകളഞ്ഞു. ഈ സംഗതിയും രാമന്റെ സൈന്യസന്നാഹവും രാവണന്റെ മറെറാരു ചാരനായ ശാർദ്ദൂലൻ മനസ്സിലാക്കി രാവണനോടു ചെന്നു പറഞ്ഞു. അതു കേട്ടിട്ടു രാവണൻ ദീർഘമായ വിചാരത്തിൽ അകപ്പെടുകയും ചെയ്തു. ഈ സമയത്തു ശ്രീരാമൻ ഏകാന്തത്തിൽ വിഭീഷണൻ, സുഗ്രീവൻ, ഹനുമാൻ എന്നിവരോടുകൂടി മേലിൽ വേണ്ടുന്ന കാര്യത്തെപ്പററി ഒരു മന്ത്രാലോചന നടത്തുക ഉണ്ടായി. ആ സമയത്തു സമുദ്രം ഇരമ്പുന്നതുകൊണ്ട് എല്ലാവരുടേയും വാക്കു നല്ലപോലെ കേഠക്കുവാൻ കഴിയാഞ്ഞതുകൊണ്ട് ഇടിനാദം പോലെ ഇരമ്പുന്ന കടലിനെ ശ്രീരാമൻ എടുത്തെ കൈകൊ

ണ്ടു തർജ്ജനംചെയ്തു ഉണ്ടായി. ഇന്നും ആ സ്ഥലത്തു സമുദ്രം ശബ്ദം പുറപ്പെടുവിക്കാതെകണ്ടു സ്ഥിതിചെയ്യുന്നുണ്ട്. ഈ മന്ത്രാലോചനയ്ക്കുശേഷം ശ്രീരാമൻ സമുദ്രതീരത്തിൽ ദർഭപുല്ലുകൾ വിരിച്ചു പ്രായോപവേശനം ആരംഭിച്ചു. രണ്ടു ദിവസം കഴിഞ്ഞു മൂന്നാമത്തെ ദിവസം രാമൻ ദർഭശയനത്തിൽനിന്ന് എഴുന്നേററു ലക്ഷ്മണനോടു പറഞ്ഞു. നോക്കൂ ലക്ഷ്മണാ! ദുഷ്ടനായ സമുദ്രരാജൻ ആഗതനായ എനിക്കു ദർശനം തരുന്നില്ല. മനുഷ്യനായ ഇവൻ വാനരന്മാരേയുംകൊണ്ടു നമ്മോട് എന്തു ചെയ്യാനാണ് എന്നായിരിക്കാം വരുണൻെറ വിചാരം. അതു ഞാൻ കാട്ടിത്തരാം. ഹേ മഹാബാഹോ! ഇന്ന് ഈ സമുദ്രത്തെ ഞാൻ വററിക്കുന്നുണ്ട്. വാനരന്മാർ യാതൊരു ബുദ്ധിമുട്ടുംകൂടാതെ കാൽനടയായിത്തന്നെ പോയിക്കൊള്ളട്ടെ. ഇങ്ങിനെ പറഞ്ഞു ശ്രീരാമൻ വില്ലുവലിച്ച് ഉത്തമമായ ഒരു ശരം തൊടുത്തു. അപ്പോൾ ഭൂമി ആകപ്പാടെ കുലുങ്ങി. ദിക്കുകൾ എല്ലാം അന്ധകാരത്താൽ ആവൃതമായി. സമുദ്രം ഏളകി കരയിൽനിന്ന് ഒരു യോജന അകലത്തോളം മാറിപ്പോവുകയും ചെയ്തു. തിമിംഗലങ്ങൾ, നക്രങ്ങൾ, മത്സ്യങ്ങൾ മുതലായ ജലജന്തുക്കൾ ചുട്ടുപഴുത്തു വല്ലാതെ പരവശപ്പെട്ടു. ഇതിന്നിടയിൽ സാക്ഷാൽ സമുദ്രം ദിവ്യമായ രൂപം ധരിച്ചുവന്ന് അനർഘങ്ങളായ രത്നങ്ങളെ കാഴ്ചവെച്ചു ശ്രീരാമനെ നമസ്കരിക്കുകയും പാരവശ്യത്തോടുകൂടി പലപ്രകാരം സ്തുതിച്ച് "ഹേ രാമാ! എനിക്ക് അഭയം തന്നാലും! ലങ്കയിലേയ്ക്കു വഴി തന്നേയ്ക്കാം" എന്ന് ഉണർത്തിക്കുകയും ചെയ്തു. ആ വാക്കു കേട്ടു ശ്രീരാമൻ സമുദ്രത്തോടു പറഞ്ഞു. "എൻെറ ഈ ശരം ഒരിക്കലും വിഫലമാവുകയില്ല. ഇതിനെ ഞാൻ എവിടെയാണു വിടേണ്ടത്. ഹേ സമുദ്രരാജ! ഈ ബാണത്തിന്ന് ഒരു ലക്ഷ്യത്തെ വേഗത്തിൽ കാട്ടിത്തന്നാലും." സമുദ്രം പറഞ്ഞു. "ഹേ രാമ! വടക്കൻ ദിക്കിൽ ദ്രുമകല്പം എന്നു പേരായി ഒരു പ്രദേശം ഉണ്ട്. അവിടെ അനേകം പാപികൾ പാർക്കുന്നുണ്ട്. അവർ എന്നെ രാപ്പകൽ ഉപദ്രവിക്കുകയും ചെയ്യുന്നു. ആ പ്ര

ദേശത്ത് അങ്ങയുടെ ശരത്തെ പതിപ്പിച്ചാലും. ഇതുപ്രകാരം രാമൻ ആ പ്രദേശത്തെ ലക്ഷ്യമാക്കി ശരം പ്രയോഗിക്കുകയും അത് ആ ആഭീരമണ്ഡലത്തെ തിരെ നശിപ്പിച്ച വീണ്ടും രാമന്റെ ആവനാഴിയിൽ വന്നുചേരുകയും ചെയ്തു. അനന്തരം സമുദ്രരാജൻ വിനയത്തോടുകൂടി ശ്രീരാമനോട് പറഞ്ഞു. "ഹേ രാഘവ ! എന്നിൽ നളനെക്കൊണ്ട് ഒരു കൽചിറ കെട്ടിക്കുക. ഈ നളൻ വിശ്വകർമ്മാവിന്റെ പുത്രനാണ്. ഇവന്ന് ഒരു വരവും കിട്ടീട്ടുണ്ട്. ഗംഗാതീരത്തിങ്കൽ ഒരു ബ്രാഹ്മണന്റെ സാളഗ്രാമത്തെ നളൻ കളയുകയുണ്ടായി. അപ്പോൾ അദ്ദേഹം നിന്റെ കയ്യിൽനിന്നു കല്ലുകളും മറവും വെള്ളത്തിൽ വീണാൽ മുങ്ങാതെ പോട്ടെ എന്നു നളനെ ശപിക്കുക ഉണ്ടായിട്ടുണ്ട്. ആ ശാപത്തെയാണ് ഞാൻ ഇവിടെ വരം എന്നു പറഞ്ഞത്" ഇങ്ങിനെ പറഞ്ഞു രാമനെ നമസ്കരിച്ചിട്ട സമുദ്രരാജൻ അദൃശ്യതയെ പ്രാപിച്ചു.

അനന്തരം ശ്രീരാമൻ സമുദ്രത്തിൽ സേതു ബന്ധിപ്പാൻ നളനോട് ആജ്ഞാപിച്ചു. സേതുബന്ധത്തിന്റെ പ്രാരംഭചടങ്ങായിട്ട വിഘ്നേശ്വരനെ പ്രതിഷ്ഠിച്ച നവഗ്രഹങ്ങളെ പൂജിക്കുവാനായി നളന്റെ കൈകൊണ്ട് ഒമ്പതുകയ്യുകളേയും ആദ്യം സമുദ്രത്തിൽ പ്രതിഷ്ഠിച്ചു. അനന്തരം രാഘവൻ സമുദ്രസംയോഗസ്ഥാനത്തു തന്റെ പേരിൽ ഉത്തമമായ ഒരു ലിംഗത്തെ കൂടി പ്രതിഷ്ഠിക്കേണമെന്നു മനസ്സുകൊണ്ട് ഉറച്ചു ഹനുമാനോട "ഹേ മാരുതേ! നീ കാശിയിൽപോയിട്ട രണ്ടു ശിവലിംഗങ്ങൾ കൊണ്ടുവരണം. ഒരു മുഹൂർത്തസമയത്തിനുള്ളിൽ അവ ഇവിടെ കിട്ടിക്കണം. ഇല്ലെങ്കിൽ പ്രതിഷ്ഠാമുഹൂർത്തം തെററിപ്പോകും" എന്നിങ്ങിനെ കല്പിച്ചു. ഹനുമാൻ കല്പനപോലെ എന്നുണർത്തിച്ച ക്ഷണനേരംകൊണ്ട് ആകാശമാർഗ്ഗത്തൂടേ പോയി എന്റെ (ശിവന്റെ) നിവാസസ്ഥാനമായ ശ്രീകാശിയിൽ എത്തി. അവിടെവന്ന് എന്നെ നമസ്കരിച്ചിട്ട ഹനുമാൻ ശ്രീരാമകാര്യത്തെ പറഞ്ഞു. അതു കേട്ടിട്ട ഹേ പാർവ്വതി! ഞാൻ ശ്രീരാമനുവേണ്ടി ഉയന്നതരത്തിലുള്ള രണ്ടു ലിംഗങ്ങൾ അവ

ന്റെ കയ്യിൽ കൊടുത്തു. എന്നിട്ട് ആ വാനരനോടു പറഞ്ഞു. ദക്ഷിണഖണ്ഡത്തിൽ അഗസ്ത്യൻ ഉള്ളതുകൊണ്ടു മുമ്പുതന്നെ ഞാൻ അദ്ദേഹത്തിന്റെ നിശ്ചയപ്രകാരം അങ്ങോട്ടുവരുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ വിശേഷിച്ചും രാമന്റെ കല്പനയും ആയല്ലോ. ഇനി ഞാൻ അങ്ങോട്ടു വരുന്നുണ്ടാം." ഇപ്രകാരം ഞാൻ പറഞ്ഞതുകെട്ടിട്ടു ഹനുമാൻ "എപ്പോഴാണ് ഇവിടുന്ന് അങ്ങോട്ട് എഴുന്നള്ളണമെന്ന് അഗസ്ത്യമഹർഷി നിശ്ചയിച്ചത്? അടിയനിൽ കനിവുണ്ടായിട്ട് ആ കഥ അരുളിച്ചെയ്യണം" എന്നിങ്ങിനെ പറഞ്ഞു. ഹനുമാന്റെ വാക്കു കേട്ടിട്ടു ഞാൻ അവനോടു പറയുവാൻതുടങ്ങി. ഹേ മാരുതേ! ആ പൂർവ്വകഥയെ ഞാൻ നിണക്കു പറഞ്ഞുതരാം, കേട്ടാലും:

"ഒരിക്കൽ ശ്രീനാരദൻ നർമ്മദാജലത്തിൽ സ്നാനംചെയ്തു സർവ്വദേഹികൾക്കും അഭീഷ്ടദനായി ഓങ്കാരസ്വരൂപനായിരിക്കുന്ന പരമാത്മാവിനെ പൂജിച്ചുപോവുകയായിരുന്നു. പോകുംവഴിക്ക് അദ്ദേഹം തന്റെ മുമ്പിൽ വിന്ധ്യപർവ്വതത്തെ ദർശിച്ചു. ആ പർവ്വതം സംസാരതാപത്തെക്കളയുന്ന രേവാനദിയിലെ ജലത്താൽ അലങ്കരിക്കപ്പെട്ടും സ്ഥാവരവും ജംഗമവും ആയ രണ്ടു രൂപങ്ങളെക്കൊണ്ടു ഭൂമിയുടെ വസുമതിഎന്ന സംജ്ഞയെ അന്വൎത്ഥമാക്കിച്ചെയ്തും ഇരുന്നിരുന്നു. ഇങ്ങിനെ ഇരിക്കുന്ന വിന്ധ്യൻ നാരദനെക്കണ്ടിട്ടു വഴിപോലെ എതിരേററു ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്ന് ആദരവോടുകൂടി പൂജിച്ചു. നാരദൻ അല്പം വിശ്രമിച്ചു തളൎച്ച തീൎന്നപ്പോൾ വിന്ധ്യൻ വണങ്ങിക്കൊണ്ടു പറഞ്ഞു. നിന്തിരുവടിയുടെ പാദരേണുക്കളെക്കൊണ്ട് അടിയന്റെ പാപസമൂഹമെല്ലാം പരിഹരിക്കപ്പെട്ടു. നിന്തിരുവടിയുടെ ദേഹകാന്തികൊണ്ട് അടിയന്റെ അന്തർഭാഗത്തിലുള്ള തമസ്സും പരിഹൃതമായി. എനിക്കിന്നു സർവ്വപാപഹരമായ ഒരു സുദിനമാകുന്നു. പൂർവ്വജന്മങ്ങളിൽ ചിരകാലം സമ്പാദിച്ചിട്ടുള്ള സുകൃതങ്ങളെല്ലാം ഇന്നു ഫലിച്ചു. എന്റെ ധരാധരത്വം ഇന്നു ഗിരികളുടെ ഇടയിൽ മാന്യമായി ഭവിക്കും. ഇങ്ങിനെ വിന്ധ്യൻപറഞ്ഞതു കേട്ടിട്ടു നാരദൻ കുറച്ചുനേരം

വീൎപ്പുവിട്ടുംകൊണ്ടിരുന്നു. അതുകണ്ടു പരിഭ്രമിച്ചു പൎവ്വതം വീണ്ടും പറഞ്ഞു. ഹേ ബ്രഹ്മൻ ഇവിടുന്നു നെടുവീൎപ്പിട്ടതിന്റെ കാരണം എന്താണ്. ഹേ സൎവ്വകാൎയ്യങ്ങളിലും സമൎത്ഥനായ മഹൎഷേ! ഇവിടേയ്ക്കു മനോദുഃഖം എന്തുതന്നെയായിരുന്നാലും ഞാൻ തീൎത്തുതരുന്നുണ്ട്. ഭൂമിയെ ധരിച്ചുംകൊണ്ടു നില്ക്കുന്നതിന്നുള്ളസാമൎത്ഥ്യം മേരുമുതലായ പൎവ്വതങ്ങൾക്കുണ്ടെന്നു പൂൎവ്വപുരുഷന്മാർ വൎണ്ണിക്കുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഞാൻ ഏകനാണു ഭൂമിയെ ധരിക്കുന്നതു്. ഹിമവാൻ ഗൌരീദേവിയുടെ പിതാവും പൎവ്വതങ്ങളുടെ രാജാവും പരമശിവന്റെ സംബന്ധിയും ആയതുകൊണ്ട് അദ്ദേഹം സത്തുക്കൾക്കു മാന്യൻതന്നെ. എന്നാൽ മേരു സ്വൎണ്ണം നിറഞ്ഞും രത്നമയങ്ങളായ സാനുക്കളോടുകൂടിയും ദേവന്മാരുടെ വാസഭൂമിയായും ഇരിക്കുന്നുണ്ടെങ്കിലും എനിക്ക് അതുകൊണ്ടൊന്നും മാന്യത തോന്നുന്നില്ല. അനേകശതം പൎവ്വതങ്ങൾ ഈ ലോകത്തിൽ ഭൂമിക്കു ഭാരത്തിനായി വൎത്തിക്കുന്നുണ്ട്. അവരെല്ലാം സജ്ജനങ്ങൾക്കു മാന്യന്മാരുമാണ്. എന്നാൽ അവൎക്കുള്ള മാന്യത അവരുടെ സ്വന്തം ഭൂമികളിൽ മാത്രമാണ്. ഉദയപൎവ്വതം മാന്യരല്ലേ? അവന്റെ ദയയേമാത്രം ആശ്രയിച്ചാണല്ലോ മന്ദേഹന്മാരുടെ ദേഹസമൂഹങ്ങൾ നില്ക്കുന്നത്? നിഷധപൎവ്വതവും മാന്യനല്ല. അവൻ ഓഷധികളെ ധരിക്കുന്നില്ല. അസ്തപൎവ്വതത്തിന്നും മാന്യതപോരാ; അവൻ നിഷ്പ്രഭനാകുന്നു. നീലപൎവ്വതം നീലംനിറഞ്ഞതാണ്. മന്ദരം നേത്രശക്തി പോരാത്തവനുമാണ്. മലയപൎവ്വതം സൎപ്പങ്ങൾക്കിരിപ്പിടമാകുന്നു. രൈവതകത്തിന്ന് ഔന്നത്യം പോരാ! ഹേമകൂടം, ത്രികൂടം മുതലായ പൎവ്വതങ്ങൾ കൂടം എന്നവസാനിക്കുന്നതാകയാൽ ശ്രേഷ്ഠങ്ങൾ അല്ലാ. കിഷ്കിന്ധപൎവ്വതം, ക്രൌഞ്ചപൎവ്വതം, സഹ്യപൎവ്വതം മുതലായവൎക്കു ഭൂമിയുടെ ഭാരംതാങ്ങുവാൻ ശക്തിയില്ല. ഇപ്രകാരം വിന്ധ്യന്റെ വാക്കു കേട്ടിട്ടു നാരദൻ മനസ്സിങ്കൽ വിചാരിച്ചു. ഇത്ര വളരെ ഗൎവ്വുണ്ടാകുന്നതു് ആൎക്കും മഹത്വത്തിന്നു ഹേതുവാകയില്ല. ഈ ലോകത്തിൽ പരമതേജസ്വികളായിട്ടു ശ്രീശൈലം മുതലായ

പൎവ്വതങ്ങൾ സ്ഥിതിചെയ്യുന്നില്ലേ? അവയുടെ കൊടുമുടികൾ മുതലായവയെ ദൎശിപ്പാൻതന്നെ സജ്ജനങ്ങൾക്കു മുക്തി വരുമല്ലോ, ഇവന്നുള്ള ബലത്തെ ഞാനൊന്നു പരിക്ഷിച്ചുനോക്കണം. എന്നിങ്ങിനെ വിചാരിച്ചു നാരദൻ വിന്ധ്യനോടു പറഞ്ഞു. അങ്ങുന്നു പൎവ്വതങ്ങളുടെ ബലത്തെ വിവരിച്ചുപറഞ്ഞതു പരമാൎത്ഥമാണ്. ഹേ ശൈലേന്ദ്ര! പൎവ്വതങ്ങളിൽവെച്ചു മേരു അങ്ങയെ അപമാനിക്കുന്നുണ്ട്. അങ്ങയെ കണ്ടപ്പോൾ മേരുവിൻെറ നിന്ദ ഓൎത്തിട്ടാണു ഞാൻ വീൎപ്പിട്ടത്. സംഗതി ഞാൻ അങ്ങയോടു പറഞ്ഞുവന്നേയുള്ളൂ. അല്ലെങ്കിൽ എന്നെപ്പോലെയുള്ളവൎക്കു മഹാത്മാക്കളുടെ ഈ ചിന്ത എന്തിനാണ്. അങ്ങേക്കു നല്ലതു വരട്ടെ. ഇങ്ങിനെപറഞ്ഞു നാരദൻ ആകാശമാൎഗ്ഗത്തൂടെ പോയി.

മഹൎഷി പോയതിന്നുശേഷം വിന്ധ്യൻ മനസ്സിന്ന് അതിയായ വ്യാകുലതയോടുകൂടി തന്നെത്താൻ നിന്ദിച്ചു. മേരുവിന്നു തന്നെക്കാൾ ശ്രേഷ്ഠതയുണ്ടായത് എങ്ങിനെയാണെന്നു വിചാരിക്കുകയും ചെയ്തു. മേരുവിനെ ഗ്രഹനക്ഷത്രങ്ങളോടുകൂടിയ ഈ സൂൎയ്യൻ പ്രതിദിനം പ്രദക്ഷിണം ചെയ്യും. അതുകൊണ്ടായിരിക്കണം മേരു വലിയ ബലവാനാണെന്നു ഭാവിക്കുന്നത് എന്നു വിചാരിച്ചു വിന്ധ്യാദ്രി വലുതാകുവാൻ തുടങ്ങി. വലുതായി വലുതായി സൂൎയ്യൻെറ മാൎഗ്ഗത്തെ നിരോധിച്ചിട്ടു വിന്ധ്യൻ ആകാശദേശത്തിൽ സ്ഥിതിചെയ്തു. പിറെറ ദിവസം രാവിലെ സൂൎയ്യൻ തെക്കേ ദിക്കിലേക്കു പോകുവാൻ ഭാവിച്ചപ്പോൾ തനിക്കു പോകേണ്ടതായ മാൎഗ്ഗം തടയപ്പെട്ടതായി കണ്ടിട്ടു വളരെനേരം സ്വാസ്ഥനായി ഭവിച്ചു. യാതൊരുവൻ മനുഷ്യരുടെ ഒരു യമച്ചുമിഴിയുടെ പകുതിനേരംകൊണ്ടു രണ്ടായിരത്തി ഇരുനൂററിരണ്ടു യോജന ദൂരം പോകുമോ ആ സൂൎയ്യൻ വളരെനേരം യാത്ര മുടങ്ങി സ്ഥിതിചെയ്തു. കുറേ കഴിഞ്ഞപ്പോൾ കിഴക്കും വടക്കും പാൎക്കുന്ന ജനങ്ങൾ സൂൎയ്യൻെറ പ്രചണ്ഡകരങ്ങളോററ ചുട്ടുപഴുത്തു പരവശരായി ഭവിച്ചു. പടിഞ്ഞാറും തെക്കും ദിക്കുകളിൽ പാൎക്കുന്നവർ ഉറക്കത്തിൽപെട്ടു കണ്ണട

ഞ്ഞവരായും ഭവിച്ചു. അവർ യാതൊരു ചേഷ്ടയുമില്ലാത്ത വരായിത്തന്നെ കാണപ്പെട്ടു. ആകാശം അവിടെ എപ്പോഴും ഗ്രഹങ്ങളോടും നക്ഷത്രങ്ങളോടും കൂടിയതായിത്തന്നെ ഇരുന്നു. ഇങ്ങിനെ ഭൂലോകത്തിൽ സ്വാഹാ, സ്വധാവഷട്കാരം എന്നിവ ഇല്ലാതെ തീൎന്നപ്പോൾ പഞ്ചയജ്ഞങ്ങളുടേയും മററുള്ള ക്രിയകളുടേയും ലോപംകൊണ്ടു മൂന്നു ലോകങ്ങളും വിറച്ചുപോയി. ഇത്രയുമായപ്പോൾ ദേവന്മാരെല്ലാവരുംകൂടി ബ്രഹ്മാവിന്റെ അഭിപ്രായപ്രകാരം ഇവിടെ വന്നിട്ടു വിന്ധ്യഗിരിയുടെ ഗുരുവായ അഗസ്ത്യമഹൎഷിയോട് ഈ ആപത്തിന്ന് ഒരു നിവാരണം വരുത്തിത്തരേണമെന്ന് അപേക്ഷിച്ചു. ആ മഹൎഷി അപ്പോൾ വളരെ വിഹ്വലനായി ഭവിച്ചു. അപ്പോൾ ഞാൻ, ഹേ അഗസ്ത്യാ നീ ദക്ഷിണദിക്കിലേക്കു പോയാലും. അവിടെച്ചെന്നു വിന്ധ്യപൎവ്വതത്തെ ബന്ധിച്ചിട്ട് എന്റെ അടുക്കൽതന്നെ വന്നുകൊൾക. നീ ഖേദിക്കേണ്ട. ഞാനും വളരെ താമസിക്കാതെ നിന്റെ ഖേദം കളവാനായിട്ടും സേതുവിങ്കൽ ശ്രീരാമനെ പൂജിക്കുവാനായിട്ടും ദക്ഷിണദേശത്തിലേക്കു വരുന്നുണ്ട് എന്ന് അഗസ്ത്യനോടു പറഞ്ഞു. ഇങ്ങിനെ എന്റെ വാക്കു കേട്ടിട്ട് അഗസ്ത്യൻ സന്തുഷ്ടനാകയും കാശിയെ ഉപേക്ഷിച്ചു ലോപാമുദ്രയോടുംകൂടി വിന്ധ്യൻപൎവ്വതത്തിങ്കലേക്കു പോകയും ചെയ്തു. അഗസ്ത്യൻ പത്നിയോടുകൂടി വന്നതു കണ്ടപ്പോൾ വിന്ധ്യൻ വല്ലാതെ ഭയപ്പെട്ടു വിറക്കുകയും ഭൂമിയുടെ ഉള്ളിലേക്കു കടപ്പാൻ ഭാവിക്കയോ എന്നു തോന്നുമാറ് അത്ര വളരെ മുണ്ടനായി ഭവിക്കുകയും ചെയ്തു. എന്നിട്ടു ഹേ ഗുരോ! അടിയനിൽ പ്രസാദിച്ച് അടിയൻ എന്തുചെയ്യേണമെന്നു കല്പിച്ചാലും. അടിയൻ ഇവിടുത്തെ കിങ്കരനാണ്. എന്നിങ്ങിനെ പറഞ്ഞു. അഗസ്ത്യൻ വിന്ധ്യന്റെ ആ വാക്കു കേട്ടിട്ട് ആദരവോടുകൂടി പറഞ്ഞു. ഹേ വിന്ധ്യാ നീ നല്ലവനാകുന്നു, ബുദ്ധിമാനും ആകുന്നു. നീ എന്നെ പരമാത്മമായി അറികയും ചെയ്യുന്നുണ്ട്. ഞാൻ എനി ഇങ്ങോട്ടു വരുന്നതുവരെ നീ ഇ

നുപോലെതന്നെ മുണ്ടനായി സ്ഥിതിചെയ്യാലും എന്നിങ്ങിനെ പറഞ്ഞിട്ട് അഗസ്ത്യൻ ദക്ഷിണദിക്കിലേയ്ക്കു പോയി. ആവു ഞാൻ വീണ്ടും ജനിച്ചതുപോലെയായി എന്നിങ്ങിനെ പർവ്വതം വിറച്ചുംകൊണ്ടു പറഞ്ഞു. അതിന്നുശേഷം പന്ത്രണ്ടുകൊല്ലം കൂടുമ്പോഴം ഒരിക്കൽ മുനി വരുന്നുണ്ടൊ എന്നിങ്ങിനെ വിന്ധ്യൻ തല പൊക്കിക്കൊണ്ടു തെക്കോട്ടു നോക്കും. മഹർഷി വരുന്നില്ലെന്നുകണ്ടിട്ടു വീണ്ടും തല താഴ്ത്തി മുണ്ടനായി ഭവിക്കുകയും ചെയ്യും. ഇന്നോ നാളെയോ മററന്നാളോ മഹർഷി വരുമെന്നുള്ള വിചാരങ്ങളാകുന്ന വലിയ ഭാരങ്ങളാൽ ആക്രാന്തനായിട്ടെന്നപോലെ വിന്ധ്യൻ ഏററവും താണനിലയിൽ സ്ഥിതിചെയ്യുന്നു. ഇന്നും മഹർഷി വരുന്നില്ല. പർവ്വതം ഒട്ടു പൊങ്ങുന്നതുമില്ല.

പർവ്വതം താണതു കണ്ടപ്പോഴം കാലജ്ഞനായ അരുണൻ അശ്വങ്ങളെ തെളിച്ചു. ലോകം പിന്നേയും മുമ്പത്തെപ്പോലെ സൂര്യന്റെ സഞ്ചാരങ്ങളെക്കൊണ്ടു സ്വാസ്ഥ്യത്തെ പ്രാപിച്ചു. അഗസ്ത്യമഹർഷിയാകട്ടെ ആ വഴിയെ ദണ്ഡകാരണ്യത്തിൽ ചെന്നിട്ട് എന്റെ വചനത്തെ സ്മരിച്ചുംകൊണ്ട് എന്നേ കാത്തിരിക്കുന്നുണ്ട്. അതിനാലാണു ഹേ ഹനുമാനെ ഞാൻ അങ്ങോട്ടു വരുന്നത്, എന്നിങ്ങിനെ പറഞ്ഞു ഞാൻ ഹനുമാനെ കാശിയിൽനിന്ന് അയയ്ക്കുകയും അവൻ ഞാൻ കൊടുത്ത രണ്ടു ലിംഗങ്ങളെയുംകൊണ്ട് അല്പം ഗർവ്വത്തോടുകൂടി ആകാശമാർഗ്ഗത്തൂടെ ശ്രീരാമന്റെ സമീപത്തേയ്ക്കു പോകുകയും ചെയ്തു. ഹനുമാനുണ്ടായ ഗർവ്വത്തെ ശ്രീരാമൻ മനസ്സിലാക്കിയിട്ടു സുഗ്രീവാദികളോടു പറഞ്ഞു. എനിക്കു പ്രതിഷ്ഠാമുഹൂർത്തം അതിക്രമിക്കാറായിരിക്കുന്നു. അതുകൊണ്ടു ഞാൻ മണലുകൊണ്ടൊരു ലിംഗമുണ്ടാക്കിയിട്ടു സേതുവിന്റെ മുഖപ്രദേശത്തു പ്രതിഷ്ഠിക്കുന്നുണ്ട്. ഇപ്രകാരം വാനരന്മാരോടു പറഞ്ഞു മഹർഷിമാരാൽ പരിവൃതനായിട്ടു ശ്രീരാമൻ സേതുവിങ്കൽ മണലുകൊണ്ടുള്ള ഒരു ലിംഗത്തെ ശാസ്ത്രവിധിപ്രകാരം പ്രതിഷ്ഠിക്കുകയും ചെയ്തു. ആ സമയത്തു ശ്രീരാമൻ കൌസ്തുഭരത്നത്തെ

മനസ്സിൽ സ്മരിക്കുകയും ഭഗവാന്റെ ഇംഗിതം അറിഞ്ഞു കോടിസൂൎയ്യപ്രകാശം കലൎന്നതായ കൌസ്തുഭരത്നം ആകാശത്തുനിന്ന് അവിടെ വന്നുചേരുകയും ചെയ്തു. ഭഗവാൻ ആ മണിയെ കണ്ഠത്തിൽ ബന്ധിക്കുകയും സൎവ്വാഭീഷ്ടദാനം ചെയ്യുന്ന ആ മണിയിൽനിന്നുണ്ടായ ധനങ്ങളും, വസ്ത്രങ്ങളും, കുതിരകളും, ആഭരണങ്ങളും, പശുക്കളും, ദിവ്യങ്ങളായ അന്നങ്ങളും, പായസങ്ങളും എന്നിവയെക്കൊണ്ടു പ്രതിഷ്ഠാത്സവം വന്നുചേൎന്നിരുന്ന മഹൎഷിമാരെ പൂജിക്കുകയും ചെയ്തു. ശ്രീരാമനാൽ ഏററവും പൂജിക്കപ്പെട്ടവരായ മഹൎഷിമാർ സന്തുഷ്ടന്മാരായിട്ട് അവരവരുടെ ആശ്രമങ്ങളിലേയ്ക്കു പോയി. പോകുംവഴിക്ക് അവർ ശ്രീകാശിയിൽനിന്നു വരുന്ന ഹനുമാനെ കാണുക ഉണ്ടായി. അവരോടു ഹനുമാൻ നിങ്ങളെ ആരാണു പൂജിച്ചതെന്നു ചോദിക്കുകയും അവർ ലിംഗത്തെ ആരാധിച്ചിട്ടു ശ്രീരാമനാൽതന്നെയാണു പൂജിക്കപ്പെട്ടതെന്നു പറയുകയും ചെയ്തു. ആ വാക്കു കേട്ടപ്പോൾ ഹനുമാൻ ക്രോധത്തോടുകൂടി ശ്രീരാമൻ തന്നെക്കൊണ്ട് ഇത്രയൊക്കെ പണി എടുപ്പിച്ചത് വെറുതെയാണെന്നും രാമനാൽ താൻ വഞ്ചിക്കപ്പെട്ടു എന്നും മനസ്സിൽ വിചാരിക്കുകയും പറയുകയും ചെയ്തു. ക്രോധം ഹേതുവായിട്ടു ഹനുമാൻ രാമന്റെ മുമ്പിൽ രണ്ടു കാലുകളെക്കൊണ്ടും ഉറക്കെ നിലത്തു ചവിട്ടിക്കൊണ്ടു ചെന്നു ചാടി. അപ്പോൾ ആ കാലുകൾ രണ്ടും ഭൂമിയിൽ താണുപോയി. അപ്പോൾ ഹനുമാൻ ശ്രീരാമനോട് ഉണൎത്തിച്ചു. "എന്റെ സ്മരണ ഇല്ലാതെയായോ? ഞാൻ ലങ്കയിൽ ചെന്നിട്ടു സീതാശുദ്ധി എന്ന അടയാളമോതിരത്തെ കൊണ്ടുവന്നവനാണല്ലോ. അങ്ങിനെയുള്ള എന്നെ കാശിയിലേയ്ക്കു അയച്ചു തിരുവടി അപഹസിക്കുകയാണു ചെയ്തത്. ഇവിടത്തെ അന്തൎഗ്ഗതം ഇങ്ങിനെയായിരുന്നു എങ്കിൽ എന്നെ ശ്രമിപ്പിക്കേണ്ടതില്ലായിരുന്നു. ഇങ്ങിനെയാണ് വിചാരമെന്നു മുമ്പുതന്നെ അറിഞ്ഞിരുന്നുവെങ്കിൽ കാശിയിൽ പോയിട്ടു ഞാൻ ഈ ലിംഗങ്ങൾ കൊണ്ടുവരിക ഇല്ലായിരുന്നു. തിരുവടിക്കുവേണ്ടി ഒരു ലിം

ഗം കൊണ്ടുവന്നിട്ടുള്ളതിന്നു പുറമേ എന്റെ ആവശ്യത്തിന്ന് ഒരു ലിംഗവും കൊണ്ടുവന്നിട്ടുണ്ട്. നിന്തിരുവടിയുടെ മുമ്പിൽ എന്താണു ഞാൻ ചെയ്യേണ്ടത്. ഇപ്രകാരം അല്പം ഗർവ്വത്തോടുകൂടിയും ക്രോധത്തോടുകൂടിയും ഹനുമാൻ പറഞ്ഞ വാക്കു കേട്ടിട്ടു ശ്രീരാമൻ 'ഹേ വാനര! നീ പറഞ്ഞതു വാസ്തവമാണ്. ഞാൻ പ്രതിഷ്ഠിച്ചതായ ലിംഗത്തെ നീ പറിച്ചുകളഞ്ഞേയ്ക്കുക. നീ കാശിയിൽനിന്നു കൊണ്ടുവന്ന വിശ്വനാഥലിംഗത്തെത്തന്നെ ഞാൻ പ്രതിഷ്ഠിച്ചേയ്ക്കാം' എന്നു പറഞ്ഞു! അപ്രകാരമാവട്ടെ എന്നറിയിച്ചു ഹനുമാൻ മണൽകൊണ്ടുണ്ടാക്കിയ ആ വിഗ്രഹത്തിന്റെ മസ്തകത്തിൽ തന്റെ വാൽ വരിഞ്ഞുകെട്ടി ശക്തിയോടുകൂടി ലിംഗത്തെ പുഴക്കുവാൻ ശ്രമിച്ചു. വീണ്ടുംവീണ്ടും പുഴക്കിയപ്പോൾ ഹനുമാന്റെ വാൽ മുറിയുകയും മോഹാലസ്യത്തോടുകൂടി ഹനുമാൻ ഭൂമിയിൽ വീഴുകയും ചെയ്തു. അപ്പോൾ വാനരന്മാരെല്ലാവരും ചിരിച്ചു. ഈശ്വരന്റെ ലിംഗമാകട്ടെ പ്രതിഷ്ഠിച്ച പാട്ടിൽനിന്ന് എളകിയില്ല. അല്പനേരത്തിനുള്ളിൽ ഹനുമാൻ സ്വസ്ഥനായി ഭവിച്ചു. അപ്പോഴേയ്ക്ക് അവന്റെ ഉള്ളിൽ ഉണ്ടായിരുന്ന ഗർവ്വവും നീങ്ങി. എന്നിട്ടു ഭക്തിയോടുകൂടി ശ്രീരാമനെ നമസ്കരിച്ചു ഹനുമാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. "ഹേ രാമ! അടിയൻ ഇവിടേയ്ക്കു തെററു ചെയ്തുപോയി. ഹേ കൃപാനിധേ! അതിനെ ഇവിടുന്നു ക്ഷമിക്കണം." ഇങ്ങിനെ ഹനുമാൻ പറഞ്ഞപ്പോൾ ശ്രീരാമൻ മറുപടിപറഞ്ഞു. "വേണ്ടില്ല. നീ കൊണ്ടുവന്ന ലിംഗത്തെ ഞാൻ പ്രതിഷ്ഠിച്ച ലിംഗത്തിന്റെ വടക്കുഭാഗത്തു പ്രതിഷ്ഠിച്ചാലും." ഇതു കേട്ടു ഹനുമാൻ അപ്രകാരംതന്നെ ലിംഗപ്രതിഷ്ഠയെ ചെയ്തു. ഹനുമാൻ പ്രതിഷ്ഠിച്ച ലിംഗത്തിനു വിശ്വനാഥൻ എന്നാണു പേര്. ആ ലിംഗത്തിന്നുവേണ്ടി ശ്രീരാമൻ ഒരു വരത്തെ ദാനംചെയ്തു. ഹേ മാരുതേ! നീ പ്രതിഷ്ഠിച്ച വിശ്വനാഥനെ ആദ്യം പൂജിക്കാതെകണ്ട് ആരാണോ ഞാൻ പ്രതിഷ്ഠിച്ച രാമേശ്വരൻ എന്ന ദേവനെ പൂജിക്കുന്നത് അവരുടെ പൂജ വ്യൎത്ഥമായിട്ടായി ഭവിക്കും. എന്നു പറഞ്ഞിട്ടു രാജീവ

ലോചനനായ രാമൻ വീണ്ടും ഹനുമാനോടു പറഞ്ഞു. എനി ക്കുവേണ്ടി വിശ്വനാഥന്റെ ഒരു വലിയ ലിംഗത്തെ നീ കൊ ണ്ടുവന്നിട്ടുണ്ടല്ലോ. അതു വളരെകാലത്തേയ്ക്കു ഈ ദേവാല യത്തിങ്കൽ വെറുതെ ഇരിക്കട്ടെ. ആരും പൂജിക്കാതേയും ഭൂമി യിൽ പ്രതിഷ്ഠിക്കാതേയും ഇരിക്കുന്ന ആ ലിംഗത്തെ കാലാന്ത രത്തിങ്കൽ ഞാൻതന്നെ പ്രതിഷ്ഠിച്ചുകൊള്ളാം. ആ ലിംഗം ഇ ന്നും വിശ്വനാഥന്റെ സമീപത്ത് ഇരിക്കുന്നുണ്ട്. അതു ഭൂമി യിൽ പ്രതിഷ്ഠിച്ചിട്ടില്ല. ആരും അതിനെ പൂജിക്കുന്നതുമില്ല. പിന്നെ ശ്രീരാമൻ 'നീ ഈ സേതുവിങ്കൽ വാൽ മുറിഞ്ഞവനാ യും കാലുകൾ നിലത്തു പൂന്നിയവനായും നിന്റെ ഗർവ്വത്തെ സ്മരിച്ചുംകൊണ്ടു സ്ഥിതിചെയ്യാലും' എന്നിങ്ങിനെ പ ഞ്ഞു. അതുപ്രകാരം ഹനുമാൻ അംഗംകൊണ്ടു തന്റെ പ്രതിമ യെ അവിടെ പ്രതിഷ്ഠിച്ചു. ഹനുമാന്റെ ആ പ്രതിമ വാൽ മുറിഞ്ഞും കാലുകൾ പൂണിയുമുള്ള നിലയിൽ ഇന്നും അവിടെ ഇരിക്കുന്നുണ്ട്. ഹനുമാൻ മൂർച്ഛിച്ചു ഭൂമിയിൽ വീണതായ സ്ഥ ലത്തു ഹനുമാന്റെ പേരോടുകൂടിയതും, സർവ്വപാപഹരവുമായ ഒരു തീൎത്ഥം ഉണ്ടായി. ഇതിന്നു പുറമേ ശ്രീരാമൻ തന്റെപേ രോടുകൂടിയ ഒരു തീൎത്ഥത്തെയും അവിടെ ഉണ്ടാക്കി. കൂടാതെ ശ്രീരാമൻ തന്റെ അംശംകൊണ്ടു തന്റെ മൂൎത്തിയേയും അവി ടെ പ്രതിഷ്ഠിച്ചു. സേതുമാധവൻ എന്നു പേരായ ആ വിഗ്ര ഹം രാമേശ്വരത്തു ഇന്നും ഉണ്ട്. ഒടുവിൽ ലക്ഷ്മണനും തന്റെ പേരിൽ ഒരു തീൎത്ഥം ഉണ്ടാക്കി. ഇതാണു ലക്ഷ്മണതീൎത്ഥം എ ന്നു പറയപ്പെടുന്നത്. അനന്തരം ശ്രീരാമൻ പ്രസന്നനായിട്ടു തൃക്കൈകൊണ്ടു ഹനുമാന്റെ വാൽ തലോടുകയും അതുനിമി ത്തം വാൽ മുമ്പത്തേപ്പോലെ മനോഹരമായി ഭവിക്കുകയും ചെയ്തു. ഹനുമാന്റെ വാലുകൊണ്ടു കെട്ടുകനിമിത്തം രാമേ ശ്വരമൂൎത്തിയുടെ ശിരസ്സ് കൃശമായി ഭവിച്ചു. ഇന്നും അതുപ്ര കാരം കൃശമായിതന്നെയാണ് ഇരിക്കുന്നത്. ഈ സംഭവത്തി ന്നുശേഷം ഹനുമാൻ ഗർവ്വം നീങ്ങി ശ്രീരാമങ്കൽ അധികം ഭക്ത നായി ഭവിച്ചു. അനന്തരം ഞാൻ (ശിവൻ) ശ്രീരാമൻ പ്രതി

ഷ്ഠിക്കപ്പെട്ട മണലുകൊണ്ടുള്ള വിഗ്രഹത്തിൽനിന്നു പ്രത്യക്ഷീഭവിച്ച ശ്രീരാമനോടു പറഞ്ഞു. ഹേ പാൎവ്വതി! അതു ഞാൻ നിണക്കു പറഞ്ഞുതരാം. കേട്ടാലും, ഹേ രഘുശ്രേഷ്ഠനായ രാമചന്ദ്ര! ഞാൻ ഒരു പഴയ കഥ പറയുന്നതു കേട്ടാലും. പണ്ടൊരിക്കൽ ഞാൻ മലിനമായ വസ്ത്രം ധരിച്ച് ഒരു ബ്രാഹ്മണന്റെ വേഷത്തിൽ ഭൂമിയിൽ ഭിക്ഷയെടുത്തു നടക്കുകയായിരുന്നു. അങ്ങിനെ മഹൎഷിമാരുടെ ആശ്രമങ്ങളിലും മററും സഞ്ചരിക്കുന്ന എന്നെകണ്ടു മഹൎഷിപത്നിമാർ എന്റെ രൂപത്താൽ മോഹിതമാരായിട്ടു ഭൎത്താക്കന്മാർ തടുത്തിട്ടും കൂട്ടാക്കാതെകണ്ട് ആയിരക്കണക്കായി എന്റെ പിന്നാലെ നടന്നുതുടങ്ങി. അപ്പോൾ മഹൎഷിമാർ എല്ലാവരും എന്റെ പരമാത്മം മനസ്സിലാക്കാതെകണ്ടു ക്ഷോഭിച്ചുവശാവുകയും ക്രോധംകൊണ്ടു മനസ്സിളകി ഘോരമായ ഒരു ശാപത്തെ നൽകുക ഉണ്ടായി. ഹേ ദ്വിജാധമാ! നീ രതിക്കുവേണ്ടി ഞങ്ങളുടെ സ്ത്രീകളെ മോഹിപ്പിച്ചിരിക്കുന്നു. ആകയാൽ ഞങ്ങളുടെ വാക്കുകൊണ്ടു രതിയുടെ അംശമായ നിന്റെ ലിംഗം ഭൂമിയിൽ പതിക്കട്ടെ എന്നായിരുന്നു ശാപം. ഈ ശാപം നിമിത്തം ബ്രാഹ്മണവേഷധാരിയായ എന്റെ ലിംഗം ഭൂമിയിൽ പതിക്കുകയും അപ്പോൾ ഞാൻ അന്തൎദ്ധാനം ചെയ്കയും ചെയ്തു. അതു കണ്ടിട്ടു മഹൎഷിപത്നിമാരെല്ലാം അവരവരുടെ ആശ്രമങ്ങളിലേയ്ക്കു പോയി. ഭൂമിയിൽ പതിച്ചതായ ആ ലിംഗം വളൎന്നു വന്ന് ആകാശം മുട്ടിക്കൊണ്ടു സ്ഥിതിചെയ്തു. അതു കണ്ടിട്ടു ബ്രഹ്മാവു ഭയപ്പെട്ടിട്ട് ആ ലിംഗത്തിന്റെ അവസാനം കാണ്മാനായി പുറപ്പെട്ടു. ഒരു കോടി സംവത്സരം നോക്കിയിട്ടും ബ്രഹ്മാവ് അതിന്റെ അവസാനം കണ്ടില്ല. അപ്പോൾ ബ്രഹ്മാവു ഭയത്തോടുകൂടി എന്റെ മുമ്പിൽ വന്ന് ഉണ്ടായ വിവരമെല്ലാം പറഞ്ഞു. ഹേ ശംഭോ! ഇന്ന് അകാലത്തിങ്കൽ ലോകപ്രളയം ഭവിക്കും എന്നും ബ്രഹ്മാവ് അറിയിച്ചു. അപ്പോൾ ഞാൻ മുമ്പു നടന്നതെല്ലാം ബ്രഹ്മാവിനെ കേൾപ്പിക്കയും മൂന്നു മുനയുള്ളതായ ത്രിശൂലത്തെ ആ ലിംഗം ഛേദിക്കു

വാനായിക്കൊണ്ട് അദ്ദേഹത്തിന്നു കൊടുക്കുകയും ചെയ്തു. അപ്പോൾ ബ്രഹ്മാവു ഞാനെങ്ങിനെ അങ്ങയുടെ അംഗത്തെ ഛേദിക്കട്ടെ. അങ്ങുതന്നെവേണം ഛേദിക്കുവാൻ എന്നു പറഞ്ഞു. അപ്പോൾ ഞാൻ ആ ലിംഗത്തെ ദ്വാദശാദിത്യന്മാരുടെ ആകൃതിയിൽ ത്രിശൂലംകൊണ്ടു മുറിച്ചു ഭൂമിയിൽ വീഴ്ത്തി. അതികൽനിന്നു ജ്യോതിർലിംഗങ്ങൾ എന്നു പേരായ ലിംഗങ്ങൾ ഉണ്ടായി. ഓങ്കാരം, സോമനാഥൻ, ത്ര്യംബകൻ, മല്ലികാൎജ്ജുനൻ, നാഗേശൻ, വൈദ്യനാഥൻ, കാശിവിശ്വനാഥൻ, കേദാരനാഥൻ, മഹാകാളൻ, ഭീമേശൻ, ഘുസൃണേശ്വരൻ എന്നിങ്ങിനെയുള്ള പതിനൊന്നു മൂൎത്തികളാണ് ആ ജ്യോതിർലിംഗങ്ങൾ. ഇതു കൂടാതെ ഒരു ലിംഗംകൂടിഉണ്ട്. മേരുവിന്റെ ഈശാനകോണിൽ ഗന്ധമാദനൻ എന്നു പേരായി ശിവൻ സ്ഥിതിചെയ്തിരുന്നു. വളരെക്കാലത്തേയ്ക്ക് ആ മൂൎത്തിയെ ആൎക്കും കാണ്മാൻ കഴിഞ്ഞില്ല. അനന്തരം മഹൎഷിമാർ ലിംഗംകൊണ്ട് അതു ശിവനാണെന്ന് അറിയുകയും ശിവലിംഗംതന്നെ ആയിതീരുവാനായി വരം നൽകുകയുംചെയ്തു. അനന്തരം ഗന്ധമാദനൻ എന്നു പേരായതും മഹാമേരുപൎവ്വതത്തിന്റെ ഒരു ഉത്തമശൃംഗവും ആയ ആ ലിംഗം പ്രളയപാതത്തിന്റെ ശക്തികൊണ്ട് ഒരിക്കൽ ഈ പ്രദേശത്തു വന്നുവീണു. അതാണ് ഈ ദക്ഷിണോദധിയുടെ മുഖത്തു കാണുന്ന ഗന്ധമാദനൻ എന്ന ശൃംഗം. ഇതാണ് എന്റെ പന്ത്രണ്ടാമത്തെ ലിംഗം. അതിതാ അങ്ങു പ്രതിഷ്ഠിച്ചതായ ശിവലിംഗത്തിന്റെ അടുത്ത് ഈശാനകോണിൽ സ്ഥിതിചെയ്യുന്നു. ഈ കാലംവരെയും ഇതിനെ ആരും കാണുക ഉണ്ടായിട്ടില്ല. ഇന്നു മോക്ഷപ്രദമായിരിക്കുന്ന ഈ ലിംഗത്തെ അങ്ങയും വാനരന്മാരും കണ്ടു. അങ്ങു പ്രതിഷ്ഠിച്ചതായ ലിംഗത്തിന്റെ പ്രസാദം ഹേതുവായിട്ട് ഈ ലിംഗം ഭൂമിയിൽ വലുതായ പ്രസിദ്ധിയെ പ്രാപിച്ചിരിക്കുന്നു. ഈ ഗന്ധമാദനമെന്ന ലിംഗത്തിങ്കൽ എന്റെ സാന്നിദ്ധ്യംകൊണ്ടു യാതൊരു തേജസ്സു കാണപ്പെടുന്നുവോ ആ തേജസ്സ് അങ്ങയാൽ പ്രതിഷ്ഠിക്കപ്പെട്ട മണലുകൊണ്ടുള്ള ലിംഗ

ത്തിൽ ഇനിമേലിൽ കാണപ്പെടും. ആകയാൽ ഹേ രഘൂത്തമാ! ഇന്നുമുതൽക്കു ജനങ്ങളെല്ലാവരും തൽപ്രതിഷ്ഠിതമായ രാമേശ്വരലിംഗത്തെ പന്ത്രണ്ടാമത്തേതായ ജ്യോതിർലിംഗമെന്നു പുകഴ്ത്തിത്തുടങ്ങും. പൂജ, ഉത്സവം മുതലായിട്ടുള്ള കർമ്മങ്ങൾ എനിക്കു (ശിവന്നു) ചെയ്യുന്നതെന്തോ അതുതന്നെയാണു രാമേശ്വരത്തും ചെയ്യേണ്ടത്. ഞാൻ അഗസ്ത്യമഹർഷിയുടെ വാക്കും അങ്ങയുടെ വാക്കും അനുസരിച്ചു കാശിയെ ഉപേക്ഷിച്ച് ഇവിടെ വന്ന് അങ്ങയുടെ ഈ ശിവലിംഗത്തിൽ വസിക്കുന്നുണ്ട്. സേതുബന്ധത്തിങ്കൽവന്നു യാതൊരു പുരുഷൻ രാമേശ്വരശിവനെ നമസ്കരിക്കുമോ അവൻ എന്റെ അനുഗ്രഹത്താൽ ബ്രഹ്മഹത്യാദിപാപങ്ങളിൽനിന്നു മോചിക്കും. ഹേ രഘുശ്രേഷ്ഠാ! എനി ഒന്നുകൂടി വേണ്ടതുണ്ട്. എന്റെ മണികർണ്ണികാഘട്ടത്തിൽ സ്നാനംചെയ്യുവാൻ മോഹിക്കുന്നവർ ഇവിടെ വരണം. അതിനുള്ള ഉപായം എന്താണെന്നു പറഞ്ഞാലും. ഇങ്ങിനെ എന്റെ വാക്യം കേട്ടിട്ടു ശ്രീരാമൻ സന്തുഷ്ടനായിട്ടു പറഞ്ഞു. തീർത്ഥോപവാസം ചെയ്യുന്ന മനുഷ്യൻ ആദ്യം സേതുസ്നാനവും രാമേശ്വരത്തു ശിവദർശനവും കഴിച്ചു വ്രതത്തോടുകൂടി സങ്കല്പം ചെയ്തിട്ടു സേതുവിലെ ജലം കാവുകെട്ടി എടുത്തു കാശിക്കു പോണം. ആ തീർത്ഥം ഗംഗാപ്രവാഹത്തിൽ വിട്ട് അവിടെനിന്നു ഗംഗാജലം എടുത്തു രാമേശ്വരത്തു കൊണ്ടുവന്ന് അഭിഷേകം ചെയ്യണം. എന്നാൽ തീർച്ചയായിട്ടും ബ്രഹ്മപ്രാപ്തി സിദ്ധിക്കും. സങ്കല്പംകൂടാതെകണ്ടായാൽ ഗംഗ രാമേശ്വരത്തേക്കു പോരിക ഇല്ല. അഥവാ പോന്നുവെങ്കിൽ അതു പൂർവ്വജന്മത്തിൽ ചെയ്ത സങ്കല്പംകൊണ്ടാണെന്ന് അറിയേണ്ടതാണ്. ഇങ്ങിനെ ശ്രീരാമൻ ശിവലിംഗത്തെസംബന്ധിച്ചു പല വരങ്ങളേയും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ കുംഭോത്ഭവനായ അഗസ്ത്യമഹർഷി അവിടെ വന്നുചേന്നു. അദ്ദേഹം ശിവനേയും ശ്രീരാമനേയും നമസ്കരിച്ചപ്പോൾ രാമൻ അദ്ദേഹത്തേയും നമസ്കരിച്ചു. അപ്പോൾ മഹർഷി പറഞ്ഞു: അങ്ങയുടെ അനുഗ്രഹംകൊണ്ടു ചിരകാലമായി ആഗ്രഹിച്ചുവരുന്ന ചി

ശ്വനാഥദർശനം ഇന്ന് എനിക്കു സിദ്ധമായി. എനിക്കു വലുതായ സന്തോഷം ഉണ്ടായിരിക്കുന്നതിനാൽ ഞാനും ഇവിടെ ഒരു ശിവലിംഗം പ്രതിഷ്ഠിക്കുന്നുണ്ട്. ഇങ്ങിനെ പറഞ്ഞ് അഗസ്ത്യൻ അതിസന്തോഷത്തോടുകൂടി രാമേശ്വരലിംഗത്തിന്റെ അഗ്നികോണിലായിട്ട തന്റെ പേരോടുകൂടിയതായ ഒരു ലിംഗത്തെ പ്രതിഷ്ഠിച്ചു. അതാണ് അഗസ്ത്യേശ്വരൻ എന്നു പറയപ്പെടുന്നത്. പ്രതിഷ്ഠാനന്തരം അഗസ്ത്യൻ ആ ലിംഗത്തെയും രാമേശ്വരലിംഗത്തെയും വണങ്ങി സ്തുതിച്ചു പൂജിക്കുകയും ഗന്ധമാദനനെന്ന പുരാതന ലിംഗത്തെ ദർശിക്കുകയും ചെയ്തിട്ട തന്റെ ആശ്രമത്തിലേക്കു മടങ്ങിപ്പോയി. ഹേ ദേവി! സേതുവിങ്കൽ രാമേശ്വരക്ഷേത്രത്തിൽ രാമേശ്വരലിംഗത്തിന്റെ അഗ്നികോണിൽ ആ അഗസ്ത്യേശ്വരലിംഗവും ഈശാനകോണിൽ ഗന്ധമാദനലിംഗവും ഇന്നും സ്ഥിതിചെയ്യുന്നുമുണ്ട്. ഈ വിവരം ആരെങ്കിലും അറിയുന്നുണ്ടോ എന്നു സംശയമാണ്. ഇപ്രകാരം രാമേശ്വരദേവൻ സ്വർഗ്ഗലോകത്തിലും മൃത്യുലോകത്തിലും പാതാളത്തിലും പ്രസിദ്ധനായി ഭവിച്ചു.

ഇത്രയും സംഭവങ്ങൾ കഴിഞ്ഞതിന്നുശേഷം ശ്രീരാമന്റെ കല്പനപ്രകാരം നളൻ സേതുബന്ധത്തിന്നായി ഉദ്യമിച്ചു. ആ സമയത്ത് അവന്ന് അല്പം ഒരു ഗർവ്വുണ്ടാവുകയും അതു ശ്രീരാമൻ അറിയുകയുംചെയ്തു. നളൻ ചിറപടുക്കാനായി ഒരു കല്ലുവെച്ചു മറെറാരു കല്ലു എടുത്തപ്പോഴേക്കു കല്ലുകളെല്ലാം സമുദ്രത്തിലെ കല്ലോലങ്ങൾ തട്ടി അങ്ങോട്ടുമിങ്ങോട്ടും പാറിപ്പോയി. അതോടുകൂടി നളനുണ്ടായിരുന്ന ഗർവ്വംപോയി. നളൻ വലുതായ വിഷാദത്തോടുകൂടി ഈ വിവരം രാമനെ അറിയിച്ചപ്പോൾ ശ്രീരാമൻ "രാമ" എന്നുള്ള രണ്ടക്ഷരം രണ്ടു കല്ലിന്മേലും എഴുതി അവകൊണ്ടു പടുത്തുതുടങ്ങുവാൻ കല്പിക്കുകയും എല്ലാ കല്ലുകളിന്മേലും ഇങ്ങിനെ എഴുതിയാൽ പടവു ശരിയായി ഉറച്ചുവരുമെന്നു പറയുകയും ചെയ്തു. അതനുസരിച്ചു നളൻ ചെയ്തപ്പോൾ അഞ്ചുദിവസംകൊണ്ടു നൂറു യോജന അകലമുള്ള സേതുബന്ധിക്കുവാൻ നള

നെക്കൊണ്ടു സാധിച്ചു. ഒന്നാമത്തെ ദിവസംതന്നെ പതിനാലു യോജനയുടെ പണി തീൎന്നു. രണ്ടാംദിവസം ഇരുപതു യോജനയും, 3-ാം ദിവസം 21 യോജനയും, 4-ാം ദിവസം 22 യോജനയും പട്ടത്തു 5-ാം ദിവസം 23 യോജന കൂടി പണിചെയ്തു നളൻ 100 യോജന നീളമുള്ള ചിറയുടെ പണി അവസാനിപ്പിക്കുകയും ചെയ്തു ഇങ്ങിനെ വാനരേശ്വരനായ നളൻ സേതുവിനെ ബന്ധിച്ചു. ഈ സേതുവിങ്കൽ ഓരൊ യോജന വിസ്താരമുള്ള 12 കൽത്തൂണുകൾ ഉണ്ട്. അവയുടെ അരികിൽ ആർ മുങ്ങുന്നുവോ അവർ തങ്ങളെ മാത്രമല്ല മററുള്ളവരേയും സംസാരത്തിൽനിന്നു കരകയററും.. ദുസ്തരമായ സമുദ്രത്തിൽ ഉള്ള ഈ കല്ലുകൾ വാനരഭടന്മാരെ മാത്രമല്ല മററുള്ളവരേയും അക്കരെ കടത്തും. ഇതു കല്ലുകളുടെ ഗുണമോ സമുദ്രത്തിൻെറ ഗുണമോ വാനരന്മാരുടെ ഗുണമോ അല്ല; ദാശരഥിയായ ശ്രീരാമദേവൻെറ പ്രതാപമാഹാത്മ്യംതന്നെയാണ്. ഈ സേതുവിൽക്കൂടെ നടന്നു വാനരന്മാർ 100 യോജന വഴിയും വേഗത്തിൽ കടന്നുപോയി. രാമൻ ഹനൂമാൻെറ പുറത്തും, ലക്ഷ്മണൻ അംഗദൻെറ പുറത്തും കയറി വാനരസേനയുടെ അകമ്പടിയോടുകൂടി വായുവേഗത്തിൽ ലങ്കയിൽ എത്തി. സംഖ്യയില്ലാത്തത്ര വാനരന്മാർ ലങ്കയിൽ സുവേലപൎവ്വതത്തിൻെറ മുകളിൽ ചെന്നു കയറി. അനന്തരം ശ്രീരാമനും സൈന്യങ്ങളോടുകൂടി ലങ്കയെ നോക്കികാണുവാനായിട്ടു സുവേല പൎവ്വതത്തിൻെറ മുകളിൽ എഴുന്നള്ളി. ഈ സുവേല പൎവ്വതം വൃക്ഷലതാദികൾ നിറഞ്ഞു വളരെ മനോഹരമായി ശോഭിക്കുന്ന ഒരു സ്ഥലമായിരുന്നു. അവിടെനിന്നു നോക്കി ശ്രീരാമൻ ലങ്കാനഗരത്തെ നല്ലവണ്ണം കണ്ടു. വലുതായ വിസ്താരത്തോടുകൂടിയും, വിചിത്രങ്ങളായ കൊടിക്കൂറകളോടുകൂടിയും നാനാപ്രകാരത്തിലുള്ള മാളികകൾ നിറഞ്ഞും, സ്വൎണ്ണമയങ്ങളായ മതിലുകളോടും തോരണങ്ങളോടും കൂടിയും, കിടങ്ങുകൾ, പീരങ്കികൾ, പാലങ്ങൾ, എന്നിവയെക്കൊണ്ടു ശോഭിച്ചും ഇരിക്കുന്ന ഒരു പട്ടണമായിരുന്നു ലങ്ക. മാളികയുടെ മുക

ളിൽ വിസ്താരമുള്ള ഒരു പ്രദേശത്ത് ഇരുന്നു ദശഗ്രീവനായ രാവണൻ വാനരസൈന്യങ്ങളെ നോക്കി കാണുന്നതായും ശ്രീരാമൻ കണ്ടു. അനന്തരം രാമൻ ശുകനെ അയയ്ക്കുകയും അവൻ രാവണന്റെ അടുത്തു ചെന്നു വാനരസൈന്യത്തെ കാട്ടിക്കൊടുത്തു 'ഹേ രാവണ! സീതയെ രാമന്നു കൊടുത്താലും. എന്നിട്ടു ലങ്കയിൽ വിഭീഷണനെ രാജാവാക്കി വെച്ച് അവനെ ശരണം പ്രാപിക്കുകയും ചെയ്യാലും. ഇല്ലാത്ത പക്ഷം രാമങ്കൽ നിന്നു നിണക്കു മോചനം കിട്ടുകയില്ല' എന്നുള്ള സന്ദേശം അറിയിക്കുകയും ചെയ്തു. അതു കേട്ടു രാവണൻ കോപിച്ചു ശുകനെ പിന്നേയും പിന്നേയും നിന്ദിക്കുകയും ദൂതന്മാരെക്കൊണ്ടു ഗൃഹത്തിൽനിന്നു പുറത്തു പിടിച്ചുതള്ളിക്കുകയും ചെയ്തു. പിന്നെ രാവണൻ രാമന്റെ സൈന്യത്തെ സൂക്ഷിച്ചു നോക്കി. ഈ ശുകൻ പണ്ടു വസിഷ്ഠൻ എന്നു പേരായി ബ്രഹ്മജ്ഞനായിട്ടുള്ള ഒരു ബ്രാഹ്മണൻ ആയിരുന്നു. അദ്ദേഹം ദേവകളെ ഉദ്ദേശിച്ചു വളരെ യാഗങ്ങൾ ചെയ്തു. രാക്ഷസന്മാരോടു വലിയ വിരോധവും അദ്ദേഹത്തിന്നുണ്ടായി. അക്കാലത്തു വജ്രദംഷ്ട്രൻ എന്നു പേരായ ഒരു വലിയ രാക്ഷസൻ അവിടെ വന്നു. യാഗത്തിൽ അഗസ്ത്യമഹർഷി ക്രിയാംഗമായ മാംസാന്നം കൊണ്ടുവരുവാൻ പറഞ്ഞപ്പോൾ വജ്രദംഷ്ട്രൻ ശുകഭാൎയ്യയുടെ വേഷം ധരിച്ചു മനുഷ്യമാംസം കൊണ്ടുവന്നു കൊടുക്കുകയും ചെയ്തു. അപ്പോൾ അഗസ്ത്യൻ നീ ഉടനെ രാക്ഷസനായി പോകട്ടെ എന്നു ശുകനെ ശപിക്കുകയും ചെയ്തു. പിന്നെ ധ്യാനിച്ചുനോക്കിയപ്പോൾ ഈ അകൃത്യം പ്രവൎത്തിച്ചതു രാക്ഷസനാണെന്ന് അറിയുകയും ശാപമോക്ഷത്തിന്നായി ശുകൻ അപേക്ഷിക്കുകയും ചെയ്തപ്പോൾ അഗസ്ത്യൻ 'നീ ശ്രീരാമനെ കണ്ടു രാവണനോടു സംഗതി പറഞ്ഞാൽ സ്വന്തരൂപത്തെത്തന്നെ പ്രാപിക്കും' എന്നു ശാപമോക്ഷവും കൊടുത്തു. അതുപ്രകാരം ശുകൻ രാക്ഷസരൂപം പോയി ബ്രാഹ്മണനായിത്തീരുകയും ചെയ്തു.

അനന്തരം സുബേലപൎവ്വതത്തിന്റെ ശിഖരത്തിൽ സ്ഥിതി ചെയ്യുന്ന രാമൻ വാനരന്മാരുമായി ആലോചിച്ചിട്ടു താൻ

വന്നിട്ടുള്ള വിവരം രാവണനെ അറിയിക്കുവാനായി അംഗദനെ ലങ്കയിലെക്കു പറഞ്ഞയച്ചു. അംഗദൻ സഭയിൽ ചെന്നു നാനാപ്രകാരത്തിൽ ഉള്ള നീതികളെ ഉപദേശിച്ചുംകൊണ്ടു രാമന്റെ ആജ്ഞയെ രാവണനോട് അറിയിച്ചു. സഭയിൽ വാലു ചുരുട്ടി ഉണ്ടാക്കിയ ആസനത്തിന്മേൽ യാതൊരു കൂസലും കൂടാതെ ഇരുന്നിട്ടാണ ബാലിപുത്രനായ അംഗദൻ രാവണനോടു സംസാരിച്ചത്. അംഗദൻ പറഞ്ഞു. 'ഹേ രാവണാ! നിണക്കു നല്ലതു ഞാൻ പറഞ്ഞുതരാം. കേട്ടാലും. നീ സീതാദേവിയെ സല്ക്കരിച്ചു ബഹുമാനിച്ചു ധനത്തോടുകൂടി രാമനു കൊണ്ടുപോയി കൊടുത്താലും. രാമനെ നാരായണനെന്ന് അറിഞ്ഞാലും. അദ്ദേഹത്തിന്റെ പേരിലുള്ള ദ്വേഷത്തെ കൈവിട്ടാലും. ഭക്തന്മാരായ ജ്ഞാനികൾ രാമപാദമാകുന്ന കപ്പലിനെ ആശ്രയിച്ചിട്ടാണ സംസാരസാഗരത്തെ കടക്കുന്നത്. ആകയാൽ ശ്രീരാമൻ മനുഷ്യനല്ല. നിന്റെ കുലത്തിന്റെ സുഖത്തിനുവേണ്ടി ഞാൻ പറഞ്ഞതുപോലെ പ്രവൃത്തിച്ചാലും' എന്നിങ്ങിനെ അംഗദൻ നാനാപ്രകാരത്തിൽ അറിയിച്ചുവെങ്കിലും ആ വാനരന്റെ നീതിവാക്യങ്ങൾ ഒന്നും രാവണന്റെ ചെവിയിൽ പോയില്ല. ദശാനനൻ കുപിതനായിട്ട് അംഗദനോടു പറഞ്ഞു. എന്ത്? ലോകം മുഴുവൻ വിറപ്പിച്ച രാവണനെ നീ പേടിപ്പെടുത്തുവാൻ ശ്രമിക്കുകയാണോ? ആർ എല്ലാ ദേവന്മാരേയും ജയിക്കുകയും കൈലാസത്തെ വിറപ്പിക്കുകയും ചെയ്തുവോ ആ എന്റെ മുമ്പിൽ എടാ മർക്കടാ നീ എന്താണ ജല്പിക്കുന്നത്. ക്ഷണനേരംകൊണ്ടു ഞാൻ രാമനേയും ലക്ഷ്മണനേയും, സുഗ്രീവനേയും, ഹനുമാനേയും, വിഭീഷണനേയും, നിന്നേയും കൊന്നിട്ടു കുരങ്ങന്മാരെ എല്ലാം പിടിച്ചുതിന്നുന്നുണ്ട്.' ഇങ്ങിനെ രാവണന്റെ വാക്കു കേട്ടിട്ട് അംഗദൻ മറുപടി പറഞ്ഞു. 'നിന്റെ പൌരുഷം എനിക്കറിവുണ്ട്. നീ ബാലിയുടെ വാലുകൊണ്ടു കെട്ടപ്പെട്ടു ഞെരിഞ്ഞവനാണ്. ശിവന്റെ പാദാംഗുഷ്ഠത്തിന്റെ ഊനംകൊണ്ടു താണ കൈലാസത്താൽ പേടിപ്പിക്കപ്പെട്ടവനാണ്. കാർത്തവീര്യാർജ്ജുനന്റെ ചെറുകു

ട്ടികൾക്കു കളിപ്പാനുള്ള ഒരു മൃഗമായവനാണ് നീ. ശ്വേതദ്വീപത്തിലെ ഒരു സ്ത്രീ നിന്റെ മുഖത്തു കൈകൊണ്ട് അടിക്കുക ഉണ്ടായിട്ടുണ്ട്. വിഷ്ണുവിന്റെ പുത്രനാണു ബ്രഹ്മാവ്. അദ്ദേഹത്തിന്റെ പുത്രൻ മരീചി. മരീചിയുടെ പുത്രൻ കശ്യപൻ. അദ്ദേഹത്തിന്റെ പുത്രൻ അത്രി. ഈ അത്രിയുമായി യുദ്ധമുണ്ടായപ്പോൾ നീ കാരാഗൃഹത്തിൽ കെട്ടി ഇടപ്പെട്ടു. അന്നു കിടക്കുന്ന ദിക്കിൽനിന്ന് അനങ്ങാൻ വയ്യാതെ മലമൂത്രങ്ങൾകൊണ്ടു മലിനമായ മുഖത്തോടുകൂടി കിടന്നവനാണ് നീ. ഇതൊക്കെ എനിക്കു നല്ല വിവരമുണ്ട്. ഇപ്രകാരമുള്ള അംഗദന്റെ വാക്കുകളാകുന്ന ശരങ്ങളാൽ പീഡിതനായപ്പോൾ അവനെ പിടിച്ചു മുഖത്തു നല്ല പ്രഹരം കൊടുക്കുവാൻ രാവണൻ ഭൃത്യന്മാരോട് ആജ്ഞാപിച്ചു. അതുപ്രകാരം ആയിരക്കണക്കായിട്ടുള്ള രാക്ഷസന്മാർ ആയുധവും കയ്യിലെടുത്ത് അംഗദന്റെ നേരെ പാഞ്ഞു ചെന്നു. അവരെ കണ്ടിട്ട് അംഗദൻ തന്റെ വാലുകൊണ്ടു ക്ഷണനേരത്തിനുള്ളിൽ മട്ടിച്ചു. പിന്നെ രാവണന്റെ മുഖങ്ങളിൽ കൈകളെക്കൊണ്ട് അനവധി പ്രഹരിക്കുകയും രാവണന്റെ കൈകാലുകളെ അത്യം ദീൎഘമായ വാലുകൊണ്ടു കെട്ടി അവിടേനിന്നു ആ മാളികതന്നെ എടുത്തു തലയിൽ വെച്ചു ആകാശത്തുകൂടെ സുവേലപൎവ്വതത്തിന്മേൽ ഇരിക്കുന്ന ശ്രീരാമന്റെ സമീപത്തേക്കു കുതിക്കുകയും ചെയ്തു. മാളികയും തലയിലേററി വരുന്ന അംഗദനെ കണ്ടിട്ടു ശ്രീരാമൻ പറഞ്ഞു. ഹേ ബാലാ! നീ എന്താണു പ്രവൎത്തിച്ചത്? ലങ്കയിലെ ഈ മാളിക എങ്ങിനെയാണ് നീ എടുത്തുകൊണ്ടുവന്നത്? ഈ നഗരി ഞാൻ മിത്രമായ വിഭീഷണനു കൊടുത്തു കഴിഞ്ഞിരിക്കുന്നു. മിത്രസംബന്ധമായ ഈ വസ്തു ഞാൻ തൊടുന്നതല്ല. ഇങ്ങിനെ ശ്രീരാമൻ പറഞ്ഞതുകേട്ടിട്ട് അംഗദൻ ഭയപ്പെട്ടു ദൃഷ്ടികൾ മേല്പോട്ടാക്കി നോക്കിയപ്പോഴാണു മാളിക തലയിൽ ഉള്ളതായി കണ്ടത്. എന്നിട്ട് അംഗദൻ പറഞ്ഞു. സത്യമായും ഞാൻ ഈ മാളിക തലകൊണ്ടു ലങ്കയിൽനിന്നു പുഴക്കി തിരുവടിയുടെ സമീപത്തേക്കു കൊണ്ടുവന്നതായി

അടിയൻ അറികഉണ്ടായില്ല. ഇനി ഇതു ലങ്കയിൽതന്നെ കൊണ്ടുപോയി സ്ഥാപിച്ചേയ്ക്കാം എന്നും പറഞ്ഞു കല്പനപ്രകാരം ആ വഴിയെതന്നെ മടങ്ങി രാവണന്റെ മാളികയെ മുമ്പത്തെപ്പോലെ ലങ്കയിൽവെച്ചു സുവേലപൎവ്വതത്തിങ്കലേയ്ക്കുതന്നെ പോന്ന് അംഗദൻ ലങ്കയിൽ വെച്ചുണ്ടായ വൎത്തമാനങ്ങളും രാവണനുമായുണ്ടായ സംഭാഷണവും എല്ലാം ശ്രീരാമനെ ധരിപ്പിച്ചു. അതെല്ലാം കേട്ടിട്ടു ശ്രീരാമൻ പുഞ്ചിരിയോടുകൂടി അംഗദനെ വാത്സല്യപൂൎവ്വം ആലിംഗനം ചെയ്തു.

അനന്തരം രാമചന്ദ്രൻ സുവേലപൎവ്വതത്തിന്മേൽ സ്ഥിതിചെയ്തുംകൊണ്ടു വില്ലു കയ്യിലെടുത്തു കളിയായിട്ട് ഒരു ശരം അയയ്ക്കുകഉണ്ടായി. ആ ശരംചെന്നു ലങ്കാപട്ടണത്തിൽ പ്രാസാദാഗ്രത്തിൽ സ്ഥിതിചെയ്യുന്ന രാവണന്റെ ആയിരകണക്കായുള്ള വെങ്കൊററക്കുടകളേയും പത്തുകിരീടങ്ങളേയും ക്ഷണനേരംകൊണ്ടു വാനരന്മാർ നോക്കിനില്ക്കുതന്നെ ഛേദിച്ചു. ഇതിന്നിടയിൽ ശ്രീരാമന്റെ മുമ്പിൽനിന്നിരുന്ന വാനരരാജാവായ സുഗ്രീവൻ അംഗദന്റെ മുഖത്തുനിന്നു രാവണൻ സീതയെ കൊടുത്തില്ലെന്നുകേട്ടു വലുതായ ക്രോധത്തോടുകൂടി ആകാശത്തുകൂടെ ലങ്കയിലേയ്ക്കു കുതിച്ചുചാടി, രാക്ഷസന്മാരാൽ പരിവൃതനായും മാളികപ്പുറത്തു കുടക്കൂടാതെ ഇരിക്കുന്നവനായും വലിയ മനോവിചാരമുഗ്ദ്ധതയും സ്ഥിതിചെയ്യുന്ന രാവണന്റെ അടുത്തുചെന്നു മുഷ്ടിചുരുട്ടി പ്രഹരിക്കുകയും ചെയ്തു. സുഗ്രീവൻ രാവണനെ അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ സിംഹാസനത്തിൽനിന്നു നിലത്തേയ്ക്കു പിടിച്ചുതള്ളി. അവിടെവെച്ചു വാനരരാജാവും രാക്ഷസരാജാവും തമ്മിൽ തുടകൊണ്ടും കാൽകൊണ്ടും കൈകൊണ്ടും നെഞ്ചുകൊണ്ടും പരസ്പരം അടിച്ചു തുമുലവും രോമാഞ്ചകരവുമായ ഒരു ദ്വന്ദയുദ്ധം ചെയ്തു. അതിൽവെച്ചു സുഗ്രീവന്റെ തല്ലുകൊണ്ടു ദേഹമെല്ലാം തകൎന്നു രാവണൻ വലുതായ ലജ്ജയോടുകൂടി യുദ്ധം മതിയാക്കി ഗൃഹത്തിലേയ്ക്കു ഓടിപ്പോയി. സുഗ്രീവനാകട്ടെ രാവണന്റെ കിരീടം മുറിച്ചെടുത്തു രാമന്റെ അരികത്തു ചെല്ലുകയും കേളിയോടുകൂടി നമസ്കരിച്ചു വൎത്തമാനമെ

ല്ലാം ഉണൎത്തിക്കുകയും ചെയ്തു. അപ്പോൾ രാമൻ സുഗ്രീവനെ ആലിംഗനംചെയ്തു് ആദരവോടുകൂടി പറഞ്ഞു. ഹേ മിത്രമേ! എന്നോട് ഒന്നുംമിണ്ടാതെ താങ്കൾ ദശമുഖന്റെ അരികത്തേ ക്കു പോയത് എന്താണ്? താങ്കളുടെ ജീവന്നു വല്ല ദോഷവും പററിപ്പോയെങ്കിൽ പിന്നെ എനിക്കു സീതയെക്കൊണ്ട് എ ന്താണു സൌഖ്യമുണ്ടാവാനുള്ളത്. ഇങ്ങിനെയുള്ള സാഹസം ചെയ്യരുത്. ഇങ്ങിനെ രാമൻ പറഞ്ഞതിന്നുശേഷം വാനര ന്മാർ പെരുമ്പറ മൃദംഗം മുതലായ വാദ്യങ്ങൾ മുഴക്കിക്കൊണ്ടു ചെന്നു ലങ്കാപട്ടണത്തിന്റെ നാലുഗോപുരങ്ങളിലും വളഞ്ഞു. അപ്പോൾ ശ്രീരാമൻ സുഗ്രീവൻ കൊണ്ടുവന്ന രാവണന്റെ കിരീടത്തെ സൈന്യാദ്ധ്യക്ഷനായ അംഗദന്നു സന്തോഷത്തോ ടുകൂടി കൊടുത്തു. പിന്നെ അംഗദനെ തെക്കേഗോപുരത്തി കലും, ഹനുമാനെ പടിഞ്ഞാറെ ഗോപുരത്തികലും, നളനെ കി ഴക്കേഗോപുരത്തികലും, സുഷേണനെ വടക്കേഗോപുരത്തിക ലും ചെന്നു നിരോധിപ്പാനായി കല്പിച്ചയച്ചു. കല്പനപ്രകാരം അവർ രാമനെ വന്ദിച്ചു തങ്ങളുടെ കീഴിലുള്ള സൈന്യങ്ങളോ ടുകൂടി ലങ്കയിലേക്കു ചെന്നു. നാലുഗോപുരങ്ങളിലും വാനര ന്മാർ ചെന്നുവളഞ്ഞു ലങ്കയെ നിരോധിച്ചു.

രാവണൻ സുഗ്രീവന്റെ അടികൊണ്ടു ഗൃഹത്തിലേക്കു പോയതിന്നുശേഷം ഒന്നും മിണ്ടാതേയും ആരും കാണാതേയും സുഗ്രീവന്റെ പരാക്രമത്തെ ഓൎത്തുംകൊണ്ടു സ്ഥിതിചെയ്തു. രാവണന്നു മാലി, സുമാലി, മാല്യവാൻ, എന്നിങ്ങിനെ മൂന്നു ബാന്ധവന്മാർ ഉണ്ട്. അവർ അദ്ദേഹത്തിന്റെ മാതാമഹ ന്മാരാണ്. അവർതമ്മിൽ ആലോചിച്ചു ചില കാൎയ്യങ്ങൾ രാവണനെ അറിയിക്കുവാൻ തീൎച്ചപ്പെടുത്തി. അവരിൽവെ ച്ചു ബുദ്ധിമാനും സ്നേഹമുള്ളവനുമായ മാല്യവാൻ രാവണന്റെ മുമ്പിൽചെന്നു പ്രശാന്തമായ മനസ്സോടുകൂടി ഇങ്ങിനെ പറ ഞ്ഞു. ഹേ രാജാവേ ഞാൻ പറയുന്നതു കേട്ടാലും. പിന്നെ ഇഷ്ടംപോലെ പ്രവൎത്തിച്ചുകൊള്ളുക. രാമന്റെ ഭാൎയ്യയായ സീത എപ്പോഴാണോ ലങ്കയിൽ കാലെടുത്തുവെച്ചത് അ

പ്പോൾമുതൽക്ക് നാശസൂചകങ്ങളായ അനേകം ഭയങ്കരലക്ഷണങ്ങൾ കാണപ്പെടുന്നു. അവയെ ഞാൻ പറയാം കേട്ടാലും. കഴുതകൾ ഇടിമുഴക്കുന്നപോലെ ശബ്ദിക്കുന്നു. ഭയങ്കരങ്ങളായ മേഘങ്ങൾ രക്തം വർഷിക്കുന്നു. ദേവലിംഗങ്ങൾ വാടുകയും വിയർക്കുകയും ഏളകുകയും ചെയ്യുന്നു കാളികൾ വെളുത്ത ദംഷ്ട്രകളെ കാട്ടിക്കൊണ്ട് അട്ടഹാസിക്കുന്നു. പശുക്കളിൽ കഴുതകൾ ഉണ്ടാകുന്നു. എലികളും കീരികളും തമ്മിൽകൂടി മാർജ്ജാരനോടും, സർപ്പങ്ങൾ ഗരുഡപ്പക്ഷിയോടും യുദ്ധംചെയ്യുന്നു. തല ചിരച്ചു കറുത്തുചെമ്പിച്ചുകണ്ടാൽ ഭയങ്കരനും വിരൂപനുമായ ഒരു കറുത്തപുരുഷൻ എല്ലാവരുടെ ഗൃഹങ്ങളിലും നോക്കിക്കൊണ്ടു നടക്കുന്നു. ഇവയും ഇതുപോലെ വേറെയും പല ദുർന്നിമിത്തങ്ങൾ ഉണ്ടായിക്കാണുന്നു. അതുകൊണ്ടു ഹേ രാജാവേ! വംശരക്ഷയ്ക്കു വല്ല പ്രതിശാന്തിയും ചെയ്യേണ്ടതാണ്. സീതയെ സല്ക്കരിച്ചു ധനത്തോടുകൂടി വേഗം രാമന്നു കൊടുത്തയ്ക്കുക. ഇങ്ങിനെ മാതാമഹൻ പറഞ്ഞതുകേട്ടിട്ടു രാവണൻ പറഞ്ഞു. നിങ്ങൾ തീർച്ചയായും രാമനാൽ അയയ്ക്കപ്പെട്ട ആളാണ്. അതുകൊണ്ടാണ് ഇങ്ങിനെ പറയുന്നത്, പൊയ്ക്കോൾക. നിങ്ങൾ ഒരു വൃദ്ധനും ബന്ധുവും ആകയാൽ ഈ പറഞ്ഞതെല്ലാം ഞാൻ സഹിച്ചിരിക്കുന്നു. നിങ്ങളുടെ ഈ വാക്ക് എന്റെ കർണ്ണദ്വാരത്തെ പൊള്ളിക്കുന്നു. ഇപ്രകാരം രാവണൻ പറഞ്ഞപ്പോൾ മാല്യവാൻ തന്റെ ഗൃഹത്തിലേയ്ക്കു പോയി. രാവണനാകട്ടെ സഭയിൽചെന്നു രാക്ഷസന്മാരെ അയയ്ക്കുകയാണുണ്ടായത്. കിഴക്കേ ഗോപുരത്തിലേയ്ക്കു ധൂമ്രാക്ഷനേയും, പടിഞ്ഞാറെ ഗോപുരത്തിലേയ്ക്കു വജ്രദംഷ്ട്രനേയും, തെക്കേഗോപുരത്തിലേയ്ക്കു നരാന്തകനേയും, വടക്കേ ഗോപുരത്തിലേയ്ക്കു മഹോദരനേയും തിരഞ്ഞെടുത്തു വസ്ത്രം മുതലായവ കൊടുത്തു സന്തോഷിപ്പിച്ചു സൈന്യത്തോടുകൂടി അയച്ചു. അവർ നാലുപേരും രാവണനെ വണങ്ങി യുദ്ധത്തിന്നായിട്ടു പോയി. ഇങ്ങിനെ രാമരാവണന്മാരുടെ സൈന്യങ്ങൾ വലുതായ ശബ്ദങ്ങളോടുകൂടി യുദ്ധത്തിന്നായി നേരിട്ടു.

ആനന്ദരാമായണം സാരകാണ്ഡം പത്താം സർഗ്ഗം സമാപ്തം.

# പതിനൊന്നാം സൎഗ്ഗം.

പരമശിവൻ പറയുന്നു.

അനന്തരം തടിയന്മാരും ബലവാന്മാരും ആയ ആ രാക്ഷസന്മാരെല്ലാവരും ക്രോധത്താൽ മൂർച്ഛിതന്മാരായിട്ടു ഗോപുരദ്വാരങ്ങളിൽനിന്നു പുറത്തു കടന്നു മുൾത്തടികൾ, ഖൾഗ്ഗങ്ങൾ, ശൂലങ്ങൾ, കഠാരങ്ങൾ, ശരങ്ങൾ, കുന്തങ്ങൾ, തോക്കുകൾ, ശക്തികൾ മുതലായ ആയുധങ്ങളെക്കൊണ്ടു വാനരസൈന്യത്തെ പ്രഹരിച്ചു. അപ്രകാരംതന്നെ ജയംകൊണ്ടു ശോഭിക്കുന്നവരായ വാനരന്മാരും മരങ്ങൾ, കല്ലുകൾ, പൎവ്വതങ്ങൾ, മുഷ്ടികൾ, കരങ്ങൾ എന്നിവയെക്കൊണ്ടു രാക്ഷസന്മാരെ പ്രഹരിച്ചു. വ്യാഘ്രതുല്യന്മാരായ രാക്ഷസന്മാർ കുതിരപ്പുറത്തു കയറിയും ആനപ്പുറത്തു കയറിയും സൌധതുല്യങ്ങളായ തേരുകളിൽ കയറിയും പത്തു ദിക്കുകളേയും മുഴക്കിക്കൊണ്ടു യുദ്ധം ചെയ്തു. ഇങ്ങിനെ വാനരന്മാരും രാക്ഷസന്മാരും തമ്മിൽ ഉള്ള യുദ്ധം വളരെ ഭയങ്കരമായിത്തീൎന്നു. ഈ യുദ്ധത്തിൽ നളൻ ധൂമ്രാക്ഷനേയും, ഹനുമാൻ വജ്രദംഷ്ട്രനേയും, അംഗദൻ നരാന്തകനേയും കൊന്നു. അതോടുകൂടി രാക്ഷസസൈന്യം നാലിലൊന്നേ ബാക്കിയുള്ളു എന്നായി. അപ്പോൾ അംഗദാദികളായ നാലുപേരും വലിയ വാദ്യങ്ങൾ മുഴക്കിയും ഉത്സവം കൊണ്ടാടിയുംകൊണ്ടു ജയഭേരിയോടെ ശ്രീരാമനെ ചെന്നു വന്ദിച്ചു. രാക്ഷസസൈന്യം വധിക്കപ്പെട്ടതായി കണ്ടിട്ടു മേഘനാദൻ പോരിന്നു പുറപ്പെട്ടു. അയാൾ നാഗാസ്ത്രം പ്രയോഗിച്ചു ശ്രീരാമനെ ബന്ധുക്കളായ വാനരന്മാരോടുകൂടി പരവശനാക്കിത്തീൎത്തു. അപ്പോൾ രാമൻ ഗരുഡനെ സ്മരിക്കുകയും, ഗരുഡൻ വന്നു നാഗാസ്ത്രബന്ധം വേർപെടുത്തുകയും ചെയ്തു. അനന്തരം മേഘനാദൻ ബ്രഹ്മാവിന്റെ വരംകൊണ്ട് ആകാശത്തിൽ മറഞ്ഞുനിന്നിട്ടു ശരവൎഷം തുടങ്ങി. എല്ലാ അസ്ത്രങ്ങളിലും വിദഗ്ദ്ധനായ അവൻ ബ്രഹ്മാസ്ത്രത്തെ പ്രയോഗിച്ചു ശരസമൂഹങ്ങളെ എല്ലാടത്തും വൎഷിച്ചു. ശ്രീരാമൻ ബ്രഹ്മാസ്ത്ര

ത്തെ മാനിച്ചിട്ടു വാനരസൈന്യങ്ങളോടുകൂടി ഒന്നും ചെയ്യാതെ സ്ഥിതിചെയ്തു. അല്പം കഴിഞ്ഞു സ്വസ്ഥതയെ പ്രാപിച്ചപ്പോൾ തന്റെ സൈന്യങ്ങൾ നിലംപതിച്ചു ബ്രഹ്മാസ്ത്രപാശങ്ങളാൽ കെട്ടപ്പെട്ടു മൂർഛയടഞ്ഞു കിടക്കുന്നതായി ശ്രീരാമൻ കണ്ടു. അപ്പോൾ ലക്ഷ്മണനോടു "ഹേ സൌമിത്രേ! വില്ലു കൊണ്ടുവരിക. ബ്രഹ്മാസ്ത്രംകൊണ്ടു് ഈ അസുരന്മാരെ എല്ലാം ക്ഷണത്തിൽ ഞാൻ ഭസ്മമാക്കുന്നുണ്ടു്" എന്നരുളിച്ചെയ്തു. അതു കേട്ടിട്ടു മേഘനാദൻ ലങ്കയിലേക്കു പോയി. അപ്പോൾ ബ്രഹ്മാവിന്റെ വരംകൊണ്ടു ജീവിതന്മാരായിരിക്കുന്ന ഹനുമാനും വിഭീഷണനും തന്റെ സന്നിധിയിൽവെച്ചു വിലപിക്കുന്നതായി കണ്ടിട്ടു ശ്രീരാമൻ അവരോടു പറഞ്ഞു. നിങ്ങൾ ചെന്നു യുദ്ധഭൂമിയിൽ ജാംബവാനെ തിരഞ്ഞുനോക്കുക. അവൻ ജീവനോടുകൂടി ഉണ്ടെങ്കിൽ എന്റെ വാക്കായിട്ടു വാനരന്മാരെ ജീവിപ്പിക്കാനുള്ള ഒരു ഉപായം ചിന്തിക്കേണമെന്നു പറഞ്ഞാലും. എന്നിങ്ങിനെ രാമന്റെ വാക്കു കേട്ടിട്ടു വിഭീഷണനും ഹനുമാനും ജാംബവാനെ തിരഞ്ഞുംകൊണ്ടു് അർദ്ധരാത്രിയിൽ കൊള്ളിയും മിന്നിക്കൊണ്ടു നടന്നു. അവർ ജാംബവാനെ കാണുകയും രാമവാക്യം അറിയിക്കുകയും ചെയ്തപ്പോൾ ജാംബവാൻ അതിസന്തോഷത്തോടുകൂടി കണ്ണു ചിമ്മിക്കൊണ്ടുതന്നെ അവരോടു പറഞ്ഞു. നിങ്ങൾ രണ്ടുപേരും ആരാണ്. ഹനുമാൻ യുദ്ധത്തിൽ ജീവനോടെ ഇരിപ്പുണ്ടെങ്കിൽ വാനരന്മാരെ എല്ലാം ജീവിപ്പിക്കും. അതു കേട്ടിട്ടു വിഭീഷണൻ "അങ്ങുന്നു് അംഗദൻ മുതലായവരുടെ കാര്യം വിട്ടു ഹനുമാനെ മാത്രം ഇത്ര ആദരവോടുകൂടി ചോദിക്കുന്നതു് എന്താണു്" എന്നു ചോദിച്ചു. അതിന്നു ജാംബവാൻ ഇങ്ങിനെ മറുപടി പറഞ്ഞു. "ഹനുമാൻ സാധാരണമട്ടിലുള്ള ഒരു വാനരനല്ല. അവൻ രുദ്രന്റെ അവതാരമായി വായുവിന്റെ പുത്രനായി മഹാ പ്രതാപശാലിയായി ഉണ്ടായവനാണ്. ആകയാൽ അവനെ തിരഞ്ഞു പിടിച്ചാലും." ഇങ്ങിനെ ജാംബവാൻ പറഞ്ഞപ്പോൾ ഹനുമാൻ അദ്ദേഹത്തെ നമസ്കരിച്ചു പറഞ്ഞു.

അങ്ങുന്ന് ആരെ ചോദിക്കുന്നുവോ ആ ഹനുമാനാണു ഞാൻ. ആരോടു സംസാരിക്കുന്നുവോ അതു വിഭീഷണനുമാണ്. ഞാൻ ജീവനോടെ ഇരിപ്പുണ്ട്. അതു കേട്ടു ജാംബവാൻ സന്തോഷിച്ചു ഹനുമാനോടു പറഞ്ഞു. നീ പോയിട്ടു ക്ഷീരോദധിയിങ്കൽചെന്നു ദ്രോണപൎവ്വതത്തെ കൊണ്ടുവരണം. ഹനുമാൻ അങ്ങിനെ ചെയ്യാമെന്നു സമ്മതിച്ച് ഉടനെതന്നെ പോയി. ഈ ദ്രോണപൎവ്വതം ഗന്ധൎവ്വന്മാരാൽ മറയ്ക്കപ്പെട്ടാണ് ഇരുന്നിരുന്നത്. കാമധേനു ഹനുമാൻെറ കണ്ണ് എഴുതിച്ചതുകൊണ്ടാണ് അതിനെ മറവുതീൎന്നു കാണുവാൻ സാധിച്ചത്. കണ്ട ഉടനെ ഹനുമാൻ ഒരു പുഷ്പംപോലെ പൎവ്വതത്തെ പറിച്ചെടുത്തു ലങ്കയിലേയ്ക്കു കൊണ്ടുപോന്നു. പൎവ്വതത്തിങ്കലുള്ള വള്ളികളുടെ അമൃതുതുല്യമായ സുഗന്ധമേററു രാക്ഷസന്മാൎക്കുടിയും ജീവിച്ചേയ്ക്കുമോ എന്നു ശങ്കിച്ചു രാമൻെറ ആജ്ഞപ്രകാരം ഗരുഡനും വിഭീഷണനുംകൂടി യുദ്ധത്തിൽ ചത്തുകിടക്കുന്ന രാക്ഷസന്മാരെ എല്ലാം കടലിൽ താഴ്ത്തിക്കളഞ്ഞു. വാനരന്മാരുടെ ഇടയിൽ സുഷേണൻ വലിയ ഒരു വൈദ്യനായിരുന്നു. അദ്ദേഹം ആ പൎവ്വതത്തെ കണ്ട് അതിങ്കലുള്ള വള്ളികളുടെ പ്രഭാവത്താൽ വാനരന്മാരെ എല്ലാം ജീവിപ്പിച്ചു. യുദ്ധത്തിൽ മൃതിപ്പെട്ട വാനരന്മാർ കോട്ടുവായ് ഇട്ടുംകൊണ്ട് എഴുനേററു. പിന്നെ ഹനുമാൻ ദ്രോണപൎവ്വതത്തെ യഥാസ്ഥാനം കൊണ്ടുപോയി വെയ്ക്കുകയും ചെയ്തു. യുദ്ധത്തിൽ വൈശ്രവണൻ കൊണ്ടുവന്നുകൊടുത്ത ദിവ്യജലംകൊണ്ടു കണ്ണു തുടച്ചിട്ടു രാമാദികൾക്കു മായയാൽ മറഞ്ഞുനില്ക്കുന്ന രാക്ഷസന്മാരെയും കാണുവാൻ സാധിച്ചു.

അനന്തരം രാവണൻ തൻെറ മന്ത്രികളെയാണു യുദ്ധത്തിന്ന് അയച്ചത്. അതിനാദൻ, പ്രഹസ്തൻ, മഹാനാദൻ, ദുർമുഖൻ, ദേവശത്രു, നികുംഭൻ, ദേവാന്തകൻ, നരാന്തകൻ, സാരണൻ മുതലായവർ സൈന്യങ്ങളോടുകൂടി ചെന്നു വാനരന്മാരോടു യുദ്ധം തുടങ്ങി. അവരെ എല്ലാവരെയും അംഗദാദികൾ നിഷ്പ്രയാസം കൊന്നു കോലാഹലംകൂട്ടി. അപ്പോൾ കും

ഭകർണ്ണന്റെ മക്കളായ കുംഭനേയും, നികുംഭനേയും രാവണൻ യുദ്ധത്തിന്ന് അയയ്ക്കയും അവരിൽ കുംഭനെ ജാംബവാനും, നികുംഭനെ അംഗദനും നിഗ്രഹിക്കുകയും ചെയ്തു. കുംഭനികുംഭന്മാർ മരിച്ചപ്പോൾ രാവണൻ സ്വന്തം പുത്രനായ അതികായനെത്തന്നെ അയച്ചു. അതികായനോടു ലക്ഷ്മണൻ ഏററ ഘോരമായ യുദ്ധം ചെയ്കയും അവന്റെ തലയെ അസ്ത്രം പ്രയോഗിച്ചു ലങ്കയിൽ വീഴ്ത്തുകയും ചെയ്തു. ഒടുവിൽ രാവണൻ തന്നെ ബന്ധുമിത്രജനങ്ങളോടുകൂടി പൌരന്മാരാൽ പരിവാരിതനായിട്ടു വേഗത്തിൽ യുദ്ധത്തിന്നു വന്നു. അപ്പോൾ തന്റെ അനുജനായ വിഭീഷണൻ തനിക്ക് എതിരായി യുദ്ധം ചെയ്യുന്നതു കണ്ടു കോപം സഹിക്കാതായിട്ടു രാവണൻ ശക്തി എന്ന ആയുധം പ്രയോഗിച്ചു. ശക്തി വിഭീഷണനെ കൊള്ളാതെ കഴിപ്പാനായി ലക്ഷ്മണൻ മുമ്പോട്ടുചെന്ന് അതിനെ ഏല്ക്കുകയും ഭയങ്കരമായ ആ ശക്തിയാൽ താഡിതനായിട്ട് അദ്ദേഹം ഭൂമിയിൽ വീഴുകയും ചെയ്തു. വീണുകിടക്കുന്ന ലക്ഷ്മണനെ നഗരത്തിലേക്കു കൊണ്ടുപോവാൻ രാവണൻ വളരെ ശ്രമിച്ചവെങ്കിലും ആദിശേഷന്റെ അവതാരമായ ലക്ഷ്മണനെ നിലത്തുനിന്നു ഇളക്കുവാൻ രാവണനെക്കൊണ്ടു സാധിച്ചില്ല. അപ്പോൾ ഹനൂമാൻ ലക്ഷ്മണനെ എടുത്തുകൊണ്ടുപോകുവാനായിട്ടു പുറപ്പെട്ടു. അദ്ദേഹത്തെ എടുപ്പാൻ ഭാവിക്കുന്ന രാവണന്റെ ഹൃദയത്തിൽ ഹനൂമാൻ മുഷ്ടിചുരുട്ടി ഇടിക്കുകയും അതുകൊണ്ടു ഹൃദയത്തിൽനിന്നു വളരെ രക്തം പോകുകയും ചെയ്തു. എന്നിട്ടു ഹനൂമാൻ ലക്ഷ്മണനെ എടുത്തു വാനരസൈന്യത്തിലേക്കു കൊണ്ടുപോയി. ആ സമയത്തു രാവണൻ അസ്ത്രങ്ങളെ പ്രയോഗിച്ചു ഹനൂമാനെ ആകുലപ്പെടുത്തുവാൻ തുടങ്ങി. അപ്പോൾ ശ്രീരാമൻ ക്രോധിച്ചു രാവണന്റെ ഹൃദയത്തെ അസ്ത്രംകൊണ്ടു താഡനം ചെയ്തു. രാവണന്റെ കുതിരകളേയും ധ്വജത്തേയും തേരിനേയും തേരാളിയേയും കൊടിയേയും കൊടിക്കൂറയേയും ഒക്കെ രാമൻ മൂർച്ചയുള്ള അമ്പുകളെക്കൊണ്ടു മുറിച്ചുകളഞ്ഞു. അർദ്ധചന്ദ്രാകാരമായ ഒരസ്ത്രം

കൊണ്ട് അവന്റെ സൂര്യപ്രഭയോടുകൂടിയ കിരീടത്തെയും രാമൻ ഛേദിച്ചു. അപ്പോഴെയ്ക്കും രാവണൻ പാടല്ലാതെ പരവശനായി. അതു കണ്ടിട്ടു ശ്രീരാമൻ പറഞ്ഞു. "ഇന്നു നീ ലങ്കയിലെയ്ക്കു പൊയ്ക്കൊൾക. ഇന്നു വിശ്രമം എടുത്തു നാളെ വന്നാൽ എന്റെ ബലത്തെ കാണിച്ചുതരാം." അതു കേട്ടു നാണിച്ചു തല താഴ്ത്തികൊണ്ടു ദശാനനൻ ലങ്കയിലേയ്ക്കു പോയി. അനന്തരം ശ്രീരാമൻ മൂച്ഛിതനായി കിടക്കുന്ന ലക്ഷ്മണനെ കണ്ടിട്ടു ഹനുമാനോട് ഒരിക്കൽകൂടി ദ്രോണപൎവ്വതത്തെകൊണ്ടുവന്നു ലക്ഷ്മണനേയും വാനരന്മാരേയും ജീവിപ്പിയ്ക്കുവാൻ കല്പിക്കുകയും അതുപ്രകാരം ഹനുമാൻ പുറപ്പെട്ടു പോകയുംചെയ്തു. ഈ വിവരം രാവണൻ അറിഞ്ഞു ഹനുമാനെ വിഘ്നപ്പെടുത്തുവാൻവേണ്ടി കാലനേമി എന്ന അസുരനോട് അപേക്ഷിച്ച് അവനെ പറഞ്ഞയച്ചു. അവൻ ചെന്നു ഹിമവാൻ പൎവ്വതത്തിന്റെ പരിസരത്തിൽ മായകൊണ്ട് ഒരു തപോവനം ഉണ്ടാക്കി ഒരു മഹൎഷിയുടെ വേഷം ധരിച്ചു ശിഷ്യന്മാരാൽ പരിവൃതനായിട്ടു സ്ഥിതിചെയ്തു. പോകുംവഴിക്കു ഈ ആശ്രമം കണ്ടു ഹനുമാൻ വെള്ളം കുടിക്കുവാനായി അതിൽ പ്രവേശിച്ചു. മായാമുനി അവനെ ബഹുമാനിച്ച് ഒരു ജലകുംഭം കാട്ടിക്കൊടുത്തു. അതിലെ വെള്ളം തനിക്കു കുടിപ്പാൻ മതിയാകയില്ലെന്നു ഹനുമാൻ പറഞ്ഞപ്പോൾ മുനി അടുക്കെയുള്ള കുളത്തിൽ പോയി യഥേഷ്ടം വെള്ളം കുടിക്കാമെന്നും എന്നാൽ അങ്ങിനെ ചെയ്യുന്നതു കണ്ണുകൾ മൂടീട്ടു വേണമെന്നും പറഞ്ഞു. അതോടുകൂടി ഇങ്ങിനേയും മഹൎഷി പറഞ്ഞു. "വെള്ളം കുടിച്ച് ഇവിടെ തന്നെ വന്ന് എന്റെ സമീപത്തു സുഖമായിട്ട് ഇരുന്നാലും. നീ വന്നകാൎയ്യം എനിക്കു മനസ്സിലായി. ലക്ഷ്മണൻ ഇപ്പോൾ മൂച്ഛതെളിഞ്ഞ് എഴുന്നേററിരിക്കുന്നു. നിണക്കു ദ്രോണപൎവ്വതം കാണ്മാൻ കഴിയത്തക്ക മന്ത്രങ്ങൾ ഞാൻ ഉപദേശിച്ചുതരാം. അവയെ നീ ഗ്രഹിച്ചാലും. നീ ഇപ്പോൾ കൊണ്ടുപോവാൻ വിചാരിക്കുന്ന ദ്രോണാചലം ഗന്ധൎവ്വന്മാരാൽ മറയ്ക്കപ്പെട്ടാണ് ഇരിക്കുന്നത്. വാനരന്മാരെ ജീവിപ്പിക്കാ

നായി അയ്യ വേഗം ലങ്കയിലേയ്ക്കു കൊണ്ടുപോകയാണല്ലോ വേണ്ടത്. നീ എന്നിൽനിന്നു മന്ത്രോപദേശം വാങ്ങി ഗുരുദക്ഷിണകൂടി ചെയ്യാലും" അങ്ങിനെതന്നെ എന്നു പറഞ്ഞു ഹനുമാൻ തടാകത്തിങ്കൽ ചെന്നു കണ്ണുമടച്ചു വെള്ളം കുടിക്കുകയും ആ സമയം അതിലുണ്ടായിരുന്ന ഒരു പെൺമുതല ഹനുമാനെ ഗ്രസിക്കുകയും ചെയ്തു. ഹനുമാൻ അതിനെ വായ്പിളൎന്നുകൊന്നുകളഞ്ഞു. അപ്പോൾ ആ മുതല ഒരു ദിവ്യസ്ത്രീയുടെ രൂപം എടുത്ത് ആകാശത്തിലേയ്ക്കു പൊങ്ങി ഹനുമാനോടു പറഞ്ഞു. ഞാൻ മുജ്ജന്മത്തിൽ ധാന്യമാലി എന്നുപേരായ ഒരപ്സരസ്ത്രീയായിരുന്നു. അന്ന് ഒരു മഹൎഷി എന്നോടു രതിപ്രാൎത്ഥന ചെയ്തപ്പോൾ ഞാൻ കൊടുവാൻ പാടില്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഇഷ്ടം സാധിക്കായ്കയാൽ അദ്ദേഹം എന്നെ ശപിച്ചു. ശാപമോക്ഷം നിന്നെക്കൊണ്ടാണ് ഉണ്ടാവുക എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടായിരുന്നു. നീ ഇവിടെ കണ്ട ആശ്രമം മായാകല്പിതമാണ്. രാവണൻ അയയ്ക്കപ്പെട്ടിട്ടുള്ള കാലനേമി എന്ന വലിയ അസുരനാണ് അതിൽ മുനിവേഷം ധരിച്ചിരിക്കുന്നത്. നീ ഈ ആശ്രമം ഉടനെ വിട്ടുപോകണം. അപ്രകാരംതന്നെ എന്നു പറഞ്ഞു ഹനുമാൻ തിടുക്കപ്പെട്ടുംകൊണ്ടു മുനിയുടെ മുമ്പിൽ ചെന്നു കൈമടക്കിപ്പിടിച്ചു "ഇതാ നിണക്കുള്ള ഗുരുദക്ഷിണ" എന്നുപറഞ്ഞ് അവന്റെ മാറത്തു ഘോരമായ മുഷ്ടിപ്രഹരംചെയ്തു. കാലനേമി രക്തം ഛൎദ്ദിച്ചു പ്രാണൻ വിട്ടു കാലനുക്കു പോവുകയും ചെയ്തു. പിന്നെ ഹനുമാൻ ക്ഷീരാബ്ധിയിൽ ചെന്ന്, ഗന്ധൎവ്വന്മാരെ ജയിച്ചു ദ്രോണപൎവ്വതവും എടുത്ത് ആകാശത്തിൽക്കൂടെ അതിവേഗത്തിൽ ലങ്കയിലേയ്ക്കു പോയി. പോകുംവഴിക്കു ഭരതൻ ഒരു ശരം വിട്ടു ഹനുമാന്റെ കയ്യിൽനിന്നു പൎവ്വതത്തെ താഴെ വീഴ്ത്തി. ഭരതനെ കണ്ടിട്ടു ശ്രീരാമനാണെന്നു വിചാരിച്ചു പരിഭ്രമിച്ചു ഹനുമാൻ മധുരമായ വാക്യത്തെ പറഞ്ഞു. "എങ്ങിനെയാണു നിന്തിരുവടി ഇവിടെ വന്നത്? രാവണനാൽ ജയിക്കപ്പെട്ടു യുദ്ധത്തിൽനിന്ന് ഓടിപ്പോന്നതാണോ?"

ഇങ്ങിനെ പറഞ്ഞതുകേട്ടു ഭരതൻ അവനൊരു രാക്ഷസനാണെന്നു വിചാരിച്ചു ഹനൂമാന്റെ നേരെ പ്രയോഗിക്കുവാനായി വീണ്ടും ഒരു ശരം വില്ലിൽ തൊടുത്തു. ശരം കയ്യിലേന്തിനില്ക്കുന്ന ഭരതനെകണ്ടു ഹനൂമാൻ ഭ്രൂ ഭ്രൂ എന്നു ശബ്ദിച്ച് ഇവൻ രാമനല്ല എന്നിങ്ങിനെ വിചാരിച്ചു ക്ഷണനേരം ധ്യാനിച്ചു ഹനൂമാൻ ഭരതനോടു പറഞ്ഞു. "ഞാൻ രാമദൂതനാണ് എന്റെ ബലം നിണക്കു കാണേണമോ?" ആ വാക്കു കേട്ടിട്ടു ഭരതൻ അവനോടു പറഞ്ഞു. എന്റെ ബന്ധുവായ രാമൻ ദണ്ഡകാരണ്യത്തിൽ വസിക്കുകയാണല്ലോ. അദ്ദേഹവും നിയ്യുമായി എവിടെ വെച്ചാണു കണ്ടെത്തിയത്. ഇങ്ങിനെ ഭരതൻ ചോദിച്ചപ്പോൾ ഹനൂമാൻ രാമന്റെ വൎത്തമാനമെല്ലാം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. അപ്പോൾ ഭരതൻ അസ്ത്രം പ്രയോഗിച്ചു പൎവ്വതത്തെ പൊക്കിക്കൊടുക്കുകയും ഹനൂമാൻ അതുംകൊണ്ടു ലങ്കയിൽ ചെന്നു വള്ളികളുടെ പ്രഭാവത്താൽ ലക്ഷ്മണനേയും വാനരന്മാരേയും ജീവിപ്പിക്കുകയും ചെയ്തു. ഭരതന്റെ വൎത്തമാനം ശ്രീരാമനേയും അറിയിച്ചു. പിന്നെ ദ്രോണാചലത്തെ യഥാസ്ഥാനം കൊണ്ടുപോയി വെച്ചു ലക്ഷ്മണൻ ജീവിച്ച വൎത്തമാനം ഭരതനേയും അറിയിച്ച് ആകാശമാൎഗ്ഗത്തൂടെ ഹനൂമാൻ വേഗത്തിൽ ലങ്കയിൽ എത്തിച്ചേരുകയും ചെയ്തു. രാമന്റെ വൎത്തമാനം കേട്ടു ഭരതൻ രാജാക്കന്മാരെ എല്ലാം അയോദ്ധ്യയിലേയ്ക്കു വരുത്തി ശ്രീരാമനെ സഹായിപ്പാൻ ലങ്കയിലേയ്ക്കു പോകേണമെന്നു മനസ്സിൽ വിചാരിക്കുകയും ചെയ്തു.

അനന്തരം രാവണൻ സഭയിൽ ഇരുന്നു രാക്ഷസന്മാരോടു കല്പിച്ചു. ഹേ ദൂതന്മാരേ ! നിങ്ങൾ വേഗത്തിൽ പോകുവിൻ. പാതാളത്തിൽ മഹാ ബലവാന്മാരായി ഐരാവണൻ എന്നും മൈരാവണൻ എന്നും പേരുള്ള രണ്ടു രാക്ഷസന്മാരുണ്ട്. അവർ എന്റെ സുഹൃത്തുക്കളാണ്. അവരോടു യുദ്ധവൎത്തമാനം ചെന്ന് അറിയിക്കുവിൻ. ഈ കല്പനപ്രകാരം ദൂതന്മാർ പാതാളത്തിൽ ചെന്നു വൎത്തമാനം അറിയിക്കുകയും ഐരാവണമൈരാവണന്മാർ പരിഭ്രമിച്ചു ലങ്കയിൽ വരിക

യും ചെയ്യു. അവർ രാത്രിസമയത്തു രാമനേയും ലക്ഷ്മണനേയും പിടിച്ചു കൊണ്ടുപോകേണമെന്നാണ വിചാരിച്ചത്: വാനരസേനയ്ക്കു ചുററം ഹനുമാന്റെ വാലുകൊണ്ട് ഒരു വലിയ കോട്ട കെട്ടിയിരിക്കുന്നതായി അവർ കണ്ടു. അപ്പോൾ ആകാശത്തിൽനിന്നു മഹാബലവാന്മാരായ അവർ വാനരസേനയുടെ മദ്ധ്യത്തിലേയ്ക്കു ചാടി. ശ്രീരാമനും ലക്ഷ്മണനും യുദ്ധശ്രമം കൊണ്ടു തെല്ലൊന്നു ക്ഷീണിച്ച് ഒരു കല്ലിന്മേൽ കിടന്ന് ഉറങ്ങുകയായിരുന്നു. ഐരാവണമൈരാവണന്മാർ ആ കല്ലിനോടുകൂടിതന്നെ എടുത്തു രാമലക്ഷ്മണന്മാരെ പാതാളത്തിലുള്ള തങ്ങളുടെ ഗൃഹത്തിലേയ്ക്കു കൊണ്ടുപോകയും ചെയ്തു. ഇതിനിടയിൽ ഹനുമാൻ സേനാമദ്ധ്യത്തിൽ രാമലക്ഷ്മണന്മാരെ കാണായ്കയാൽ അവരുടെ പാദചാരേണ പോയി പാതാളത്തിലേയ്ക്കു ചെന്നു. ഹനുമാനു സംഗതി മനസ്സിലായത് എങ്ങിനെ എന്നാൽ:—രാമലക്ഷ്മണന്മാരെ തിരഞ്ഞു ലങ്കയുടെ ദക്ഷിണഭാഗത്തുകൂടെ പോകുമ്പോൾ നികുംഭിലയിൽ വെച്ചു ഗർഭിണിയായ ഒരു പെൺപ്രാവു തന്റെ ഭർത്താവായ ആൺപ്രാവിനോട് ഇങ്ങിനെ പറയുന്നതു കേട്ടു. നാഥാ! ഇന്ന് എനിക്കു മനുഷ്യമാംസം തിന്നുവാൻ മോഹം തോന്നുന്നുണ്ട് എന്നു പെൺപ്രാവു പറഞ്ഞതിനു ഹേ പ്രിയേ! രാമലക്ഷ്മണന്മാരെ രണ്ടു രാക്ഷസന്മാർ പാതാളത്തിലേയ്ക്കു കൊണ്ടുപോയിട്ടുണ്ട്. ഉടനെ അവരെ രാക്ഷസന്മാർ കൊല്ലും. എന്നാൽ ഞാൻ അവരുടെ മാംസം നിണക്കു കൊണ്ടുവന്നു തരാം എന്ന് ആൺപ്രാവു മറുപടി പറഞ്ഞു. ഈ സംഭാഷണം കേട്ടു ഹനുമാൻ അല്പം സന്തോഷത്തോടുകൂടി പാതാളത്തിലേയ്ക്കു നടകൊണ്ടു. അവിടെ രാക്ഷസന്മാരുടെ കോട്ടവാതുക്കൽ മകരധ്വജൻ എന്നവൻ നില്ക്കുന്നുണ്ടായിരുന്നു. നിയ്യാരാണ്, എവിടെനിന്നു വരുന്നു എന്നവൻ ചോദിച്ചപ്പോൾ ഹനുമാൻ തന്റെ വർത്തമാനം പറഞ്ഞു. ലങ്കയിൽ നിദ്ര ചെയ്തിരുന്ന രാമലക്ഷ്മണന്മാരെ രാക്ഷസന്മാർ പാതാളത്തിലേയ്ക്കു കൊണ്ടുപോന്നിട്ടുണ്ട്. അവരെ നോക്കുവാനാണ് രാമദൂതനായ ഞാൻ വന്നത്. നിണക്കു വി

വരമുണ്ടെങ്കിൽ അവർ എവിടെ എന്നു പറഞ്ഞുതരിക. ഇങ്ങിനെ ഹനൂമാൻ പറഞ്ഞതു കേട്ടപ്പോൾ മകരദ്ധ്വജൻ എന്റെ അച്ഛനായ ഹനൂമാൻ ലങ്കയിൽ സുഖമായി തന്നെ ഇരിക്കുന്നുവോ? എന്നു ചോദിച്ചു. അതു കേട്ടു ചകിതനായിട്ടു മകരദ്ധ്വജനോടു ഹനൂമാൻ പറഞ്ഞു. ഹനൂമാനു ഭാൎയ്യ തന്നെ ഇല്ലല്ലൊ. പിന്നെ പുത്രൻ എങ്ങിനെ ഉണ്ടായി. ഈ ചോദ്യത്തിനു മകരദ്ധ്വജൻ ഹനൂമാൻ മുമ്പു ലങ്കാദഹനം കഴിഞ്ഞു തന്റെ വാൽ സമുദ്രത്തിൽ മുക്കി തണുപ്പിച്ചപ്പോൾ അതിലെ പുക നിറഞ്ഞതായ കഴുത്തിൽനിന്നു കഠിന കഫം സമുദ്രജലത്തിൽ പതിക്കുക ഉണ്ടായി. അത് ഒരു പെൺമത്സ്യം വിഴുങ്ങി. അവളിൽ ഉണ്ടായ മകനാണു ഞാൻ. ഇതുകേട്ടപ്പോൾ ഹനൂമാൻ ആ മാരുതി ഞാൻതന്നെയാണ് എന്നു പറകയും ആ സമയത്തു മകരദ്ധ്വജൻ അച്ഛനെ നമസ്കരിച്ചു വൎത്തമാനം ധരിപ്പിച്ചു. രാക്ഷസന്മാർ ഭദ്രകാളിക്ക് ഒരു ബലി കൊടുക്കുവാൻ മുമ്പുതന്നെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതിനായിട്ടാണ് അവർ ലങ്കയിൽ പോയി രാമലക്ഷ്മണന്മാരെ കൊണ്ടുപോന്നത്. നാളെയാണ് ഭദ്രകാളിയുടെ മുമ്പിൽ ബലി നിശ്ചയിച്ചിട്ടുള്ളത്. അങ്ങു കാളിക്ഷേത്രത്തിൽ ചെന്നിരുന്നു രാമലക്ഷ്മണന്മാരെ എടുത്തു കൊണ്ടുപോയി കൊൾക. ഇതു കേട്ട ഉടനെ ഹനൂമാൻ അണുമാത്രമായ സ്വരൂപത്തെ ധരിച്ചു ക്ഷേത്രത്തിൽ കടന്നു വാതിൽ അടച്ചു സ്ഥിതി ചെയ്തു. അപ്പോഴേയ്ക്കു രാക്ഷസന്മാർ രണ്ടുപേരും പൂജ ചെയ്യാനായി വന്നുചേൎന്നു. അതു കണ്ടു ഹനൂമാൻ താണസ്വരത്തിൽ ദേവിയുടെ വാക്കായിട്ടു പറഞ്ഞു. പൂജ ചെയ്യുന്നതു ഈ ഗവാക്ഷത്തിൽകൂടെ ആയാൽ മതി. രാമലക്ഷ്മണന്മാരെ കാട്ടിലെ കായ്കളെക്കൊണ്ടും പുഷ്പാദികളെക്കൊണ്ടും വഴിപോലെ പൂജിച്ചു വില്ലും ആവനാഴിയും ധരിപ്പിച്ചു കാട്ടുപൂക്കളെക്കൊണ്ടുള്ള മാലയും അണിയിച്ചു ജീവനോടുകൂടിതന്നെ നടവാതിൽ അല്പം തുറന്ന് എന്റെ അടുക്കലേയ്ക്കു അയയ്ക്കേണം. അതാണ് എനിക്കു സന്തോഷം. എന്നാൽ എല്ലാപ്രകാരത്തിലെങ്കിലും എന്നെ നോക്കിക്കാണുന്ന

പക്ഷം അങ്ങിനെ കാണുന്നവൻെറ കണ്ണു തീച്ച്യയായും പൊട്ടി പോകം. ഇപ്രകാരം ദേവി പറയുന്നതു കേട്ടിട്ടു ദൈത്യന്മാർ ദേവി പ്രസാദിച്ചിരിക്കുന്നു എന്നു വിചാരിക്കുകയും ഗവാക്ഷത്തിൽക്കൂടെതന്നെ ദേവിയെ പൂജിക്കുകയും ചെയ്തു. ചോറ, പായസം മുതലായ നിവേദ്യങ്ങൾ അനവധി ഗവാക്ഷത്തിൽ കൂടെ നിവേദിച്ചു. പഞ്ചാമൃതം നിറച്ച കുടങ്ങൾ, പലവക പഴങ്ങൾ, മുതലായവ കോടികണക്കായി അകത്തേയ്ക്കു സമപ്പിച്ചു. ഹനുമാൻ അതെല്ലാം ഭക്ഷിച്ചിട്ട് 'എന്താണ് എനിക്കു തന്നത്? എനിക്ക് ഇതുകൊണ്ടൊന്നും മതിയായില്ല. വിശപ്പ് ഇനിയും അടങ്ങിയില്ല' എന്നു പറഞ്ഞു. അതു കേട്ടു ദൈത്യന്മാർ വല്ലാതെ വിസ്മയിക്കുകയും ദൂതന്മാരെ അയച്ച് അങ്ങാടികളിലും പൌരന്മാരുടെ ഗൃഹങ്ങളിലും കൊള്ള ചെയ്യിച്ചു തിന്നാനുള്ള പദാത്ഥങ്ങൾ വളരെ വരുത്തിച്ചു കുന്നുകുന്നായി നിവേദിക്കുകയും ചെയ്തു. തങ്ങളുടെ രാജധാനികളിലുള്ള ഭക്ഷണപദാത്ഥങ്ങളും വരുത്തി സമപ്പിച്ചു. അപ്പോൾ വീടുതോറും നാട്ടുകാരുടെ കോലാഹലം ഉണ്ടായി. ഒരു വീട്ടിലെങ്കിലും കുട്ടികൾക്ക് ആഹാരസാധനം ഇല്ലാതെകണ്ടായി. ഇത്രയും കഴിഞ്ഞതിന്നുശേഷം ദൈത്യന്മാർ കാട്ടുപൂക്കൾ അണിയിച്ചു പാപത്തുണിഭങ്ങൾ ധരിപ്പിച്ചു രാമലക്ഷ്മണന്മാരേയും നടവാതുക്കൽക്കൂടെ സമപ്പിച്ചു. അവരെ കണ്ടു ഹനുമാൻ ആലിംഗനം ചെയ്തു ക്ഷേത്രവാതിൽ തുറന്നു ദൈത്യന്മാരുടെ മുമ്പിലേയ്ക്കു ചാടി. അനന്തരം രാമലക്ഷ്മണന്മാർ ക്ഷേത്രത്തിന്നു പുറത്തു ചെന്നു ശരജലങ്ങളെ പ്രയോഗിച്ചു ക്ഷണനേരംകൊണ്ട് ഐരാവണമൈരാവണന്മാരേയും അവരുടെ സൈന്യങ്ങളേയും ബന്ധുക്കളേയും നിഗ്രഹിച്ചു. ആ ദൈത്യന്മാർ രണ്ടുപേരും പിന്നേയും ജീവിക്കുകയും രാമൻ പിന്നേയും അവരെ കൊല്ലുകയും ചെയ്തു. ഇങ്ങിനെ നൂറു പ്രാവശ്യം കൊന്നു. എന്നിട്ടും അവർ മരിച്ചില്ല. അതു കണ്ടു രാമലക്ഷ്മണന്മാർ അത്യാശ്ചയ്യപ്പെട്ടു. അനന്തരം ഹനുമാൻ ആ രാക്ഷസരാജധാനിയിൽ ചുററി നടക്കുമ്പോൾ വിജനസ്ഥലത്ത് ഒരു സ്ത്രീ നില്ക്കുന്നതു കണ്ടു. അവർ ഐരാവ

ണന്റെ ഭോഗപത്നിയായിരുന്നു. ദൈത്യന്മാർ എങ്ങിനെയാണാലാണ് മരിക്കുക എന്നു ഹനുമാൻ ചോദിച്ചതിന്ന് ആ സ്ത്രീ 'ഞാനൊരു നാഗകന്യകയാണ്. ഇവൻ ബലാല്ക്കാരേണ എന്നെ പിടിച്ചു കൊണ്ടുപോന്നു. മൈരാവണനും ദുഷ്ടവിചാരത്തോടുകൂടി എന്നെ നോക്കുന്നുണ്ട്. രണ്ടുപേരോടുംകൂടി ക്രീഡിപ്പാൻ എനിക്കൊട്ടു ശക്തിയുമില്ല. ഒരാൾ എന്റെ മിത്രവും മററെ ആൾ ശത്രുവുമാണ്. അതാണ് എനിക്കു വ്യസനം. അതുകൊണ്ട് അവരെ കൊന്നാൽ എനിക്കും സന്തോഷമാകും. ഹേ മാരുതേ! ശ്രീരാമൻ എന്നെ ഭാൎയ്യയായി സ്വീകരിക്കുമെങ്കിൽ ഈ ദൈത്യന്മാരെ കൊല്ലുവാനുള്ള ഉപായം ഞാൻ പറഞ്ഞുതരാം. ഇങ്ങിനെ നാഗകന്യക പറഞ്ഞതുകേട്ടു ഹനുമാൻ 'ശ്രീരാമൻ നിന്റെ മഞ്ചത്തിൽ കയറുമ്പോൾ അദ്ദേഹത്തിന്റെ ഘനംകൊണ്ടു നിന്റെ മഞ്ചം പൊട്ടാതിരിക്കുന്നതായാൽ അദ്ദേഹം നിന്റെ ഭർത്താവായി ഇരിക്കും' എന്നു പറഞ്ഞു. അങ്ങിനെയാവട്ടെ എന്നു സമ്മതിച്ചു നാഗകന്യക ഹനുമാനോട് ഇപ്രകാരം പറഞ്ഞു. പണ്ടൊരിക്കൽ ചില കുട്ടികൾ വണ്ടുകളെ പിടിച്ചു മുള്ളുകളിൽ കോർത്തു കളിക്കുകയായിരുന്നു. ഈ രാക്ഷസന്മാർ അതു കണ്ടെത്തി വണ്ടുകളെ കോട്ടു കൂടാതെ രക്ഷിച്ചു. അതുകൊണ്ടു വണ്ടുകൾ സന്തോഷിച്ചു നിങ്ങൾ ഞങ്ങളെ മരണത്തിൽനിന്നു രക്ഷിച്ചതുകൊണ്ടു നിങ്ങളെ ഞങ്ങളും മരണത്തിൽനിന്നു രക്ഷിക്കുന്നുണ്ട് എന്നു പറഞ്ഞു. ആ വണ്ടുകൾ അമൃതത്തെ കൊണ്ടുവന്ന് എപ്പോഴും ഇവിടെ സ്ഥിതി ചെയ്യുന്നുണ്ട്. ഇവർ മരിക്കുമ്പോൾ ആ വണ്ടുകൾ രക്തത്തിൽക്കൂടെ അമൃതം കയറുന്നു. അതുകൊണ്ടാണ് പിന്നേയും ജീവിക്കുന്നത്. ആ വണ്ടുകൾ ഇവരുടെ കിടപ്പറയിൽ ഉണ്ട്. കോടികണക്കായി ഉള്ള അവററയെ നീ കൊന്നാലും എന്നാൽ ദൈത്യന്മാൎക്കു മരണം വരും. ഇങ്ങിനെ നാഗകന്യക പറഞ്ഞതു കേട്ടു ഹനുമാൻ വണ്ടുകളെ കൊന്നൊടുക്കി. അവയിൽ ഒരു വണ്ടു ഹനുമാനെ ശരണം പ്രാപിക്കുകയാൽ ഹനുമാൻ അതിനെ കൊല്ലാതെ

ആ വണ്ടിനോട് ഐരാവണന്റെ ഭോഗപത്നിയുടെ മഞ്ചത്തെ ആനയ്ക്കു തിന്നാൻകിട്ടിയ ആലിനെപ്പോലെ തുളയ്ക്കുവാനായി പറഞ്ഞു. വണ്ട് അതുപോലെ ചെയ്കയും ചെയ്തു. അനന്തരം രാമൻ ഐരാവണമൈരാവണന്മാരെക്കൊല്ലുകയും അവരുടെ സ്ഥാനത്തു രാജാവായിട്ടു മകരദ്ധ്വജനെ വാഴിക്കുകയും ചെയ്തു. പിന്നെ പോകുവാനായി പുറപ്പെട്ടപ്പോൾ ഹനൂമാൻ താൻ നാഗകന്യകയോടു ചെയ്ത വാഗ്ദത്തത്തെ അറിയിച്ചു. അതുപ്രകാരം രാമൻ വിചിത്രമായി അലങ്കരിക്കപ്പെട്ട അവളുടെ അറയിലേയ്ക്കു ചെന്നു. വസ്ത്രാലങ്കാരങ്ങളെക്കൊണ്ട് അലംകൃതയായ അവളെക്കണ്ടു രാമൻ അവളുടെ കൈപിടിച്ചു മന്ദസ്മിതംചെയ്തു മഞ്ചത്തിൽ ഇരിക്കുകയും രാമന്റെ കനംകൊണ്ടു മഞ്ചം മുറിഞ്ഞുപോകയും ചെയ്തു. പിന്നേയും അവൾ രതിപ്രാർത്ഥന ചെയ്തപ്പോൾ ശ്രീരാമൻ അരുളിച്ചെയ്തു. നീ ദേഹം വെടിഞ്ഞു ഭൂമിയിൽ ഒരു ബ്രാഹ്മണകന്യകയായി ജനിക്കും. വളരെക്കാലം തപസ്സുചെയ്തു മൂന്നാമത്തെ ജന്മത്തിൽ ദ്വാപരയുഗത്തിൽ ഞാൻ കൃഷ്ണനായി ജനിക്കുമ്പോൾ ദ്വാരകയിൽ നീ എന്റെ ഭാര്യയായി ഭവിക്കും. ഈ വാക്കുകേട്ട് അവൾ രാമന്റെ മുമ്പിൽവെച്ചുതന്നെ അഗ്നിപ്രവേശം ചെയ്കയും കന്യാകുമാരി എന്നു പേരായ ബ്രാഹ്മണകന്യകയായിട്ടു സമുദ്രതീരത്തിങ്കൽ ജനിക്കുകയും ചെയ്തു. അനന്തരം രാമൻ ഹനൂമാന്റെ ചുമലിൽ കയറി മകരദ്ധ്വജൻ തന്റെ രാജ്യത്തു ലക്ഷ്മണനെ മന്ത്രിയാക്കി നിശ്ചയിച്ചു ബ്രഹ്മാണ്ഡം മുഴുവൻ ധരിക്കുന്ന ആദിശേഷനായ അദ്ദേഹത്തെ തന്റെ ചുമലിലും വഹിച്ചു. ഇങ്ങിനെ രാമലക്ഷ്മണന്മാർ ലങ്കയിലേയ്ക്കു വന്നുചേർന്നു. അവരെക്കണ്ടു സുഗ്രീവൻ തുടങ്ങിയുള്ള വാനരന്മാർ ആലിംഗനം ചെയ്കയും നമസ്കരിക്കയുംചെയ്തു വലുതായ സന്തോഷത്തെ പ്രദർശിപ്പിച്ചു. രാമൻ ഉണ്ടായ വർത്തമാനങ്ങൾ എല്ലാം സുഗ്രീവാദികളോട് പറയുകയും ചെയ്തു.

അനന്തരം രാവണൻ ഐരാവണമൈരാവണന്മാരെ ശ്രീരാമൻ കൊന്നതായികേട്ടു വളരെ ഭയപ്പെട്ടു സദസ്സിൽവെച്ചു

പൂർവ്വവൃത്താന്തത്തെ പറഞ്ഞു. എനിക്കു മനുഷ്യനെക്കൊണ്ടു തന്നെ മരണംവരുമെന്നു പണ്ടു ബ്രഹ്മാവു പറയുകഉണ്ടായിട്ടുണ്ട്. അതുകൊണ്ടു സാക്ഷാൽ നാരായണമൂർത്തിതന്നെ മനുഷ്യനായി വന്നിരിക്കണം സംശയമില്ല. നാരായണൻതന്നെ ദശരഥപുത്രനായ രാമനായി ഭവിച്ച് എന്നെ കൊല്ലുവാൻ വന്നിരിക്കയാണ്. പണ്ടു ഞാൻ യാഗദീക്ഷയോടുകൂടി ഇരിക്കുന്ന അനരണ്യൻ എന്ന അയോദ്ധ്യാരാജാവിനെ കൊന്നപ്പോൾ "എന്റെ വംശത്തിങ്കൽ പരമാത്മാവ് അവതരിക്കും. അവൻ നിന്നെ പുത്രപൌത്രന്മാരോടും ബന്ധുക്കളോടുംകൂടി നിഗ്രഹിക്കും" എന്ന് എന്നെ ശപിക്കുക ഉണ്ടായിട്ടുണ്ട്. ശാപാനന്തരം അനരണ്യൻ സ്വർഗ്ഗത്തിലേയ്ക്കു പോയി. അയാൾ പറഞ്ഞ സമയമാണ് എനിക്ക് ഇപ്പോൾ വന്നിരിക്കുന്നത്. ഇവിടെ വന്നിരിക്കുന്ന രാമൻ യുദ്ധത്തിൽ എന്നെ കൊല്ലും! അതുകൊണ്ടു നിങ്ങൾ വേഗത്തിൽചെന്നു കുംഭകർണ്ണനെ ഉണർത്തി എന്റെ അടുക്കൽ കൂട്ടിക്കൊണ്ടുവരണം. ഇങ്ങിനെ രാവണൻ പറഞ്ഞതുകേട്ടു ഭൂതന്മാർ കുംഭകർണ്ണൻ കിടന്നുറങ്ങുന്ന ഗൃഹത്തിൽ പ്രവേശിച്ചു. അവന്റെ ശ്വാസവായുക്കളെക്കൊണ്ട് ആകർഷിക്കപ്പെട്ടിട്ട് അവർ അവന്റെ നാസാദ്വാരങ്ങളിൽ അനേകപ്രാവശ്യം അകത്തേയ്ക്കും പുറത്തേയ്ക്കും പോയിക്കൊണ്ടിരുന്നു. * ഒരിക്കൽ അവർ കൈകളെ ബലത്തോടുകൂടിപിടിച്ചു കുംഭകർണ്ണന്റെ അടുത്തുചെന്നു ഭയപ്പെട്ടവരായിട്ട് അവനെ മരങ്ങളെക്കൊണ്ട് അടിച്ചും കാലുകളെക്കൊണ്ടു ചവുട്ടിയും കല്ലുകളെക്കൊണ്ടു താഡിച്ചും ഉറക്കമെണർത്തുവാൻ ശ്രമിച്ചു. എന്നിട്ടും ഉണരാഞ്ഞപ്പോൾ അവന്റെ ദേഹത്തിൽക്കൂടെ കുതിരകളേയും ഒട്ടകങ്ങളേയും ഓടിച്ചുനോക്കി. അതുകൊണ്ടും ഉണരാഞ്ഞിട്ടു രാജാവിന്റെ കല്പനപ്രകാരം കുംഭകർണ്ണന്റെ ദേഹത്തിൽ അനേകഭാരം വിറകുകൾ അടുക്കി തീ വെയ്ക്കുകയും ചെയ്തു. അപ്പോൾ കുംഭകർണ്ണൻ ഉറക്കം ഉണന്ന് എഴുനേററു. പിന്നെ പന്നികൾ, പോത്തുകൾ, കഴുതകൾ, എന്നിവയെ കോടിക്കണക്കായി പിടിച്ചുതിന്നുകയും വെള്ളമുള്ള കുളങ്ങളെ

ല്ലാം കടിച്ചു വററിക്കുകയും ചെയ്യും. എന്നിട്ട രാക്ഷസരാജാവായ രാവണനെ ചെന്നു നമസ്കരിച്ച് ഇങ്ങിനെ ഉണർത്തിച്ചു. പ്രഭോ! ഒരിക്കൽ ഞാൻ കാട്ടിൽപോയി ഇരുന്നപ്പോൾ നാരദമുനിയെ കാണുകഉണ്ടായി. അങ്ങ് എവിടെപ്പോയിരുന്നു? എവിടെനിന്നാണ് ഇപ്പോൾ വരുന്നത് എന്നു ചോദിച്ചപ്പോൾ നാരദൻ "ഞാൻ ദേവലോകത്തുനിന്ന് അയോദ്ധ്യയിലേയ്ക്കുപോകയാണ്. രാവണൻ മുതലായവരെ യുദ്ധത്തിൽകൊല്ലുവാൻ രാമൻ എന്ന പേരിൽ വിഷ്ണു മനുഷ്യനായി ജനിച്ചിട്ടുണ്ട്. അദ്ദേഹത്തെ അതിന്നു ധൃതിപ്പെടുത്തുവാനായി ദേവന്മാർ പറഞ്ഞയയ്ക്കയാലാണ് അയോദ്ധ്യയിലേയ്ക്കുപോകുന്നത്" എന്നു പറഞ്ഞു പോയി. അദ്ദേഹമായിരിക്കണം രാമനെ ഇങ്ങോട്ട് അയച്ചത്. ഞാൻ കേട്ടതായ ഈ വർത്തമാനം തിരുമുമ്പിൽ അറിയിച്ചുവെന്നേയുള്ളു. അതുകൊണ്ടു ഹേ പ്രഭോ സീതയെ രാമന്നു കൊണ്ടുപോയികൊടുത്ത് അദ്ദേഹവുമായി സഖ്യം ചെയ്യുകയാണു നല്ലത്. ഇപ്രകാരം കുംഭകർണ്ണൻ പറഞ്ഞതുകേട്ടു രാവണൻ അവനോടു പറഞ്ഞു. നീ ഉറക്കഭ്രാന്തു പറകയാണ്. ഉറക്കം നിന്റെ കണ്ണുകളിൽ വ്യാപിച്ചിരിക്കുന്നു. പോയി സുഖമായി ഉറങ്ങിക്കൊൾക. ഇങ്ങിനെ ബന്ധുവായ രാവണൻ പറഞ്ഞ ക്രൂരവാക്കുകേട്ടു കുംഭകർണ്ണൻ അദ്ദേഹത്തെ നമസ്കരിച്ച് അതിവേഗത്തിൽ യുദ്ധത്തിന്നു സന്നദ്ധനായി വലുതായ പ്രാസാദത്തെയും കടന്ന് അതിവേഗത്തിൽ ചെന്നു. കുംഭകർണ്ണൻ വരുന്നതുകണ്ടു വാനരന്മാരെല്ലാം ഭയവിഹ്വലന്മാരായി ഓടി രാമന്റെ സമീപത്തു ചെന്നുചേന്നു. അവിടെ കുംഭകർണ്ണനെ കണ്ടപ്പോൾ വിഭീഷണൻ നമസ്കരിച്ച് ഇങ്ങിനെ പറഞ്ഞു. ഞാൻ രാജാവിനോടു സീതയെ രാമന്നു കൊടുക്കുവാനായി പലതരമൊക്കെ പറഞ്ഞുനോക്കി. അദ്ദേഹം എന്നെ തീരെ തിരസ്കരിക്കയാണുണ്ടായത്. അപ്പോൾ ഞാൻ ശ്രീരാമസേവയ്ക്കായി ഇവിടെ വരികയും ചെയ്തു. ഇങ്ങിനെ വിഭീഷണന്റെ വാക്കുകേട്ടു കുംഭകർണ്ണൻ "ഹേ വത്സ! നീ ചെയ്തതു നന്നായി. എന്നാൽ എന്റെ മുമ്പിൽ അധികനേരം

നില്ക്കേണ്ട. യുദ്ധം ആയാൽ സ്വന്തം ആള് ആരാണ് അന്യൻ ആരാണ് എന്ന് അറിയുകയില്ല, എന്നു പറഞ്ഞു. അതുപ്രകാരം വിഭീഷണൻ ജ്യേഷ്ഠനെ വന്ദിച്ചു ശ്രീരാമസവിധത്തിൽതന്നെ ചെന്നു.

യുദ്ധോദ്യതനായ കുംഭകർണ്ണൻ കൈകളെക്കൊണ്ടും കാലുകളെക്കൊണ്ടും മർക്കടന്മാരെ മർദ്ദിച്ചുകൊണ്ടു വാനരസേനയിൽ സഞ്ചരിച്ചുതുടങ്ങി. അവിടെ വാനരരാജനായ സുഗ്രീവനെക്കണ്ടു തന്റെ ത്രിശൂലംകൊണ്ട് അവനെ ഭേദിച്ചു സന്തോഷത്തോടുകൂടി ലങ്കയിലേയ്ക്കു കൊണ്ടുപോയി. പോകുംവഴിക്കു സുഗ്രീവൻ സ്വസ്ഥനായിട്ടു ശത്രുവിന്റെ കാതും മൂക്കും നഖങ്ങളെക്കൊണ്ടു മുറിച്ച് അവന്റെ കയ്യിൽനിന്നു കുതറിച്ചാടി രാമസമീപത്തിൽതന്നെ വന്നുചേന്നു. അതു കണ്ടു പൌരന്മാർ പരിഹസിക്കുകയും കുംഭകർണ്ണൻ ലജ്ജയോടുകൂടി പിന്നേയും യുദ്ധത്തിന്നു പോകയും ചെയ്തു. അപ്പോൾ ശ്രീരാമൻ മൂർച്ചയുള്ള ബാണങ്ങളെക്കൊണ്ട് അവന്റെ ദേഹം പിളന്നു. അവൻ അങ്ങോട്ടും വൃക്ഷങ്ങളെക്കൊണ്ടും കല്ലുകളെക്കൊണ്ടും പ്രഹരിച്ചുവെങ്കിലും ശ്രീരാമൻ അസ്ത്രങ്ങളെക്കൊണ്ട് അതെല്ലാം തടുക്കുകയും വായവ്യാസ്ത്രം പ്രയോഗിച്ച് അവന്റെ കൈകളെ മുറിച്ചുകളഞ്ഞു. കൈകൾ മുറിഞ്ഞശേഷവും അവൻ അലറിക്കൊണ്ടു വരുന്നതു കണ്ടപ്പോൾ രാമൻ അർദ്ധചന്ദ്രാകാരങ്ങളായ രണ്ടസ്ത്രങ്ങൾ അയച്ചു കാലുകളേയും ഛേദിച്ചു. കുംഭകർണ്ണന്റെ കാലുകൾ വലുതായ ശബ്ദത്തോടുകൂടി ഗോപുരദ്വാരത്തിങ്കൽ പതിച്ചു. കൈകളും കാലുകളും മുറിഞ്ഞിട്ടുകൂടിയും ഭയങ്കരമൂർത്തിയായ കുംഭകർണ്ണൻ ബഡവാമുഖാഗ്നിയെപ്പോലെ വായും പിളന്നു ഗർജ്ജിച്ചുംകൊണ്ടു, രാഹു ചന്ദ്രനെ ഗ്രസിപ്പാനെന്നപോലെ, രാമനെ ഗ്രസിപ്പാനായി എത്തുന്നു. ശ്രീരാമൻ അവന്റെ വായിൽ മൂർച്ചയുള്ള അസ്ത്രങ്ങൾ നിറയ്ക്കുകയും ചെയ്തു. വായിൽ ശരങ്ങൾ നിറഞ്ഞിട്ടും അവൻ ഭയങ്കരമാംവണ്ണം ഗർജ്ജിച്ചു. അപ്പോൾ ശ്രീരാമൻ സൂര്യനെപ്പോലെ കാന്തിയുള്ളതും അത്യുത്തമവുമായ ഐന്ദ്രാസ്ത്രത്തെ പ്രയോ

ഗിച്ചു കുംഭകണ്ണന്റെ വലുതായ ശിരസ്സിനെയും മുറിച്ചു വീഴ്ത്തി. ആ സമയത്ത് ആകാശത്തിൽ ദേവവാദ്യങ്ങൾ മുഴങ്ങി. ദേവകൾ പുഷ്പങ്ങളെക്കൊണ്ടു വൃഷ്ടിചെയ്തു. പല പ്രകാരത്തിലുള്ള സ്തോത്രങ്ങളെക്കൊണ്ടു രാമനെ വാഴ്ത്തുകയും ചെയ്തു.

അനന്തരം രാവണന്റെ പുത്രനായ ഇന്ദ്രജിത്ത കുംഭകണ്ണൻ മരിച്ചതായി കേട്ട് ഏററവും ദുഃഖിതനായിരിക്കുന്ന പിതാവിനെ സമാധാനിപ്പിച്ച് "എന്റെ ബലത്തെ ഇപ്പോൾ കാണിച്ചുതരാം" എന്നു പറഞ്ഞു വേഗത്തിൽ പുറപ്പെട്ടു. ഇന്ദ്രജിത്ത് നികുംഭിലയിലേയ്ക്കാണ പോയത്. നികുംഭിലയിൽ ഒരു ഗുഹയുണ്ട്. യോഗിനിവടം എന്ന വൃക്ഷത്തിന്റെ അടിയിൽ ഭൂമിയുടെ ഉള്ളിലുള്ള ആ ഗുഹയിൽ ഏകാകിയായിരുന്നിട്ടു, യുദ്ധത്തിൽ തനിക്കു ജയം വരുവാനായി ദിവ്യങ്ങളായ രഥങ്ങളും ആയുധങ്ങളും ലഭിക്കേണ്ടതിന്ന് ആഭിചാരമന്ത്രങ്ങളെക്കൊണ്ടുള്ള ഒരു ഹോമം ഇന്ദ്രജിത്ത് ആരംഭിച്ചു. ചുവന്ന മാലയും വസ്ത്രവും ധരിച്ചു താൻ ഹോമത്തിന്ന് ഇരിക്കുന്നതിന്റെ ചുററും രക്ഷയ്ക്കായി വെള്ളംകൊണ്ടും കാററുകൊണ്ടും തീയ്യുകൊണ്ടും വ്യാഘ്രങ്ങളെക്കൊണ്ടും സപ്പങ്ങളെക്കൊണ്ടും രാക്ഷസന്മാരെക്കൊണ്ടും ദുഗ്ഗമങ്ങളായ ഏഴു കോട്ടകൾ നിമ്മിച്ചു. അനന്തരം ഹോമകുണ്ഡമുണ്ടാക്കി അതിന്റെ മുകളിൽ ഒരു സപ്പത്തെ തലകീഴായി കെട്ടിത്തൂക്കി താൻ രക്തപുഷ്പവും രക്തവസ്ത്രവും ധരിച്ചു രക്തചന്ദനം പൂശി രക്തവണ്ണമായ പുഷ്പം, രക്തവണ്ണമായ അക്ഷതം, ചുകന്ന കുന്നിക്കുരു, ചുകന്ന കടുക്, ചുകന്ന കരിമ്പ്, രക്തചന്ദനം, കരിഞ്ഞാലി, മാവ്, പ്ലാശു, അത്തി, ചേർക്കുരു ഇവയെക്കൊണ്ടും, ഉഴുന്ന്, മാംസം, ചേരിൻകായ, എരുക്കിൻകായ, വേപ്പിൻകായ, മാതളനാരങ്ങ, കറുത്ത ഉമ്മത്തിൻകായ, ഗോരോചനം, കടലാടി, ലന്തക്കുരു, വിളാമ്പഴം, ചെമ്പരുത്തിപ്പൂവ് എന്നിവയെക്കൊണ്ടും മനുഷ്യരുടെ തലയോട്ടുകൾ, മാംസങ്ങൾ എന്നിവയെക്കൊണ്ടും, സപ്പങ്ങളെ നുറുക്കിയ ഖണ്ഡങ്ങളെക്കൊണ്ടും, തവളകളെക്കൊണ്ടും പല പ്രാണികളുടേയും തോലുകൾ, പല്ലുകൾ, ഞെരമ്പുകൾ, രോമ

ങ്ങൾ എന്നിവയെക്കൊണ്ടും, വനചാരങ്ങളായ നാനാജന്തുക്കളുടെ മാംസങ്ങളെക്കൊണ്ടും മന്ത്രത്തോടുകൂടിയും കണ്ണുകൾ ചിമ്പിയും വളരെ നിഷ്ഠയിൽ ഇന്ദ്രജിത്ത് ഹോമം നടത്തി. ആ ഹോമത്തിന്റെ പുക ഭയങ്കരമായി പൊങ്ങിപ്പരന്നതു കണ്ടപ്പോൾ വിഭീഷണൻ ശ്രീരാമനോടു പറഞ്ഞു. സ്വാമിൻ! ഇന്ദ്രജിത്ത് ഹോമം തുടങ്ങിയിരിക്കുന്നു. ദുർബ്ബുദ്ധിയായ അവന്റെ ഈ ഹോമം മുടങ്ങാതെ അവസാനിക്കുന്നതായാൽ സുരാസുരന്മാർ ആരു വിചാരിച്ചാലും അവനെ ജയിക്കുവാൻ കഴികയില്ല. അതുകൊണ്ടു വേഗത്തിൽ ലക്ഷ്മണനെക്കൊണ്ട് അവനെ കൊല്ലിക്കേണമെന്ന് എനിക്കു തോന്നുന്നു. അവനു ബ്രഹ്മാവിന്റെ ഒരു വരം ഉണ്ട്. പന്ത്രണ്ടു സംവത്സരം ഊണും ഉറക്കവും കൂടാതെ ഇരുന്നിട്ടുള്ള ആൾക്കേ അവനെ കൊല്ലുവാൻ സാധിക്കയുള്ളു. ലക്ഷ്മണൻ തിരുവടിയുടെകൂടെ അയോദ്ധ്യയിൽനിന്നു പോന്നതിൽപിന്നെ തിരുവടിയുടെ ശുശ്രൂഷയ്ക്കുവേണ്ടി ഊണും ഉറക്കവും അറിയാതെയാണ് ഇരിക്കുന്നത് എന്ന് എനിക്കു വിവരമുണ്ട്. ഇങ്ങിനെ വിഭീഷണൻ പറഞ്ഞപ്പോൾ അതുപ്രകാരം ചെയ്വാൻ രാമൻ കല്പിച്ചു. പിന്നെ വിഭീഷണൻ ലക്ഷ്മണനോടുകൂടി ഹനുമാൻ തുടങ്ങിയുള്ള വാനരസേനാപതികളാൽ പരിവൃതനായി പോയിട്ട് ഇന്ദ്രജിത്തിന്റെ ഹോമസ്ഥാനമായ നികുംഭിലയെ ലക്ഷ്മണനു കാണിച്ചുകൊടുത്തു. ലക്ഷ്മണൻ അംഗദന്റെ ചുമലിൽ കയറി ആഗ്നേയാസ്ത്രം പ്രയോഗിച്ച് ഇന്ദ്രജിത്തിനാൽ മുള്ളുകൊണ്ടു നിർമ്മിക്കപ്പെട്ടതായ കോട്ടയെ കാണിക്കുകയും രാക്ഷസകോട്ടയെ ശരങ്ങളെക്കൊണ്ടു നിഗ്രഹിക്കുകയും, സർപ്പകോട്ടയെ ഗരുഡാസ്ത്രംകൊണ്ടും, വ്യാഘ്രകോട്ടയെ പർവ്വതാസ്ത്രംകൊണ്ടും ഭേദിക്കുകയും, തീക്കോട്ടയെ വജ്ജന്യാസ്ത്രങ്ങളെക്കൊണ്ടു ശാന്തമാക്കുകയും ചെയ്തു. കാററുകൊണ്ടുള്ള കോട്ടയെ കാററിൻ മകനായ ഹനുമാൻ ക്ഷണനേരംകൊണ്ടു ശമിപ്പിച്ചു. വെള്ളംകൊണ്ടുള്ള കോട്ടയെ ലക്ഷ്മണൻ വായവ്യാസ്ത്രംകൊണ്ടു വററിച്ചുകളഞ്ഞു. ഇങ്ങിനെ കോട്ടകൾ ഏഴും നശിപ്പിച്ചുവെങ്കിലും ശത്രുവിന്റെ ഹോമസ്ഥാ

ലം കാണപ്പെട്ടില്ല. അപ്പോൾ ഹനുമാൻ കോപിച്ചു യോഗ
നിവടത്തെ പുഴക്കിമറിപ്പാനായി ചെന്നു. ആ സമയത്ത
ആ വടവൃക്ഷത്തിന്മേൽ സ്ഥിതിചെയ്യുന്നവളായ യോഗിനി-
ഗുഹയെ കാണിച്ചുകൊടുത്തു. ഹനുമാൻ ആ ഗുഹയുടെ അ
പ്പുകല്ല് കാൽകൊണ്ടു ചവിട്ടിപ്പൊളിച്ചു ഗുഹയുടെ ഉള്ളിൽ ഇ
രിക്കുന്ന ഇന്ദ്രജിത്തിനോടു നേരിട്ടു. ഇത്രയുംമായപ്പൊഴേ ഇ
ന്ദ്രജിത്തിന്നു സംഗതി മനസ്സിലായുള്ളു. ഉടനെ അവൻ ഹോ
മം മതിയാക്കി ക്രോധം മുഴുത്ത് ഒരു തേരിൽ കയറി ലക്ഷ്മണ
ന്റെ നേക്കു യുദ്ധത്തിന്നു ചെന്നു. ശസ്ത്രാസ്ത്രങ്ങളെക്കൊണ്ടും
മർമ്മം പിളൎക്കുന്ന വാക്കുകളെക്കൊണ്ടും പൎവ്വതം മുതലായവയെ
ക്കൊണ്ടും ഇന്ദ്രിജിത്തു, താരകാസുരൻ സുബ്രഹ്മണ്യനോടെന്ന
പോലെ, യുദ്ധം ചെയ്തു. ലക്ഷ്മണനും ശരസമൂഹങ്ങളെക്കൊണ്ട്
ഇന്ദ്രജിത്തിന്റെ തേരിനേയും, കുതിരകളേയും, വില്ലിനേയും,
കൊടിമരത്തേയും, ഉറപ്പുള്ളതായ കവചത്തെയും, സൂതനേയും,
ക്ഷണനേരംകൊണ്ടു ഛേദിച്ചു. അപ്പോൾ ഇന്ദ്രജിത്ത് മറെറാ
രു വില്ലെടുത്ത് ആയിരകണക്കായി അസ്ത്രങ്ങളെ വിട്ടു ഭൂമിയിൽ
നിന്നുകൊണ്ടുതന്നെ ശത്രുവിന്റെ കവചത്തെ ഛേദിച്ചു. തൽ
ക്ഷണം ലക്ഷ്മണൻ കോപിച്ച് ഇന്ദ്രജിത്തിന്റെ വലത്തെകയ്യു
അതിലുള്ള ശരത്തോടുകൂടെ അസ്ത്രംകൊണ്ടു ഛേദിച്ച് അവ
ന്റെ ഗൃഹത്തിലേയ്ക്കു വീഴ്ത്തി. പിന്നെ ഇന്ദ്രജിത്ത് വിഹ്വല
നായിട്ട് എടത്തേ കയ്യിൽ തന്റെ അത്യുത്തമമായ ശൂലവും
ഏന്തി ലക്ഷ്മണനെ കൊൽവാനായി പാഞ്ഞു. ലക്ഷ്മണൻ ശൂ
ലത്തോടുകൂടിതന്നെ അവന്റെ എടത്തേകയ്യും അസ്ത്രംകൊണ്ടു
മുറിച്ച് രാവണന്റെ മുമ്പിലേയ്ക്കു വീഴ്ത്തി. ഇതു വലിയ ഒരു
അത്ഭുതമായിത്തീൎന്നു കൈകൾ രണ്ടും പോയപ്പോൾ ഇന്ദ്ര
ജിത്ത് വായും പിളൎന്ന് എതിൎത്തു. അപ്പോൾ ലക്ഷ്മണൻ രാമ
നാമംകൊണ്ട് അങ്കിതമായ അസ്ത്രത്തെ ശ്രീരാമദേവനെ ധ്യാ
നിച്ചുകൊണ്ടു പ്രയോഗിച്ചു. ആ ശരം തലപ്പാവോടുകൂടിയതും,
കുണ്ഡലങ്ങൾ മിന്നുന്നതുമായ ഇന്ദ്രിജിത്തിന്റെ തലയെ ദേഹ
ത്തിൽനിന്നു വീഴ്ത്തി. അപ്പോൾ ദേവകൾ സന്തോഷിച്ചു ലക്ഷ്മ

ണനെ സ്തുതിക്കുകയും പുഷ്പവൃഷ്ടിചെയ്തുംകൊണ്ട് അദ്ദേഹത്തെ നീരാജനംചെയ്കയും ചെയ്തു. യുദ്ധശ്രമം തീൎന്നതിന്നു ശേഷം ലക്ഷ്മണൻ ജയസൂചകമായ ശംഖനാദത്തെ പുറപ്പെടുവിച്ചു. ആ ശംഖനാദം കേട്ടിട്ടു സീത ത്രിജടയെ പറഞ്ഞയച്ചു സംഗതി മനസ്സിലാക്കി വളരെ സന്തോഷിച്ചു. അനന്തരം ഹനുമാൻ ഇന്ദ്രജിത്തിന്റെ തല രാമനു കാണിപ്പാനായി കയ്യിൽ എടുത്തു ലക്ഷ്മണനോടു പോകുവാൻ ധൃതി കൂട്ടി. ലക്ഷ്മണൻ അംഗദന്റെ പുറത്തു കയറി വിഭീഷണസഹിതനായിട്ടു വാദ്യഘോഷങ്ങളോടുകൂടി ശ്രീരാമന്റെ സമീപത്തേയ്ക്കു പോയി. അദ്ദേഹത്തെ നമസ്കരിച്ചു ലക്ഷ്മണൻ ഇന്ദ്രജിത്തിന്റെ തല ദശിപ്പിക്കുകയും ശ്രീരാമൻ ലക്ഷ്മണനെ ആലിംഗനം ചെയ്തു സന്തുഷ്ടനായി ഭവിക്കുകയും ചെയ്തു.

രാവണൻ തന്റെ മുമ്പിൽ വന്നുവീണ ഇന്ദ്രജിത്തിന്റെ കൈ കാണുകയും അതിന്നുശേഷം ഇന്ദ്രജിത്തിന്റെ മരണവൃത്താന്തം കേൾക്കുകയും ചെയ്തിട്ടു പുത്രദുഃഖം സഹിക്കുവാൻ വയ്യാതെ മൂൎഛിതനായിട്ടു സഭയിൽ വീണു. തൽക്ഷണം ഉണ്ടായ കോപം നിമിത്തം ഖഡ്ഗവും കയ്യിലെടുത്തു സീതയെ വെട്ടി കൊൽവാനായി രാവണൻ പുറപ്പെട്ടു. അപ്പോൾ ബുദ്ധിമാനായ സുപാൎശ്വൻ എന്ന മന്ത്രി ആ സാഹസത്തിൽനിന്ന് അദ്ദേഹത്തെ വിലക്കി. സുപാൎശ്വൻ ഖഡ്ഗമേന്തിയതായ രാവണന്റെ കരത്തെ തന്റെ കൈകൊണ്ടു പിടിച്ചു രാവണനോടു നീതിസഹിതമായ വചനത്തെ തിടുക്കപ്പെട്ടുംകൊണ്ടു പറഞ്ഞു. ഹേ ദശഗ്രീവാ! ഇവിടുന്നു കോപിച്ചു സ്ത്രീവധത്തിന്നു പുറപ്പെടുന്നത് എന്താണ്? ഞങ്ങളാൽ ചിലരോടുകൂടി ചെന്നു യുദ്ധംചെയ്തു രാമനേയും ലക്ഷ്മണനേയും കൊന്ന് ഇവിടേയ്ക്കു സീതയെ പ്രാപിക്കാം. ഇങ്ങിനെ സുപാൎശ്വൻ പറഞ്ഞപ്പോൾ രാവണൻ പിൻവാങ്ങി. ഇതിനിടയിൽ ഇന്ദ്രജിത്തിന്റെ ഭാൎയ്യയായ സുലോചന ഭൎത്താവിന്റെ കങ്കണാലംകൃതമായ കരം അസ്ത്രം തറച്ചു തന്റെ മുമ്പിൽ വന്നുവീണു. ഇതു കണ്ട് അദ്ദേഹത്തിന്റെ പൌരുഷങ്ങളെ ഓൎത്ത് ഓൎത്ത് വിലാ

പം തുടങ്ങി. അസ്ത്രം തറച്ചതായ ആ കരം സുലോചനയെ ആശ്വസിപ്പിച്ചുംകൊണ്ട് അസ്ത്രംകൊണ്ടു ഭൂമിയിൽ രക്തമയങ്ങളായ അക്ഷരങ്ങളാൽ വരച്ച് "ഹേ സുന്ദരി! നീ ഖേദിക്കേണ്ട, ഞാൻ സാക്ഷാൽ ആദിശേഷന്റെ ശരം തറച്ചു മൃതിപ്പെട്ടു മോക്ഷത്തെ പ്രാപിച്ചിരിക്കുന്നു. എന്റെ ശിരസ്സു രാമന്റെ കയ്യിലുണ്ട്. നീ ചെന്ന് അതു തരുവാൻ അപേക്ഷിക്കുക. എന്നാൽ രാമൻ തരാതിരിക്കയില്ല. പിന്നെ ആ ശിരസ്സോടുകൂടി അഗ്നിപ്രവേശംചെയ്തു നീ എന്നെ പ്രാപിച്ചാലും." എന്നിങ്ങനെ ഇന്ദ്രജിത്തിന്റെ സന്ദേശത്തെ എഴുതിയ ആ അക്ഷരങ്ങൾ സുലോചന വായിച്ചുനോക്കി സന്തുഷ്ടനായിട്ടു രാവണനോടും മണ്ഡോദരിയോടും ചോദിച്ചു സർവ്വാലങ്കാരഭൂഷിതയായിട്ടു പല്ലക്കിൽ കയറി രാമസമീപത്തേയ്ക്കു പോയി. അവളെ കണ്ടിട്ടു വാനരശ്രേഷ്ഠന്മാർ ഇതു സീതതന്നെയാണ് രാമനെ ഭയപ്പെട്ടു രാവണൻ വിട്ടയച്ചതായിരിക്കണം എന്നു വിചാരിച്ചു സീതയെ കാണ്മാനായി പല്ലക്കിന്റെ ചുറവും ഓടിച്ചെന്നു തിക്കിത്തിരക്കിക്കൂടി. അതു സീതയല്ല സുലോചനയാണു പല്ലക്കു ചുമക്കുന്നവർ പറഞ്ഞറിഞ്ഞു വാനരന്മാർ രാമസമീപത്തിൽതന്നെ ചെന്നു. ആ അവസരത്തിൽ സുലോചന പല്ലക്കിൽനിന്ന് ഇറങ്ങി വീണ്ടും വീണ്ടും രാമനെ നമസ്കരിച്ചു. അവൾ തന്റെ ഭർത്താവിന്റെ ശിരസ്സു *തരേണമെന്ന് അപേക്ഷിച്ചപ്പോൾ ശ്രീരാമൻ പറഞ്ഞു. ഞാൻ ദയചെയ്തു നിന്റെ ഭർത്താവിനെ ജീവിപ്പിച്ചുതരാം. നീ ഇപ്പോൾ തീയ്യിൽ ചാടി മരിക്കേണമെന്നില്ല. നിണക്ക് ഇഷ്ടമുണ്ടെങ്കിൽ എന്നോടു പറഞ്ഞാലും. ഇതിന്നു സുലോചന ശ്രീരാമനോട് "അദ്ദേഹത്തെ ജീവിപ്പിച്ചാൽ പിന്നെ ലക്ഷ്മണന്റെ കൈകൊണ്ടു മോക്ഷകാരണമായ മരണം ഭവിക്കയില്ലല്ലോ. അതുകൊണ്ടു ജീവിപ്പിക്കേണമെന്നില്ല" എന്നു പറഞ്ഞു മന്ദസ്മിതത്തോടുകൂടി രാമനെ വന്ദിച്ചു. പിന്നെ വാനരന്മാർ മുഖേന ഭർത്താവിന്റെ കൈകളെ ലങ്കയിൽനിന്നു വരുത്തി അവയെ ശിരസ്സിനോടു യോജിപ്പിച്ചു നികുംഭിലയിലേയ്ക്കുപോയി ശിരസ്സിനേയും കൈകളേയും

ർത്താവിൻെറ ദേഹത്തോടു ചേൎത്തു സുലോചന വിധിപ്രകാരം അഗ്നിയിൽ ചാടി മരിക്കുകയും ദിവ്യമായ ദേഹത്തെ ധരിച്ചു ഭർത്തൃസമേതനായി വൈകുണ്ഠലോകത്തേയ്ക്കു പോകയുംചെയ്തു. ഇതിനുശേഷം രാവണൻ ബന്ധുമിത്രസമേതനായി പിന്നേയും രാമനോടു യുദ്ധത്തിന്നായി ചെന്നു. രാമൻ രാവണൻെറ കൂട്ടുകാരായ രാക്ഷസന്മാരെ എല്ലാം കൊല്ലുകയും ശരസ്സും കൊണ്ടു രാവണനെ എടുത്തു ലങ്കയിലേയ്ക്കു് എറിയുകയും ചെയ്തു. അപ്പോൾ രാവണൻ സീതയെ ഭയപ്പെടുത്തുവാനായി മയനെക്കൊണ്ടു രാമൻെറ ഒരു കൃത്രിമശിരസ്സ് ഉണ്ടാക്കിച്ച് അതു സീതയ്ക്കു കാണിക്കുവാനായി അശോകവനികയിലേയ്ക്കു ചെന്നു. ഇതിനിടയിൽ ബ്രഹ്മാവു സീതയുടെ അരികിൽ ചെന്നു "രാവണൻ രാമൻെറ ശിരസ്സിനെ കൃത്രിമമായി ഉണ്ടാക്കിച്ചിട്ടുണ്ട്. അതു കണ്ടിട്ടു ഹേ അംബേ! നീ വ്യസനിക്കരുത്." എന്നിങ്ങിനെ പറഞ്ഞു മനസ്സിലാക്കി അന്തർദ്ധാനംചെയ്തു. പറഞ്ഞപോലെതന്നെ രാവണൻ കൃത്രിമമായ രാമശിരസ്സിനെ കാണിച്ചു സീതയോടു രാമൻ ഹതനായി. എനി നീ എന്നെ ആശ്രയിച്ചാലും" എന്നു പറഞ്ഞു. അപ്പോൾ സീത മുഖം താഴ്ത്തി "നിൻെറ ശിരസ്സുകളേതന്നെ യുദ്ധഭൂമിയിൽ രാമബാണങ്ങളാൽ വീഴ്ത്തപ്പെട്ടവയായിട്ടു ഞാൻ കാണുന്നു" എന്നു പറഞ്ഞു. സീതയുടെ വാക്കാകുന്ന ഈ അസ്ത്രത്താൽ താഡിതനായി ലജ്ജകൊണ്ടു നമ്രമുഖനായി ഒന്നും മിണ്ടാതെ രാവണൻ ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോയി. അനന്തരം രാമൻെറ ആജ്ഞപ്രകാരം വാനരന്മാരെല്ലാം കൂടി കോടിക്കണക്കായി ചെന്നു മാളികകളെക്കൊണ്ടു മനോഹരമായിട്ടുള്ള ലങ്കാപട്ടണത്തിൽ എല്ലാടവും പുല്ലുകൾ ഇട്ടു തീ കൊളുത്തി ജ്വലിപ്പിച്ചു. അപ്പോൾ മുമ്പ് ലങ്കാദഹനത്തിങ്കൽ ഉണ്ടായ കോലാഹലംപോലെ എല്ലാടവും കോലാഹലമുണ്ടായി. തൻെറ നഗരവും ഗൃഹങ്ങളും വാനരന്മാർ തീയിട്ടു ദഹിപ്പിക്കുന്നതുകണ്ട് രാവണൻ പർജ്ജന്യാസ്ത്രത്തെ പ്രയോഗിക്കുകയും അതിൻെറ ശക്തികൊണ്ടു തീയെല്ലാം ശമിക്കുകയും വാനരന്മാർ അതുകണ്ടു മടങ്ങിപ്പോകയും

ചെയ്യു. അനന്തരം രാവണൻ ശുക്രാചാൎയ്യന്റെ ഉപദേശപ്രകാരം വിജനമായ സ്ഥലത്ത് ഒരു ഗുഹയുണ്ടാക്കി അതിൽ ഏകാകിയായും മൌനിയായും ഇരുന്നു യുദ്ധത്തിൽ ജയം വരുവാനായി ഒരു ഹോമം ആരംഭിച്ചു. ലങ്കയിലെ ഗോപുരദ്വാരങ്ങളെല്ലാം ബന്ധിച്ചു മുമ്പു വിവരിക്കപ്പെട്ടവയായ ഹോമദ്രവ്യങ്ങളേയും ശേഖരിച്ചു രക്തത്തിൽ കുളിച്ചു ശിരഃ കപാലമാലയെ ധരിച്ചു പ്രേതാസനത്തിങ്കൽ ഇരുന്നു ഹോമകുണ്ഡത്തിന്റെ ചുററും അസ്ത്രങ്ങളെകൊണ്ടു പരിഷ്കരിച്ചു പ്രസവിച്ചിട്ടു പത്തു ദിവസമാവാത്ത കുട്ടികളുടെ ശിരസ്സുകളും, മാംസവും രക്തവും കൊണ്ടു ശത്രുസംഹാരാൎത്ഥമായുള്ള ഹോമത്തെ രാവണൻ ചെയ്തു. ആ ഹോമത്തിങ്കലെ ധൂമപടലം പൊങ്ങിയതുകണ്ടിട്ടു വിഭീഷണൻ രാമനോട് ഈ ഹോമം അവസാനിക്കുവാൻ ഇടയായാൽ രാവണനെ ആരെകൊണ്ടും ജയിപ്പാൻ കഴികയില്ലെന്ന് അറിയിച്ചു. അനന്തരം രാമൻ ഹോമം മുടക്കുവാനായി വാനരന്മാരെ പറഞ്ഞയച്ചു. അവർ പോയി മതിൽക്കെട്ടുകളെ കടന്നു രാവണന്റെ ഗൃഹത്തിൽ ചെന്നു കാവൽക്കാരായ രാക്ഷസന്മാരെ എല്ലാം തച്ചുകൊന്ന് എല്ലാടവും തിരഞ്ഞുനോക്കീട്ടും രാവണൻ ഹോമംചെയ്യുന്നതായ ഗുഹയുടെ ദ്വാരത്തെ കണ്ടില്ല. അപ്പോൾ വിഭീഷണന്റെ ഭാൎയ്യയായ സരമ ഹോമസ്ഥാനത്തെ അവൎക്ക് അറിയിച്ചുകൊടുത്തു. ആ ഗുഹ മൂടീട്ടുള്ളതായ കല്ലിനെ അംഗദൻ കാൽകൊണ്ടു ചവിട്ടിപ്പൊടിച്ചു രാവണന്റെ നേരെ ചെന്ന് അദ്ദേഹത്തെ മുഷ്ടിചുരുട്ടി അടിച്ചു. അതിനെ തുടൎന്നുകൊണ്ടു വാനരന്മാർ മരങ്ങളെക്കൊണ്ടു രാവണനെ പ്രഹരിച്ചുതുടങ്ങി. എന്നിട്ടും രാവണൻ മൌനംപൂണ്ടുതന്നെ ഇരിക്കുന്നതുകണ്ടു വാനരന്മാർ സാദ്ധ്വിയായ മണ്ഡോദരിയെ തലമുടി പിടിച്ച് ഇഴച്ചു രാവണന്റെ ഹോമസ്ഥലത്തേയ്ക്കു വലിച്ചുകൊണ്ടു വന്നു. അവൾ കരഞ്ഞും വസ്ത്രം അഴിഞ്ഞും കഞ്ചുകം പറിഞ്ഞും വളരെ പരവശയായി വന്നതു കണ്ടപ്പോൾ രാവണൻ ഹോമം മതിയാക്കി തിടുക്കപ്പെട്ടുംകൊണ്ട് എഴുനേററു. അനന്തരം വാനരന്മാർ എല്ലാവരുംകൂടി ശ്രീ

രാമന്റെ സമീപത്തേയ്ക്കു ചെന്നു. ആ അവസരത്തിൽ മണ്ഡോദരി രാവണനോട് "നാഥാ! അങ്ങു ഞാൻ പറയുന്നതുപോലെ പ്രവൎത്തിച്ചാലും. സീതയെ രാമന്നു കൊണ്ടുപോയി കൊടുത്തു വിഭീഷണനെ രാജാവായി അഭിഷേകം ചെയ്തു് എന്നോടുകൂടി കാട്ടിൽപോയി തപസ്സു ചെയ്കയാണ് അങ്ങു ചെയ്യേണ്ടതു്" എന്നു പറഞ്ഞു. മണ്ഡോദരിയുടെ ഈ വാക്കു കേട്ടു രാവണൻ "പ്രിയേ! രാമൻ മഹാവിഷ്ണുവും, സീത ലക്ഷ്മീദേവിയുമാണെന്നു് എനിക്കു് അറിവുണ്ടു്. ഞാൻ പണ്ടു സീതയെ അപഹരിച്ചതുതന്നെ രാമന്റെ കൈകൊണ്ടു മരണം വരുവാനായിട്ടാണു്. രാമന്റെ കൈകൊണ്ടു ദേഹം വെടിഞ്ഞാൽ ഞാൻ പരമപദത്തെ പ്രാപിക്കും. ഞാൻ മരിച്ചുപോയാൽ നീ ശേഷക്രിയകൾ ചെയ്തു തീയ്യിൽ ചാടി ദേഹത്യാഗം ചെയ്യണം. എന്നാൽ എന്നോടു ചേൎന്നു നിണക്കും ആ പരമപദം പ്രാപിക്കാം" എന്നു പറഞ്ഞു. പിന്നെ രാവണൻ തേരിൽ കയറി താരായോടുകൂടി യുദ്ധത്തിന്നു പോയി. രാജധാനിയിൽനിന്നു പുറത്തു പുറപ്പെട്ടപ്പോഴെയ്ക്കുതന്നെ മുമ്പിൽ മൊട്ടതലയനായ ഒരുവനെ കണ്ടു. ചിത്രമായ കിരീടം ശിരസ്സിൽനിന്നു വീഴുകയും ചെയ്തു. ഈ ദുശ്ശകുനങ്ങളെക്കൊണ്ടു് ഉള്ളിൽ വലിയ കിടുകിടുപ്പോടുകൂടിയാണു രാവണൻ യുദ്ധഭൂമിയിൽ ചെന്നതു്. പിന്നെ മൂൎച്ചയുള്ള ശരങ്ങളെക്കൊണ്ടു വൎഷം തുടങ്ങി. ഭയകമ്പിതനായ രാവണൻ മായകൊണ്ടു് ഒരു കൃത്രിമസീതയെ ഉണ്ടാക്കി വാനരന്മാർ കാണ്കെതന്നെ തന്റെ തേരിൽവെച്ചു ദിവ്യമായ വാൾകൊണ്ടു് അവളെ വെട്ടിക്കൊന്നു. അതു കണ്ടു വാനരന്മാർ ഹാ! ഹാ! എന്നു നിലവിളിച്ചുകൊണ്ടു രാമനോടു വിവരം പറയുവാനായി പോയി. അതിന്നിടയിൽ ബ്രഹ്മാവു പ്രത്യക്ഷനായി രാമാദികളോടു "രാവണൻ വധിച്ചതു കൃത്രിമസീതയാണു്. അതുകണ്ടു ദുഃഖിക്കേണ്ട" എന്നു പറഞ്ഞു് അന്തൎദ്ധാനം ചെയ്തു. അതുകേട്ടു സമാധാനിച്ച വാനരന്മാരും ശ്രീരാമാദികളും യുദ്ധത്തിന്നായി ചെന്നു. അപ്പോഴെയ്ക്കു് ഇന്ദ്രസാരഥിയായ മാതലി ഇന്ദ്രന്റെ കല്പനപ്രകാരം ശസ്ത്രങ്ങ

ങ്ങളോടും അസ്ത്രങ്ങളോടും കുതിരകളോടുംകൂടിയതും വജ്രായുധ കൊടികൊണ്ടു ശോഭിക്കുന്നതും, വിശേഷപ്പെട്ട കുടയോടുകൂടിയതുമായ രഥത്തെ ശ്രീരാമന്റെ മുമ്പിൽ കൊണ്ടുവന്നു. ആ തേരിൽ കയറി ശ്രീരാമൻ ഘോരമായ യുദ്ധത്തെ ആരംഭിച്ചു. ദിവ്യാസ്ത്രവാദിയായ രാമൻ രാവണൻ പ്രയോഗിച്ച ആഗ്നേയാസ്ത്രത്തെ ആഗ്നേയാസ്ത്രംകൊണ്ടും, ദൈവാസ്ത്രത്തെ ദൈവാസ്ത്രംകൊണ്ടും ഭേദിച്ചു. അനന്തരം രാവണൻ ഭയങ്കരമായ നാഗാസ്ത്രത്തെ പ്രയോഗിച്ചു. അതിൽനിന്നു പാമ്പുകൾ ചിറി വരുന്നതു കണ്ടപ്പോൾ ശ്രീരാമൻ ഗരുഡാസ്ത്രത്തെ പ്രയോഗിച്ചു. ഇങ്ങിനെ താൻ പ്രയോഗിച്ച അസ്ത്രങ്ങൾ എല്ലാം രാമൻ പ്രത്യസ്ത്രം എയ്തു തടുത്തപ്പോൾ രാവണൻ ഘോരമായ പൎജ്ജന്യാസ്ത്രത്തെ പ്രയോഗിച്ചു. അതിനെ ശ്രീരാമൻ വായവ്യാസ്ത്രംകൊണ്ടു തടുത്തു രാവണന്റെ നേരെ ആഗ്നേയാസ്ത്രം പ്രയോഗിച്ചു. അതിനെ രാവണൻ പൎജ്ജന്യാസ്ത്രംകൊണ്ടു വിഫലമാക്കി ചെയ്തു. ഇങ്ങിനെ തുമുലമായി ചമഞ്ഞ രാമരാവണയുദ്ധത്തിൽ പതിനായിരം ആനകളും, ഇരുപതിനായിരം കുതിരകളും, ആറയ്മ്പതു തേരുകളും ആറു കോടി കാലാൾപടകളും നശിച്ചുപോയാൽ അപ്പോൾ ഒരു കബന്ധം തുള്ളും. ഇങ്ങിനെ ഒരു കോടി കബന്ധങ്ങൾ നൃത്തം വെച്ചു കഴിയുമ്പോൾ രാമന്റെ വില്ലിന്മേൽ ഉള്ള ഒരു കിങ്കിണി ശബ്ദിക്കും. ഇപ്രകാരം രാമന്റെ കോദണ്ഡത്തിലുള്ള ഇരുപതു കിങ്കിണികളും അരയാമം നേരം ഒഴിവില്ലാതെ ശബ്ദിച്ചുംകൊണ്ടിരുന്നു. ഈ നിലയിൽ യുദ്ധം മുറുകി വന്നപ്പോൾ അതു കാണ്മാനായി ദേവന്മാർ, ഗന്ധൎവ്വന്മാർ, കിന്നരന്മാർ, യക്ഷന്മാർ എന്നിവർ അനവധി വിമാനങ്ങളിൽ ഇരുന്ന് ആകാശദേശത്തു നിറന്നു. ഈ സമയത്തു രാവണൻ ബാണങ്ങളെ പ്രയോഗിച്ചു രാമന്റെ തേരിലുള്ള മനോഹരമായ വജ്രധ്വജത്തെ ഛേദിച്ചു. തന്റെ രഥത്തിലെ ധ്വജം പോയതു കണ്ടപ്പോൾ ശ്രീരാമൻ ഹനൂമാനോടു ക്ഷണനേരം ആ ധ്വജത്തിന്റെ മുകളിൽ ഇരിപ്പാനായി പറഞ്ഞു. ഹനൂമാൻ കല്പനപ്രകാരം ഒരു താലവൃ

ക്ഷം പറിച്ചു തേരിൽ നാട്ടി അതിന്മേൽ കയറി ഇരുന്നു. അതു കണ്ടു രാവണൻ അതിവേഗത്തിൽ ഒമ്പതു ബാണങ്ങൾ പ്രയോഗിച്ചു രഥത്തിലെ താലവൃക്ഷത്തെയും കുടയേയും മാതലിയേയും രഥാശ്വങ്ങളേയും ഹനുമാനേയും രാമഹസ്തത്തിലുള്ള ഇന്ദ്രചാപത്തെയും ഭേദിച്ചു. ഹനുമാനും മാതലിയും മോഹാലസ്യപ്പെട്ടു ഭൂമിയിൽ വീണു. ക്ഷണനേരംകൊണ്ടു ഹനുമാൻ മൂർഛ തെളിഞ്ഞു സ്വചരതയെ പ്രാപിച്ചു. അപ്പോൾ രാമൻ ഹനുമാൻെറ ചുമലിൽ ഇരുന്നു ഘോരമായ യുദ്ധത്തെ ആരംഭിച്ചു. രാവണൻ പരിഘായുധംകൊണ്ടു ഹനുമാൻെറ ഹൃദയത്തിൽ അടിച്ച് അവനെ മൂർഛിതനാക്കുകയും മൂർഛ നിമിത്തം ഹനുമാൻ ഭൂമിയിൽ വിഴുകയും ചെയ്തു. അപ്പോൾ രാമൻ തൻെറ സ്വന്തമായ രഥത്തെ മനസ്സുകൊണ്ടു സ്മരിച്ചു. അപ്പോഴയ്ക്കു ആ രഥം ആകാശത്തിൽകൂടെ വന്നു രാമൻെറ അഗ്രത്തിൽ നിന്നു. ഈ തേരിൽ സാരഥി ദാരുകനാണ്. ആയുധങ്ങൾ അസംഖ്യം ഉണ്ട്. ഗദയും താമരപ്പൂവും ഉണ്ട്. ധ്വജത്തിന്മേൽ ഗരുഡനും സ്ഥിതിചെയ്യുന്നു. ശൈബ്യൻ, സുഗ്രീവൻ, വലാഹകൻ, മേഘപുഷ്പൻ എന്നിങ്ങിനെ പേരായി വായുവേഗത്തോടുകൂടിയ നാലു കുതിരകളാണ് ഈ തേർ വലിക്കുന്നത്. ശ്രേഷ്ഠവും ദിവ്യവും സ്വർണ്ണക്കാലോടുകൂടിയതും ആയ കുടയും മനോഹരങ്ങളായ രണ്ടു ചാമരങ്ങളും ശാർങ്ഗം എന്ന വില്ലും ഈ തേരിൽ ഉണ്ട്. ഇങ്ങിനെയുള്ള വൈഷ്ണവരഥത്തെക്കണ്ടു ശ്രീരാമൻ പ്രദക്ഷിണംവെച്ചു നമസ്കരിച്ചു സന്തോഷത്തോടുകൂടി അതിൽ കയറി ശാർങ്ഗചാപത്തെ കയ്യിൽ എടുത്തു. പിന്നെ ശ്രീരാമൻ തീക്ഷ്ണങ്ങളായ ശരങ്ങളെക്കൊണ്ടു ക്ഷണത്തിൽ രാവണരഥത്തെ കുതിരകളോടുകൂടി പൊടിപ്പെടുത്തുകയും രാവണനെ വല്ലാതെ ഭയപ്പെടുത്തുകയും ചെയ്തു. തേരു പൊടിഞ്ഞപ്പോൾ രാവണൻ വേറെ ഒരു തേരിൽ കയറി വന്നു യുദ്ധം തുടങ്ങി. അനന്തരം രാമൻ തീക്ഷ്ണങ്ങളായ ശരങ്ങളെക്കൊണ്ടു രാവണൻെറ ശിരസ്സുകളെ ഛേദിച്ചു. ആ ശിരസ്സുകൾ ആകാശത്തിലേയ്ക്കു പൊങ്ങി. അങ്ങിനെ രാമൻെറ കൈ

കൊണ്ടു മരണം വന്നു എന്നു വിചാരിച്ചു സന്തോഷിച്ചു മന്ദസ്മിതത്തോടുകൂടി ശ്രീരാമന്റെ കാക്കൽ വന്നുവീണു. രാമനാകട്ടെ വായ് പിളൎന്നവയായ ആ ശിരസ്സുകളെ കണ്ടിട്ട് ഇവ എന്നെ വധിക്കുവാൻ ആകാശത്തുനിന്നു വരുന്നവയാണെന്നു ശങ്കിച്ചു ഭയത്തോടുകൂടി അവയെ ശരസമൂഹങ്ങളെക്കൊണ്ടു പ്രഹരിച്ചു. അപ്പോൾ ഉണ്ടായതു വലിയ അത്ഭുതമെന്നേ പറയേണ്ടു. ശരംകൊണ്ടു മുറിഞ്ഞവയായ ശിരസ്സുകൾ ഒരേവിധത്തിലുള്ള തേജസ്സോടുകൂടി നൂറെറാന്നായിട്ടു കാണപ്പെട്ടു. ഈ ശതമുഖരാവണന്റെ ശിരസ്സുകളെ പിന്നിട് ആയിരത്തൊന്നായിട്ടു ഖണ്ഡിച്ചു എന്നും ചിലർ പറയുന്നുണ്ട്. ഈ അഭിപ്രായഭേദം കല്പഭേദംകൊണ്ടു വന്നതായിരിക്കണം. ഏതായാലും തലകൾ മുറിഞ്ഞുപോയിട്ടും രാവണന്നു മരണം ഭവിച്ചില്ല. ഇതിന്നു കാരണം എന്താണെന്നു ശങ്കിക്കുമ്പോൾ വിഭീഷണൻ വന്നു രാവണന്റെ നാഭിപ്രദേശത്തിങ്കൽ കുണ്ഡലാകാരമായി അമൃതംസ്ഥിതി ചെയ്യുന്നുണ്ടെന്നു വിഭീഷണൻ അറിയിക്കുകയും അപ്പോൾ ശ്രീരാമൻ ആഗ്നേയാസ്ത്രം പ്രയോഗിച്ച് ആ അമൃതത്തെ ദഹിപ്പിച്ചുകളകയും ചെയ്തു. അനന്തരം രാമൻ രാവണന്റെ ശിരസ്സുകളേയും കൈകളേയും ഛേദിക്കുകയും അപ്പോൾ സാധാരണപോലെ ഏകശിരസ്സായും ദ്വിബാഹുവായും രാവണൻ ശോഭിക്കുകയും ചെയ്തു. പിന്നെ രാമരാവണന്മാർ തമ്മിൽ മഹാഭയങ്കരവും കേൾക്കുന്നവൎക്കു രോമാഞ്ചമുണ്ടാക്കുന്നതുമായ യുദ്ധം നടന്നു. ഒടുവിൽ ശ്രീരാമൻ ദാരുകന്റെ ഉപദേശപ്രകാരം രാവണന്റെ മൎമ്മപ്രദേശത്തെ ലക്ഷ്യമാക്കി ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. ആ അസ്ത്രം രാവണന്റെ ഹൃദയം പിളൎന്നു പ്രാണനെ കളഞ്ഞു രാമന്റെ ആവനാഴിയിൽതന്നെ വന്നുചേൎന്നു കൃതാൎത്ഥതയെ പ്രാപിച്ചു. അപ്പോൾ രാവണന്റെ ദേഹത്തിൽനിന്നു സൂൎയ്യനെപ്പോലെ ദീപ്തിമത്തായ ഒരു തേജസ്സു പുറപ്പെട്ടു ദേവന്മാർ കണ്ടുനില്ക്കവേതന്നെ ശ്രീരാമങ്കൽ വന്നുലയിച്ചു. ഈ സമയത്തു ദേവകൾ രാമനെ സ്തുതിച്ചു പുഷ്പവൃഷ്ടി ചെയ്തു. ആകാശത്തിൽ ദേവവാദ്യങ്ങൾ മു

ഴങ്ങി. അപ്സരസ്ത്രീകൾ നൃത്തം വെയ്ക്കുകയും ചെയ്തു. അപ്പോൾ മണ്ഡോദരി മുതലായ ഭൎത്താവിനോടുകൂടെ ദേഹത്യാഗംചെയ്തു ഭൎത്തൃസമേതയായി വൈകുണ്ഠലോകത്തിലേക്കു പോയി. അനന്തരം രാമൻ വിഭീഷണനെക്കൊണ്ടു രാവണന്റെ ശേഷക്രിയകൾ കഴിപ്പിക്കുകയും ലക്ഷ്മണനെക്കൊണ്ടു വിഭീഷണനെ ലങ്കയിലെ രാജാവായി അഭിഷേകം ചെയ്യിക്കുകയും ഞാൻമുമ്പു ന്യാസമായി വെച്ചിട്ടുള്ള ഹനുമാൻ ലങ്കയെ വിഭീഷണങ്കൽനിന്നു വീണ്ടെടുത്തു ഹനുമാന്റെ അധീനത്തിലാക്കുകയും ചെയ്തു. പിന്നെ വിഭീഷണാദികളോടുകൂടി ഹനുമാനെ അശോകവനത്തിലേക്കു് അയച്ചു സകല വൃത്താന്തങ്ങളും സീതയെ കേൾപ്പിക്കുകയും ചെയ്തു.

ആനന്ദരാമായണം സാരകാണ്ഡം പതിനൊന്നാം സൎഗ്ഗം സമാപ്തം.

—൦൦൦—

## പന്ത്രണ്ടാം സൎഗ്ഗം.

—

പരമശിവൻ പറയുന്നു.

അനന്തരം സുഗ്രീവാദികൾ സീതയുടെ കുളികഴിപ്പിച്ചു, ദിവ്യവസ്ത്രങ്ങളെ ധരിപ്പിച്ചു ദിവ്യാഭരണങ്ങൾ അണിയിച്ചു, പല്ലക്കിൽ കയററി വേത്രധാരികളായ ഭടന്മാരുടെ അകമ്പടിയോടുകൂടി അതിവേഗത്തിൽ ശ്രീരാമന്റെ സന്നിധിയിലേക്കു കൂട്ടികൊണ്ടുവന്നു. സീതാദേവിയുടെ ഈ വരവിൽ പലപല വാദ്യങ്ങൾ മുഴക്കുകയും വേശ്യാസ്ത്രീകൾ നൃത്തം വെയ്ക്കുകയും ചെയ്തിരുന്നു. രാമസന്നിധിയിൽ എത്തിയപ്പോൾ സീതാദേവി പല്ലക്കിൽനിന്നു് എറങ്ങി കാൽനടയായി പതുക്കെ നടന്നു ചെന്നു ശ്രീരാമനെ നമസ്കരിച്ചു. ദേവി ഭൎത്താവിന്റെ മുമ്പിൽ വന്നപ്പോൾ ലജ്ജിതയായി ഭവിച്ചു. രാമനാകട്ടെ സീതയെ കണ്ടു് അവൾ ശുദ്ധയാണെന്നറിഞ്ഞിരുന്നിട്ടും മഹാജനങ്ങൾക്കു വിശ്വാസം വരുവാനായി ഇങ്ങിനെ പറഞ്ഞു. "അല്ലയോ

ശത്രുഗൃഹത്തിൽ പാൎക്കുന്നവളായ ജാനകീ! നീ നിന്റെ പോലെ എങ്ങോട്ടെങ്കിലും പോയിക്കൊൾക. ഞാൻ ഇപ്പോൾ ബ്രഹ്മാവുതന്നെ പറഞ്ഞാലും നിന്നെ സ്വീകരിക്കുന്നതല്ല." രാമന്റെ ഈ വാക്കുകേട്ടു സീതാദേവി ലക്ഷ്മണനെക്കൊണ്ടു ശുദ്ധമായ ഒരു ചിത ഉണ്ടാക്കിച്ചു സ്നാനംചെയ്തു ശുദ്ധിവരുത്തി അഗ്നിയോടായിട്ടു "ഹേ അഗ്നിഭഗവാനെ ഞാൻ രാമനെ ഒഴിച്ച് ആരേയും മനസ്സുകൊണ്ടു സ്വീകരിക്കുകപോലും ഉണ്ടായിട്ടില്ല. എന്റെ ഈ വാക്കിൽ സത്യമുണ്ടെങ്കിൽ അങ്ങുന്നു ശീതളനായി ഭവിച്ചാലും" എന്നിങ്ങിനെ ശപഥംചെയ്തു ചിതാഗ്നിയിൽ ചാടി. അപ്പോഴേയ്ക്കു ദേവകളും, ദശരഥമഹാരാജാവും പ്രത്യക്ഷമായി വന്നു പറയുകയാൽ സീത ശുദ്ധയാണെന്നറിയുകയും, ശ്രീരാമൻ സീതയെ സ്വീകരിക്കുകയും ചെയ്തു. സീത അഗ്നിപ്രവേശം ചെയ്തതിന്നുശേഷം അഗ്നിഭഗവാൻ മുമ്പു പഞ്ചവടിയിൽ വെച്ചു ശ്രീരാമൻ തങ്കൽ ഏല്പിക്കപ്പെട്ട സീതാദേവിയെ ശ്രീരാമന്നു കൊണ്ടുവന്നു കൊടുത്തു. ഇങ്ങിനെ അഗ്നിയാൽ നല്കപ്പെട്ടവളും ആഭരണഭൂഷിതയുമായ ദേവിയെ രാമൻ ആലിംഗനംചെയ്തു തന്റെ മടിയിൽ കയററി ഇരുത്തി. പണ്ടു പഞ്ചവടിയിൽ വെച്ചു രാവണവധത്തിന്നുവേണ്ടി സീത താമസി എന്നും, രാജസി എന്നും, സാത്വികി എന്നും മൂന്നായി തിരിഞ്ഞിരുന്നുവെല്ലോ. ആ മൂന്നംശങ്ങളും ഇപ്പോൾ ഒന്നായി ചേൎന്നു പ്രകാശിച്ചു.

അനന്തരം ദേവകൾ രാമനെ സ്തുതിക്കുകയും രാമന്റെയുദ്ധത്തിൽ മരിച്ചുപോയ വാനരപ്പടയെ ദേവേന്ദ്രനെക്കൊണ്ട് അമൃതവൎഷം ചെയ്യിച്ചു ജീവിപ്പിക്കുകയുംചെയ്തു. വാനരന്മാരിൽ ഒരുവൻ കുറഞ്ഞതായി കണ്ടിട്ട് അതിന്നു കാരണമെന്തെന്നു രാമൻ ഹനൂമാനോടു ചോദിച്ചു. അപ്പോൾ ഹനൂമാൻ പറഞ്ഞു. അവനെ കുംഭകൎണ്ണൻ ഭക്ഷിച്ചിരിക്കുന്നു. അവന്റെ നഖമോ രോമമോ അസ്ഥിയോ രക്തമോ വല്ലതും യുദ്ധഭൂമിയിൽ കൊഴിഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ ഈ അമൃതവൎഷംകൊണ്ടു നിശ്ചയമായും അവൻ ജീവിക്കുമായിരുന്നു, അമൃതവൎഷം ഉ

ണ്ടായാൽ യുദ്ധത്തിൽ ചത്തുപോയ രാക്ഷസന്മാർ കൂടിയും ജീവിച്ചേയ്ക്കുമെന്നു ഭയപ്പെട്ടു രാക്ഷസന്മാരുടെ മൃതശരീരമെല്ലാം ഞങ്ങൾ സമുദ്രത്തിൽ എടുത്തിടുകയുംചെയ്തു. ഇപ്രകാരം ഹനൂമാൻ പറഞ്ഞതുകേട്ടു ശ്രീരാമൻ അവിടെ ഉണ്ടായിരുന്ന യമധൎമ്മരാജാവിൻെറ മുഖത്ത് ഒന്നു നോക്കുകയും യമൻ ഭയപ്പെട്ട് ആ മരിച്ചുപോയ വാനരനെ രാമൻെറ മുമ്പിൽ വെയ്ക്കുകയും രാമൻ വളരെ സന്തോഷിക്കുകയും ചെയ്തു.

അനന്തരം രാമൻ മാതലിയോടു സ്വൎഗ്ഗത്തിലേയ്ക്കു പൊയ്ക്കൊൾവാൻ പറയുകയും മാതലി രാമനെ വന്ദിച്ചു തേരിൽ കുതിരകളെ പൂട്ടി ഇന്ദ്രരാജധാനിയിലേയ്ക്കു പോകയും ചെയ്തു. രാമനാകട്ടെ മംഗളസ്നാനം ചെയ്വാനായി വിഭീഷണൻ പല തവണയും പ്രാൎത്ഥിച്ചിട്ടും ഭരതനെ സ്മരിച്ച് ആ പ്രാൎത്ഥനയെ സ്വീകരിക്കുക ഉണ്ടായില്ല. അനന്തരം ശ്രീരാമൻ എല്ലാ വാനരന്മാരോടുംകൂടി പുഷ്പകവിമാനത്തിൽ കയറി രഥത്തോടുകൂടി ദാരുകനും ഗരുഡൻ, മകരധ്വജൻ, വിഭീഷണൻ എന്നിവരും രാമൻെറ ആജ്ഞപ്രകാരം വിമാനത്തിൽ കയറി. അപ്പോൾ അവിടെ കൂടിയിരുന്ന ദേവന്മാരെല്ലാം രാമനോടു യാത്ര പറഞ്ഞു സ്വൎഗ്ഗത്തിലേയ്ക്കു പോയി. ദശരഥനും യാത്ര പറഞ്ഞു വിമാനാരൂഢനായി സ്വൎഗ്ഗത്തിലേയ്ക്കുതന്നെ പോയി.

അനന്തരം പുഷ്പകവിമാനത്തിങ്കൽ ഇരിക്കുന്ന ശ്രീരാമനോടു വിഭീഷണൻ ഇങ്ങിനെ പറഞ്ഞു. സ്വാമിൻ! എനിക്കു നിന്തിരുവടിയോടു ചിലതു ചോദിപ്പാനുണ്ട്. എന്നോടു പരമാൎത്ഥം അരുളിച്ചെയ്യണം. "ഹേ പ്രഭോ! മുൻപു പാതാളത്തിൽ ഐരാവണൻെറ ഗൃഹത്തിൽ എഴുന്നള്ളിയപ്പോൾ നിന്തിരുവടി മൌനം ദീക്ഷിക്കുവാൻ കാരണം എന്താണ്? ദുഷ്ടന്മാരായ ഐരാവണമൈരാവണന്മാരെ അപ്പോൾതന്നെ ക്ഷണനേരംകൊണ്ട് എന്തേ നിഗ്രഹിക്കാഞ്ഞത്?" ഇങ്ങിനെ വിഭീഷണൻ ചോദിച്ചപ്പോൾ ശ്രീരാമൻ പുഞ്ചിരിപൂണ്ട് അരുളിച്ചെയ്തു. ഐരാവണൻെറ ദീപനദാതാക്കളായ വണ്ടുകൾക്കു ഹനുമാൻെറ കൈകൊണ്ടാണു മരണമെന്നു ബ്രഹ്മാവു

വിധിച്ചിട്ടുണ്ട്. അതുകൊണ്ടാണ ഞാൻ ഹനുമാനെ പ്രതിക്ഷിച്ചു മൌനം പൂണ്ടിരുന്നത്. എന്നുതന്നെയല്ലാ, ശ്രീരാമലക്ഷ്മണന്മാരെ അസുരന്മാർ പാതാളത്തിലേയ്ക്കു കൊണ്ടുപോയപ്പോഠ ഹനുമാനാണ വീണ്ടുകൊണ്ടുവന്നത് എന്നിങ്ങിനെ ഹനുമാൻെറ പൌരുഷത്തെ ജനങ്ങഠ പറയുവാൻ ഇടവരട്ടെ എന്നും വിചാരിക്ക ഉണ്ടായി. എൻെറ ബലവാനായിരിക്കുന്ന ദാസനായ ഹനുമാൻെറ വിയ്യപരാക്രമങ്ങളെ വദ്ധിപ്പിക്കുവാൻവേണ്ടിയാണ ഞാൻ അവിടെ ഒന്നും പ്രവത്തിക്കാതിരുന്നത്. അതല്ലെങ്കിൽ അസുരന്മാർ എടുത്തുകൊണ്ടുപോകുന്ന വഴിയിൽത്തന്നെ കേവലം ഒരു ഹുങ്കാരംകൊണ്ട് അവരുടെ കഥ കഴിക്കുവാൻ എനിക്കു കഴിയുമായിരുന്നില്ലേ? ആർ ഒരു ഋഷീകപുല്ലാകുന്ന അസ്ത്രംകൊണ്ടു കാകവേഷധാരിയായ ജയന്തൻെറ നേത്രത്തെ പിളന്നുവോ, ആർ മാരീചനെ അസ്ത്രംകൊണ്ടു സമുദ്രത്തിൽ നൂറുയോജന ദൂരത്തേയ്ക്കു എറിഞ്ഞുവോ, ആ ഞാൻ എന്താ അന്ന് അശക്തനായിരുന്നുവോ? പാതാളത്തിൽ ആ അസുരന്മാരെക്കൊല്ലുന്നകായ്യത്തിൽ ആയുധമില്ലയോ എന്നു കരുതിയല്ലാ ഞാൻ എളകാതിരുന്നത്. ഹനുമാൻെറ പൌരുഷത്തെ വദ്ധിപ്പിക്കുവാൻ മാത്രമാണ്. ഹേ വിഭീഷണ! ഇതു സത്യമാകുന്നു. ഇപ്രകാരം ശ്രീരാമൻ പറഞ്ഞതുകേട്ടിട്ടു ഹനുമാൻ ചിരിച്ചുംകൊണ്ടു വിഭീഷണനോടു പറഞ്ഞു. ഹേ വിഭീഷണാ! അങ്ങ് ഒരു സംഗതി മറന്നുവോ? സേതുബന്ധിക്കുന്ന സമയത്തു ഭഗവാൻ എന്നിലുള്ള ഗവ്വത്തെ കണ്ടു ശിവലിംഗത്തെ പറിക്കുക എന്ന കാരണംകൊണ്ട് എൻെറ വാൽ മുറിച്ചുകളഞ്ഞില്ലേ? ഇതാണ് എൻെറ അവസ്ഥ. ഭഗവാൻെറ മുമ്പിൽ എനിക്കു വല്ല ബലവും ഉണ്ടെന്ന് അങ്ങു വിചാരിക്കുന്നുണ്ടോ? ഐരാവണനേയും മൈരാവണനേയും കൊല്ലുവാൻ ശ്രീരാമസ്വാമിക്കു വല്ലതാമസവും വേണ്ടിയിരുന്നുവോ? എന്തിനു പറയുന്നു. അവിടുന്നു തൻെറ ദാസൻെറ കീത്തിയെ വദ്ധിപ്പിക്കുകയാണ ചെയ്യുത്. ഹനുമാൻെറ ഈ വാക്കുകേട്ടു വിഭീഷണൻ പരമഭക്തിയോടുകൂടി രാമനെ നമസ്കരി

ക്കുകയും പൂജിക്കുകയും ചെയ്തു. അനന്തരം ശ്രീരാമനോടു പുഷ്പകവിമാനത്തിങ്കൽവെച്ചു സീത അപേക്ഷിച്ചപ്രകാരം ത്രിജടയെ വസ്ത്രാഭരണാദികളെക്കൊണ്ടു സന്തോഷിപ്പിച്ച് അവൾക്കു ഭഗവാൻ വരങ്ങളെ ദാനംചെയ്തു. ഭഗവാൻ ത്രിജടയോട് അരുളിച്ചെയ്തു. "ഹേ ത്രിജടേ! നീ ശുഭപ്രദമായ എന്റെ വാക്കിനെ കേട്ടാലും. കാർത്തികമാസം, വസന്തമാസം, മാഘമാസം, ചൈത്രമാസം ഈ നാലുമാസങ്ങളിൽ പ്രാതഃകാലത്തിങ്കൽ സ്നാനംചെയ്യുന്ന വിശിഷ്ടജനങ്ങളുടെ മൂന്നുദിവസത്തെ സ്നാനഫലം നിന്റെ പ്രീതിക്കായിക്കൊണ്ടു ഭവിക്കും. ആ സ്നാനഫലത്തെ സ്വീകരിച്ചു നീ കൃതാർത്ഥയായി ഇരുന്നാലും. ആർ മേൽപറഞ്ഞ മാസങ്ങളിൽ വെളുത്തവാവുകഴിഞ്ഞു 3 ദിവസം സ്നാനംചെയ്യാതെ ഇരിക്കുന്നുവോ അവരുടെ ഒരു മാസത്തെ സ്നാനഫലത്തേയും എന്റെ വാക്കുപ്രകാരം നീ എടുത്തുകൊൾക. എന്നുതന്നെയല്ല, നിണക്ക് ഒരു വരംകൂടി ഞാൻ തരുന്നുണ്ട്. അശുചികളായ ഗൃഹങ്ങളിൽ വെച്ചുനടത്തുന്ന സൽകർമ്മങ്ങളും, ശ്രാദ്ധങ്ങളിൽ ശുചിത്വമില്ലാതെ ചെയ്യുന്ന പിണ്ഡങ്ങളും, ക്രോധത്തോടുകൂടി ചെയ്യുന്ന ദാനങ്ങളും, വസിഷ്ഠൻതന്നെ ചെയ്യുന്നതായാൽക്കൂടിയും ഹേ ത്രിജടേ അവയുടെ ഫലങ്ങൾ നിണക്ക് ഇരിക്കുന്നതാണ്. കൂടാതെ ഒന്നുകൂടിപറയാം കേട്ടാലും, മെഴുക്കുപുരട്ടാതെ കാൽ കഴുകുക, എള്ളുകൂടാതെ തർപ്പണം ചെയ്യുക, ദക്ഷിണകൂടാതെ ശ്രാദ്ധംഊട്ടുക എന്നിവയുടെ ഫലങ്ങളും ഹേ ത്രിജടേ നിണക്കുതന്നെ ഇരിക്കുന്നതാണ്." ഇപ്രകാരം വരങ്ങളെക്കൊടുത്തു ത്രിജടയോടും സരമയോടും, വിഭീഷണൻ, സുഗ്രീവൻ, മകരദ്ധ്വജൻ, മററുവാനരന്മാർ എന്നിവരോടുംകൂടി ആകാശദേശത്തൂടെ സീതയ്ക്കു കൌതുകകരങ്ങളായ ഓരോ കാഴ്ചകളെ കാട്ടിക്കൊടുത്തുകൊണ്ടു ശ്രീരാമൻ എഴുന്നള്ളി. "ഹേ സീതേ! ഇതാ നോക്കു! പുരോഭാഗത്തു ലങ്കാനഗരം. ഇതാ ഞാൻ യുദ്ധം ചെയ്തതായ പോർക്കളം. ഇതാ ഇക്കാണുന്നതു ലവണസമുദ്രത്തിൽ കല്ലുകളെക്കൊണ്ടു കെട്ടിയുണ്ടാക്കിയ ചിറയാണ്. ഇതാകാണുന്നു സേതുബന്ധം എന്ന പു

ന്ത്യതീൎത്ഥം" എന്നിങ്ങിനെ സീതയോടു പറഞ്ഞിട്ടു ശ്രീരാമൻ വിഭീഷണൻെറ വാക്കുപ്രകാരം പുഷ്പകവിമാനത്തിൽനിന്നു ഭൂമിയിൽ എറങ്ങി തൻെറ ധനുസ്സു കയ്യിലെടുത്ത് അതിൻെറ കോടി (അഗ്രം) കൊണ്ടു സേതുവിനെ മുറിച്ചു. ആ തീൎത്ഥം "ധനുഷ്കോടി എന്നു പറയപ്പെടുന്നു. ധനുഷ്കോടിയിൽ സ്നാനം ചെയ്യുന്നവൎക്കു കൈവല്യം ലഭിക്കും. അവിടെ അന്നുമുതൽ കോദണ്ഡപാണി എന്നു പേരായ ശ്രീരാമമൂൎത്തിയെ പ്രതിഷ്ഠിച്ചുപൂജിച്ചുവരുന്നു. ഇതിനിടയിൽ സമ്പാദി അവിടെ വന്നു. ശ്രീരാമൻ സമ്പാദിയെ ആലിംഗനംചെയ്തു പുഞ്ചിരിയോടുകൂടി "നിൻെറ അനുജൻെറ പേരിൽ ഈ സേതുവിങ്കൽ നിൎമ്മിച്ച് ഒരു തീൎത്ഥത്തെ ഉണ്ടാക്കികൊൾക" എന്നരുളിച്ചെയ്തു. അതുപ്രകാരം സമ്പാതി തൻെറ അനുജനായ ജടായുവിൻെറ പ്രീതിക്കുവേണ്ടി ഒരു തീൎത്ഥം നിൎമ്മിച്ചു. അതിനെ ജടായു തീൎത്ഥം എന്നു പറയുന്നു. അനന്തരം രാമാജ്ഞയെ അനുസരിച്ചു സമ്പാദിയും വിമാനത്തിൽ കയറി. പിന്നെ ഭഗവാൻ സീതക്കു ഓരോ കൌതുകങ്ങളെക്കാട്ടിക്കൊടുത്തുംകൊണ്ടു പോയി രാമേശ്വരത്ത് എത്തി. അവിടെ രാമേശ്വരദേവനെ പൂജിച്ചു ഭഗവാൻ സീതയോട് അരുളിച്ചെയ്തു. "ഹേ വൈദേഹി! ഇതാ നോക്കു, ഇവിടെയാണു ഞാൻ മന്ത്രാലോചനക്കായി സ്ഥിതിചെയ്തത്. ഇക്കാണുന്ന സ്ഥലത്തു സമുദ്രപ്രീതിക്കായി ദൎഭശയനംചെയ്തു. ഇവിടെയാണു നവഗ്രഹപൂജക്കായി സമുദ്രത്തിൽ ഒമ്പതുകല്ലുകൾ നാട്ടിയത്. ഇതാ ഇവിടെ എൻെറ ആജ്ഞപ്രകാരം സമുദ്രം ശബ്ദംകൂടാതെ സ്ഥിതിചെയ്യുന്നതു കണ്ടാലും" ഇങ്ങിനെ ഓരോന്നു സീതക്കു കാട്ടിക്കൊടുത്തുംകൊണ്ടു ഭഗവാൻ കിഷ്കിന്ധയിൽ എത്തി. അവിടെവെച്ചു വാനരന്മാരുടെ സ്ത്രീകളേയും ഭഗവാൻ വിമാനത്തിൽ കയററി. പിന്നേയും സീതക്കു ഓരോന്നു കാണിച്ചുകൊടുത്തുംകൊണ്ടു യാത്രതുടൎന്നു. "ഹേ സീതേ! ഇതാ പ്രവൎഷണപൎവ്വതത്തേയും, ഋശ്യമൂകപൎവ്വതത്തേയും നോക്കു മനോഹരമായ പമ്പാസരസ്സ്, കൃഷ്ണാനദി, ഭീമരഥിനദി, എന്നിവയേയും കണ്ടാലും, ഗോദാ

വരിതിരത്തികൾ ശോഭിക്കുന്ന രമ്യമായ പഞ്ചവടിയേയും ക ണ്ടാലും. ഇതാ അഗസ്ത്യാശ്രമം, സുതീഷ്ണാശ്രമം, അത്രിമഹ ഷിയുടെ ആശ്രമം, ചിത്രക്കൂടപവ്വതം എന്നിവയും, കാളിന്ദീന ദി, ഗംഗാനദി, ഭരദ്വാജാശ്രമം എന്നിവയും കാണപ്പെടുന്നു" ഇപ്രകാരം സീതയോടു പറഞ്ഞതിനുശേഷം ഭഗവാൻ ഭരദ്വാ ജൻെറ അപേക്ഷപ്രകാരം വിമാനത്തിൽനിന്ന് എറങ്ങി അദ്ദേ ഹത്തിൻെറ ആശ്രമത്തിൽ സുഖമായി സ്ഥിതിചെയ്തു. ഭരദ്വാ ജൻ തപശ്ശക്തികൊണ്ട് അവിടെ ഒരു സ്വർഗ്ഗത്തെ സൃഷ്ടിച്ചു ശ്രീരാമനേയും സീതയേയും കൂടെയുള്ള വാനരാദികളേയും ക്ഷേ മമായി സല്ക്കരിച്ചു. അന്നു മാഘമാസം വെളുത്ത ചതുത്ഥി പ തിനാലാം സംവത്സരം അവസാനദിവസമായിരുന്നു. ആ ക ഥ ഉള്ളിൽ വിചാരിച്ചു ഭഗവാൻ ഹനുമാനോടു, "ഹേ മാരു തേ! നീ അയോദ്ധ്യയിൽചെന്നു ഭരതനോട് എൻെറ വൃത്താ ന്തം പറഞ്ഞാലും. വഴിക്കു ശൃംഗിവേരപുരത്തിൽ എൻെറ മി ത്രമായ ഗുഹനോടും വത്തമാനം പറയണം" എന്നു കല്പിച്ചു. അ തുപ്രകാരം ഹനുമാൻ ഗുഹൻെറ സമീപത്തുചെന്നു രാമവൃത്താ ന്തം ഗ്രഹിപ്പിക്കുകയും ഗുഹൻ സന്തുഷ്ടനായി രാമസമീപത്തേ ക്കു പോകയും ചെയ്തു. പിന്നേ ഹനുമാൻ ആകാശത്തൂടെ അ യോദ്ധ്യയിലേക്കു പോയി.

അയോദ്ധ്യയിൽ നന്ദിഗ്രാമത്തിൽ പാൎത്തിരുന്ന ഭരതൻ ശ്രീരാമൻ പോയിട്ടു പതിന്നാലു സംവത്സരം തികയുകയും, രാ മൻ മടങ്ങിവരാതിരിക്കയും ചെയ്യുമ്പോൾ നിശ്ചയപ്രകാരം അ ഗ്നിപ്രവേശം ചെയ്വാനായി ഒരുങ്ങി. ഭരതൻ ശത്രുഘ്നനോട്. "രാവണൻ യുദ്ധത്തിൽവെച്ചു വീരന്മാരായ രാമലക്ഷ്മണന്മാ രെ കൊന്നിട്ടുണ്ടായിരിക്കുമെന്നു ഞാൻ ശങ്കിക്കുന്നു. അതുകൊ ണ്ടായിരിക്കണം അവർ ഇന്നിവിടെ എത്താഞ്ഞത്. ലങ്ക യിൽചെന്നു ശ്രീരാമനെ സഹായിപ്പാൻവേണ്ടി, സകല രാ ജാക്കന്മാരേയും സൈന്യങ്ങളോടുകൂടി വരുവാൻ ക്ഷണിച്ചിട്ടു ണ്ട്. ഇന്നു സൂൎയ്യാസ്തമയമായാൽ ഞാൻ അഗ്നിപ്രവേശം ചെ യ്യും. നീ രാജാക്കന്മാരോടുകൂടി ലങ്കയിൽപോയി യുദ്ധത്തിൽ

രാവണനെക്കൊന്നു സീതയെ വീണ്ടെടുക്കുകയും, പിന്നെ ഞങ്ങൾ മൂന്നുപേക്കും വിധിപോലെ പിതൃക്രിയ ചെയ്യുകയും വേണം" എന്നു പറഞ്ഞു. അതു കേട്ടിട്ട് അയോദ്ധ്യയിലുള്ള നാട്ടുകാരും, രാജാക്കന്മാരും, ശത്രുഘ്നനും, അമ്മമാരും, ഊൎമ്മിള തുടങ്ങിയ സ്ത്രീകളും, സുമന്ത്രൻ മുതലായ മന്ത്രിമാരും, പൌരസ്ത്രീകളും, സേവകന്മാരും എല്ലാം വ്യസനം സഹിക്കാതെ പരവശന്മാരായിട്ടു ഭരതന്റെ പുറമേ വന്നു വശായി. ഭരതൻ അവരെ എല്ലാം സമാധാനിപ്പിച്ചു സരയൂനദിയിലേയ്ക്കു പോയി ഒരു ചിതയുണ്ടാക്കി കുളിച്ച് അനേകം ദാനംചെയ്തു. പിന്നെ ശ്രീരാമനേയും സീതയേയും ലക്ഷ്മണനേയും ധ്യാനിച്ച് അഗ്നിക്കു മൂന്നുപ്രദക്ഷിണംവെച്ച്, അമ്മമാരേയും, ഗുരുവിനേയും, മഹൎഷിമാരേയും നമസ്കരിച്ചു ഭരതൻ പരദൈവതാധ്യാനത്തോടുകൂടി വടക്കോട്ട് അഭിമുഖമായി സ്ഥിതിചെയ്തു. ആ സന്ധ്യാസമയത്തു സൂൎയ്യങ്കൽ ദൃഷ്ടി പതിപ്പിച്ചു സൂൎയ്യൻ അസ്തമിക്കുന്നതു കാത്തുംകൊണ്ടു ഭരതൻ അല്പനേരം നിലകൊണ്ടു. ഈ അവസരത്തിൽ വ്യസനാൎത്തന്മാരായ സ്ത്രീപുരുഷന്മാരുടെ വലിയ കോലാഹലമുണ്ടായി. ഇങ്ങിനെയുള്ള ഘട്ടത്തിൽ ആകാശത്തുടെ വരുന്ന ഹനുമാൻ അഗ്നിപ്രവേശം ചെയ്വാൻ ഒരുങ്ങിനില്ക്കുന്ന ഭരതന്റെ മുമ്പിൽ പൊടുന്നനവേ വന്ന് അദ്ദേഹത്തെ അമൃതലഹരിയിൽ ആറാടിക്കുമാറു മധുരമായ വാക്യത്തെ പറഞ്ഞു. "ഹേ ജടാധരനായിരിക്കുന്ന വീര! അങ്ങ് അഗ്നിപ്രവേശം ചെയ്യേണ്ട. ശ്രീരാമസ്വാമി ഇന്ന് എഴുന്നള്ളിയിരിക്കുന്നു. അവിടുന്നു സീതയോടും ലക്ഷ്മണനോടുംകൂടി ഭരദ്വാജാശ്രമത്തിൽ ഉണ്ട്. വാനരന്മാരോടുകൂടിയ അവിടുത്തെ നാളെ നിശ്ചയമായും അങ്ങയ്ക്കു കാണാം. ശ്രീരാമനും അങ്ങയെ കാണ്മാൻ വളരെ ഉൽക്കണ്ഠയുണ്ട്." ഇപ്രകാരം ഹനുമാന്റെ വാക്കാകുന്ന അമൃതവൎഷത്താൽ സിക്തനായ ഭരതൻ സന്തോഷസമേതം അഗ്നിയെ നമസ്കരിച്ചു താൻ ചെയ്വാൻ പുറപ്പെട്ട കൃത്യത്തിൽനിന്നു പിൻതിരിഞ്ഞു ഹനുമാനെ നമസ്കരിച്ചു. ഹനുമാൻ ഭരതനേയും നമസ്കരിച്ചു ശ്രീരാമന്റെ സന്തോഷക

രമായ വൎത്തമാനം മുഴുവൻ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. അതുകേട്ടു ഭരതൻ സന്തുഷ്ടനായിട്ട് അയോദ്ധ്യാനഗരിയെ തോരണാദികളെക്കൊണ്ട് അലങ്കരിച്ചു പൌരജനങ്ങളോടുകൂടി ശ്രീരാമനെ സ്വീകരിക്കുവാൻ ഒരുങ്ങി. രാമന്റെ മെതിയടികളെ തലയിൽ വെച്ചും രാജകീയമായ ഗജത്തെ മുമ്പിൽ നടത്തിയുമാണ് എതിരേല്ക്കുവാൻ ഉറച്ചത്. മാഘമാസം, വെളുത്ത പഞ്ചമിദിവസം പതിനഞ്ചാമത്തെ സംവത്സരത്തിന്റെ ആരംഭത്തിൽ പ്രഭാതസമയത്തു തെക്കേദിക്കിൽ ആകാശത്തുകൂടെ വരുന്ന പുഷ്പകവിമാനത്തെ ഭരതൻ സന്ദൎശിച്ചു. ഉടൻതന്നേ അദ്ദേഹം രാമനെ സാഷ്ടാംഗം നമസ്കരിച്ചു. രാമൻ ഭരതനെ ആലിംഗനംചെയ്കയും പിന്നെ അനേകരൂപങ്ങളെ ധരിച്ച് ഒരേ സമയത്തുതന്നെ സൎവ്വജനങ്ങളേയും പരിഷ്വംഗം ചെയ്കയും ചെയ്തു. ഒരാളെ മുമ്പിലും മററൊരാളെ പിന്നെയും ആലിംഗനംചെയ്തു എന്നു പറയുവാൻ പാടില്ല. അനേകം ശ്രീരാമരൂപങ്ങളെ കണ്ടു ജനങ്ങൾ വല്ലാതെ വിസ്മയിച്ചു. പിന്നെ രാമൻ സന്തോഷാശ്രു നിറഞ്ഞ കണ്ണുകളോടുകൂടിയ ഭരതനെ സമാധാനിപ്പിച്ച്, അമ്മമാരേയും, വസിഷ്ഠനേയും, അരുന്ധതിയേയും നമസ്കരിച്ചു. അതിന്നുശേഷം ഗീതനൃത്താദികളോടുകൂടി നന്ദിഗ്രാമത്തിലേക്കു പതുക്കെ എഴുന്നള്ളി. അവിടെവെച്ചു ക്ഷൌരവും, പലതരത്തിലുള്ള മംഗലവസ്തുക്കളോടുകൂടിയ തൈലാഭ്യംഗവും കഴിച്ചു. ഈ സമയത്തു നവവാദ്യങ്ങളുടെ മധുരശബ്ദങ്ങൾ എങ്ങും മുഴങ്ങി. സ്ത്രീകൾ രത്നമയങ്ങളായ ദീപങ്ങളെക്കൊണ്ടു രാമനെ നീരാജനംചെയ്തു. പിന്നെ സീതയും ഭൎത്താവിന്റെ അമ്മമാരേയും, അരുന്ധതിയേയും, വസിഷ്ഠനേയും വൃദ്ധന്മാരായ ബ്രാഹ്മണരേയും വന്ദ്യന്മാരായ മററുള്ളവരേയും യഥാക്രമം നമസ്കരിച്ചു. പിന്നേ കൌസല്യ മുതലായ അമ്മമാർ സീതയെ ആലിംഗനംചെയ്തു, പല മംഗലദ്രവ്യങ്ങളെക്കൊണ്ടു വാദ്യഘോഷത്തോടുകൂടി സ്നാനംചെയ്യിച്ചു. നല്ല വസ്ത്രങ്ങളും ധരിച്ചു ഭംഗിയുള്ള ആഭരണങ്ങളും അണിഞ്ഞു സീതാദേവി ഏററവും ശോഭിച്ചു. ഭരതൻ താൻ പൂജിച്ചുവന്നി

രുന്ന രാമന്റെ മെതിയടികളെ അദ്ദേഹത്തിന്റെ പാദങ്ങളിൽ അർപ്പിച്ചു ഭക്തിവിനയങ്ങളോടുകൂടി ശ്രീരാമനോട് "എന്റെ കയ്യിൽ സൂക്ഷിപ്പാൻ ഏല്പിച്ചിരുന്ന അങ്ങയുടെ രാജ്യത്തെ ഞാൻ ഇതാ തിരിയേ തന്നിരിക്കുന്നു. രാജ്യത്തെ സൈന്യങ്ങളേയും, ഭണ്ഡാരത്തേയും, പത്തിരട്ടിയായി ഞാൻ വർദ്ധിപ്പിച്ചിട്ടുണ്ട്. അതു സാധിച്ചത് ഇവിടുത്തെ തേജസ്സുകൊണ്ടു തന്നെയാണ്. ഇനി ഇവിടുത്തെ രാജ്യം ഇവിടുന്നുതന്നേ പരിപാലിക്കണം" എന്ന് ഉണർത്തിച്ചു. രാമൻ അപ്രകാരമാവാമെന്നു പറഞ്ഞു ഭരതന്റെ ഭാരം ഒഴിച്ചു. അനന്തരം രാമൻ ദിവ്യവസ്ത്രങ്ങളെ ധരിച്ചു സീതാസമേതനായി തേരിൽ കയറി വാദ്യഘോഷങ്ങളോടും, ജയശബ്ദങ്ങളോടും, വാരസ്ത്രീകളുടെ ആട്ടങ്ങളോടും, പാട്ടുകളോടുംകൂടി ഘോഷയാത്രയായി തന്റെ രാജധാനിയിലേയ്ക്ക് എഴുന്നള്ളി. ഈ സമയത്തു മാളികകളിൽനിന്നു പൌരനാരിമാർ പുഷ്പങ്ങളെക്കൊണ്ടു വർഷിച്ചു. വഴിക്കു പലവിധത്തിലുള്ള ബലികളെ ഉപഹരിച്ചു നിരാജനംചെയ്കയും ചെയ്തു. പിന്നേ രാമൻ രഥത്തിൽനിന്ന് എറങ്ങി സീതയെ ഗൃഹത്തിങ്കലേയ്ക്ക് അയച്ചു പുഷ്പകവിമാനത്തോട് "ഇനി നീ പോയി വൈശ്രവണനെത്തന്നെ വഹിച്ചുകൊൾക" എന്നു പറകയും അങ്ങിനെയാവട്ടെ എന്നു സമ്മതിച്ച് വിമാനം പോകയുംചെയ്തു.

അനന്തരം ശ്രീരാമൻ വാനരന്മാരോടുകൂടി സഭാമദ്ധ്യത്തിങ്കൽ പ്രവേശിച്ചു. വാനരന്മാർക്കു പാർക്കുവാൻ മനോഹരങ്ങളായ ഗൃഹങ്ങളെ പ്രത്യേകം പ്രത്യേകം ഒഴിച്ചുകൊടുക്കുകയും ചെയ്തു. പിന്നെ പുരോഹിതൻ, നല്ല മുഹൂർത്തത്തിൽ മംഗളകർമ്മങ്ങളോടുകൂടി ശ്രീരാമനു രാജ്യാഭിഷേകം കഴിപ്പിച്ചു. ഹനുമാൻ മുതലായ വാനരന്മാരെക്കൊണ്ടു നാലു സമുദ്രങ്ങളിലേയും വെള്ളം കൊണ്ടു വരുവിച്ചു, സകല രാജാക്കന്മാരുടേയും സാന്നിദ്ധ്യത്തോടുകൂടി വാദ്യഘോഷസമേതമായിട്ടാണ് അഭിഷേകം നടത്തിയത്. അഭിഷേകാവസരത്തിൽ ലക്ഷ്മണൻ പിൻഭാഗത്തുനിന്നു വെൺകൊററക്കുട പിടിക്കുകയും, ഭരതൻ

വലത്തുവശത്തുനിന്നു ചാമരം വീശുകയും, ശത്രുഘ്നൻ എടത്തുഭാഗത്തുനിന്ന് ആലവട്ടം പിടിക്കുകയും ചെയ്തു. ഹനുമാൻ മുൻവശത്തു മെതിയടികളെ ധരിച്ചുംകൊണ്ടു നിന്നു. അഗ്നികോണിലും നിരൃതികോണിലും വായുകോണിലും ഈശാനകോണിലും സുഗ്രീവൻ മുതലായ നാലുപേർ സ്ഥിതി ചെയ്തു. സുഗ്രീവൻ ജലപാത്രത്തേയും, വിഭീഷണൻ, വാൽക്കണ്ണാടിയേയും അംഗദൻ ചെല്ലപ്പെട്ടിയേയും, ജാംബവാൻ വസ്ത്രഭാണ്ഡത്തേയും ധരിച്ചുംകൊണ്ടാണു നിന്നത്. ഇങ്ങിനെ ശ്രീരാമൻ ചാരുമെത്തയും അടിമെത്തയും ഉള്ളതായ സിംഹാസനത്തിങ്കൽ ഇരുന്നരുളി. ലക്ഷ്മണൻെറ എടത്തുവശത്തു സമ്പാതിയും, ഭരതൻെറ എടത്തുവശത്തു ഗുഹനും, ശത്രുഘ്നൻെറ എടത്തുവശത്തു മകരധ്വജനും, ഹനുമാൻെറ എടത്തുവശത്തു ഗരുഡനും സ്ഥിതി ചെയ്തു. സുഗ്രീവൻ തുടങ്ങിയ നാലുപേരുടേയും എടത്തുഭാഗങ്ങളിൽ ചിത്രരഥൻ, വിജയൻ, സുമന്ത്രൻ, ദാരുകൻ എന്നീ നാലുപേരും നിന്നു. അപ്പോൾ മഹാതേജസ്വികളായ സുരന്മാർ, യക്ഷന്മാർ, ഗന്ധർവ്വന്മാർ, കിന്നരന്മാർ എന്നിവരെല്ലാം രാജോചിതങ്ങളായ പല ഉപകരണങ്ങളെ കയ്യിൽ എടുത്തു വന്നു ശ്രീരാമസ്വാമിയെ സന്ദർശിച്ചു. ഔഷധികൾ, പർവ്വതങ്ങൾ, വൃക്ഷങ്ങൾ, സമുദ്രങ്ങൾ, നദികൾ എന്നിവയും ദിവ്യരൂപധാരികളായി സന്നിധാനം ചെയ്തു. അപ്പോൾ വായുദേവൻ ദേവേന്ദ്രൻെറ ആളായിട്ടു വന്ന് ഒരു സ്വർണ്ണമാലയെ കാഴ്ച വെച്ചു. ദേവേന്ദ്രൻ തന്നെ നേരിട്ടു വന്നു ഭക്തിയോടുകൂടി സർവ്വരത്നങ്ങളുംപതിച്ചതും, മണികാഞ്ചനങ്ങളെക്കൊണ്ടു അലങ്കരിക്കപ്പെട്ടതുമായ ഒരു ഹാരത്തെ ശ്രീരാമസ്വാമിക്കു സമർപ്പിച്ചു. ദേവന്മാരും ഗന്ധർവ്വന്മാരും സംഗീതം പൊടിപൊടിച്ചു. ദേവന്മാരുടെ ദുന്ദുഭിവാദ്യങ്ങൾ മുഴങ്ങി. ആകാശത്തുനിന്നു പുഷ്പവൃഷ്ടിയും പതിച്ചു.

അനന്തരം ഞാനും (ശിവൻ) ശ്രീരാമചന്ദ്രൻെറ പട്ടാഭിഷേകത്തിങ്കൽ സന്നിധാനം ചെയ്തു ഭരതനാൽ ഏററവും പൂജിക്കപ്പെട്ടവനായിട്ടു രാമസ്വാമിയെ ഇങ്ങിനെ സ്തുതിച്ചു.

ശ്രീശിവ ഉവാച.

സുഗ്രീവമിത്രം പരമം പവിത്രം
സീതാകളത്രം നവമേഘ ഗാത്രം
കാരുണ്യപാത്രം ശതപത്രനേത്രം
ശ്രീരാമചന്ദ്രം സതതം നമാമി. 1

സംസാരപാരം നിഗമപ്രചാരം
ധൎമ്മാവതാരം ഹൃതഭൂമിഭാരം
സദാ വികാരം സുഖസിന്ധു സാരം
ശ്രീരാമചന്ദ്രം സതതം നമാമി. 2

ലക്ഷ്മീവിലാസം ജഗതാം നിവാസം
ലങ്കാവിനാശം ഭുവനപ്രകാശം
ഭൂദേവവാസം ശരദിന്ദു ഹാസം
ശ്രീരാമചന്ദ്രം സതതം നമാമി. 3

---

1. സുഗ്രീവന്റെ ബന്ധുവും ഏററവും പരിശുദ്ധനും സീതയാകുന്ന ഭാൎയ്യയോടു കൂടിയവനും പുതുമഴക്കാറൊത്ത തിരുമേനിയോടുകൂടിയനും കാരുണ്യത്തിന്നു പാത്രമായവനും താമരപ്പൂവുപോലെയുള്ള കണ്ണുകളോടുകൂടിയവനുമായ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

2. സംസാരത്തിൽ സാരമായവനും വേദപ്രചാരത്തിനു കാരണമായവനും ധൎമ്മത്തിന്നായി അവതാരം ചെയ്യുവനും ഭൂഭാരഹരണം ചെയ്യുവനും എല്ലായ്പോഴും വികാരമില്ലാത്തവനും സുഖസമുദ്രത്തിന്റെ സത്തായവനുമായ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

3. ലക്ഷ്മീദേവിയുടെ വിലാസത്തിന്നു സ്ഥാനമായവനും, ലോകങ്ങൾ എല്ലാം വസിക്കുന്ന സ്ഥലമായവനും, ലങ്കയെ നശിപ്പിച്ചവനും ലോകങ്ങൾക്കു പ്രകാശം നല്കുന്നവനും, ബ്രാഹ്മണൎക്ക് ആശ്രയഭൂതനും ശരൽക്കാലചന്ദ്രനെപ്പോലെ ധവളമായ പുഞ്ചിരിയുള്ളവനും ആയ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

മന്ദാരമാലം വചനേ രസാലം
ഗുണൈർവ്വിശാലം ഹതസപ്തതാലം
ക്രവ്യാദകാലം സുരലോകപാലം
ശ്രീരാമചന്ദ്രം സതതം നമാമി. 4

വേദാന്തഗാനം സകലൈസ്സമാനം
ഹതാരിമാനം ത്രിദശപ്രധാനം
ഗജേന്ദ്രയാനം വിഗതാവസാനം
ശ്രീരാമചന്ദ്രം സതതം നമാമി. 5

ശ്യാമാഭിരാമം നയനാഭിരാമം
ഗുണാഭിരാമം വചനാഭിരാമം
വിശ്വപ്രണാമം കൃതഭക്തകാമം
ശ്രീരാമചന്ദ്രം സതതം നമാമി. 6

---

4. മന്ദാരമാലയണിഞ്ഞവനും തേൻമാമ്പഴംപോലെ മധുരമായ വചനത്തോടുകൂടിയവനും ഏററവുംവിസ്തൃതങ്ങളായ ഗുണങ്ങളോടുകൂടിയവനും ഏഴു താലവൃക്ഷങ്ങളെ നശിപ്പിച്ചവനും രാക്ഷസന്മാൎക്ക് അന്തകനും ദേവകൾക്കു രക്ഷകനുമായ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

5. വേദാന്തത്തിൽ ഗാനം ചെയ്യപ്പെടുന്നവനും സകലരിലും സമഭാവനയോടുകൂടിയവനും ശത്രുക്കളുടെ അഭിമാനത്തിനു ഭംഗം ചെയ്യുവനും ദേവശ്രേഷ്ഠനും ഗജേന്ദ്രഗാമിയും എന്നും അവസാനമില്ലാത്തവനും ആയ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

6. ശ്യാമളനിറമായി മനോഹരനായി സ്ഥിതി ചെയ്യുന്നവനും കണ്ണുകൾക്ക് അഭിരാമനായവനും ഗുണങ്ങളെക്കൊണ്ടു ശോഭിക്കുന്നവനും വാക്കുകൾക്ക് ആനന്ദം വളൎത്തുന്നവനും സൎവ്വജനങ്ങളാലും വന്ദിക്കപ്പെടുന്നവനും ഭക്തന്മാൎക്ക് അഭിഷ്ടദാനം ചെയ്യുന്നവനുമായ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

ലീലാശരീരം രണരംഗധീരം
വിശ്വൈകസാരം രഘുവംശഹാരം
ഗംഭീരനാദം ജിതസർവ്വവാദം
ശ്രീരാമചന്ദ്രം സതതം നമാമി. 7

ഖലേ കൃതാന്തം സ്വജനേ വിനീതം
സാമോപഗീതം മനസാ പ്രതീതം
രാഗേണഗീതം വചനാദതീതം
ശ്രീരാമചന്ദ്രം സതതം നമാമി. 8

ശ്രീരാമചന്ദ്രസ്യ വരാഷ്ടകം ത്വാം
മയേരിതം ദേവി മനോഹരം യേ
പഠന്തി ശൃണ്വന്തി ഗൃണന്തി ഭക്ത്യാ
തേ സ്വീയകാമാൻ പ്രലഭന്തി നിത്യം. 9

---

7. ലീലാർത്ഥമായി ശരീരമെടുത്തവനും യുദ്ധക്കളത്തിൽ ധീരതയോടുകൂടിയവനും ലോകത്തിൽ വെച്ചു സാരഭൂതനായവനും രഘുവംശത്തിന്നു മുത്തുമണിപോലെ ഇരിക്കുന്നവനും ഗംഭീരമായ ശബ്ദത്തോടുകൂടിയവനും എല്ലാ വാദങ്ങളേയും ജയിച്ചവനും ആയ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

8. ഖലങ്കൽ അന്തകനെപ്പോലെയുള്ളവനും സ്വജനത്തിങ്കൽ വിനയത്തോടുകൂടിയവനും സാംഗങ്ങളായ വേദങ്ങളാൽ കീർത്തിക്കപ്പെട്ടവനും മനസ്സുകൊണ്ട് അറിയപ്പെടുന്നവനും രാഗത്തോടുകൂടി ഗാനം ചെയ്യപ്പെടുന്നവനും വാക്കിന്നു വിഷയമല്ലാത്തവനും ആയ ശ്രീരാമചന്ദ്രനെ ഞാൻ നമസ്കരിക്കുന്നു.

9. ഹേ പാർവ്വതി! നിണക്കു ഞാൻ പറഞ്ഞുതന്ന മനോഹരവും ശ്രേഷ്ഠവും ആയ ഈ ശ്രീരാമചന്ദ്രാഷ്ടകത്തെ യാവചിലർ ഭക്തിയോടുകൂടി പഠിക്കുകയും കേൾക്കുകയും പ്രശംസിക്കുകയും ചെയ്യുന്നുവോ അവർ നിത്യവും ആഗ്രഹിക്കപ്പെട്ട വസ്തുക്കളെ ലഭിക്കുന്നു.

ഇപ്രകാരം രാമചന്ദ്രനെ സ്തുതിച്ചിട്ടു ഞാൻ പട്ടാഭിഷേക സഭയിൽ ഇരുന്നു. ഇതിനിടയിൽ അവിടെ മഹാനായ ദശരഥ മഹാരാജാവും വന്നുചേൎന്നു. സൂൎയ്യനെപ്പോലെ കാന്തിയോടുകൂടിയ അദ്ദേഹം വിമാനത്തിൽ ഇരുന്നു സീതാസമേതനായ രാമനെകണ്ടിട്ടു പരമാത്മാവായ അദ്ദേഹത്തെ സ്തുതിച്ചു രാജ്യാഭിഷിക്തനായി ബന്ധുക്കളാൽ പരിവൃതനായി അദ്ദേഹത്തോടു സസന്തോഷത്തോടുംകൂടി പറഞ്ഞു.

ദശരഥൻ പറഞ്ഞു.

ഞാൻ ധന്യനായി കൃതാൎത്ഥനുമായി. എന്റെ മാതാപിതാക്കന്മാരും ഭാഗ്യവാന്മാരായി. എന്റെ ദേശവും വംശവും ധന്യതയെ പ്രാപിച്ചു. എന്തുകൊണ്ടെന്നാൽ, ഹേ മഹാബാഹോ! എനിക്കു നിന്നെ രാജ്യാഭിഷിക്തനായിക്കാണ്മാൻ സാധിച്ചുവല്ലോ. എന്നെപ്പോലെ നിന്റെ അമ്മയായ കൌസല്യയും ഭാഗ്യമുള്ളവളാകുന്നു. അവൾക്കു രാജ്യാഭിഷിക്തനായ നിന്നെ കണ്ണുകൊണ്ടുകാണ്മാൻ എടയായല്ലോ.

ഇപ്രകാരംപറഞ്ഞ ദശരഥമഹാരാജാവിനെ ശ്രീരാമൻ നമസ്കരിച്ചു. കൌസല്യ മുതലായ രാജഭാൎയ്യമാരും പൌരവാസികളായ സകലജനങ്ങളും ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിവരും മന്ത്രിമാരും വിമാനസ്ഥനായ രാജാവിനെ സന്തോഷത്തോടുകൂടി നമസ്കരിച്ചു. ദശരഥൻ അവരോടെല്ലാം പ്രത്യേകം പ്രത്യേകം യാത്രപറഞ്ഞ് എല്ലാ ദേവസമൂഹങ്ങളോടുംകൂടി രാമചന്ദ്രന്റെ പൂജയെ സ്വീകരിച്ച് എന്നോടുകൂടി മടങ്ങിപ്പോന്നു. അനന്തരം എല്ലാ ദേവന്മാരും അവരവരുടെ സ്ഥാനങ്ങളിലേക്കു പോകയും ഞാൻ എന്റെ സ്ഥാനത്തേക്കു തിരിക്കുകയും ചെയ്തു. ഇപ്രകാരം സൎവ്വലോകങ്ങൾക്കും സുഖം നല്കുന്ന ശ്രീരാമചന്ദ്രൻ രാജ്യാഭിഷിക്തനായപ്പോൾ ഭൂമിസസ്യങ്ങളെക്കൊണ്ടു സമൃദ്ധയായി ഭവിച്ചു. വൃക്ഷങ്ങൾ എല്ലാം ഫലപരിപൂൎണ്ണങ്ങളായും ഭവിച്ചു. സൌരഭ്യമില്ലാത്ത പുഷ്പങ്ങളെല്ലാം സൌരഭ്യമുള്ളവയായി ശോഭിച്ചു. അനന്തരം രാമൻ നൂറായിരം അശ്വങ്ങളേയും, നൂറായിരം പശുക്കളേയും, നൂറു കാള

കളേയും കോടികണക്കായ ദ്രവ്യത്തെയും ബ്രാഹ്മണക്കു ദാനം ചെയ്തു. സൂൎയ്യനെപ്പോലെ കാന്തിയുള്ളതും, സവ്വരത്നങ്ങളും പതിച്ചതുമായ മനോഹരമായ ഒരു മാലയേ ഭക്തവത്സലനായ രാമൻ പ്രീതിയോടുകൂടി സുഗ്രീവന്നു സമ്മാനിച്ചു. രാക്ഷസേന്ദ്രനായ വിഭീഷണന്നു ശ്രേഷ്ഠമായ ഒരു ചൂഡാമണിയേയും സമ്മാനിച്ചു. അംഗദന്നു ദിവ്യങ്ങളായ രണ്ടു കങ്കണങ്ങളേയും സമ്മാനമായി കൊടുത്തു. പിന്നെ കോടിചന്ദ്രന്മാർ ഒന്നിച്ചു ചേൎന്നപോലെ കാന്തിയുള്ളതും, മണികളെക്കൊണ്ടും രത്നങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ടതുമായ മനോഹരമായ ഒരു മുത്തുമാലയേ ശ്രീരാമൻ സീതക്കു സമ്മാനിച്ചു. സീതയാകട്ടെ രാമനാൽ നല്കപ്പെട്ടതായ ആ ഹാരം വായുപുത്രനായ ഹനുമാന്നു തന്റെ സന്തോഷസൂചകമായി സമ്മാനിക്കുകയാണു ഉണ്ടായതു്. മാരുതി ആ ഹാരവും അണിഞ്ഞു പൂൎവ്വാധികമായ ഗൌരവത്തോടുകൂടി ശോഭിച്ചപ്പോൾ ശ്രീരാമൻ "ഹേ മാരുതേ! നിന്റെ പേരിൽ ഞാൻ പ്രസന്നനായിരിക്കുന്നു. നിണക്കു് എന്തുവരമാണു വേണ്ടതെന്നുവെച്ചാൽ അതു ഞാൻ നല്കുന്നുണ്ടു്" എന്നരുളിച്ചെയ്തു. അപ്പോൾ ഹനുമാൻ രാമനെ വണങ്ങി പ്രഹൃഷ്ടനായിട്ടു് ഇങ്ങിനെ ഉണൎത്തിച്ചു. "ഹേ രാമ! നിന്തിരുവടിയുടെ തിരുനാമം സ്മരിച്ചിട്ടു് അടിയന്റെ മനസ്സിന്നു തൃപ്തിവരുന്നില്ല. അതുകൊണ്ടു് ആ തിരുനാമത്തെ സ്മരിച്ചുംകൊണ്ടു് എന്നും ഭൂമിയിൽ ഇരിക്കുവാൻ അടിയന്നു കഴിവുണ്ടാകണം. ഹേ രാജശ്രേഷ്ഠാ! എത്രകാലത്തോളം നിന്തിരുവടിയുടെ നാമം ലോകത്തിൽ നിലനില്ക്കുമോ, അത്രകാലത്തോളം അടിയന്റെ ദേഹവും നിലനില്ക്കണം. ഇതാണു് അടിയന്നു വേണ്ടവരം. നിന്തിരുവടിയുടെ മനോഹരമായ കഥ ലോകത്തിൽ എവിടെ എവിടെ നടക്കുന്നുവോ അവിടെ അവിടെ അതു കേൾക്കുവാനായി അടിയനും ചെല്ലുമാറാകണം. ദേവാലയം, നദീതീരം, തീൎത്ഥം, ജലാശയം എന്നീ സ്ഥലങ്ങളിൽ നിന്നൊഴികെ മററുള്ള സ്ഥലങ്ങളിൽ നിന്തിരുവടിയുടെ കഥാപ്രസംഗം ഉണ്ടായാൽ അതിന്റെ ഫലം ആറുനാഴിക അക

ലത്തോളം വ്യാപിക്കുമാറാകയും വേണം.” ഇങ്ങിനെ ഹനൂമാൻ പറഞ്ഞപ്പോൾ രാമൻ “അതുപോലെ എല്ലാം ഭവിക്കും. നീ ജീവന്മുക്തനായിട്ടു സുഖമായി ഇരിക്കുക. പ്രളയാവസാനത്തിങ്കൽ തീച്ചയായും നീ എൻെറ സായൂജ്യത്തെ പ്രാപിക്കുകയും ചെയ്യും” എന്നരുളിച്ചെയ്തു. അനന്തരം സീതാദേവി ഇങ്ങിനെ പറഞ്ഞു. “ഹേ വായുപുത്ര! നീ ഏതുസ്ഥലത്തിരുന്നാലും സർവ്വസുഖങ്ങളും എൻെറ ആജ്ഞപ്രകാരം നിണക്കുണ്ടാകും. ഗ്രാമം, ഉദ്യോഗം, പട്ടണം എന്നിവയിലും ഗോഷ്ഠം, ദേവാലയം, എന്നിവയിലും വനങ്ങൾ, കോട്ടകൾ, പർവ്വതങ്ങൾ എന്നിവയിലും നദികൾ, ക്ഷേത്രങ്ങൾ, തീർത്ഥങ്ങൾ, ജലാശയങ്ങൾ, പുരങ്ങൾ എന്നിവയിലും, വാടങ്ങൾ, ഉപവനങ്ങൾ, അരയാൽവൃക്ഷങ്ങൾ, വടവൃക്ഷങ്ങൾ, വൃന്ദാവനങ്ങൾ മുതലായവയിലും മനുഷ്യർ നിൻെറ പ്രതിമയെ പ്രതിഷ്ഠിച്ചു വിഘ്നശാന്തിക്കായിക്കൊണ്ടു പൂജ ചെയ്യും. നിൻെറ സ്മരണമാത്രംകൊണ്ടുതന്നെ ഭൂതപ്രേതപിശാചാദികൾ നശിക്കുകയും ചെയ്യും.” ഇതുപോലെതന്നെ അയോദ്ധ്യയിൽ ലങ്കയിൽ വന്നിട്ടുണ്ടായിരുന്ന എല്ലാ വാനരന്മാരെയും ശ്രീരാമൻ വിലയേറിയ വസ്ത്രാഭരണങ്ങളെക്കൊടുത്തു സന്തോഷിപ്പിച്ചു. സുഗ്രീവൻ മുതലായ വാനരന്മാരും, വിഭീഷണനും മകരദ്ധ്വജൻ, സമ്പാദി എന്നിവരും രാജാക്കന്മാർ മുതലായവരും യഥായോഗ്യം വസ്ത്രാദികളെക്കൊണ്ടു രാമനാൽ പൂജിക്കപ്പെട്ടു. അനന്തരം ശ്രീരാമൻ എല്ലാവരോടുംകൂടി ഭോജനം കഴിപ്പാനായിട്ട് ഇരുന്നു. രാമൻെറ പ്രാണാഹുതി കഴിഞ്ഞതായി കണ്ടപ്പോൾ ഹനൂമാൻ ഓടിച്ചെന്നു രാമൻെറ മുമ്പിൽ മുക്കാലിയിൽ ഇരിക്കുന്നതും പക്വമായ അന്നം നിറയേ ഉള്ളതുമായ സ്വർണ്ണപാത്രത്തെ എടത്തെ കൈകൊണ്ട് എടുത്തു ചിരിച്ചുംകൊണ്ടു രാമോച്ഛിഷ്ടമായ അന്നത്തെ ഭക്ഷിക്കുകയും മററവാനരന്മാൎക്കു ഭക്ഷിപ്പാനായി വിതറിക്കൊടുക്കുകയും ചെയ്തു. അപ്പോൾ വിഭീഷണൻ മുതലായവരും തങ്ങൾക്കു വേറെ വിളമ്പിയിരുന്ന പാത്രങ്ങളെ ഉപേക്ഷിച്ച് ഹനൂമാനെ പ്രശംസിക്കുകയും ഹനൂ

മാൻ വിതറിക്കൊടുത്ത രാമോച്ഛിഷ്ടമായ അന്നത്തെ സംഭ്ര ത്തോടുകൂടി ഭക്ഷിക്കുകയും ചെയ്തു. രാമോച്ഛിഷ്ടം കിട്ടുവാനാ യി അവിടെ ആകപ്പാടെ വലിയ കോലാഹലമുണ്ടായി. അതു കണ്ടിട്ടു സീതയും ശ്രീരാമനും സന്തോഷത്തോടുകൂടി മന്ദസ്മിതം ചെയ്തു. ഇപ്രകാരം പല നേരമ്പോക്കുകളും ചെയ്തു ശ്രീരാമ നെ സന്തോഷിപ്പിച്ചുംകൊണ്ടു സുഗ്രീവൻ മുതലായവർ കുറേ ദിവസം സുഖമായി അയോദ്ധ്യയിൽ താമസിച്ചു.

അതിനിടയിൽ ഒരു ദിവസം പുഷ്പകവിമാനം ശ്രീരാമ ന്റെ സമീപത്തു വന്ന് ഇങ്ങിനെ പറഞ്ഞു. "ഹേ ദേവ! എന്നെ കുബേരൻ വീണ്ടും ഇവിടുത്തെ അടുക്കലേയ്ക്ക് അയ ച്ചിരിക്കുന്നു. കുബേരൻ എന്നോടു പറഞ്ഞയച്ചിട്ടുള്ളതു പറ യാം കേട്ടാലും. 'നീ (വിമാനം) ആദ്യം രാവണനാൽ ജയിക്ക പ്പെട്ടു. പിന്നെ രാവണാന്തകനായ രാമനാലും ജയിക്കപ്പെട്ടു. അതുകൊണ്ടു രാമൻ ഭൂമിയിൽ ഇരിക്കുന്നേടത്തോളംകാലം നീ അദ്ദേഹത്തെ വഹിക്കണം. രാമന്റെ വൈകുണ്ഠയാത്രയ്ക്കുശേ ഷം നീ എന്റെ അടുക്കെ വന്നുകൊൾക.' എന്നാണ കുബേ രൻ കല്പിച്ചിരിക്കുന്നത്." പുഷ്പകവിമാനം ഇങ്ങിനേ പറ ഞ്ഞതു കേട്ടിട്ടു ശ്രീരാമൻ സന്തോഷിച്ച് "എന്നാൽ നീ സു ഗ്രീവാദികളെ അവരുടെ സ്ഥലങ്ങളിൽ കൊണ്ടുപോയാക്കി ഇവിടെ വന്ന് അയോദ്ധ്യാനഗരിയിൽ ഗോപുരദ്വാരത്തി ന്റെ പുറത്തു സ്ഥിതിചെയ്തുകൊൾക" എന്നരുളിച്ചെയ്തു. വി മാനം അതു സമ്മതിച്ചു രാമന്റെ വചനപ്രകാരം വാനരാദിക ളെ അവരവരുടെ സ്ഥാനങ്ങളിൽ കൊണ്ടുപോയാക്കി അയോ ദ്ധ്യയിലേയ്ക്കുതന്നേ വന്നു കോട്ടയ്ക്കുപുറത്തു സ്ഥിതിചെയ്തു. അ നന്തരം വിഭീഷണൻ ലങ്കയിൽ ധൎമ്മപ്രകാരം രാജ്യപരിപാല നംചെയ്തു. പാതാളത്തിങ്കൽ മകരദ്ധ്വജനും, അങ്ങിനെതന്നേ രാജ്യം പാലിച്ചു. ഗരുഡൻ, സമ്പാദിയെ യുവരാജാവായി വാഴിച്ചു തന്റെ രാജ്യത്തെ പരിപാലിച്ചു. കിഷ്കിന്ധയിൽ വാനരരാജാവായ സുഗ്രീവനും വാനരന്മാരോടുകൂടി രാജ്യപ രിപാലനം ചെയ്തു. ശൃംഗിവേരപട്ടണത്തിൽ ഗുഹനും രാജാ

വായി വാണു. അനന്തരം ഹനൂമാൻ ഭക്തിയോടുകൂടി രാമനെ നമസ്കരിച്ചു തപസ്സുചെയ്യാനായി ഹിമവാൻപൎവ്വതത്തിങ്കലേക്കും പോയി. വിഭീഷണാദികൾ പിന്നേയും അഞ്ചോ ഏഴോ ദിവസം കൂടുമ്പോളൊരിക്കൽ അയോദ്ധ്യയിൽ വന്നു് അത്രയും ദിവസങ്ങൾ അവിടെ താമസിച്ചു തിരിയേ പോകുക പതിവായിരുന്നു. ശ്രീരാമൻ എല്ലാവരുടേയും പേരിലും വാത്സല്യത്തോടുകൂടി രാജ്യം പരിപാലിക്കുകയും ലക്ഷ്മണന്നു് ആഗ്രഹമില്ലായിരുന്നു എങ്കിലും അദ്ദേഹത്തെ യുവരാജാവായി അഭിഷേകം ചെയ്കയും ലക്ഷ്മണൻ പരമഭക്തിയോടുകൂടി ശ്രീരാമസ്വാമിയെ സേവിച്ചുപോരികയും ചെയ്തു.

ഹേ പാൎവ്വതി! പണ്ടു വിശ്വാമിത്രമഹൎഷിയുടെ യാഗത്തിങ്കൽ ശ്രീരാമൻ ആരംഭിച്ചതായ രണയാഗത്തിന്നു പൂൎത്തി വരുത്തിയിരുന്നില്ല. ആ രണയാഗത്തിന്റെ പൂൎത്തിയെ അദ്ദേഹം ഇപ്പോൾ തന്റെ രാജപദവിയിൽ ഇരുന്നു നിൎവ്വഹിച്ചു. രണയാഗത്തെ ഞാൻ നിന്നോടു വിസ്തരിച്ചു പറഞ്ഞുതരാം. കേട്ടാലും. ഈ രണയാഗത്തിന്നു രണം ചെയ്യുന്നതായ രംഗംതന്നെയാണു യജ്ഞകുണ്ഡം. രണത്തിങ്കൽനിന്നു പിന്തിരിഞ്ഞു് ഓടാതെ എതൃത്തുനില്ക്കുന്നതാണ് ഈ യാഗത്തിന്റെ വേദവിധാനമെന്നും ബ്രഹ്മസത്രമെന്നും (ബ്രഹ്മനിരിക്കാൻ) പറയപ്പെടുന്നത്. ആയുധങ്ങളുടെ ഘണഘണശബ്ദമാണു യാഗത്തിന്റെ അംഗമായ ഘടാടോപം. കല്ലുകൾ കൂട്ടിമുട്ടുന്നതാണു സ്രുവവും ജുഹൂവും സന്മാൎജ്ജനം ചെയ്യൽ. ആയുധങ്ങളിൽ പററിയ ചളി കളയുവാനായി ശരങ്ങളെ നിലത്തു പരത്തുന്നതാണ് അഗ്നിക്കു ചെയ്യുന്ന പരിസ്തരണം. യോദ്ധാവിന്റെ ധൈൎയ്യമാണു പരിസമൂഹനം. (അഗ്നികൂട്ടുക.) യമൻ തന്നെയാണ് അഗ്നി. ഈ യാഗത്തിൽ ബാണമാകുന്ന സ്രുവംകൊണ്ടു മാംസമാകുന്ന ആഹുതി ഹോമിക്കപ്പെടുന്നു. ശത്രുക്കളുടെ രക്തധാരയാണ് വസുധാര. ശത്രുക്കളുടെ ഹാഹാ എന്ന ഭയങ്കരമായ ആൎത്തനാദമാണു രണയാഗത്തിങ്കൽ ഓങ്കാരത്തിന്റെയും വഷൾകാരത്തിന്റെയും ഘോഷം. ശസ്ത്രത്തിന്റെ തേജസ്സാണ്

അഗ്നിയുടെ ജ്വാല. ശരീരങ്ങളിൽനിന്നുണ്ടാവുന്ന വിയർപ്പാണു പുക. വീരന്മാർ ചെയ്യുന്ന ഉത്തമമായ ശരവർഷമാണു യാഗാഗ്നിയുടെ അധികമായ ജ്വാലയെ ശമിപ്പിക്കാനായിട്ടുള്ള വൃഷ്ടിജാജ്യസേചനം (അഗ്നിയിൽ നെയ്യൊഴിക്കുക) അറിഞ്ഞുംകൊണ്ടു ചെയ്യുന്ന ജീവത്യാഗമാണ് അഗ്നിക്കു ചെയ്യുന്ന ദീപബലി. യാവചിലർ ദേഹത്തിങ്കലുള്ള കൊതിനിമിത്തം മരിപ്പാൻ മടിക്കുന്നുവോ അവരാണ് അഗ്നികുണ്ഡത്തിങ്കലേയ്ക്കു ബലിദീപങ്ങളെ എടുത്തുകൊണ്ടുവരുന്നവർ. രാമന്റെ കൈകൊണ്ടു മരണം വരുന്നതു വേണ്ടെന്നുവെച്ചു പിന്തിരിഞ്ഞ് ഓടുന്നവർ ദേഹബന്ധത്തിങ്കൽനിന്നു മുക്തന്മാരായി ഭവിക്കുന്നില്ല. ഈ രണയാഗത്തിങ്കൽ ശിരസ്സുകളെ അറുത്തു കൂട്ടുന്നത്രെ കൂശ്മാണ്ഡഹുതി. വീരന്മാരായ യോദ്ധാക്കൾ ജയസിദ്ധിക്കുവേണ്ടി എടം തിരിയുന്നതാണ് ഇതിങ്കൽ ചെയ്യുന്ന അഗ്നിപ്രദക്ഷിണം. നേരിട്ടു യുദ്ധംചെയ്തു മരിച്ചവൎക്കു ശ്രീരാമൻ തന്റെ പദമായ വൈകുണ്ഠലോകത്തെ കൊടുക്കുന്നുണ്ടല്ലോ അതാണ് ഈ യാഗത്തിങ്കലുള്ള ദക്ഷിണ. ദേവന്മാർ ചെയ്യുന്ന പുഷ്പവൃഷ്ടിയാണു വിപ്രന്മാർ ചെയ്യുന്ന അഭിഷേകം. യുദ്ധത്തിങ്കലുള്ള ജയലാഭമാണു യാഗത്തിങ്കലുള്ള ശ്രേയോലാഭം. യുദ്ധംനിമിത്തം ചരാചരങ്ങൾക്കുള്ള ആനന്ദമാണു യാഗംഹേതുവായിട്ടുള്ള ആനന്ദം. മരിച്ചവരുടെ ഉടലുകളെക്കൊണ്ടു ഭൂതപ്രേതാദികളെ തൃപ്തിപ്പെടുത്തുന്നതാണു ബ്രാഹ്മണഭോജനം. ഇപ്രകാരമുള്ള രണയാഗത്തെ സുബാഹുവിനോടുള്ള യുദ്ധത്തിങ്കൽ ശ്രീരാമനും സാധാരണമായ യാഗത്തെ മഹാനായ വിശ്വാമിത്രമഹർഷിയും ഒരുമിച്ചാണു പണ്ട് ആരംഭിച്ചത്. വിശ്വാമിത്രൻ ആ യാഗത്തെ അന്നുതന്നെ സമാപ്തീകരിച്ചിരുന്നു. രാമനാകട്ടെ തന്റെ രണയാഗത്തിങ്കൽ കാലനാകുന്ന അഗ്നി സുബാഹു യുദ്ധംകൊണ്ടു തൃപ്തിപ്പെടാതെ പിന്നേ ആ അഗ്നിയെ തൃപ്തിപ്പെടുത്തുവാൻ ഉറയ്ക്കുകയാണു ചെയ്തത്. ശ്രീരാമൻ രണയാഗത്തിൻകാലം അഗ്നിക്കു ചിത്രാഹുതിയെ ചെയ്യാനായി ഭൂമിയെത്തന്നെ ഒരു വലിയ പാത്രമാക്കി വിരാധന്റെ

രക്തംകൊണ്ട് ആദ്യം ആ പാത്രത്തെ പ്രോക്ഷണംചെയ്തു. പിന്നെ ശൂപ്പ്ണഖയുടെ കാതും മൂക്കും മുറിച്ചു പവിത്രഗർഭാദ്ഛേദനവും ചെയ്തു. ത്രിശിരസ്സ്, ഖരൻ, ദൂഷണൻ, മാരീചൻ, കബന്ധൻ എന്നിങ്ങിനെ അഞ്ചുപേരെ കൊന്ന് അഞ്ചു പ്രാണാഹുതികളേയും ചെയ്തു. ശബരിക്കു സംസാരബന്ധനത്തിങ്കൽനിന്നു മോചനം നൽകി യാഗാംഗമായ ശിഖാമോചനത്തേയും നിർവ്വഹിച്ചു. പിന്നെ ജലസ്പർശനം ചെയ്യേണ്ടതിന്നുവേണ്ടി ബാലിയെ നേത്രപ്രദേശത്തിങ്കൽ അസ്ത്രംകൊണ്ടു പ്രഹരിച്ച് ആ രക്തത്തെ സ്പർശിച്ചു. ലങ്കയാകുന്ന അടുപ്പിൽ തീ കത്തിച്ചു കുംഭകർണ്ണനാകുന്ന ഓദനത്തേയും, ഇന്ദ്രജിത്താകുന്ന പകപാന്നത്തേയും പാകംചെയ്തു. ശാകപദാർത്ഥങ്ങളായിട്ടു രാക്ഷസന്മാരേയും ഹനിച്ചു. ഈ യാഗാഗ്നിതപ്പ്ണത്തിന്നു സാരണൻ പരാന്നവും, പ്രഹസ്തൻ വടകവും, നികുംഭൻ പപ്പടവും, കുംഭൻ ലവണവുമായി ഭവിച്ചു. പായസമാക്കിച്ചെയ്തതു കാലനേമിയെയാണ്. ശക്കരയാക്കിയത് അതികായനേയുമാകുന്നു. ഐരാവണൻ പാലായും, മൈരാവണൻ നെയ്യായും പരിണമിച്ചു. യാഗസമാപ്തിയിങ്കൽ രാവണനെ ദദ്ധ്യോദനം (തൈരുകൂട്ടിയ ചോറ്) ആയിട്ടും കല്പിച്ചു. ഇതുകളെ എല്ലാം ശ്രീരാമൻ ഭൂമിയാകുന്ന പാത്രത്തിൽവെച്ചു കാലനാകുന്ന അഗ്നിക്കു നിവേദിച്ചു. പിന്നെ മരിച്ചുപോയ യോധന്മാരുടെ രോമം, തൊലി, എല്ലു മുതലായവയെക്കൊണ്ട് ഉച്ഛിഷ്ടബലിയെ തൂവുകയുംചെയ്തു. ഇപ്രകാരമെല്ലാം ചെയ്തപ്പോൾ കാലനാകുന്ന അഗ്നി തൃപ്തനായി ഭവിച്ചു. രാവണവധം കഴിഞ്ഞു ശ്രീരാമൻ അയോദ്ധ്യയിൽ പ്രവേശിച്ചുവല്ലോ. അതാണു രണയാഗത്തിൻെറ പയ്യവസാനമായ വിസജ്ജനം. ഹേ പാവ്വതി! അതിനേയും ഞാൻ നിണക്കു വിവരിച്ചുതരാം. ശ്രീരാമന്നു ചെയ്ത രാജ്യാഭിഷേകമാണു രണയാഗത്തിൻെറ അവഭൃഥസ്നാനം. യജ്ഞാംഗമായി വിധിക്കപ്പെട്ടിട്ടുള്ള എല്ലാ മംഗളകമ്മങ്ങളേയും ശ്രീരാമൻ പൂണ്ണമായും നിവ്വഹിച്ചു എന്നു മനസ്സിലാക്കണം. ഇതാണു ഞാൻ ശ്രീരാമൻ തൻെറ രണയാഗത്തെ പൂത്തിചെയ്തതായി പറഞ്ഞ

ത്. ഹേ ദേവി! ഇപ്രകാരം ഞാൻ രാമൻെറ രണയാഗത്തെ നിന്നോട്ട വിസ്തരിച്ചു പറഞ്ഞുതന്നു. ശ്രീരാമൻ സാക്ഷാൽ പരമാത്മാവും, സർവ്വലോകത്തിന്നും അദ്ധ്യക്ഷനും ഏററവും നിർമ്മലനും, കർത്തൃത്വഭോക്തൃത്വാദികൾ ഇല്ലാത്തവനും നിർവ്വികാരനും തൻെറ ആനന്ദംകൊണ്ടുതന്നെ സന്തുഷ്ടനും ആണെങ്കിലും ലോകത്തിന്ന് ഉപദേശം നല്കുവാനായി ഗൃഹസ്ഥധർമ്മത്തെ ലംഘിക്കാതെകണ്ട പല പ്രകാരത്തിലുള്ള ധർമ്മകർമ്മങ്ങളെചെയ്യുവന്നു. രാമൻെറ രാജ്യഭാരകാലത്തു വിധവാകൾ വിലപിപ്പാനിടയായില്ല. സർപ്പങ്ങളിൽനിന്നുള്ള ഭയവും ഉണ്ടായില്ല. വ്യാധികകളെക്കൊണ്ടുള്ള ഭയവും ആക്കും ഭവിച്ചില്ല. ഒരു പിതാവു തൻെറ ഔരസപുത്രന്മാരെ എന്നപോലെ രാമൻ പ്രജകളെ പരിപാലിച്ചുപോന്നു. ഇങ്ങിനെ അയോദ്ധ്യാപുരിയിൽ സീതയോടും ബന്ധുക്കളോടുംകൂടി സുഖമായി വാസമായി വസിച്ചു. ഹേ ദേവി! രാമൻെറ ഈ യുദ്ധചരിത്രത്തെ നിന്നോട്ട ഞാൻ പറഞ്ഞു കഴിഞ്ഞു.

ആനന്ദരാമായണം സാരകാണ്ഡം പന്ത്രണ്ടാം സർഗ്ഗം സമാപ്തം.

---

# പതിമൂന്നാം സർഗ്ഗം

പരമശിവൻ പറയുന്നു.

ഒരിക്കൽ ശ്രീരാമനെ കാണ്മാനായി അഗസ്ത്യമഹർഷി മററുചില മഹർഷിമാരോടുകൂടി അയോദ്ധ്യയിലേക്കു പോകുളുണ്ടായി. രാമൻ അദ്ദേഹത്തെ ബഹുമാനിച്ചു പൂജിച്ച് ആസനത്തിങ്കൽ ഇരുത്തി. മററുള്ള മഹർഷിമാരേയും രാമൻ യഥായോഗ്യം പൂജിക്കുകയും എല്ലാവരും സന്തോഷിച്ച് ആസനസ്ഥരാകയും ചെയ്തു. എല്ലാവരും ഇരുന്നതിന്നുശേഷം ശ്രീരാമൻ കുശലപ്രശ്നം ചെയ്കയും എല്ലാവരും തങ്ങൾക്കു കുശലമാണെന്നു പ

റയുകയും ചെയ്തു. "ഹേ മഹാബാഹുവായ രാമചന്ദ്ര! അങ്ങേക്കു കുശലംതന്നെ യല്ലേ? ഹേ ശത്രുമർദ്ദന ഞങ്ങൾ, ഭാഗ്യംകൊണ്ടു ശത്രുസംഹാരംചെയ്തു ശോഭിക്കുന്ന അങ്ങയെ കാണുന്നു. ലോകത്തിന്റെ ഭാഗ്യംകൊണ്ട് അങ്ങുന്നു മേഘനാദൻ തുടങ്ങിയ അസുരന്മാരെ എല്ലാം കൊന്നു രാക്ഷസവംശത്തിന്ന് ഉന്മൂലനാശം വരുത്തി കൃതകൃത്യനായി ജീവിക്കുന്നു" എന്നിങ്ങിനെ മഹർഷിമാർ പറഞ്ഞതു കേട്ടിട്ടു ശ്രീരാമൻ മന്ദസ്മിതം ചെയ്തു. "നിങ്ങൾ എന്താണ് ഒന്നാമതു മേഘനാദന്റെ പേർപറഞ്ഞത്?" എന്നു ചോദിച്ചു. അപ്പോൾ മഹർഷിമാർ അഗസ്ത്യന്റെ മുഖത്തേക്കു നോക്കുകയും കുംഭോത്ഭവനായ അഗസ്ത്യൻ പ്രീതിയോടുകൂടി ശ്രീരാമനോട് ഇങ്ങിനെ പറയുകയും ചെയ്തു.

### മേഘനാദന്റെ കഥ

ഹേ രാമ! മേഘനാദന്റെ ജനനം, കർമ്മം, വരപ്രാപ്തി മുതലായവയെ ഞാൻ സംക്ഷിപ്തമായി പറയാം. കേട്ടുകൊൾക. ഹേ രാമ! പണ്ടു കൃതയുഗത്തിങ്കൽ ബ്രഹ്മപുത്രനായ പുലസ്ത്യമഹർഷി തൃണബിന്ദുവിന്റെ പുത്രിയെ വിവാഹംചെയ്തു ത്രൈലോക്യപ്രസിദ്ധനും വേദനിധിയുമായ വിശ്രവസ്സിനെ അവളിൽ ഉല്പാദിപ്പിച്ചു. വിശ്രവസ്സു ഭരദ്വാജമുനിയുടെ പുത്രിയെ വിവാഹം ചെയ്കയും അവളിൽ അദ്ദേഹത്തിന്നു വൈശ്രവണൻ എന്ന പുത്രൻ ജനിക്കുകയുംചെയ്തു. വൈശ്രവണൻ ചിരകാലം ചെയ്ത തപസ്സുകൊണ്ടു ബ്രഹ്മാവു സന്തോഷിച്ച് അദ്ദേഹത്തിന്ന് എന്നും നശിക്കാത്തതായ ധനേശപദത്തേയും, പുഷ്പകം എന്ന വിമാനത്തേയും ദാനംചെയ്തു. ബ്രഹ്മാവിനാൽ നല്കപ്പെട്ട ഭാസുരമായ പുഷ്പകവിമാനത്തിൽ കയറി ധനാദ്ധ്യക്ഷനായ വൈശ്രവണൻ ഒരിക്കൽ തന്റെ പിതാവായ വിശ്രവസ്സിനെക്കാണ്മാൻപോയി. വൈശ്രവണൻ അച്ഛനെ നമസ്കരിച്ച് "എനിക്കു ഇരിക്കുവാൻ ബ്രഹ്മാവ് ഒരു സ്ഥലം തരികഉണ്ടായില്ല. അതുകൊണ്ടു ഞാൻ എവിടെയാണ് ഇരിക്കേണ്ടതെന്ന് അച്ഛൻ ആലോചിച്ചുപറയണം" എന്ന് അറിയിച്ചു.

വിശ്രവസ്സ് അവനോട "വിശ്വകൎമ്മാവിനാൽ ഉണ്ടാക്കപ്പെട്ടതായി ലങ്ക എന്ന പേരായി ശ്രേഷ്ഠമായ ഒരു നഗരം ഉണ്ട്. വിചിത്രാലങ്കാരങ്ങളോടുകൂടിയ ആ നഗരം സമുദ്രത്തിലാണ സ്ഥിതിചെയ്യുന്നത്. അവിടെ ഉണ്ടായിരുന്ന ദൈത്യന്മാർ വിഷ്ണുവിനെ ഭയപ്പെട്ടു ലങ്കയെവിട്ടു പാതാളത്തിങ്കലേക്കു പോയിരിക്കുന്നു. നീ ആ നഗരത്തിൽചെന്നു സുഖമായി താമസിച്ചാലും" എന്നിങ്ങിനെ പറഞ്ഞു. വൈശ്രവണൻ അതുപ്രകാരംചെയ്യാൻ സമ്മതിച്ചു. വളരെക്കാലം ആ ലങ്കപട്ടണത്തിൽ പിതാവിന്ന് അഭിമതനായിട്ടു പാൎക്കുകയും ചെയ്തു. അങ്ങിനെ കുറെകഴിഞ്ഞപ്പോൾ ഒരിക്കൽ സുമാലി എന്ന രാക്ഷസൻ തന്റെ പുത്രിയോടുകൂടി സഞ്ചരിക്കുമ്പോൾ ഭൂമിയിങ്കൽ പുഷ്പകവിമാനത്തിൽ ഇരിക്കുന്ന വൈശ്രവണനെ ദൎശിക്കുക ഉണ്ടായി. മഹാമതിയായ സുമാലി അപ്പോൾ രാക്ഷസന്മാൎക്കു ശ്രേയസ്സുണ്ടാവാനായിട്ട് ഒരു വിദ്യ ആലോചിച്ചു തന്റെ പുത്രിയായ കൈകസിയോടു പറഞ്ഞു. "കണ്ടില്ലേ വൈശ്രവണന്റെ ഒരവസ്ഥ. പുരുഷനായാൽ ഇങ്ങിനെയാണ വേണ്ടത്. നീയ്യും വിശ്രവസ്സിന്റെ അടുക്കൽച്ചെന്നു പുത്രോല്പത്തിക്കായി അദ്ദേഹത്തിന്റെ വീൎയ്യത്തെ അപേക്ഷിക്കുക. എന്നാൽ നിണക്കു വൈശ്രവണനോടു തുല്യന്മാരായും രാക്ഷസവംശത്തിന്നു ഹിതകാരികളായും ഉള്ള പുത്രന്മാർ ഉണ്ടാകും." ഇങ്ങിനെ സുമാലി പറഞ്ഞപ്പോൾ കൈകസി അപ്പോൾതന്നെ പോയി സന്ധ്യാസമയത്തു വിശ്രവസ്സിന്റെ മുമ്പിൽ ചെന്നുനിന്നു. കാലിന്റെ പെരുവിരൽകൊണ്ടു ഭൂമിയിൽ വരച്ചു മുഖം താഴ്ത്തി കാമവികാരത്തോടുകൂടി നില്ക്കുന്ന അവളോടു നീ ആരാണ് എന്നു മഹൎഷി ചോദിച്ചപ്പോൾ അങ്ങെയ്ക്കുതന്നെ അറിയാമല്ലോ എന്ന് അവൾ മറുപടി പറഞ്ഞു. അപ്പോൾ മഹൎഷി അല്പനേരം ധ്യാനിച്ചു സംഗതി അറിഞ്ഞിട്ട് അവളോടു പറഞ്ഞു. "നിന്റെ ആഗ്രഹം എനിക്കു മനസ്സിലായി. നീ എന്നിൽനിന്നു പുത്രന്മാരുണ്ടാകേണമെന്നു മോഹിച്ചുവന്നവളാണ്. എന്നാൽ, ഹേ സുന്ദരി, നീ വന്നതു ദാരുണമായ സമ

യത്താണ്. അതുകൊണ്ടു നിണക്കു ഭയങ്കരാകാരന്മാരായ രണ്ടു രാക്ഷസന്മാർ പുത്രന്മാരായി ഭവിക്കും." ഇതു കേട്ടപ്പോൾ കൈകസി മഹർഷിയോട് അങ്ങയിൽനിന്നുണ്ടാകുന്ന പുത്രന്മാർ അങ്ങിനേയുള്ളവരാകുമോ?" എന്നു ചോദിക്കുകയും അതിന്ന് അദ്ദേഹം "എല്ലാവരും അങ്ങിനെയാകയില്ല. ഒടുവിൽ ഒരു പുത്രൻ മഹാബുദ്ധിമാനായിട്ടും ഉണ്ടാകും" എന്നു പറഞ്ഞു. അനന്തരം കൈകസി മഹർഷിയുടെ തേജസ്സുകൊണ്ടു പുത്രന്മാരെ പ്രസവിക്കുവാൻ തുടങ്ങി. ആദ്യം രാവണൻ, അനന്തരം കുംഭകർണ്ണൻ, പിന്നെ ക്രൌഞ്ചി, ശൂർപ്പണഖ, കുംഭിനസി എന്നിങ്ങിനേ പുരുഷന്മാരും സ്ത്രീകളുമായിട്ട് ഏതാനും മക്കളെ അവൾ പ്രസവിച്ചു. ഒടുവിൽ മൂന്നാമത്തെ പുത്രനായിട്ടു വിഭീഷണനേയും പ്രസവിച്ചു. ഇവരിൽ പുത്രന്മാരായ രാവണനും കുംഭകർണ്ണനും പുത്രിമാർ മൂന്നുപേരും വളരെ ദുർവൃത്തിയോടുകൂടിയവരും പ്രാണികളെ ഭക്ഷിക്കുന്നവരും മഹർഷിമാരെ ഹിംസിക്കുന്നവരുമായിട്ടു പരിണമിച്ചു.

ഒരിക്കൽ കൈകസി രാവണനെ ഒരു ശിവലിംഗം കൊണ്ടുവരുവാനായി ശിവന്റെ സന്നിധിയിലേക്കു പറഞ്ഞയയ്ക്കുക ഉണ്ടായി. അവൻ കൈലാസത്തിൽ ചെന്നിട്ടു ശിവനെ പ്രസാദിപ്പിക്കുവാൻവേണ്ടി ആർക്കും ചെയ്യാൻകഴിയാത്തവയായ പ്രവൃത്തികളെ ചെയ്തു. തന്റെ ഒരു ശിരസ്സു ഛേദിച്ചു എടുത്ത് ഒരു വീണ ഉണ്ടാക്കുവാൻ നിശ്ചയിച്ചു ശിരസ്സിനെ വീണയുടെ കടയായും ദേഹത്തെ തണ്ടായും കല്പിച്ച് ആ വീണയുടെ അഗ്രം കാലുകളിൽവെച്ചു വിരലുകളെക്കൊണ്ടു കുററികളും കുടൽമാലകളെക്കൊണ്ടു വീണക്കമ്പികളും ഉണ്ടാക്കി നൂറും ആയിരവും പ്രാവശ്യം തന്റെ ദേഹമാകുന്ന ഈ വീണകൊണ്ടു സ്വന്തം മുഖത്താൽതന്നെ ഷൾജ്ജസ്വരങ്ങളോടുകൂടി സംഗീതംചെയ്തു രാവണൻ ശിവനെ സേവിച്ചു. അപ്പോൾ ലോകാനുഗ്രഹതല്പരനായ ശിവൻ നന്ദികേശ്വരനോട് അരുളിച്ചെയ്തു. "നീ കൈകൊണ്ടു ശിരസ്സിനെ എടുത്തൊപ്പിച്ചു രാവണനോടു പറയണം, രാക്ഷസനായ നിണക്കു ശിവൻ

ആത്മലിംഗത്തെ ദാനംചെയ്കയില്ല. നിൻെറ അന്തൎഗ്ഗതം എ
നിക്ക മനസ്സിലായി. അതുകൊണ്ടു നീ സ്വന്തം സ്ഥലത്തേ
യ്ക്കുതന്നെ പോയിക്കൊൾക. എന്നു പറഞ്ഞു രാവണനെ അ
വൻെറ സ്ഥലത്തേയ്ക്കു് അയയ്ക്കണം. ഇങ്ങിനെ ശിവൻെറ
അരുളപ്പാടു കേട്ടു നന്ദികേശ്വരൻ രാവണൻെറ അടുത്തുചെ
ന്നു കൈകൊണ്ടു ശിരസ്സിനെ യോജിപ്പിച്ചു ശിവൻ അരുളി
ച്ചെയ്തതു് അവനോടു പറഞ്ഞു. എന്നിട്ടും രാവണൻ ആ രാത്രി
കഴിഞ്ഞതിന്നുശേഷം രണ്ടാംദിവസം പിന്നേയും മുമ്പത്തെ
പ്പോലെ വീണ വായിച്ചു സേവിക്കുവാൻ തുടങ്ങി. അപ്പോഴും
ശിവൻ നന്ദികേശ്വരനെ അയച്ചു മുമ്പത്തെപ്പോലെ പറയി
ച്ചു. ഇങ്ങിനെ രാവണൻ വീണവായിക്കുകയും നന്ദികേശ്വ
രൻ അതു തടുക്കുകയുമായിട്ടു പത്തു ദിവസം കഴിഞ്ഞു. പതി
നൊന്നാമത്തെ ദിവസം പരമശിവൻ രാവണൻെറ വീണാഗാ
നംകൊണ്ടു പ്രസന്നനായിട്ടു് അവൻെറ മുമ്പിൽ പ്രത്യക്ഷനാ
യി ഇഷ്ടമുള്ള വരങ്ങളെ വരിച്ചുകൊൾവാൻ ആജ്ഞാപിച്ചു.
ശിവനെ കണ്ടപ്പോഴെയ്ക്കുതന്നേ രാവണൻെറ മുറിഞ്ഞ ശിരസ്സു
മുമ്പത്തേപ്പോലെ സന്ധിക്കുകയും ചെയ്തു. രാവണൻ അ
പ്പോൾതന്നെ രണ്ടു വരങ്ങളെ വരിച്ചു. അതിൽ ഒന്നു തനിക്കു
ശിവൻെറ ആത്മലിംഗത്തെ തരേണമെന്നും, മറെറാന്നു തൻെറ
ഭാൎയ്യയാക്കാനായി ശ്രീപാൎവ്വതിയെ തരേണമെന്നുമായിരുന്നു.
ശിവൻ അതുപ്രകാരം സമ്മതിച്ചു് ആ രണ്ടും രാവണന്നു നല്കു
കയും ചെയ്തു. ഇങ്ങിനെ വരങ്ങളെ ലഭിച്ചു രാവണൻ പോ
കാൻ ഭാവിച്ചപ്പോൾ ശിവൻ പിന്നേയും അരുളിച്ചെയ്തു. "ഹേ
വീര! നീ എന്നെ പ്രസാദിപ്പിക്കുവാനായി പത്തുപ്രാവശ്യം ശി
രസ്സിനെ വാളുകൊണ്ടു മുറിക്കുകനിമിത്തം നിണക്കു പത്തു ശിര
സ്സുകളും, അതനുസരിച്ചു 20 കൈകളും ഉണ്ടായിത്തീരും." അ
തു കേട്ടപ്പോൾ രാവണൻ അധികം സന്തോഷിച്ചു ശിവനാൽ
നല്കപ്പെട്ട ശ്രീപാൎവ്വതിയോടും ശിവലിംഗത്തോടുംകൂടി ഇരുപ
തു കൈകളും പത്തു തലകളുമുള്ളവനായിട്ടു സ്വസ്ഥാനത്തേയ്ക്കു
പോകുവാൻ പുറപ്പെടുകയും ചെയ്തു. രാവണൻ ആകാശമാൎഗ്ഗമായി

ശ്യം തലയറുത്തുവെന്നും അതുകൊണ്ട് അവന്നു പത്തു തലകളും 200 കൈകളും ഉണ്ടായെന്നും ഒരു പക്ഷമുണ്ട്. ഇതു കല്പഭേദംകൊണ്ടു വന്നതായിരിക്കണം. രാവണൻ മടങ്ങിപ്പോകുമ്പോൾ വഴിക്കുവെച്ചു മഹാവിഷ്ണു അവനെ വഞ്ചിച്ചു നിന്നെ (പാർവ്വതിയെ) അപഹരിക്കുകയും അപ്രകാരംതന്നെ സമുദ്രതീരത്തിങ്കൽ രാവണന്റെ കയ്യിൽനിന്നു ലിംഗം അപഹരിച്ചു ഗോകർണ്ണം എന്ന സ്ഥലത്തു നിന്നാൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. രാവണൻ ഒടുവിൽ തലകളും കൈകളും മാത്രമായി സ്വഗൃഹത്തിലേയ്ക്കു പോകയാണുണ്ടായത്. എന്നാൽ ശ്രീപാർവ്വതിയുടെ സ്ഥാനത്തു മയന്റെ പുത്രിയായ മണ്ഡോദരിയെ വിഷ്ണുവിന്റെ വാക്കുപ്രകാരം രാവണന്നു ലഭിക്കുക ഉണ്ടായി. എങ്കിലും അമ്മ ഏല്പിച്ച കാര്യമായ ശിവലിംഗം കൊണ്ടുചെല്ലുവാൻ സാധിക്കാഞ്ഞതുകൊണ്ടു ഗൃഹത്തിലെത്തിയപ്പോൾ രാവണന്നു വലിയ ലജ്ജയുണ്ടായി. അനന്തരം രാവണൻ സന്തോഷത്തോടുകൂടി മണ്ഡോദരിയെ വിവാഹം ചെയ്തു.

പിന്നീട് ഒരിക്കൽ കൈകസി പുഷ്പകവിമാനത്തിങ്കൽ ഇരിക്കുന്ന വൈശ്രവണനെ കണ്ടിട്ട് അസൂയ സഹിക്കാതെ തന്റെ പുത്രന്മാരെ നിന്ദിച്ചുംകൊണ്ടു പറഞ്ഞു. "നിങ്ങൾ ഒക്കെയും ശുദ്ധ നപുംസകങ്ങളും ജീവിച്ചിരിക്കുമ്പോൾകൂടി മരിച്ചവരോടു തുല്യന്മാരുമാണ്. നിങ്ങൾക്കു നിങ്ങളുടെ ശത്രുവും ബന്ധുവിന്റെ നിലയ്ക്കുള്ളവനുമായ വൈശ്രവണന്റെ പ്രതാപം കണ്ടിട്ടു ലേശംപോലും ലജ്ജ തോന്നുന്നില്ലല്ലോ." അമ്മയുടെ ഈ ശകാരം കേട്ടു രാവണാദികൾ ഉത്തമമായ ഗോകർണ്ണക്ഷേത്രത്തിലേയ്ക്കു പോയി. അവിടെവെച്ചു കുംഭകർണ്ണൻ പതിനായിരം സംവത്സരം തപസ്സുചെയ്തു. ധർമ്മാത്മാവും സത്യധർമ്മപരായണനുമായ വിഭീഷണൻ അയ്യായിരം വർഷവും തപസ്സുചെയ്തു. രാവണനാകട്ടെ കാലിന്റെ പെരുവിരൽ മാത്രം ഭൂമിയിൽ ഊന്നി ധൂമം മാത്രം ആഹാരം ചെയ്തുകൊണ്ട് ആയിരം ദിവ്യസംവത്സരം തപസ്സുചെയ്തു. ആയിരം കൊല്ലം തികഞ്ഞപ്പോൾ അവൻ തന്റെ ഒരു തല വെട്ടി അഗ്നിയിൽ ഹോ

മിച്ചു. ഇങ്ങിനെ ഒയ്മ്പതിനായിരം സംവത്സരങ്ങൾ കഴി ഞ്ഞു. പത്താമത്തെ വഷസഹസ്രത്തിങ്കൽ തന്റെ പത്താമ ത്തെ തലയും അറുത്തു ഹോമിക്കുവാൻ രാവണൻ ഒരുങ്ങിയ പ്പോൾ ധമ്മാത്മാവായ ബ്രഹ്മാവു പ്രസാദിച്ച് അവന്റെ മു മ്പിൽ പ്രത്യക്ഷമായി. ബ്രഹ്മാവ് ഇഷ്ടമുള്ള വരം വരിച്ചു കൊൾവാൻ പറഞ്ഞപ്പോൾ രാവണൻ പറഞ്ഞു. "ഞാൻ അ വദ്ധ്യത്വം എന്നുള്ള വരത്തെയാണ് അപേക്ഷിക്കുന്നത്. ഗരു ഡൻ, നാഗങ്ങൾ, യക്ഷന്മാർ എന്നിവരാലും, ദേവന്മാരാലും അസുരന്മാരാലും, അങ്ങയാലും ശിവനാലും, മഹാവിഷ്ണുവിനാ ലും ഞാൻ അവദ്ധ്യൻ (കൊല്ലപ്പെടുവാൻ കഴിയാത്തവൻ) ആ യിരിക്കണം. മനുഷ്യന്മാരൊക്കെ എനിക്കു തൃണപ്രായമാണ്." ബ്രഹ്മാവ് അപ്രകാരമാവട്ടെ എന്നു വരംകൊടുത്തു രാവണനു പത്തു ശിരസ്സുകളേയും ദാനം ചെയ്തു. വിഭീഷണനാകട്ടെ സൽബുദ്ധിയേയും അമരത്വ (മരണമില്ലാത്തവനെന്ന അവ സ്ഥ) ത്തേയും ബ്രഹ്മാവു സന്തോഷസമേതം ദാനം ചെയ്തു. കുംഭകർണ്ണൻ ദേവേന്ദ്രന്റെ സ്ഥാനം കിട്ടണമെന്ന് അപേക്ഷി പ്പാനാണ് ഭാവിച്ചിരുന്നത്. എന്നാൽ സരസ്വതീദേവി അ വനെ മോഹിപ്പിച്ച് അവന്റെ വാക്കിനെ പിഴപ്പിച്ചു. തന്നി മിത്തം ബ്രഹ്മാവു കുംഭകർണ്ണനോട് ഇഷ്ടമുള്ള വരം ചോദിപ്പാൻ പറഞ്ഞപ്പോൾ അവൻ ആറുമാസത്തെ നിദ്രയെയാണ് അ പേക്ഷിച്ചത്. നിദ്രാകാലമായ ആറുമാസത്തെ ഭക്ഷണം ഒരു ദിവസംതന്നേ ആവട്ടെ എന്നു ബ്രഹ്മാവു കല്പിക്കുകയും ചെയ്തു. അനന്തരം ബ്രഹ്മാവ് അന്തർദ്ധാനംചെയ്തു സത്യലോകത്തേക്കും രാക്ഷസന്മാർ സ്വഗൃഹത്തിലേക്കും പോയി. തന്റെ മകളുടെ മക്കളായ രാവണാദികൾക്കു വരം കിട്ടിയ സംഗതി സുമാലി അറിഞ്ഞിട്ടു പ്രഹസ്തൻ മുതലായവരോടുകൂടി പാതാളത്തിങ്കൽ നിന്നു യാതൊരു ഭയവും കൂടാതെ സുഖമായി ഭൂമിയിൽ വന്നു. രാവണനാകട്ടെ മന്ത്രിയുടെ വചനപ്രകാരം വൈശ്രവണനെ ലങ്കാപുരിയിൽ നിന്ന് രാക്ഷസന്മാരെക്കൊണ്ട് ആട്ടി ഓടിച്ചി ട്ടു ലങ്കയിൽ രാജാവായി വാഴുവാൻ തുടങ്ങി. മഹാ കീർത്തിമാ

നായ വൈശ്രവണൻ അച്ഛനുമായി ആലോചിച്ചു ലങ്കാപുരം വിട്ടു കൈലാസ ശിഖരത്തിൽ പോയി തപസ്സുചെയ്തു ശിവനെ പ്രസാദിപ്പിക്കുകയും ശിവനുമായി സഖ്യം പ്രാപിച്ച് അദ്ദേഹത്താൽ അഭിനന്ദിക്കപ്പെട്ടു കൈലാസസമീപത്തു തന്നെ വിശ്വകർമ്മാവിനെക്കൊണ്ട് 'അളക' എന്ന പുരിയെ നിർമ്മിപ്പിക്കുകയും ശിവൻെറ വരപ്രഭാവത്താൽ ദിക്പാലകന്മാരിൽ ഒരാളായി ഭവിക്കുകയും ചെയ്തു. അനന്തരം രാവണൻ തൻെറ സഹോദരിയായ ശൂർപ്പണഖയെ വിദ്യുജ്ജിഹ്വൻ എന്നവനു കല്യാണം കഴിച്ചുകൊടുത്തു ദണ്ഡകാരണ്യത്തെ സ്ത്രീധനമായി നല്കുകയും, തൻെറ ചിററമ്മയുടെ മക്കളും ബന്ധുക്കളുമായ ത്രിശിരസ്സ്, ഖരൻ, ദൂഷണൻ എന്നിവരെ ശൂർപ്പണഖക്കു സഹായത്തിന്നായി അയച്ചുകൊടുക്കുകയും ചെയ്തു. ശൂർപ്പണഖയുടെ ഭർത്താവ് അധികം താമസിക്കാതെ മരിച്ചുപോയി. പിന്നെ രാവണൻ കുംഭീനസി എന്ന സഹോദരിയെ മധു എന്നു പേരായ ദൈത്യനു വിവാഹം കഴിച്ചുകൊടുക്കുകയും അവൾക്കു സ്ത്രീധനമായി മധുവനത്തെ കല്പിച്ചു കൊടുക്കുകയും ചെയ്തു. ക്രൌഞ്ചി എന്ന സഹോദരിയെ രാവണൻ ഖഡ്ഗജിഹ്വന്നു കല്യാണം കഴിച്ചുകൊടുത്തു. അവൾക്കു സ്ത്രീധനമായിട്ടു മനോഹരമായ പരലങ്കയേയും സമ്മാനിച്ചു. പിന്നെ രാവണൻ വൈരോചനൻെറ പൌത്രിയും വൃത്രജ്വാലാ എന്ന പ്രസിദ്ധയുമായ സ്ത്രീയെ അവളുടെ അപേക്ഷപ്രകാരം കുംഭകർണ്ണനെക്കൊണ്ടു വിവാഹം ചെയ്യിപ്പിച്ചു. ശൈലൂഷൻ എന്ന ഗന്ധർവ്വരാജൻെറ പുത്രിയായ സരമയെ വിഭീഷണനെക്കൊണ്ടും വിവാഹം ചെയ്യിപ്പിച്ചു.

അനന്തരം രാവണന്നു മണ്ഡോദരിയിൽ മേഘനാദൻ എന്നു പേരായ പുത്രൻ ജനിച്ചു. അവൻ പ്രസവിച്ചു വീണഉടനെ മേഘത്തിൻെറ നാദംപോലെയുള്ള നാദം പുറപ്പെടുവിക്കുകയാൽ ജനങ്ങളെല്ലാം അവനെ മേഘനാദൻ എന്നു വിളിച്ചുവന്നു. കുംഭകർണ്ണൻ ഒരു ഗുഹയെ തനിക്ക് ഉറങ്ങുവാനുള്ള സ്ഥലമാക്കിച്ചെയ്തു അവിടെ സുഖമായി ഉറങ്ങിവന്നു. പിന്നെ രാവ

ണൻ ദേവന്മാരേയും ഗന്ധർവ്വന്മാരേയും കിന്നരന്മാരേയും മഹഷിമാരേയും നാഗങ്ങളേയും ഹിംസിക്കുകയും അവരുടെ സ്ത്രീകളെ അപഹരിക്കുകയും ചെയ്തുതുടങ്ങി. രാവണന്റെ ഈ അക്രമത്തെ വൈശ്രവണൻ കേട്ടിട്ടു ദൂതന്മാരെ പറഞ്ഞയച്ച് അവനോട് അധർമ്മം പ്രവർത്തിക്കരുതെന്ന് ഉപദേശിക്കുക ഉണ്ടായി. അപ്പോൾ രാവണൻ കോപിച്ചു വൈശ്രവണന്റെ പുരിയിൽചെന്ന് അദ്ദേഹത്തെ ജയിച്ച് അദ്ദേഹത്തിന്റെ വകയായ പുഷ്പകവിമാനത്തെ തട്ടിപ്പറിച്ചുകൊണ്ടുപോന്നു. ഈ ആവശ്യത്തിന്നായി രാവണൻ സൈന്യങ്ങളോടുകൂടി അളകാപുരിയിൽ പോയിരുന്ന സമയം ഒരു ദിവസം രാത്രിയിൽ തന്റെ ജ്യേഷ്ഠനായ വൈശ്രവണന്റെ പുത്രനിൽ അപേക്ഷിച്ചപ്രകാരം രംഭ എന്ന അപ്സരസ്ത്രീ ക്ലിപ്തമായ ഒരു ദിവസം നിശ്ചയിച്ച് അദ്ദേഹത്തിന്റെ അടുക്കലേക്കു വരികയായിരുന്നു. രാവണൻ അവിടെയുള്ള വർത്തമാനം അറിയാതെയാണ് രംഭയുടെ വരവുണ്ടായത്. ആകാശമാർഗ്ഗത്തൂടെ കാൽത്തളകൾ കിലുങ്ങുമാറു വരുന്ന രംഭയെ കണ്ട് കാമാർത്തനായിട്ടു രാവണൻ അവളെ പിടിച്ചു ബലാൽസംഗം ചെയ്തു. കുറേനേരം കഴിഞ്ഞു രാവണന്റെ പിടിയിൽനിന്നു വിട്ടപ്പോൾ രംഭ താൻ ആഗ്രഹിച്ചു വന്ന വൈശ്രവണപുത്രനായ നളകൂബരന്റെ അടുക്കൽചെന്നു രാവണൻ ചെയ്ത ധിക്കാരം അറിയിച്ചു. നളകൂബരൻ അതുകേട്ടു കുപിതനായിട്ട് 'ഇന്നുമുതല്ക്കു രാവണൻ തന്നെ കാമിക്കാത്തവളായ സ്ത്രീയെ ബലാല്ക്കാരേണ പിടിക്കുന്നതായാൽ തൽക്ഷണംതന്നെ മരിച്ചുപോകും' എന്നു രാവണനെ ശപിച്ചു. ഈ ശാപവർത്തമാനം ചാരന്മാർ പറഞ്ഞ് അറിയുകയാൽ അന്നു മുതല്ക്കു രാവണൻ തന്നെ കാമിക്കാത്തവളായ ഏതു സ്ത്രീയിലും ബലാല്ക്കാരം പ്രയോഗിക്കാതെകണ്ടായി. അനന്തരം രാവണൻ യമനേയും വരുണനേയും യുദ്ധം ചെയ്തു ജയിച്ചു ദേവേന്ദ്രനെ ഹനിപ്പാനായി സ്വർഗ്ഗലോകത്തിങ്കലേക്കു ചെന്നു. അവിടെവെച്ചു ദേവേന്ദ്രൻ രാവണന്റെ അടുക്കൽ ചെന്ന് അവനെ പിടിച്ചു ബന്ധനത്തിലാക്കുകയാണുണ്ടായത്. ഈ വർത്ത

മാനം കേട്ടു രാവണൻെറ പുത്രനും പ്രതാപശാലിയുമായ മേഘനാദൻ പൊടുന്നനവെ സ്വൎഗ്ഗലോകത്തു ചെന്നു ഭയങ്കരമായ യുദ്ധം ചെയ്തു ദേവേന്ദ്രനെ തോല്പിച്ചു പിടിച്ചുകെട്ടി തൻെറ അച്ഛനെ ബന്ധനത്തിങ്കൽനിന്നു വിടുവിച്ച് ഇന്ദ്രനേയുംകൊണ്ടു ലങ്കയിലേയ്ക്കു പോന്നു. പിന്നെ ബ്രഹ്മാവു വന്നു മേഘനാദനു ചില വരങ്ങൾ കൊടുത്തു ദേവേന്ദ്രനെ അവൻെറ ബന്ധനത്തിൽനിന്നു വിടുവിക്കുകയാണുണ്ടായത്. അന്നുമുതല്ക്കു മേഘനാദന്ന് ഇന്ദ്രജിത്ത് എന്നു പേരുണ്ടായി. ഇന്ദ്രജിത്തു രാവണനേക്കാൾ ബലവാനും സമരത്തിങ്കൽ സാഹസികനുമായിരുന്നു. അതുകൊണ്ടാണു ഹേ ശ്രീരാമചന്ദ്ര! അവൻെറ ജനനം ഞാൻ ഒന്നാമതായി പറഞ്ഞത്.

അനന്തരം വിജയിയായ രാവണൻ ക്രമേണ എല്ലാ ലോകങ്ങളേയും ജയിച്ചു ദിക്പാലകന്മാരായ അഗ്നി, നിരൃതി, വായു എന്നിവരേയും യുദ്ധത്തിൽ തോല്പിച്ചു ശിവൻെറ അടുക്കലേയ്ക്കു ചെന്നു. അവൻ കൈലാസപൎവ്വതത്തെ പരിഘതുല്യങ്ങളായ കൈകളെക്കൊണ്ടു പൊക്കി എടുത്തു പന്താടുവാൻ തുടങ്ങിയപ്പോൾ ശ്രീപാൎവ്വതി ഭയപ്പെട്ടു രണ്ടു കൈകളേയും കൊണ്ടു ശിവനെ കെട്ടിപ്പിടിച്ചു. ആ സമയത്തു ശിവൻ എടത്തെ കാലിൻെറ പെരുവിരൽ കൈലാസത്തിൻെറ മുകളിൽ അല്പം ഒന്ന് ഊന്നുകയാൽ ആ ഭാരം സഹിപ്പാൻ വയ്യാഞ്ഞു പൎവ്വതം പതുക്കെ പതുക്കെ കീഴ്പോട്ട് അമൎന്നു. അപ്പോൾ കൈലാസപൎവ്വതത്തിങ്കലുള്ള വള്ളികളിൽ രാവണൻെറ കൈകൾ കുടുങ്ങി ക്ഷണനേരംകൊണ്ട് ഇരുപതു കൈകളും അരഞ്ഞിപ്പോയി. ആ സമയത്തു രാവണൻ തൂണന്മേൽ പിടിച്ചുകെട്ടിയ കള്ളനെപ്പോലെ നിലവിളിക്കുവാൻ തുടങ്ങി. അതു കേട്ടു നന്ദികേശ്വരൻ 'നീ എന്താണ് ഒരു കുരങ്ങൻെറ മട്ടിൽ ചാപല്യം പ്രവൎത്തിക്കുന്നത്. കുരങ്ങനെപ്പോലെ പ്രവൎത്തിക്കുക നിമിത്തം കുരങ്ങന്മാരുടേയും മനുഷ്യരുടേയും കൈകൊണ്ടു നിണക്കു നാശം ഭവിക്കട്ടെ.' എന്നിങ്ങിനെ കോപത്തോടുകൂടി രാവണനെ ശപിച്ചു. രാവണനു പററിയ ഈ കൈലാസ

ബന്ധനത്തിൽനിന്നു കുറെക്കാലം കഴിഞ്ഞതിന്നുശേഷം ശിവൻതന്നെയാണ് അവനെ മോചിപ്പിച്ചത്. നന്ദികേശ്വരൻെറ ശാപം ഏററുവെങ്കിലും അതിനെ വിലവെയ്ക്കാതെ രാവണൻ പിന്നെ കാർത്തവീര്യാർജ്ജുനൻെറ പാർപ്പിടമായ ഹൈഹയപട്ടണത്തിലേയ്ക്കാണു പോയത്. രാവണൻ ചെന്നപ്പോൾ കാർത്തവീര്യാർജ്ജുനൻ പുറത്തു പോയിരിക്കയായിരുന്നു. നേരം മദ്ധ്യാഹ്നസമയമായിരുന്നതുകൊണ്ടു രാവണൻ രേവാനദിയിൽ എറങ്ങി ശിവപൂജ ചെയ്യാൻ തുടങ്ങി. പുറത്തുപോയിരുന്ന കാർത്തവീര്യാർജ്ജുനൻ രേവാനദിയിൽതന്നെ രാവണൻ പൂജ ചെയ്യുന്ന സ്ഥലത്തുനിന്നു കുറെ താഴെ ഭാഗത്തായിട്ടു ജലക്രീഡ ചെയ്കയായിരുന്നു. അദ്ദേഹം തൻെറ ആയിരം കൈകളെക്കൊണ്ടു രേവാനദിക്ക് ഒരു ചിറ കെട്ടി നദിയിലെ വെള്ളം കീഴ്പോട്ടു പോകുവാൻ പാടില്ലാതെയാക്കി. പിന്നെ ജലക്രീഡയിൽ സംബന്ധിച്ചിട്ടുള്ള പതിനായിരം സ്ത്രീകളോടുംകൂടി അവിടെനിന്നുംകൊണ്ടു കാർത്തവീര്യാർജ്ജുനൻ ധ്യാനസ്ഥനായ രാവണനെ വെള്ളത്തിൽ മുക്കി. രാവണൻ ധ്യാനം മുതലായതെല്ലാം വിട്ട് അർജ്ജുനനോടു യുദ്ധം ആരംഭിച്ചു. ആ യുദ്ധത്തിൽവെച്ചു കാർത്തവീര്യാർജ്ജുനൻ രാവണനെ പിടിച്ചു കെട്ടുകയും, മരംകൊണ്ടുണ്ടാക്കിയ ആനയെപ്പോലെ അവനെ തൻെറ മകനു കളിപ്പാനായി കൊടുക്കുകയും ചെയ്തു. ഇങ്ങിനെ ബന്ധനത്തിൽപെട്ടു ഹൈഹയപട്ടണത്തിൽ വളരെക്കാലം കിടന്നതിന്നുശേഷം പുലസ്ത്യമഹർഷിയാണു കാർത്തവീര്യാർജ്ജുനനോടു പറഞ്ഞു രാവണനെ വിടുവിച്ചത്. ഈ സംഭവത്തിന്നുശേഷവും രാവണൻെറ ഗർവ്വിന്നു യാതൊരു കുറവും ഉണ്ടായില്ല. ഒരിക്കൽ ബലവാനായ രാവണൻ സമുദ്രത്തിൽ ധ്യാനംചെയ്തുംകൊണ്ടിരിക്കുന്ന ബാലിയെ കൊല്ലുവാൻ മോഹിച്ച് അദ്ദേഹത്തിൻെറ പിൻഭാഗത്തുകൂടെ പതുക്കെ ചെല്ലുകയുണ്ടായി. ആ സമയത്തു ദശഗ്രീവനായ രാവണനെ ബാലി കക്ഷത്തിൽ അമർത്തി കുടുക്കിക്കളഞ്ഞു. കക്ഷത്തിൽ രാവണനേയും വെച്ചുകൊണ്ടു ബാലി നാലു സമുദ്രങ്ങളും ചാടി കടന്നതിന്നുശേഷം വേ

ഗത്തിൽ കിഷ്കിന്ധയിലേയ്ക്കു ചെന്നു. അപ്പോൾ ശിശുവായ
അംഗദനെ കണ്ടിട്ടു പ്രീതിയോടെ ചുംബനം ചെയ്യാനായി ര
ണ്ടു കൈകൊണ്ടും കൂടി കുട്ടിയെ എടുത്തു മടിയിൽ വെച്ചു. ആ
സമയത്തു കയ്യ് ഇറക്കിയപ്പോൾ കക്ഷത്തുനിന്നു രാവണൻ
ഭൂമിയിൽ വീണു. അത്ഭുതാകാരനായ അവനെ ബാലി ത
ൻെറ സ്വജനങ്ങൾക്കും സ്ത്രീകൾക്കും കാണിച്ചുകൊടുത്തു. പി
ന്നെ തൻെറ പുത്രനായ അംഗദനെ ഇട്ട് ആട്ടുന്ന തൊട്ടിയുടെ
മുകളിൽ തല കീഴായി കെട്ടിതൂക്കി വളരെക്കാലം കളിപ്പിച്ചു.
എടയ്ക്കു ചെറുകിടാവായ അംഗദൻെറ ഉണ്ണി മൂത്രംകൊണ്ടു
രാവണൻെറ മുഖത്തു പുണ്യാഹം തളിക്കുകയും ചെയ്യുന്നു.
ഇങ്ങിനെ വളരെക്കാലം കഴിഞ്ഞതിന്നുശേഷം ബാലിക്കുത
ന്നെ ദയ തോന്നി രാവണനോടു പൊയ്ക്കൊൾവാൻ കല്പി
ച്ചു. രാവണൻ അപ്പോൾ ബാലിയുമായി സഖ്യം ചെയ്തു ബ
ന്ധുനിലയിൽ പോകയും ചെയ്തു. പിന്നെ രാവണൻ പുഷ്പക
വിമാനത്തിൽ കയറി നാനാദിക്കുകളിലുമുള്ള വീരന്മാരെ അ
ന്വേഷിച്ചുംകൊണ്ടു പോകുകയും അക്കൂട്ടത്തിൽ പാതാളത്തിൽ
ചെല്ലുകയും ചെയ്തു. അവിടെ മഹാബലിയുടെ വക കോടിസൂ
ര്യ്യപ്രകാശത്തോടുകൂടിയ പുരം കാണപ്പെട്ടു. ആ പുരത്തിൻെറ
തേജസ്സു സഹിക്കാഞ്ഞു പുഷ്പകവിമാനം എളകാതെ നിന്നു
പോയി. അതുകൊണ്ടു രാവണൻ വിമാനത്തിൽനിന്ന് എറ
ങ്ങി ഏകനായിട്ടാണു മഹാബലിപുരത്തിങ്കലേയ്ക്കു ചെന്നത്.
ഗോപുരദ്വാരത്തിൽ കോടിസൂര്യ്യന്മാരെപ്പോലെ തേജസ്സുള്ളവ
നും മഞ്ഞപട്ടുടുത്തവനും നാലു കൈകളോടുകൂടിയവനും ആ
യ തിന്തിരുവടി (വിഷ്ണു) ഭാര്യ്യയോടുംകൂടി വാമനമൂർത്തിയായിട്ടു
വാതിൽ കാത്തു നില്ക്കുന്നുണ്ടായിരുന്നു. വാമനമൂർത്തിയെ കണ്ടി
ട്ടു രാവണൻ ആരാണ് ഇവിടെ രാജാവു എന്നു ചോദിച്ച
പ്പോൾ വാമനമൂർത്തിയായ തിന്തിരുവടി ശത്രുവായ അവൻെറ
ചോദ്യം കേട്ടതായിത്തന്നെ നടിക്കാതെ മൌനം ഭജിക്കുകയാ
ണുണ്ടായത്. അപ്പോൾ രാവണൻ ഇവന്നു ചെവി കേൾക്കി
ല്ലായിരിക്കാം എന്നു വിചാരിച്ചു മഹാബലിയുടെ രാജധാനി

യിലേയ്ക്കു കടന്നുചെന്നു. അവിടെ മഹാബലി ഭാൎയ്യയോടുംകൂടി ഇരുന്നു ചൂതു കളിക്കുന്നതായി കണ്ടു രാവണൻ കുറച്ചുനേരം ഒന്നും മിണ്ടാതെ മഹാബലിയുടെ ഐശ്വൎയ്യസമൃദ്ധി കണ്ടുംകൊണ്ടു നിന്നു. അതിന്നിടയിൽ മഹാബലിയുടെ കയ്യിൽനിന്നു ചൂതിന്റെ കരു നിലത്തുവീണു കുറച്ച് അകലത്തേയ്ക്കു തെറിച്ചുപോയി. അതെടുത്തു കൊണ്ടുവരുവാൻ മഹാബലി കല്പിച്ചപ്രകാരം രാവണൻ കരുവിന്റെ സമീപം ചെന്നു നിലത്തുനിന്ന് അതെടുപ്പാൻ ശ്രമിച്ചു. കരുവാകട്ടെ അശേഷം അനങ്ങിയില്ല. അപ്പോൾ രാവണൻ ക്രമേണ ഓരോന്നായി തന്റെ ഇരുപതു കൈകളുംകൂട്ടി ചൂതുകരു എടുക്കുവാൻ നോക്കി. പക്ഷേ കരുവിന്റെ കനംകൊണ്ടു കൈവിരലുകളെല്ലാം ചതഞ്ഞു ചോര ഒലിച്ചു കൈകൾ വലിച്ചെടുപ്പാൻ വയ്യാതായതല്ലാതെ ഫലമൊന്നും ഉണ്ടായില്ല. രാവണൻ വളരെനേരം അവിടെനിന്നു കരഞ്ഞുപോയി. കുറെ കഴിഞ്ഞപ്പോൾ മഹാബലിയുടെ ഒരു ദാസി രാവണനു പററിയ അബദ്ധം കണ്ടു ചിറിച്ചുംകൊണ്ടു നിഷ്പ്രയാസമായി കരു എടുത്തു മഹാബലിയുടെ കയ്യിൽ കൊണ്ടുപോയി കൊടുത്തു. തന്നെ എന്തിനു കൊള്ളാം എന്നു ചോദിച്ചു രാവണനെ രാജഗൃഹത്തിൽനിന്നു പുറത്താക്കുകയും ചെയ്തു. അപ്പോൾ അവനെ രാജഭൃത്യന്മാർ എടുത്ത് അവരുടെ എച്ചിൽചോറു കൊടുത്തു പോററിവന്നു. കുതിരാലയത്തിൽനിന്നു പതിവായി കുതിരകളുടെ ചാണകം വാരി കളയുന്ന പ്രവൃത്തി രാജഭൃത്യന്മാർ രാവണനു കൊടുത്തു. ഇങ്ങിനെ ചാണകവും വാരി ദിവസം കഴിക്കുന്ന കാലത്ത് ഒരിക്കൽ രാവണൻ ഗോപുരം കാവൽക്കാരനായ തിന്തിരുവടിയുടെ (വാമനന്റെ) കാക്കൽ വന്നു വീണ് അഭയം പ്രാൎത്ഥിച്ചു. അപ്പോൾ അങ്ങു കാക്കൽ വീണിരിക്കുന്ന രാവണനെ കാലിന്റെ പെരുവിരൽകൊണ്ടു തട്ടി ആകാശത്തേയ്ക്കു എറിയുകയും 'ആവൂ ജയിച്ചു' എന്നു വിചാരിച്ചു സന്തോഷിച്ചു രാവണൻ ഒരുവിധം ലങ്കയിൽ എത്തി വീഴുകയും ചെയ്തു. മഹാബലിയുടെ ഗൃഹത്തിൽനിന്നു വിട്ടുപോന്നതിൽ രണ്ടാമത് ഒരു ജന്മം എടുത്തതുപോലെയുള്ള സന്തോഷം രാവണനുണ്ടായി.

പിന്നേയും രാവണൻ പുഷ്പകവിമാനത്തിൽ കയറി ലോകത്തിലുള്ള വീരന്മാരെ എല്ലാം കയ്യുകളകൊണ്ടു ജയിച്ചു കീഴടക്കുവാൻ വേണ്ടി പല ദിക്കിലും സഞ്ചരിച്ചുംകൊണ്ടിരുന്നു. അക്കൂട്ടത്തിൽ ഒരിക്കൽ ഇവിടെ അയോദ്ധ്യയിലും വരികയുണ്ടായി. അന്ന് അയോദ്ധ്യയിൽ അങ്ങയുടെ പൂർവ്വന്മാരിൽ ഒരുവനായ 'അനരണ്യൻ' യാഗം ചെയ്തുംകൊണ്ടിരുന്നു. രാവണൻ അദ്ദേഹത്തെ ഓക്കാതെകണ്ടിരിക്കുമ്പോൾ യുദ്ധംചെയ്തു നിഗ്രഹിച്ചു. മരിപ്പാൻകാലത്ത് അനരണ്യൻ രാവണനു് "എൻെറ വംശത്തിൽ ഒരു കാലത്തു ശ്രീരാമൻ അവതരിക്കും. അദ്ദേഹം നിന്നോടു യുദ്ധംചെയ്തു നിന്നെ കുടുംബത്തോടുകൂടി കൊല്ലുകയും ചെയ്യും" എന്നു ശാപം കൊടുത്തു സ്വൎഗ്ഗത്തിലേയ്ക്കു പോയി. രാവണൻ അവിടെനിന്നു ലങ്കയിലേയ്ക്കും പോയി. അങ്ങിനെ ഇരിക്കുമ്പോൾ ഒരിക്കൽ രാവണൻ വിജനപ്രദേശത്തിങ്കൽവെച്ചു ബ്രഹ്മാവിൻെറ പുത്രനായ സനൽകുമാരമഹൎഷിയെ കാണുകയുണ്ടായി. രാവണൻ ഭക്തിയോടുകൂടി അദ്ദേഹത്തെ നമസ്കരിച്ചു "ഹേ മുനേ! ദേവന്മാരിൽവെച്ചു ശ്രേഷ്ഠനായിട്ടുള്ളത് ആരാണ്?" എന്നു ചോദിച്ചു. മഹാവിഷ്ണുവാണെന്നു മഹൎഷി മറുപടി പറഞ്ഞു. അതുകേട്ട് രാവണൻ വിഷ്ണുവിനാൽ യുദ്ധത്തിൽ കൊല്ലപ്പെട്ടവരായ രാക്ഷസാദികൾക്ക് എന്തു ഗതിയാണു കിട്ടുക എന്നു വീണ്ടും ചോദിക്കുകയും വിഷ്ണുവിൻെറ കൈകൊണ്ടു മരണം വരുന്നവർ മുക്തിയെ പ്രാപിക്കുമെന്നു സനൽകുമാരൻ മറുപടി പറകയും ചെയ്തു. പിന്നെയും രാവണൻ മഹൎഷിയെ നമസ്കരിച്ച് "എന്നാൽ എനിക്കു വിഷ്ണുവിൻെറ കൈകൊണ്ടു മരണം വരണം. അതിന് എന്താണ് ഉപായം" എന്നു ചോദിച്ചു. അപ്പോൾ മഹൎഷി "ത്രേതായുഗത്തിൽ മഹാവിഷ്ണു മനുഷ്യനായിട്ടു രാമൻ എന്ന പേരിൽ അയോദ്ധ്യയിൽ അവതരിക്കും. അപ്പോൾ നീ അദ്ദേഹത്തോടു കഠിനമായ ശത്രുത്വം നടിച്ചു യുദ്ധംചെയ്തു പരമാത്മാവായ അദ്ദേഹത്തിൻെറ തൃക്കൈകൊണ്ടു മരണം പ്രാപിക്കുക. എന്നാൽ നിനക്കു മുക്തി സിദ്ധിക്കും."

എന്നരുളിച്ചെയ്തു. അതുപ്രകാരം മഹാവിഷ്ണുവായ അങ്ങയോടു വിരോധം വരുവാനായിട്ടാണു രാവണൻ ഗൌതമീതീരത്തുനിന്നു സീതയെ അപഹരിച്ചതും ലങ്കയിൽ കൊണ്ടുപോയി അശോകവനികയിൽവെച്ച് അമ്മയെപ്പോലെ രക്ഷിച്ചതും.

പിന്നിടൊരിക്കൽ രാവണൻ നാരദനെക്കണ്ടു നമസ്കരിച്ച് ഇങ്ങിനെ ചോദിച്ചു. "ഭഗവൻ, എനിക്കു യുദ്ധം ചെയ്യാനായി പ്രബലന്മാരായ വീരന്മാർ എവിടെയാണുള്ളതെന്നു പറഞ്ഞുതന്നാലും. ബലവാന്മാരോടു യുദ്ധം ചെയ്യേണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഇവിടേയ്ക്കാണെങ്കിൽ മൂന്നുലോകത്തിലെ വൎത്തമാനവും അറിവുണ്ടുതാനും." ഈ ചോദ്യംകേട്ടു നാരദൻ കുറച്ചുനേരം ആലോചിച്ചു മറുപടി പറഞ്ഞു. "ഹേ രാവണാ! ശ്വേതദ്വീപത്തിങ്കൽ മഹാ ബലവാന്മാരും ദൃഢഗാത്രന്മാരുമായി പലരുമുണ്ട്. അവരെല്ലാവരും വിഷ്ണുപൂജയിങ്കൽ താൽപൎയ്യമുള്ളവരും വിഷ്ണുവിനാൽ കൊല്ലപ്പെട്ടവരുമാണ്. അങ്ങിനെയുള്ളവർ മാത്രമേ ശ്വേതദ്വീപത്തിൽ ജനിക്കയുള്ളു. അവരെക്കൊല്ലുവാൻ സുരാസുരന്മാരാൽ സാദ്ധ്യമല്ല.' ഇതുകേട്ടു രാവണൻ മന്ത്രിമാരോടുംകൂടി പുഷ്പകവിമാനത്തിൽ കയറി ശ്വേതദ്വീപവാസികളെ ജയിപ്പാനായി പോയി. ആ ദ്വീപിന്റെ തേജസ്സുകൊണ്ടു പുഷ്പകവിമാനത്തിന്റെ പ്രഭ മങ്ങിപ്പോകയാൽ പുഷ്പകം എളകാതെകണ്ടായി. രാവണൻ അതിൽനിന്ന് എറങ്ങി കാൽനടയായിച്ചെന്നു ദ്വീപത്തിൽ പ്രവേശിച്ചു. ചെന്നപ്പോഴെയ്ക്കുതന്നെ പുഷ്പം പറിപ്പാനായി കാട്ടിലേയ്ക്കു പോകുന്ന ഒരു ദാസി "നീ ആര്; എവിടുന്നുവരുന്നു. ആരയച്ചു വരുന്നു" എന്നുചോദിച്ചു രാവണനെ പിടിച്ചു. അവളുടെകൂടെ ഉണ്ടായിരുന്ന സ്ത്രീകൾ ചിരിച്ചുംകൊണ്ടു രാവണന്റെ മുഖങ്ങളിൽ അടിച്ചു വളരെ നേരം അവനെ തലകീഴായിത്തൂക്കിപ്പിടിച്ചു പന്തുപോലെ അങ്ങോട്ടുമിങ്ങോട്ടും എറിഞ്ഞു കളിക്കുവാൻ തുടങ്ങി. ഒരുത്തി എറിഞ്ഞപ്പോൾ രാവണൻ പരലങ്കയിങ്കൽ തന്റെ സഹോദരിയായ 'ക്രൌഞ്ചി'യുടെ സൌചകൂപത്തിൽ ചെന്നുവീണു. ആ സ്ത്രീകളുടെ കയ്യിൽനിന്നു വിട്ടു

പോന്നതിൽ രാവണനു വലുതായ സന്തോഷവും ആശ്ചൎയ്യവും ഉണ്ടായി. അവൻ വിചാരിച്ചു. "അമ്പാ മഹാവിഷ്ണുവിനാൽ കൊല്ലപ്പെട്ടവരുടെ ശക്തി? അദ്ദേഹം എന്നേയും കൊന്നുവെങ്കിൽ എനിക്കും ശ്വേതദ്വീപത്തിൽ ജനിക്കാമല്ലോ. അതിനാൽ വിഷ്ണുവിനോടു വിരോധമാണ്. ഇങ്ങിനെ വിചാരിച്ചിട്ടാണ് രാവണൻ സീതയെ അപഹരിച്ചത്. സീത മഹാലക്ഷ്മിയാണെന്ന് അറിഞ്ഞതുകൊണ്ടാണ് അമ്മയെപ്പോലെ രക്ഷിച്ചത്. അങ്ങയുടെ കൈകൊണ്ടു മരണം വരുവാനാണ് രാവണൻ ഇതൊക്കെ പ്രവൎത്തിച്ചത്

ശ്രീരാമചന്ദ്രൻ പറഞ്ഞു.

അല്ലയോ മുനിശ്രേഷ്ഠാ! അങ്ങയുടെ മുഖത്തുനിന്നു ബാലിസുഗ്രീവന്മാരുടെ ജനനംകൂടി കേൾക്കേണമെന്നു മോഹം ഉണ്ടു്. സൂൎയ്യനും ദേവേന്ദ്രനും വാനരാകൃതികളായി ജനിച്ചവരാണു സുഗ്രീവനും ബാലിയും എന്നു കേട്ടിട്ടുണ്ട്.

അഗസ്ത്യൻ പറഞ്ഞു.

ഹേ രാമചന്ദ്ര! പണ്ടു സ്വൎണ്ണമയമായ മഹാമേരുവിൽ ബ്രഹ്മാവിന്റെ സഭയിൽ വെച്ച് ഒരിക്കൽ ബ്രഹ്മാവിന്റെ കണ്ണുകളിൽനിന്ന് ആനന്ദബാഷ്പം പൊഴിയുകയുണ്ടായി. അതിനെ കയ്യിൽ എടുത്ത് അല്പനേരം ധ്യാനിച്ച് ഉപേക്ഷിച്ചു. ആ ജലം ഭൂമിയിൽ വീണപ്പോൾ അതിങ്കൽനിന്ന് ഒരു വലിയ വാനരൻ പിറന്നു. ബ്രഹ്മാവ് അവനോടു തന്റെ അരികത്തു തന്നെ എന്നും വസിച്ചുകൊൾവാനായി അരുളിച്ചെയ്തു. ഈ വാനരനു വിരജസ്സ് എന്നു പേരായിരുന്നു. വളരെകാലം ആ വാനരൻ ബ്രഹ്മാവിന്റെ സമീപത്തു വസിച്ചതിന്നു ശേഷം ഒരിക്കൽ മഹാമേരുവിങ്കൽ സഞ്ചരിച്ചു ഫലമൂലങ്ങളെ പറിക്കുവാൻ തുടങ്ങിയപ്പോൾ രത്നക്കല്ലുകളെക്കൊണ്ടു പടുക്കപ്പെട്ടതും ദിവ്യമായ ജലത്തോടുകൂടിയതുമായ ഒരു പൊയ്കകണ്ടു. അതിൽ ഇറങ്ങി വെള്ളം കുടിക്കുവാൻ ഭാവിച്ചപ്പോൾ വെള്ളത്തിൽ പ്രതിഫലിച്ചതായ തന്റെ നിഴൽ കണ്ടിട്ട് അതു തന്നോട് എതൃക്കുവാൻ വന്ന മറെറാരു വാനരനാണെന്നു വിചാരിച്ച് അ

വൻ വെള്ളത്തിലേയ്ക്കു ചാടി. അപ്പോൾ തനിക്ക് എതിരായ വാനരനെ കാണായ്കയാൽ വേഗത്തിൽ കരയ്ക്കു കയറി നടന്നു തുടങ്ങി. അപ്പോൾ താൻ ഒരു സുന്ദരിയായ സ്ത്രീയായ്ത്തു കണ്ട് ആശ്ചൎയ്യപ്പെട്ടു. ആ സുന്ദരിയെ ദേവേന്ദ്രൻ കണ്ടിട്ടു കാമാൎത്തനായി അവളിൽ തന്റെ വീൎയ്യത്തെ പ്രക്ഷേപിച്ചു. ആ വീൎയ്യം അവളിൽ പ്രവേശിക്കാതെ അവളുടെ വാലിന്റെ സ്ഥാനത്തു പതിച്ചു. അവളിൽ നിന്ന് ദേവേന്ദ്രനെപ്പോലെ പരാക്രമമുള്ള വാനരശ്രേഷ്ഠനായ ബാലി ഉത്ഭവിച്ചു. അപ്പോഴേയ്ക്കു സൂൎയ്യദേവൻ അവിടെ വരികയും ആ കാമിനിയെ കണ്ടു കാമപരവശനായിട്ട് അവളിൽ തന്റെ വീൎയ്യത്തെ പ്രക്ഷേപിക്കുകയും ചെയ്തു. സൂൎയ്യന്റെ വീൎയ്യം അവളുടെ ഗ്രീവാ (കഴുത്തു) സ്ഥാനത്താണ് പതിച്ചത്. ആ വീൎയ്യശക്തിയാൽ അവളിൽ നിന്നു ബലവാനായ സുഗ്രീവനും ഉത്ഭവിച്ചു. ഇങ്ങിനെ ഉണ്ടായ രണ്ടു പുത്രന്മാരേയും എടുത്തുകൊണ്ടു ആ സുന്ദരി ഒരിടത്തുചെന്ന് കിടന്നുറങ്ങി. പിറേറദിവസം പ്രഭാതത്തിൽ ഉണൎന്ന് എഴുനീററപ്പോൾ സുന്ദരിയായ സ്ത്രീ പോയി മുമ്പത്തെപോലെ വാനരൻ തന്നെയായിത്തീരുകയും ചെയ്തു. ഈ സംഭവം ബ്രഹ്മാവു കേട്ടിട്ടു വാനരേന്ദ്രനായ വിരജസ്സിന്ന് അദ്ദേഹം കിഷ്കിന്ധാരാജ്യത്തെ ദാനം ചെയ്തു. വിരജസ്സ് കിഷ്കിന്ധയിൽ രാജാവായി പുത്രന്മാരായ ബാലിസുഗ്രീവന്മാരോടുകൂടി അവിടെ താമസിച്ചു. കുറെ കഴിഞ്ഞു വിരജസ്സ് മരിച്ചുപോയപ്പോൾ ബാലി രാജാവായി കിഷ്കിന്ധയിൽ വാഴ്ത്തു തുടങ്ങുകയും ചെയ്തു. ഹേ രാമ! ബാലിസുഗ്രീവന്മാരുടെ കഥ അങ്ങു ചോദിച്ചപ്രകാരം ഞാൻ പറഞ്ഞിരിക്കുന്നു.

ശ്രീരാമചന്ദ്രൻ പറഞ്ഞു.

ബാലിബന്ധുവായ സുഗ്രീവനെ കിഷ്കിന്ധയിൽനിന്നു പുറത്താക്കിയപ്പോൾ വായുപുത്രനായ ഹനുമാൻ അദ്ദേഹത്തിന്റെ മന്ത്രിയായിരുന്നുവല്ലോ. ബാലിതുല്യപരാക്രമനായ ഹനുമാൻ അന്നു തന്റെ ബലത്തെ അറിഞ്ഞിരുന്നില്ലേ? ഇങ്ങിനെ ശ്രീരാമന്റെ വാക്കു കേട്ടു മഹൎഷി പിന്നേയും പറഞ്ഞു.

പണ്ട് അഞ്ജനപൎവ്വതത്തിങ്കൽ കേസരി എന്നു പ്രസിദ്ധനായ ഒരു വാനരൻ ഉണ്ടായിരുന്നു. അവന്നു ഭാൎയ്യമാരായി രണ്ടു വാനരിമാരും ഉണ്ടായിരുന്നു. ഒരിക്കൽ ഭാൎയ്യമാരിൽ ഒരുവളായ അഞ്ജനി പൎവ്വതത്തിന്മേൽ ഇരിക്കുമ്പോൾ ആകാശത്തുകൂടെ പറന്നുപോയിരുന്ന ഒരു പെൺകഴുകപക്ഷിയുടെ കൊക്കിൽനിന്ന് ഒരു ഉരുള പായസം കീഴ്പോട്ടു വീണു. അതു പണ്ടു കൈകേയി അഞ്ജനപൎവ്വതത്തിന്മേലേക്കു് എറിഞ്ഞതായ പായസമായിരുന്നു. കഴുകപ്പേട അതു കൊത്തിക്കൊണ്ടുപോകുമ്പോഴാണു കൊക്കിൽനിന്നു താഴെ വീണുപോയത്. അഞ്ജനിയുടെ മുമ്പിൽ പതിച്ച അമൃതതുല്യമായ ആ പായസപിണ്ഡത്തെ അവൾ ഭക്ഷിച്ചു. ഇതിനിടയിൽ അവിടേക്കു കേസരിയുടെ മറ്റെ ഭാൎയ്യയായ മാൎജ്ജാരമുഖിയും എത്തി. ആ രണ്ടു വാനരിമാരുംകൂടി ഭൎത്താവിനോടുകൂടാതെ അവിടെ ക്രീഡിച്ചുകൊണ്ടിരിക്കുമ്പോൾ വായുദേവൻ അകലത്തുനിന്നു കണ്ട് അവരുടെ വസ്ത്രത്തെ മാറ്റിക്കളഞ്ഞു. അവരിൽ അഞ്ജനിയോടു രതിപ്രാൎത്ഥനചെയ്തു, വായുദേവൻ അവളിൽ രതിയെ ചെയ്തു. അപ്രകാരംതന്നെ മാൎജ്ജാരമുഖിയെ കണ്ടു മോഹിച്ചു നിരൃതി അവളോടുകൂടിയും രമിച്ചു. രണ്ടുപേൎക്കും ഓരോ പുത്രന്മാർ ഉണ്ടാകയും ചെയ്തു. അവരിൽ അഞ്ജനയിൽ വായുവിന്നുണ്ടായ പുത്രനാണു ഹനുമാൻ. മാൎജ്ജാരമുഖിയുടെ പുത്രൻ ഘൎഘരശബ്ദത്തോടുകൂടിയ ഒരു പിശാചായിരുന്നു. ഹനുമാന്റെ ജനനം ചൈത്രമാസത്തിൽ വെളുത്തപക്ഷത്തിൽ ഹരിവാസരത്തിൽ മകം നാളിലായിരുന്നു. മറ്റുചിലർ ചൈത്രമാസത്തിൽ വെളുത്തവാവുന്നാൾ ആണു ഹനുമാൻ ജനിച്ചതെന്നും പറയുന്നുണ്ട്. ഈ അഭിപ്രായഭേദം കല്പഭേദംകൊണ്ടുണ്ടായതായിരിക്കാം.

ഹനുമാൻ കുട്ടിയായിരിക്കുമ്പോൾ സൂൎയ്യൻ ഉദിച്ചുവരുന്നതുകണ്ടു തിന്നാനുള്ള ഒരു പഴമാണെന്നു വിചാരിച്ച് അതിനെ പിടിക്കുവാനായി കളിയായിട്ടു മേല്പോട്ടു ചാടുകയുണ്ടായി. വായുവേഗത്തോടുകൂടി അഞ്ഞൂറു യോജന മേല്പോട്ടു ഹനുമാൻ

ചാടി കയറി. അന്നു കറുത്ത വാവായിരുന്നതുകൊണ്ടു രാഹു സൂൎയ്യനെ ഗ്രസിപ്പാനായി ചെന്നിരുന്നു. രാഹു ചെന്നപ്പോൾ ഹനുമാനുണ്ടു സൂൎയ്യന്റെ മുമ്പിൽ പിടിപ്പാനൊരുങ്ങി നില്ക്കുന്നു. അവനെ കണ്ടു ഭയപ്പെട്ടു രാഹു സൂൎയ്യനെ വിട്ടുപോയി ദേവേന്ദ്രന്റെ മുമ്പിൽ ചെന്നു പറഞ്ഞു. "ഹേ ഇന്ദ്രാ! ഇന്നു ഞാൻ അങ്ങയെ വിഴുങ്ങിക്കളയും. കറുത്തവാവുന്നാൾ സൂൎയ്യനെ ഗ്രസിപ്പാനായിട്ടാണല്ലോ അങ്ങ് എന്നോടു പറഞ്ഞിട്ടുള്ളത്. അക്കാൎയ്യത്തിൽ ഇന്നു വിഘ്നം നേരിട്ടിരിക്കുന്നു. ആ വിഘ്നത്തെ അങ്ങുന്നുതന്നെ വേഗത്തിൽ തീൎത്തുതരണം." ഇങ്ങിനെ രാഹു പറഞ്ഞതുകേട്ടു ദേവേന്ദ്രൻ ഐരാവതഗജത്തിന്റെ പുറത്തു കയറി ദേവന്മാരോടുകൂടി സൂൎയ്യന്റെ സമീപത്തു ചെന്നപ്പോൾ സൂൎയ്യന്റെ മുമ്പിൽ വാനരൻ നില്ക്കുന്നതായി കണ്ടു വജ്രായുധം പ്രയോഗിച്ചു. വജ്രായുധമേററു ഹനുമാൻ പൎവ്വതഗുഹയിലേക്കു വീഴുകയും ചെയ്തു. ആ സമയത്ത് അവന്റെ ഹനു (താടി എല്ല്) മുറിഞ്ഞുപോകയാൽ ഹനുമാൻ എന്ന പേർ അവന്നു പ്രസിദ്ധമായിത്തീൎന്നു. തന്റെ പുത്രനായ വാനരന് ഈ അപകടം പിണഞ്ഞതിൽ വായുദേവൻ വല്ലാതെ കോപിച്ചുവശായി. വായു താടിമുറിഞ്ഞ ഹനുമാനെ ആശ്വസിപ്പിച്ചു സ്വയം സ്തബ്ധനായിത്തീൎന്നു. വായു സ്തംഭിച്ചു പോയപ്പോൾ ജീവജാലങ്ങളെല്ലാം ശ്വാസോച്ഛ്വാസങ്ങൾ ഇല്ലാതെയായി ഭൂമിയിൽ വീണു. ത്രൈലോക്യം മുഴുവൻ ശവംപോലെയായിത്തീൎന്നു. അപ്പോൾ സ്വൎഗ്ഗത്തിൽ ദേവന്മാർ കഷ്ടം കഷ്ടം എന്നു പറഞ്ഞു വിലപിച്ചുതുടങ്ങി. ബ്രഹ്മാവു ദേവേന്ദ്രൻ ചെയ്തതു സാഹസമായി എന്നു പറഞ്ഞു വായുദേവന്റെ അടുക്കൽ ചെന്നു നമസ്കരിച്ചു പ്രാൎത്ഥനയായിട്ട് അരുളിച്ചെയ്തു. "ഹേ വായോ! ദേവേന്ദ്രന്റെ അപരാധത്തെ അങ്ങുന്നു ക്ഷമിക്കണം. അങ്ങയുടെ പുത്രനായ ഹനുമാനു വേണ്ടുന്ന വരങ്ങൾ എല്ലാം ഞാൻ ദാനംചെയ്യാം" ഇങ്ങിനെ ബ്രഹ്മാവു പറഞ്ഞപ്പോൾ വായു മുൻപത്തേപ്പോലെ വീശിത്തുടങ്ങുകയും ത്രൈലോക്യത്തിലുള്ള സൎവ്വ ജീവജാലങ്ങൾക്കും ക്ഷ

ണോരനരംകൊണ്ടു ജീവൻ വെയ്ക്കുകയും ചെയ്തു. പിന്നെ ബ്രഹ്മാവു മുൻപിൽ നില്ക്കുന്ന ഹനുമാനു വരം നൽകി. "ഹേ വാനര! നീ എന്നും മരണമില്ലാത്തവനായും വജ്രംപോലെ ഉറപ്പുള്ള ദേഹത്തോടുകൂടിയവനായും ഭവിക്കും. എന്റെ വരപ്രഭാവംകൊണ്ടു നീ മഹാവിഷ്ണുവിന്നുകൂടി സഹായം ചെയ്യുന്നവനായി ഭവിക്കും. ഹേ ആഞ്ജനേയാ, ത്രൈലോക്യത്തിൽ എവിടേയും നിന്റെ ഗതിക്കു തടസ്ഥം വരികയില്ല. നിണക്കു വിഷ്ണുവിങ്കൽ എന്നും ഉത്തമമായ ഭക്തി ഉണ്ടാവുകയും ചെയ്യും." ഇങ്ങിനെ അരുളിച്ചെയ്തു ബ്രഹ്മാവ് അന്തർദ്ധാനം ചെയ്തു. അതിന്നുശേഷം രാഹു പിന്നെയും സൂൎയ്യനെ ഗ്രസിക്കുവാനായി ചെന്നു.

ശ്രീരാമചന്ദ്രൻ പറഞ്ഞു.

ദേവേന്ദ്രൻ രാഹുവിന്നു ഗ്രസിപ്പാൻ സൂൎയ്യനെ കൊടുത്ത കഥ എങ്ങിനെയാണ്? ആ കഥ എന്നോടു വിസ്തരിച്ചുപറയണം.

അഗസ്ത്യൻ പറഞ്ഞു.

പണ്ട് അമൃതമഥനകാലത്തു രാഹു എന്ന അസുരൻ അമൃതു സേവിച്ചതുകൊണ്ടു മരണമില്ലാത്തവനായി ഭവിച്ചു. എന്നിട്ട് അവൻ നവഗ്രഹങ്ങളിൽ എട്ടാമത്തവനായിത്തീൎന്നു. അനന്തരം അവൻ ദേവന്മാരെ പിഡിപ്പിക്കുവാൻ ചെല്ലുകയും അപ്പോൾ ദേവന്മാർ അവന്നു സൂൎയ്യചന്ദ്രന്മാരെ കൊടുക്കുകയും ചെയ്തു. രാഹു സൂൎയ്യനേയും ചന്ദ്രനേയും ഗ്രസിക്കുവാൻ വരുമ്പോൾ ജനങ്ങളെല്ലാംകൂടി പലപല സൽകൎമ്മങ്ങളേയും ധൎമ്മങ്ങളേയും ചെയ്കയും അതിന്റെ ഫലംകൊണ്ടു രാഹു സൂൎയ്യചന്ദ്രന്മാരെ വിട്ടുപോകയും ചെയ്യുന്നു. രാഹു സൂൎയ്യചന്ദ്രന്മാരെ പിഡിപ്പിക്കുവാൻ ചെല്ലുന്നതിനെയാണു ലോകത്തിൽ സൂൎയ്യഗ്രഹണമെന്നും ചന്ദ്രഗ്രണമെന്നും പറയുന്നത്. ഈ ഗ്രഹണകാലങ്ങളിൽ ജനങ്ങൾ തങ്ങൾക്കു സൽഗതി വരുവാൻവേണ്ടി പലസൽകൎമ്മങ്ങളുംചെയ്തു രാഹുവിനെ സന്തോഷിപ്പിച്ചു സൂൎയ്യചന്ദ്രന്മാരെ മോചിപ്പിക്കുന്നു. ഇപ്രകാരം ഹേ രാമ! ഞാൻ

ഗ്രഹണത്തിന്റെ കാരണത്തെയും ഹനൂമാന്റെ ജനനം, പരാക്രമം, വരസമ്പാദനം, എന്നിവയേയും വിസ്തരിച്ചുപറഞ്ഞു. ഹനൂമാന്റെ ബലമാഹാത്മ്യത്തെ വർണ്ണിക്കുവാൻ ആക്കും സാധിക്കയില്ല. അവൻ ഒരിക്കൽ മഹർഷിമാരുടെ ആശ്രമങ്ങളിൽ സഞ്ചരിച്ച് അവിടെ കൂട്ടിയിരുന്ന പുല്ലു ചമതമുതലായതെല്ലാം അങ്ങുമിങ്ങും ചിന്നി നാനാവിധമാക്കുകയും മുനിബാലന്മാരെ ഭയപ്പെടുത്തുകയും ചെയ്തു. ഈ ചപലപ്രവൃത്തികണ്ടു മഹർഷിമാർ കോപിച്ചു "ഹേ വാനരശ്രേഷ്ഠ! ഇന്നുമുതൽക്കു നിണക്കു നിന്റെ ബലം അറിവില്ലാതെ പോട്ടെ. എപ്പോൾ മറെറാരുവൻ പറഞ്ഞു നിന്റെ ബലത്തെ നീ കേൾക്കുന്നുവോ അപ്പോൾ നിണക്കു പൂർവ്വസ്മരണയും പൌരുഷവും ഉണ്ടാകയും ചെയ്യും" എന്നു ഹനൂമാനെ ശപിച്ചു. ഈ ശാപം ഹേതുവായിട്ടാണു ഹനൂമാൻ സുഗ്രീവന്റെ മന്ത്രിയായിരിക്കുമ്പോൾ സ്വന്തം പരാക്രമത്തെ അറിയാഞ്ഞത്. സീതാന്വേഷണത്തിൽ പ്രായോപവേശനസമയത്തു ജാംബവാൻ വാഴ്ത്തിപറഞ്ഞപ്പോൾ ഹനൂമാനു പൂർവ്വസ്മരണ ഉണ്ടാകയും സ്വന്തംബലം മനസ്സിലാകയും ചെയ്തു. ഇങ്ങിനെ അങ്ങുന്നു ചോദിച്ചപ്രകാരം എല്ലാം ഞാൻ വിസ്തരിച്ചു പറഞ്ഞുതന്നു. ഹേ രാമ! അങ്ങുന്നു പരമേശ്വരനാകുന്നു. ജ്ഞാനചക്ഷുസ്സുകൊണ്ടു ഭൂതഭവിഷ്യദ്വർത്തമാനങ്ങളെ എല്ലാം അറിയുകയും ചെയ്യുന്നു. കാലത്രയത്തിങ്കലും സാക്ഷിയായി വികല്പരഹിതനായ അങ്ങുന്നു ഭക്താനുഗ്രഹത്തിന്നായി എല്ലാപ്രവൃത്തികളേയും ചെയ്യുന്നു. മാനുഷാകൃതിയായ ഇവിടുന്ന് എന്റെ വാക്കിനേയും കേൾക്കുന്നു. അങ്ങുന്നു ത്രൈലോക്യപൂജിതനായി ശോഭിക്കുന്നു.

പരമശിവൻ പറയുന്നു.

അഗസ്ത്യമഹർഷി ശ്രീരാമനെ മേൽപ്രകാരം സ്തുതിച്ചപ്പോൾ ശ്രീരാമൻ അദ്ദേഹത്തെ പൂജിക്കയും ആ പൂജയെ സ്വീകരിച്ചു മഹർഷിമാരോടുംകൂടി അദ്ദേഹം തന്റെ ദേഹം മറച്ചു പോകയും ചെയ്തു. ദേഹംകണ്ടാൽ വിന്ധ്യപർവ്വതം വീണ്ടും പൊങ്ങുമോ എന്നു ശങ്കിച്ചിട്ടാണ് അഗസ്ത്യൻ അന്തരിഹിതനാ

യിപ്പോയത്. രമാപതിയായ ശ്രീരാമനാകട്ടെ അനുജന്മാരോടും മന്ത്രിമാരോടുംകൂടി രമിച്ചുംകൊണ്ടു സ്വഗൃഹത്തിൽ വസിച്ചു. വിഷയഭോഗങ്ങളിൽ ആസക്തി ഇല്ലെങ്കിലും അദ്ദേഹം സംസാരിയായ ഒരുവനെപ്പോലെ ഭാര്യയോടുകൂടി വിഷയങ്ങളെ അനുഭവിച്ചു. ഹനുമാൻ മുതലായ സജ്ജനങ്ങളും വാനരന്മാരും അദ്ദേഹത്തെ സേവിച്ചുവന്നു. ലോകനാഥനായ ശ്രീരാമൻെറ രാജ്യഭാരകാലത്തു ഭൂമി സർവ്വസസ്യസമൃദ്ധയായും വൃക്ഷങ്ങൾ ഫലവത്തുക്കളായും ജനങ്ങൾ സ്വധർമ്മസക്തന്മാരായും സ്ത്രീകൾ ഭർത്തൃഭക്തിയുള്ളവരായും ഭവിച്ചു. ബാലമരണം ഒരിടത്തും ഉണ്ടായില്ല. ഇങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം ശ്രീരാമൻ പുഷ്പകവിമാനത്തിൽ കയറി സീതയോടും വാനരന്മാരോടും അനുജന്മാരോടുംകൂടി ഭൂപ്രദക്ഷിണം ചെയ്കഉണ്ടായി. പരമാത്മാവായ ശ്രീരാമൻ അമാനുഷങ്ങളായ കർമ്മങ്ങൾ വളരെ ചെയ്തിട്ടുണ്ട്. നാനാദിക്കിലും കോടിക്കണക്കായി ശിവലിംഗങ്ങളെ പ്രതിഷ്ഠിച്ചിട്ടുണ്ട്. അശ്വമേധം മുതലായ അനേക യാഗങ്ങൾ വലിയ ദക്ഷിണകളോടുകൂടി ചെയ്തിട്ടുണ്ട്. സീതയെ അമാനുഷഭോഗങ്ങളെകൊണ്ട് എപ്പോഴും രമിപ്പിച്ചുവന്നു. പരമധർമ്മജ്ഞനായ രാമൻ രാജ്യം പരിപാലിച്ചു സർവ്വലോകപാവനങ്ങളായ തൻെറ കഥകളെ ലോകത്തിൽ സ്ഥാപിച്ചു. ത്രേതായുഗത്തിലെ സംവത്സരക്കണക്കുപ്രകാരം ശ്രീരാമൻ പതിനോരായിരത്തി പതിനൊന്നു സംവത്സരം ധർമ്മപ്രകാരം രാജ്യഭാരംചെയ്തു. കലിവർഷപ്രകാരം കണക്കാക്കിയാൽ പതിനൊന്നു ലക്ഷത്തി പതിനോരായിരം കൊല്ലമാണ ശ്രീരാമൻെറ രാജ്യഭാരം. ശ്രീരാമൻ ഏകപത്നീവ്രതത്തോടുകൂടിയവനും സർവ്വദാ ശുദ്ധനുമായ രാജർഷിയായിരുന്നു. രാമനു ഭാര്യയും വാക്കും ശരവും ഒന്നേ ഉണ്ടായിരുന്നുള്ളു. ഗൃഹസ്ഥധർമ്മങ്ങൾ എല്ലാം സീതയുടെ പേരിൽ ഉള്ള പ്രേമത്താൽ ഒട്ടും പിഴക്കാതെ രാമൻ അനുഷ്ഠിച്ചുവന്നു. പതിവ്രതയായ സീത വിനയംകൊണ്ടും മനോഭാവംകൊണ്ടും ഭയംകൊണ്ടും ലജ്ജകൊണ്ടും മനോഹരയായും ഭർത്താവിൻെറ ഭാവജ്ഞയായും ഇരുന്നിട്ടു രാമനെ രമിപ്പിക്കു

കയ്യുംചെയ്യു. ഹേ പാൎവ്വതി! ഇപ്രകാരം ഞാൻ നീ അപേക്ഷിച്ചതുപോലെ ശ്രീരാമന്റെ കഥകളെ നിണക്കു പറഞ്ഞുതന്നു. ശ്രവണംകൊണ്ടു സൎവ്വ പാപങ്ങളേയും കളഞ്ഞു വലിയ മംഗളങ്ങളേയും കൊടുക്കുന്ന ഈ സാരഖണ്ഡത്തെ കേൾക്കുന്നവരായ മനുഷ്യൎക്കു സൎവ്വമനോരഥങ്ങളും പരിപൂൎണ്ണമായി ഭവിക്കും.

ആനന്ദരാമായണം സാരകാണ്ഡം പതിമൂന്നാം സൎഗ്ഗം സമാപ്തം.

സാരകാണ്ഡം സമാപ്തം.

ശ്രീഗണേശായ നമഃ.

# ആനന്ദരാമായണം

## യാത്രാകാണ്ഡം.

### ഒന്നാം സൎഗ്ഗം.

ശ്രീപാൎവ്വതി പറഞ്ഞു.

നാഥാ! ശ്രീരാമന്റെ ചരിത്രത്തിൽ ഏററവും പുണ്യപ്രദമായ സാരകാണ്ഡത്തെ ഇവിടുന്നു പറയുകയും, ഞാൻ കേൾക്കുകയും ചെയ്തു. ഇനിയും എനിക്കു ചിലതെല്ലാം ചോദിക്കേണ്ടതുണ്ട്. അതും ഇവിടുന്നു പറഞ്ഞുതരണം. മഹാത്മാവായ ശ്രീരാമൻ അശ്വമേധയാഗങ്ങളെ ചെയ്തതു എങ്ങിനെ എന്നും, രാമാദികളായ നാലുപേരുടെയും സന്തതികൾ ആരെല്ലാമെന്നും, രാമന്റെ പുത്രന്മാരും, അനുജന്മാരുടെ പുത്രന്മാരും ഏതു സ്ത്രീകളെയാണ് വിവാഹം ചെയ്തതെന്നും പറഞ്ഞുതരണം. ത്രേതായുഗത്തിലെ പതിനോരായിരത്തി പതിനൊന്നു സംവത്സരം ശ്രീരാമൻ രാജ്യഭാരം ചെയ്തു എന്നു പറഞ്ഞുവല്ലോ. ദീൎഘമായ ആ കാലത്തിന്നിടയിൽ ഉണ്ടായിട്ടുള്ള പ്രധാനകഥകൾ ഒക്കെയും എന്നോടു വിസ്തരിച്ചു പറയണം. ഇപ്രകാരം ശ്രീപാൎവ്വതിയുടെ വാക്കുകേട്ടിട്ടു ശിവൻ വീണ്ടും പറയുവാൻ തുടങ്ങി.

ശ്രീശിവൻ പറഞ്ഞു.

ഹേ ദേവി! ശ്രീരാമന്റെ കഥയെ പററി നീ ചോദിച്ചതു വളരെ നന്നായി. അതിനെ പറയുന്നതിൽ എനിക്കും വളരെ സന്തോഷമുള്ളതുകൊണ്ടു, ഞാൻ പറഞ്ഞുതരാം. രഘുനാഥന്റെ ചരിതം നൂറുകോടി ഗ്രന്ഥങ്ങളെക്കൊണ്ടു വിസ്തരി

ക്കപ്പെട്ടിട്ടുള്ളതാണ്. അതിലെ ഓരോ അക്ഷരവും മനുഷ്യൎക്കു
ള്ള മഹാപാപങ്ങളെ നശിപ്പിക്കുന്നതാണ്. വാല്മീകി മഹ
ൎഷിയാണ് ആദ്യം ഒരിക്കൽ രാമായണത്തെ ഉണ്ടാക്കിയത്.
ആ കഥ ഞാൻ പറയാം. വാല്മീകി ഒരിക്കൽ സ്നാനംചെ
യ്യാനായി തമസാ നദിയിലേക്കു പോയി. ശിഷ്യനോടുകൂടി
പോയി ജലപാത്രം നിലത്തുവെച്ചു മലവിസൎജ്ജനം ചെയ്തു
ശൌചം കഴിച്ചതിനുശേഷം ദൎഭയും കയ്യിൽ എടുത്തു മഹൎഷി
സ്നാനത്തിനായി നദിയിലേക്കു പോന്നപ്പോൾ തമസാ നദിയു
ടെ തീരത്തിങ്കൽ ഒരു കാഴ്ച കാണുക ഉണ്ടായി. അവിടെ
ക്രൌഞ്ചജാതിയിൽ പെട്ട ഒരു ആൺപക്ഷിയും ഒരു പെൺപ
ക്ഷിയും ഇരിക്കുന്നുണ്ടായിരുന്നതിൽ ആൺപക്ഷിയെ ഒരു കാട്ടാ
ളൻ അമ്പെയ്തു കൊല്ലുകയും, അപ്പോൾ പെൺപക്ഷി തന്റെ
സഹചാരിയും സുന്ദരനുമായ ഭൎത്താവിനോടു വേർപെട്ടു ദുഃഖം
സഹിക്കാതെ വിലപിക്കുകയും ചെയ്തു. ക്രൌഞ്ചപക്ഷിയെ
കാട്ടാളൻ കൊന്നതു കണ്ടിട്ടു ധൎമ്മാത്മാവായ മഹൎഷിക്കു കാരു
ണ്യം ഉണ്ടായി. മൃതനായ ഭൎത്താവിനെ നോക്കി കരയുന്ന
ക്രൌഞ്ചപേടയെ കണ്ടിട്ടുള്ള കാരുണ്യത്താൽ ആവിഷ്ടനായ മ
ഹൎഷി കാട്ടാളൻ പ്രവൎത്തിച്ചതു് അധൎമ്മമാണെന്നു തോന്നി താ
ഴെ പറയുന്ന വാക്യത്തെ പറഞ്ഞു.

“മാനിഷാദ! പ്രതിഷ്ഠാംത്വ മഗമഃ ശാശ്വതീഃ സ്സമാഃ
യൽ ക്രൌഞ്ചമിഥുനാ ദേക മവധീഃ കാമമോഹിതം.”

[അൎത്ഥം. അല്ലയോ നിഷാദാ (കാട്ടാളാ) നീ അധികം
സംവത്സരം ജീവിച്ചിരിക്കയില്ല. എന്തുകൊണ്ടെന്നാൽ നീ ഈ
ക്രൌഞ്ചപക്ഷികളുടെ എണയിൽവെച്ചു കാമപരവശനായ ഒ
രു (ആൺ) പക്ഷിയെ കൊന്നുവല്ലോ എന്നു കാട്ടാളനോടു പറ
യുന്നതായി ഒരൎത്ഥം — ഇതിനു വിഷ്ണുവിനോടു പറയുന്നതായി
ഒരൎത്ഥംകൂടി ഉണ്ട്. ആ പക്ഷത്തിൽ മാനിഷാദ എന്നു് ഒററ
പദം. മാനിഷാദൻ എന്നു വെച്ചാൽ ലക്ഷ്മീഭഗവതി വാണരു
ളുന്നവൻ. അതായതു വിഷ്ണു എന്നൎത്ഥം. ഹേ വിഷ്ണോ! അങ്ങു
ന്നു ശാശ്വതങ്ങളായ (അവസാനമില്ലാത്ത സംവത്സരങ്ങൾ) മൂ

ഴുവൻ ലോകത്തിൽ പ്രതിഷ്ഠയെ പ്രാപിച്ചു. എന്തുകൊണ്ടെന്നാൽ ക്രൌഞ്ചമിഥുനത്തിൽ (രാവണൻ, രാവണഭാൎയ്യ എന്നിവരിൽ)വെച്ചു കാമാതുരനായ ഒരുവനെ അതായത്തു രാവണനെ കൊന്നുവല്ലോ. രാവണവധം നിമിത്തം അങ്ങയുടെ കീൎത്തി എന്നെന്നും ലോകത്തിൽ നിലനില്ക്കുന്നതായി ഭവിച്ചു എന്നു സാരം.]

ഇപ്രകാരം പറയുമ്പോൾ മഹൎഷിക്ക് ഒരു വിചാരം ഉണ്ടായി. ശോകാൎത്തി മുഴുത്ത ഈ പക്ഷിക്ക ഞാൻ ഇങ്ങിനെ പറഞ്ഞതുകൊണ്ട് എന്താണ് ഒന്നുള്ളത് എന്നു വിചാരിച്ചു മഹാ ബുദ്ധിമാനായ മഹൎഷി മേൽപറഞ്ഞ വാക്യത്തെത്തന്നെ തന്റെ ശിഷ്യനോടും പറഞ്ഞു. ശോകാൎത്തനായ എന്നിൽനിന്നു തനിയെ പുറപ്പെട്ടതും, നാലു പാദങ്ങളായി തിരിച്ചതും, ഓരോ പാദങ്ങളിലും അക്ഷരങ്ങൾ സമമായിട്ടുള്ളതും, ചൊല്ലുമ്പോൾ വീണവായിക്കുമ്പോഴുള്ള ലയംപോലിരിക്കുന്നതും ആയ ഈ വാക്യം ഒരു ശ്ലോകമായി ഭവിക്കട്ടെ. മഹൎഷിയുടെ ഈ വാക്കിനെ ശിഷ്യൻ സന്തോഷത്തോടുകൂടി സ്വീകരിച്ചു. അപ്പോൾ മഹൎഷിക്കും വലിയ സന്തോഷമായി. പിന്നെ തമസാതീൎത്ഥത്തിൽ വിധിപോലെ സ്നാനംചെയ്തു തന്നിൽനിന്നുണ്ടായ ആ ശ്ലോകത്തിന്റെ അൎത്ഥംതന്നെ ആലോചിച്ചുംകൊണ്ട് അവിടെനിന്ന് ആശ്രമത്തിലേയ്ക്കു മടങ്ങിപ്പോന്നു. അതിൽ പിന്നെ മഹൎഷിയുടെ ശിഷ്യനും വിനീതനും ശാസ്ത്രജ്ഞനുമായ ഭരദ്വാജൻ നദിയിൽനിന്ന് ഒരു കുടം വെള്ളവും മുക്കിയെടുത്തു സന്തുഷ്ടനായ മഹൎഷിയുടെ പിന്നാലെ പോന്നു. ആശ്രമത്തിൽ വന്നതിന്നുശേഷം ധൎമ്മജ്ഞനായ വാൽമീകിമഹൎഷി ശിഷ്യനോടുംകൂടി ഇരുന്നു പല കഥകളേയും പറയുകയും, ധ്യാനസ്ഥനായി ഇരിക്കുകയും ചെയ്തു.

അതിന്നുശേഷം, ലോകത്തിന്റെ സൃഷ്ടികൎത്താവും മഹാപ്രഭുവും പരമതേജസ്വിയും ചതുൎമ്മുഖനുമായ ബ്രഹ്മാവു മഹൎഷിയെ കാണ്മാനായി എഴുന്നെള്ളി. വാൽമീകി അദ്ദേഹത്തെ കണ്ടു പെട്ടന്നുതന്നെ എഴുന്നേററ് അഞ്ജലിബന്ധംചെയ്തു വ

ലിയ ആശ്ചൎയ്യത്തോടുകൂടി അദ്ദേഹത്തെ കാൽ കഴുകിച്ച് അൎഘ്യം നൽകി, ഇരിപ്പാൻ ആസനവും കൊടുത്തു, വന്ദനംചെയ്തു പൂജിച്ച വിധിപോലെ നമസ്കരിച്ചു കുശലം ചോദിച്ചു. അനന്തരം ബ്രഹ്മദേവൻ പരമപൂജിതമായ ആസനത്തിൽ ഇരുന്നു വാൽമീകിമഹൎഷിയോടും ഇരിപ്പാൻ പറഞ്ഞു. ബ്രഹ്മാവ് അരുളിച്ചെയ്തപ്രകാരം മഹൎഷിയും ആസനസ്ഥനായി. ലോകപിതാമഹനായ ബ്രഹ്മാവ് ആസനത്തിൽ ഇരിക്കുമ്പോഴും മഹൎഷിയുടെ മനസ്സ് ആ ക്രൗഞ്ചപക്ഷിയിൽ ആയിരുന്നു. മഹൎഷി ധ്യാനത്തിൽ ഇരുന്ന് ഇങ്ങിനെ വിചാരിച്ചു. അഹോ കഷ്ടം! പാപിയായ ആ കാട്ടാളൻ വൈരത്തോടുകൂടി ആ മനോഹരശബ്ദത്തോടുകൂടിയ ആ ക്രൗഞ്ചപക്ഷിയെ അകാരണമായി കൊന്നുകളഞ്ഞുവല്ലൊ. ഇങ്ങിനെ വിചാരിച്ചു വ്യസനിച്ചുംകൊണ്ടു വീണ്ടും ഒരിക്കൽകൂടി ആ ക്രൗഞ്ചപേടയെ ഉദ്ദേശിച്ചു മഹൎഷി മുൻപറഞ്ഞ ശ്ലോകത്തെ ഗാനംചെയ്തു. പിന്നേയും മഹൎഷി ശ്ലോകപരായണനായിട്ടുതന്നെ സ്ഥിതിചെയ്തു. അങ്ങിനെ ഇരിക്കുന്ന മഹൎഷിയോടു ബ്രഹ്മാവു ചിരിച്ചുംകൊണ്ട് അരുളിച്ചെയ്തു. മഹാമുനേ! അങ്ങുണ്ടാക്കിയതു ശ്ലോകംതന്നെയാണ്. അതിൽ സംശയിപ്പാനില്ല. സരസ്വതീദേവി ശ്ലോകരൂപേണ ഇങ്ങിനെ അങ്ങയിൽ പ്രവൎത്തിച്ചത് എന്റെ അഭിപ്രായപ്രകാരംതന്നെയാണ്. ഹേ മഹൎഷിശ്രേഷ്ഠാ! അങ്ങുന്നു ശ്രീരാമന്റെ ചരിതം മുഴുവനും നിൎമ്മിക്കണം. ധൎമ്മാത്മാവും, ഗുണവാനും ധീരനുമായ രാമന്റെ കഥ നാരദങ്കൽനിന്നു കേട്ടപ്രകാരം അങ്ങ് ഉണ്ടാക്കണം. രഹസ്യമായിട്ടും, പ്രകാശമായിട്ടും ശ്രീരാമൻ, ലക്ഷ്മണൻ, സീത, രാക്ഷസന്മാർ എന്നിവർ എന്തെല്ലാം ചെയ്തുവോ അതൊക്കെയും ആരാലും അറിയപ്പെടാത്തതാണെങ്കിൽകൂടിയും അങ്ങയ്ക്ക് അറിയപ്പെട്ടതായി ഭവിക്കും. അങ്ങുണ്ടാക്കുന്ന രാമായണകാവ്യത്തിൽ ഒരു വാക്കെങ്കിലും അസത്യമായി ഭവിക്കയില്ല. അതുകൊണ്ട് അങ്ങുന്നു മനോഹരമായ രാമകഥയെ ശ്ലോകരൂപേണ നിൎമ്മിച്ചാലും. ലോകത്തിൽ പൎവ്വതങ്ങളും നദികളും നിലനില്ക്കുന്നേടത്തോളം കാ

ലം രാമായണകഥയും നിലനില്ക്കും. എന്നുതന്നെയല്ലാ, അ ങ്ങുണ്ടാക്കിയ രാമായണകഥ ലോകത്തിൽ എത്രകാലം നിലനി ല്ക്കുമോ അത്രയും കാലം എന്നാൽ സൃഷ്ടിക്കപ്പെട്ട ലോകത്തിൽ ഊൎദ്ധ്വഭാഗത്തിലും, അധോഭാഗത്തിലും അങ്ങയ്ക്കു സഞ്ചരിക്കു വാനും സാധിക്കും. ഇപ്രകാരം അരുളിച്ചെയ്തു പുണ്യപ്ര ദങ്ങളായ വേദവാക്യങ്ങൾ മുഖേന രാമായണകഥ മുഴു വൻ ബ്രഹ്മാവു മഹൎഷിയെ കേൾപ്പിക്കുകയും ചെയ്തു. പിന്നെ അദ്ദേഹം മഹൎഷി ചെയ്ത പൂജയെ പരിഗ്രഹിച്ച് അവിടെത ന്നെ അന്തൎദ്ധാനം ചെയ്തു.

അനന്തരം വാൽമീകിമഹൎഷി വലുതായ വിസ്മയത്തെ പ്രാ പിച്ചു. അദ്ദേഹത്തിൻെറ മുഖത്തുനിന്നു തനിയെ ഉണ്ടായ ശ്ലോകത്തെ അദ്ദേഹത്തിൻെറ ശിഷ്യന്മാർ അതിസന്തോഷ ത്തോടുകൂടി പിന്നേയും പിന്നേയും പാടുകയും അതിനെപ്പററി തന്നെ വിസ്മയത്തോടുകൂടി ഓരോന്നു സംസാരിക്കുകയും ചെയ്തു. മഹൎഷി പിന്നെ സമാക്ഷരങ്ങളായ നാലു പാദങ്ങളെക്കൊണ്ടു താൻ പാടിയ ആ ശ്ലോകം പിന്നേയും പിന്നേയും ആവൎത്തിച്ചു ഗാനംചെയ്തു. അത്രത്തോളം അദ്ദേഹത്തിന്നു മനസ്സിൽ ഉ ണ്ടായ ശോകം അധികമായി വന്നു. ആ ശോകംതന്നെ ശ്ലോ കമായി പരിണമിക്കുകയും ചെയ്തു. സമാധിയിൽ ഇരുന്ന മ ഹൎഷിക്ക് ഇങ്ങിനെ തോന്നി. ഇതുപോലെയുള്ള ശ്ലോകങ്ങ ങ്ങളെക്കൊണ്ടു രാമായണം കഥ മുഴുവൻ ഞാൻ നിൎമ്മിക്കുന്നു ണ്ട് എന്നു വിചാരിച്ചു മഹൎഷി ഉദാരങ്ങളായ വൃത്തത്തോടും അൎത്ഥത്തോടും പദത്തോടുംകൂടിയവയും, അതിമനോഹരങ്ങളും സമാക്ഷരങ്ങളും ആയ വിശേഷപ്പെട്ട ശ്ലോകങ്ങളെക്കൊണ്ടു കീ ൎത്തിമാനായ രാമൻെറ ചരിതത്തെ ശതകോടി സമ്മിതമായ കാവ്യമാക്കി നിൎമ്മിച്ചു.

ഇങ്ങിനെ ശതകോടി രാമായണാന്തൎഗ്ഗതവും വാൽമികികൃതവുമായ ആനന്ദരാമായണത്തിൽ യാത്രാകാണ്ഡത്തിൽ ഒന്നാംസൎഗ്ഗം സമാപ്തം.

# രണ്ടാം സർഗ്ഗം.

ശ്രീശിവൻ പറഞ്ഞു.

ഹേ ദേവി! വാൽമീകിയാൽ ഉണ്ടാക്കപ്പെട്ട ശതകോടി വിസ്തരമായ രാമായണമഹാകാവ്യത്തെ മഹർഷിമാർ സസന്തോഷം സ്വീകരിച്ചു. അവർ അതു വാൽമീകിയുടെ ആശ്രമത്തിൽവെച്ചു വായിക്കുകയും അതിനെപ്പററി പ്രസംഗിക്കുകയും ചെയ്തുതുടങ്ങി. അതു കേൾപ്പാനായി സവ്വദേവന്മാരും വിമാനത്തിൽ കയറിവന്ന് ആകാശത്തിൽ സ്ഥിതിചെയ്കയും എല്ലാം സവിസ്തരമായി കേട്ടിട്ടു മുനീന്ദ്രനായ വാൽമീകിയെ പുഷ്പങ്ങളെക്കൊണ്ടു വഷിക്കയും ജയശബ്ദങ്ങളെ പറഞ്ഞു പ്രശംസിക്കുകയും ചെയ്തു. അനന്തരം ദേവന്മാർ, ഗന്ധവ്വന്മാർ, യക്ഷന്മാർ, നാഗന്മാർ, കിന്നരന്മാർ, മഹർഷിമാർ, ഗുഹ്യകന്മാർ, രാജാക്കന്മാർ എന്നിവരും, ബ്രഹ്മാവും, ഞാനും ആ രാമായണകാവ്യം എനിക്കു കിട്ടണം, എനിക്കു കിട്ടണം എന്നുവെച്ചു പരസ്പരം കലഹിച്ചു. ബ്രഹ്മാവു മുതലായ ദേവന്മാർ പന്നഗന്മാരോടും, ദൈത്യന്മാരോടും, മനുഷ്യരോടും "വാൽമീകിരാമായണത്തെ ഞങ്ങൾ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകും" എന്നു പറഞ്ഞു. ദൈത്യന്മാരും, പന്നഗന്മാരും, പാവനമായ രാമായണത്തെ ഞങ്ങൾ പാതാളത്തിലേക്കു കൊണ്ടുപോകും എന്നും പറഞ്ഞു. അപ്പോൾ മഹർഷിമാരും രാജാക്കന്മാരും 'ഈ രാമായണത്തെ ഞങ്ങൾ ഭൂമിയിൽനിന്നു പാതാളത്തിലേക്കും സ്വർഗ്ഗത്തിലേക്കും കൊണ്ടുപോകാൻ തന്നയക്കയില്ല' എന്നായി. ഇപ്രകാരം എല്ലാവരും രാമായണത്തെപ്പററി രോമാഞ്ചമുണ്ടാകുമാറു കലഹം തുടങ്ങിയപ്പോൾ ഞാൻ നല്ല വാക്കുകൾ പറഞ്ഞ് അവരെ എല്ലാം വിലക്കി അവരോടുകൂടെ ശ്രീപാൽക്കടലിൽ ചെന്ന് അനന്തശയനത്തിൽ പള്ളികൊള്ളുന്ന വിഷ്ണുവിനെ വേദോക്തങ്ങളായ പല മന്ത്രങ്ങളെക്കൊണ്ടു സ്തുതിക്കുകയും പലപല പൂജാദ്രവ്യങ്ങളെക്കൊണ്ടു പൂജിക്കുകയും ചെയ്തു, ഗീതം, വാദ്യം മുതലായവയെ

വിഷ്ണുപ്രീതിക്കായിക്കൊണ്ടു പ്രയോഗിച്ചു. അപ്പോഠം മഹാവിഷ്ണു യോഗനിദ്രയിൽനിന്ന് ഉണൎന്ന് 'എന്നെ എന്തിനായിട്ടാണ് ഉണൎത്തിയത്' എന്ന് എന്നോടു ചോദിച്ചു. അപ്പോഠം ഞാൻ ഉണ്ടായ വൎത്തമാനമെല്ലാം വിസ്തരിച്ചു പറയുകയും ചെയ്തു. രാമായണമഹാകാവ്യത്തിന്നു വേണ്ടി ദേവാദികഠം തമ്മിൽ കലഹമുണ്ടായതു കേട്ടു ജഗദീശ്വരൻ പുഞ്ചിരി തൂകിക്കൊണ്ട് ആ കലഹത്തിൽ ഒരു തീരുമാനം ഉണ്ടാക്കി. ഭക്തവത്സലനായ വിഷ്ണു രാമായണത്തെ മൂന്നാക്കി ഭാഗിച്ച് ഓരോ ഭാഗത്തിലും 33,33,33,333 ശ്ലോകങ്ങഠം ഉണ്ടായിരുന്നു. ശേഷമുള്ളതിനെ പത്ത് അക്ഷരമുള്ള മന്ത്രങ്ങളായിട്ടും തിരിച്ചു. അവയിൽവെച്ചു രണ്ടക്ഷരം ഞാൻ അപേക്ഷിച്ചപ്രകാരം വിഷ്ണു എനിക്കു തന്നു. ആ മന്ത്രത്തെ ഞാൻ കാശിയിൽവെച്ചു പ്രാണാവസാനകാലത്തിൽ മനുഷ്യരുടെ ചെവിയിൽ ഉപദേശിക്കുന്നു. ഹേ പാൎവ്വതി! 'രാമ' എന്ന താരകമന്ത്രമാണ് അത് എന്നറിഞ്ഞാലും. ശേഷമുള്ള മന്ത്രങ്ങളിൽ മുമ്മൂന്ന് എണ്ണം വിഷ്ണു ലക്ഷ്മീദേവിക്കും, ഗരുഡനും, ആദിശേഷനും അവർ അപേക്ഷിച്ചപ്രകാരം ദാനം ചെയ്തു. ആദിശേഷൻ തന്റെ മന്ത്രത്തെ പാതാളത്തിലേയ്ക്കും, ലക്ഷ്മീദേവി തനിക്കു കിട്ടിയ മന്ത്രത്തെ വൈകുണ്ഠത്തിലേയ്ക്കും കൊണ്ടുപോയി. ഗരുഡന്റെ മഹാമന്ത്രത്തെ അവൻ ഭൂമിയിൽ വെച്ചുതന്നെ ധരിക്കുകയും ചെയ്തു. പാതാളവാസികളായ പന്നഗാദികഠംക്ക് ആദിശേഷങ്കൽനിന്നും സ്വൎഗ്ഗവാസികളായ ദേവാദികഠംക്കു മഹാലക്ഷ്മിയിൽനിന്നും ഭൂതലവാസികളായ എല്ലാവൎക്കും ഗരുഡങ്കൽനിന്നും ആ മന്ത്രങ്ങഠം ലഭിച്ചു. ആ മന്ത്രങ്ങളുടെ സ്വരൂപം എററവും ഗുഹ്യമാണ്. ഹേ പാൎവ്വതി! അതു മന്ത്രശാസ്ത്രത്തിൽനിന്നുതന്നെ അറിയേണ്ടതാണ്. ഇപ്രകാരം മന്ത്രങ്ങളെ ദാനം ചെയ്തതിന്നുശേഷം മഹാവിഷ്ണു താൻ മുമ്പു ഭാഗിച്ചുവെച്ചിട്ടുള്ള രാമായണത്തിന്റെ ഒരു ഭാഗം (33,33,33,333) ദേവന്മാൎക്കും ഒരു ഭാഗം മുനീശ്വരന്മാൎക്കും മൂന്നാമത്തെ ഭാഗം നാഗന്മാൎക്കും ദാനം ചെയ്തു. അതിൽ ദേവന്മാരുടെ ഭാഗത്തെ അവർ സ്വ

ർഗ്ഗത്തിലേയ്ക്കും, നാഗന്മാരുടെ ഭാഗത്തെ അവർ പാതാളത്തിലേയ്ക്കും, കൊണ്ടുപോയി. മുനിമാരുടെ ഭാഗം ഭൂമിയിങ്കലും വന്നു. ഇതിന്റെ വിസ്തരത്തേയും, ഞാൻ വിഷ്ണു ഭാഗിച്ചപ്രകാരം പറയാം. കേട്ടാലും. ഭൂമിയിൽ ഏഴു ദ്വീപുകൾ ഉള്ളതിൽ ഓരോ ദ്വീപുകളിലേയ്ക്കും 47619047 ശ്ലോകം വീതം ഭാഗിച്ചു. അപ്പോൾ നാലു ശ്ലോകം ബാക്കിയായി. ആ നാലു ശ്ലോകങ്ങൾ തനിക്കു കിട്ടിയാൽ കൊള്ളാമെന്നു ബ്രഹ്മാവ് അപേക്ഷിക്കുകയാൽ വിഷ്ണു അവയെ അദ്ദേഹത്തിന്നു നല്കി. ഏഴു ദ്വീപുകൾ ഉള്ളതിൽ ഒന്നായ പുഷ്കരദ്വീപിലേയ്ക്കുള്ള ഭാഗം ആ ദ്വീപിൽ ഉള്ള രണ്ടു വൎഷ(ഖണ്ഡ)ങ്ങളിലേയ്ക്കും വെവ്വേറെ രണ്ടായി ഭാഗിച്ചു. ആ ഓരോ ഭാഗങ്ങളിലും അപ്പോൾ 2389523 ശ്ലോകം വീതം ഉണ്ടായി. ഇതുപ്രകാരം ശാകദ്വീപം മുതലായ അഞ്ചു ദ്വീപുകളിൽ വെവ്വേറെ ഏഴു വൎഷങ്ങൾ ഉള്ളതിലേയ്ക്കു വിഷ്ണു ഭാഗിച്ചു കൊടുത്തതിന്റെ കണക്കും പറയാം. ആറു ദ്വീപുകളിലേയ്ക്കും 6802721 ശ്ലോകമാണു കൊടുത്തത്. ബാക്കിയുള്ളതു ഒരു ദ്വീപാണല്ലൊ. അതാണു ജംബുദ്വീപം. ഈ ദ്വീപത്തിൽ ഒയ്മ്പതു വൎഷങ്ങൾ ഉണ്ട്. അവയിൽ ഓരോന്നിലേയ്ക്കും 5291005 ശ്ലോകം വീതമാണു കിട്ടിയത്. അങ്ങിനെ ഭാഗിച്ചപ്പോൾ ഒരക്ഷരം ബാക്കിയായി. 'ശ്രീ' എന്നുള്ള ആ അക്ഷരത്തെ വിഷ്ണു ഒയ്മ്പതു ഖണ്ഡങ്ങളിലുമായി സമൎപ്പിച്ചു. ആ അക്ഷരത്തെ നാനാമന്ത്രങ്ങളിലും വിനിയോഗിക്കണം എന്നല്ലാതെ അതിന്നു വേറെ നിയമമില്ല. ഇപ്രകാരം വിഷ്ണു രാമായണത്തിന്നുവേണ്ടി തമ്മിൽ തമ്മിൽ കലഹിച്ചിരുന്നവൎക്ക് അതിനെ ഭാഗിച്ചു കൊടുത്തിട്ട് അന്തൎദ്ധാനം ചെയ്തു.

ഹേ ദേവി! വരുവാൻപോകുന്ന കാലാന്തരത്തിങ്കൽ ഏററവും ബുദ്ധിമാനായ രാവണൻ തന്റെ ബുദ്ധിശക്തികൊണ്ടു തന്നെ വേദങ്ങളെ ഖണ്ഡിച്ചു വെവ്വേറെ നൂറു ഖണ്ഡങ്ങൾ വീതം ആക്കിത്തീൎക്കും. കലികാലത്തിങ്കൽ ബ്രാഹ്മണർ അല്പബുദ്ധികളായും അല്പായുസ്സുകളായും മനസ്സിന്ന് ഏകാഗ്രതയില്ലാത്തവരായും ഭവിക്കും. രാവണൻ ചെയ്ത വേദഖണ്ഡങ്ങൾ

അവൎക്ക് ഉപകാരമായിഭവിക്കുകയും ചെയ്യും. എന്നുതന്നെയല്ല, ശ്രീകൃഷ്ണനും വ്യാസനായി ഭൂമിയിൽ അവതരിച്ചു മനുഷ്യൎക്ക് ഉപകാരമാവാനായി ഭാരതവൎഷത്തിലേയ്ക്കു കിട്ടീട്ടുള്ള രാമായണകാവ്യത്തിന്റെ ഭാഗത്തിൽനിന്ന് എടുത്ത് 17 പുരാണങ്ങളേയും അതിശ്രേഷ്ഠമായ ഭാരതം എന്ന ഇതിഹാസത്തേയും ഉണ്ടാക്കും. അതെല്ലാം ഭാരതവൎഷത്തിലേയ്ക്കുള്ള രാമായണത്തിന്റെ സാരം സംഗ്രഹിച്ചിട്ടാണ്. ഈ പുരാണങ്ങൾ ഒക്കേയും ഉണ്ടാക്കിട്ടും വ്യാസന്നു മനശ്ശാന്തി ലഭിക്കാതെ വേദവ്യാസൻ സരസ്വതീനദിയുടെ തീരത്തിങ്കൽ മനസ്സിന്നു സുഖമില്ലാതെ സ്ഥിതിചെയ്യും. ഇതിനിടയിൽ ബ്രഹ്മാവു തനിക്കു വിഷ്ണുവിനാൽ ദാനംചെയ്യപ്പെട്ട രാമായണത്തിലെ നാലു ശ്ലോകങ്ങളെ മഹാനായ നാരദന്ന് ഉപദേശിക്കും. നാരദൻ അവയെ സ്വരഭംഗിയോടുകൂടി വീണയിൽ പാടിയുംകൊണ്ടു സരസ്വതിനദിയുടെ തീരത്തിൽ ചെന്ന് ആ ശ്ലോകങ്ങളെ വേദവ്യാസന്ന് ഉപദേശിക്കും. വേദവ്യാസൻ രാമായണത്തിലെ ആ നാലു ശ്ലോകങ്ങളെക്കൊണ്ടു മനശ്ശാന്തിയെ ലഭിച്ചു അവയുടെ അൎത്ഥത്തെതന്നെ സംഗ്രഹിച്ചു പതിനെണ്ണായിരം ശ്ലോകങ്ങളോടുകൂടിയ ശ്രീമൽഭാഗവതം എന്ന പുരാണത്തെ ഉണ്ടാക്കും. ഈ ഭാഗവതം മനോഹരമായ പതിനെട്ടാമത്തെ പുരാണമായി ഭവിക്കും. ഭാഗവതത്തിലെ ഭാഷ മററ പുരാണങ്ങളിലേതിൽനിന്നു ഭിന്നമായും ഭവിക്കും. മററ പുരാണങ്ങളിലെ ഭാഷ വാല്മീകി ഉണ്ടാക്കിയതിനോടു സമമായി ഭവിക്കും. ഈ വ്യാസൻ ആറ രാമായണങ്ങളേയും, വിവിധങ്ങളായ ഉപപുരാണങ്ങളേയും ഉണ്ടാക്കും. എന്നാൽ അതൊക്കെയും മൂലരാമായണത്തിന്റെ ഭാരതവൎഷത്തിലേയ്ക്കു കിട്ടീട്ടുള്ള ഭാഗത്തിൽനിന്നു സാരം സംഗ്രഹിച്ചവയായിരിക്കും. ഇതുകൂടാതെ രാമായണസാരസംഗ്രഹമായി ആറ ശാസ്ത്രങ്ങളേയും വേദവ്യാസൻ ഉണ്ടാക്കും. എന്നുവേണ്ട ഭൂമിയിൽ എതെല്ലാം കഥകൾ കീൎത്തിക്കപ്പെടുന്നുണ്ടോ അതൊക്കെയും രാമായണത്തിന്റെ അംശഭൂതങ്ങളായിരിക്കും. രാമായണത്തിലെ ഒരു ശ്ലോകമെങ്കിലും അവയിൽ അന്തൎഭവിച്ചിരിക്കും.

ശ്രീപാൎവ്വതി പറയുന്നു.

ഹേ നാഥാ! നാരദൻ ബ്രഹ്മാവിന്റെ മുഖത്തുനിന്നു പഠിച്ചു വ്യാസനോടു ഉപദേശിപ്പാൻ പോകുന്നതും, വ്യാസൻ ഭാഗവതത്തിന്നു മൂലമായി എടുക്കുവാൻ പോകുന്നതും മനോഹരങ്ങളും പാപഹരങ്ങളുമായ രാമായണത്തിലെ ആ നാലു ശ്ലോകങ്ങൾ, ഏതെല്ലാമാണെന്നു ചോദിപ്പാൻ എനിക്ക് ആഗ്രഹമുണ്ട്. ദയ ചെയ്ത് അവയെ പറഞ്ഞുതരണം.

പരമശിവൻ പറയുന്നു.

ഹേ ദേവി! ഭവതിയുടെ ചോദ്യം ഉചിതംതന്നെ. മനസ്സിരുത്തി കേട്ടാലും. നാരദൻ പറഞ്ഞവയായ നാലു ശ്ലോകങ്ങളെ ഞാൻ വഴിയെ പറയാം. നാരദന്ന് അവയെ ബ്രഹ്മാവാണു പറഞ്ഞുകൊടുത്തത്. ബ്രഹ്മാവിനോടു പറഞ്ഞതു വിഷ്ണുവുമാണ്. വിഷ്ണു രാമായണത്തെ ഭാഗിച്ചതിൽ ബാക്കിയായിവന്ന നാലു ശ്ലോകങ്ങളെ ബ്രഹ്മാവിന്നു പറഞ്ഞുകൊടുക്കുകയാണ് ചെയ്തത്. വിഷ്ണു ബ്രഹ്മാവിനോടു പറഞ്ഞ നാലുശ്ലോകങ്ങൾ താഴെ കാണിക്കുന്നവയാണ്.

അഹമേവാസമേവാഗ്രേ
നാന്യദ്യൽ സദസൽ പരം
പശ്ചാദഹം യദേതച്ച-
യോവശിഷ്യേത സോസ്മ്യഹം. ൧

ഋതേൎത്ഥം യൽ പ്രതീയേത
നപ്രതീയേത ചാത്മനി

---

1. ഞാൻതന്നെയേ ആദ്യം ഉണ്ടായിരുന്നുള്ളു. മറ്റൊന്നും ഉണ്ടായിരുന്നില്ല. ഞാനൊഴികെ എല്ലാം ഇല്ലാത്തതാണ്. ഞാൻ മേലിലും ഉണ്ടായിരിക്കും. എല്ലാം ഇല്ലാതെയായാലും യാവനൊന്നു ശേഷിക്കുമോ അതാണു ഞാൻ.

2. യാതൊന്നിനോടുകൂടാതെ ഏതുവസ്തുവും തോന്നുകയില്ലയോ, യാതൊന്ന് ആത്മാവിങ്കൽ തോന്നപ്പെടുകയും ചെയ്യുന്നുവോ, അത് ആത്മാവിന്റെ മായയാണെന്ന് അറിയ

തദ്വിദ്യാ ദാത്മനോമായാം
യഥാഭാസോ യഥാതമഃ. ൧

യഥാമഹാന്തി ഭൂതാനി
ഭൂതേഷ്വച്ചാവചേഷ്വനു
പ്രവിഷ്ടാന്യ പ്രവിഷ്ടാനി
തഥാതേഷുനതേഷ്വഹം. ൩

ഏതാവദേവജിജ്ഞാസ്യം
തത്വജിജ്ഞാസുനാത്മനഃ
അന്വയവ്യതിരേകാഭ്യാം
യൽസ്യാൽ സൎവ്വത്ര സൎവ്വദാ. ൪

ശ്രീശിവൻ പറയുന്നു.

ഈ നാലു ശ്ലോകങ്ങളാണു വിഷ്ണുഭഗവാൻ ബ്രഹ്മാവിന്നു പറഞ്ഞുകൊടുത്തത്. അവയെ ഞാൻ നിണക്കും പറഞ്ഞു തന്നു. ഇവ പരിശുദ്ധങ്ങളും പാപഹരങ്ങളും മനുഷ്യൎക്കു ജ്ഞാ

---

ണം. എന്തുപോലെ എന്നാൽ വെളിച്ചംകൂടാതെ ഇരുട്ട് ഇല്ല ല്ലോ. അതുപോലെ, വെളിച്ചം എന്നൊന്ന് ഇല്ലെങ്കിൽ ഇരു ട്ട് എന്നൊരുവസ്തു തോന്നപ്പെടുകയില്ല. വെളിച്ചം ഉണ്ടെ ങ്കിൽ ഇരുട്ടും ഉണ്ടുതാനും. അതുപോലെ എന്നൎത്ഥം.

൩. പലപ്രകാരത്തിലുള്ള ജീവജാലങ്ങളിൽ പൃഥിവി മു തലായ പഞ്ചഭൂതങ്ങൾ പ്രവേശിച്ചു നില്ക്കുന്നുണ്ടെങ്കിലും അപ്ര വിഷ്ടങ്ങളായപോലെ ഇരിക്കുന്നു. അതുപോലെ എല്ലാജീവ ജാലങ്ങളിലും ഞാനും അനുഭവിച്ചിരിക്കുന്നു. എന്നാൽ അവ യിൽ ഞാൻ ഉണ്ടെന്നായി തോന്നുകയുമില്ല.

4. ഇത്രമാത്രമേ ആത്മതത്വത്തെ അറിവാനാഗ്രഹിക്കു ന്നവൻ അറിയേണമെന്നു മോഹിക്കേണ്ടതുള്ളൂ. ഇത് എല്ലാ യ്പോഴും എല്ലാവസ്തുവിലും അന്വയരൂപേണയും വ്യതിരേകരൂ പേണയും സംബന്ധിച്ചിരിക്കുന്നു. ഒന്നുള്ളപ്പോൾ മറേറതും ഉ ണ്ട് എന്ന അവസ്ഥഅന്വയ സംബന്ധവും ഒന്നില്ലെങ്കിൽ മ റെറതും ഇല്ല എന്നവസ്ഥ വ്യതിരേക സംബന്ധവും ആകുന്നു.

നംനൽകുന്നവയും അജ്ഞാനത്തെ പൊട്ടുന്നനവേ നശിപ്പി ക്കുന്നവയുമാണ്. മനുഷ്യർ ഇവയെ കീത്തനം ചെയ്യണം. ഇപ്രകാരം ഹേ ദേവി! നീ ചോദിച്ചതിന്നു ഞാൻ സമാധാ നം പറഞ്ഞു. ഇനി മുമ്പു ഞാൻ പറവാൻ തുടങ്ങിയ കഥയെ ത്തന്നെ പറയാം.

മഹഷിമാരാൽ നാനാവിധമാക്കി ചെയ്യപ്പെട്ട രാമായ ണത്തെ വ്യാസൻ ഒന്നിച്ചുചേത്ത് ഏഴു കാണ്ഡമുള്ള ഒരു ഗ്ര ന്ഥമാക്കിത്തീത്ത് 24000 ശ്ലോകങ്ങളിലായി രാമായണത്തെ രക്ഷിക്കും. ഹേ പാവ്വതി! അതിൻെറ ആദ്യവസാനങ്ങളിൽ എതാനും ശ്ലോകങ്ങൾ നിൻെറ കയ്യിൽനിന്നു കിട്ടിയവയായി രിക്കും. 24,000 ശ്ലോകങ്ങളിൽ ആദ്യം മംഗളാചരണം മുതലാ യവയിൽ ചിലതു വ്യാസൻെറ വകയായും ഉണ്ടായിരിക്കും. അനന്തരകാലത്തിങ്കൽ അഗസ്ത്യൻ മുതലായ ഋഷീശ്വരന്മാ രും ഭാരതഖണ്ഡത്തിൽ അന്തഭവിച്ചിട്ടുള്ള രാമായണത്തിൻെറ ഭാഗത്തിൽനിന്നു സാരം സംഗ്രഹിച്ചു പല രാമായണങ്ങളേ യും നൂറുകണക്കായി വെവ്വേറെ ഉണ്ടാക്കും. എന്നാൽ വാൽമീ കിയുടെ രാമായണത്തോടുകൂടാതെ മേൽപറഞ്ഞ രാമായണ ങ്ങൾ വിദ്വാന്മാരാൽ അറിയപ്പെടേണ്ടവയല്ല. ഹേ ദേവി! ഞാൻ നിണക്കു പറഞ്ഞുതന്നതായ സാരകാണ്ഡവും വാൽമീ കിയുടെ രാമായണത്തിൽനിന്നു സാരം സംഗ്രഹിച്ചു പറഞ്ഞ താണ്. രാമൻെറ കഥയെ വിസ്തരിച്ചു പറയേണമെന്നു നീ ആവശ്യപ്പെട്ടതുകൊണ്ടാണ് ഇപ്പോൾ ഇതു നിന്നോടു പറ ഞ്ഞത്. രാമകഥയുടെ വലുപ്പം നൂറുകോടിയാകയാൽ ഞാൻ അഞ്ചു മുഖങ്ങളെക്കൊണ്ടു പതിനായിരം ദിവ്യസംവത്സരങ്ങ ളെക്കൊണ്ടു പറഞ്ഞാലും വിസ്തരിച്ചു വിവരിക്കുവാൻ കഴിക യില്ല. വാൽമീകിരാമായണം നിമ്മിച്ചതു തൻെറ തപശ്ശക്തി കൊണ്ടാണ്. ആകയാൽ നിൻെറ പ്രീതിക്കുവേണ്ടി സാരമാ യിട്ടുള്ളതെല്ലാം സംഗ്രഹിച്ചു സംക്ഷിപ്തമായിട്ടു യാത്രാകാണ്ഡ ത്തെ വിവരിച്ചു പറയാം. മേൽ പറയുവാൻ പോകുന്ന കഥ കൾ രാമദാസൻ വിഷ്ണുദാസനോടു പറയുന്നതായിട്ടാണു കാ

ണന്നത്. ശതകോടിരാമായണങ്ങളിൽനിന്നു ജ്ഞാനദൃഷ്ടികൊണ്ടു കണ്ടറിഞ്ഞിട്ടാണു ഞാൻ ഇതു പറയുന്നത്.

ഇങ്ങിനെ ശതകോടിരാമായണാന്തൎഗ്ഗതമായ ആനന്ദരാമായണത്തിൽ
യാത്രാകാണ്ഡത്തിൽ രാമായണവിസ്താരകഥനം എന്ന
രണ്ടാം സൎഗ്ഗം കഴിഞ്ഞു.

## മൂന്നാം സൎഗ്ഗം.

ശ്രീപാൎവ്വതി പറഞ്ഞു.

ആരാണു രാമദാസൻ എവിടത്തുകാരനാണ്. വിഷ്ണുദാസനും ആരാണ്. എങ്ങിനെയാണു രാമദാസൻ പറയുന്നത്. ഈ സംഗതി സവിസ്തരം പറഞ്ഞുതരണം.

ശ്രീശിവൻ പറഞ്ഞു.

ഭാരതവൎഷത്തിൽ ഗോദാവരീനദിയുടെ നാഭിസ്ഥാനത്തു ശോഭിക്കുന്ന ദണ്ഡകാരണ്യത്തിൽ അപ്ലകക്ഷേത്രത്തിൽ നൃസിംഹൻ എന്നു പേരായ ഒരു മഹൎഷി ഉണ്ടാവും. അദ്ദേഹത്തിന്നു രാമൻ എന്ന ഒരു പുത്രനും, ആ പുത്രന്നു വിഷ്ണു എന്നൊരു ശിഷ്യനും ഉണ്ടായിത്തിരും. ഈ ഗുരുശിഷ്യന്മാർ എപ്പോഴും രാമസേവയിൽ തല്പരന്മാരായി ഭവിക്കും. ശ്രീരാമന്റെ ദാസ്യം ഹേതുവായിട്ട് അവർ രണ്ടുപേരും രാമദാസനെന്നും വിഷ്ണുദാസനെന്നും പ്രസിദ്ധിയെ പ്രാപിക്കും. ഗൌതമീനദിയുടെ തെക്കേക്കരയിൽ ഗയയിൽവെച്ചു രാമദാസൻ പിതാവിന്റെ ശ്രാദ്ധം കഴിച്ചതിന്നുശേഷം ഭൂമിയിൽ എതെല്ലാം തീൎത്ഥങ്ങൾ ഉണ്ടോ അവയിൽ എല്ലാം ചെന്ന് യഥാക്രമം ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്യും. വിഷ്ണുദാസൻ ഗോദാവരീനാഭിയിങ്കൽ ഗൃഹസ്ഥാശ്രമിയായിരുന്നു രാമദാസന്റെ മുഖത്തുനിന്നു പല കഥകളേയും കേൾക്കും. അവയിൽവെച്ചു രാമായണത്തിലെ സാരകാണ്ഡം കേട്ടിട്ട് അതിനെപ്പററി കുറഞ്ഞൊന്നു സംശയം ചോദിപ്പാൻ ഭാവിച്ചു രാമദാസനോട് ഇങ്ങിനെ പറയും. വിഷ്ണുദാസൻ പറഞ്ഞു. ഹേ ഗുരോ! ഞാൻ ചോദിക്കുന്നതിന്നു പരമാൎത്ഥം പറ

ഞ്ഞുതരണം. രാമായണത്തിലെ സാരകാണ്ഡം അങ്ങു പറഞ്ഞതു ഞാൻ കേട്ടുവല്ലൊ. അതിൽ രാമനും സീതക്കും ലേശംപോലും സൌഖ്യമുണ്ടായതായി കേൾക്കുക ഉണ്ടായില്ല. രാമന്റെ രാജ്യവിസ്താരവും അദ്ദേഹം ചെയ്ത യാഗങ്ങളും അദ്ദേഹത്തിന്റെ സന്തതിയും രാമന്റേയും അനുജന്മാരുടേയും വിവാഹം മുതലായതും, സാരകാണ്ഡത്തിൽനിന്നു കേൾക്കുക ഉണ്ടായില്ല. അതെല്ലാം വിസ്തരിച്ചു കേൾക്കുവാൻ ആഗ്രഹമുണ്ട്. രഘുവീരനായ രാമന്റെ പാവനവും പാപഹരവും ആനന്ദപ്രദവും ആയ മനോഹരചരിതത്തെ വിസ്തരിച്ചുപറയണം.

രാമദാസൻ പറയുന്നു.

ഹേ വത്സ! നീ ചോദിച്ചതിന്നു ഞാൻ കേട്ടറിഞ്ഞപോലെ വിസ്തരിച്ചു പറഞ്ഞുതരാം. രാമൻ രാവണനെക്കൊന്നു ശത്രുക്കൾ ഇല്ലാത്തതായ രാജ്യം കയ്യേററു മുക്തിസ്ഥാനമായ അയോദ്ധ്യാപുരിയിൽ രാജവായി വാണു അദ്ദേഹത്തിന്റെ വാഴ്ചകാലത്തു നാട്ടിൽ ദുർഭിക്ഷമില്ല, കളവില്ല, അപമൃത്യുവില്ല, ശത്രുബാധയില്ല, ഭയമില്ല, മനോവിചാരമില്ല, വ്യാധിയുമില്ല. ഭിക്ഷയാചിക്കുന്നവനും, പാപം പ്രവൎത്തിക്കുന്നവനും, ക്രൂരനും, ക്രോധശീലനും, കൃതഘ്നനുമായിട്ട് ആരുംതന്നെ ഇല്ല. ഇങ്ങിനെ വാഴുന്ന കാലത്ത് ഒരിക്കൽ വിജനസ്ഥനായ രാമനോടു ലജ്ജയുള്ളവളും ദിവ്യാഭരണങ്ങൾ അണിഞ്ഞവളും ചാമരം കയ്യിൽ പിടിച്ചവളും ആയ സീത വിനയത്തോടുകൂടി "ഹേ രാമ! രാജീവലോചന! രാവണാന്തക! എന്റെ നാഥാ! ഇവിടുന്ന് അനുവാദം തരുന്നപക്ഷം എനിക്ക് ഇവിടുത്തോടു ധൎമ്മമൂലമായ ഒരു സംഗതി ബോധിപ്പിക്കേണ്ടതുണ്ട്" എന്നു പറഞ്ഞു. സീതയുടെ വാക്കു കേട്ടു ശ്രീരാമൻ "ഹേ സീതേ! പത്മലോചനേ! എന്റെ പ്രാണനാഥേ! നിണക്ക് എന്താണു വേണ്ടതെങ്കിൽ അതു പറഞ്ഞാലും. എന്തായാലും അതു ഞാൻ ചെയ്യാം" എന്നു മറുപടി പറഞ്ഞു. അതുകേട്ടു സീത എററവും സന്തോഷത്തോടുകൂടി ഭൎത്താവിനോടു പറഞ്ഞു. ഹേ രഘുനാഥാ! ഇവിടുന്ന് അച്ഛന്റെ കല്പനപ്രകാരം എന്നോടും ല

ക്ഷ്മണനോടുംകൂടി നഗരത്തിൽനിന്നു പോയി ശൃംഗിവേരപുരത്തിൽ ചെന്നു ഗംഗാനദിയെ കടക്കുവാനായി നമ്മളെല്ലാവരുംകൂടി തോണിയിൽ ഇരുന്നപ്പോൾ ഞാൻ ഒന്നു സങ്കല്പിച്ചിട്ടുണ്ടായിരുന്നു. അത് ഇപ്പോൾ പറയാം. ഹേ ഗംഗാഭഗവതി! നിണക്കു നമസ്കാരം. ഞാൻ രാമനോടും ലക്ഷ്മണനോടുംകൂടെ വനവാസം കഴിഞ്ഞു മടങ്ങിവന്നാൽ മദ്യമാംസാദികളെ ബലികഴിച്ചു നിന്നെ പൂജിക്കാം എന്നു ഞാൻ ഗംഗയോടു പറക ഉണ്ടായി. അത് ഇവിടുന്നും അറിഞ്ഞിട്ടുള്ളതാണ്. വനവാസം കഴിഞ്ഞു പതിനാലാമത്തെ കൊല്ലത്തിൽ വിമാനത്തിൽ കൂടെ മടങ്ങിപ്പോന്നപ്പോൾ ഭരതശത്രുഘ്നന്മാരേയും വിരഹാതുരയായ കൌസല്യയേയും വിചാരിച്ചു ഞാൻ ഗംഗക്കു ചെയ്തിരുന്ന നേർച്ചയുടെ കാൎയ്യം ഓൎക്കുകയുണ്ടായില്ല. ഇന്നാണു പിന്നെ ആ കഥ ഓൎമ്മയിൽ വന്നത്. അതുകൊണ്ട് ഇവിടുന്ന് എന്റെ സങ്കല്പത്തെ നിറവേററുവാനായി എന്നേയും അമ്മമാരേയും ബന്ധുക്കളേയും കൂട്ടി ഗംഗയിലേക്കു പോകേണമെന്ന് എനിക്ക് അപേക്ഷയുണ്ട്. ഈ അപേക്ഷ ഇവിടേക്കു ഇഷ്ടമാകുന്നപക്ഷം അങ്ങിനെ പ്രവൎത്തിക്കേണമെന്നല്ലാതെ ഞാൻ ഇവിടുത്തോടു നിർബ്ബന്ധിക്കുന്നില്ല. ഇപ്രകാരം സീത പറഞ്ഞതു കേട്ടിട്ടു ശ്രീരാമൻ മന്ദസ്മിതംചെയ്തു സീതയെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു. ഹേ ദേവി! സംസാരിക്കുന്നതിലുള്ള ഈ ചാതുൎയ്യം നിണക്ക് എവിടുന്നാണ് മനസ്സിലായത്. ഇതു നിന്റെ വാക്കല്ല. ഗംഗയുടെ മാഹാത്മ്യം തന്നെയാണ്. നിന്റെ ഇഷ്ടപ്രകാരം നാളെ തന്നെ ഗംഗയിലേക്കു പുറപ്പെടുന്നു. എന്നാൽ ഗംഗാനദിയിൽ ഏതുഭാഗത്തു പോവാനാണ് നിണക്ക് ആഗ്രഹമുള്ളത്? അതു പറഞ്ഞാൽ അവിടെ ഇരിക്കുവാനും അവിടേക്കുള്ള വഴി സേനകളോടുകൂടി പോകത്തക്കവിധം നേരെയാക്കുവാനും ഞാൻ ദൂതന്മാരോടു കല്പിച്ചേക്കാം. അതു കേട്ടു സീത "ഗംഗയും സരയൂനദിയും കൂടിച്ചേരുന്ന സംഗമസ്ഥാനത്തിന്റെ വടക്കേക്കരയിൽ പോകുവാനാണ് എനിക്ക് ആഗ്രഹം" എന്നിങ്ങിനെ

സീതപറഞ്ഞു. സീതയുടെ വാക്കുകേട്ടു ശ്രീരാമൻ ദ്വാരപാലനെ വിളിച്ചു സീതയെ മൂടുപടംകൊണ്ടു മൂടി സീതാസഹിതനായിട്ടു ദ്വാരപാലനോട് കല്പിച്ചു. നീ പോയി എന്റെ വാക്കപ്രകാരം ലക്ഷ്മണനോടു പറയണം. നാളെ ഞാൻ സീതയോടുംകൂടി സരയൂസംഗത്തിങ്കൽ ഗംഗാപൂജയ്ക്കായി പോകണമെന്നു വിചാരിക്കുന്നു. അമ്മമാരും മന്ത്രിമാരും സൈന്യങ്ങളും ബന്ധുക്കളും ശത്രുഘ്നനും ഭരതനും പുരവാസികളും എല്ലാംകൂടെ ഉണ്ടായിരിക്കണം. വഴിക്ക് അരയോജന ചെല്ലുമ്പോൾ ഒക്കേയും സൈന്യങ്ങളെ നിറുത്താനുള്ള താവളങ്ങൾ ഉണ്ടാക്കണം. അവയിൽ അന്നം, ജലം മുതലായവ എല്ലാം തെയ്യാറുമുണ്ടായിരിക്കണം. ഇപ്രകാരം രാമന്റെ വാക്കുകേട്ടു ദ്വാരപാലൻ കല്പനപോലെ എന്നു പറഞ്ഞു രാമനെ വന്ദിച്ചു പോയി ലക്ഷ്മണന്റെ അടുക്കൽ ചെന്നു രാമവാക്യത്തെ സവിസ്തരം അറിയിച്ചു. യുവരാജാവായ ലക്ഷ്മണൻ രാമന്റെ കല്പന കേട്ടു മന്ത്രിമാരെ വിളിച്ചു സഭകൂടി ദൂതനോടു പറഞ്ഞു. നീ പോയി ശ്രീരാമനോട് അവിടുന്നു പറഞ്ഞയച്ചപോലെ എല്ലാം ഒരുക്കിക്കൊള്ളാമെന്നു ഞാൻ പറഞ്ഞയച്ചതായി പറയണം. ദൂതൻ അങ്ങിനെതന്നെ മടങ്ങിപ്പോയി വിവരം ശ്രീരാമനെ അറിയിച്ചു. ലക്ഷ്മണനും സഭയിൽ വെച്ചു ദൂതന്മാരെ വിളിച്ച് ഇങ്ങിനെ പറഞ്ഞു. 'നിങ്ങൾ വടിയും തലപ്പാവും ഉടുപ്പുകളും ധരിച്ച് അയോദ്ധ്യാപട്ടണത്തിലുള്ള ആളുകളോടെല്ലാം നാളെ ശ്രീരാമൻ എഴുന്നെള്ളത്തു പുറപ്പെടുന്ന വിവരം അറിയിക്കണം. ഇതു കേട്ടു ദൂതന്മാർ എറാൻ എന്നു പറഞ്ഞു പോയി പട്ടണത്തിൽ ചെന്നു കൈകൾ പൊക്കി ദീർഘസ്വരത്തിൽ വിളിച്ചുപറഞ്ഞു. എല്ലാ ജനങ്ങളും കേൾക്കണം. നാളെ സീതാദേവിയും ശ്രീരാമനും ബന്ധുക്കളോടും അന്തഃപ്പുരജനങ്ങളോടും കൂടി ഗംഗാപൂജയ്ക്കായി സരയൂസംഗമത്തിലേയ്ക്കു എഴുന്നെള്ളത്തു പുറപ്പെടുന്നുണ്ട്. ഇപ്രകാരം ജനങ്ങളോടു പറഞ്ഞതിനു ശേഷം ദൂതന്മാർ പോയി ലക്ഷ്മണന്റെ കല്പന നടത്തിയ വിവരം അദ്ദേഹത്തെ അറിയിച്ചു. പിന്നെ ലക്ഷ്മണൻ

ആൾക്കാരെ അറിയിച്ച് ആശാരിമാർ, ഇഷ്ടികപ്പണിക്കാർ, കല്പണിക്കാർ, ലോഹപണിക്കാർ, തോൽപണിക്കാർ, ചൂരപ്പണിക്കാർ, കച്ചവടക്കാർ, കൊത്തുപണിക്കാർ കൂടാരം പണിക്കാർ, ജലം ചുമക്കുന്നവർ, മുതലായി നാനാതരം പ്രവൃത്തികളിൽ നിപുണന്മാരായവരെ വരുത്തി വസ്ത്രം മുതലായവ സമ്മാനിച്ചു സന്തോഷിപ്പിച്ച് ഇങ്ങിനെ കല്പിച്ചു. നാളെ ശ്രീരാമൻ സീതയോടും സൈന്യങ്ങളോടുംകൂടി എഴുന്നള്ളുന്നു പുറപ്പെടുന്നു. വഴികളെല്ലാം പൊത്തിക്കോരി കല്ലും ചരലും കളഞ്ഞു നേരെയാക്കണം. കണ്ടകങ്ങൾ നികത്തുകയും തിണ്ടുകൾ നിരത്തുകയും വഴിക്കുള്ള കുന്നുകളും മരങ്ങളും മാററി ശരിപ്പെടുത്തുകയും വേണം. ഏരികളും കിണറുകളും കുളങ്ങളും തോണ്ടി നേരെയാക്കുകയും വെള്ളമില്ലാത്ത ദിക്കുകളിൽ കുളവും കിണറും ഉണ്ടാക്കുകയും അരേരശ്ശ യോജന അകലംവിട്ടു സൈന്യങ്ങൾക്കുള്ള താവളങ്ങൾ ധാരാളം ഭക്ഷണസാധനങ്ങളും വെള്ളവും തെയ്യാർ ചെയ്തു കെട്ടിയുണ്ടാക്കുകയും വേണം. വലുതായ അടുപ്പുകളും അടുക്കളമുറികളും സൈന്യതാവളങ്ങളിൽ ഉണ്ടാക്കണം. വസ്ത്രങ്ങളെക്കൊണ്ടു കൂടാരങ്ങളും, വസ്ത്രാൽപ്പുരകളും ധാരാളം ഉണ്ടാക്കണം. ചായമിട്ട തുണികളെക്കൊണ്ടു മൂടി വിചിത്രരീതിയിൽ അലങ്കരിക്കപ്പെട്ട പല ഗൃഹങ്ങളും ഉണ്ടാക്കണം. അവയിൽ എല്ലാം പുഷ്പോദ്യാനങ്ങളും ഉണ്ടായിരിക്കണം. വഴികളിലുള്ള ഭിത്തികളിൽ കൌതുകകരങ്ങളായ ചിത്രങ്ങൾ പതിക്കണം. ചുമലിൽ എടുത്തുകൊണ്ടുപോകാനുള്ളവയും, ചട്ടികളിൽ ചെടികൾ നട്ടുവളത്തിയവയും ആയ പുഷ്പവാടികകളും ഉണ്ടായിരിക്കണം. വഴിക്കു പല ദിക്കിലും സംഗീതശാലകളും വേണം. സൈന്യതാവളങ്ങളിൽ ആനപന്തികളും കുതിരലായങ്ങളും തേർപ്പട്ടകളും തിററയ്ക്കുള്ള പുല്ലു മുതലായവയോടുകൂടി തെയ്യാറാക്കണം. സൌരഭ്യമുള്ള ചന്ദനവെള്ളം വഴിയിൽ എല്ലാം തളിക്കണം. വഴിക്കു വണ്ടിച്ചാലു പോലെ എങ്ങും എടവിടാതെ വിചിത്രവസ്ത്രങ്ങളെക്കൊണ്ടുള്ള വിടുകൾ ഉണ്ടാക്കി അവയെ പുഷ്പങ്ങളാൽ അച്ഛാദനം ചെയ്യണം. അങ്ങാടിത്തെരുവുകളും എങ്ങും ഉണ്ടായിരിക്കണം. അവ

കുളേയും കുതിരകളേയും തേരുകളേയും വിചിത്രവസ്ത്രാലങ്കാരങ്ങളെക്കൊണ്ടും മണികളെക്കൊണ്ടും അലങ്കരിക്കണം. വണ്ടികളിലും ഒട്ടകങ്ങളിന്മേലും ആനപ്പുറത്തും തേരുകളിലും തോക്കുകൾ, പരിഘങ്ങൾ, ബാണങ്ങൾ, ശക്തികൾ, ചാപങ്ങൾ എന്നിവ ഒരുക്കിവെയ്ക്കണം. കൊടിമരങ്ങളിൽ കൊടിക്കൂറകളും തൂക്കണം. രാമന്റെ നാലു തേരുകളിലും ഹനുമാൻ, കോവിദാരം, ഗരുഡൻ എന്നിവരുടെ ചിഹ്നങ്ങളോടുകൂടിയ കൊടികൾ ഉയർത്തണം. തേരുകളിലും പച്ച, വെളുപ്പ്, മഞ്ഞ, നീലം, എന്ന വർണ്ണങ്ങളോടുകൂടിയ കൊടികൾ നാട്ടണം. ആനപ്പുറത്ത് അമ്പാരി കെട്ടി ശ്രീരാമന്ന് ഇരിക്കുവാനായി പച്ചമെത്തയോടുകൂടിയതും സ്വർണ്ണംകൊണ്ടും മാണിക്യംകൊണ്ടും ഉണ്ടാക്കിയതും വെൺകൊററക്കുടയോടുകൂടിയതും മുത്തുമാലകളെക്കൊണ്ടു ശോഭിക്കുന്നതുമായ ദിവ്യമായ ആസനം തെയ്യാറാക്കണം. സീതയ്ക്ക് ഇരിക്കുവാനായി പിടിയാനയുടെ പുറത്തു നീലനിറത്തിലുള്ള ആസനവും ഉണ്ടാക്കണം. അതു സ്വർണ്ണം, പവിഴം, വൈഡൂര്യം, മുത്ത് എന്നിവയെക്കൊണ്ടു ശോഭിക്കുന്നതും മുത്തുമണികൾ തൂക്കിയ തൊങ്ങലുകളാൽ ആച്ഛാദിതവും ആയിരിക്കണം. ദിവ്യമായ പൊൻകലശവും സ്ഥാപിച്ചിരിക്കണം. വഴിക്കു തോരണം കെട്ടി അവയിൽ പുഷ്പമാലകളെക്കൊണ്ട് അലങ്കരിക്കണം. വേശ്യാസ്ത്രീകളുടെ നൃത്തവും വൈതാളികന്മാരുടെ സ്തുതികളും ഉണ്ടായിരിക്കണം. രഥങ്ങളിൽ എല്ലാം ദ്രവ്യങ്ങൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, പൂജാസാധനങ്ങൾ, ഗോരസങ്ങൾ ദിവ്യങ്ങളായ പലവക പാത്രങ്ങൾ എന്നിവ നിറച്ചുവെയ്ക്കണം. എന്നുവേണ്ട എഴുന്നള്ളത്തിന്നു വഴിയിൽ ആവശ്യമുള്ളവയും ഔചിത്യമുള്ളവയുമായി എന്തെല്ലാം തോന്നുന്നുവോ അതൊക്കെയും തെയ്യാറാക്കണം. ഇങ്ങിനെ സന്ദേശിച്ചു ലക്ഷ്മണൻ മന്ത്രിമാരോടുകൂടെ വൈകുന്നേരത്തെ സന്ധ്യാവന്ദനം മുതലായവയ്ക്കായി തന്റെ മന്ദിരത്തിലേയ്ക്കു പോയി. ലക്ഷ്മണന്റെ കല്പനപ്രകാരം ദൂതന്മാർ ശ്രീരാമന്നു സന്തോഷം വരുമാറു സകല സംവിധാനങ്ങളും യഥാസമയം ചെയ്തു.

ശ്രീരാമൻ, സീതയോടുകൂടി തന്റെ രത്നമയമായ മന്ദിരത്തിൽ മഞ്ചത്തിന്മേൽ വിരിച്ചിട്ടുള്ള പുഷ്പശയനത്തിൽ സീതയെ ആലിംഗനംചെയ്തും സ്വൎണ്ണാഭരണങ്ങൾ അണിഞ്ഞ ദാസിമാരാൽ താലവൃന്തങ്ങളെക്കൊണ്ടു വീശപ്പെട്ടുകൊണ്ടും രാത്രിയിൽ സുഖമായി നിദ്രചെയ്കയും ചെയ്തു.

ഇങ്ങിനെ ആനന്ദരാമായണത്തിൽ യാത്രാകാണ്ഡത്തിൽ ദൂതാജ്ഞാവൎണ്ണനം എന്ന മൂന്നാം സൎഗ്ഗം കഴിഞ്ഞു.

---

## നാലാം സൎഗ്ഗം.

രാമദാസൻ പറയുന്നു.

പിറേറദിവസം പ്രഭാതത്തിൽ ശ്രീരാമൻ പതിവായിട്ടുള്ള വാദ്യദ്ധ്വനിയും, വന്ദികളുടെ പാട്ടും കേട്ടു സീതയോടുകൂടി ഉണൎന്ന് എഴുന്നേററു. പിന്നേ നിത്യകൎമ്മങ്ങളും വിശേഷാൽ ചില ദാനങ്ങളും ചെയ്തു ഗോപാലൻ എന്നു പേരായ ജ്യോതിഷക്കാരനെ വരുത്തി വന്ദിച്ചു പൂജിച്ച് ഇങ്ങിനേ പറഞ്ഞു. ഹേ ബുദ്ധിമാനും ബ്രാഹ്മണസത്തമനും ആയ ഗോപാലാ! ഞാൻ ഇന്നു ഗംഗാതീരത്തിങ്കലേയ്ക്ക് ഒരു യാത്ര പോകുവാൻ വിചാരിക്കുന്നു. അതിന്നു വഴിപോലെ ആലോചിച്ചു മുഹൂൎത്തം കുറിച്ചുതരണം. ഈ കല്പന കേട്ടു ഗോപാലൻ പഞ്ചാംഗപടം നിവൃത്തി ഗുണദോഷങ്ങളുടെ ബലാബലം നോക്കി ഇങ്ങിനേ പറഞ്ഞു. ഹേ രാമാ! ഇന്നു യാത്രാമുഹൂൎത്തം ഉണ്ട്. ആദ്യത്തെ യാമത്തിൽ പൂയം നക്ഷത്രത്തിൽ ഏററവും ശ്രേഷ്ഠമായ മുഹൂൎത്തമാണ് ഉള്ളത്. അതിന്റെ ഫലം ഞാൻ പറയുന്നത് ഇവിടുന്നും മഹൎഷിമാരും ഗുരുവും കേൾക്കണം. ഈ മുഹൂൎത്തത്തിൽ യോഗങ്ങളുടെ സന്ധിയും ലഗ്നരാശിയും താരകാചന്ദ്രബലവും ഗുരുവിന്നു ബലവും യോഗിനിയും രാഹുവേളയും ഇല്ല. പൂയം നക്ഷത്രം സൎവ്വകാൎയ്യങ്ങളേയും സാധിപ്പിക്കയും ചെയ്യും. ഈ നല്ല നക്ഷത്രത്തിൽതന്നെ സീതയോടുകൂടി പുറപ്പെട്ടാലും. ഇങ്ങിനെയാണു ഞാൻ യാത്രാമുഹൂൎത്താ

ത്തെ നിർദ്ദേശിക്കുന്നത്. ഇപ്രകാരം ജ്യോത്സ്യന്റെ വാക്കു കേട്ടു ശ്രീരാമൻ ലക്ഷ്മണനോടു "സൈന്യങ്ങളുടെ സൂചനത്തിന്നായി ഭേരി, മൃദംഗം, മിഴാവ്, കാഹളം, ആനകം, ഗോമുഖം, താളം, ഘർഘരം, ദുന്ദുഭി എന്നിങ്ങിനേയുള്ള നവവാദ്യങ്ങളെ ഘോഷിക്കുക" എന്നു പറഞ്ഞു. അതുപ്രകാരം ലക്ഷ്മണൻ ദൂതന്മാരെ വിളിച്ചു കല്പിക്കുകയും, അവർ മനോഹരമായ ശബ്ദത്തോടുകൂടി നവവാദ്യങ്ങൾ മുഴക്കുകയും ചെയ്തു. അനന്തരം ശ്രീരാമൻ ബ്രാഹ്മണരോടുകൂടി പുരോഹിതനായ വസിഷ്ഠനെക്കൊണ്ടു ഗണപതിപൂജയും ഘൃതശ്രാദ്ധവും വിധിപ്രകാരം ചെയ്യിച്ച് ഇങ്ങിനേ പറഞ്ഞു. ഹേ ഗുരോ! അങ്ങുന്ന് അഗ്നിഹോത്രങ്ങളെ പുഷ്പകവിമാനത്തിൽ സ്ഥാപിച്ച് എന്റെ അമ്മമാരെ ബന്ധുക്കളോടും പുരവാസികളോടുംകൂടി മുൻകൂട്ടിതന്നെ വിമാനത്തിൽ കൊണ്ടുപോകണം. സീത പുഷ്പമാലാദികളെകൊണ്ടു ശോഭിതയായിട്ടു ഗജസ്ഥിതനായിരിക്കുന്ന എന്നെ സ്പർശിച്ചുംകൊണ്ട് ഇരിക്കട്ടെ. ഇങ്ങിനെ വസിഷ്ഠനോടു പറഞ്ഞതിന്നുശേഷം ശ്രീരാമൻ സീതയോട് എന്തു വാഹനത്തിൽ പോകുവാനാണ് ഇഷ്ടമെന്നു ചോദിക്കുകയും സീത കുറച്ച് ആലോചിച്ച് ഇവിടേയ്ക്കു സമ്മതമാണെങ്കിൽ പിടിയാനയുടെ പുറത്തുപോകുവാനാണ് താല്പര്യമെന്നു പറകയും ചെയ്തു. അപ്രകാരം ശട്ടംകെട്ടുവാൻ ലക്ഷ്മണനോട് ഏല്പിച്ചതിന്നുശേഷം സീതയ്ക്കും അമ്മമാൎക്കും സോദരഭാൎയ്യമാൎക്കും ഗുരുപത്നിക്കും വസിഷ്ഠനും, ബ്രാഹ്മണൎക്കും, ബന്ധുക്കൾക്കും ദിവ്യങ്ങളായ വസ്ത്രങ്ങൾകൊടുത്തു താനും വസ്ത്രങ്ങളെ ധരിച്ചു. ആയുധങ്ങൾ എല്ലാം ധരിച്ചു സീതയെ യാത്രയ്ക്കു ധൃതിപ്പെടുവിച്ചു മാതാക്കന്മാരേയും ഗുരുക്കന്മാരേയും വന്ദിച്ചു മന്ത്രികളാൽ പരിവാരിതനായിട്ടു ശ്രീരാമൻ പല്ലക്കിൽകയറി സഭയിലേയ്ക്കു പോയി. സഭയിൽ സിംഹാസനത്തിൽ എഴുന്നള്ളി ഇരുന്നു ലക്ഷ്മണനോടു സൈന്യസൂചനത്തിന്നായിട്ടുള്ള നവവാദ്യധ്വനിയെ രണ്ടാമത്തെ പ്രാവശ്യം ഘോഷിക്കുവാനായി പറയുകയും, അതുപ്രകാരം ലക്ഷ്മണൻ ദൂതന്മാരെ

കൊണ്ട് ഇടിമുഴക്കംപോലെ ശബ്ദത്തോടുകൂടിയ വാദ്യധ്വനിയേ മുഴക്കിക്കുകയും ചെയ്തു. പിന്നെ ലക്ഷ്മണനെ വിളിച്ച് ഇങ്ങിനെ പറഞ്ഞു. സുമന്ത്രൻ അയോദ്ധ്യാപുരിയുടെ രക്ഷയ്ക്കായി ഇവിടെതന്നെ പാൎക്കട്ടെ ഭരതൻ മുൻപിൽ പോകട്ടെ. ശത്രുഘ്നൻ പിന്നാലെ വരികയും ചെയ്യട്ടെ. എന്റെ നേരേ പിന്നിൽ നീ പോരണം. അതിന്റെ പിന്നിൽ സീതയും പോരട്ടെ. സീതയുടെ പിന്നിൽ നിന്റെ പത്നിയായ ഊൎമ്മിളയും, അതിന്റെ പിന്നിൽ ഭരതഭാൎയ്യയായ മാണ്ഡവിയും, അതിന്റേയും പിന്നിൽ ശത്രുഘ്നന്റെ ഭാൎയ്യയായ ശ്രുതകീൎത്തിയും വരണം. പൌരനാരിമാർ യാത്രാകൌതുകത്തെ ദൎശിച്ചുംകൊണ്ട് അമ്മമാരോടുകൂടെ വിമാനങ്ങളിൽ കയറി യാത്രചെയ്യട്ടെ. നീ സീത മുതലായവരെ പിടിയാനകളുടെ പുറത്തുകയററി എന്റെ സമീപത്തു വന്നാലും. അതിന്നുശേഷം ഞാനും ഗജത്തെ ആരോഹണം ചെയ്യാം. ഇപ്രകാരം രാമന്റെ കല്പനകേട്ടു ലക്ഷ്മണൻ എല്ലാം തെയ്യാറാക്കിച്ചു സീത മുതലായവരെ പിടിയാനകളുടെ പുറത്തുകയററിച്ചു ശ്രീരാമസവിധത്തിൽ വന്നുചേൎന്നു. ലക്ഷ്മണൻ വന്നതിന്നുശേഷം ശ്രീരാമൻ സുമന്ത്രനു വസ്ത്രം സമ്മാനിച്ചു രാജധാനിയെ രക്ഷിക്കേണ്ടഭാരം സുമന്ത്രനെ ഏല്പിച്ചു. മുഹൂൎത്തസമയമായപ്പോൾ ശ്രീരാമൻ ലക്ഷ്മണന്റെ കയ്യുംപിടിച്ചു സിംഹാസനത്തിൽനിന്ന് എറങ്ങി തനിക്കു കയറുവാനുള്ള വലിയ ഗജേന്ദ്രന്റെ അടുക്കലേയ്ക്കു ചെന്നു. ആ ഗജത്തെ പ്രദക്ഷിണംചെയ്ത് ആനക്കൊമ്പുകൊണ്ടുള്ള സോപാനത്തിൽക്കൂടെ ശ്രീരാമൻ പതുക്കെ ആനപ്പുറത്തുകയറി. അപ്പോൾ ഭൃത്യന്മാർ പെരുമ്പറയടിക്കുകയും ഗംഭീരങ്ങളായ നവവാദ്യധ്വനികളെ മുഴക്കുകയും ചെയ്തു. യന്ത്രശബ്ദങ്ങൾ മുഴക്കപ്പെട്ടു. വേശ്യാസ്ത്രീകൾ നൃത്തംചെയ്തു. ആനകളുടേയും കുതിരകളുടേയും തേരുകളുടേയും ഉപരിഭാഗത്തു വാദ്യങ്ങളെ ഘോഷിച്ചു. ബ്രാഹ്മണർ വലിയസ്വരത്തിൽ ജയശബ്ദങ്ങളേയും വേദധ്വനികളേയും പുറപ്പെടുവിച്ചു. മയിൽപീലികൊണ്ടുള്ളതും നാനാവൎണ്ണങ്ങൾ ചേൎന്നതും രത്നംകൊണ്ടുള്ള പിടി

യോട്ടുകൂടിയതുമായ ചാമരത്തെ പാശ്വഭാഗത്തിൽനിന്നു വിജയൻ വീശി. മററൊരുവൻ പൃഷ്ഠഭാഗത്തുനിന്നു വെഞ്ചാമരത്തേയും വീശി. അനേകം അലുക്കുകളോട്ടുകൂടിയതും മുത്തുമണികളാൽ അലംകൃതവും രത്നമയമായ കാലുകളുള്ളതും ആയ വെൺകൊററക്കുടയെ വേറെഒരാൾ പിടിച്ചു. ഇങ്ങിനെ ശ്രീരാമൻ എഴുന്നെള്ളുന്നതിൻെറ പിന്നിൽ ആനപ്പുറത്തു കയറി ലക്ഷ്മണനും അതിൻെറ പിന്നിൽ യഥാക്രമം സീത മുതലായവരും അനുഗമിച്ചു. ആകാശമാൎഗ്ഗത്തൂടെ പുഷ്പകവിമാനത്തിൽ ഇരുന്ന് അതിൻെറ ജാലകങ്ങളിലൂടെ യാത്രാകൌതുകങ്ങളെ നോക്കി കണ്ടുംകൊണ്ടു പൌരനാരിമാരും മന്ദമന്ദം യാത്ര ചെയ്തു. അവർ ശ്രീരാമൻെറ മേൽ പുഷ്പവൃഷ്ടിയും ചെയ്തു. ശ്രീരാമൻെറ രണ്ടു പാശ്വങ്ങളിലും ആയി കുതിരപ്പുറത്തും ആനപ്പുറത്തും തേരിലും ഇരുന്നു രഥരേഖപോലെ ഇടമുറിയാതെകണ്ടു സൈനികന്മാർ ശ്രീരാമനെ വണങ്ങിയിരുന്നു. സൈന്യങ്ങളുടെ ആ നില്പ് ഹാരം ബന്ധിക്കുന്നതിനോടു സദൃശമായിരുന്നു. രാമൻ സൈന്യങ്ങളുടെ നമസ്കാരങ്ങളെ താമരപ്പൂവുപോലെയുള്ള കൈകളെക്കൊണ്ട് അംഗീകരിക്കുകയും ചെയ്തു. ഇങ്ങിനെ എഴുന്നള്ളത്തു പോകുമ്പോൾ ആനപ്പുറത്ത് ഇരുന്നുംകൊണ്ടു നടന്മാർ കർണ്ണാനന്ദകരമായി വീണ വായിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ശ്രീരാമൻ വഴിയിൽ ഉള്ള പുഷ്പോദ്യാനങ്ങളേയും, തെരുവുകളേയും വേശ്യമാരുടെ വിചിത്രനൃത്തങ്ങളേയും കണ്ടുകൊണ്ടും സ്വരമാധുൎയ്യത്തോടുകൂടിയ വാദ്യങ്ങളെ കേട്ടുകൊണ്ടും ചതുരംഗസേനയാൽ ചുററപ്പെട്ടുകൊണ്ടും ബഹുരസമായി എഴുന്നള്ളി സൈന്യങ്ങളുടെ താവളത്തിന്നായി ഉണ്ടാക്കിയ പ്രദേശത്തു എത്തി. ആ പ്രദേശം അയോദ്ധ്യാനഗരംതന്നെയോ എന്നു തോന്നുമാറു മനോഹരമായിരുന്നു. അവിടെ ആനപ്പുറത്തുനിന്ന് എറങ്ങി സൈനികവീരന്മാരുടെ അഭിവാദ്യങ്ങളെ സ്വീകരിച്ചു ലക്ഷ്മണൻെറ കൈ പിടിച്ചുകൊണ്ടു പടമണ്ഡപത്തിൽ(കൂടാരത്തിൽ) ചെന്നു ശ്രീരാമൻ സിംഹാസനത്തിങ്കൽ ഇരുന്നു സീത മുതലായ സ്ത്രീകളും കൂടാരങ്ങളിൽ പ്രവേശിച്ചു.

അനന്തരം ശ്രീരാമൻ ലക്ഷ്മണനോടു 'താവളത്തിന്റെ അറ്റത്തിയിൽ ഒരു നാഴികയകലം തോറും എട്ടുഭാഗങ്ങളിലും നൂറു ഭടന്മാർ വീതം നില്ക്കട്ടെ. ഇങ്ങിനെ നില്ക്കുന്നതു ഒരുയോജന വരെ വേണം" എന്നു കല്പിച്ചു. ലക്ഷ്മണൻ അതുപ്രകാരം കാവൽസൈന്യങ്ങളെ നിൎത്തുകയും ചെയ്തു. അതിന്നുശേഷം ശ്രീരാമൻ ബ്രാഹ്മണരോടും സുഹൃൽജനങ്ങളോടുംകൂടി ഘൃതശ്രാദ്ധത്തിന്റെ ഉച്ഛിഷ്ടംകൊണ്ടു നാനാവിഭവങ്ങളോടുകൂടിയതായ ഭോജനത്തെ നിൎവ്വഹിച്ചു. പിന്നെ ബ്രാഹ്മണൎക്കു താംബൂലദാനവും ദക്ഷിണയും കൊടുത്തു മുഖശുദ്ധി ചെയ്തു സിംഹാസനത്തിങ്കൽ സ്ഥിതി ചെയ്തു. തദനന്തരം ശാസ്ത്രപുരാണശ്രവണം വേദാൎത്ഥശ്രവണം എന്നിവ കഴിഞ്ഞു വൈകുന്നേരത്തെ സന്ധ്യാവന്ദനവും ഹോമവും ചെയ്തു സിംഹാസനാസീനനായിട്ടു വേശ്യാജനങ്ങളുടെ നൃത്തം കാണുകയും സംഗീതം കേൾക്കുകയും ചെയ്തുകൊണ്ടു രാത്രിയിൽ രണ്ടു യാമം നയിച്ചു സീതയോടുകൂടി സുഖമായി നിദ്രയെ ചെയ്തു. രണ്ടാമത്തെ ദിവസം അവിടെതന്നെ താമസിച്ചു നാനാകൌതുകങ്ങളെ ദൎശിച്ചു കഴിച്ചുകൂട്ടി. മൂന്നാമത്തെ ദിവസം മുമ്പു പറഞ്ഞപ്രകാരമുള്ള വാദ്യഘോഷങ്ങളോടുകൂടി അവിടെനിന്നു പുറപ്പെട്ടു മറെറാരുസ്ഥാനത്തേക്കു എഴുന്നള്ളി. ഇങ്ങിനെ വഴിയിലുള്ള താവളങ്ങളിൽ ചിലതിൽ ഒന്നും ചിലതിൽ രണ്ടും ചിലതിൽ മൂന്നും ദിവസങ്ങൾ താമസിച്ചു നാനാദൎശനകൌതുകംകൊണ്ടു സീതയെ രഞ്ജിപ്പിച്ചുംകൊണ്ടു വളരെ സാവധാനത്തിലാണു എഴുന്നള്ളത്തു പോയതു. ഒരു മാസംകൊണ്ടു ശ്രീരാമൻ മുൽഗലമഹൎഷി മുൻപു പാൎത്തിരുന്നതും, ജീൎണ്ണവുമായ ആശ്രമത്തിൽ എത്തിച്ചേൎന്നു. മുൽഗലന്റെ പുതിയ ആശ്രമം ഗംഗാനദിയുടെ തെക്കുഭാഗത്തായിരുന്നു. രാമൻ തന്റെ പഴയ ആശ്രമത്തിൽ എത്തിട്ടുള്ളതായി കേട്ടു മുൽഗലൻ അവിടേക്കു ചെന്നു. മഹൎഷിയെ കണ്ടു ശ്രീരാമൻ ആദരപൂൎവ്വം വന്ദിച്ചു പൂജിച്ചു തന്റെ കൂടാരത്തിലേക്കു കൂട്ടിക്കൊണ്ടു പോയി ഉചിതമായ ആസനത്തിൽ ഇരുത്തി വിനയത്തോടുകൂടി അദ്ദേഹത്തോടു

ചോദിച്ചു. "ഹേ മുനീന്ദ്രാ! എന്തു കാരണംകൊണ്ടാണ് അങ്ങ് ഈ ആശ്രമം വിട്ടു പോയത് എന്നു സത്യമായും സ വിസ്തരമായും പറഞ്ഞാലും." എന്നിങ്ങിനേ രാമൻ ചോദി ച്ചപ്പോൾ മുൽഗലൻ മറുപടി പറഞ്ഞു. "ഹേ രാമാ! ഇ ന്നു ഞാൻ ധന്യനായി ഭവിച്ചു. എന്തുകൊണ്ടെന്നാൽ വന വാസം കഴിഞ്ഞു മടങ്ങിവന്ന അങ്ങയെ ചിരകാലമായി ക ണ്ണുകൊണ്ടു കാണ്മാൻ സാധിച്ചത് ഇന്നാണല്ലോ. പണ്ടു സീതാവിവാഹം കഴിഞ്ഞു മടങ്ങിപ്പോകുമ്പോൾ ഭരതന്റെ പ്രാണരക്ഷയ്ക്കായി എന്റെ ഈ ആശ്രമത്തിൽനിന്നു ദിവ്യൌ ഷധങ്ങളെ കൊണ്ടുപോയില്ലേ, അന്നാണു ഞാൻ മുമ്പ് അ ങ്ങയെ കാണുക ഉണ്ടായത്. ഈ ആശ്രമത്തെ ഞാൻ വിട്ടു പോവാൻ ഉണ്ടായ കാരണം എന്താണെന്നു പറയാം. ഇവി ടെ ഗംഗയുടേയും സരയുവിന്റെയും സാന്നിദ്ധ്യം ഇല്ലെന്നു വി ചാരിച്ചാണു ഞാൻ മഹത്തായ ഈ ആശ്രമത്തെ വിട്ടു പോ യത്. ഈ സ്ഥലത്തു പണ്ടു നൂറുകണക്കായും ആയിരകണ ക്കായും ഉള്ള മുനിസത്തമന്മാർ തപസ്സുചെയ്തു തപസ്സിദ്ധിയെ പ്രാപിച്ചിട്ടുണ്ട്. ഞാനും ഈ ആശ്രമത്തിൽ കുറേക്കാലം തപ സ്സുചെയ്യുക ഉണ്ടായി. ഹേ രാമ! ഇതാണ് ആശ്രമംവിട്ടു പോ യതിന്റെ കാരണം. ഇനി എന്താണ് അങ്ങയ്ക്കു കേൾക്കേണ്ട ത്?" ഇങ്ങിനെ മഹർഷി പറഞ്ഞതു കേട്ടു ശ്രീരാമൻ "ഹേ മുനീ ന്ദ്രാ! ഇനി എന്തുചെയ്താലാണ് അങ്ങ് ഇവിടെതന്നെ താമസം ചെയ്തുതുടങ്ങുക" എന്നു ചോദിക്കയും അതിന്നു മുൽഗലമഹർഷി 'ഈ സ്ഥാനത്തു സരയൂനദിയും ഗംഗാനദിയും വീണ്ടും കൂടിച്ചേ ന്നു സാന്നിദ്ധ്യം പ്രാപിക്കുന്നപക്ഷം ഞാൻ എനിയും ഇവിടെ തന്നെ താമസമാക്കിക്കൊള്ളാം' എന്നു പറഞ്ഞു. അതു കേട്ടിട്ടു പിന്നേയും ശ്രീരാമൻ 'ശ്രേഷ്ഠനായ സരയൂനദി എന്തു കാരണ ത്താലാണു ഭൂമിയെ പ്രാപിച്ചത്' എന്നുള്ള പരമാർത്ഥം വിസ്തരി ച്ചു പറഞ്ഞുതരണം' എന്നപേക്ഷിയ്ക്കുകയും മഹർഷി അതിന്ന് ഇങ്ങിനെ മറുപടി പറകയും ചെയ്തു. ഹേ രാമ അങ്ങ് എ ന്റെ മുഖത്തുനിന്നു കേൾപ്പാനാഗ്രഹിക്കുന്നത് അങ്ങയുടെ ച

രിതത്തെ തന്നെയാണ്. അങ്ങിനെ അങ്ങെയ്ക്കു ആഗ്രഹമുണ്ടെങ്കിൽ ഞാൻ അതു പറയുകയും ചെയ്യാം. അങ്ങുന്നു കേട്ടുകൊൾക. പണ്ട് ശംഖാസുരൻ എന്ന പേരായ ദൈത്യൻ വേദങ്ങളെ എല്ലാം അപഹരിച്ചു കൊണ്ടുപോയി സമുദ്രത്തിൽ വാരി വിതറി സമുദ്രത്തിൽ തന്നെ പാൎത്തുവന്നു. അപ്പോൾ ഇവിടുന്നു മത്സ്യമായി അവതരിച്ചു ശംഖാസുരനെ നിഗ്രഹിക്കുകയും വേദങ്ങളെ ബ്രഹ്മാവിന്നു ദാനം ചെയ്യുകയും ഉണ്ടായി. വേദോദ്ധാരണത്തിന്നു ശേഷം അങ്ങ് വലുതായ സന്തോഷത്തോടുകൂടി മുമ്പത്തെ രൂപത്തെ തന്നെ സ്വീകരിച്ചു. ആ സമയത്തു അങ്ങെയുടെ കണ്ണിൽനിന്നു ഹിമവാൻ പൎവ്വതത്തിന്റെ മുകളിൽ സന്തോഷാശ്രുക്കൾ വീഴുക ഉണ്ടായി. അതിൽനിന്നു ശോഭനമായ ജലത്തോടുകൂടിയ ഒരു പുണ്യനദി ഉണ്ടായി. സാക്ഷാൽ നാരായണമൂൎത്തിയുടെതന്നെ ആനന്ദാശ്രുക്കളിൽ നിന്നുണ്ടായ ആ നദി പതുക്കെ ഒഴുകി ബിന്ദുസരസ്സിനേയും അവിടെനിന്നു പോയി മാനസസരസ്സിനേയും പ്രാപിച്ചു. അക്കാലത്ത് അങ്ങെയുടെ പൂൎവ്വനും മഹാനുമായ വൈവസ്വതമനു ഒരു യാഗം ചെയ്വാൻ ഒരുങ്ങി ഗുരുവിനോടു പറഞ്ഞു. അനാദിയായ കാലത്ത് ഉണ്ടായതും ഞാൻ വിശേഷാൽ പരിഷ്കരിച്ചു വാസയോഗ്യമാക്കിത്തീൎത്തതുമാണ് ഈ അയോദ്ധ്യാനഗരി. ഇവിടെവെച്ച് ഒരു യാഗം ചെയ്യുന്നതു നല്ലതാണെന്ന് അങ്ങെയ്ക്ക് അഭിപ്രായമുള്ളപക്ഷം അതു ചെയ്യേണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. മനു ഇങ്ങിനെ പറഞ്ഞപ്പോൾ ഗുരു "ഇവിടെ ശ്രേഷ്ഠമായ ഒരു തീൎത്ഥമോ ശ്രേഷ്ഠയായ ഒരു മഹാനദിയോ ഇല്ല. യാഗം ഇവിടെവെച്ചുതന്നെ ചെയ്യേണമെന്നു മോഹം ഉണ്ടെങ്കിൽ ഹേ രാജശ്രേഷ്ഠാ! മാനസസരസ്സിൽനിന്നു പാപഹാരിണിയായ നദിയെ ഇങ്ങോട്ടു കൊണ്ടുവരണം" എന്നു പറഞ്ഞു. അതുകേട്ടു മഹാരാജാവായ വൈവസ്വതമനു മഹത്തായ ചാപം കയ്യിൽ എടുത്തു ഞാണൊലി ഇട്ട് ഉത്തമമായ ഒരു ശരം തൊടുത്ത് അഭിമന്ത്രിച്ചു പ്രയോഗിച്ചു. ആ ശരം പോയി മാനസസരോവരത്തെ ഭേദിച്ച് അതിൽനിന്നു ന

ദിയെ വലിച്ചെടുത്തു ഒരു വഴികാട്ടിയുടെ മട്ടിൽ തിരിയെ പോ
ന്നു നദിയെ അയോദ്ധ്യയിലേയ്ക്കു കൊണ്ടുവന്നു. ശരമാൎഗ്ഗത്തെ
അനുസരിച്ച് അയോദ്ധ്യയിലേയ്ക്കു വന്നതായ ആ നദി പൂൎവ്വദേ
ശത്തുവെച്ചു സമുദ്രത്തോടുചേൎന്നു. ശരത്താൽ ആനയിക്കപ്പെ
ട്ടതുകൊണ്ട് അതിനെ ശരയൂ നദി എന്നും സരോവരത്തിൽ
നിന്നു പുറപ്പെട്ടതാകകൊണ്ടു സരയൂനദി എന്നും പറയുന്നു.
അതിന്നുശേഷം അങ്ങയുടെ പൂൎവ്വന്മാരിൽ ഒരാളായ ഭഗീരഥൻ
കപിലമഹൎഷിയുടെ ക്രോധാഗ്നിയിൽ ദഹിച്ചുപോയ പിതൃ
ക്കൾക്കു ഗതി വരുത്തുവാനായി ഭാഗീരഥി എന്നു പറയപ്പെട്ടു
ന്നതും, അങ്ങയുടെ പാദാരവിന്ദത്തിൽനിന്നുണ്ടായതുമായ ഗം
ഗാനദിയെ കൊണ്ടുവന്നു. ഭഗീരഥൻ ഘോരമായ തപസ്സു
കൊണ്ടു പരമശിവനെ പ്രസാദിപ്പിച്ചിട്ടാണു ഗംഗയെ ആന
യിച്ചത്. ആ ഗംഗാനദി സരയുവിനോടുകൂടി ചേരുകയും
ചെയ്തു. ശിവൻെറ വരദാനം നിമിത്തം കലികാലത്തിങ്കൽ
വലുതായ പ്രസിദ്ധിയെ പ്രാപിക്കും. ഈ നദിയെ സമുദ്ര
ത്തിൽ എത്തുന്നതുവരേയും ഗംഗ എന്നുതന്നെ പറയുന്നു. അ
ങ്ങയുടെ പാദത്തിൽനിന്നുണ്ടായ ഗംഗാനദി ഭുവനത്തെ പരി
ശുദ്ധമാക്കി ചെയ്യുന്നു. ഒരു നദി അങ്ങയുടെ കാലിൽനിന്നും
മറേറതു കണ്ണിൽനിന്നും ഉണ്ടായതാണ്. ഇവയെപ്പററി ഇ
തിൽപരമായി എന്താണു പറയേണ്ടത്. ആയിരംകോടി സം
വത്സരം വൎണ്ണിച്ചാലും സരയൂനദിയുടെ മഹാത്മ്യം പറഞ്ഞ് ഒ
പ്പിക്കുവാൻ ആരെക്കൊണ്ടും സാധിക്കയില്ല. ഹേ രാമ! അങ്ങു
ചോദിച്ചപ്രകാരം ഇതാ ഞാൻ സരയൂവിൻെറ ചരിതം പറ
ഞ്ഞു. ഇപ്രകാരം മഹൎഷിയുടെ വാക്കുകേട്ടു ശ്രീരാമൻ ലക്ഷ്മ
ണനോടു സരയൂവിനെ ശരം പ്രയോഗിച്ചുകൊണ്ടു വരുവാനാ
യി കല്പിക്കുകയും ലക്ഷ്മണൻ അതുപ്രകാരം വില്ലെടുത്തു ശരം
പ്രയോഗിച്ചു തടം ഭേദിച്ചു ക്ഷണനേരംകൊണ്ടു സരയൂനദിയെ
കൊണ്ടുവരികയും ചെയ്തു. സരയൂനദി രണ്ടു കൈവഴിയായി
ഒഴുകി മുൽഗലമഹൎഷിയുടെ ആശ്രമത്തിൽവന്നു ഗംഗാനദി
യോടു കൂടിച്ചേൎന്നു. അതു കണ്ടു ശ്രീരാമൻ പറഞ്ഞു. ഇവി

ടവെച്ചാണല്ലൊ ലക്ഷ്മണൻ ഈ മഹാനദിയെ ദാരണം ചെയ്തത് (പിളൎന്നത്) അതുകൊണ്ട് ഈ സ്ഥലം ദദ്രി എന്നു പേരായ നഗരിയായിത്തീൎന്നു പ്രസിദ്ധിയെ പ്രാപിക്കും. ഈ ദദ്രി നഗരി ലോകത്തിൽവെച്ചു പ്രസിദ്ധമായ ബദരിക്ഷേത്രത്തേക്കാളും ഒരു യവപ്രമാണം മുന്തിനില്ക്കും. ഹേ മുൽഗലമുനേ അങ്ങയുടെ വാസംകൊണ്ടു വിശേഷിച്ചും ഇത് ഒരു പുണ്യസ്ഥലമായി ഭവിക്കും. ഇങ്ങിനെ പറഞ്ഞതിന്നുശേഷം ശ്രീരാമൻ സീതയെ വിളിച്ച് അരുളിച്ചെയ്തു. ഹേ ദേവി! ഇതാ മുൽഗലാശ്രമത്തിലേക്കു ലക്ഷ്മണൻ എന്റെ പേരുകൊണ്ട് അടയാളപ്പെട്ട ശരത്തെ പ്രയോഗിച്ചു സരയൂനദിയെ കൊണ്ടുവന്നിരിക്കുന്നതു കണ്ടാലും. ഹേ സീതേ! സരയൂനദി ഗംഗയോടു ചേരുന്നതായ സംഗമസ്ഥാനത്തു നീ സ്ത്രീജനങ്ങളോടും അമ്മമാരോടും ഗുരുവിനോടും ബ്രാഹ്മണരോടും കൂടി പുഷ്പകവിമാനത്തിൽ കയറി ചെന്നു സവിസ്തരമാകുംവണ്ണം പൂജയെ ചെയ്തു ഈ സ്ഥലത്തേക്കുതന്നെ വന്ന് എന്റെ സന്നിധിയേ പ്രാപിച്ചാലും. ഇന്നു വിശേഷിച്ചും മുൽഗലമഹൎഷിയുടെ സന്നിധിയിൽ പുതിയ സരയൂനദി ഗംഗയോടു ചേൎന്നിരിക്കുന്നു. ആ സംഗമസ്ഥാനത്തുവെച്ച് എന്നോടുകൂടിയും നീ പൂജചെയ്യണം. ശ്രീരാമന്റെ ഈ ആജ്ഞയെ അംഗീകരിച്ച് സീത ഗംഗാപൂജനത്തിന്നായുള്ള സാധനങ്ങൾ എടുക്കുവാനായി കൂടാരത്തിലേക്കു ചെന്നു.

ഇങ്ങിനെ ആനന്ദരാമായണത്തിൽ യാത്രാകാണ്ഡത്തിൽ സരയൂദപിധാകരണം എന്ന നാലാംസൎഗ്ഗം സമാപ്തം.

---

## അഞ്ചാം സൎഗ്ഗം.

---

ശ്രീ രാമദാസൻ പറഞ്ഞു.

സീതാദേവി പൂജാസാധനങ്ങൾ എല്ലാം എടുത്തു കൌസല്യമുതലായവരോടുംകൂടി വേഗത്തിൽ പുഷ്പകവിമാനത്തെ ആരോഹണംചെയ്തു ക്ഷണനേരംകൊണ്ടു വൃദ്ധയായ (പഴയ)

സരയൂനദി ഗംഗയോടു ചേരുന്ന സംഗമസ്ഥാനത്തിൽ സീത ചെന്നുചേൎന്നു. സുമംഗലിയായ ഒരു പതിവ്രതയ്ക്കു ഭൎത്താവിനോടുകൂടാതെ അഗ്നിയുമായി ദേശാന്തരത്തേയ്ക്കു പോകുവാൻ പാടില്ലെന്നുള്ള സ്ത്രീധൎമ്മത്തിന്നു സീതയുടെ ഈ യാത്ര ദോഷകരമല്ല എന്നു വിചാരിക്കണ്ട. എന്തുകൊണ്ടെന്നാൽ സീതാദേവി പോയതു ഭൂമിയിൽ ഉള്ള ദേശത്തെ കടന്നിട്ടല്ലാ. പിന്നെയോ ആകാശദേശത്തുകൂടെയായിരുന്നു. സരയൂസംഗമത്തിൽ എത്തിയപ്പോൾ സീതാദേവി വിമാനത്തിൽനിന്ന് എറങ്ങി നദിസംഗമത്തെ നമസ്കരിച്ചു പുരോഹിതന്റെ ഉപദേശപ്രകാരം ഗംഗാനദിക്ക് ഒരു നാളികേരം സമൎപ്പിച്ചു വിധിപോലെ സ്നാനംചെയ്കയും സ്നാനാനന്തരം സരയൂവും ഗംഗയും കൂടിച്ചേരുന്നതായ പുണ്യതീൎത്ഥത്തെ വിധിപ്രകാരം പൂജിക്കുകയും ചെയ്തു. + മദ്യം, മാംസം എന്നിവയെ തന്നിക്കു സമൎപ്പിയ്ക്കുകയും പക്വമായ അന്നത്തെ നിവേദിക്കുകയും പട്ടാംബരം, ദുകൂലം മുതലായ വസ്ത്രങ്ങളും, മുത്തുമാലകളും, ചന്ദനവും നാനാതരത്തിലുള്ള ദിവ്യാഭരണവും മററും നദിപ്രീതിക്കായി സമൎപ്പിക്കുകയും ചെയ്തു. തദനന്തരം സുമംഗലിമാരായ സ്ത്രീകളേയും അരുന്ധതീദേവിയേയും വസിഷ്ഠമഹൎഷിയേയും മററുള്ള ബ്രാഹ്മണരേയും പൂജിച്ചു കാൽകഴകിച്ചൂട്ടി പട്ടാംബരം, ദുകൂലം മുതലായവയും ദിവ്യാഭരണങ്ങളും ദാനംചെയ്തു മംഗല്യസ്ത്രീകളേയും ബ്രാഹ്മണരേയും സന്തോഷിപ്പിക്കുകയും ചെയ്തു. സീത ഉപവാസം ചെയ്തിട്ടാണ് ഈ പൂജയെ നടത്തിയതു്. ഇങ്ങിനെ സീതാദേവി ശ്രീരാമന്റെ ക്ഷേമത്തിന്നു താൻതന്നെ പൂജയെ ചെയ്തു പരിവാരങ്ങളോടുകൂടി തിരികേപോന്നു പുഷ്പകവിമാനംവഴിയായി മുൽഗലാശ്രമത്തിൽ ഇരിക്കുന്ന രാമന്റെ സമീപത്തു വന്നുചേൎന്നു. അതിന്നുശേഷം ശ്രീരാമചന്ദ്രനും സീതയോടും ഗുരുവിനോടും ബ്രാഹ്മണരോടും മുൽഗലാശ്രമത്തിലുള്ള ഗംഗയുടേയും സരയുവിന്റേയും പുതിയ സംഗമസ്ഥാനത്തുള്ള മുൻപറഞ്ഞപ്രകാരമുള്ള പൂജയെ മററസ്ഥലത്തു സീത ചെയ്തതിനേക്കാളും നൂറിരട്ടി വിശേഷമായിചെയ്കയും അനേകായിരംബ്രാഹ്മണൎക്കു ഭോ

ജനവും പശുദാനം, ഗജദാനം, രഥദാനം, അശ്വദാനം മുതലായ നാനാദാനങ്ങൾ ചെയ്യുകയും ചെയ്തു. പിന്നെ ശ്രീരാമൻ ഭക്ഷണംകഴിച്ചു സിംഹാസനത്തിങ്കൽ ചെന്നിരുന്നു ലക്ഷ്മണനോട് ഇങ്ങിനെ അരുളിച്ചെയ്തു. ഹേ ലക്ഷ്മണ! ഇന്നുമുതൽക്ക് ഒരു നവരാത്രം (ഒമ്പതുരാത്രി) കാലം എനിക്ക് ഇവിടെയാണു താമസം. ഞാൻ പറയുന്നതായ കല്പന അത്രത്തിരദേശങ്ങളിൽ പ്രചാരപ്പെടുത്തണം. ബ്രഹ്മചാരിയോ, ഗൃഹസ്ഥനോ, വാനപ്രസ്ഥനോ, സന്യാസിയോ എതാശ്രമത്തിൽ ഇരിക്കുന്നവനായാലും ഇവിടെ വഴിപോക്കനായി വരുന്നതായാൽ എന്റെ പൂജയെ സ്വീകരിക്കാതെകണ്ട് അവരെ പറഞ്ഞയക്കുവാൻ പാടില്ല. ഞാൻ കാണാതെകണ്ട് അവർ ആരെങ്കിലും പോകുവാനിടയായാൽ നിങ്ങൾക്കു ശിക്ഷ പറ്റീട്ടാണ് എന്നിങ്ങിനെ അത്രത്തിരദേശക്കാരോടു കല്പിക്കണം. രാമന്റെ ഈ കല്പന ലക്ഷ്മണൻ ശരിയായി നിൎവ്വഹിപ്പിച്ചു എന്നു പറയേണ്ടതില്ലല്ലോ.

ഇതിനിടയിൽ ച്യവനൻ എന്ന മുനിവൎയ്യൻ ശ്രീരാമന്റെ എഴുന്നള്ളത്തുകേട്ട് അദ്ദേഹത്തെ കാണ്മാനായി അവിടെ വന്നു. രാമൻ മഹൎഷിയെ പൂജിച്ചു കൂടാരത്തിൽ ആസനസല്ക്കാരം ചെയ്തതിന്നുശേഷം മഹൎഷി രാമനോടു "ഹേ രാജീവലോചനനായ രാഘവാ! ഗംഗാനദിയുടെ ദക്ഷിണതീരത്തിൽ കികടം" എന്ന ദേശത്താണ് എന്റെ ആശ്രമം അത് എറ്റവും ശുഭമായ ആശ്രമമാണ്. അവിടെ ഇപ്പോൾ മഗധരാജ്യക്കാരായ ദുഷ്ടന്മാർ വന്ന് ആശ്രമത്തിൽ ഉപയോഗിക്കേണ്ടുന്ന ഫലമൂലാദികൾ കിട്ടുവാൻ വിഘ്നം വരുത്തുന്നു" എന്ന് അറിയിച്ചു. അതുകേട്ടു ശ്രീരാമൻ തന്റെ ചാപത്തിൽ ചെറുഞാണൊലിഇട്ട് ഒരു ബാണം പ്രയോഗിച്ചു ച്യവനാശ്രമത്തിന്റെ നാലുപുറവും കിടങ്ങുപോലെ വലുതായ ഒരു രേഖയെ നിൎമ്മിച്ചു. ആ രേഖയെ കടന്നുപോകുവാൻ ദുഷ്ടന്മാരെക്കൊണ്ടു സാധിക്കുകയില്ല. രാമൻ ബാണംകൊണ്ടു രേഖയുണ്ടാക്കിയ ദിക്കിൽ രാമരേഖ എന്നു പേരായിട്ട് ഒരു നഗരിയും, ഒരു മഹാനദിയും ഉണ്ടായിതീൎന്നു. അപ്പോൾ ച്യവനമഹൎഷി സന്തുഷ്ടനായിട്ട്

ഇങ്ങിനെ പറഞ്ഞു. ഹേ രഘൂത്തമ! ആ കീകടദേശം ആകപ്പാടെ ഒരു ദുർഭൂമിയാണ്. അവിടെ അങ്ങയുടെ ആജ്ഞകൊണ്ടു പുണ്യസ്ഥലങ്ങൾ ഉണ്ടായിത്തീരുമോ എന്ന് എന്നോടു പറഞ്ഞുതരണം. ഇങ്ങിനെ ച്യവനൻ പറഞ്ഞതിന്നു, ശ്രീരാമൻ "കീകടദേശത്ത് ഏററവും അധികം പുണ്യമായ ഗയാക്ഷേത്രം ഉണ്ടായിത്തീരും. അങ്ങയുടെ ആശ്രമവും വലിയ പുണ്യസ്ഥലമായി ഭവിക്കും. രാജവനം എന്നു പേരായ പുണ്യസ്ഥലവും അവിടെ ഉണ്ടാകും. ഹേ മുനീശ്വരാ! ഞാൻ പറയുന്നു. കികടദേശം പുണ്യസ്ഥലങ്ങളെക്കൊണ്ടു പൂർണ്ണമായി ഭവിക്കും." ഇപ്രകാരം ശ്രീരാമൻ അരുളിച്ചെയ്തതുകേട്ടു സന്തോഷിച്ചു ച്യവനമഹർഷി യാത്രയുംപറഞ്ഞു തന്റെ ആശ്രമത്തിലേയ്ക്കു പോയി.

ഇതിന്നിടയിൽ മുൽഗലാശ്രമത്തിൽ ശ്രീരാമനാൽ നിർമ്മിക്കപ്പെട്ട സത്രത്തിൽ ദിവസംതോറും ബ്രാഹ്മണരും താപസന്മാരുമായിട്ട് ഓരോകോടി ആളുകൾവീതം ഭോജനം കഴിച്ചുകൊണ്ടിരുന്നു. അന്നു കുംഭോദരൻ എന്നു പേരായ മഹർഷി ഒരു അത്ഭുതിക്കാവൽകാരന്റെ ദൃഷ്ടിയിൽ പെട്ടു അദ്ദേഹം ഗംഗയിലേക്കു യാത്രപുറപ്പെട്ടു ഗയയിലേയ്ക്കു പോകുവാനായി പ്രയാഗത്തിൽനിന്നു വരികയായിരുന്നു വഴിയിൽ ദൂതന്മാരെ കണ്ട് അദ്ദേഹം ചോദിച്ചു. ഹേ ദൂതന്മാരേ! നിങ്ങൾ ആരുടെ കല്പനയിൽ നില്ക്കുന്നവരാണ്? ഇവിടെ ആകാശത്തോളം മുട്ടികാണപ്പെടുന്ന ഈ വിചിത്രങ്ങളായ കൊടിമരങ്ങൾ ആരുടെയാണ്? അവയിൽ ഹനുമാൻ, കോവിദാരം, ഗരുഡൻ, ബാണം എന്നിവയുടെ ചിഹ്നങ്ങളോടുകൂടി വെളുത്തും നിലച്ചും പച്ചച്ചും മഞ്ഞളിച്ചും കാണപ്പെടുന്ന മനോഹരങ്ങളായ കൊടിക്കൂറകളും ആരുടെയാണ്? ജയശബ്ദം കേൾക്കുന്നുണ്ടല്ലൊ. അതു് ആരെ ഉദ്ദേശിച്ചുള്ളതാണ്? മഹർഷിയുടെ ഈ ചോദ്യംകേട്ടു ദൂതന്മാർ ബദ്ധപ്പെട്ടു പറഞ്ഞു. അയോദ്ധ്യാപാലകനായ ശ്രീരാമസ്വാമി എഴുന്നള്ളത്തു പുറപ്പെട്ടു് ഇവിടെ എത്തീട്ടുണ്ട്. ഞങ്ങൾ ആ തിരുമേനിയുടെ ആജ്ഞപടി നില്ക്കു

നവരാണ്. അവിടുന്ന് ഇവിടെ ഒരു അന്നസത്രം ഉണ്ടാക്കി ട്ടുണ്ട്. അങ്ങേയ്ക്കു വിശപ്പുണ്ടായിരിക്കുമല്ലോ. വേഗം സത്ര ത്തിൽചെന്നു സുഖമായി ഭക്ഷണവും മറവും കഴിച്ചു പോകാം. ഇങ്ങിനെ ദൂതന്മാർ പറഞ്ഞതുകേട്ട മഹൎഷി അതിനെ ശ്രദ്ധി ക്കാതെ വന്നവഴിയെതന്നെ മടങ്ങിപ്പോകുവാൻ ഭാവിച്ചു. അ പ്പോൾ ദൂതന്മാർ മഹൎഷിയുടെ മുമ്പിൽചെന്നു വഴി തടുത്തു "എ ന്താണ് ഇവിടുന്നു വന്നവഴിയേതന്നേ മടങ്ങിപ്പോകുന്നതു് എ ന്നു പറയണം" എന്നു പറഞ്ഞു. അതുകേട്ടു ദൂതന്മാരുടെ നി ൎബ്ബന്ധം നിമിത്തം മഹൎഷി ഒന്നുംമിണ്ടാതെ കുറച്ചുനേരം ധ്യാനി ച്ച് ഇങ്ങിനെ മനസ്സുകൊണ്ടു വിചാരിച്ചുറച്ചു. ശ്രീരാമൻ ഇ പ്പോൾ യാത്രകഴിഞ്ഞ അയോദ്ധ്യയിലേയ്ക്കുതന്നെ പോകും. എ ന്നാൽപിന്നെ നാനാദിക്കുകളിലുമുള്ള ജനങ്ങൾ അദ്ദേഹത്തെ കാണുന്നത് എങ്ങിനേ? ഭൂമിയിൽ മഹാപാപഹരങ്ങളായ രാ മതീൎത്ഥങ്ങൾ ഉണ്ടാവുന്നതു് എങ്ങിനേ. രാമനാൽ പ്രതിഷ്ഠി ക്കപ്പെട്ട സൽഗതി ഹേതുക്കളായ ഈശ്വരന്മാർ പലദിക്കിലും ഉണ്ടാവുന്നത് എങ്ങിനേ? അതുകൊണ്ടു രാമൻ ഭൂമിയിൽ എ ല്ലാടവും സീതയോടുകൂടി യാത്ര ചെയ്യത്തക്കവിധം ഒരു സൂത്രം പ്രയോഗിക്കണം. അങ്ങിനെചെയ്താൽ ലോകാനുഗ്രഹമായി ത്തിരും എന്നുറച്ചു മഹൎഷി ചിരിച്ചുംകൊണ്ടു ദൂതന്മാരോടു "ഹേ ദൂതന്മാരേ! ദശാനനനും ബ്രാഹ്മണപുത്രനുമായ രാവണനെ ബ ന്ധുപുത്രന്മാരോടുകൂടി രാമൻ കൊന്നു. തീൎത്ഥസേവയെ അദ്ദേ ഹം ചെയ്തിട്ടില്ല. യാഗങ്ങളും അദ്ദേഹം ചെയ്തിട്ടില്ല. അങ്ങി നെയുള്ള ആളുടെ അന്നം ഞാൻ ഉണ്ണുകയില്ല. എനിക്കു പോകാൻ മാൎഗ്ഗം തരുവിൻ. നിങ്ങൾചെന്നു രാമനോടു ഞാൻ പറഞ്ഞപ്രകാരം തീൎത്ഥയാത്രയും, യജ്ഞങ്ങളും, ചെയ്യാനായി അറിയിക്കുവിൻ" എന്നിങ്ങിനെ പറഞ്ഞു. അതുകേട്ടു ദൂത ന്മാർ ആശ്ചൎയ്യപ്പെടുകയും അദ്ദേഹം ശപിക്കുമോ എന്നു ഭയ പ്പെടുകയും ചെയ്തിട്ട രാമസമീപത്തുചെന്നു സാകാൎയ്യമായി ഈ വൎത്തമാനമെല്ലാം അറിയിച്ചു. ശ്രീരാമൻ ദൂതന്മാർ മുഖേന ആ മഹൎഷിയുടെ ഉത്തമമായ അഭിപ്രായത്തെ അറിഞ്ഞു സമാ

മദ്ധ്യത്തിൽവെച്ചു മന്ദസ്മിതത്തോടുകൂടി അതിനെ സ്പഷ്ടമായി പ്രസംഗിച്ചു. മന്ത്രിമാരോടും ബന്ധുക്കളോടും പുരോഹിതനായ വസിഷ്ഠനോടുംകൂടി ആലോചിച്ചതിൽ ആ മുനി പറഞ്ഞതായ വാക്കു സത്യമാണെന്നു രാമനു ബോദ്ധ്യമാവുകയും ചെയ്തു. അതിനുശേഷം രാമൻ സഭാമദ്ധ്യത്തിൽവെച്ചു പുരോഹിതനോടുംകൂടി ആദ്യം തീൎത്ഥയാത്രയാണു ചെയ്യേണ്ടതെന്നും യജ്ഞങ്ങൾ ചെയ്യേണ്ടതു് തദനന്തരമാണെന്നും തീൎച്ചപ്പെടുത്തുകയും ചെയ്തു.

അതിന്നുശേഷം രാമന്റെ കല്പനപ്രകാരം ഭൂതന്മാർ അയോദ്ധ്യാപുരിയിൽ ചെന്നു് ഈ സംഗതി എല്ലാം സവിസ്തരമായി സുമന്ത്രനോടു പറഞ്ഞു. സുമന്ത്രൻ വിവരം ധരിച്ചു വസ്ത്രങ്ങൾ, ധനങ്ങൾ എന്നിവയേയും, ഒട്ടകങ്ങൾ, കുതിരകൾ, രഥങ്ങൾ, ഗജങ്ങൾ മുതലായവയേയും ധാരാളമായി ശ്രീരാമസവിധത്തിലേക്കു് അയച്ചു. പിന്നെ രാമൻ പുഷ്പകത്തോടു "നിണക്കു് എന്തിന്നും ശക്തിഉണ്ടല്ലോ. നിന്റെ ആ ശക്തികൊണ്ടു് ഒരുകാൎയ്യം വേണ്ടതുണ്ടു്. നിന്റെ ഉള്ളിൽ ഒട്ടകങ്ങളും കുതിരകളും രഥങ്ങളും ഗജങ്ങളും മററും ഒതുങ്ങിനില്ക്കത്തക്കവിധം നിന്റെ ദേഹത്തെ വിസ്താരപ്പെടുത്തണം. അവയുടെ എല്ലാം ഭാരം ചുമക്കുവാൻ വേണ്ടശക്തി എന്റെ അനുഗ്രഹപ്രകാരം നിണക്കുണ്ടാകട്ടെ. എന്നു തന്നെയല്ലാ, ചില സമയങ്ങളിൽ ചെറുതാവാനും, മററുചില സമയങ്ങളിൽ വലുതാവാനും ഉള്ള ശക്തിയും ഞാൻ നിണക്കായിക്കൊണ്ടു തന്നിരിക്കുന്നു" എന്നു് അരുളിച്ചെയ്തു. അതുപ്രകാരം പുഷ്പകവിമാനത്തിന്റെ വിസ്താരം പത്തുയോജനയും, ഉയരം രണ്ടു യോജനയുമായി വൎദ്ധിച്ചു. സ്വൎണ്ണംകൊണ്ടും രത്നങ്ങളെക്കൊണ്ടും പടുത്തുണ്ടാക്കിയ സോപാനങ്ങളോടും അനവധി നിലകളോടുംകൂടി കോടിസൂൎയ്യപ്രകാശമുള്ളതായി, നാനാധാതുക്കളെക്കൊണ്ടു ചിത്രപ്പണികളോടുകൂടിയതായി, അസംഖ്യം സ്വൎണ്ണകുംഭങ്ങളാലും രത്നകുംഭങ്ങളാലും, ജാലകങ്ങളാലും, മുത്തുമാലകളാലും, അലങ്കരിക്കപ്പെട്ടതായി പല പല കണ്ണാടിവാതിലുകളെക്കൊണ്ടും, ജല

ധാരായന്ത്രങ്ങളെക്കൊണ്ടും പരിവൃതമായി, പുഷ്പവാടികളെക്കൊണ്ടു പരിമളഭരിതമായി, നാനാപക്ഷികളുടെ കളനിദാനങ്ങളോടുകൂടിയതായി, അസാധാരണമായ സ്വൎഗ്ഗസുഖത്തെ ദാനംചെയ്യുന്നതായി പരമമനോഹരമായ രൂപംപൂണ്ടു പുഷ്പകവിമാനം ശോഭിച്ചു. അതിങ്കൽ രാത്രിസമയങ്ങളിൽ സൎപ്പങ്ങളുടെ ശിരസ്സുകളിലുള്ള മണികളുടെ വിവിധവൎണ്ണത്തിലുള്ള പ്രഭകൾ പരന്നു വലുതായ പ്രകാശം ഉണ്ടാക്കിക്കൊണ്ടിരുന്നു. അനേകം ഗോപുരങ്ങളും, പുഷ്പകവിമാനത്തിൽ ഉല്പന്നമായി കാണപ്പെട്ടു. ഈ വിമാനത്തിന്ന് അനേകം നിലകൾ ഉള്ളതിൽ ഒന്നാമത്തെനിലയിൽ രാമന്റെ കല്പനപ്രകാരം ഒട്ടകങ്ങളേയും, കുതിരകളേയും, തേരുകളേയും ഗജങ്ങളേയും, ഭൃത്യന്മാർ കയററിനിറുത്തി. രണ്ടാമത്തെ നിലയിൽ അടുക്കളയിലെ ഉപയോഗത്തിന്നുള്ള വിറകുകൾ, പുല്ലുകൾ, ഉരലുകൾ ഉലക്കകൾ, മുതലായവയെ കയററിവെച്ചു. മൂന്നാമത്തെ നിലയിൽ മുഴുവൻ നെല്ലും അരിയും നിറച്ച പത്തായങ്ങളായിരുന്നു. നാലാമത്തെനില പാചകകൎമ്മത്തിന് ഉപയോഗപ്പെടുത്തി. അഞ്ചാമത്തേതിൽ തോക്കുകൾ മുതലായ മരുന്നുസാധനങ്ങളും, ആറാമത്തേതിൽ നാനാതരത്തിലുള്ള ആയുധങ്ങളും, ഏഴാമത്തേതിൽ രാജവാഹനങ്ങളായ കുതിരകൾ, ഒട്ടകങ്ങൾ, തേരുകൾ, ഗജങ്ങൾ എന്നിവയുമായിരുന്നു. എട്ടാമത്തെ നിലയിലാണ രാജാവിന്റെ പള്ളിയറകൾ മുതലായവ. പിന്നെയുള്ള നിലകളിൽ നാടകശാലകൾ, ദാസികളുടേയും ദാസന്മാരുടേയും, നൎത്തകന്മാരുടേയും വേശ്യാജനങ്ങളുടേയും പാൎപ്പിടങ്ങൾ, എന്നിവയായിരുന്നു. അവയുടെ മേല്പോട്ടുള്ള നിലകളിൽ, യുദ്ധവീരന്മാർ, കാലാൾപടകൾ, അശ്വസാദികൾ മുതലായവരുടെ സങ്കേതമായിരുന്നു. അതിന്റെ മേൽഭാഗത്തു തേരാളികളുടേയും അതിന്റേയും മുകളിൽ ഗജയോധികളുടേയും, സ്ഥാനമായിരുന്നു. തദനന്തരമുള്ള നിലയിൽ രാജഭൃത്യന്മാർ, രാജാവിന്റെ അധികൃതന്മാർ, മണ്ഡലാധികാരികളായ സാമന്തരാജാക്കന്മാൎക്കു ബന്ധുമിത്രപുത്രകളത്രങ്ങളോടുകൂടി പാൎക്കുവാ

നുള്ള സ്ഥലങ്ങൾ എന്നിവയായിരുന്നു. അതിന്നും മേലെയുള്ള നിലയിലാണ ശ്രീരാമന്റെയും സുഹൃത്തുക്കളുടേയും, പുരവാസികളുടേയും സ്ഥാനം. പിന്നെയുള്ള നിലയിൽ മനോഹരങ്ങളായ ഇരുപതു ഭോജനശാലകളും, അതിന്നപ്പുറത്തു അഞ്ചു പാകശാലകളും, അതിന്റെയും മേൽ സ്ത്രീകൾക്കു ഭക്ഷണത്തിന്നുള്ള പത്തുശാലകളും, ഉണ്ടായിരുന്നു. അവയുടേയും മുകളിൽ ബന്ധുജനങ്ങൾക്കും, സ്ത്രീകൾക്കും, അമ്മമാൎക്കും താമസിക്കുവാനുള്ള ഗൃഹങ്ങളാണ്. അതുംകഴിഞ്ഞാൽ പിന്നത്തെ നിലയിൽ ശ്രീരാമന്ന് എഴുന്നള്ളി ഇരിക്കുവാനുള്ള സിംഹാസനത്തോടുകൂടിയ ആസ്ഥാനസഭയാകുന്നു. ആസ്ഥാനസഭയുടെ മുകളിലെ നിലയിലാണ സീതാദേവിക്കു സഖീജനങ്ങളോടുകൂടി ഇരിക്കുവാനുള്ള ഗൃഹം. അതിന്റെയും മുകളിൽ ശ്രീരാമൻ സീതയോടുകൂടി ക്രീഡിക്കുന്ന സ്ഥലമായിരുന്നു. അതിന്റെയും മുകളിലുത്തെ നിലയിൽ സുഹൃജ്ജനങ്ങളുടെ സ്ത്രീകൾക്കു പാൎക്കുവാനുള്ള സ്ഥലവും പിന്നത്തെ നിലയിൽ സ്ത്രീകൾക്കു സഭക്കൂടുവാനുള്ള ഏഴു ശാലകളും ഉണ്ടായിരുന്നു പിന്നെയുള്ള നിലകളിൽ പന്ത്രണ്ടു ചിത്രശാലകൾ, അഞ്ചു പക്ഷിശാലകൾ, പൂന്തോട്ടം, മുതലായവയുള്ള അഞ്ചുശാലകൾ എന്നിവയായിരുന്നു. അവയുടേയും മുകളിലുള്ള നിലയിലാണ ഘടിയന്ത്രങ്ങൾ മുതലായ വിനോദവസ്തുക്കളുടെ സ്ഥാനം. പിന്നത്തെ നിലയിൽ വ്യാഘ്രങ്ങൾ മുതലായവയുടെ കാഴ്ചക്കുള്ള അതിവിസ്തൃതമായ ഒരു പ്രദൎശനശാലയായിരുന്നു. അതിന്റെ മുകളിൽ ശ്രീരാമന്റെ അഗ്നിഹോത്രശാലയും, അതിന്നുമേൽ ശിവപൂജക്കുള്ള ശാലയും, അതിന്റെയും, മുകളിൽ ബ്രാഹ്മണരുടെ ശാലയും, പിന്നെ വിദ്യാൎത്ഥികളുടെ ശാലയും, തദനന്തരം സന്ന്യാസിമാരുടെ ശാലയും, അതിന്നുശേഷം വാദ്യശാലയും, തദനന്തരം ജലയന്ത്രങ്ങളോടുകൂടിയ ജലശാലയും എല്ലാററിന്നും മുകളിലായി നനഞ്ഞ വസ്ത്രങ്ങൾ തോരെ ഇടുവാനുള്ള ശാലകളും ആയിരുന്നു. എല്ലാംകൂടി പുഷ്പകവിമാനത്തിൽ നൂറുശാലകൾ ഉണ്ടായിരുന്നു. അവ എല്ലാം ശ്രീരാമന്റെ സേവകന്മാരെക്കൊണ്ടു പരിപൂൎണ്ണ

ങ്ങളുമായിരുന്നു. ഇങ്ങിനെ പുഷ്പകവിമാനത്തിൽ തൻെറ ഇഷ്ടപ്രകാരമുള്ള ശാലകളെല്ലാം ഉണ്ടായതായി കണ്ടപ്പോൾ, ശ്രീരാമൻ ആദ്യമായി വിമാനത്തിൽ ആരോഹണംചെയ്തു. ആ സമയത്തു വാദ്യങ്ങൾ മുഴങ്ങുകയും വന്ദികൾ സ്തുതിക്കുകയും, വാരസ്ത്രീകൾ നൃത്തം ചെയ്കയും, കൊടിക്കൂറകൾ ആടുകയും ചെയ്തിരുന്നു. രാമൻെറ ആജ്ഞപ്രകാരം വിമാനം പത്തുദിക്കുകളേയും പ്രകാശിപ്പിക്കുമാറു സ്ഥിതി ചെയ്തു. സൂൎയ്യപ്രകാശത്തോടുകൂടിയതായ പുഷ്പകവിമാനം ആകാശമാൎഗ്ഗത്തൂടെ വായുവേഗത്തിൽ കിങ്കിണിനിരകളുടെ കിലുകിലുക്കത്തോടുകൂടി കിഴക്കേ ദിക്കിൽനിന്നു പടിഞ്ഞാട്ടുതിരിച്ചു ശ്രീരാമൻെറ കൊടിഅടയാളത്തെ പ്രകാശിപ്പിച്ചുംകൊണ്ടു പ്രയാഗക്ഷേത്രത്തിലേയ്ക്കു പോയി.

വിഷ്ണുദാസൻ പറഞ്ഞു.

ശ്രീരാമന്നു നാലുധ്വജങ്ങൾ ഉള്ളതായി മുൻപു പറകയുണ്ടായല്ലോ. അവയെപറ്റി സവിസ്തരമായി അങ്ങുന്നുതന്നെ പറഞ്ഞുകേട്ടാൽകൊള്ളാമെന്ന് ആഗ്രഹം ഉണ്ട്.

രാമദാസൻ പറഞ്ഞു.

ശ്രീരാമൻ ശൈശവകാലത്തു തൻെറ പിതാവിൻെറ തേരിൽ ഇരുന്നിരുന്നു. ആ തേരിലെ ധ്വജം കോവിദാരവൃക്ഷമായിരുന്നു. അതിനെയാണ കോവിദാരധ്വജം എന്നു പറയുന്നത്. ബാണധ്വജത്താൽ അടയാളപ്പെട്ട തേരിൽ കയറിട്ടാണ് രാമൻ വനത്തിൽവെച്ച് ഒരു ശരംകൊണ്ടു താടകയെ കൊന്നത്. അതിനാൽ ബാണധ്വജവും രാമന്നു പ്രധാനമായിത്തീൎന്നു. രാവണയുദ്ധത്തിൻ വജ്രധ്വജം രാവണനാൽ ഛേദിക്കപ്പെട്ടപ്പോൾ വായുപുത്രനായ ഹനുമാനെ ധ്വജസ്ഥാനത്തു കയററി ഇരുത്തുകയുണ്ടായി. അതുകൊണ്ടു ഹനുമദ്ധ്വജവും രാമന്നു പ്രധാനമായി ഭവിച്ചു. യുദ്ധത്തിൽതന്നെ ഇന്ദ്രസാരഥിയായ മാതലി മൂൎഛിതനായി വീണപ്പോൾ രാമൻ ഗരുഡകൊടിയോടുകൂടിയ സ്വന്തമായ വൈഷ്ണവരഥത്തെ വരുത്തി അതിൽ കയറിയാണ് യുദ്ധംചെയ്തത്. ആകയാൽ ഗരുഡധ്വജവും പ്രധാനമായിത്തീൎന്നു. മേൽപറഞ്ഞ ധ്വജങ്ങളിൽ കോവിദാര

ധ്വജം ഒരു വെളുത്ത കൊടിക്കൂറയിൽ കോവിദാരദ്രുമത്തിന്റെ ചിത്രത്തോടുകൂടിയതാണ്. ബാണധ്വജമെന്നതു നീലകൊടിക്കൂറയിൽ ബാണചിഹ്നത്തോടുകൂടിയതും, ഹനുമദ്ധ്വജമെന്നതു പച്ചകൊടിക്കൂറയിൽ വാനരരൂപത്തോടുകൂടിയതും, ഗരുഡധ്വജമെന്നതു മഞ്ഞക്കൊടിക്കൂറയിൽ ഗരുഡന്റെ രൂപത്തോടുകൂടിയതും ആകുന്നു. ഇപ്രകാരം ശ്രീരാമന്റെ നാലുരഥങ്ങളിൽ നാലുവിധത്തിലുള്ള ധ്വജങ്ങൾ പ്രസിദ്ധങ്ങളായിട്ടുണ്ട്. ശ്രീരാമനു കോവിദാരധ്വജൻ, ബാണധ്വജൻ, കപിധ്വജൻ, ഗരുഡധ്വജൻ എന്നു തുടങ്ങി അനന്തം തിരുനാമങ്ങൾ ഉണ്ട്. രാവണയുദ്ധത്തിൽ ഇന്ദ്രൻ കൊടുത്തയച്ചതും, വജ്രധ്വജത്തോടുകൂടിയതുമായ തേരിൽ കയറി യുദ്ധംചെയ്തതുകൊണ്ടു ശ്രീരാമൻ വജ്രധ്വജനെന്ന പേരിലും പ്രസിദ്ധിയെ പ്രാപിച്ചിരിക്കുന്നു. അതും രാമന്റെ ധ്വജങ്ങളിൽ ഒന്നാണ്. അതിനെ വേറിട്ടു പറയുമാറില്ല. തന്നിമിത്തമാണ് ഞാൻ മുമ്പു നാലു ധ്വജങ്ങളെ മാത്രം പറഞ്ഞത്. കോവിദാരധ്വജമുള്ളതായ തേരിൽ സുമന്ത്രനും, ബാണധ്വജരഥത്തിൽ ചിത്രരഥനും, കപിധ്വജരഥത്തിൽ വിജയനും, ഗരുഡധ്വജരഥത്തിൽ ദാരുകനുമാണു സാരഥിമാർ. ഇപ്രകാരം ഹേ ശിഷ്യാ! നീ ചോദിച്ചതുപോലെ ശ്രീരാമന്റെ ധ്വജങ്ങളെപ്പററി ഞാൻ വിവരിച്ചു പറഞ്ഞു.

ഇങ്ങിനെ ആനന്ദരാമായണത്തിൽ യാത്രാകാണ്ഡത്തിൽ
കുംഭോദരോപാഖ്യാനം എന്ന അഞ്ചാംസർഗ്ഗം സമാപ്തം.

## ആറാംസർഗ്ഗം.

ശ്രീരാമൻ പറഞ്ഞു.

തീർത്ഥയാത്രപുറപ്പെട്ടു ശ്രീരാമചന്ദ്രൻ വിമാനമാർഗ്ഗമായി കുറഞ്ഞൊന്നു പടിഞ്ഞാറെ ദിക്കിലേക്കു പോയതിന്നു ശേഷം ത്രിവേണീസംഗമസ്ഥാനമായ പ്രയാഗത്തിലേക്കാണു തിരിച്ചത്. പ്രയാഗക്ഷേത്രത്തിന്റെ ഒരു നാഴിക അടുത്തെത്തിയ

ള്ളപ്പോൾ രാമൻ സീതയോടുകൂടി വിമാനംവിട്ട് എറങ്ങി കാൽനടയായിതന്നെ പത്തുക്കെ നടന്നു ത്രിവേണിസംഗമത്തിലേയ്ക്കു ചെന്നു. ത്രിവേണിയിൽ ആദ്യം നാളികേരം സമൎപ്പിച്ചു, നാലു അംഗുലം നീളത്തിൽ സീതയുടെ കേശബന്ധത്തെ അതിലുള്ള ആഭരണത്തോടുകൂടി ഛേദിച്ച് എടുത്തു ത്രിവേണിക്കു ദാനം ചെയ്കയും, പിന്നേ താനും ക്ഷൌരം കഴിപ്പിക്കുകയും ചെയ്തു. ലക്ഷ്മണൻ മുതലായ ബന്ധുക്കളോടും കൂടിയാണു ക്ഷൌരം ചെയ്തത്. പിന്നെ അമ്മമാരോടും ഒരുമിച്ച് അന്നത്തെ ദിവസം ഉപവാസമായി ഇരുന്നു രണ്ടാമത്തെ ദിവസം ശ്രാദ്ധവും തൎപ്പണവും നിൎവ്വഹിക്കുകയും ചെയ്തു. മാഘമാസം മുഴുവൻ പ്രയാഗയിൽതന്നെയാണു ശ്രീരാമൻ താമസിച്ചത്. അതിനുശേഷം അക്ഷയതീൎത്ഥത്തിൽ ചെന്ന് അനേകം ദാനങ്ങൾ ചെയ്കയും അക്ഷയവടം എന്നു പേരായ വടവൃക്ഷത്തെ സന്ദൎശിക്കുകയുംചെയ്തു. ഈ അക്ഷയവടം ഏററവും മനോഹരമായ ഒരു വൃക്ഷമാണ്. അതാണ് പ്രളയകാലത്തിങ്കൽ ഭഗവാൻ വടപത്രശായിയായി നിദ്രചെയ്യുന്നതായ സ്ഥാനം. അതിനെ കണ്ടിട്ടു ശ്രീരാമൻ കുറഞ്ഞൊന്നു മന്ദഹസിക്കുകയുണ്ടായി. പിന്നെ സീതയോടും അനുജന്മാരോടും കൂടി ദിവ്യവസ്ത്രങ്ങളെക്കൊണ്ടും ദിവ്യഭൂഷണങ്ങളെക്കൊണ്ടും വിധിപ്രകാരം ത്രിവേണിപൂജയെ ചെയ്തു. പിന്നേ അനേകായിരം കാചകുംഭങ്ങൾ (ഇയ്യപ്പാത്രങ്ങൾ) നിറച്ചു ഗംഗാജലം എടുത്തു വിമാനത്തിൽ കയററുകയും തീൎത്ഥസ്നാനത്തിനു പുരോഹിതന്മാരായിരുന്ന ബ്രാഹ്മണരെ പൂജിച്ചു നമസ്കരിച്ച് അവരോടു യാത്രപറഞ്ഞു വിമാനത്തിൽ കയറി ആകാശമാൎഗ്ഗത്തൂടെ പ്രയാഗത്തുനിന്നു പോകയും ചെയ്തു.

പിന്നെ ചെന്നതു വിന്ധ്യപൎവ്വതത്തിങ്കലേയ്ക്കാണ്. അവിടെ വിന്ധ്യവാസിനി എന്നു പേരായ ദുൎഗ്ഗാദേവി സന്നിധാനം ചെയ്യുന്നുണ്ട്. അവിടെ തീൎത്ഥസ്നാനവിധിപ്രകാരം മുൻപറഞ്ഞപോലെ സ്നാനംചെയ്തു വിന്ധ്യവാസിനിയെ വസ്ത്രാഭരണാദികളെകൊണ്ടു പൂജിച്ച് അനേകം ദാനങ്ങളും ചെയ്തു തീൎത്ഥപുരോഹിതന്മാരെയും സന്തോഷിപ്പിച്ചു പുഷ്പകവിമാനത്തിൽ ക

യറി സീതയോടുകൂടി കാശിയിലേയ്ക്ക് എഴുന്നള്ളി. കാശിയിൽ താമസിക്കുന്ന ജനങ്ങൾ കോടിസൂൎയ്യപ്രകാശത്തോടുകൂടിയ പുഷ്പകവിമാനം പടിഞ്ഞാറുനിന്നു കിഴക്കോട്ടു കാശിനഗരത്തിന്ന് അഭിമുഖമായി എറങ്ങിവരുന്നതു കണ്ടിട്ടു നാനാപ്രകാരത്തിൽ തൎക്കിക്കുകയുണ്ടായി. ചിലർ പറഞ്ഞു പൎവ്വതത്തിന്റെ മുകളിൽ കാട്ടുതീയ്യാണ് കാണുന്നതെന്നു. മററു ചിലർ ആകാശചാരിയായ സൂൎയ്യദേവൻ ദിക്ഭ്രമം നിമിത്തം വഴിപിഴച്ചു വരികയാണെന്ന് അഭിപ്രായപ്പെട്ടു. വേറെ ചിലർ മഹാതേജസ്വിയായ നാരദമഹൎഷിയുടെ എഴുന്നള്ളത്താണെന്നു പറഞ്ഞു. ഇനി ചിലർ സൂൎയ്യമണ്ഡലം സ്വൎഗ്ഗത്തിൽനിന്നു വിഴുകയാണെന്നു ശങ്കിച്ചു. അതിലും പെടാത്ത ചിലർ വായുപുത്രനായ ഹനുമാൻ ദ്രോണപൎവ്വതവും എടുത്തു വരികയാണെന്നു പ്രസ്താവിച്ചു. ചിലർ ചന്ദ്രമണ്ഡലം പതിക്കുകയാണെന്നും ചിലർ കാശിവിശ്വനാഥൻ തന്നെയാണെന്നും, ചിലർ സുദൎശനചക്രമാണെന്നും, ചിലർ സ്വൎണ്ണമയമായ മഹാമേരുവാണെന്നും, ചിലർ ആകാശദേശത്തുള്ള ഒരു പൎവ്വതമാണെന്നും, ചിലർ ഗരുഡനാണെന്നും, ചിലർ പ്രളയാഗ്നിതന്നെയാണെന്നും, ചിലർ ആരോ ഒരാൾ വിട്ട ആഗ്നേയാസ്ത്രമണെന്നും, ചിലർ മണികളെക്കൊണ്ടു ശോഭിക്കുന്ന ആദിശേഷനാണെന്നും, പുഷ്പകവിമാനം കണ്ടിട്ടു ശങ്കിച്ചു പറഞ്ഞു. കുറച്ചുനേരം കാശിവാസികളായ ജനങ്ങൾ ആശ്ചൎയ്യസംഭ്രമങ്ങളോടുകൂടി വലിയകോലാഹലംകൂട്ടി. ഒടുവിൽ അയോദ്ധ്യാധിപതിയായ ശ്രീരാമചന്ദ്രൻ നഗരവാസികളായ ജനങ്ങളോടുംകൂടി തീൎത്ഥയാത്ര പുറപ്പെട്ടു വന്നിരിക്കയാണെന്നു പറഞ്ഞു. അതു കേട്ടിട്ടു കാശിവിശ്വനാഥസ്വാമിതന്നെ ശ്രീപാൎവ്വതിയോടുംകൂടി കാളയുടെ പുറത്തുകയറി കാശികാണ്മാൻ പരിവൃതനായിചെന്ന ശ്രീരാമസ്വാമിയെ എതിരേററു. ശ്രീരാമൻ വിശ്വനാഥസ്വാമിക്കു പല കാഴ്ചദ്രവ്യങ്ങളും സമൎപ്പിക്കുകയും, സ്വാമി അതെല്ലാം സ്വീകരിക്കുകയും ചെയ്തു. ശ്രീരാമൻ അവിടെവെച്ചു വിശ്വനാഥസ്വാമിയെ ശിരസ്സുകൊണ്ടു നമസ്കരിക്കുകയും സ്വാമിയാൽ ആലിംഗിത

നായിട്ടു സ്വാമി സമൎപ്പിച്ച ഉപാസനസാധനങ്ങളെ കൈക്കൊള്ളുകയും ചെയ്തു. പിന്നെ വസ്ത്രങ്ങളെക്കൊണ്ടും ആഭരണങ്ങളെക്കൊണ്ടും വിശ്വനാഥനെ പൂജിച്ചു വിശ്വനാഥന്റെ തൃക്കൈ പിടിച്ചുംകൊണ്ടു കാശിയിലേയ്ക്കു് എഴുന്നള്ളി. ശിവനും ശ്രീരാമനും വാഹനത്തിൽ കയറാതെ നടന്നുംകൊണ്ടുതന്നെ മണികൎണ്ണികാഘട്ടത്തിലേയ്ക്കു ചെന്നു. അവിടെ ശ്രീരാമൻ സീതയോടുകൂടി ഒരു കുവളക്കായ സമൎപ്പിച്ചു ക്ഷൌരവും സചേലസ്നാനവും വിധിപോലെ ചെയ്തു. പിന്നെ നിത്യോത്സവത്തിനു ശേഷം ഒരു നേരം ഉപവസിച്ചു തീൎത്ഥശ്രാദ്ധാദികളെ ചെയ്തു പഞ്ചതീൎത്ഥങ്ങളേയും എടുത്തു മഹായാത്രയെ വഴിപോലെ നിൎവ്വഹിച്ചു. പിന്നേ രണ്ടു മാനസലിംഗങ്ങളേയും, 42 ശിവലിംഗങ്ങളേയും, അഷ്ടലിംഗങ്ങൾ എന്നു പറയപ്പെടുന്ന 8 ലിംഗങ്ങളേയും, 56 ഗണേശലിംഗങ്ങളേയും, 8 ഭൈരവലിംഗങ്ങളേയും, 64 യോഗിനിമാരേയും, 9 ദേവിമാരേയും അഷ്ടദിക്ക്പാലന്മാരേയും നവഗ്രഹങ്ങളേയും, പൂജിക്കുകയും ക്ഷേത്രപ്രദക്ഷിണവും പഞ്ചക്രോശിയാത്രയും നിൎവ്വഹിക്കുകയും ചെയ്തു. മേൽപറഞ്ഞ പൂജയ്ക്കായി പതിനാലു പൂജാസ്ഥാനങ്ങളിൽ യാത്രചെയ്തതിനു ശേഷം രാമേശ്വരലിംഗത്തെ കാശിക്ഷേത്രത്തിന്റെ വായുകോണിലായി വരുണാനദിയുടെ തീരത്തിങ്കൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതിനു പുറമേ ശ്രീരാമൻ ഗംഗാനദിയിൽ തന്റെ പേരിൽ രാമതീൎത്ഥം എന്നൊരു തീൎത്ഥം നിൎമ്മിക്കുകയും ചെയ്തു. അതിന്നിടയിൽ വായുപുത്രനായ ഹനുമാനും ശ്രീരാമൻ തീൎത്ഥയാത്രക്ക് എഴുന്നള്ളിയിരിക്കുന്നതായി കേട്ടു കാശിയിൽ വന്നു ചേന്നു. അദ്ദേഹം സീതാരാമന്മാരെ നമസ്കരിച്ചതിന്നുശേഷം ഗംഗാസ്നാനംചെയ്തു ഗംഗാതീരത്തിങ്കൽ തന്റെ പേരിൽ ഹനുമൽതീൎത്ഥം എന്നൊരു തീൎത്ഥവും നിൎമ്മിച്ചു. ഗംഗാതീരത്തിങ്കൽ കല്ലുകൊണ്ടു പടുത്ത് ഒരു സ്നാനഘട്ടത്തെയും ഹനുമാൻ ഉണ്ടാക്കി. ഹനുമൽ ഘട്ടം എന്നു പേരായ ആ സ്നാനഘട്ടം ഇന്നും കാശിയിൽ കാണപ്പെടുന്നുണ്ട്. ഹനുമാനെപ്പോലെ ശ്രീരാമനും തന്റെ പേരിൽ ഒരു സ്നാനഘട്ടം നിൎമ്മിക്കുകയുണ്ടായി

കൂടാതെ ദിവസംതോറം ദേവന്റെ യാത്രോത്സവങ്ങളെ ദശി ക്കുകയും, വിശേഷിച്ചു സീതയോടുകൂടി കാൎത്തികസ്നാനം നിൎവ്വ ഹിക്കുകയുംചെയ്തു. ശ്രീരാമൻ ഒരു വൎഷകാലം കാശിയിൽ താമസിച്ചു. അക്കാലത്തു തീൎത്ഥവാസികൾക്കു പല വസ്തുക്കളും ദാനംചെയ്തു് അവരെ സന്തോഷിപ്പിക്കുകയും ചെയ്തു. രമ്യങ്ങ ളായ രത്നങ്ങൾ, വസ്ത്രങ്ങൾ, അശ്വങ്ങൾ, ആഭരണങ്ങൾ, പ ശുക്കൾ, സ്വൎണ്ണം വെള്ളി മുതലായ ലോഹങ്ങളെക്കൊണ്ടുണ്ടാ ക്കിയ പലപല പാത്രങ്ങൾ, അമൃതുപോലെ മധുരമായ പക്വാ ന്നങ്ങൾ, പായസങ്ങൾ, നെയ്യ്, തയിരു മുതലായ ഗോരസ ങ്ങളോടുകൂടിയ അന്നങ്ങൾ എന്നിവയുടെ ദാനങ്ങളും ഗന്ധ ദാനം, ചന്ദനദാനം, കർപ്പൂരദാനം, താംബൂലദാനം, ചാമരദാ നം എന്നിവയും ശ്രീരാമൻ ചെയ്തു. പഞ്ഞിനിറച്ച കിടക്കകൾ, വിളക്കുകൾ, കണ്ണാടികൾ, പീഠങ്ങൾ, പല്ലക്കുകൾ, ദാസ ന്മാർ, ദാസിമാർ, വാഹനങ്ങൾ, ഗൃഹങ്ങൾ, ധ്വജങ്ങൾ, പതാ കകൾ എന്നിവയും ശ്രീരാമൻ ദാനംചെയ്തു. വിശേഷപ്പെട്ട പല വ്രതങ്ങൾ അനുഷ്ഠിക്കയും, ദ്വിജാരാധനം, വൎഷാശനം, മു തലായ വഴിവാടുകൾ ചെയ്കയുംചെയ്തു. സന്ന്യാസിമാരും തപ സ്വികളുമായവൎക്കു മെതിയടി, ചെരിപ്പു, പട്ടു്, ദുകൂലം, ചിത്ര കംബളങ്ങൾ, ദണ്ഡു്, കമണ്ഡലു, മൃഗങ്ങളുടെ തോലുകൾ, കൌപീനങ്ങൾ, ഉയരമുള്ള മഞ്ചങ്ങൾ എന്നിവയേയും ദാനം ചെയ്തു. വിദ്യാൎത്ഥിസത്രങ്ങൾ, അന്നസത്രങ്ങൾ, അതിഥിസത്ര ങ്ങൾ, മുതലായവയും വളരെ ധനം ചിലവുചെയ്തു ഉണ്ടാക്കിച്ചു. വൈദ്യന്മാരായവൎക്കു പല ഔഷധങ്ങളേയും കൊടുക്കുകയും, കാ ശിയിൽ താമസിച്ചു ചികിത്സിക്കുവാനായി അവൎക്കു ധനസഹാ യം ചെയ്കയും വലിയപുസ്തകങ്ങൾ സംഭരിച്ചുകൊടുക്കുകയും, പു സ്തകലേഖകന്മാൎക്കു ജീവനം പതിച്ചുകൊടുക്കുകയും, അമൂല്യങ്ങ ളായ രസായനങ്ങളെ കൊടുക്കുകയും, സത്രദാനം ചെയ്കയും ചെയ്തു. ഗ്രീഷ്മകാലത്തിങ്കൽ പാൎത്ഥിവങ്ങളും, ഹേമന്തകാല ത്തിങ്കൽ ആഗ്നേയങ്ങളും, വൎഷകാലത്തിങ്കൽ കുട, പുതപ്പ് മു തലായ സാധനങ്ങളും, രാത്രിയിങ്കൽ വായിക്കുവാൻ വിളക്കുക

ളും പാദാൎഘ്യംഗത്തിന്നുള്ള സാധനങ്ങളും ശ്രീരാമൻ ദാനംചെയ്തു. ക്ഷേത്രങ്ങൾതോറും സ്വന്തം ചിലവിൽ പുരാണവായനക്കാരേയും, നൃത്തഗീതാദികളെ പ്രയോഗിക്കുന്നവരേയും നിയമിച്ചുകൊടുത്തു. ജീൎണ്ണപ്പെട്ട ക്ഷേത്രങ്ങളെ വെള്ളയടിക്കുക, ജീൎണ്ണോദ്ധാരണംചെയ്ക, ചിത്രമെഴുതിക്കുക, രംഗമാല മുതലായ അലങ്കാരങ്ങൾ ചെയ്യിക്കുക, ദീപാരാധനയും, ദശാംഗധൂപം മുതലായ ധൂപാരാധനയും, കർപ്പൂരതിരി മുതലായി ദേവപൂജോപായികളായ സാധനങ്ങൾക്കും ഏൎപ്പാടു ചെയ്കയുംചെയ്തു. പഞ്ചാമൃതാഭിഷേകം, സുഗന്ധദ്രവ്യാഭിഷേകം, എന്നിവയേയും മുഖവാസം മുതലായവയേയും ക്ഷേത്രങ്ങളിൽ പതിവായി നടത്തുവാൻ ഏൎപ്പാടുചെയ്തു. ദേവാലയങ്ങളിൽ മൂന്നു പൂജയ്ക്കു. വേണ്ടുന്ന മാലകളുടേയും മററും ആവശ്യത്തിന്നായി പുഷ്പോദ്യാനങ്ങളേയും നിൎമ്മിച്ചു. ശിവക്ഷേത്രത്തിൽ ശംഖ്, ഭേരി, മൃദംഗം, മുതലായ വാദ്യങ്ങൾക്കു പതിവു വെയ്ക്കുകയും ക്ഷേത്രനടയ്ക്കൽ മണി, ശംഖ്, പൂൎണ്ണകുംഭം മുതലായവയും കുംഭാഭിഷേകത്തിന്നുള്ള പാത്രങ്ങളും ശ്വേതപൎണ്ണങ്ങളായ മാൎജ്ജനവസ്ത്രങ്ങളും, സുഗന്ധമുള്ള വസ്തുക്കളും സമൎപ്പിക്കുകയും ചെയ്തു ഇതുകൂടാതെ ജപം, ഹോമം, സ്തോത്രപാഠം, ഉച്ചത്തിലുള്ള ശിവനാമോച്ചാരണം, നൎത്തനം, പ്രദക്ഷിണം മുതലായവയേയും ചെയ്തു. ഇങ്ങിനെയുള്ള ഗംഭീരമായ ക്രിയാകാണ്ഡങ്ങളോടുകൂടി ശ്രീരാമൻ ഒരു വൎഷകാലം കാശിയിൽ താമസിക്കുകയും, അനേകം തീൎത്ഥങ്ങളെ നിൎമ്മിക്കുകയും ദീനന്മാരും അനാഥന്മാരുമായവൎക്കു തൃപ്തിയാകുംവോളം ദാനംചെയ്കയും വിശ്വേശ്വരനമസ്കാരവും ബ്രഹ്മചൎയ്യാദി നിയമങ്ങളും സത്യസംഭാഷണവും മററുംകൊണ്ടു തീൎത്ഥോപവാസസിദ്ധി വരുത്തുകയും ചെയ്തു. പിന്നെ ശ്രീവിശ്വനാഥനേയും കാളരാജനേയും ഗണേശ്വരനേയും അന്നപൂൎണ്ണേശ്വരിയേയും ദണ്ഡപാണിയേയും തൊഴുതു സ്തുതിച്ചു നമസ്കരിച്ചിട്ടു ശിവന്റെ അനുവാദം വാങ്ങി ശ്രീരാമൻ പുഷ്പകാരൂഢനായി ആകാശമാൎഗ്ഗത്തൂടെ തിരിച്ചു. ഗംഗാനദിയുടെ ദക്ഷിണതീരത്തിങ്കലുള്ള 'കൎമ്മനാശ' എന്ന നദിയെ ദൎശിച്ച് ആ വഴി

ച്യവനമഹഷിയുടെ ആശ്രമത്തിങ്കലേയ്ക്ക് എഴുന്നള്ളി. അവിടെ സ്നാനംചെയ്തു മഹഷിയെ നമസ്കരിച്ച രാമതീൎത്ഥം എന്ന പേരായ തീൎത്ഥം നിൎമ്മിക്കുകയും, രാമനാഥസ്വാമിയെ പ്രതിഷ്ഠിക്കുകയും ചെയ്തു. താൻ ബാണംകൊണ്ടു നിൎമ്മിച്ചതായ രേഖയെ ശ്രീരാമൻ ജനങ്ങൾക്കെല്ലാം കാണിച്ചുകൊടുത്തു. ഈ പുണ്യസ്ഥലത്തു കാശിയിൽ ചെയ്യുന്നതിനേക്കാൾ അധികമായ ദാനങ്ങളേയും ചെയ്തു. പിന്നെ അവിടെനിന്നും വിമാനാരൂഢനായിപ്പോയി ശോണഭദ്രതീൎത്ഥത്തിന്റെ സംഗമസ്ഥാനത്തുചെന്നു എവിടെ എവിടെ എത്രതെ തീൎത്ഥങ്ങൾ ഉണ്ടോ അവിടെ എല്ലാം ശ്രീരാമൻ പോകുകയും മുമ്പു ചെയ്യുന്നതിനേക്കാൾ അധികമായ ദാനങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു. ശ്രീരാമൻ സീതയോടുകൂടി എവിടെഎല്ലാം എഴുന്നള്ളിയോ അവിടെ ഒക്കെയും വലുതായ അനേകം തീൎത്ഥങ്ങൾ ഉണ്ടാകയും ചെയ്തിരുന്നു. ആ തീൎത്ഥങ്ങളുടെ എല്ലാം എണ്ണം പറയുവാൻ അനന്തനെക്കൊണ്ടും സാധിക്കയില്ല. എന്നാൽ ആറു തീൎത്ഥങ്ങൾ അവയിൽ വെച്ചു പ്രധാനമാണെന്ന് അറിയേണ്ടതാണ്. രാമതീൎത്ഥം, ലക്ഷ്മണതീൎത്ഥം, ഭരതതീൎത്ഥം, ശത്രുഘ്നതീൎത്ഥം, സീതാതീൎത്ഥം, ഹനുമൽതീൎത്ഥം ഇങ്ങിനെയാണ പ്രധാനമായ ആറു തീൎത്ഥങ്ങൾ. ഇവ ശ്രീരാമൻ എഴുന്നള്ളിയ എല്ലാ ദിക്കുകളിലും പ്രധാനങ്ങളായി ഭവിച്ചു. ശ്രീരാമൻ സൌനഭദ്രം, ഗംഗ എന്നിവയുടെ സംഗമസ്ഥാനത്തിൽ സ്നാനം ചെയ്തു മൂന്നു ദിവസം താമസിച്ച ഗണ്ഡകീനദിയുടെ സംഗമസ്ഥാനത്തേയ്ക്ക് എഴുന്നള്ളി. ചില തീൎത്ഥങ്ങളിൽ മൂന്നു ദിവസവും, ചിലതിൽ അഞ്ചു ദിവസവും, ചിലതിൽ എഴു ദിവസവും, ചിലതിൽ പതിനഞ്ചു ദിവസവും, ചിലതിൽ പതിനെട്ടു ദിവസവും, ചിലതിൽ ഇരുപത്തൊന്നു ദിവസവും, ചിലതിൽ മൂന്നുമാസവും ശ്രീരാമൻ നാനാധൎമ്മങ്ങളെ ചെയ്തുംകൊണ്ടു താമസിച്ചിരുന്നു. ഗണ്ഡകീസംഗമത്തിൽ സ്നാനം ചെയ്തു നേപാളദേശത്തിങ്കലുള്ള ജഗദീശ്വരനേയും, ദൎശിച്ചു ശ്രീരാമൻ ഹരിഹരക്ഷേത്രത്തിങ്കലേയ്ക്കു പോയി. ഇങ്ങിനെ തീൎത്ഥ

ങ്ങളെ ഉണ്ടാക്കിയും സംഗമസ്ഥാനങ്ങളിൽ സ്നാനം ചെയ്തും പല ദിക്കിലും സഞ്ചരിച്ചു ഗംഗയുടെ ദക്ഷിണതീരത്തികൽ വൈകുണ്ഠനഗരം, ജരാസന്ധപുരം എന്നിവയിലും ചെന്നു. വൈകുണ്ഠനഗരത്തിലുള്ള തീൎത്ഥത്തിൽ സ്നാനം ചെയ്തതിന്നുശേഷം അവിടെ നിന്നു ഗയയിലേയ്ക്കു പോയി. ഗയയിൽ ഫല്ഗുനിനദിയുടെ പൂൎവ്വതീരത്തികൽ വാഹനമിറങ്ങി ദിവ്യമായ വിഷ്ണുപാദത്തെ വന്ദിച്ചു പിന്നേയും വാഹനത്തികൽ ചെന്ന് ആ രാത്രി അവിടെ കഴിച്ചുകൂട്ടി പ്രഭാതത്തികൽ ഫല്ഗുനിനദിയിൽ സ്നാനം ചെയ്വാനായി ശ്രീരാമൻ ബ്രാഹ്മണരോടുകൂടി എഴുന്നള്ളി. അതിന്നിടയിൽ സീതാദേവി സഖീസമേതയായി ചെന്നു ഫല്ഗുനിനദിയിൽ സ്നാനം ചെയ്തു സുമംഗലിമാരായ സ്ത്രീകളെ പൂജിച്ചു ദേവിയെ പൂജിക്കുവാനായി നദിയിലെ മണൽതിട്ടിൽ കുറച്ചുനേരം സ്ഥിതി ചെയ്തു. സീത ദുൎഗ്ഗാദേവിയുടെ ബിംബം പ്രതിഷ്ഠിക്കുവാനായി പുഴയിലെ മണൽ കുഴച്ച് അഞ്ചുവളയാക്കി കയ്യിൽ എടുത്തു. ആ മണ്ണുവളകൾ നനഞ്ഞതായിരുന്നതുകൊണ്ടു രണ്ടു കൈകളുംകൂടി പ്രതിഷ്ഠിക്കുവാൻ ഭാവിച്ചപ്പോൾ ഭൂമിയിൽനിന്നു ദശരഥരാജാവിന്റെ വലത്തെ കയ്യു മേല്പോട്ടു പൊങ്ങിവരുന്നതായി കാണപ്പെട്ടു. ദശരഥന്റെ ആ കരം സീതയുടെ കയ്യിൽനിന്നു ദേവിപ്രതിഷ്ഠാൎത്ഥമായിട്ടുള്ള മണൽപിണ്ഡത്തെ വാങ്ങി ഭൂമിയിലേയ്ക്കുതന്നെ താണുപോയി. ഈ അത്ഭുതം കണ്ടിട്ടു സീതയ്ക്കു വലിയ കൌതുകം തോന്നി. പിന്നേയും സീത മണൽ ഉരുട്ടി മുൻപത്തെപ്പോലെ ബിംബപ്രതിഷ്ഠ ചെയ്വാൻ ഭാവിച്ചു. അപ്പോഴും ദശരഥന്റെ കൈ മുൻപത്തെപ്പോലെ പൊങ്ങി വന്ന് ആ പിണ്ഡത്തേയും വാങ്ങിക്കൊണ്ടുപോയി. ഇങ്ങിനെ 108 പ്രാവശ്യം സീത മണലുകൊണ്ടു പിണ്ഡം വെയ്ക്കുകയും അവ എല്ലാം മേല്പറഞ്ഞപ്രകാരം അദൃശ്യമായിത്തീരുകയും ചെയ്തു. ബിംബം പ്രതിഷ്ഠിച്ചു ദുൎഗ്ഗയെ പൂജിക്കുവാൻ പ്രയാസമാണെന്നു കണ്ടപ്പോൾ സീത ആ പ്രവൃത്തിയിൽനിന്നു വിരമിച്ചു മനസ്സുകൊണ്ടുതന്നെ ദുൎഗ്ഗയെ പൂജിച്ചു ബന്ധുപ്പാടോടുകൂടി വിമാനത്തിലേയ്ക്കു പോയി

ഈ വർത്തമാനം സീതയുടെ സഖിമാരൊ ശ്രീരാമൻതന്നെയോ അറിഞ്ഞില്ല. ശ്രീരാമൻ കേട്ടാൽ എന്താണ് ആവോ പറയുക എന്ന ഭയത്താൽ സീത അദ്ദേഹത്തോടു പറഞ്ഞതുമില്ല.

പിന്നെ ശ്രീരാമൻ പഞ്ചതീർത്ഥസ്നാനം ചെയ്തു പ്രേതപർവ്വതത്തിൽ ചെന്നു യഥാവിധി പിണ്ഡദാനം ചെയ്തു. അദ്ദേഹം തന്റെ പേർ കൊത്തിയതായ സ്വർണ്ണമോതിരം ചെറുവിരലിൽനിന്ന് ഊരി 'അപഹത' എന്ന മന്ത്രംകൊണ്ടു ഭൂമിയിൽ മൂന്നു രേഖയെ വരച്ചു. ആ രേഖകൾ മൂന്നും ഇന്നും അവിടെ തെളിഞ്ഞുകാണുന്നുണ്ട്. ആ രേഖകളിൽ ദർഭപ്പുല്ലു വിരിച്ചു മലർപ്പൊടികൊണ്ടുണ്ടാക്കിയ പിണ്ഡങ്ങളെ എള്ളും, നെയ്യും, തേനും ചേർത്ത കൈകൊണ്ട് എടുത്തു ശ്രീരാമൻ വെയ്ക്കുവാൻ ഭാവിച്ചപ്പോൾ പിതാവിന്റെ കരത്തെ കാണുക ഉണ്ടായില്ല. അപ്പോൾ പിണ്ഡദാനം ചെയ്യിക്കുന്ന ബ്രാഹ്മണർ ആശ്ചര്യത്തോടുകൂടി 'ഇവിടെ പിണ്ഡം വെയ്ക്കുമ്പോൾ പിതൃക്കൾ സാന്നിദ്ധ്യം ചെയ്തു വലത്തെ കൈ നീട്ടി പിണ്ഡത്തെ സ്വീകരിക്കുകയാണു പതിവ്. അങ്ങയുടെ പിതാവിന്റെ കയ്യ് കാണപ്പെടുന്നതുമില്ല. ഇങ്ങിനെ വരുവാൻ കാരണമെന്താണെന്നു മനസ്സിലാവുന്നില്ല.' എന്നിങ്ങിനെ പറഞ്ഞു. അതുകേട്ടു ശ്രീരാമൻ വിസ്മയത്തോടും ഭയത്തോടും കൂടി ലക്ഷ്മണനോടു 'ഹേ ലക്ഷ്മണാ! നീ ബുദ്ധിമാനാണല്ലൊ. ഇതിന്നു കാരണം എന്താണെന്നു നിണക്ക് അറിവുണ്ടോ?' എന്നു ചോദിച്ചു. അപ്പോൾ ലക്ഷ്മണൻ പറഞ്ഞു. 'നമ്മൾ ഗോദാവരിയിൽ പോയി കാടൽകായയുടെ പിണ്ണാക്കുകൊണ്ടു പിണ്ഡം വെച്ചപ്പോൾ പിതാവിന്റെ കയ്യ് കാണുക ഉണ്ടായി. ഇവിടെ അതു കാണുന്നതുമില്ല. എനിക്കും ഇക്കാര്യത്തിൽ വലിയ ആശ്ചര്യം തോന്നുന്നുണ്ട്. സീതയോട് ഇതിനെപ്പററി ഒന്നു ചോദിക്കേണ്ടതാണെന്നു തോന്നുന്നു'. ലക്ഷ്മണന്റെ ഈ വാക്കു കേട്ടപ്പോൾ സീതാദേവി ഭയത്തോടുകൂടി "എനിക്ക് ഒരബദ്ധം പിണഞ്ഞുപോയി. ദയ ചെയ്ത് അതിനെ ക്ഷമിക്കണം" എന്നു പറഞ്ഞു. ശ്രീരാമൻ സീതയോടു ശങ്ക കൂടാതെ ഉണ്ടായ പരമാർത്ഥം പറ

വാൻ ആജ്ഞാപിക്കുകയും അതുപ്രകാരം സീത ദുൎഗ്ഗാപ്രതിഷ്ഠ ക്കായി മണൽ ഉരുട്ടി വെച്ചപ്പോൾ ദശരഥന്റെ കൈ കാണപ്പെട്ടതായ സംഗതി അറിയിച്ചു. അപ്പോൾ ശ്രീരാമൻ നീ ചെയ്ത കൎമ്മത്തിൽ ആരാണു സാക്ഷി എന്നു ചോദിച്ചു. ഇതാ ഈ നില്ക്കുന്ന മാവുമരം തന്നെ സാക്ഷി എന്നു സീത പറയുകയും ശ്രീരാമൻ ആ വൃക്ഷത്തോടു ചോദിച്ചപ്പോൾ വൃക്ഷം സീത പറയുന്നതുപോലെ ഉണ്ടായിട്ടില്ലെന്നു പറകയും ചെയ്തു. അപ്പോൾ സീത നീ പൊളി പറഞ്ഞതുകൊണ്ടു നീ കാൎക്കാതേയും കാച്ചാലും പുഴുവുള്ളതായും പോകട്ടെ എന്ന് ആ വൃക്ഷത്തെ ശപിച്ചു. പിന്നെ സീത ഫൽഗുനീനദിതന്നെ തനിക്കു സാക്ഷി പറയും എന്നു പറഞ്ഞു. ശ്രീരാമൻ ചോദിച്ചപ്പോഴാകട്ടെ ഫൽഗുനീനദിയും ഭയംകൊണ്ടു പറയാതെ ഇരിക്കയാണു ചെയ്തത്. അപ്പോൾ സീത 'ഞാൻ സത്യമായി ചെയ്ത കൎമ്മത്തെപ്പററി നീ അസത്യം പറഞ്ഞതുകൊണ്ടു നിന്റെ പ്രവാഹം കീഴ്പോട്ടായി പോകട്ടെ' എന്നിങ്ങിനെ നദിയേയും ശപിച്ചു. പിന്നെ സീത ഇവിടെ കൂടിയിരിക്കുന്ന ബ്രാഹ്മണരെല്ലാം ഞാൻ കൎമ്മം ചെയ്യുമ്പോൾ എന്റെ സമീപത്ത് ഉണ്ടായിരുന്നു. ഇവർ എനിക്കു സാക്ഷികളാണ് എന്നിങ്ങിനെ പറഞ്ഞു. ശ്രീരാമൻ ചോദിച്ചപ്പോൾ അവരും ഭയപ്പെട്ടു തങ്ങൾ സീത കൎമ്മം ചെയ്യുന്നതു കണ്ടിട്ടില്ലെന്നു പറഞ്ഞു. കണ്ടതായി പറഞ്ഞാൽ ശ്രീരാമൻ ശപിച്ചേക്കും എന്നു വിചാരിച്ചാണ് അവർ സംഗതി പറയാഞ്ഞത്. അവരേയും സീത "നിങ്ങൾക്ക് എത്രദ്രവ്യം കിട്ടിയാലും തൃപ്തി വരാതെ പോകട്ടെ. ദ്രവ്യലോഭംകൊണ്ടു ദീനരൂപികളായി നിങ്ങൾ നാനാദിക്കിലും ഉഴന്നു നടക്കുമാറാകട്ടെ' എന്ന് അവരേയും ശപിച്ചു. അനന്തരം സീത അവിടെ നിന്നിരുന്ന ഒരു മാൎജ്ജാരനെ ചൂണ്ടിക്കാട്ടി 'ഇതാ ഈ മാൎജ്ജാരൻ ഞാൻ കൎമ്മം ചെയ്യുന്നതു കണ്ടിട്ടുണ്ട്' എന്നു പറഞ്ഞു. ശ്രീരാമൻ ചോദിച്ചപ്പോൾ മാൎജ്ജാരനും ഇല്ലെന്നുതന്നെ പറഞ്ഞു. "ഇല്ലേ? നീ ആ സമയത്തു വാലിന്റെ തല മുൻപോട്ടു തള്ളി നിന്നിരുന്നില്ലേ? നീ അസത്യം പറഞ്ഞ

തുകൊണ്ടു നിന്റെ വാല് അശുദ്ധമായി ഭവിക്കട്ടെ.' എന്നു മാർജ്ജാരനേയും ശപിച്ചു. അതിന്നുശേഷം സീത ഗൌതമീനദി, സാക്ഷി പറയുമെന്ന് അറിയിച്ചുവെങ്കിലും രാമൻ ചോദിച്ചപ്പോൾ ഗൌതമിയും ഇല്ലെന്നാണു പറഞ്ഞത്. നിന്റെ മുഖം അശുദ്ധമായി ഭവിക്കട്ടെ എന്നു ഗൌതമിയേയും ശപിച്ചു. പിന്നെ അശ്വത്ഥവൃക്ഷം സാക്ഷി പറയുമെന്നു സീത അറിയിച്ചു. അതും ഇല്ലെന്നുതന്നെ പറഞ്ഞു. അപ്പോൾ സീത നിന്റെ ഇലകൾ എപ്പോഴും ഇളകിക്കൊണ്ടിരിക്കട്ടെ എന്നു ശപിച്ചു. ഒടുവിൽ സീതാദേവി തന്റെ കർമ്മത്തിന്നു സാക്ഷി കർമ്മസാക്ഷിയായ സൂര്യഭഗവാനാണെന്നു പറയുകയും, സൂര്യനോടു ശ്രീരാമൻ ചോദിച്ചപ്പോൾ "ശരിയാണു സീത പറയുന്നത്. സീതയുടെ പിതൃകർമ്മംകൊണ്ട് അങ്ങയുടെ പിതാവു സന്തുഷ്ടനായിരിക്കുന്നു" എന്നു പറകയും ചെയ്തു. ഈ അവസരത്തിൽ അവിടെ ദശരഥരാജാവു സൂര്യതുല്യകാന്തിയോടുകൂടിയ വിമാനത്തിൽ കയറിവന്നു ശ്രീരാമനെ ആലിംഗനംചെയ്ത് ഇങ്ങിനേ പറഞ്ഞു. 'നിന്നാൽ ഞാൻ ഏററവും ദുസ്തരമായ നരകത്തിൽനിന്നു കയററപ്പെട്ടിരിക്കുന്നു. സീത ചെയ്തതായ പിണ്ഡദാനംകൊണ്ട് എനിക്കു നല്ലവണ്ണം തൃപ്തിവന്നിരിക്കുന്നു. എന്നാലും പുത്രന്റെ നിലയ്ക്കു നീയും ലോകശിക്ഷയ്ക്കായി ഗയാശ്രാദ്ധത്തെ ചെയ്യാലും.' ഇങ്ങിനേ പറഞ്ഞ പിതാവിനോടു രാമൻ "അങ്ങുന്നു വളരേ ബുദ്ധിമുട്ടോടുകൂടി സീതയുടെ കയ്യിൽനിന്നു മണൽപിണ്ഡത്തെ വാങ്ങിയത് എന്തിനാണ്? എന്നു പറഞ്ഞുതരണം" എന്നപേക്ഷിച്ചു. ദശരഥൻ പറഞ്ഞു. ഹേ രാമ! ഗയാശ്രാദ്ധം ചെയ്യുമ്പോൾ അനേകവിധത്തിലുള്ള വിഘ്നങ്ങൾ ഭവിക്കാവുന്നതാണ്. അതുനിമിത്തമാണു ഞാൻ പിണ്ഡസ്വീകാരത്തിൽ അത്ര ബദ്ധപ്പാടു കാണിച്ചത്. ഇപ്രകാരം ശ്രീരാമനോടു പറഞ്ഞതിന്നുശേഷം ദശരഥൻ രാമനാൽ നല്കപ്പെട്ടതായ കവ്യത്തെയും സ്വീകരിച്ചു വിമാനാരൂഢനായി അവിടെനിന്നു പോയി. അതിന്നുശേഷം രാമൻ പ്രേതഗിരിയിൽ പിണ്ഡംവെച്ചു പ്രേതശിലയിൽ കാക്കകൾക്കായി ബലിയും തൂ

കി ധൎമ്മാരണ്യത്തിൽചെന്ന് ഒന്നു കുറെ ഒരുനൂറു സ്ഥാനങ്ങളിൽ മലപ്പൊടിയും എള്ളും നെയ്യും ശൎക്കരയോടുകൂടിയ പായസവും ചേൎത്തു വെവ്വേറെ പിണ്ഡങ്ങളെച്ചെയ്തു. അതിന്നുശേഷം വടശ്രാദ്ധവും അഷ്ടതീൎത്ഥസ്നാനവും നിൎവ്വഹിച്ചു മൂന്നു സ്ഥലങ്ങളിൽ വിധിപ്രകാരം സന്ധ്യോപാസനയും ചെയ്ത് അനേകം ദാനങ്ങളെ നൽകി. പിന്നേ വലിയ വിഭവങ്ങളോടുകൂടി ഗദാധരനെ പൂജിച്ചു കീടബാധയോടുകൂടിയതായ ചൂതവൃക്ഷത്തിന്റെ കടയ്ക്കൽ വെള്ളംകൊണ്ടു സേചനംചെയ്തു. മുനിയായ ഒരുവൻ (രാമൻ) കുടത്തിലെ ഗർവെള്ളംകൊണ്ടു ചൂതവൃക്ഷത്തിന്റെ കടയ്ക്കൽ സേചനം ചെയ്യുപ്പോൾ വൃക്ഷത്തിന്നു നനവും പിതൃക്കൾക്കു തൃപ്തിയുമാകുന്ന രണ്ടു കാൎയ്യങ്ങൾ ഒരുമിച്ചു സാധിച്ചു. ഒരു കൎമ്മംകൊണ്ടു രണ്ടു കാൎയ്യങ്ങൾ ഉണ്ടാകുന്നതു പ്രസിദ്ധമാണല്ലോ. ആമ്രസേചനത്തിന്നുശേഷം വിഷ്ണുപദപൂജയും മററം വഴിപോലെ കഴിച്ചു ശ്രീരാമൻ പരിവാരസമേതനായി വിമാനം കയറി. ഗയയിലെ ശ്രാദ്ധാദി കൎമ്മങ്ങൾ നിൎവ്വഹിക്കുവാനായി രാമന്നു മൂന്നുമാസകാലം വേണ്ടിവന്നു. ഗയയിൽനിന്നു പോയതു കിഴക്കേ ദിക്കിലേയ്ക്കാണ്. ഗയയിൽ ഫൽഗുനിനദിയുടെ കിഴക്കേ തീരത്തിങ്കലാണു ശ്രീരാമന്റെ വിമാനം നിറുത്തിയിരുന്നത്. വിമാനം നിന്നിരുന്നതായ സ്ഥാനത്തിന്ന് അഭിജ്ഞന്മാർ രാമഗയ എന്നു പേർ പറയുന്നു. അവിടെ രാമേശ്വരസ്വാമിയും പരിശുദ്ധമായ രാമതീൎത്ഥവും ഉണ്ട്. രാമൻ ഫൽഗുനീനദിയും ഗംഗയുംകൂടി ചേരുന്നതായ സംഗമസ്ഥാനത്തും എഴുന്നള്ളുകയുണ്ടായി. അതു ഗയയുടെ പുറത്താണ്. അതിന്നും ഫൽഗുനീനദി എന്നുതന്നെയാണു നാമധേയം. അവിടെനിന്നു രാമൻ മുൽഗലമഹൎഷിയുടെ പുതിയ ആശ്രമത്തിലേയ്ക്കു പോയി. അവിടെ പാപനാശിനിയായ ഗംഗാനദി വടക്കോട്ട് അഭിമുഖമായി പ്രവഹിക്കുന്നു. അവിടെവെച്ചു സീത ദിവ്യോദകദാനം ചെയ്യുമെന്നു കണ്ടിട്ടു ശ്രീരാമൻ മുമ്പുതന്നേ അവിടെ രാമതീൎത്ഥം എന്നൊരു തീൎത്ഥം ഉണ്ടാക്കി. രാമാനുജന്മാരായ മൂന്നുപേരുടെ നാമങ്ങളിലും അവിടെ

തീൎത്ഥങ്ങളും ഉണ്ട്. സീത മാത്രം തന്റെ പേരിൽ അവിടെ തീൎത്ഥനിൎമ്മാണം ചെയ്തില്ല. ഞാൻ ഇവിടെ ഭൂമിയിൽതന്നെ ദിവ്യോദകദാനം ചെയ്താൽ അതു തീൎത്ഥമായി ഭവിക്കുമെന്ന് അറിഞ്ഞിട്ടാണു സീത തീൎത്ഥമുണ്ടാക്കാഞ്ഞത്. അവിടെനിന്നു രാമൻ ഉത്തരവാഹിനി എന്നു പേരായ പുരിയിലേയ്ക്കാണു പോയത്. അവിടെ ഗംഗാനദി ഉത്തരവാഹിനിയായി ഒഴുകുന്നു. ആ ഗംഗയുടെ തീരത്തു വിലേപശരം എന്നൊരു പൎവ്വതവും ഉണ്ട്. അവിടെയുള്ള വൈജനാഥക്ഷേത്രത്തിലെ ശിവനേയും രാമൻ ദൎശനം കഴിച്ചു. ആ ശിവൻ രാവണന്റെ പ്രതിഷ്ഠയാണ്. അവിടെനിന്നും വിമാനം വഴിയായി പല സ്ഥലങ്ങളേയും കണ്ടുകൊണ്ടു രാമൻ ഭാഗീരഥിമദ്ധ്യത്തിൽനിന്നു ശ്വേതവൎണ്ണമായി ഭേദിക്കുന്നതായ സ്ഥലത്തു ചെന്നു. ആ സ്ഥലം പ്രയാഗയിൽനിന്ന് 100 യോജന അകലെയാണ്. പിന്നെ ഗംഗാനദി സമുദ്രത്തോടു സംയോഗിക്കുന്ന സംഗമസ്ഥാനത്തുചെന്നു സ്നാനംചെയ്തു. അതിന്നുശേഷം കാളിന്ദിനദി സമുദ്രത്തിൽ ചേരുന്ന സ്ഥാനത്തു ചെന്ന് അവിടേയും സ്നാനംചെയ്തു. തദനന്തരം പല പുണ്യസ്ഥലങ്ങളേയും പുണ്യതീൎത്ഥങ്ങളേയും സന്ദൎശിച്ചു കിഴക്കെ സമുദ്രത്തിന്റെ തീരത്തിങ്കലുള്ള ശ്രീപുരുഷോത്തമനേ വണങ്ങി ശ്രീരാമൻ പല ദാനങ്ങളേയും ചെയ്തു. പിന്നീടു പുഷ്പകവിമാനത്തിൽക്കൂടെ പല ദേവന്മാരേയും പല നദികളേയും ദൎശിച്ചും പല ദേശങ്ങളേയും കടന്നും പോയി ഗോദാവരിനദിയുടെ തീരത്തിങ്കൽ ചെന്നെത്തി. അവിടെ രാമഗിരി എന്നു പേരായി ഒരു പൎവ്വതത്തേയും രാമൻ നിൎമ്മിച്ചു. ഗോദാവരിനദി സമുദ്രത്തിൽ ചേരുന്നത് ഏഴു കൈവഴികളായിട്ടാണ്. അവയെ സപ്തസംഗമങ്ങൾ എന്നു പറയുന്നു. ഈ സപ്തസംഗമസ്ഥാനങ്ങളിലും ശ്രീരാമൻ സ്നാനംചെയ്തു. കിഴക്കൻദിക്കിലേയ്ക്കുണ്ടായ ഈ തീൎത്ഥയാത്രയിൽ അവിടങ്ങളിലുള്ള സാമന്തരാജാക്കന്മാർ രാമനേ പൂജിച്ചു കപ്പം കൊടുക്കുകയും രാമൻ അവരുടെ പൂജയും കപ്പവും സ്വീകരിച്ച് അവരോടുകൂടിത്തന്നെ ദക്ഷിണദിക്കിലുള്ള തീൎത്ഥങ്ങളെ സേവിപ്പാനായിക്കൊണ്ടു തെ

ക്കേദിക്കിലേയ്ക്കു് അഭിമുഖമായി എഴുന്നള്ളി. ഇപ്രകാരം കിഴക്കേദിക്കിലുള്ള തീൎത്ഥയാത്ര വൎണ്ണിക്കപ്പെട്ടു.

ഇങ്ങിനെ ആനന്ദരാമായണത്തിൽ യാത്രാകാണ്ഡത്തിൽ
പൂൎവ്വദേശയാത്രാവൎണ്ണനം എന്ന ആറാം സൎഗ്ഗം കഴിഞ്ഞു.

---

## ഏഴാം സർഗ്ഗം.

---

ശ്രീരാമദാസൻ പറഞ്ഞു.

ദക്ഷിണാഭിമുഖമായി എഴുന്നള്ളിയ ശ്രീരാമസ്വാമി മനോഹരമായ മത്സ്യതീൎത്ഥത്തെ കടന്നു മഹാനദിയായ കൃഷ്ണാനദിയേയും അതിക്രമിച്ചു പുണ്യസ്ഥലങ്ങളെ കണ്ടുംകൊണ്ടു യാത്രചെയ്തു. പിന്നേ പാനകം എന്നു പേരായ നാരസിംഹത്തെ പ്രാപിച്ചു. കൃഷ്ണാനദി സമുദ്രത്തിൽ ചേരുന്ന സ്ഥാനത്തു സ്നാനവും ദാനങ്ങളും ചെയ്തു നാനാസ്ഥലങ്ങളെ കണ്ടുംകൊണ്ടു ശ്രീശൈലം എന്ന പൎവ്വതത്തിലേയ്ക്കു പോയി. അവിടെ നിലഗംഗയിൽ സ്നാനംചെയ്തു മല്ലികാൎജ്ജുനനെ ദൎശിക്കുകയും ചെയ്തു. ശ്രീശൈലത്തിന്റെ അടിവാരത്തിൽക്കൂടി ഒഴുകുന്ന കൃഷ്ണാനദിയുടെ ഭാഗത്തിന്നാണു നിലഗംഗ എന്നു പേർ പറയുന്നതു്. ശ്രീശൈലത്തിന്റെ ശിഖരം കണ്ടവൎക്കു പുനൎജ്ജന്മം ഇല്ല. രാമൻ ആ ശിഖരത്തെ സന്ദൎശിച്ചു. ആ ശിഖരത്തിൽനിന്നു് ഒഴുകുന്ന ബ്രഹ്മകുണ്ഡം എന്ന പുണ്യതീൎത്ഥത്തിൽ സ്നാനവും ചെയ്തു. പിന്നെ ഭീമകുണ്ഡം, നിവൃത്തിസംഗമം എന്ന തുംഗഭദ്രാനദിയുടെ സംഗമസ്ഥാനം, മഹാനദീസരോവരമായ ഭവനാശിനി, എന്നീ തീൎത്ഥങ്ങളിൽ സ്നാനം ചെയ്തു് അഹോബലക്ഷേത്രത്തിൽ ചെന്നു. അഹോബലത്തിലെ നരസിംഹമൂൎത്തിയെ നമസ്കരിച്ചു സ്തംഭപ്രദക്ഷിണം ചെയ്തു പുഷ്പഗിരിയിലും ചെന്നു പിനാകി എന്ന തീൎത്ഥത്തിൽ സ്നാനം ചെയ്തു. അനന്തരം പല പുണ്യസ്ഥലങ്ങളേയും ദേവന്മാരേയും സന്ദൎശിച്ചു പമ്പാസരസ്സിനേയും കടന്നു കിഷ്കിന്ധാപുരിയിൽ

ചെന്നുചേൎന്നു. കിഷ്കിന്ധാധിപതിയായ സുഗ്രീവൻ ശ്രീരാമനെ ഭക്തിപൂൎവ്വം പൂജിച്ചു. അവിടെനിന്നു സുഗ്രീവാദികളായ വാനരന്മാരേയും വിമാനത്തിൽ കയററി ആകാശത്തൂടെ പോയി. അവിടെ അടുത്തുള്ള പ്രവൎഷണപൎവ്വതത്തിൽ രാമഗുഹ എന്നു പേരായി ഒരു ഗുഹയുണ്ടു്. ആ ഗുഹയെ ശ്രീരാമൻ വലുതായ കൌതുകത്തോടും കുറഞ്ഞൊരു പുഞ്ചിരിയോടുംകൂടി സീതെക്കു കാണിച്ചുകൊടുത്തു. അവിടെനിന്നു പോയി ദ്വിതീയഭൂതകുണ്ഡത്തിൽ സ്നാനം ചെയ്തു സുബ്രഹ്മണ്യസ്വാമിയെ നമസ്കരിച്ചു് അഗസ്ത്യകുണ്ഡത്തിലും, പോയി അനേകതീൎത്ഥങ്ങളെ സേവിച്ചു കനകഗിരിയിൽ ചെന്നു ശിവനേയും വീരഭദ്രനേയും തൊഴുതു വെങ്കടാദ്രിയിലേക്കു് എഴുന്നള്ളി. വെങ്കടാദ്രിയിൽ തൃപ്തി— തൃപ്പതി —കുടികൊള്ളുന്ന വെങ്കടാചലപതിയായ ഗോവിന്ദരാജനെ വണങ്ങി കപിലധാരാസ്നാനവും തീൎത്ഥശ്രാദ്ധവുംചെയ്തു ശേഷാചലത്തിലേക്കു പോയി. അവിടേയുള്ള ശേഷപുഷ്കരിണി എന്ന പൊയ്കയിലെ ജലത്തിൽ കുളിച്ചുവെങ്കടേശനെ പൂജിച്ചു പഞ്ചതീൎത്ഥസ്നാനവും ചെയ്തു സുവൎണ്ണമുഖി എന്ന നദിയുടെ തീരത്തിങ്കൽ സ്ഥിതി ചെയ്യുന്ന കാളഹസ്തിയിൽ പോയി വിധിപോലെ പൂജാദികരം നിൎവ്വഹിച്ചു. പിന്നെ പോയതു കാഞ്ചീപുരത്തേക്കാണു്. കാഞ്ചീപുരം ശിവനും വിഷ്ണുവിന്നും പ്രിയമായിട്ടുള്ളതാകുന്നു. അവിടെ ഏകാംബരനാഥൻ സ്വാമിയെ പൂജിച്ചു സൎവ്വതീൎത്ഥങ്ങളിലും സ്നാനംചെയ്തു കാമാക്ഷിദേവിയേയും വന്ദിച്ചു. തദനന്തരം വേഗവതി നദിയിൽ കുളിച്ചു വരദരാജനെ നമസ്കരിച്ചു പഞ്ചതീൎത്ഥത്തിലേക്കു പോയി. അവിടെ പൂഷാവ് എന്നും, വിധാതാവ് എന്നും പറയപ്പെടുന്ന പക്ഷികളെ പൂജിച്ചു സീതയോടുംകൂടി പോയി. ക്ഷീരനദിയിൽ സ്നാനം ചെയ്തു ത്രിവിക്രമസ്വാമിയെ നമസ്കരിച്ചു. പിന്നെ കേവലം സ്മരണംകൊണ്ടുതന്നെ മുക്തിയെ കൊടുക്കുന്ന അരുണാചലക്ഷേത്രത്തിലെ അരുണാചലസ്വാമിയെ ചെന്നു വന്ദിച്ചു. പിന്നീടു മണിമുക്താനദിയുടെ തീരത്തിലുള്ള വൃദ്ധാചലത്തിലേക്കു പോയി. വൃദ്ധാചലേശ്വരനെ പൂജിച്ചു

വടപാലക്ഷേത്രത്തിലേയ്ക്കും പോയി.*അവിടെ വടപാലനെ ദർശനം കഴിച്ചു ശ്രീമുഷ്ണിയിൽ ചെന്നു യജ്ഞവരാഹസ്വാമിയെ സന്ദർശിച്ചു. പിന്നെ ദർശനമാത്രത്താൽ മുക്തിയെ കൊടുക്കുന്ന ചിതംബരത്തിലേയ്ക്കു എഴുന്നള്ളി. ചിതംബരത്തിൽ നടരാജനാണു മൂർത്തി. കല്ലുകൊണ്ടുള്ള വിഗ്രഹത്തിൽ പ്രദോഷനൃത്തം ചെയ്യുന്ന ശിവന്റെ ചിത്രം സാക്ഷാൽ അനന്തനാൽതന്നെ എഴുതപ്പെട്ടതാണ്. ചിതംബരേശ്വരനെ ദർശിച്ചതിന്നുശേഷം കാവേരിനദിയെ കടന്നു സിംഹക്ഷേത്രത്തിൽചെന്നു ബ്രഹ്മപുരേശനെ വന്ദിച്ചു വൈജനാഥനേയും നമസ്കരിച്ചു. പിന്നെ ശ്വേതാരണ്യത്തിൽ ചെന്നു ശംഖമുഖിസ്നാനം ചെയ്തു. അനന്തരം ഛായാവനം ഗൌരിമയൂരം, വേദാരണ്യം, മദ്ധ്യാർജ്ജുനം, എന്നിവിടങ്ങളിൽ പോകയും വൃദ്ധകാവേരിയിൽ കുളിക്കുകയും ചെയ്തിട്ടു കുംഭകോണത്തേയ്ക്കുപോയി. പിന്നെ ശ്രീനിവാസം, വൃന്ദാവനം, സാരനാഥം, ശ്രീവാഞ്ഛം, എന്നിവിടങ്ങളിലെല്ലാം ചെന്നു സന്ദർശിച്ചു. അതിന്നുശേഷം പ്രയാഗമാധവനെ വന്ദിച്ച് അഭ്രശിരസ്സിങ്കലും ചെന്നു കമലാലയത്തിൽ പോയി ത്യാഗേശ്വരസ്വാമിയേയും നമസ്കരിച്ചു ഗയാതീർത്ഥസ്നാനംചെയ്തു ദക്ഷിണദ്വാരകയിൽചെന്നു ഗോവിന്ദസ്വാമിയെ വന്ദിച്ചു ജയപാലപുരത്തിൽചെന്ന് അഭയദാതാവും പണ്ടു തന്നാൽതന്നെ പ്രതിഷ്ഠിക്കപ്പെട്ടവനും ആയ വിഘ്നേശ്വരസ്വാമിയെ വന്ദിച്ചു നവപാഷാണത്തിൽ സ്നാനംചെയ്തു ദേവീപത്തനത്തിൽപോയി വേതാളതീർത്ഥത്തിൽ കുളിച്ചു ദക്ഷിണോദധിയുടെ തീരത്തിൽചെന്നു ഭൈരവതീർത്ഥത്തിലും സ്നാനംചെയ്തു തന്റെ ഏകാന്തസ്ഥാനത്തെ പ്രാപിച്ചു. അവിടെ വിമാനത്തിൽനിന്ന് എറങ്ങി എല്ലാവരോടുംകൂടി കാൽനടയായി എഴുന്നള്ളി ലക്ഷ്മണതീർത്ഥം, രാമതീർത്ഥം, അഗ്നിതീർത്ഥം, ധനുഷ്കോടി, ജടായുതീർത്ഥം, എന്നിവയിൽ സ്നാനംചെയ്തു പണ്ടു ഹനുമാൻ കൊണ്ടുവരപ്പെട്ട വിശ്വനാഥലിംഗമായ ഗന്ധമാദനനേ ആദ്യം നമസ്കരിച്ചു പിന്നെ തന്റെ പ്രതിഷ്ഠയായ രാമേശ്വരനാഥനേയും വന്ദിച്ചു. അവി

ഹേട ഗംഗാഭിഷേകംചെയ്തു കാവകുംഭാദികളെ ഉപേക്ഷിച്ചതിനുശേഷം ധനുഷ്കോടിയിൽ വില്ലിന്റെ അഗ്രംകൊണ്ടു കോടിതീൎത്ഥം എന്നു പേരായ ഒരു തീൎത്ഥവും നിൎമ്മിച്ചു. ക്ഷേത്രോപവാസത്തിൽ സംഭവിക്കുന്ന പാപങ്ങളുടെ ശമനത്തിന്നാണു കോടിതീൎത്ഥത്തെ ഉണ്ടാക്കിയത്. അനന്തരം ശ്വേതമാധവനെ വന്ദിച്ചു പലപല ദാനങ്ങളേയും ചെയ്തു. രാമേശ്വരത്തു ശ്രീരാമന്ന് ഒരു മാസത്തെ താമസം ഉണ്ടായി. അക്കാലത്തു ദേവന്മാൎക്ക് ഉത്സവം കഴിക്കുകയും ക്ഷേത്രപാപശാന്തിക്കായി കോടിതീൎത്ഥത്തിൽ കുളിക്കുകയും ഗണപതിയെ വന്ദിക്കുകയും ചെയ്തിരുന്നു. അതിൽപിന്നെ സമുദ്രപ്രവാഹത്തെ കടന്നു വിമാനത്തിൽ കയറി ആകാശത്തിൽക്കൂടെ ദൎഭശയത്തിലേയ്ക്കു പോയി. പിന്നെ നിക്ഷേപികാജലത്തിലും താമ്രപൎണ്ണിനദിയും ദക്ഷിണസമുദ്രവും കൂടിച്ചേരുന്ന തീൎത്ഥത്തിലും സ്നാനംചെയ്ത് അനേകം ദാനങ്ങളേയും ചെയ്തു. തദനന്തരം സമുദ്രതീരത്തിങ്കലുള്ള സ്കന്ദനെ നമസ്കരിച്ചു താമ്രപൎണ്ണിയുടെ തീരത്തുക്കൂടെതന്നെ പോയി പല പുണ്യസ്ഥലങ്ങളേയും സന്ദൎശിച്ചു വെങ്കടനാഥന്മാർ എന്നു പറയപ്പെട്ടു ഒമ്പതു ദേവന്മാരെ പൂജിച്ചു തോതാദ്രിയേയും കടന്നു കന്യാകുമാരിയിൽ ചെന്നുചേൎന്നു.

കന്യാകുമാരി സമുദ്രതീരത്തിങ്കൽ ഇരുന്നു തന്റെ മാൎഗ്ഗത്തെ പ്രതീക്ഷിക്കുന്നവളും കയ്യിൽ സ്വയംവരമാലയേ ധരിച്ചിരിക്കുന്നവളുമായ കന്യാകുമാരികയേ സന്ദൎശിച്ചിട്ടു ശ്രീരാമൻ "ഹേ സുവ്രതേ! നിണക്ക് ഇഷ്ടമുള്ളവരത്തെ വരിച്ചാലും" എന്നു പറഞ്ഞു. അതിന്ന് അവൾ നമസ്കാരപൂൎവ്വം രാമനോടു "പ്രഭോ! വളരേകാലമായി ഞാൻ വ്രതത്തിൽ ഇരിക്കുന്നു. ഞാനൊരു മുനിപുത്രിയാണ്, എന്നെ സുസേന്ദ്രന്നു വിവാഹം ചെയ്തു കൊടുക്കുവാനാണ് അച്ഛൻ നിശ്ചയിച്ചിരിക്കുന്നത്. വിവാഹത്തിന്നായി വരുത്തപ്പെട്ട സുസേന്ദ്രൻ ഒരു യോജനദൂരത്തിൽ എത്തിട്ടുണ്ട്. അപ്പോഴാണ് അങ്ങയുടെ തീൎത്ഥയാത്രയെപ്പററി കേട്ടത്. അപ്പോൾ എനിക്ക് അങ്ങയേ ഭൎത്താവായി വരിക്കേണമെന്ന് ആഗ്രഹം ഉണ്ടായി. ഈ ആഗ്രഹത്തെ

അച്ഛൻ അറിഞ്ഞു സുഃസേന്ദ്രനെ മടക്കിഅയച്ചു. സുഃസേന്ദ്രനാകട്ടെ എന്നെ ലഭിക്കാതെ ദുഃഖാൎത്തനായി ഇപ്പോഴും ഒരു യോജന അകലെ പാൎക്കുന്നുണ്ട്. വിവാഹത്തിന്നായി അമ്മ തെയ്യാറാക്കിയിരുന്ന സാധനങ്ങൾ എല്ലാം അച്ഛൻ കോപത്തോടുകൂടി എടുത്തു സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞു. അവ ഇപ്പോഴും അതാ തിരമാലകളിൽ കിടന്നു കളിക്കുന്നു. നാഥാ! ഇന്ന് അങ്ങയാൽ ഞാൻ ഈ ധൎമ്മസങ്കടത്തിൽനിന്നു കരകയററപ്പെട്ടു"എന്നുണൎത്തിച്ചു. ഇപ്രകാരം മുനികന്യകപറഞ്ഞതിൽനിന്ന് അവളുടെ അന്തൎഗ്ഗതം ഇന്നതാണെന്ന് അറിഞ്ഞുശ്രീരാമൻ "ഹേ കുമാരികേ, ഞാൻ ഈ ജന്മത്തിൽ ഏകപത്നീവ്രതത്തോടുകൂടിയവനാണ്. മേലിൽഉണ്ടാവാൻപോകുന്ന കൃഷ്ണാവതാരത്തിൽ നീ എന്റെ ഭാൎയ്യയായി ഭവിക്കും" എന്നരുളിച്ചെയ്തു. രാമന്റെ ആ അരുളപ്പാട് അനുസരിച്ച് അവൾ ശ്രീരാമന്റെ സ്വൎഗ്ഗാരോഹണം വരെയും യമനിയമങ്ങളോടുകൂടി ശരീരം ധരിച്ചു സ്ഥിതിചെയ്തു. പിന്നെ തപോബലംകൊണ്ടു ദേഹത്യാഗംചെയ്തു. ജാംബവാന്റെ പുത്രിയായ ജാംബവതിയായി ജനിക്കുകയും ശ്രീകൃഷ്ണന്റെ പത്നിയായി ഭവിക്കുകയും ചെയ്തു. ഇപ്രകാരം കന്യാകുമാരിയെ അനുഗ്രഹിച്ച ശേഷം ശ്രീരാമൻ സുഃസേന്ദ്രത്തെ (ശുചീന്ദ്രത്തെ)ക്കു പോയി. പയോഷ്ണീസ്നാനംചെയ്തു താമ്രവൎണ്ണിതീരത്തിങ്കൽ ലക്ഷ്മീദേവിയാലും ഗരുഡനാലും സേവിതനായി ശേഷപൃഷ്ഠത്തിങ്കൽ യോഗനിദ്രയെ ചെയ്യരുളുന്ന ആദ്യാനന്തസ്വാമിയെ വന്ദിച്ചു. ഈ താമ്രവൎണ്ണി പടിഞ്ഞാട്ടു ഒഴുകുന്നതും, പ്രസിദ്ധ താമ്രവൎണ്ണിയിൽനിന്നു ഭിന്നവും ആയ ഒരു നദിയാകുന്നു. അവിടെനിന്നു ശ്രീരാമൻ തിരുവനന്തപുരത്തുള്ള അനന്തശയനസ്വാമിയെ ദൎശിപ്പാനായി എഴുന്നെള്ളി. അവിടെ പത്മതീൎത്ഥം, ശംഖതീൎത്ഥം, മത്സ്യനദി എന്നിവയിൽ സീതയോടുകൂടി സ്നാനംചെയ്തു വിമാനത്തിൽക്കൂടെ പോയി ധൎമ്മാധൎമ്മസരോവരത്തിൽ കുളിച്ചു പടിഞ്ഞാറെ സമുദ്രതീരത്തുള്ള ജനാൎദ്ദനക്ഷേത്രത്തിൽ (വൎക്ക

ലയിൽ) ചെന്നു ദേവനെ നമസ്കരിച്ചു. കറുത്ത വാവുന്നാളും വെളുത്ത വാവുന്നാളും ഗംഗാധാരാസംഗമത്തിൽ സ്നാനവും ജനാൎദ്ദനപൂജയും ചെയ്തു. പിന്നെ നാരീരാജ്യത്തെ (പെൺമലയാളത്തെ) സന്ദൎശിച്ച് അധികം ദിക്കുകളിൽ യാത്രചെയ്യാതെ ലോകശിക്ഷാൎത്ഥമായി ശ്രീരാമൻ മടങ്ങിപ്പോകയാണ് ചെയ്തത്. ഘൃതമാല, കൃതമാല, സിന്ധു എന്നീനദികളിൽ സ്നാനംചെയ്തു താമ്രവൎണ്ണി തടത്തിലുള്ള ഗജേന്ദ്രമോക്ഷത്തെ സന്ദൎശിച്ചു താമ്രവൎണ്ണിയുടെ ഉത്ഭവസ്ഥാനത്തും മൈരാളതീൎത്ഥത്തിലും കുളിച്ചു ചന്ദ്രകുമാരപൎവ്വതത്തിൽ ചെന്നു. അവിടെനിന്നു വിമാനം വഴിക്കു തെൻകാശിയിൽ ചെന്നു കാശിവിശ്വനാഥനെ വന്ദിച്ചു ചമ്പകാരണ്യത്തിൽ പോയി ചിത്രഗംഗാജലത്തിൽ സ്നാനംചെയ്തു ഹരിയേയും ഹരനേയും പൂജിച്ചു. അവിടെനിന്നും വിമാനാരൂഢനായി മധുപുരിയിൽ (മധുരയിൽ) ചെന്നു വേഗവതീനദിയിൽ കുളിച്ചു സുന്ദരേശ്വരനേയും മധുരമീനാക്ഷിയേയും തൊഴുതു കാവേരിമദ്ധ്യസ്ഥമായ വെങ്കടാദ്രിയിലും ശ്രീരംഗനഗരത്തും ചെന്നു മാതൃഭൂതേശ്വരനേയും ജംബുകേശ്വരക്ഷേത്രത്തിലെ രംഗനാഥനേയും നമസ്കരിച്ച് അപിനാശിയിലേയ്ക്കു പോയി. പിന്നെ ശ്രീരംഗപട്ടണത്തിൽ ചെന്നു ഹൈമവതീനദിയിൽ സ്നാനംചെയ്തു സാളഗ്രാമപൂജയെ ചെയ്തതിന്നുശേഷം രാമനാഥപുരത്തേയ്ക്കു പോയി. അവിടെ കുമാരധാരയിൽ സ്നാനംചെയ്തു സുബ്രഹ്മണ്യനെ പൂജിച്ചതിന്നുശേഷം ഉഡുപ്പിയിൽചെന്നു ശ്രീകൃഷ്ണനെ നമസ്കരിച്ചു. പിന്നെ തുംഗാനദിയുടെ തീരത്തിങ്കൽ ശൃംഗഗിരിയിൽ (ശൃംഗേരി) ചെന്നു ശാരദാദേവിയേ വന്ദിച്ചു കുംഭകോശിയിൽ പോയി കോടീശ്വരത്തേ ശിവനേയും നമസ്കരിച്ചു മൂകാംബിക്ഷേത്രത്തിൽ ചെന്നു മൂകാംബികാദേവിയേയും മുണ്ഡേശ്വരനേയും ഗുണപന്നേശ്വരനേയും, ധാരേശ്വരൻ, ഗൌരേശ്വരൻ, സജ്ജ്യേശ്വരൻ എന്നിവരേയും നമസ്കരിച്ചതിന്നുശേഷം ഗോകൎണ്ണത്തേയ്ക്കു് എഴുന്നള്ളി പരമശിവനെ നമസ്കരിച്ചു. പിന്നെ ഹരിഹരക്ഷേത്രത്തിൽ പോയി തൊഴുത് അനേകതീൎത്ഥങ്ങളെ സന്ദ

ശിച്ചു മഹേന്ദ്രപൎവ്വതത്തിൽചെന്നു പരശുരാമനെ നമസ്കരിച്ചു ഭീമേശ്വരത്തേക്കു പോയി. പിന്നെ മഹാബലസ്വാമിയെ നമസ്കരിച്ചു കോലാപുരത്തേക്കു് എഴുന്നള്ളി. അവിടെനിന്നു കരവീരപുരത്തിൽ പോയി കൃഷ്ണാനദിയുടെ സംഗമസ്ഥാനത്തു സ്നാനംചെയ്തു വിമാനം വഴിയായി ഗദാലക്ഷ്മീശ്വരനെ ചെന്നു വന്ദിച്ചു ഘടപ്രഭയിൽ സ്നാനംചെയ്തു പല പുണ്യസ്ഥലങ്ങളേയും സന്ദൎശിച്ചു കരുനദിയുടെ തീരത്തിലുള്ള മഹാദേവനേയും മല്ലാരിയേയും വണങ്ങി ചക്രതുണ്ഡനേയും സന്ദൎശിച്ചു നീരാനദീജലത്തിൽ സ്നാനംചെയ്തു നരസിംഹനെ പൂജിച്ചു പാണ്ഡുരംഗനേ നമസ്കരിച്ചു ചന്ദ്രഭാഗാനദിയിലും ഭീമാനദിയുടെ സംഗമസ്ഥാനത്തും സ്നാനംചെയ്തു ചന്ദല്ലാ എന്ന സ്ഥലത്തേക്കു പോയി. അതിന്നുശേഷം പ്രേമപുരത്തിൽ ചെന്നു മാൎത്താണ്ഡദേവനേ നമസ്കരിച്ചു് നളദുൎഗ്ഗത്തേയും പല പുണ്യസ്ഥലങ്ങളേയും സന്ദൎശിച്ചു തുലജാപുരസ്ഥയായ ദേവിയേയും മാണിക്യാംബികയേയും പൂജിച്ചു നാനാതീൎത്ഥസ്നാനംചെയ്തു് അംബാപുരസ്ഥയായ യോഗീശ്വരീദേവിയേയും വണങ്ങി വൈജനാഥനെ പൂജിച്ചു വംജരാസംഗമത്തിൽചെന്നു് നാഗേശനേയും ദൎശനംകഴിച്ചു വിമാനം വഴിയായി പോയി ഗോദാനദിയുടെ വടക്കേതീരത്തിൽ പൂൎണ്ണാസംഗമസ്ഥാനത്തു സ്നാനംചെയ്തു അവിടെ തന്റെ പേരിൽ രാമപുരി എന്നു പേരായ ഒരു നഗരത്തേയും നിൎമ്മിച്ചു, മുൽഗലാശ്രമത്തിൽ പോയി ബാണതീൎത്ഥത്തിലും, സിന്ധുഫേനാസംഗമത്തിലും, ഗോദാനദിയുടെ നാഭിസ്ഥാനമായ അബ്ജകത്തിലും സ്നാനംചെയ്തു ശ്രീവിക്രമനെ പൂജിച്ചു ഗോദാവരീനദിയുടെ തീരത്തിങ്കൽ തന്റെ പേരിൽ മറെറാരു പുരത്തേയും നിൎമ്മിച്ചു് അംബികയേയും ചണ്ഡികയേയും പൂജിച്ചു് ഉത്തമതീൎത്ഥത്തിൽ സ്നാനംചെയ്തു വിജ്ഞാനേശ്വരനേയും മഹാലക്ഷ്മിയേയും നമസ്കരിച്ചു ബന്ധവാസംഗമത്തിലേക്കു പോയി. പിന്നെ പ്രതിഷ്ഠാനഗരത്തിൽചെന്നു വൃദ്ധൈലാസംഗമം ശിവനന്ദാസംഗമം എന്നിവയിൽ സ്നാനംചെയ്തു നൃസിംഹത്തേയും വന്ദിച്ചു പ്രവരാനദിയുടെ സംഗമനത്തിലുള്ള പ്രസിദ്ധമായ

രാമതീൎത്ഥത്തിൽ സ്നാനംചെയ്തു സിദ്ധേശ്വരനെ വന്ദിച്ചു നിവാസപുരം, ത്രപുരപുരം എന്നിവയിൽ പോയി പല പുണ്യസ്ഥലങ്ങളേയും കണ്ടു ഗോദാനദിയുടെ തീരത്തുടെ തന്നേ പോയി പുണ്യസ്തംഭത്തെ പ്രാപിച്ചു. അവിടെനിന്നു പോയ കദ്രുസംഗമം, വിനതാസംഗമം, ജനസ്ഥാനം എന്നിവയിൽ ചെന്നു ത്ര്യംബകേശ്വരനേയും നമസ്കരിച്ചു. ഈ ദക്ഷിണദേശയാത്രയിൽ ശ്രീരാമൻ ദാക്ഷിണാത്യന്മാരായ രാജാക്കന്മാരാൽ ബഹുമാനപൂൎവ്വം പൂജിക്കപ്പെട്ടു. അവരുടെ പൂജകളേയും അവരാൽ നല്കപ്പെട്ട കരത്തേയും സ്വീകരിച്ച് അവരേയുംകൂട്ടിക്കൊണ്ടാണ് രാമൻ യാത്രചെയ്തത്. ഇപ്രകാരം ത്ര്യംബകക്ഷേത്രംവരേയുള്ള ശ്രീരാമന്റെ ദക്ഷിണദേശയാത്രയെ വൎണ്ണിച്ചു കഴിഞ്ഞു.

ഇങ്ങിനെ ആനന്ദരാമായണത്തിൽ യാത്രകാണ്ഡത്തിൽ
തീൎത്ഥവൎണ്ണനം എന്ന ഏഴാംസൎഗ്ഗം സമാപ്തം.

## എട്ടാം സൎഗ്ഗം.

വിഷ്ണുദാസൻ പറഞ്ഞു.

ഹേ ഗുരോ! എനിക്ക് ഒരു സന്ദേഹം ഉണ്ടായിരിക്കുന്നു. അതിനെ അങ്ങുന്നു തീൎത്തുതരണം. സജ്ജനങ്ങൾ ആരും വാഹനത്തിൽ കയറി തീൎത്ഥയാത്ര പോകാറില്ലെന്നാണു കേട്ടിട്ടുള്ളത്. ശ്രീരാമൻ വിമാനത്തിൽ കയറിയാണു പോയതെന്നും അങ്ങു പറഞ്ഞുവല്ലോ; ഇതിന്നു കാരണം എന്താണെന്നു പറഞ്ഞുതരണം. ഇങ്ങിനെ ശിഷ്യൻ പറഞ്ഞതു കേട്ടിട്ട് ഗുരു മറുപടിപറഞ്ഞു.

രാമദാസൻ പറഞ്ഞു.

ഛത്രചാമരങ്ങളെ ധരിച്ചിട്ടുള്ളവനും, ദ്വീപാധിപതിയുമായ മഹാരാജാവു കാൽനടയായി യാത്രചെയ്യാൻ പാടില്ല. മണ്ഡലേശ്വരനായ സാമന്തപ്രഭുവാണെങ്കിലേ അങ്ങിനെ ചെയ്യാൻ പാടുള്ളു. മഹാരാജാവ്, ദേവൻ, മഠാധിപതി എന്നിവർ കാൽനടയായി പോവാൻ പാടില്ലെന്നാണ് നിശ്ചയം,

അതുകൊണ്ടു നിണക്കു ശ്രീരാമനെ പററി സന്ദേഹം വേണ്ടതില്ല. രാമചന്ദ്രൻെറ കല്പനയും കരുണയും നിമിത്തമാണു മററുള്ളവരും പുഷ്പകത്തിൽ കയറിയത്. ഈശ്വരന്മാരുടെ പ്രവൎത്തിയെ ആരാണ് അറിയുക. അതുപോകട്ടെ. ശ്രീരാമൻെറ ആ പഴയ കഥയെതന്നെ ഞാൻ പറയാം. നീ കേട്ടാലും.

ത്ര്യംബകക്ഷേത്രത്തിങ്കൽ നിന്നു ശ്രീരാമൻ പോവാൻ പുറപ്പെട്ടു മൂന്നുദിവസം സീതയോടുകൂടി പൎവ്വതത്തിൽ ഇരുന്നു. പിന്നെ സപ്തശൃംഗഗിരിയിൽ ചെന്ന് അഗസ്ത്യാശ്രമത്തിലും പോയതിന്നുശേഷം സുതീക്ഷ്ണമഹൎഷിയുടെ ആശ്രമത്തിലേക്കു എഴുന്നള്ളി. അവിടെനിന്നു പോയി ചൈലപുരത്തു ചെന്നു ഘൃഷ്ണേശ്വരനെ നമസ്കരിച്ചു ശിവതീൎത്ഥത്തിൽ സ്നാനംചെയ്തു മനോഹരമായ ദേവഗിരിയേയും ദൎശിച്ചു വിരജാക്ഷേത്രത്തിങ്കൽ ചെന്നുചേൎന്നു. പിന്നെ മാതാപുരസ്ഥയായ ദേവിയെ വന്ദിച്ചു പല സ്ഥലങ്ങളേയും ദൎശിച്ച് ദേവപാടത്തിൽ ചെന്നുനരസിംഹമൂൎത്തിയേയും നമസ്കരിച്ചു രാമൻ സീതയോടും ബന്ധുജനങ്ങളോടുംകൂടി പയോഷ്ണി നദിയിലും, തപതിനദിയുടെ ഉത്ഭവസ്ഥാനത്തും സ്നാനംചെയ്തു. പിന്നെ തൻെറ പേരിൽ പ്രസിദ്ധമായ രാമഗിരി എന്ന പൎവ്വതത്തെ ഗമിക്കുകയും, രേവാനദിയിൽ സ്നാനംചെയ്ത് ഓങ്കാരപൂജയേ ചെയ്കയും ചെയ്തു. അവിടെനിന്നു പടിഞ്ഞാട്ട് അഭിമുഖമായി പല പുണ്യസ്ഥലങ്ങളെ കണ്ടുംകൊണ്ടു യാത്രചെയ്തു. തപതീനദിയുടേയും നൎമ്മദാനദിയുടേയും സംഗമസ്ഥാനങ്ങളിലും മഹീനദി ജലത്തിലും സ്നാനംചെയ്തു പ്രഭാസതീൎത്ഥത്തിങ്കലേക്കു പോയി. പിന്നെ സരസ്വതി നദിയുടെ അഞ്ചു സംഗമസ്ഥാനങ്ങളിലും സ്നാനംചെയ്തു സൌരാഷ്ട്രത്തിങ്കലുള്ള സോമനാഥസ്വാമിയേ വന്ദിച്ചു സംഭ്രമതി എന്ന നദിയേയും നാനാ പുണ്യസ്ഥലങ്ങളേയും കണ്ടു ഗംഗാദ്വാരത്തിലേക്കു പോയി. പിന്നെ ഗോമതി നദിയിൽ സ്നാനംചെയ്തു ദ്വാരാവതി എന്ന പുരിയിൽ പ്രവേശിച്ചു. ഈ പുരി അനാദിസിദ്ധയും ഏഴു പുരികളിൽവെച്ചു പ്രസിദ്ധവും ആകുന്നു. അവിടെ തീൎത്ഥസ്നാ

നവും ദാനങ്ങളും ചെയ്തതിന്നുശേഷം ശ്രീരാമൻ പല പുണ്യതീൎത്ഥങ്ങളേയും പുണ്യസ്ഥലങ്ങളേയും ദൎശിച്ചും പടിഞ്ഞാറേദിക്കുകാരായ രാജാക്കന്മാരാൽ ബഹുമാനിച്ചു പൂജിക്കപ്പെട്ടും അവരിൽനിന്നു കിട്ടിയ കരത്തെ സ്വീകരിച്ചും അവരേയുംകൂടെ കൂട്ടിയും സരസ്വതീ നദിയുടെ തീരത്തുകൂടെ എഴുന്നള്ളി. പുഷ്പകവിമാനത്തിൽ ഇരുന്നു പുണ്യസ്ഥലങ്ങളെകണ്ടും കൌതുകകരങ്ങളായ കാഴ്ചകളെ സീതയ്ക്കു കാണിച്ചുകൊടുത്തും ആണ യാത്ര ചെയ്തത്. അങ്ങിനെ പോയി പുഷ്കരതീൎത്ഥത്തിൽ ചെന്നു ചേൎന്നു.

ശ്രീരാമന്റെ തീൎത്ഥയാത്രയിൽ പലേ ദിക്കുകളിൽനിന്നും രാജാക്കന്മാർ എഴുന്നള്ളത്ത് ഒന്നിച്ചുകൂടിയിരുന്നു. ദിവസം തോറും വിമാനത്തിൽവെച്ചു അനേകകോടി ബ്രാഹ്മണരെ ദിവ്യാഭരണങ്ങളെക്കൊണ്ടും പായസാദികളെക്കൊണ്ടും ഊട്ടുകയും ചെയ്തിരുന്നു. വിമാനത്തിൽ ആദ്യംതന്നെ അയോദ്ധ്യാവാസികളായ ജനങ്ങൾ ഉണ്ടായിരുന്നു. പിന്നെ കിഴക്കും തെക്കും പടിഞ്ഞാറും ദിക്കുകളിൽനിന്ന് അവിടങ്ങളിലെ രാജാക്കന്മാരും പരിവാരങ്ങളുംകൂടി ചേരുകയും ചെയ്തു. അവരെ എല്ലാവരേയും ശ്രീരാമൻ അതിഥികളെ എന്നപോലെ വസ്ത്രാഭരണാദികളെക്കൊണ്ടു പൂജിച്ചു ബഹുമാനിച്ചു സുഖമാകുംവണ്ണം കൊണ്ടുപോയി.✗ പുഷ്പകവിമാനത്തിൽ ആരുംതന്നെ അന്നം പാകംചെയ്യേണ്ടിവന്നില്ല. വിറകും പുല്ലും വെള്ളവും ഒന്നും ആൎക്കും അന്വേഷിക്കേണ്ടിവന്നില്ല. വിശപ്പ് എന്നത് എങ്ങിനെയാണെന്ന് അറിവാനുള്ള ചിന്തയല്ലാതെ മററുള്ള ചിന്തയൊന്നും ആൎക്കും ഉണ്ടായില്ല. ഭക്ഷണം ഏറിയതിന്നു വൈദ്യൻ മരുന്നു തരേണമെന്നുള്ള ആഗ്രഹമല്ലാതെ മററുമോഹങ്ങളും ആളുകൾക്ക് ഉണ്ടായില്ല. ദാരിദ്ര്യം എന്നതു നിരന്തരമുള്ള വാദ്യഘോഷങ്ങളെക്കൊണ്ടു നിദ്രയ്ക്കു മാത്രമാണ് ഉണ്ടായത്. ത്രാസം (ഭയം ഞെട്ടൽ) എന്നതു വിമാനത്തിൽ പാട്ടുപാടുകയും കണ്ണു വെട്ടുകയും കളിക്കുകയും ചെയ്യുന്ന വാരസ്ത്രീകൾക്കു മാത്രമേ ഉണ്ടായുള്ളു. ✗ രത്നപ്രഭകളെക്കൊണ്ടു വിമാനസ്ഥന്മാൎക്കു

രാവും പകലും തിരിച്ചറിവാൻ വയ്യായിരുന്നു. ഇങ്ങിനെ സകലസുഖ സൌകൎയ്യങ്ങളോടുകൂടിയ പുഷ്പകവിമാനം ചിലപ്പോൾ പകൽമാത്രവും, ചിലപ്പോൾ രാത്രിയിൽ കൂടിയും ഓടിക്കൊണ്ടിരുന്നു.

ഹേ ശിഷ്യാ! ഇതിനിടയിൽ പുഷ്കരസ്ഥിതങ്ങളായ ജനങ്ങളാൽ മനോഹരവും കൎണ്ണാനന്ദകരവുമായ ഒരു വലിയനാദം കേൾക്കപ്പെട്ടു. അതു വാരസ്ത്രീകളുടെ തളകളിൽനിന്നും വളകളിൽനിന്നും കൈകൊട്ടുകളിൽനിന്നും, പാട്ടുകളിൽനിന്നും മൃദംഗം, പണവം മുതലായ വാദ്യങ്ങളിൽ നിന്നും ഉണ്ടായതോ നവവാദ്യങ്ങളുടേയും ഘടീയന്ത്രങ്ങളുടേയും വാഹനങ്ങളുടെ മേലുള്ള മണികളുടേയും കിങ്ങിണികളുടേയും ചലനത്തിലും കൊടിക്കൂറകളുടെ ആട്ടത്തിലും പുറപ്പെട്ടതോ, വാരസ്ത്രീകളുടെ അരയിൽ അണിഞ്ഞ കിങ്ങിണികളിൽനിന്ന് ഉത്ഭവിച്ചതോ, ആന കുതിരകളുടേയും ആയുധങ്ങളുടേയും ഒട്ടകം, മയൂരം മക്കടം എന്നിവയുടേയും എടയിൽനിന്നു പുറപ്പെട്ടതോ, വീരന്മാരുടെ വീരവാദങ്ങളിൽനിന്നും, വേദഘോഷങ്ങളിൽനിന്നും ശിഷ്യന്മാരുടെ പാഠങ്ങളിൽനിന്നും ഉല്പന്നമായതോ നടന്മാർ, നൎത്തകന്മാർ, വന്ദികൾ, സ്തുതിപാഠകന്മാർ തുടങ്ങിയവരിൽനിന്ന ഉണ്ടായതോ, പശുക്കളുടേയും ആടുകളുടേയും എരുമകളേയും കറക്കുമ്പോഴുണ്ടായതോ, തയിർ കലക്കുമ്പോഴുണ്ടായതോ, കുട്ടികൾ കരയുമ്പോഴുണ്ടായതോ കുട്ടികളെ കിടത്തുന്ന തൊട്ടിലുകളുടെ ചങ്ങലകളിൽനിന്ന് ഉണ്ടായതോ, നാനാവാദ്യങ്ങളിൽനിന്നു പുറപ്പെട്ടതോ, അരി ആട്ടുമ്പോൾ ഉണ്ടായതോ നെയ്കൊണ്ടു പക്വാന്നങ്ങളിലും വ്യഞ്ജനങ്ങളിലും വറത്തിടുമ്പോൾ ഉണ്ടായതോ, നാരദാദികളായ മഹാമുനിമാരുടെ കൈകളിലുള്ള വീണാദികളിൽനിന്നു പുറപ്പെട്ടതോ പുരാണപ്രവചനംകൊണ്ടും ഹരിനാമകീൎത്തനംകൊണ്ടും രാമസഹസ്രനാമസ്തോത്രപാഠംകൊണ്ടും ഉണ്ടായതോ, സ്ത്രീകളുടെ സമ്മേളനത്തിൽനിന്നു പുറപ്പെട്ടതോ പാദപ്രക്ഷാളനം മുതലായ പ്രവൃത്തികൾ ചെയ്യുമ്പോൾ ഉണ്ടായതോ ആയ ശബ്ദങ്ങളായിരുന്നു.

ഇപ്രകാരം നാനാവിധമായ ധ്വനിയെ കേട്ടിട്ടു പുഷ്കരസ്ഥന്മാരായ ജനങ്ങൾ അതെന്താണെന്നറിയാതെ പരിഭ്രമിച്ച് ആ ധ്വനി വരുന്നതായ പടിഞ്ഞാറെ ദിക്കിലേക്കു പശ്യന്മാരായി നോക്കിക്കൊണ്ടിരുന്നു. നന്ദികേശ്വരന്റെ ഘണ്ടാരവുമാണു കേൾക്കുന്നതെന്നു ചിലർ പറഞ്ഞു. ദേവേന്ദ്രൻ വിമാനാരൂഢനായി സ്വർഗ്ഗത്തിലേക്കു പോകയാണെന്നു മറ്റു ചിലർ പറഞ്ഞു. ചിലർ രംഭമുതലായ അപ്സരസ്ത്രീകൾ ആകാശത്തൂടെ വരുന്ന കോലാഹലമാണെന്ന് അഭിപ്രായപ്പെട്ടു. ചിലർ ഇടിമുഴക്കമാണെന്നും ചിലർ ഐരാവതത്തിന്റെ ശബ്ദമാണെന്നും പറഞ്ഞു. ചിലർ പ്രളയമല്ലാത്ത കാലത്തുകൂടിയും സമുദ്രം കരകവിഞ്ഞു വരികയാണെന്നു പറഞ്ഞു. ചിലർ വായുപുത്രനായ ഹനുമാന്റെ ശബ്ദമാണെന്നും ചിലർ ഗരുഡന്റെ ശബ്ദമാണെന്നും സംശയിച്ചു. ചിലർ സംഗീതവിശേഷന്മാരായ ഗന്ധർവ്വന്മാർ വിമാനാരൂഢന്മാരായിപ്പോകുമ്പോൾ പാടുന്ന പാട്ടാണെന്നും ചിലർ നാഗകന്യമാരുടെ ഗീതധ്വനിയാണെന്നും തർക്കിച്ചു. ഇങ്ങിനെ പലവിധത്തിലും സംശയിച്ചുപറയുന്നതിന്നിടയിൽ മഹത്തായ പുഷ്പകവിമാനം വരുന്നതു കാണുമാറായി. രാമൻ എഴുന്നള്ളിയതായി അറിഞ്ഞു വലുതായ സന്തോഷത്തോടും ഭക്തിയോടുംകൂടി പല കാഴ്ചദ്രവ്യങ്ങളേയും എടുത്തുംകൊണ്ടുചെന്നു പുഷ്കരവാസികൾ അദ്ദേഹത്തെ എതിരേറ്റു പൂജിച്ചു. ശ്രീരാമനാൽ സബഹുമാനം ആദരിക്കപ്പെട്ടപ്പോൾ പുഷ്കരവാസികൾ ജന്മസാഫല്യം വന്നതായി വിചാരിച്ചു. ശ്രീരാമൻ വിമാനത്തിൽനിന്ന് എറങ്ങി പുഷ്കരവാസികളായ ബ്രാഹ്മണരെ വന്ദിച്ചു പൂജിക്കുകയും ആ തീൎത്ഥസേവകന്മാരോടുകൂടി പുഷ്കരതീൎത്ഥത്തിലേക്കു പോകയുംചെയ്തു. അവിടെ വിധിപ്രകാരം സചേലസ്നാനവും തീൎത്ഥശ്രാദ്ധവും കാശിയിൽചെയ്യുതിനേക്കാൾ കോടി അധികമായ ദാനങ്ങളും ചെയ്തു. ധനം, ആഭരണം, വസ്ത്രം മുതലായവയെക്കൊണ്ടു ബ്രാഹ്മണരെ പ്രീതിപ്പെടുത്തിയതിന്നുശേഷം അവരുടെ അനുവാദത്തോടുകൂടി വിമാനത്തിൽ കയറി ശ്രീരാമൻ പുഷ്കരതീൎത്ഥ

ത്തിൽ നിന്നുപോയി. ഇങ്ങിനെയാണു രാമന്റെ പശ്ചിമദേശയാത്ര ഉണ്ടായത്.

ഇങ്ങിനെ ആനന്ദരാമായണത്തിൽ യാത്രാകാണ്ഡത്തിൽ
പശ്ചിമയാത്രാവർണ്ണനം എന്ന എട്ടാംസർഗ്ഗം സമാപ്തം.

# ഒമ്പതാം സർഗ്ഗം.

ശ്രീരാമദാസൻ പറഞ്ഞു.

പശ്ചിമയാത്ര കഴിഞ്ഞതിന്നുശേഷം പല സ്ഥലങ്ങളേയും കണ്ടുംകൊണ്ടു വടക്കൻദിക്കിലേയ്ക്കു തിരിച്ച് ആദ്യം പർവ്വതതീർത്ഥത്തേയും പിന്നെ ജ്വാലാമുഖിയേയും ഗമിച്ചു. പിന്നേയും പല സ്ഥലങ്ങളിലും പോയി. ശ്രീമൽകർണ്ണികാ നദികടന്നു കരതോയാനദിയുടെ തീരത്തിങ്കൽ തീർത്ഥസ്നാനവുംചെയ്തു താമസിച്ചു. അവിടുന്ന് അങ്ങോട്ടു വടക്കോട്ടു പോകുന്നതു ദോഷകരമാണെന്നു കേട്ടിട്ടുള്ളതുകൊണ്ടു ശ്രീരാമൻ പിന്തിരിക്കുകയാണു ഉണ്ടായത്. കർണ്ണനാശാനദിയേ സ്പർശിക്കുകയും കരതോയാനദിയെ കടക്കുകയും ഗണ്ഡകീനദിയുടെ കൈവഴി കടക്കുകയും ചെയ്യുന്നതായാൽ ധർമ്മലോപം വരുമെന്നാണ് അഭിജ്ഞവചനം. ആകയാൽ ദേവപ്രയാഗത്തുപോയി അളകനന്ദാനദിയുടെ തീരത്തുടെ ബദരികാശ്രമത്തിൽചെന്നു ദർശനമാത്രത്താൽ മനുഷ്യർക്കു മുക്തിയെ കൊടുക്കുന്ന നരനാരായണന്മാരേയും കേദാരനാഥസ്വാമിയേയും നമസ്കരിക്കുകയും പിന്നെ ദേവഗന്ധർവ്വസേവിതമായ ഹിമവാൻപർവ്വതത്തിലുള്ള മഹാപഥം എന്ന സ്ഥലത്തെ പ്രാപിച്ചു മാനസസരോവരത്തിലേയ്ക്കു എഴുന്നള്ളി. ഈ മാനസസരസ്സിൽനിന്നാണു ഗംഗാനദിയും സരയൂനദിയും ഉത്ഭവിച്ചിട്ടുള്ളത്. ആ സരസ്സിൽ സ്വർണ്ണമയങ്ങളായ താമരപ്പൂക്കളും ചുവന്ന കണ്ണും കാലും മുഖവും മുത്തുമണികളെ ഭക്ഷിക്കുന്നതിൽ താല്പര്യവുമുള്ള അരയന്നങ്ങളും താമസിക്കുന്നു. ഈ മാനസസരസ്സിന്റെ സമീപത്തു വിചിത്രശോഭയോടുകൂടിയ ഭൂമിയിങ്കൽ ദേവഗന്ധർവ്വകിന്നരന്മാർ അപ്സരസ്ത്രീകളോടുംകൂടി

അഹോരാത്രം ക്രീഡിക്കുന്നു. ഇങ്ങിനെയുള്ള മാനസസരസ്സിൽ സ്നാനംചെയ്തതിന്നുശേഷം ശ്രീരാമൻ ബിന്ദുസരസ്സിൽ പോയി ട്ടും സ്നാനംചെയ്കയും നാനാദാനങ്ങളെ ചെയ്കയും ചെയ്തു. പി ന്നെ ഹിമവാങ്കലുള്ള ദിവ്യമായ ബ്രഹ്മസഭയെ സന്ദശിച്ചു. അ തു മഹാമേരുവിങ്കലുള്ള ബ്രഹ്മസഭയോടു തുല്യമായിരുന്നു. ശ്രീ രാമൻ സീതയോടും മറെറല്ലാവരോടുംകൂടി പുഷ്പകത്തിൽനി ന്ന് എറങ്ങി ബ്രഹ്മസഭയിൽ ചെന്നപ്പോൾ ബ്രഹ്മാവു ദേവേ ന്ദ്രൻ മുതലായവരോടുകൂടി അദ്ദേഹത്തെ നമസ്കരിക്കുകയും ശ്രീ രാമൻ ബ്രഹ്മാവിനെ ആലിംഗനംചെയ്തിട്ടു ബ്രഹ്മാവ് ഉൾപ്പ ടെയുള്ള എല്ലാ ദേവന്മാരേയും പൂജിക്കുകയും ചെയ്തു. ബ്രഹ്മാവു ശ്രീരാമനെ വിധിപോലെ പൂജിച്ചിട്ടു കാമധേനുവിനെ അദ്ദേ ഹത്തിന്നു സമപ്പിച്ചു. രാമൻ കാമധേനുവിനെ വിമാനത്തിൽ കയററി ബ്രഹ്മാദികളായ ദേവന്മാരോടുംകൂടി കൈലാസത്തേ ക്കു പോയി. കൈലാസത്തിൽ ശ്രീരാമൻ വന്നതായി അറി ഞ്ഞിട്ടു ഗിരിജാപതിയായ ശിവൻ ശ്രീപാൎവ്വതിയോടുംകൂടി വൃ ഷാരൂഢനായിച്ചെന്ന് അദ്ദേഹത്തെ എതിരേററു. അപ്പോൾ ശ്രീരാമൻ വിമാനത്തിൽനിന്ന് എറങ്ങി ശിവനെ നമസ്കരിക്ക യും ശിവൻ അദ്ദേഹത്തെ ആലിംഗനംചെയ്കയും ചെയ്തു. അ തിന്നിടയിൽ ശ്രീപാൎവ്വതി സീതയെ ആലിംഗനംചെയ്കയും ദിവ്യാലങ്കാരങ്ങൾ, ദിവ്യചന്ദനം, കോടിസൂൎയ്യപ്രകാശത്തോ ടുകൂടിയ ദിവ്യവസ്ത്രങ്ങൾ മുതലായവ സമ്മാനിച്ചു സല്ക്കരിക്കു കയും ചെയ്തു. ദിവ്യങ്ങളായ കൎണ്ണാഭരണങ്ങൾ, കാൽത്തള കൾ, മോതിരങ്ങൾ, ചൂഡാമണികൾ, കിങ്കിണി കിലുങ്ങു ന്ന അരഞ്ഞാണം, ചന്ദ്രസൂൎയ്യാകൃതികളായ സീമന്തഭൂഷണ ങ്ങൾ, മുത്തുമണികളെക്കൊണ്ടു ചിത്രിതങ്ങളായ ഹാരങ്ങൾ എ ന്നിവയെ ശ്രീപാൎവ്വതി ജാനകീദേവിക്കു നൽകുക ഉണ്ടായി.

അനന്തരം പരമശിവൻ നാനാവിഭവങ്ങളോടുകൂടി രാമ നെ പൂജിച്ചിട്ട് ഇങ്ങിനെ പറഞ്ഞു. ഹേ രാമ! അങ്ങയുടെ നാഭികമലത്തിൽനിന്നാണ ചതുൎമ്മുഖനായ ഈ ബ്രഹ്മാവ് ഉ ണ്ടായത്. ബ്രഹ്മാവിങ്കൽനിന്നു ഞാനും ഉണ്ടായി. ജനനസമ

യത്നു രോദനം ചെയ്യുതുകൊണ്ട് എനിക്കു രുദ്രൻ എന്നു പേരു ണ്ടായി. ഹേ രാഘവാ അങ്ങയുടെ ആജ്ഞ നടത്തേണ്ടവനാ യ ഞാൻ അങ്ങേക്കു പൌത്രനാകുന്നു. അങ്ങയുടെ ആജ്ഞപ്രകാ രം പ്രളയകാലത്തു ഞാൻ പ്രപഞ്ചത്തെ സംഹരിക്കുന്നു. എ ന്നേക്കൊണ്ടു പ്രപഞ്ചത്തെ മുഴുവൻ സംഹരിപ്പിക്കുമ്പോൾ അ ങ്ങേക്കുണ്ടാവുന്ന പാപം എവിടെ പോകുന്നു. അങ്ങിപ്പോൾ ദശാസ്യനെ വധിച്ചതുനിമിത്തം താപഭീതനായിട്ട് ഇങ്ങിനേ തീൎത്ഥയാത്രയെ ചെയ്യുന്നുവല്ലൊ. ഹേ രാജേന്ദ്രാ! ഇത് അങ്ങ യുടെ ഒരു കളിയാണ്. അങ്ങു സീതയോടുകൂടി യഥാസുഖം ക്രീഡിച്ചാലും. അങ്ങു ചെയ്യുന്ന ഈ പ്രവൃത്തി എല്ലാം മഹാ ജനങ്ങൾക്ക് ഉപദേശത്തിനായിട്ടാണെന്ന് എനിക്ക് അറിവു ണ്ട്. ഇങ്ങിനേ നാനാപ്രകാരത്തിൽ ശ്രീരാമനേ സ്തുതിച്ചിട്ടു ശിവൻ അദ്ദേഹത്തിന്നു സിംഹാസനം, ഛത്രം, ചാമരങ്ങൾ, മ ഞ്ചം, സ്വൎണ്ണംകൊണ്ടുള്ള പാനപാത്രം, ഭോജനപാത്രം, കങ്ക ണങ്ങൾ, കുണ്ഡലങ്ങൾ, ബാഹുഭൂഷണങ്ങൾ എന്നിവയെ സ മ്മാനിക്കുകയും സൎവ്വാഭീഷ്ടദായകമായ ചിന്താമണിയേ അദ്ദേഹ ത്തിൻെറ മാറിൽ അണിയിക്കുകയും ചെയ്തു യാത്രയാക്കി. രാമ ൻെറ മാറിൽ ചിന്താമണിയെ കണ്ടിട്ടു സീത ലജ്ജയോടുകൂടി ഇവിടേക്കു ചിന്താമണിയുള്ള സ്ഥിതിക്കു കാമധേനുവിനെ എ നിക്കു തരണം എന്നപേക്ഷിച്ചു. ശ്രീരാമൻ അങ്ങിനെ ചെ യ്യാമെന്നു സമ്മതിച്ചു ശിവനെ നമസ്കരിച്ചു യാത്ര പുറപ്പെട്ടു. പോകുമ്പോൾ യാഗത്തിൻെറ കാൎയ്യം സൂചിപ്പിക്കുകയും ഉ ണ്ടായി. ഒരു മാസംകൊണ്ടു ചെയ്യാനുള്ള യാഗത്തിൻെറ കാൎയ്യം ബ്രഹ്മാവിനോടും പറക ഉണ്ടായി. പിന്നേ രാമൻ ഭാഗീരഥീതീ രത്തൂടേ ഹരിദ്വാരത്തിലേക്കു പോയി. അവിടെനിന്നു കുരുക്ഷേ ത്രത്തിലേക്കും കുരുക്ഷേത്രത്തിൽനിന്ന് ഇന്ദ്രപ്രസ്ഥത്തിലേക്കും പോയി. പിന്നേ മനോഹരമായ മധുവനത്തെ സന്ദശിച്ചു വൃ ന്ദാവനത്തിലേക്കു പോയി. അനന്തരം ഗോകുലത്തെ സന്ദശി ക്കുകയും അവിടെനിന്നു ഗോവൎദ്ധനത്തേക്കു പോകയും ചെയ്തു. പിന്നെ ക്ഷിപ്രാനദിയുടെ തീരത്തിൽ ശോഭിക്കുന്ന പുണ്യമായ

അവന്തിപുരിയിൽ പോകയും മഹാകാളക്ഷേത്രത്തിലെ ശിവനെ വന്ദിക്കുകയും ചെയ്തു. പിന്നീടു പല തീർത്ഥങ്ങളേയും വിശേഷിച്ചു ഗജക്ഷേത്രം, സാഗരകൂപം എന്നിവയേയും സന്ദർശിച്ചു നൈമിശാരണ്യത്തിങ്കൽ പോയി ഗോമതീനദിയിൽ സ്നാനം ചെയ്കയും പൌരാണികനായ സൂതനെ കാണുകയും ഗൌതകാദികളായ മുനികളെ പൂജിക്കുകയും ബ്രഹ്മവൈവർത്തസരസ്സിൽ കുളിക്കുകയും ചെയ്തു. ഇതോടുകൂടി ശ്രീരാമൻ ദൂരയാത്ര മതിയാക്കി തമസാനദിയെ കടന്നുചെന്നു സ്വന്തമായ അയോദ്ധ്യാനഗരിയെ സന്ദർശിച്ചു. ശ്രീരാമൻ എഴുന്നെള്ളിയതായി അറിഞ്ഞു സുമന്ത്രൻ ധൃതിപ്പെട്ടു ഉന്നതങ്ങളായ കൊടിമരങ്ങളും തോരണങ്ങളും കൊടിക്കൂറകളും നാട്ടുകയും മനോഹരങ്ങളായ പുഷ്പമാലകൾ തൂക്കുകയും ചെയ്തു. അയോദ്ധ്യാനഗരം അലങ്കരിച്ചു രാജമാർഗ്ഗങ്ങൾ അടിച്ചു വെടുപ്പാക്കി ചന്ദനവെള്ളം കൊണ്ടു തളിച്ചു ദിവ്യപുഷ്പങ്ങൾ വിരിച്ചു ബലിദീപങ്ങളെക്കൊണ്ടു ശോഭിപ്പിച്ചു. പിന്നെ കൊമ്പനാനയെ മുമ്പിൽ നടത്തി സൈന്യങ്ങളാൽ പരിവൃതനായിട്ടു സുമന്ത്രൻ രാജാധിരാജനായ രാമചന്ദ്രനെ പുഷ്പകത്തിൽനിന്ന് എറങ്ങുന്നതിന്നു മുമ്പുതന്നെ എതിരേററ ദണ്ഡനമസ്കാരം ചെയ്തു കാഴ്ചവെച്ചു വണങ്ങി! രാമൻ സുമന്ത്രനെ ആലിംഗനം ചെയ്തപ്പോൾ ആ വൃദ്ധസചിവൻ കൃതാർത്ഥതയെ പ്രാപിച്ചു. പിന്നെ വാദ്യഘോഷങ്ങളോടും വാരസ്ത്രീകളുടെ നർത്തനങ്ങളോടും ബ്രാഹ്മണരുടെ വേദധ്വനികളോടുംകൂടി രാമൻ പശ്ചിമരാമതീർത്ഥത്തിലേയ്ക്കു ചെന്നു. ഈ തീർത്ഥം രാമൻ തന്നെ തനിക്കു നിത്യകർമ്മം ചെയ്വാനായിട്ടു സരയൂജലത്തിൽ പണ്ടു നിർമ്മിച്ചതാകുന്നു. അതിൽ സ്നാനംചെയ്താൽ വസിഷ്ഠൻെറ വിധിയനുസരിച്ച് ഒരു ദിവസം ഉപവാസം ചെയ്തു. പിറേറദിവസം ദധിശ്രാദ്ധം കഴിക്കുകയും അനേകദാനങ്ങളെ ചെയ്കയും ചെയ്തു. മൂന്നാംദിവസം ശ്രീരാമൻ പുഷ്പകവിമാനത്തിൽ കയറി ആകാശത്തിൽകൂടെ ചുററി സ്വർണ്ണംകൊണ്ടും രത്നംകൊണ്ടും നിർമ്മിതങ്ങളായ മതിൽക്കെട്ടുകളെ കടന്നു ഗോപുരങ്ങളെകൊണ്ടും അട്ടാലകങ്ങളെ

കൊണ്ടും അലംകൃതവും രാജവീഥികളോടും തെരുവുകളോടും കൂടിയതും കൂട്ടവഴികളെകൊണ്ടു ശോഭിക്കുന്നതും ആയ അയോദ്ധ്യാനഗരിയെ സന്ദൎശിച്ചതന്റെ രാജസഭാദ്വാരത്തിൽ ചെന്നു. അവിടെ വിമാനം ഭൂമിയിലേക്കു് എറക്കി സഭയിൽ എഴുന്നെള്ളി ഇരിക്കുകയും ചെയ്തു. അനന്തരം സുമന്ത്രന്റെ പത്നിമാർ തയിർചോറുകൊണ്ടു് ഉണ്ടാക്കിയ ബലികളെ ഓട്ടുപാത്രങ്ങളിൽ നിവേദിച്ചു എണ്ണയും വെള്ളവും നിറച്ച കുടങ്ങളെകൊണ്ടു സീതയുടേയും ശ്രീരാമന്റേയും ദേഹത്തിൽനിന്നു് ഉഴിഞ്ഞുകളഞ്ഞു കളിച്ചു രാമഗൃഹത്തിലേക്കു പോയി. ശ്രീരാമൻ വിമാനത്തിൽനിന്നു എറങ്ങി ബന്ധുക്കളോടും നഗരവാസികളോടും രാജാക്കന്മാരോടുംകൂടി ആസ്ഥാനസഭയിൽ ചെന്നു ചിന്താമണിരത്നത്തെ അണിഞ്ഞുംകൊണ്ടു സിംഹാസനത്തിൽ എഴുന്നള്ളി ഇരിക്കുകയുംചെയ്തു. രാമനാൽ സവിശേഷം മാനിക്കപ്പെട്ടവരായ രാജാക്കന്മാരും സഭയിൽ ഇരുന്നു. സീതയാകട്ടെ കാമധേനുവിനെ മുമ്പിൽ നടത്തികൊണ്ടു് അതിസന്തോഷത്തോടുകൂടി വിചിത്രരത്നനിൎമ്മിതമായ തന്റെ ഗൃഹത്തിലേക്കു പോയി. പിന്നെ രാമൻ കാമധേനുവിൽനിന്നുണ്ടായവയും നെയ്യു ചേൎത്തു പാകംചെയ്യപ്പെട്ടവയും ഷഡ്രസങ്ങളോടു ചേൎന്നവയുമായ പരമാന്നങ്ങളെകൊണ്ടു ബ്രാഹ്മണരെ ഊട്ടുകയും ചണ്ഡാലപൎയ്യന്തമുള്ള സകല ജനങ്ങളേയും അന്നദാനങ്ങളെകൊണ്ടു തൃപ്തിപ്പെടുത്തുകയും ചെയ്തിട്ടു് താനും ഭോജനം കഴിച്ചു. രാജാക്കന്മാൎക്കെല്ലാം നിദ്രചെയ്വാൻ വിമാനത്തിൽതന്നെ സ്ഥലം എൎപ്പാടുചെയ്തുകൊടുത്തു. രാജാക്കന്മാരെ എല്ലാം അഞ്ചുദിവസം തന്റെ അതിഥികളായി താമസിപ്പിച്ചതിന്നുശേഷം വസ്ത്രങ്ങളേയും ആഭരണങ്ങളേയും അശ്വങ്ങളേയും സമ്മാനിച്ചു യാത്രയാക്കി. യാത്രാവസരത്തിൽ അഞ്ജലിബന്ധംചെയ്തു നില്ക്കുന്ന രാജാക്കന്മാരോടു ശ്രീരാമൻ 'താമസിയാതെ അശ്വമേധയാഗം ഉണ്ടാവും. അതിൽ യജ്ഞാംഗമായ അശ്വം വന്നതായി കണ്ടാൽ അതിന്റെ പിന്നാലെതന്നെ നിങ്ങൾ പരിവാരങ്ങളോടും സൈന്യങ്ങളോ

ട്ടും പുരവാസികളോടുംകൂടി ഇങ്ങോട്ടു വരണം' എന്നു കല്പിച്ചു അ കല്പനയെ ശിരസാവഹിച്ചുകൊണ്ടു രാജാക്കന്മാർ സൈന്യസമേതം സ്വദേശങ്ങളിലേയ്ക്കു മടങ്ങിപ്പോയി. സുഗ്രീവൻ മുതലായവരെയും പരിവാരങ്ങളേയും അശ്വമേധയാഗം കഴിഞ്ഞിട്ടു പറഞ്ഞയയ്ക്കുള്ളു എന്നു നിശ്ചയിച്ച് അവരെ എല്ലാം പ്രത്യേകം ഗൃഹങ്ങളിൽ പാർപ്പിക്കുകയും ചെയ്തു. പിന്നെ താഴെ പറയുന്ന വിളംബരം പെരുമ്പറകൊട്ടി നാട്ടിലൊക്കയും അറിയിച്ചു.

"ഇന്നുമുതല്ക്ക് അയോദ്ധ്യാനഗരത്തിൽ താമസിക്കുന്ന സർവ്വജനങ്ങളും വിശേഷിച്ചു വഴിയാത്രക്കാരും രാജധാനിയിൽതന്നെ ഭക്ഷണം കഴിക്കേണ്ടതാണ്. ഞാൻ സീതയോടുകൂടി ഭൂമിയിൽ വസിക്കുന്നേടത്തോളംകാലം അങ്ങിനെ ചെയ്യണം. എന്നാൽ സ്വസ്വഗൃഹങ്ങളിൽ ഗൃഹസ്ഥവൃത്തിയോടുകൂടി ഇരിക്കുന്നവർ അവിടെതന്നെ ഭോജനം കഴിക്കുന്നതിന്നു വിരോധവുമില്ല. നമുക്കു നിർബ്ബന്ധമുണ്ടായിട്ടല്ലാ. എല്ലാവരും സുഖമായിരിക്കേണമെന്നേ ഉദ്ദേശമുള്ളു."

ഇങ്ങിനെ കല്പിച്ചിട്ടു ശ്രീരാമൻ സീതയോടുകൂടി സുഖമായി സ്ഥിതിചെയ്തു. അന്ന് അയോദ്ധ്യയിൽ ഗൃഹങ്ങൾതോറും വേദഘോഷം മുഴങ്ങികൊണ്ടിരുന്നു. മംഗളകർമ്മങ്ങൾ ഇല്ലാത്ത ദിവസമില്ല. എങ്ങും ഉത്സാഹം നിറഞ്ഞു. വാരസ്ത്രീകളുടെ ആട്ടവും പുരാണപഠനവും ഹരിനാമകീർത്തനവും മറവുമായി അയോദ്ധ്യാനഗരി മുഴുവൻ സന്തോഷമയമായി ഭവിച്ചു.

ഹേ ശിഷ്യാ! ഇപ്രകാരം ഉത്തമോത്തമമായ യാത്രാകാണ്ഡത്തെ ഞാൻ പറഞ്ഞുതന്നു. ഇതിനെ ഭക്തിയോടുകൂടി കേൾക്കുന്നവർക്കു തീർത്ഥയാത്ര ചെയ്യാലുള്ള ഫലം ഭവിക്കും. തീർത്ഥയാത്രയ്ക്കു വേണ്ടിയ ധനം സമ്പാദിപ്പാൻ പുറപ്പെടുന്നവർ ഈ യാത്രാകാണ്ഡം വായിച്ചു പുറപ്പെട്ടുപോയാൽ സുഖമായി ഗൃഹത്തിൽ മടങ്ങിവരും. ബ്രഹ്മഹത്യാദികളായ മഹാപാപങ്ങൾ ചെയ്യുവരുംകൂടി ഒരിക്കൽ ഈ യാത്രാകാണ്ഡം വായിച്ചാൽ അവർക്കു മുക്തിവരും. സർവ്വതീർത്ഥങ്ങളിലും സ്നാനംചെ

യ്യാലുണ്ടാവുന്ന ഫലം ഈ യാത്രാകാണ്ഡം കേട്ടാൽതന്നെ ഉണ്ടാവും. യാത്രാകാണ്ഡത്തിന്റെ ശ്രവണാദികളെക്കൊണ്ടു ധനാൎത്ഥിയായവന്നു ധനം കിട്ടും. കാമിക്കു കാമങ്ങൾ കൈവരും. പാപി പെട്ടെന്നു ശുദ്ധിയേയും പ്രാപിക്കും. പ്രഭാതത്തിൽ എഴുന്നേററു ദേഹശുദ്ധിചെയ്തു സൎവ്വതീൎത്ഥപ്രതിപാദകമായ ഈ യാത്രാകാണ്ഡത്തെ പഠിക്കുന്നത് ആരോ അവന്റെ അഭിലാഷങ്ങൾ എല്ലാം ശ്രീരാമൻതന്നേ നിറവേററുകയും അവന്നു സൎവ്വതീൎത്ഥസ്നാനഫലം കിട്ടുകയും ചെയ്യും. എന്നുതന്നെയല്ലാ, മുജ്ജന്മങ്ങളിൽ വല്ല പാപങ്ങളും ചെയ്തിട്ടുണ്ടെങ്കിൽ അവയും കൂടി യാത്രാകാണ്ഡത്തിന്റെ ശ്രവണാദികളെക്കൊണ്ടു നശിച്ചുപോകും.

ഇങ്ങിനെ ശതകോടിരാമായണാന്തൎഗ്ഗതവും വാല്മീകികൃതവും ആയ
ആനന്ദരാമായണത്തിൽ യാത്രാകാണ്ഡത്തിൽ
ഒമ്പതാം സൎഗ്ഗം കഴിഞ്ഞു.

യാത്രാകാണ്ഡം സമാപ്തം.

[illegible]

ശ്രീഗണേശായനമഃ

# ആനന്ദരാമായണം.

## യാഗകാണ്ഡം.

### ഒന്നാംസർഗ്ഗം.

ശ്രീരാമദാസൻ പറയുന്നു.

തീൎത്ഥയാത്ര കഴിഞ്ഞതിന്നുശേഷം ഒരിക്കൽ ശ്രീരാമൻ സഭാമദ്ധ്യത്തിങ്കൽവെച്ചു ഗുരുവിനോടു പറഞ്ഞു. "ഹേ ഗുരോ! ഞാൻ കുംഭോദരമുനിയുടെ വചനപ്രകാരം തീൎത്ഥയാത്രയെ നിൎവ്വഹിച്ചുവല്ലോ. ഇനി അദ്ദേഹംപറഞ്ഞ മറെറാരു കാൎയ്യമായ അശ്വമേധയാഗത്തേയും ചെയ്യാനാഗ്രഹമുണ്ട്. അതിന്നു വേണ്ടുന്ന ഉപകരണങ്ങൾ എന്തെല്ലാമാണെന്നു ലക്ഷ്മണനോടു പറയണം. നല്ല മുഹൂൎത്തവും ലഗ്നവും നോക്കി നമ്മുടെ പ്രധാനപ്പെട്ട കുതിരയായ ശ്യാമകൎണ്ണനെതന്നേ ദിവ്യവസ്ത്രാദികളെക്കൊണ്ട് അലങ്കരിച്ചു ഭൂപ്രദക്ഷിണത്തിന്നായി വിടണം. അതിന്റെ പിന്നാലെ ശത്രുഘ്നൻ സുമന്ത്രസഹായനായിട്ടു പതിനായിരം സൈന്യങ്ങളോടുകൂടി പോകയും വേണം."

വസിഷ്ഠൻ യജ്ഞോപകരണങ്ങളെ പറയുന്നത്.

ഇങ്ങിനെ രാമൻ പറഞ്ഞതുകേട്ടു മുനിസത്തമനായ വസിഷ്ഠൻ ജ്യോതിഷക്കാരോടുകൂടി ആലോചിച്ച് അഭ്യുദയകരമായ നല്ല മുഹൂൎത്തം നോക്കി നിശ്ചയിച്ചു സഭാമദ്ധ്യത്തിങ്കൽ ശ്രീരാമസന്നിധിയിൽ വെച്ചു ലക്ഷ്മണനോടു പറഞ്ഞു. "ഹേ ലക്ഷ്മണാ! ഇന്നുമുതൽ വരുന്ന ഏഴാമത്തെ ദിവസം രാമന്ന് അശ്വമേധം ചെയ്യാനുള്ള യാഗദീക്ഷെക്കു നല്ല മുഹൂൎത്തമാണ്. രാമതീൎത്ഥത്തിന്റെ സമീപത്തു യജ്ഞംചെയ്യാനായിട്ടുള്ള ഭൂമി ഉ

ഴുതു വെടിപ്പാക്കിക്കണം. ഈ യജ്ഞഭൂമി വെടിപ്പാക്കുവാനുള്ള കരിമുതലായ ആയുധങ്ങൾ സ്വർണ്ണംകൊണ്ടുണ്ടാക്കിയവയും ദിവ്യങ്ങളുമായിരിക്കണം. ബ്രാഹ്മണരുടെ സാന്നിദ്ധ്യവും അപ്പോൾ ഉണ്ടായിരിക്കണം. കൂടാതെ അയോദ്ധ്യാനഗരത്തിൻെറ ബഹിർഭാഗത്തു പത്തുക്രോശത്തോളം വഴിചെത്തി കല്ലുകളഞ്ഞു ശരിപ്പെടുത്തുകയും, ചന്ദനജാതികളെക്കൊണ്ടു ലിപ്തമായിട്ടുള്ളതും, ശോഭനവും ആയ മണ്ഡപം പണിയിക്കുകയും വേണം. കദളീസ്തംഭങ്ങളെക്കൊണ്ട് അലംകൃതമായ മണ്ഡപത്തിൻെറ ചുററം ഞാവൽ, മാവു തുടങ്ങിയ മരങ്ങളുടെ കൊമ്പുകളും പൂക്കളും, തളിരുകളുംകൊണ്ടു വിചിത്രരീതിയിലുള്ള തോരണങ്ങൾ കെട്ടുകയും പുഷ്പഹാരങ്ങളും നാനാതരത്തിലുള്ള കായകളുംമററം തൂക്കുകയും വേണം. വേദികൾ (തറകൾ) അസംഖ്യമായും കുമ്മായവും കല്ലും ഇഷ്ടികയുംകൂട്ടി പടുത്തവയായും പണിയിക്കണം. എൻെറ സാന്നിദ്ധ്യത്തോടുകൂടി മൃണ്മയമായ ഒരു വലിയ കുണ്ഡവും ഉണ്ടാക്കണം. ആ കുണ്ഡത്തിൻെറ ഉപരിഭാഗത്തു കരിങ്ങാലികൊണ്ടു മനോഹരമായ ഒരു ഗോമുഖവും നിർമ്മിക്കണം. ഇതു വസുധാരയുടെ ആവശ്യത്തിന്നായിട്ടാണ്. ഇതിന്നു പുറമേ കുണ്ഡത്തിൻെറ നാലുപുറവും വെളുപ്പ്, ചുവപ്പ്, കറുപ്പ്, നീലം, മഞ്ഞ മുതലായ വർണ്ണങ്ങളോടുകൂടിയ സ്വസ്തികങ്ങളെ ധാതുക്കളുടെ കല്ലുകൾ പൊടിച്ച് പൊടികളും, ചായങ്ങളുംകൂട്ടി എഴുതുകയും വേണം. വിചിത്രങ്ങളായ താമരപ്പൂക്കളേയും അപ്രകാരംതന്നെ എട്ട് ഇതളുള്ള താമരപ്പൂക്കളേയും, എഴുതണം. ശംഖ്, ചക്രം, ഗദ, പത്മം എന്നിവയേയും വള്ളികളേയും അനേകം എഴുതണം. യജ്ഞഭൂമിയുടെ ചുററം പുഷ്പങ്ങൾ വിതറണം. യജ്ഞസ്തംഭങ്ങൾ ഇരുപത്തിനാലെണ്ണം ഏററവും ഉയരത്തിൽ സ്വർണ്ണംകൊണ്ടു പണിചെയ്തു മുത്തുമാലകളെക്കൊണ്ട് അലങ്കരിച്ചു ശോഭിപ്പിക്കുകയും വേണം. യജ്ഞകുണ്ഡത്തിൻെറ മദ്ധ്യത്തിലുള്ള അംശദൈവതമായ സർവ്വതോഭദ്രം എന്ന സ്തംഭത്തെ ചിത്രലേഖനങ്ങളെക്കൊണ്ടും അലങ്കരിക്കണം. അതിന്മേൽ നാനാവർണ്ണങ്ങളെക്കൊണ്ടു യജ്ഞകുണ്ഡ

ത്തേയും എഴുതണം. യജ്ഞത്തിന്നായുള്ള പാത്രങ്ങൾ എല്ലാം എന്റെ പ്രത്യേകദൃഷ്ടിയോടുകൂടിത്തന്നെ പണിയിക്കണം. എല്ലാ ഉപകരണങ്ങളും വരുണന്റെ യാഗത്തിലെപ്പോലെ സ്വൎണ്ണംകൊണ്ടുണ്ടാക്കിയവയായിരിക്കണം. മഹൎഷിമാൎക്ക് ഇരിപ്പാനുള്ള ആസനങ്ങളും ഉറങ്ങുവാനുള്ള കൂടാരങ്ങളും പണിയിക്കുന്നതുകൂടാതെ പുല്ലും എലയും മൺകട്ടയും കൊണ്ടുള്ള പാകശാലകളും പണിചെയ്യണം. ഭോജനശാലകൾ, ഋഷിശാലകൾ, യജ്ഞോപകരണങ്ങളെ സൂക്ഷിപ്പാനുള്ള ശാലകൾ എന്നിവയും ഭംഗിയായി ഉണ്ടാക്കിക്കണം. രാജാക്കന്മാൎക്ക് ഇരിക്കുവാനുള്ള സഭാമണ്ഡപങ്ങൾ, വിശേഷപ്പെട്ട വസ്ത്രങ്ങളെക്കൊണ്ടു വിതാനിച്ചവയും ആസനങ്ങൾ ശിലമെത്തയോടുകൂടിയും ചാരുമെത്തയോടുകൂടിയും ഉള്ളവയുമായിരിക്കണം. അവ പക്ഷികളുടെ പിഞ്ചരങ്ങളും പഞ്ഞിയും നിറച്ച വിചിത്രാകൃതിയിൽ പണിചെയ്യപ്പെട്ടവയും വലിയവയും ആയിരിക്കുകയും വേണം. ഹേ ലക്ഷ്മണാ! പതരലത്തിലുള്ള മഹാൎഹങ്ങളായ പാനപാത്രങ്ങൾ, നാനാരസപരിപൂരിതങ്ങളായിട്ടു സദസ്സിൽ ഒരുക്കിവെയ്ക്കണം പലതരം പഴങ്ങളും സുഗന്ധദ്രവ്യങ്ങളും രാഗങ്ങളും (ഒരുതരം പാനീയങ്ങൾ) വിചിത്രമധുരങ്ങളായ മദ്യങ്ങളും മാദകവസ്തുക്കളും, നാനാസുഗന്ധതൈലങ്ങളും നിറച്ച പാത്രങ്ങളും ഉണ്ടായിരിക്കണം ചന്ദനം, സുഗന്ധാക്ഷതം മുതലായവയോടുകൂടി പല ഉപസ്കരദ്രവ്യങ്ങളുള്ളതായ താംബൂലങ്ങൾവെച്ച പാത്രങ്ങളും രാജസദസ്സിൽ ഉണ്ടായിരിക്കണം. ചാമരങ്ങൾ, വ്യജനങ്ങൾ, കണ്ണാടികൾ എന്നിവ വിചിത്രങ്ങളായും ആയിരകണക്കായും തെയ്യാറുണ്ടായിരിക്കണം. രാജാക്കന്മാൎക്കു കളിപ്പാനായി ചിത്രപ്പണികളോടുകൂടിയ പല ക്രീഡാപകരണങ്ങളും സഭയിൽ ഉണ്ടായിരിക്കണം. മൺചട്ടികളിൽ വെച്ച പൂച്ചെടികളെക്കൊണ്ടുള്ള പുഷ്പോദ്യാനങ്ങളും യഥേഷ്ടം വെള്ളം എടുക്കുവാനുള്ള ജലയന്ത്രങ്ങളും ഉണ്ടായിരിക്കണം. സ്വൎണ്ണം, രത്നം, മുത്തു, പവിഴം, പട്ട്, എന്നിവയെക്കൊണ്ട് അലങ്കരിക്കപ്പെട്ടവയും, വെള്ളവും അന്നവും നിറച്ച

വയുമായ വിചിത്രങ്ങളായ പക്ഷിക്കൂട്ടുകൾ മണ്ഡപങ്ങളിലെല്ലാം കെട്ടിത്തൂക്കണം. ഓരോ രാജാക്കന്മാരുടേയും സഭകളിൽ വെവ്വേറെ അപ്സരസ്സുകളുടെ ആട്ടവും സുഗന്ധമുള്ള ധൂപക്കൂട്ടുകളും ഗായകന്മാരുടെ പാട്ടുകളും, വിവിധവാദ്യങ്ങളും വേണം. പൂജോപകരണങ്ങളെക്കൊണ്ടു പൂരിതങ്ങളായ പാത്രങ്ങളും രാജസഭകളിൽ ഉണ്ടായിരിക്കണം. അപ്രകാരംതന്നേ ഋഷിസഭയിലും വേണ്ടതെല്ലാം ഒരുക്കണം. × അവിടെ പുല്ല്, ചമത, ദണ്ഡ്, കിണ്ടി മുതലായവ എല്ലാം അസംഖ്യം ഉണ്ടായിരിക്കണം. ഉടുപ്പാനുള്ള വസ്ത്രങ്ങൾ, കൌപീനങ്ങൾ, മരവുരിതോലുകൾ വ്യഞ്ജനങ്ങൾ, പൂജാദ്രവ്യങ്ങൾ എന്നിവയും ജലകുംഭങ്ങളും അസംഖ്യം ഉണ്ടായിരിക്കണം. ശൌചത്തിന്നു ശുദ്ധമായ മണ്ണും പല്ലുതേയ്ക്കുവാനുള്ള പൊതുമ്പുകളും പാദരക്ഷകളും കാവിമണ്ണും മുഖശുദ്ധിക്കായിട്ടുള്ള നാനാവസ്തുക്കളും ഋഷിസഭയിൽ തയ്യാറാക്കണം. ഇങ്ങിനേതന്നെ സ്ത്രീസഭയിലും ഒരുക്കമാനങ്ങൾ ഒക്കെ ചെയ്യണം. അവിടെ സൌഭാഗ്യദ്രവ്യങ്ങളെക്കൊണ്ടു പൂൎണ്ണങ്ങളായ പൂജാപാത്രങ്ങൾ, സുഗന്ധപൂരിതങ്ങളായ വിചിത്രപാത്രങ്ങൾ, മഷിക്കൂട്ടുകൾ, കുങ്കുമച്ചെപ്പുകൾ, പെട്ടികളിലാക്കിയ രമ്യങ്ങളായ ആഭരണങ്ങൾ, മഞ്ഞൾ മുതലായ വസ്തുക്കൾ മുലക്കച്ചകൾ, വസ്ത്രങ്ങൾ, വിശറികൾ, ചാമരങ്ങൾ മുതലായ എല്ലാ സാധനങ്ങളും സുലഭമായി ഉണ്ടാക്കിക്കണം. ബന്ധുക്കളായവൎക്കെല്ലാം ശ്രീരാമൻെറ മുദ്രയോടുകൂടിയ എഴുത്തുകൾ എഴുതി അയക്കണം. ജനകരാജാവിൻെറയും, കേകയരാജാവിൻെറയും, കൌസില്യ, സുമിത്ര എന്നിവരുടെ പിതാക്കന്മാരായ രാജാക്കന്മാരുടേയും അടുക്കലേയ്ക്കു വേഗം നടക്കാവുന്ന ദൂതന്മാരെതന്നേ അയയ്ക്കണം. ഈ വക ഒരുക്കങ്ങൾ ചെയ്തിന്നുശേഷം, ചെവിയും, കാലും, വാലും കറുത്തിട്ടുള്ള ശ്യാമകൎണ്ണൻ എന്ന വെള്ളക്കുതിരയേ മഹാൎഹങ്ങളായ ആഭരണങ്ങളെക്കൊണ്ടും വസ്ത്രങ്ങളെക്കൊണ്ടും അലങ്കരിച്ച് അതിൻെറ പുറത്തു ദിവ്യമായ വീരാസനം വിരിച്ചു, ചാമരങ്ങൾ, മുക്താഹാരങ്ങൾ, സ്വൎണ്ണച്ചങ്ങലകൾ കുഞ്ചിമുടിയിൽ അണിയാ

നുള്ള ആഭരണങ്ങൾ എന്നിവയെക്കൊണ്ടു ശോഭിപ്പിക്കണം. അതിന്റെ നെററിമേൽ സ്വൎണ്ണത്തകിടിൽ എഴുതിയ ഒരു പത്രം അക്ഷരവ്യക്തിയോടുകൂടി പതിക്കുകയും വേണം. ആ പത്രത്തിൽ എഴുതേണ്ടത്, "എല്ലാ രാജാക്കന്മാരും അറിയേണ്ടത് എന്തെന്നാൽ — ഈ കുതിര കോസലാധിശ്വരനായ രാമന്റെ യജ്ഞാംഗമായ അശ്വമാണ്. ഭൂപ്രദക്ഷിണം ചെയ്വാനായിട്ടാണ് ഇതിനെ വിട്ടിരിക്കുന്നത്. ആരൊരാൾക്കു ശക്തി ഉണ്ടോ അവൻ ഈ കുതിരയെ പിടിച്ചു കെട്ടണം. ഇല്ലാത്തപക്ഷം ദ്രവ്യസഞ്ചയങ്ങളോടും സൈന്യങ്ങളോടും കുടുംബങ്ങളോടും നഗരവാസികളോടും നാട്ടുകാരോടുംകൂടി ഈ യജ്ഞാശ്വത്തിന്റെ പിന്നാലെതന്നെ അയോദ്ധ്യയിലുള്ള യജ്ഞഭൂമിയിലേയ്ക്കു എല്ലാ രാജാക്കന്മാരും വരണം."

ഇങ്ങിനെയുള്ള പത്രം എഴുതി പതിച്ചു മുക്താമണിമണ്ഡിതങ്ങളായ അവതംസങ്ങളെകൊണ്ട് അലങ്കരിച്ച് യജ്ഞത്തെ മണ്ഡപത്തിൽ തയ്യാറാക്കിനിൎത്തണം. അശ്വരക്ഷയ്ക്കായികൊണ്ട് ശത്രുഘ്നൻ സുമന്ത്രസഹിതനായി സൈന്യങ്ങളാൽ പരിവൃതനായിട്ടു പുറപ്പെടുവാൻ തയ്യാറായിനില്ക്കുകയുംവേണം. എന്നുതന്നെയല്ല, നാനാപുണ്യനദികളിലെ ജലകുംഭങ്ങൾ ആയിരക്കണക്കായിട്ടു ശത്രുഘ്നൻമുഖാന്തരം വരുത്തിക്കണം. നാനാദിക്കുകളിൽനിന്നുള്ള മണ്ണുകളും കൊണ്ടുവരുവിക്കണം. നഗരം മുഴുവൻ കൊടിക്കൂറകൾ, കൊടിമരങ്ങൾ, തോരണങ്ങൾ എന്നിവയെക്കൊണ്ടു ശോഭിപ്പിക്കണം. ദേവാലയങ്ങളും പ്രാസാദങ്ങളും വെങ്കിളിയിട്ടു വൃത്തിയാക്കണം. ദേവാലയങ്ങളുടെ ഉള്ളിൽ മനോഹരമായ ചിത്രശാലയും എഴുതി ഉണ്ടാക്കണം. രത്നമയങ്ങളായ കെടാവിളക്കുകളും പൂജോപകരണാദികളും ദേവാലയങ്ങൾ തോറും വെപ്പിക്കണം. എന്നുതന്നെയല്ല, വേണ്ടതെല്ലാം ഒരുക്കണം. വാദ്യങ്ങളെല്ലാം പ്രയോഗിപ്പാനും ക

ല്ലന കൊട്ടക്കണം. രാജമാൎഗ്ഗങ്ങളെല്ലാം അടിച്ചുവാരി വെട്ട
പ്പാക്കി ചന്ദനവെള്ളം തളിച്ചു ശരിയാക്കിക്കണം. മാളികകളി
ലൊക്കയും മനോഹരങ്ങളായ വിവിധചിത്രങ്ങൾ എഴുതിക്കക
യും അവയുടെ ചുഴലവും മുത്തുമാലകൾ തൂക്കുകയും വേണം.
മാണിക്യം, പവിഴം, വൈഡൂൎയ്യം, കാശ്മീരം, സ്ഥടികം മുതലായ
വയെക്കൊണ്ടും പുഷ്പങ്ങളെക്കൊണ്ടുമുള്ള നാനാതരത്തിലുള്ള
ഹാരങ്ങളും പഴുത്തവയായ ഫലാദികളെക്കൊണ്ടുള്ള ഹാരങ്ങ
ളും എങ്ങും ബന്ധിക്കണം. മാളികകളിലെ ജാലകദ്വാരങ്ങ
ളിൽ പ്രത്യേകിച്ചും അവ ബന്ധിക്കണം. ഇപ്രകാരം ഞാനി
വിടെ ഏതേതു സംഗതികൾ വേണമെന്നു പറഞ്ഞുവോ അ
തെല്ലാം നിൎവ്വിചാരമായി നീ തെയ്യാറാക്കിയാലും."

ഇപ്രകാരമുള്ള ഗുരുവിന്റെ കല്പനകേട്ടു "അങ്ങിനെത
ന്നെ എല്ലാം പ്രവൎത്തിക്കാം" എന്നു പറഞ്ഞു ലക്ഷ്മണൻ ഗുരു
വിന്റെ ആജ്ഞയേക്കാൾ നൂറിരട്ടി അധികമായി വരുമാറു എ
ല്ലാ ഒരുക്കങ്ങളും ചെയ്തു.

ഇങ്ങിനെ ശ്രീശതകോടി രാമായണാന്തൎഗ്ഗതമായ ആനന്ദരാമായണത്തിൽ
യാഗകാണ്ഡത്തിൽ യാഗോപകരണ നിവേദനം എന്ന
ഒന്നാം സൎഗ്ഗം കഴിഞ്ഞു.

## രണ്ടാം സൎഗ്ഗം.

ശ്രീരാമദാസൻ പറഞ്ഞു.

അനന്തരം ഏഴാമത്തെ ദിവസം ശുഭമായമുഹൂൎത്തത്തിൽ
ശ്രീരാമൻ സീതയോടുംകൂടി വെണ്ണനെ തേച്ചു കുഴികിളകി
കുളിച്ചു കണ്ണെഴുത്തു മുതലായ അലങ്കരണങ്ങളെച്ചെയ്തു. വാദ്യ
ക്കാരുടെ തൂൎയ്യനാദങ്ങളോടും ബ്രാഹ്മണരുടെ വേദഘോഷങ്ങ
ളോടും പൌരസ്ത്രീകളുടെ ഗാനങ്ങളോടും പൌരന്മാരുടെ ജയ
ശബ്ദങ്ങളോടുംകൂടി എഴുന്നള്ളി മനോഹരമായ സഭാമണ്ഡപ
ത്തിൽ ചെന്നു വിചിത്രമായ സിംഹാസനത്തിന്മേൽ ഇരുന്നു.

സമ്മാനദാനം.

സഭയിൽവെച്ചു ശ്രീരാമൻ ചില വിലയേറിയ സമ്മാനങ്ങൾ ചിലൎക്കെല്ലാം കല്പിച്ചുകൊടുക്കുകയാണു ചെയ്തതു്. ഗുരുവിന്നും ഗുരുപത്നിയായ അരുന്ധതിക്കും പട്ടുവസ്ത്രങ്ങൾ ഒന്നാമതായി സമ്മാനിച്ചു. അനന്തരം പൌരന്മാർ പൌരപത്നിമാർ മാതാക്കന്മാർ സുമംഗലിമാരായ സ്ത്രീകൾ ശ്വശ്രൂജനങ്ങൾ എന്നിവൎക്കും എല്ലാ ബ്രാഹ്മണൎക്കും ജനകമഹാരാജാവിന്നും സുഹൃജ്ജനങ്ങൾക്കും ബന്ധുക്കൾക്കും ബന്ധുപത്നിമാൎക്കും വയസ്യന്മാൎക്കും മന്ത്രിമാൎക്കും യുദ്ധവീരന്മാൎക്കും ദാസജനങ്ങൾ ദാസീജനങ്ങൾ എന്നിവൎക്കും നടനാടകവാദ്യാദികൾക്കും വേശ്യാസ്ത്രീകൾക്കും യഥോചിതമുള്ള സമ്മാനങ്ങൾ കൊടുത്തു. എന്നുവേണ്ട ചണ്ഡാലപൎയ്യന്തമുള്ള സകലൎക്കും ശ്രീരാമൻ വസ്ത്രങ്ങൾ സമ്മാനിക്കുകയുണ്ടായി. അതിന്നുശേഷം സീതാദേവിക്കു കസവിട്ടിട്ടുള്ളതും മുത്തുമണികളും മാണിക്യക്കല്ലുകളും തുന്നിപ്പിടിപ്പിച്ചിട്ടുള്ളതും രത്നകാശ്മീരശിലാദികളെക്കൊണ്ടു് ഇടക്കിടക്കു വിചിത്രശില്പജാലകങ്ങളോടുകൂടിയതും മുത്തു പവിഴം മുതലായ മണികളാൽ സൎവ്വതഃ പരിവാരണം ചെയ്യപ്പെട്ടതും കണ്ണാടിച്ചില്ലുപോലെ മിനുസമുള്ളതും മിന്നൽപ്പിണരുപോലെ കാന്തിയുള്ളതും മഹത്തരമായ ഒരു പട്ടാംബരം സമ്മാനിച്ചു.

യാഗദീക്ഷ.

അതിന്നുശേഷം ശ്രീരാമചന്ദ്രൻ വിലയേറിയ ഒരു മഞ്ഞപ്പട്ടു താനും ഉടുത്തു. ആ പട്ടു പൊൻകസവുകളോടുകൂടിയതും നാനാപ്രകാരത്തിലുള്ള ലതകളും വൃക്ഷങ്ങളും തുന്നിപ്പിടിപ്പിച്ചിട്ടുള്ളതുമായിരുന്നു. അപ്രകാരംതന്നെയിരിക്കുന്ന മറെറാരു പട്ടു് ഉത്തരീയമായി ധരിക്കുകയും ചെയ്തു. ഇങ്ങിനെ വസ്ത്രാലങ്കാരങ്ങളെ ധരിച്ചതിന്നുശേഷം എല്ലാ അവയവങ്ങളുടേയും കാന്തിയെ പ്രകാശിപ്പിച്ചവനായി, മണിദ്വയശോഭിതനായി കേയൂരം കുണ്ഡലം മുക്താഹാരം കടകം എന്നിവകൊണ്ടു ശോഭിക്കുന്നവനായിട്ടു ശ്രീരാമൻ അസാധാരണമായ ഒരു തേജോവിശേഷത്തെ പ്രകടിപ്പിച്ചു. അതിന്നുശേഷം വസിഷ്ഠമഹൎഷി ശ്രീരാ

മനെ മുത്തുമണികളെക്കൊണ്ടുണ്ടാക്കിയ ഒരു സ്വസ്തികാസന ത്തിന്മേൽ ഇരുത്തി. പിന്നെ തന്റെ ശിഷ്യന്മാരെ അയച്ച സീതയെ വിളിച്ചുകൊണ്ടു വരുവിച്ച് അദ്ദേഹത്തിന്റെ ഇട ത്തുഭാഗത്തും ഇരുത്തി. പിന്നെ വസിഷ്ഠൻ മഹർഷിമാരാൽ ച്വ റ്റപ്പെട്ടവനായിട്ടു ശ്രീരാമനെക്കൊണ്ടു വിഘ്നേശ്വരൻ മുതലാ യ ദേവന്മാരെ പൂജിപ്പിച്ചു. അതോടുകൂടി പുണ്യാഹം മുതലാ യവയും ചെയ്തു. തദനന്തരം ശ്രീരാമനും സീതയ്ക്കും വസിഷ്ഠൻ യാഗദീക്ഷയെ ദാനം ചെയ്തു.

ഋത്വിഗ്വരണവും അശ്വമോചനവും.

ഇത്രയും ചെയ്തുകഴിഞ്ഞതിന്നുശേഷം ദ്ധ്വജാരോപണ (കൊടിയേററ)ത്തിന്റെ വിധിപ്രകാരം ഉത്തമങ്ങളായ ദ്ധ്വജ ങ്ങളെ നാട്ടി, ശ്രീരാമനെക്കൊണ്ടു മഹർഷി പന്ത്രണ്ടു ഋത്വിക്കു കളെ വരിപ്പിച്ചു. സർവ്വകർമ്മങ്ങളേയും അറിയുന്നവനായ വസി ഷ്ഠൻ അദ്ധ്വര്യുവായിരുന്നു. ബ്രഹ്മനായതു സാക്ഷാൽ ബ്രഹ്മാ വുതന്നെയാണ്. ഹോതാവിന്റെ സ്ഥാനം ഗാധിസുതനായ വിശ്വാമിത്രൻ സ്വീകരിച്ചു. ഉൽഗാതാവായതു ജനകന്റെ പുരോഹിതനായ ശതാനന്ദനാണ്. ശമിതാവായതു യമനാകു ന്നു. ഈ അശ്വമേധയാഗത്തിങ്കൽ പതിനാറു ഋത്വിക്കുകളാ യിട്ടു മഹാത്മാവായ ശ്രീരാമനാൽ വരിക്കപ്പെട്ടതു കശ്യപൻ മുതലായ മഹർഷിശ്രേഷ്ഠന്മാരായിരുന്നു. അപ്രകാരംതന്നെ സ ർവ്വകർമ്മങ്ങൾക്കും വേറെ വേറെയായിട്ടു മഹാന്മാരായ മുനീന്ദ്ര ന്മാരെ നൂറുക്കണക്കായി ശ്രീരാമൻ വരിക്കുകയുണ്ടായി. ഇ ങ്ങിനെ സർവ്വകർമ്മത്തിന്നും വേണ്ടവരെയെല്ലാം വരിച്ചതിന്നു ശേഷം യാഗകുണ്ഡത്തിൽ അഗ്നിയെ സ്ഥാപിച്ചു, യാഗപാത്ര ങ്ങളേയും വേണ്ടതുപോലെ സ്ഥാപിച്ചു. പിന്നെ ശ്യാമകർണ്ണ നെന്ന അശ്വത്തെ യഥാവിധി പൂജിച്ചു പ്രദക്ഷിണത്തിന്നാ യി വിട്ടയക്കുകയും ചെയ്തു. ആ അശ്വത്തിന്റെ സംരക്ഷണ ത്തിന്നായിട്ടു രഥാരൂഢനായ ശത്രുഘ്നനെ സുമന്ത്രനോടും പതി നായിരം സൈന്യങ്ങളോടുംകൂടി പറഞ്ഞയയ്ക്കുകയും ചെയ്തു. ഇ ത്രത്തോളം എല്ലാം ചെയ്തുകഴിഞ്ഞതിന്നുശേഷം ഗുരുവായ വ

സിഷ്ഠമഹർഷി സ്വസ്ഥനായിട്ടിരുന്നു. ശ്രീരാമനും സരയൂതീരത്തിങ്കൽ മുനിഗണങ്ങളാൽ നിറയപ്പെട്ടതായ ആ യജ്ഞവാടത്തിങ്കൽ കൃഷ്ണാജിനവും ധരിച്ചു ദർഭയും കയ്യിലേന്തി ഉചിതങ്ങളായ കൃത്യങ്ങളെ ചെയ്തുകൊണ്ടും പുണ്യകഥകളെ ശ്രവിച്ചുകൊണ്ടും, കോടിസൂര്യകാന്തിയുള്ളവനായിട്ടു സീതയോടുംകൂടെ ഗുരുസന്നിധിയിൽ മൌനമുദ്രയെ അവലംബിച്ചുംകൊണ്ടു സ്ഥിതി ചെയ്തു. ഇപ്രകാരം ജ്യേഷ്ഠനായ ശ്രീരാമന്റെ യാഗദീക്ഷ നടന്നുംകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സഹോദരന്മാർ സ്നാനം ചെയ്തു ശുഭ്രവസ്ത്രം ധരിച്ചു താമരപ്പൂമാലയുമണിഞ്ഞു സവിശേഷമായ അലങ്കാരങ്ങളോടുകൂടി ശോഭിച്ചു. അവരുടെ പത്നിമാരും, കഴുത്തിൽ താലിയും കെട്ടി വിശേഷപ്പെട്ട വസ്ത്രങ്ങളും ധരിച്ചു കുറിക്കൂട്ടുകളും പൂശി കയ്യിൽ ഓരോ വസ്തുക്കളെയെടുത്തുകൊണ്ട് അതിസന്തുഷ്ടമാരായിട്ടു യാഗദീക്ഷാശാലയിലേയ്ക്കു വന്നു. ആ സമയത്തു വാദ്യങ്ങൾ മുഴങ്ങുകയും വാരസ്ത്രീകൾ നൃത്തം വെയ്ക്കുകയും ചെയ്തു.

മഹർഷിമാരുടെ വരവ്.

(തുള്ളൽ)

അതിനിടയിലമിതരുചി തേടും മുനീശ്വര-
രശ്വമേധത്തിന്റെ വാർത്തയെക്കേൾക്കയാൽ
അനുദിനവുമവിടമതിൽ വന്നു ചേർന്നീടിനാ-
രായിരമായിരമായിട്ടു നിർഭരം:—
ഉചിതമതി കശ്യപനത്രി ഭരദ്വാജ-
നൽകൃഷ്ടനായ വിശ്വാമിത്രമാമുനി
ച്യവനമുനി യസിതമുനി മുൽഗലൻ ഗൌതമൻ
ചാരുമൃകണ്ഡ മാർക്കണ്ഡേയരും തഥാ
നലമുടയ മുനികൾ മണി ജാമദഗ്ന്യൻ കൃഷ്ണ
നാരായണൻ വ്യാസനെന്നല്ല ദേവലൻ
തുലവിട്ടൊരമലമുനിയാകും വിഭാണ്ഡകൻ
തുംബുരുനാരദൻ ഗാലവൻ താനുമേ
ഹരിചരണ പരിചരണമുടയഹരി ദാസനും
ശ്രീശിവദാസനും ഭാനുദാസൻ തഥാ

ശിവപദനിഷേവകനാം ശിവശമ്മനും
ശ്രീശിവവമ്മാവു രുദ്രവമ്മാവുമേ
എവനുമടിപണിയുമൊരു സപ്തശൃംഗൻ മുനി-
യേകശൃംഗൻ ത്രിശൃംഗൻ ചതുഃശൃംഗനും
സുഗുണനിധി ഭൃഗുവുമഥ ഭാർഗ്ഗവൻ വാക്പതി
ശ്രീതിലകാണ്ഡനും ധൌമ്യനും കണ്വനും
എതിരെ വരുമരിയമുനി നിരകൾ തൊഴുതീടുന്നൊ-
രേകപാദാഖ്യൻ ത്രിപാദാഭിധൻ മുനി
ഉടജമതിനുടമപെട്ട മൂദ്ധ്വപാദൻ മുനി-
യൂദ്ധ്വാസ്യനൂദ്ധ്വാക്ഷനമൂദ്ധ്വബാഹുവും
സുഗുണഗണമുടയമുനി പണ്ണാദനും തഥാ
ശ്രീവൃദ്ധ ഗൌതമനും ത്രിശിരസ്സുമേ
ചതുരമതിമണിസുമുനിചന്ദ്രൻ മതംഗനു-
മൃശ്യശൃംഗൻ കുംഭസംഭവൻ സൂതനും
ജഗദവന നിഹിതമതി ജാബാലി ശൌനകൻ
പിന്നെസ്സുതീക്ഷ്ണൻ ദധീചിയും ലോമശൻ
സരസതര കവിതയുടെ സത്തായ്വിളങ്ങുന്ന
സാത്വികശ്രേഷ്ഠനായുള്ള വാൽമീകിയും
ശ്രുതിജലധി മഥനപടുവായ ദുർവ്വാസാവു
മററുള്ളമാമുനി ശ്രേഷ്ഠരും മുററുമേ
ഗൃഹിണികളുമരിയൊരു കുമാരരും ശിഷ്യരു-
മൊത്തശ്വമേധയാഗത്തിനെത്തീടിനാർ.
ചിലമുനികളശനവിധി വജ്ജിച്ചു നിത്യവും
പണ്ണാശനംചെയ്തു ശീലിച്ചിട്ടുന്നവർ
ചിലരവരിൽ വായുഭക്ഷന്മാർ കുശാഗ്രസ്ഥ
തോയമാത്രാഹാരനായുള്ളവർ ചിലർ
ചിലമുനികളശനമതു തീരെ ത്യജിച്ചവർ
ഭിക്ഷാശനപ്രിയർ മററുള്ളവർ ചിലർ
അപരമുനി മണികൾപര ദത്താന്നഭോജിക-
ളാരോടുമൊന്നു യാചിക്കാത്തവർ ചിലർ

മുനികളുടെ നികടമതിലെത്തിയാൽക്കൂടിയും
മൌനവ്രതം പൂണ്ടിരിപ്പവരായ്ചിലർ
മരവുരികൾ വിരവിനോടുടുപ്പവരായ്ചിലർ
മറവുള്ളവർ ചിലർ കാഷായധാരികൾ
ചിലമുനികളഴകിനൊടു മാൻതോലുടുപ്പവർ
പിന്നെച്ചിലർമുറസ്സാകാശവസ്ത്രികൾ
മരനിരകൾ തളിരുകളുടുപ്പവരായ്ചിലർ
പഞ്ചാഗ്നിസാധകർ ധൂമപാനവ്രതൻ
ചിലമുനികൾ ചിതമൊടഖിലേഷണാവർജ്ജിതർ
ഛിന്നസംസാരബന്ധന്മാർ സമസ്തരും
നലമുടയമുനികൾ പലരിവിധമുള്ളവർ
നാനാവനാരാമ ദുർഗ്ഗാദിവാസികൾ
ദുരധിഗമ ചരിതരവിടത്തിലെത്തിടിനാർ
ഭാരകദാരശിഷ്യന്മാരോടൊത്തവർ
പൃഥിവിയുടെ പതിതുടരുമദ്ധ്വരത്തിന്നഹോ
പത്തുദിക്കിങ്കന്നുമെത്തി മുനീശ്വരർ
പരിചിനൊടു ജഗദവനശീലൻ രഘൂത്തമൻ
പാർത്തെഴുന്നേററാ മുനിമാൎക്കു സാദരം
പദകമലധാവനജലമർഘ്യവും നന്മധു-
പർക്കവും നൽകി പ്രമോദം വളർത്തിനാൻ.

### കാമധേനുവും ചിന്താമണിയും

അനന്തരം ശ്രീരാമൻ രമണീയമായ യജ്ഞവാടത്തിൽ സാക്ഷാൽ കാമധേനുവിനെത്തന്നെ കൊണ്ടുവന്നുനിറുത്തി വസ്ത്രാഭരണാദികളെക്കൊണ്ടു പൂജിച്ചു. പൂജാനന്തരം കാമധേനുവിനോട് "അല്ലയോ സാഗരസംഭൂതയായ ധേനു! എന്റെ യാഗത്തിൽ ബ്രാഹ്മണാദികൾക്ക് അന്നപാനാദികൾ ഇവിടുന്നുതന്നെ നൽകണമേ; എന്റെ പേരിൽ പ്രസാദിക്കേണമേ" എന്നിങ്ങിനെ പ്രാൎത്ഥിച്ചു. ഇപ്രകാരം പ്രാൎത്ഥിച്ച് ആ കാമധേനുവിനെ കൈവണങ്ങിയിട്ടു ശ്രീരാമൻ ലോകമാതാവായ കാമധേനുവിനെ പാകശാലയിൽ പട്ടാസനത്തിന്റെ മുക

ളിൽ ബന്ധിച്ചു. ശ്രീരാമൻെറ പ്രാത്ഥനകൊണ്ടു സന്തുഷ്ടയായ ആ സുരഭി, സീതാദേവിക്കു സദാസമയവും ഷഡ്രസസഹിതമായ അന്നം മുതലായ പദാത്ഥങ്ങളെ കൊടുത്തുകൊണ്ടിരുന്നു. അവിടെയുള്ള പാകശാലകളിൽ അഗ്നിയെക്കൊണ്ടു കാൎയ്യമേ ഉണ്ടായില്ല. മുനിസത്തമന്മാരെല്ലാം തങ്ങളുടെ ഇഛയ്ക്കൊത്ത സുഖഭക്ഷണംകൊണ്ടു സദാ സന്തുഷ്ടന്മാരായി ഭവിച്ചു. ശ്രീരാമൻ തൻെറ മനസ്സിൽ എന്തെല്ലാം വേണമെന്നു വിചാരിച്ചുവോ അതുകളെല്ലാം അതിവേഗത്തിൽ ചിന്താമണിയെന്ന ദിവ്യരത്നം സാധിപ്പിച്ചു കൊടുത്തു. അപ്രകാരംതന്നെ, സീതാദേവി എന്തെല്ലാം വസ്തുക്കൾ വേണമെന്നു മനസ്സിൽ ആഗ്രഹിച്ചുവോ അവയെല്ലാം കാമധേനുവും കൈവരുത്തികൊടുത്തു. ആകയാൽ സീതാരാമന്മാൎക്കു ത്രൈലോക്യ ദുല്ലഭങ്ങളായ കാമങ്ങൾ കൂടിയും സാധിച്ചു. ബ്രാഹ്മണാദികൾ ഭുജിക്കുന്ന പന്തികളിൽ സീതമുതലായവർ പദാത്ഥങ്ങൾ വിളമ്പുമ്പോൾ അവരുടെ കങ്കണനാദവും നൂപുരശിഞ്ജിതവും ഒഴിഞ്ഞിട്ടുള്ള സമയമില്ലെന്നായി.

ശ്രീരാമൻെറ ആജ്ഞകൾ.

അനന്തരം യജ്ഞദീക്ഷിതനായിരിക്കുന്ന ശ്രീരാമൻ സൌമിത്രിയെ വിളിച്ച് അരുളിച്ചെയ്തു:—'ഹേ ലക്ഷ്മണ! നീ അതിൎത്തിപ്രദേശങ്ങളിലുള്ള ചാരന്മാരെ വിളിച്ച് എൻെറ വാക്കായിട്ട് ഇങ്ങിനെ ആജ്ഞാപിക്കണം. എങ്ങിനെയെന്നാൽ, ബ്രഹ്മചാരികളാകട്ടെ ഗൃഹസ്ഥന്മാരാകട്ടേ വാനപ്രസ്ഥന്മാരാകട്ടേ സന്ന്യാസികളാകട്ടെ ആരായിരുന്നാലും ആരെല്ലാം പാന്ഥന്മാരായിട്ടു വരുന്നുവോ അവരെ ആരെയും നിങ്ങൾ യാഗസ്ഥലത്തേയ്ക്കു പ്രവേശിക്കുവാൻ അനുവദിക്കാതിരിക്കരുത്. എൻെറ കല്പന കിട്ടുവാൻ പ്രതിക്ഷിക്കേണ്ട. ആരുടേയും നേരെ കോപിക്കയും അരുത്.' ഇപ്രകാരമുള്ള ശ്രീരാമൻെറ അരുളപ്പാടു കേട്ടു ലക്ഷ്മണൻ സീമാചാരന്മാരെ വിളിച്ച് അങ്ങിനെതന്നെ കല്പിച്ചു. അതിന്നുശേഷം ശ്രീരാമൻ വീണ്ടും ലക്ഷ്മണനെ വിളിച്ചു ഇങ്ങിനെ പറഞ്ഞു:—'ബ്രഹ്മചാരി, ഗൃഹസ്ഥൻ വാ

നപ്രസ്ഥൻ സന്ന്യാസി" എന്നിവരും അപ്രകാരംതന്നെ ഋഷി മാരുടെ പത്നിമാരും കിടാങ്ങളും ശിഷ്യന്മാരും സംബന്ധികളും പട്ടണവാസികളൊ നഗരവാസികളൊ ആയവരും അവരുടെ സംബന്ധികളും സ്ത്രീകളും ദാസീദാസന്മാരും എന്നുവേണ്ട സർവ്വരും ഏതേതുവസ്തുക്കളെ ആഗ്രഹിക്കുന്നുവോ ആ വസ്തുക്കളൊക്കയും എന്നോടു ചോദിക്കാതെതന്നെ നിർവ്വിചാരമായി ദാനം ചെയ്യണം. എന്നുവേണ്ട അന്ത്യജന്മാർവരെയുള്ള സർവ്വജനങ്ങളേയും നിരന്തരം സന്തോഷിപ്പിക്കണം. ആരുടേയും അഭിലാഷങ്ങളെ നിഷ്ഫലമാക്കിച്ചെയ്യരുത്. ചിന്താമണി, പുഷ്പകവിമാനം രാജകീയഭരണാധികാരം എന്നിവയിലേതെങ്കിലും യാചിക്കുന്നവരുണ്ടെങ്കിൽ അവരുടെപോലും അപേക്ഷപ്രകാരം ദാനം ചെയ്യില്ലെന്നു കേട്ടാൽ എനിക്കു നിൻെറ പേരിൽ സന്തോഷക്കേടുണ്ടാവും. അതുകൊണ്ട് എന്നിൽനിന്നുള്ള ഭയത്തെ ഓൎത്തു നീ എല്ലാവൎക്കും നിർവ്വിചാരമായി ദാനം ചെയ്യണം. അൎത്ഥികളുടെ യാചനാഭംഗം ചെയ്യുവെങ്കിൽ നീ എൻെറ തലയറുത്തവനായി കരുതപ്പെടും ഹേ ലക്ഷ്മണ! എൻെറ ഈ വാക്കുകൾ എപ്പോഴും ഓൎമ്മയിരിക്കട്ടേ".

ഇപ്രകാരം ശ്രീരാമൻെറ ശാസനയെ അംഗീകരിച്ചിട്ടു ലക്ഷ്മണൻ അദ്ദേഹം കല്പിച്ചതുപോലെ എല്ലാം നടത്തി.

ഇങ്ങിനെ ശതകോടി രാമായണാന്തൎഗ്ഗതമായ വാൽമീകിയുടെ
ആനന്ദരാമായണത്തിൽ, യാഗകാണ്ഡത്തിൽ
രണ്ടാം സൎഗ്ഗം കഴിഞ്ഞു.

## മൂന്നാം സർഗ്ഗം.

ശ്രീരാമദാസൻ പറഞ്ഞു:

മഹാത്മാവായ ശ്രീരാമൻ വിശ്വവിജയത്തിന്നായി വിട്ടിട്ടുള്ള ശ്യാമകൎണ്ണൻ എന്ന യജ്ഞാശ്വം ഒന്നാമതായി കിഴക്കേ ദിക്കിലേയ്ക്കാണു പോയത്. അതു സൈന്യസമേതനായ ശത്രുഘ്നനോടുകൂടി ഭാഗീരഥിയായ ഗംഗയുടെ തടത്തിങ്കൽ എത്തി.

**പൂൎവ്വദേശയാത്ര — ഒരു പരീക്ഷ.**

ഇതിനിടയിൽ ശ്രീരാമൻ തന്റെ പ്രതാപത്തെ പ്രദൎശിപ്പിക്കുന്നതിനായിട്ടു ശത്രുഘ്നന്റെ മുമ്പിൽ ഒരു നേരംപോക്കു നോക്കുകയുണ്ടായി. ശ്യാമകൎണ്ണൻ ബ്രഹ്മാവൎത്തമെന്നു പേരായ മഹാദേശത്തെക്കടന്നു ഗംഗാതീരത്തിൽ ചെന്നെത്തിയപ്പോളാണ് ആ അത്ഭുതമുണ്ടായത്. ശത്രുഘ്നനും സൈന്യവും ഗംഗയെ കടക്കുവാൻ ചെന്നപ്പോൾ ഗംഗാനദിയിൽ കലശലായ വെള്ളപ്പൊക്കമുണ്ടായി തോണികൾ വിലങ്ങാത്ത നിലയിൽ ആയിത്തീൎന്നു. വലുതായ ഈ വെള്ളപ്പൊക്കവും തോണി വിലങ്ങാത്തമട്ടും കണ്ട് കാലാതിക്രമം വരുന്നതിനെ ഭയപ്പെട്ടു ശത്രുഘ്നൻ തന്റെ മനസ്സിൽ ഇങ്ങിനെ വിചാരിച്ചു—"എന്റെ ഈ യാത്രയിൽ, ഒന്നാമത്തെ ഉരുളയിൽതന്നെ ഈച്ച വീഴുന്നതുപോലെ മഹത്തായ വിഘ്നമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. എന്നാലിപ്പോൾ ശ്രീരാമചന്ദ്രന്റെ പ്രതാപംകൊണ്ടു എനിക്കു വിഘ്നം നീങ്ങി ഗമിക്കുവാൻ എടവരട്ടെ." ഇങ്ങിനെ മനസ്സിൽ വിചാരിച്ച് ശത്രുഘ്നൻ രഥത്തിൽതന്നെ ഇരുന്നുകൊണ്ടു ഗംഗയെ പൂജിച്ച് ഇങ്ങിനെ പറഞ്ഞു. "ഞാൻ പറയുന്നതു സൎവ്വലോകങ്ങളിലും മനിദേവസമൂഹങ്ങളിലുമുള്ള സകലരും കേൾക്കണം. ഹേ പരമപുണ്യയായ ഗംഗാദേവി, ഇവിടെക്കു രഘുശ്രേഷ്ഠനായ ശ്രീരാമങ്കൽ സത്യമുണ്ടെങ്കിൽ, എനിക്ക് ഈ സൈന്യങ്ങളോടുംകൂടി പോകാനുള്ള മാൎഗ്ഗം തരണം." ഇപ്രകാരം ശത്രുഘ്നൻ പറഞ്ഞതു കേട്ടിട്ട് ആ ഗംഗാനദി, പ്രവാഹവേഗത്തെ രണ്ടായി ഖണ്ഡിച്ച് തന്റെ അടിത്തട്ടു കാണുമാറാക്കിക്കൊടുത്തു. അപ്പോൾ ശ്രീരാമന്റെ മേദ്ധ്യാശ്വം കാൽനടയായിത്തന്നെ വേഗത്തിൽ നദിയുടെ അക്കരെ കടന്നു. അപ്രകാരംതന്നെ ശത്രുഘ്നനും സൈന്യത്തോടും സുമന്ത്രനോടും കൂടി നദിയെക്കടന്നു. നദീപ്രവാഹം വീണ്ടും മുമ്പത്തെപ്പോലെ അഖണ്ഡിതമായിച്ചമയുകയും ചെയ്തു. ഗംഗാനദിയെക്കടന്ന് ആ വഴിക്ക് അവർ കീകടം എന്നു പറയപ്പെടുന്നതായ മഗധമെന്ന മഹാദേശത്തെക്കാണു പോയത്. ഗംഗാപ്രവാ

ഹത്തെ ഖണ്ഡിച്ചതിൽനിന്നു സുവ്യക്തമായ ശ്രീരാമപ്രതാപത്തെ എല്ലാവരും നല്ലപോലെ അറിഞ്ഞ് സീതയുടേയും രാമന്റേയും പേരിൽ ജയശബ്ദങ്ങളെ മുഴക്കി.

ശ്യാമകൎണ്ണൻ ശീഘ്രഗതിയോടുകൂടി മഗധദേശത്തെത്തിയപ്പോൾ മാഗധരാജാവു രാമാശ്വമേധത്തിന്നുള്ള കുതിരയുടെ വരവു കേട്ട് ഒരു കൊമ്പനാനയെ പുരസ്കരിച്ചു സൈന്യത്തോടുകൂടി ചെന്നെതിരേററു കുതിരയെ ആഘോഷത്തോടുകൂടി അതിന്റെ നെററിമേലുള്ള എഴുത്തു വായിച്ചു രാജധാനിയിലേക്കു സ്വീകരിച്ചു കൂട്ടിക്കൊണ്ടുപോയി. പിന്നെ തന്റെ സകലവിഭവസമൃദ്ധിയോടുംകൂടി ശത്രുഘ്നനെ യഥാവിധി പൂജിക്കുകയും ചെയ്തു. തനിക്കുള്ള രാജകീയകോശാദികൾ സൎവ്വവും, മാഗധരാജാവു ശത്രുഘ്നന്നായിക്കൊണ്ടു സമൎപ്പിച്ചു. പിന്നെ പൌരന്മാർ ജാനപദന്മാർ സ്ത്രീകൾ സുഹൃത്തുക്കൾ പുത്രന്മാർ മന്ത്രിമാർ പൌരപതിമാർ ജാനപദപതിമാർ ബ്രാഹ്മണർ പുരോഹിതർ എന്നിവരെയെല്ലാം അയോദ്ധ്യയിലേക്കു പറഞ്ഞയക്കുകയും താനും ശത്രുഘ്നന്റെ വാക്കനുസരിച്ച് അഞ്ജലിബന്ധം ചെയ്തു സൈന്യസമേതനായി വാഹനങ്ങളിലൂടെ കുതിരയുടെ പിന്നാലെ പോകയും ചെയ്തു. ഇപ്രകാരംതന്നെ പൂൎവ്വദേശസ്ഥിതന്മാരായ സകല രാജാക്കന്മാരും പ്രവൎത്തിച്ചു. ഏതു രാജാവും, എന്തിന്, ഇന്ദ്രാദികളായ ദേവന്മാരും അസുരാദികളും കൂടിയും, ശ്യാമകൎണ്ണനെ പിടിച്ചുകെട്ടുകയുണ്ടായില്ല. സകല രാജാക്കന്മാരും കീഴ്വണങ്ങിയതിന്നുശേഷം, ആ അശ്വം അംഗം, വംഗം, കലിംഗം മുതലായി കിഴക്കെ ദിക്കിലുള്ള പ്രസിദ്ധരാജ്യങ്ങളേയും അപ്രകാരംതന്നെ നാനാതരത്തിലുള്ള മററു ദേശങ്ങളേയും അതിക്രമിച്ചു സമുദ്രതീരത്തെത്തി നാനാരാജാക്കന്മാരോടുംകൂടി ദക്ഷിണദേശാഭിമുഖമായി യാത്ര ചെയ്തു.

### ദക്ഷിണദിക്കിലേക്കുള്ള യാത്ര.

ദക്ഷിണാഭിമുഖമായി പുറപ്പെട്ട അശ്വം ആദ്യം ഗോദാവരി നദി കടന്ന് ആന്ധ്രദേശം (തെലുങ്കുനാടു) ദ്രാവിഡദേശം

(തമിഴനാട്) എന്നിവയെ അതിക്രമിച്ച് ആരവാരം വന്ന ദേശത്തു ചെന്നു. ആ ദേശത്തെയും കടന്നുപോയി കാഞ്ചി മുതലായി പല പ്രകാരത്തിലുള്ള നല്ലനല്ല രാജ്യങ്ങളെയെല്ലാം കണ്ടു കാവേരിതീരത്തു ചെന്നു ആ നദിയേയും കടന്നു ചോളദേശത്തേയും അതിക്രമിച്ചു സേതുബന്ധവും സന്ദശിച്ചു. പിന്നെ പശ്ചിമദേശാഭിമുഖമായിട്ടു യാത്ര ചെയ്തു.

പശ്ചിമദേശാദിയാത്ര.

താമ്രപൎണ്ണി നദിയെ കടന്നു കേരളദേശത്തേയും അതിക്രമിച്ചു പന്ത്രണ്ടു ദേശങ്ങളേയും (ദ്വിഷൾപ്രകാരദേശങ്ങൾ) പിന്നിട്ടു ഗോകൎണ്ണത്തേയ്ക്കു പോയി. കൃഷ്ണാനദിയുടെ തീരത്തുള്ള പ്രദേശങ്ങളെല്ലാം ലംഘിച്ച് ആ അശേഷം മഹാദേശമായ കൎണ്ണാടകത്തെയും കടന്നു താമസംകൂടാതെ കൊങ്കണദേശത്തെയും കടന്നു തത്തദ്ദേശങ്ങളിലുള്ള രാജാക്കന്മാരോടുംകൂടി ഭീമാനദിതീരപ്രദേശങ്ങളെല്ലാം കണ്ടു മഹാരാഷ്ട്രത്തിൽ ചെന്നു. അവിടെനിന്നു ഗൌതമീനദിയെ കടന്നു വിദർഭരാജ്യത്തെയും അതിക്രമിച്ച് ആഭീരമണ്ഡലത്തിലെയ്ക്കു പോയി. മാളവദേശം വഴിയായി പോയി പുണ്യ എന്ന മഹാനദിയെ കടന്നു സംഭ്രമതി എന്ന പുണ്യനദിയെയും കടന്നു പിന്നെ ഗുജ്ജരദേശത്തു ചെന്നു. പിന്നെ പ്രഭാസം, ആനത്തം, സൌവീരം എന്നീദേശങ്ങളെ കടന്നുപോയി അശേഷം മരുദേശത്തെ പ്രാപിച്ചു. അവിടെനിന്നും പോയി ധന്വദേശം, സാരസ്വതദേശം മത്സ്യദേശം എന്നിവയെക്കടന്നു മാഥുരദേശത്തു ചെന്നു. പിന്നെ ശൂരസേനരാജ്യം കടന്നു പാഞ്ചാലരാജ്യം വഴിക്കുപോയി കുരുക്ഷേത്രത്തെയും കടന്നു കുരുജാംഗലദേശത്തെത്തി. പിന്നെ കേകയദേശത്തെ ലംഘിച്ച് ഉത്തമമായ കാശ്മീരദേശത്തെ പ്രാപിച്ചു. അനന്തരം ദില്ലിദേശം ഗൌഡദേശം ശകദേശം എന്നിവയിലെല്ലാം പൊയി. പിന്നെ യവനദേശം താമ്രദേശം എന്നിവയെക്കടന്നു നാനാദേശങ്ങളെ കണ്ടുംകൊണ്ടു കരതൊയാനദിയുടെ തീരത്തൂടെ വായുഗതിയൊടുകൂടി ജ്വാലാമുഖി

യെക്കുറിച്ചു യാത്ര ചെയ്തു. കരതോയാ * നദിയെ കടന്നുമുമ്പോട്ടു പോയാൽ ദോഷമുള്ളതുകൊണ്ട് അങ്ങിനെ ചെയ്തില്ല.

"കൎമ്മനാശാനദിസ്പൎശാൽ കരതോയാവിലംഘനാൽ
ഗണ്ഡകീബാഹുതരണാദ്ധൎമ്മഃസ്ഖലതി കീൎത്തനാൽ"

എന്നുണ്ട്. ജ്വാലാമുഖിയിൽനിന്നു പോയതു ഹരിദ്വാരത്തേക്കാണ്. ഹരിദ്വാരത്തുനിന്നു ഹിമാലയത്തിന്റെ സമീപത്തുള്ള പ്രദേശങ്ങളിലേക്കു ഗംഗാതീരത്തുടെതന്നെ പോയി. അതിനുശേഷം കുതിര ബദരികാശ്രമത്തെ സന്ദൎശിച്ചു കലാപഗ്രാമവാസികളായവരുടെ സമ്മാനം സ്വീകരിച്ചു മാനസമെന്നു സുപ്രസിദ്ധമായ സരസ്സിനെ ഗമിച്ചു. അവിടെയുള്ള ഹരിഹരക്ഷേത്രത്തെ സന്ദൎശിച്ചു സേനയോടുംകൂടി മിഥിലയിൽ എത്തിച്ചേൎന്നു. പിന്നെ നാനാദേശങ്ങളെ അതിക്രമിച്ചിട്ട് ആൎയ്യാവൎത്തത്തെ പ്രാപിച്ചു. പിന്നെ കാശി, ത്രിവേണി എന്നിവയിൽ പോയിട്ട് അന്തൎവ്വേദിയിൽ ചെന്നു അനന്തരം ശൃംഗിവേരപുരത്തു ചെന്ന്, തമസാനദിയേയും കടന്ന്, പരിശുദ്ധമായ നൈമിഷാരണ്യത്തിലും പോയി, ഗോമതീനദിയേയും കടന്നു ബ്രഹ്മാവൎത്തമെന്ന സരസ്സിലും ചെന്നു, മനോഹരങ്ങളായ പല പല ദേശങ്ങളെ കണ്ടുംകൊണ്ടു പോയിട്ട്, ആ അശ്വം കോസലമെന്ന മഹാദേശത്തെ കണ്ടു. പിന്നെ അയോദ്ധ്യയിൽ എത്തിച്ചേരുകയും ചെയ്തു. ഇങ്ങിനെ നാനാരാജ്യങ്ങളിൽ സഞ്ചരിച്ചു കുതിര മടങ്ങിവരുവാൻ ആറുമാസകാലം വേണ്ടിവന്നു.

ശ്യാമകൎണ്ണനെ സ്വീകരിച്ചത്.

ശത്രുഘ്നന്റെ രക്ഷയിലും പല രാജ്യങ്ങളിലുമുള്ള രാജാക്കന്മാരോടുകൂടിയും വന്നുചേൎന്ന ശ്യാമകൎണ്ണന്റെ വരവു കേട്ടിട്ടു സീതാപതിയായ ശ്രീരാമൻ അതിനെ എതിരേല്ക്കുവാനായി ലക്ഷ്മണനോടു കല്പിച്ചു. ലക്ഷ്മണൻ ഒരു ഗജേന്ദ്രനെ എഴുന്നെ

* കരതോയാനദിയെ ലംഘിക്കുന്നതായാൽ ധൎമ്മസ്ഖലനം വേരുമെന്ന് ഇതിൽനിന്നു കാൺക.

ളിച്ചുകൊണ്ടു ചെന്നു ഭേരികൾ, ദുന്ദുഭികൾ മുതലായ വാദ്യങ്ങളുടെ ഘോഷങ്ങളോടും വാരാംഗനമാരുടെ നൃത്തഗീതപ്രയോഗങ്ങളോടും ബ്രാഹ്മണരുടെ വേദഘോഷങ്ങളോടുംകൂടി ശ്യാമകർണ്ണനേയും രാജാക്കന്മാരേയും എതിരേററു സവിസ്തരം പൂജിച്ചു മന്ദമന്ദം യജ്ഞവാടത്തിലേയ്ക്കു കൂട്ടിക്കൊണ്ടു വന്നു.

കുതിരയുടെ വരവു കണ്ടപ്പോൾ അയോദ്ധ്യയിലുണ്ടായ മഹോത്സവം വളരെ വലുതായിരുന്നു. അയോദ്ധ്യാനഗരത്തിന്റെ ചുററും പത്തു യോജന വിസ്താരത്തിലുള്ള സ്ഥലം രാജാക്കന്മാരുടെ സമൂഹങ്ങളെക്കൊണ്ടുതന്നെ നിറഞ്ഞു. അവിടെ കൂടിയിരുന്ന രാജാക്കന്മാരെല്ലാം, മുമ്പുതന്നെ അയച്ചിരുന്ന പൌരജനങ്ങളേയും ജാനപദന്മാരേയും കണ്ടിട്ടു വണ്ടുകളെന്നപോലെ വലിയ പരിഭ്രമം കാണിക്കുകയുണ്ടായി. അവർ തങ്ങൾ തങ്ങളുടെ ആളുകളെ കാണുന്നതിന്നു ധൃതിപ്പെട്ടു സൈന്യത്തോടുകൂടി കിടന്നു തിരിഞ്ഞുതുടങ്ങി. യജ്ഞമണ്ഡപത്തിൽ ആളുകൾ തിക്കിത്തിരക്കിക്കൂടിയിരുന്നതുകൊണ്ട് എല്ലാവക്കും തങ്ങളുടെ ആളുകളെ കണ്ടെത്തുവാൻ അവിടെവെച്ചു സാധിക്കാതെ വന്നുപോയി. ചിലക്കു പിറേറ ദിവസം സ്വജനങ്ങളെ കാണ്മാൻ സാധിച്ചു. ചിലക്കു മൂന്നാം ദിവസവും, ചിലക്ക് അഞ്ചാം ദിവസവും, ചിലക്ക് ഏഴാം ദിവസവുമാണ് ആളുകളെ കാണ്മാൻ സാധിച്ചത്. ചിലർ ദുന്ദുഭിഘോഷം മുഴക്കിയിട്ടു തങ്ങളുടെ ആളുകളെ തിരഞ്ഞു കണ്ടെത്തി. ചിലക്കു കാണേണ്ടവരെ കാണ്മാൻ ഒരു പക്ഷവും മററു ചിലക്ക് ഒരു മാസവും താമസിക്കേണ്ടിവന്നു. വേറെ ചിലക്ക് ഈ അദ്ധ്വരകാലത്തു പ്രിയജനങ്ങളെ കാണാതെതന്നെ കഴിച്ചുകൂട്ടേണ്ടിവന്നു.

ഒരു പ്രദർശനസ്ഥലം.

ദൂരത്തുനിന്നു വന്നിട്ടുള്ളവർ സ്വജനങ്ങളെ കാണ്മാൻ പ്രയാസപ്പെടുന്നതായറിഞ്ഞിട്ടു ശ്രീരാമൻ ലക്ഷ്മണനെ വിളിച്ച് ഇങ്ങിനെ കല്പിച്ചു—"ഹേ ലക്ഷ്മണ! ഈ യാഗമണ്ഡപത്തിൽ ജനസമ്മർദ്ദം അധികമുള്ളതുകൊണ്ട് ആളുകൾക്കു സ്വജനങ്ങ

ളുമായി വിരഹം വരുന്നു. ഈ വൈഷമ്യം തീക്കുവാൻ ഒരു യുക്തി ഞാൻ പറഞ്ഞുതരാം. നീ അതുപ്രകാരം ചെയ്യണം. തമസാനദിയുടെ തീരത്തിൽ വിശാലവും മനോഹരവുമായ ഒരു പ്രദേശനശാല പണിയിക്കുക. ആരെല്ലാം സ്വജനങ്ങളെക്കാണാതെ ഉഴലുന്നുണ്ടോ അവരൊക്കയും ആ ശാലയിൽ ചെന്നു കണ്ടുകൊള്ളണമെന്ന് ഉറക്കെ പെരുമ്പറ കൊട്ടി അറിയിക്കയും ചെയ്ക. ആളുകളെ കാണ്മാനായി വരുന്നവരെയെല്ലാം ആ ശാലയിൽ പ്രവേശിപ്പിക്കുക. അവിടെവെച്ചു വേണ്ടവരെല്ലാം പരസ്പരം കണ്ടുകൊള്ളട്ടേ. ചതുഷ്പദം തുടങ്ങിയുള്ള എത്രലഘുവായ വസ്തുക്കളും അന്യൻെറ വകയായിട്ടുള്ളതു കണ്ടുകിട്ടിയാൽ അതെല്ലാം മേല്പറഞ്ഞ പ്രദേശനശാലയിൽ കൊണ്ടുപോയി വെയ്ക്കണം. അവിടേ വന്ന് എല്ലാവരും അവരവരുടേതു നോക്കിയെടുത്തുകൊള്ളട്ടേ" ഇപ്രകാരം ശ്രീരാമൻെറ വാക്കു കേട്ടു ലക്ഷ്മണൻ "അങ്ങിനെതന്നെ" എന്നു പറഞ്ഞ് അതുപ്രകാരമെല്ലാം പ്രവത്തിച്ചു. തന്നിമിത്തം എല്ലാ ജനങ്ങളും തമസാതീരത്തിലുള്ള ശാലയിൽചെന്നു താന്താങ്ങളുടെ സ്ത്രീകഠം, കുട്ടികഠം, മന്ത്രിമാർ മുതലായവരെ കണ്ടു സന്തോഷിച്ചു. അവിടെവെച്ചുതന്നെ എവക്കും തങ്ങളുടെ വകയായി കയ്യിൽനിന്നു പോയ ചതുഷ്പദാദി വസ്തുക്കളെല്ലാം തിരികെ കിട്ടുകയും ചെയ്തു. ഒരാഠം വല്ല ദിക്കിലും വെച്ച് എന്തെങ്കിലും ഒരു സാധനം മറന്നുവെങ്കിൽ അതു കിട്ടുന്നവൻ അതെടുത്തു പ്രദേശനശാലയിൽ എത്തിക്കും. അവിടെവെച്ച് അതു ശരിയായ ഉടമസ്ഥന്നുതന്നെ കിട്ടുകയും ചെയ്യും.

ശ്രീരാമൻെറ ഈ അശ്വമേധത്തിൽ ഉണ്ടായ ജനസമ്മദ്ദത്തിന്ന് അതിരില്ലായിരുന്നു. അവിടെവെച്ച് ആളുകഠക്കു ചെവിയിൽചെന്നു പറഞ്ഞാലുംകൂടി അതു ശരിയായി കേഠക്കുവാൻ കഴിഞ്ഞിരുന്നില്ല. തന്നിമിത്തം യാഗത്തിന്നു വന്നിട്ടുള്ള രാജാക്കന്മാരെല്ലാം കൂടാരങ്ങളിലാണു പാത്തിരുന്നത്.

ഇങ്ങിനെ ശ്രീശതകോടി രാമായണാന്തഗ്ഗതമായ
ആനന്ദരാമായണത്തിൽ യാഗകാണ്ഡത്തിൽ
മൂന്നാം സഗ്ഗം കഴിഞ്ഞു.

# നാലാം സർഗ്ഗം.

ശ്രീരാമദാസൻ പറഞ്ഞു:—

അനന്തരം ആ ഋത്വിക്കുകളെല്ലാംകൂടി ശുഭങ്ങളും മംഗളങ്ങളുമായ വിവിധവിധികളോടുകൂടി ശ്രീരാമചന്ദ്രന്റെ അശ്വമേധയാഗത്തെ വിധിക്കു തക്കവണ്ണം വഴിപോലെ നടത്തിക്കുവാൻ തുടങ്ങി. ഈ അശ്വമേധത്തിങ്കൽ ഋത്വിക്കുകളും സദസ്യന്മാരും രത്നചിത്രിതങ്ങളായ പട്ടാംബരങ്ങളെധരിച്ചവരായിട്ടു ശോഭിച്ചു. വൃത്രഹന്താവായ ദേവേന്ദ്രന്റെ യാഗത്തിലെന്നപോലെ ഈ യാഗത്തിലും അവൎക്ക് അസാധാരണമായ ഒരു കാന്തിവിശേഷം ഉണ്ടായി.

ശിവന്റെ എഴുന്നള്ളത്ത്.

ഇതിനിടയിൽ ശ്രീരാമന്റെ ക്ഷണപ്രകാരം ഭഗവാൻ ശ്രീപരമേശ്വരൻ, ദേവേന്ദ്രൻ തുടങ്ങിയ ദേവകളോടും യജ്ഞേശ്വരനായ വിഘ്നേശ്വരനോടും ശ്രീപാൎവ്വതിയോടുംകൂടി വൃഷഭാരൂഢനായിട്ടു ഭൂതഗണസഹിതനായി യജ്ഞശാലയിലേയ്ക്കെഴുന്നള്ളി. ശിവന്റെ എഴുന്നള്ളത്തു കേട്ടു ലക്ഷ്മണൻ ചെന്നെതിരേററ്, കൊമ്പനാനയെ മുമ്പിൽ നടത്തി, കൊടിമരമുയൎത്തി, കൊടിക്കൂറ തൂക്കി, തോരണം നാട്ടി, പല പല ദിവ്യവാദ്യങ്ങളുടെ ഘോഷങ്ങളോടും, വാരസ്ത്രീകളുടെ നൃത്തങ്ങളോടുംകൂടി സ്വീകരിച്ചു ഭക്തിപൂൎവ്വം പൂജിച്ചു യജ്ഞമണ്ഡപത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു. യജ്ഞശാലയിൽ എത്താറായപ്പോൾ ശ്രീരാമൻ അഞ്ചോ ഏഴോ അടി മുമ്പോട്ടു ചെന്നു സാഷ്ടാംഗം നമസ്കരിച്ച് ആലിംഗനം ചെയ്തു ത്രൈലോക്യനാഥനായ ശ്രീശങ്കരനെ ശ്രീപാൎവ്വതിയോടുംകൂടി സ്വൎണ്ണസിംഹാസനത്തിൽ എഴുന്നള്ളിച്ചിരുത്തി, സീതയോടുംകൂടി താൻതന്നെ സ്വന്തം കൈകൊണ്ടു സ്വൎണ്ണപാത്രജലത്താൽ അവിടുത്തെ തൃക്കാൽ കഴുകിച്ചു. കാൽ കഴുകിക്കുന്നതിന്നുള്ള വെള്ളം സീതാദേവിതന്നെ, സ്വൎണ്ണംകൊണ്ടുണ്ടാക്കിയതും മണിരത്നാദികളെക്കൊണ്ടലങ്കരിച്ചതുമായ തീൎത്ഥക്കിണ്ടികൊണ്ടു യഥായോഗ്യം ഒഴിച്ചുകൊടുത്തു.

അനന്തരം ശിവനൊരുമിച്ചു വന്നിട്ടുള്ള ആ ദേവന്മാരെല്ലാം സീതാദേവിയേയും ശ്രീരാമദേവനേയും കണ്ടു. അവരുടെ കടാക്ഷം ഏററവം അതിയായ സന്തോഷാത്ഭുതങ്ങൾക്കു വിധേയന്മാരായിട്ടു, ചിത്രത്തിലെഴുതിയതുപോലെ അനിമേഷന്മാരായി സ്ഥിതിചെയ്തു. തങ്ങൾ ആരാണെന്നുള്ള കഥതന്നെ അവർ അറിയാതേകണ്ടായി. ആ ദേവന്മാരിൽ ചിലർ സന്തോഷത്തോടുകൂടി ശ്രീരാമനെ സ്തുതിച്ചു. മററു ചിലർ അഞ്ജലിബന്ധം ചെയ്തുകൊണ്ടു ജാനകീദേവിയെ സ്തുതിച്ചു. കോടിസൂൎയ്യപ്രകാശത്തോടുകൂടിയതായ സീതാരാമന്മാരുടെ ദിവ്യമംഗളവിഗ്രഹം കണ്ടിട്ടു സകല ദേവസമൂഹങ്ങൾക്കും അളവററാതായ സന്തോഷം ഉളവായി.

ശ്രീരാമനും ശ്രീപരമേശ്വരനും.

തദനന്തരം ശ്രീരാമൻ ഗിരിജാപതിയായ ശങ്കരനെ സീതയോടുംകൂടി താൻതന്നെ പൂജിക്കുകയും സകല ദേവന്മാരേയും യഥാക്രമം ലക്ഷ്മണനെക്കൊണ്ടു പൂജിപ്പിക്കുകയും ചെയ്തിട്ടു, ലോകങ്ങൾക്കെല്ലാം മംഗളം നല്കുന്ന ശ്രീപരമേശ്വരനോട് ഇങ്ങിനെ പറഞ്ഞു.

ഇന്നു ഞാൻ ധന്യനായ് സീതയോടൊന്നിച്ചു
നിന്നുടെ രൂപം നിരീക്ഷിക്ക കാരണം;
ഇന്നു ഞാൻ സൂൎയ്യവംശത്തിൽ പിറന്നതും
ധന്യ സഫലമായ് ശ്രീശങ്കരപ്രഭോ ! !

ഇങ്ങിനെയുള്ള ശ്രീരാമന്റെ വാക്കു കേട്ടിട്ടു ചന്ദ്രചൂഡനായ ശ്രീപരമേശ്വരൻ മന്ദഹസിച്ചുംകൊണ്ടു രാമനോട് അരുളിച്ചെയ്തു.

(മഞ്ജരി)

നാരായണ ഹരേ! നിന്നുടെ മായക-
ളാരാണറിഞ്ഞതിപ്പാരിടത്തിൽ ?
നിൻനാഭിപങ്കജമദ്ധ്യത്തിൽനിന്നു താ-
നന്നാന്മുഖൻ മുന്നമുണ്ടായ്വന്നു.
നാലാനനനവൻ തന്നിൽനിന്നുണ്ടായി-

പോലാമരിച്യാദിമാമുനിമാർ.
ഓജസ്സെഴുമവരേഴുമുനീന്ദ്രരും
ഹേ ജഗദേന്ദ്യ! നിൻ പൌത്രരല്ലോ.
അമ്മരീചിതൻെറ നന്മകൻ കശ്യപൻ
നന്മയിൽ സൃഷ്ടി വിധി തുടർന്നോൻ;
കശ്യപൻ തൻെറ തനയൻ സവിതാവോ
വിശ്വനാഥ! നിൻെറ പൌത്രനത്രേ;
ആരവിതന്നിൽനിന്നുണ്ടായി മുന്നമീ-
സ്സൂര്യവംശ;മതിൽ നീ പിറന്നു.
സൂര്യവംശത്തിൽ പിറന്നവൻ നീയല്ല
സൂര്യനല്ലോ നിൻെറ വംശജാതൻ!
മായയാലെന്നെ നീ മോഹിപ്പിച്ചീടൊല്ലാ
മായാമയനായ നാരായണ!
ദേവകാര്യാർത്ഥമവതീർണ്ണനായോൻ നീ
കേവലപൂരുഷനാദിദേവൻ.
മായാമയൻ നീ യഥേഷ്ടം കളിക്കുന്നി-
തീയാത്രായജ്ഞാദികൌതുകത്താൽ.
അല്ലെങ്കിലീവക ലീലകളൊക്കെയും
നല്ലോരു ലോകശിക്ഷയ്ക്കായുള്ളതാം.

ഇപ്രകാരം ശ്രീപരമേശ്വരൻ അരുളിച്ചെയ്തതു കേട്ടിട്ടു സീതാദേവിയും ശ്രീരാമനും മന്ദസ്മിതം ചെയ്തു യജ്ഞകുണ്ഡത്തി നടുത്തുള്ള ഗുരുവിൻെറ സമീപത്തായിട്ടിരുന്നു. ഇതിനിടയിൽ അവിടെ ഗന്ധർവ്വന്മാർ, കിന്നരന്മാർ, അപ്സരസ്സുകൾ മുതലായവർ ആയിരക്കണക്കായി വന്നുചേർന്നു ലോകപാലന്മാർ, ദിക്പാലന്മാർ, പാതാളവാസികൾ എന്നിവരും എത്തി. നവഗ്രഹങ്ങൾ, ആറ ഋതുക്കൾ, അറുപതു സംവത്സരങ്ങൾ, നക്ഷത്രങ്ങൾ, തിഥികൾ, യോഗങ്ങൾ, കരണങ്ങൾ, രാശികൾ എന്നിവയും പർവ്വതങ്ങൾ, വൃക്ഷങ്ങൾ, സമുദ്രങ്ങൾ, തടങ്ങൾ, സരസ്സുകൾ, നദികൾ, പൊയ്കകൾ, കൂപങ്ങൾ, പക്ഷികൾ തുടങ്ങിയവയും ജംഗമരൂപങ്ങളെദ്ധരിച്ചു ശ്രീരാമൻെറ യജ്ഞമണ്ഡ

പത്തിൽ സന്നിധാനം ചെയ്തു. രാമനു മഹോപകാരിയായ സമ്പാതിയും ഗുഹനും മകരദ്ധ്വജനും ഈ യാഗത്തിനു വന്നു ചേൎന്നു. ലങ്കാപതിയായ വിഭീഷണനും സൎവ്വരാക്ഷസസമേതനായി വന്നു. അവരെല്ലാവരും ശ്രീരാമന്റെ യഥായോഗ്യമുള്ള ഉപചാരങ്ങളെ സ്വീകരിച്ചു സന്തുഷ്ടന്മാരായി സ്ഥിതിചെയ്തു. മുമ്പുതന്നെ വന്നിരുന്നവരും ശ്രീരാമനാൽ തന്റെ സമീപത്തിരുത്തപ്പെട്ടവരുമായ വാനരന്മാരും ഇവരുടെ കൂട്ടത്തിലുണ്ടായിരുന്നു.

കുംഭോദരന്റെ വരവ്.

ഇതിനിടയിൽ മഹാതേജസ്വിയായ കുംഭോദരൻ എന്ന മുനീശ്വരൻ അവിടെ വന്നു. അദ്ദേഹം വരുന്നതു കണ്ടിട്ടു സീമാചാരന്മാർ ഭയപരവശന്മാരായിത്തീൎന്നു. അവർ തങ്ങളിൽ ഇങ്ങിനെ പറഞ്ഞു: 'ഹാ കഷ്ടം! പണ്ടത്തെ കുംഭോദരമുനി പിന്നേയും വന്നുവല്ലോ. ഇദ്ദേഹം നിമിത്തമായിട്ടാണു രാഘവസ്വാമിക്കു വലുതായ യാത്രാക്ലേശം സംഭവിച്ചതു്. ഇദ്ദേഹത്തിന്റെ വാക്കു നിമിത്തമാണു് അശ്വമേധത്തിലും ഇത്രയേറെ ക്ലേശം വേണ്ടിവന്നതു്. എത്ര വളരെ ആളുകൾക്കു കുതിരപ്പുറത്തു കയറി ലോകമെങ്ങും ഓടിച്ചു തിരിയേണ്ട വന്നു! ഇപ്പോഴും ഈ വിദ്വാൻ വന്നിട്ടുള്ള സ്ഥിതിക്കു് ഇനിമേൽ എന്തൊക്കെയാണാവോ വരുവാൻ പോകുന്നതു്! ശ്രീരാമനെപ്പോലും ദുഷിക്കുന്നവനായ ഇദ്ദേഹം എന്തെല്ലാമാണാവോ ഇനിയും ഉണ്ടാക്കിത്തീൎക്കുക!' ഇപ്രകാരം സീമാചാരന്മാരായ ജനങ്ങൾ പലവിധത്തിലും പറഞ്ഞ വാക്കുകൾ കേട്ടിട്ടും മഹൎഷി ഒന്നും പറയാതെകണ്ടു യജ്ഞഭൂമിയിലേയ്ക്കു പോയി.

മഹൎഷി യജ്ഞഭൂമിയിലെത്തുന്നതിന്നുമുമ്പായിത്തന്നെ സീമാചാരന്മാർ ഓടിക്കിതച്ചു വിറച്ചു ധൃതിപ്പെട്ടുംകൊണ്ടു ശ്രീരാമന്റെ സന്നിധിയിൽ ചെന്നു് ഇങ്ങിനെ ഉണൎത്തിച്ചു— 'ഹേ മഹാബാഹുവായ രാമ! ഹേ പ്രഭുവായ ലക്ഷ്മണ! കേട്ടാലും. ആരുടെ വാക്കു നിമിത്തമാണോ ഈ യാത്രയും യജ്ഞവുമൊക്കെ വേണ്ടിവന്നതു് ആ കുംഭോദരമുനിയുണ്ടു പിന്നേയും വ

ന്നിരിക്കുന്നു. ഹേ രാമ! ആ മഹർഷി നിന്തിരുവടിയുടെ പേരിൽ കൂടിയും നിഷ്ഠുരനാണെന്ന് അറിയാമല്ലോ". ഇപ്രകാരം ദൂതന്മാർ പറഞ്ഞതു കേട്ട് എല്ലാവരും അവരവരുടെ പ്രവൃത്തികൾ നിർത്തിവെച്ച് ആ മഹർഷിയെ കാണ്മാനായി എഴുന്നേററു. ഋത്വിക്കുകളും ശ്രീരാമനും സീതയും മാത്രം മഹർഷിയിൽനിന്നു യാതൊരുവിധത്തിലുള്ള ഭയത്തേയും ശങ്കിച്ചില്ല. എല്ലാവരും കാണ്കെത്തന്നെ കംഭോദരൻ യജ്ഞവാടത്തിലേയ്ക്കു കടന്നു ചെന്നു.

കുറിയൊരുടലുമേറെസ്ഥൂലമാകും ശിരസ്സും
കുവനിറമിടതിങ്ങും കണ്ണവും ചേന്നിണങ്ങി
പെരിയവയറുമേററം പിംഗമാം കണ്ണുമായി-
ട്ടരിയ മുനി വിളങ്ങി യജ്ഞവാടാന്തികത്തിൽ.
മുവകിയ ജടകെട്ടി ച്ചാരുകൌപീനമേന്തി-
പ്പെരിയൊരുവദനത്തിൽ ശ്മശ്രുജാലം നിറഞ്ഞും
മരവുരികളുടുത്തും ഖവ്വമാകുന്ന കയ്യിൽ
പെരുമയുടയദണ്ഡും കിണ്ടിയും പൂണ്ടുകൊണ്ടും,
മെതിയടികൾ ധരിച്ചാരക്കരംകാൽച്ചവിട്ടിൽ-
ഗ്ഗതിമുവകിയ മട്ടിൽത്തെല്ലൊരൌദ്ധത്യമോടേ
പുതിയൊരു യുവചൈതന്യത്തെയെങ്ങും പരത്തി-
ട്ടതിതരമഹിമാവാമാമുനീന്ദ്രൻ വിളങ്ങി.

ഇങ്ങിനെയിരിക്കുന്ന കംഭോദരനെ കണ്ടിട്ട് ആളുകളെല്ലാം ഭയസംഭ്രമങ്ങൾക്കധീനരായി ഭവിച്ചു. അദ്ദേഹത്തിൻെറ പൂവ്വകമ്മത്തെ ഓത്തും മററുള്ളവർ ഓരോന്നു പറഞ്ഞു കേട്ടുമാണ് ഭയം തോന്നിയത്.

കംഭോദരനു സ്വാഗതം.

കംഭോദരൻ യജ്ഞവാടത്തിലേയ്ക്കു വരുന്നതു കണ്ടപ്പോൾ ശ്രീരാമൻ വേഗത്തിൽ ചെന്നെതിരേററു സാഷ്ടാംഗമായി വീണു നമസ്കരിച്ചു കൈക്കു പിടിച്ചു യജ്ഞശാലയിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു ദിവ്യമായ ഒരു സ്വണ്ണാസനത്തിന്മേൽ ഇരുത്തി. അപ്പോൾ കംഭോദരൻ ദണ്ഡവും കമണ്ഡലുവും ചീരവസ്ത്രവും

ഭൂമിയിൽ വെച്ചു ശ്രീരാമനെ നമസ്കരിച്ചു. രാമനാകട്ടെ അദ്ദേഹത്തെ കൈകളെക്കൊണ്ടു പിടിച്ചെഴുന്നേല്പിച്ചു ഗാഢമായി ആലിംഗനം ചെയ്തു 'ഹേ മുനിസത്തമ! രാവണനെ നിഗ്രഹിച്ച ഞാൻ അങ്ങയുടെ വന്ദനത്തിന്നു യോഗ്യനല്ല' എന്നു പറഞ്ഞു. ശ്രീരാമൻെറ ഈ വാക്കുകൾ ബാണങ്ങളെന്നപോലെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ തറച്ചു. എന്നിട്ട് ആ മഹർഷിപുംഗവൻ യജ്ഞവാടത്തിൽ വെച്ചു ശ്രീരാമനോടു താഴെ കാണിക്കുംപ്രകാരം പറഞ്ഞു:—

(കിളിപ്പാട്ട്)

രാമ രാമ മഹാബാഹോ രഘൂത്തമ
നീ മയി കോപം നിനക്കരുതേതുമേ
ഞാനൊരപരാധിയാകിലും നീ രഘു-
സൂനോ! പൊറുത്തരുളേണം മഹാമതേ!
സ്വാത്മസിദ്ധിക്കല്ല ഞാനങ്ങയിൽ ദോഷ-
സാർത്ഥങ്ങൾ ചൊന്നതെന്നോർക്കേണമുള്ളിൽ നീ.
പാരം പരോപകാർത്ഥിനായും തവ
സാരമാം കീർത്തി പരക്കുവാനായുമേ.
ലോകശിക്ഷക്കാണു ഞാൻ കഥിച്ചേനതു
ലോകപ്രഭോ നീയറിഞ്ഞുമിരിക്കുന്നു.
എങ്ങിനെയീ മുനിജാലങ്ങളൊക്കെയും
മംഗലമൂർത്തേ! ഭവാൻെറ സത്രത്തിങ്കൽ
ഇങ്ങുവന്നെല്ലാരുമുണ്ടുപോയോ ഞാനു-
മങ്ങിനേവന്നിങ്ങശനം കഴിച്ചതേ.
എന്നുവന്നാലെന്തു കീർത്തിയാണങ്ങേക്കു
വന്നുകൂടുന്നതു സീതാപതേ വിഭോ!
എന്നു മനസ്സിലുറച്ചു ഞാനോതിനേ-
നന്നു ദോഷങ്ങൾ ലോകത്തിൻ ഹിതത്തിനായ്
അത്രയും ഞാനന്നുരച്ചതില്ലെങ്കിലോ
യാത്രാസമുദ്യോഗമുണ്ടായ്വരുന്നതോ?

നാനാ മഹാദേശതീൎത്ഥാദികളിലും
നാനാവനാശ്രമാരാമാദികളിലും
നാനാനദീഗിരി ഗ്രാമാദികളിലും
നാനാജനങ്ങൾ നാനാകൎമ്മതല്പരർ
പാൎക്കുന്നി,തായവൎക്കങ്ങയെ സ്വൈരമായ്
പാൎക്കുന്നതിന്നു നിൻ യാത്ര നിമിത്തമായ്
ഞാനതിൻ കാരണമായ്ഭവിക്കുന്നതോൎക്കയാൽ
ആനന്ദമഭിമാനമുണ്ടു മനസ്സിൽ മേ.
"കുംഭോദരമുനി തൻ പ്രസാദത്തിനാ-
ലമ്പോടു കാണുമാറായ്വന്നിതിങ്ങിനെ
പാരം വിഷയികളായുള്ള ഞങ്ങൾക്കു
ഹാ! രാമചന്ദ്രനെജ്ജാനകിതന്നൊടും"
എന്നു ഞാൻ ചെയ്യൊരുപകാരമെത്രയു-
മിന്നു പുകഴ്ത്തിപ്പറയുന്നു സജ്ജനം.
ഈവിധമങ്ങയിൽ ദോഷം കഥിക്കയാൽ
ഭൂവിലെനിക്കൊരു കീൎത്തി കരസ്ഥമായ്
അങ്ങയ്ക്കുമുണ്ടിതിൻമൂലമായ് സൽകീൎത്തി
മംഗലാത്മാവേ രഘുവംശനന്ദന!
രാമ! ഭവാൻതീൎത്ഥ രാമതീൎത്ഥങ്ങളും
രാമേശ്വരന്മാരുമീരണ്ടുമുള്ളനാൾ
ശാരദരാകാശശാങ്കാഭമായ നിൻ
സാരമാംകീൎത്തി പുകഴ്ത്തും മഹാജനം
എന്നല്ല ഞാനതു ചൊന്നമൂലം ഭുവി
വന്നില്ലയോ ലോകശിക്ഷയും ശ്രീപതേ!
കുംഭോദരൻമുനി പണ്ടു രഘൂത്തമൻ
തൻപേരിലും ദോഷമോതിപോൽ നിഷ്ഠുരൻ
അങ്ങിനെയുള്ളൊരു ദോഷങ്ങൾ ഞങ്ങൾക്കു-
മെങ്ങിനെ സംഭവിച്ചീടാതിരുന്നിടും?
തന്നുടെ ദോഷം കളവാൻ രഘൂത്തമ-
നന്നുചെയ്തീടിനാൻ തീൎത്ഥയാത്രാവ്രതം

ചൊല്ലാവതോപിന്നെ നമ്മൾക്കെഴും കഥ
നില്ലാതെ തീർത്ഥങ്ങളാടുവാൻ പോകനാം"
എന്നുനിനച്ചു ഭയപ്പെട്ടു മാലോക-
രിന്നിമേൽ തീർത്ഥയാത്രയ്ക്കായൊരുങ്ങിടും
എങ്ങുംനിറഞ്ഞ പരബ്രഹ്മമാം നിന്നി-
ലെങ്ങിനേ ദോഷംഭവിക്കും രമാപതേ!
ഹേ ജഗന്നാഥ! സരോജപത്രത്തിങ്കൽ
ഹാ! ജലസ്പർശം ഭവിക്കുന്നതെങ്ങിനേ?
നിന്നുടെ ഭ്രൂഭംഗലേശമാത്രത്തിനാൽ
വന്നുപോം ബ്രഹ്മാണ്ഡനാശം രമാപതേ!
അങ്ങിനെയുള്ള ഭവാനു ദോഷാരോപ-
മെങ്ങിനേ സംഭവിക്കുന്നു ജനാർദ്ദന!
നിന്നുടേയാജ്ഞയാൽ മൃത്യുദേവൻ ജഗ-
ത്തിന്നുവരുത്തുന്നു സംക്ഷയം ശ്രീപതേ!
അപ്പോളൊരുവൻ നിമിത്തമപരനു
കെല്പോടു ദോഷം ഭവിക്കുന്നതെങ്ങിനേ?
ഭിത്തിയിൽ ചിത്രങ്ങൾ താനേവരച്ചോരാൾ
സത്വരമായതു മാർജ്ജനം ചെയ്യുകിൽ
മററൊരാൾക്കായിതിൽ ദോഷലേശം വിഭോ!
പററുന്നതെങ്ങിനേ പാർത്തു നോക്കീടുകിൽ?
മൂന്നായ്യിരിഞ്ഞ ഗുണങ്ങളാലങ്ങുന്നു
മൂന്നായി ലോകകാര്യങ്ങൾ നടത്തുന്നു!
സൃഷ്ടിച്ചിടുന്നു രജസ്സിനാലങ്ങുന്നു
വിഷ്ടപം രക്ഷിച്ചിടുന്നിതു സത്വത്താൽ
നഷ്ടമാകുന്നു തമസ്സിനാലും പര-
മേഷ്ഠി ഹരിരുദ്ര രൂപനായ് സന്തതം
നിന്തിരുവുള്ളം തെളിവതിന്നായ് ഞങ്ങൾ
സന്തതംചെയ്യുന്നു തീർത്ഥയാത്രാവ്രതം
തീർത്ഥഭൂതഗുണനായിടുമങ്ങേക്കു
തീർത്ഥങ്ങളാലെന്തു സാദ്ധ്യം ജഗല്പതേ!

സൎവ്വതീൎത്ഥങ്ങളിൽ മുഖ്യമെന്നോതുന്ന
സൎവ്വരും സാദ്ധ്വിയായോരു ഗംഗയേ
അഗംഗത്തിൻെറ വലത്തു പെരുവിര-
ലഗ്രത്തിൽ നിന്നുളവായവളല്ലയോ?
നിന്നുടേ കാൽപൊടിയേററ പവിത്രയായ്-
വന്നതുമൂലമഗംഗയിന്നും വിഭോ!
തൽപാദരേണുക്കൾ ചേൎന്നപോൽ ശുഭ്രയായ്
നില്പതുണ്ടത്രയുമല്ല രഘുപതേ!
രേണുക്കളുമുണ്ടു ഭാഗീരഥീജലേ
കാണുന്നുപാറിപ്പറന്നുകൊണ്ടങ്ങിനേ?

ഇപ്രകാരം പലതുംപറഞ്ഞു കുംഭോദരമുനി ശ്രീരാമനെ സന്തോഷിപ്പിച്ചു. പിന്നേ ശ്രീരാമാഷ്ടോത്തരശതനാമസ്തോത്രം എന്ന ദിവ്യസ്തോത്രംകൊണ്ടും അദ്ദേഹം രാമചന്ദ്രനെ സ്തുതിച്ചു. അനന്തരം മഹൎഷി ശ്രീരാമനാൽ ചെയ്യപ്പെട്ട പൂജയെ സ്വീകരിച്ചു സന്തുഷ്ടനായി സ്ഥിതിചെയ്തു. ശ്രീരാമനും സീതയോടുകൂടി ഗുരുവിൻെറ സന്നിധിയിൽ എഴുന്നള്ളിയിരുന്നു. എല്ലാവരും അവരവരുടെ ആസനങ്ങളിൽ യഥാപൂൎവ്വം ഇരിക്കുകയും ചെയ്തു.

ഇങ്ങിനെ ശതകോടി രാമായണാന്തൎഗ്ഗതമായ ആനന്ദരാമായണത്തിൽ യാഗകാണ്ഡത്തിൽ കുംഭോദരദൎശനം എന്ന നാലാംസൎഗ്ഗം സമാപ്തം.

## അഞ്ചാം സൎഗ്ഗം.

ശ്രീവിഷ്ണുദാസൻ പറഞ്ഞു:—

ഹേ ഗുരോ! ഞാനങ്ങയോട് ഒരു സംഗതി ചോദിക്കുവാനാഗ്രഹിക്കുന്നു. ഇതിൻെറ തത്വം സവിസ്തരമായി എനിക്കു പറഞ്ഞുതരണം. മഹാനായ കുംഭോദരമുനി അഷ്ടോത്തരശതം (ഒരുനൂറെറട്ട്) ശ്രീരാമനാമങ്ങളെച്ചേൎത്ത് ഉണ്ടാക്കിയതായ ശ്രീരാമസ്തോത്രം കേൾക്കുവാൻ എനിക്കു വലുതായ കൌതുകം ജനിച്ചിരിക്കുന്നു. ദയചെയ്ത് അതു പറഞ്ഞുതരണം.

ശ്രീരാമദാസൻ പറഞ്ഞു:—

അല്ലയോ വലിയ ബുദ്ധിമാനായ ശിഷ്യ! നീ എന്നോടു ചോദിച്ചതു വളരെ നന്നായി. ശ്രീരാഘവൻെറ അഷ്ടോത്തര ശതനാമസ്തോത്രത്തെ ഞാൻ പറഞ്ഞുതരാം. സൎവ്വസ്വരൂപനും സൎവ്വഭൂതങ്ങൾക്കും ഉപകാരം ചെയ്യുന്നവനുമായ സൎവ്വേശ്വരൻ സ്വതേ ആകൃതിയില്ലാത്തവനാണെങ്കിലും ലോകാനുഗ്രഹത്തിന്നായി ആകൃതിയെധരിച്ച് ഈ ലോകത്തിൽ അവതാരം ചെയ്തു സംസാരഭയത്തെ നശിപ്പിക്കുന്നു. എപ്പോഴെപ്പോൾ ലോകങ്ങൾക്കു ഭയം ജനിക്കുന്നുവോ അപ്പോഴപ്പോൾ ആ സൎവ്വേശ്വരൻ അവതാരംചെയ്തു ദുഷ്ടന്മാരായ അസുരന്മാരെ നശിപ്പിക്കുന്നു. സൎവ്വജ്ഞനും സൎവ്വകാലങ്ങളിലും ഉപകാരം ചെയ്യുന്നവനുമായ ഭഗവാൻ മത്സ്യകൂൎമ്മവരാഹാദികളുടെ രൂപമെടുത്തു പലപ്പോഴും അവതരിക്കുകയുണ്ടായിട്ടുണ്ട്. ഈശ്വരൻ നിരാകാരനാണെങ്കിലും ഭക്തവത്സലനാകയാൽ സാധുക്കളും സമചിത്തന്മാരുമായ ഭക്തന്മാരെ അനുഗ്രഹിപ്പാനായിക്കൊണ്ടു സകാരനായി അവതരിക്കുന്നു. ജന്മനാശരഹിതനും സൎവ്വഭൂതാത്മാവുമായ അവിടുന്നു ഭക്തന്മാരുടെ പേരിലുള്ള അനുകമ്പകൊണ്ട് അപ്പോഴപ്പോൾ അവതരിക്കുന്നു. ക്ഷീരാബ്ധിശായിയായിരിക്കുന്ന ദേവദേവേശനായ ആ ലക്ഷ്മീനാരായണസ്വാമി ബ്രഹ്മാദികളായ അശേഷദേവന്മാരാൽ അഭ്യൎത്ഥിതനായിട്ട് ആദിശേഷനോടും ശംഖചക്രങ്ങളോടുംകൂടി ശ്രീരാമനായി അവതരിച്ചു. ശേഷൻ ലക്ഷ്മണനായും, ലക്ഷ്മീദേവി സീതയായും ശംഖചക്രങ്ങൾ ഭരതശത്രുഘ്നന്മാരായും ജനിച്ചു. ദേവന്മാരെല്ലാവരും മുമ്പുതന്നെ അവരുടെ ഭയശാന്തിക്കായിക്കൊണ്ടു വാനരന്മാരായും ജനിച്ചു. അവരിൽവെച്ചു ശ്രീനാരായണനാണു ശ്രീരാമൻ എന്നു പ്രസിദ്ധനായത്. സൎവ്വലോകാനുഗ്രഹാൎത്ഥമായി സ്വയംഭൂമിയിൽ അവതരിച്ച ഈ ദേവേശൻ കേവലമായ ധ്യാനംകൊണ്ടു മഹാ പാപങ്ങളെക്കൂടിയും നശിപ്പിക്കുന്നവനാകുന്നു. നാമസങ്കീൎത്തനം, കഥാശ്രവണം എന്നിവയെ ചെയ്യുന്നവൎക്കുള്ള ബ്രഹ്മഹത്യാദി പാപങ്ങളേയും

ശ്രീരാമൻ നശിപ്പിക്കും. കലികാലത്തിങ്കൽ കേവലം നാമസങ്കീർത്തനംകൊണ്ടുതന്നെ സർവ്വപാപങ്ങളേയും തീക്കുന്നു. "രാമ രാമ രാമ" എന്നിങ്ങിനെ, മഹാപാപികളായ യാവചിലർ ജപിക്കുന്നുവോ അവരെ അവിടുന്നു പാപകോടിസഹസ്രങ്ങളിൽനിന്ന് ഉദ്ധരിക്കുന്നു. പാപമോചനത്തിന്ന് ഇതല്ലാതെ വേറെ വഴിയില്ല. അങ്ങിനെയിരിക്കുന്ന ശ്രീരാമന്റെ അഷ്ടോത്തരശതനാമസ്തോത്രത്തെ ഞാൻ നിനക്കുപദേശിച്ചുതരാം.

## ഓം.

അസ്യ ശ്രീരാമചന്ദ്രനാമാഷ്ടോത്തരശതമന്ത്രസ്യ ബ്രഹ്മാ ഋഷിഃ. അനുഷ്ടുപ് ഛന്ദഃ. ജാനകീവല്ലഭഃ ശ്രീരാമചന്ദ്രോ ദേവതാ. ഓം ബീജം. നമഃ ശക്തിഃ. ശ്രീരാമചന്ദ്ര ഇതി കീലകം. ശ്രീരാമചന്ദ്രപ്രീത്യർത്ഥേ ജപേ വിനിയോഗഃ. ഓം നമോ ഭഗവതേ രാജാധിരാജായ രാമായ പരമാത്മനേ ഹൃദയായ നമഃ. ഓം നമോ ഭഗവതേ രാജാധിരാജായ പഞ്ചാശദ്വർണ്ണാത്മനേ ശിരസേ സ്വാഹാ. ഓം നമോ ഭഗവതേ വിദ്യാധിരാജായ ഹയഗ്രീവായ ശിഖായൈ വഷൾ. ഓം നമോ ഭഗവതേ രഘുനന്ദനായാമിതതേജസേ കവചായ ഹും. ഓം നമോ ഭഗവതേ ക്ഷീരാബ്ധിമദ്ധ്യസ്ഥായ നാരായണായ നേത്രത്രയായ വഷൾ ഓം നമോ ഭഗവതേ സൽപ്രകാശായ രാമായ അസ്ത്രായ ഫട്. ഇതി ഷഡംഗഃ. ഏവം അംഗുലിന്യാസഃ കാര്യഃ.

അഥ ധ്യാനം.

മന്ദാരാകൃതി പുണ്യധാമവിലസദ്വക്ഷഃ സ്ഥലം കോമളം
ശാന്തം കാന്തമഹേന്ദ്രനീലരുചിരാഭാസം സഹസ്രാനനം
വന്ദേഹം രഘുനന്ദനം സുരപതിം കോദണ്ഡദീക്ഷാഗുരും
രാമം സർവ്വജഗത്സുസേവിതപദം സീതാമനോ വല്ലഭം.

സഹസ്രശീർഷ്ണേ വൈതുഭ്യം, സഹസ്രാക്ഷായതേനമഃ
നമസ്സഹസ്രഹസ്തായ സഹസ്രചരണായച 1
നമോ ജീമൂതവർണ്ണായ നമസ്തേ വിശ്വതോമുഖ
അച്യുതായ നമസ്തുഭ്യം നമസ്തേ ശേഷശായിനേ 2

നമോഹിരണ്യഗൎഭായ പഞ്ചഭൂതാത്മനേ നമഃ
നമോമൂല പ്രകൃതയേ ദേവാനാം ഹിതകാരിണേ 3
നമസ്തേ സൎവ്വലോകേശ സൎവ്വദുഃഖനിഷൂദന
ശംഖചക്രഗദാപത്മ ജടാമകുടധാരിണേ 4
നമോഗൎഭായതത്വായ ജ്യോതിഷാം ജ്യോതിഷേനമഃ
ഓംനമോ വാസുദേവായ നമോദശരഥാത്മജ 5
നമോനമസ്തേ രാജേന്ദ്ര സൎവ്വസമ്പൽപ്രദായച
നമഃ കാരുണ്യ രൂപായ കൈകേയിപ്രിയകാരിണേ 6
നമോദാന്തായ ശാന്തായ വിശ്വാമിത്ര പ്രിയായതേ
യജ്ഞേശായ നമസ്തുഭ്യം നമസ്തേ ക്രതുപാലക. 7
നമോനമഃ കേശവായ നമോനാഥായ ശാൎങ്ഗിണേ
നമസ്തേ രാമചന്ദ്രായ നമോ നാരായണായച 8
നമസ്തേ രാമചന്ദ്രായ മാധവായ നമോനമഃ
ഗോവിന്ദായ നമസ്തുഭ്യം നമസ്തേ പരമാത്മനേ. 9
നമോ വിഷ്ണുസ്വരൂപായ രഘുനാഥായതേ നമഃ
നമസ്തേനാഥനാഥായ നമസ്തേ മധുസൂദന. 10
ത്രിവിക്രമ നമസ്തേസ്തു സീതായാഃ പതയേനമഃ
വാമനായ നമസ്തുഭ്യം നമസ്തേ രാഘവായച 11
നമോനമഃ ശ്രീധരായ ജാനകീവല്ലഭായച
നമസ്തേസ്തുഹൃഷീകേശ കന്ദൎപ്പായ നമോനമഃ 12
നമസ്തേ പത്മനാഭായ കൌസല്യാ ഹൎഷകാരിണേ
നമോ രാജീവനയന നമസ്തേ ലക്ഷ്മണാഗ്രജ 13
നമോ നമസ്തേ കാകുൽസ്ഥനമോദാമോദരായച
വിഭീഷണപരിത്രാതൎന്നമസ്സംകൎഷണായച 14
വാസുദേവനമസ്തേസ്തു നമസ്തേ ശങ്കരപ്രിയ
പ്രദ്യുമ്നായ നമസ്തുഭ്യമനിരുദ്ധായതേ നമഃ 15
സദസദ്വ്യക്തി രൂപായ നമസ്തേ പുരുഷോത്തമ
അധോക്ഷജനമസ്തേസ്തു സപ്തതാലഹരായച 16
ഖരദൂഷണ സംഹൎത്രേ ശ്രീനൃസിംഹായതേനമഃ
അച്യുതായ നമസ്തുഭ്യം നമസ്തേ സേതുബന്ധക 17

ജനാർദ്ദനനമസ്തേസ്തു നമോ ഹനുമദാശ്രയ
ഉപേന്ദ്രചന്ദ്രവന്ദ്യായ മാരീച മഥനായച 18
നമോബാലി പ്രഹരണ നമസ്സുഗ്രീവരാജ്യദ
ജാമദശ്യമഹാദർപ്പ ഹരായ ഹരയേനമഃ 19
നമോ നമസ്തേ കൃഷ്ണായ നമസ്തേ ഭരതാഗ്രജ
നമസ്തേപിതൃഭക്തായ നമശ്ശത്രുഘ്നപൂർവ്വജഃ. 20
അയോദ്ധ്യാധിപതേതുഭ്യം നമശ്ശത്രുഘ്ന സേവിത
നമോനിത്യായ സത്യായ ബുദ്ധ്യാദിജ്ഞാനരൂപിണേ 21
അദ്വൈത ബ്രഹ്മരൂപായ ജ്ഞാനഗമ്യായതേ നമഃ
നമഃ പൂർണ്ണായരമ്യായ മാധവായ ചിദാത്മനേ. 22
അയോദ്ധ്യേശായ ശ്രേഷ്ഠായ ചിന്മാത്രായപരാത്മനേ
നമോഹല്യാദ്ധാരണായ നമസ്തേ പാപഭംഗിനേ. 23
സീതാരാമായ സേവ്യായ സ്തുത്യായപരമേഷ്ഠിനേ
നമസ്തേബാണഹസ്തായ നമഃ കോദണ്ഡധാരിണേ
നമഃ കബന്ധഹന്ത്രേച ബാലിഹന്ത്രേ നമോസ്തുതേ
നമസ്തേസ്തു ദശഗ്രീവ പ്രാണസംഹാരകാരിണേ. 25

ഫലശ്രുതി

ഇപ്രകാരം, ശ്രീരാമചന്ദ്രന്റെ പരമപാവനവും സർവ്വോത്തമവും സർവ്വപാപഹരവുമായ അഷ്ടോത്തരശതനാമസ്തോത്രം പറയപ്പെട്ടു. വിശിഷ്ടമായ ഈ സ്തോത്രം പ്രാണികളുടെ ഭാഗ്യവിശേഷം നിമിത്തം ലോകത്തിൽ പ്രചരിച്ചുകൊണ്ടിരിക്കും. ഇതിനെ ജപിക്കുന്നതുകൊണ്ടുതന്നെ ജനങ്ങൾ സൽഗതിയെ പ്രാപിക്കും. മനുഷ്യൻ ഈ അഷ്ടോത്തരശതനാമങ്ങളെ കീർത്തിക്കുന്നതുവരെ മാത്രമേ ബ്രഹ്മഹത്യാദികളായ പാപങ്ങൾ ജൃംഭിക്കയുള്ളു. ശ്രീരാമചന്ദ്രന്റെ ഈ സ്തോത്രം കീർത്തിക്കുന്നതു കേൾക്കുന്നതുവരെ മാത്രമേ കലിയുടെ ഉത്സാഹം ലോകത്തിൽ പ്രവർത്തിക്കയുള്ളു. ശ്രീരാമന്റെ ഈ തിരുനാമങ്ങൾ ജപിക്കുന്നതുവരെ മാത്രമേ ക്രൂരന്മാരായ യമഭടന്മാർ നിർഭയന്മാരായി നടക്കുകയുള്ളു. ഈ രാമസ്തോത്രത്തിന്റെ ഉത്തമമായ മാഹാത്മ്യം നിഷ്ഠയോടുകൂടി കീർത്തിക്കുകയും പഠിക്കുകയും മന

സ്സിൽ ദൃഢതയോടെ ധാൎമ്മവെയ്ക്കുകയും ചെയ്തുകഴിയുന്നതുവരെ മാത്രമേ പ്രാണികൾക്കു ശ്രീരാമന്റെ സ്വരൂപം അറിവാൻ പ്രയാസമുണ്ടായിരിക്കയുള്ളു. ആര് ഒരുവൻ ഈ സ്തോത്രത്തെ അന്യമുഖത്തുനിന്നു കേൾക്കുന്നുവോ അവനും സൎവ്വപാപങ്ങളിൽനിന്നും മോചിക്കും. ബ്രഹ്മഹത്യാദികളായ മഹാപാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യേണമെന്നു വിചാരിക്കുന്നവർ ഈ സ്തോത്രം ഒരു മാസം ജപിച്ചാൽ അവൻ പാപമുക്തനായി ഭവിക്കും. വാങ്ങാൻപാടില്ലാത്ത പ്രതിഗ്രഹം വാങ്ങുക, അഭക്ഷ്യം ഭക്ഷിക്കുക, പറയാൻപാടില്ലാത്തതു പറയുക എന്നിവകൊണ്ടുള്ള പാപത്തെ ഈ സ്തോത്രം ഏകവാരകീൎത്തനംകൊണ്ടുതന്നെ പരിഹരിക്കും. ശ്രുതികൾ, സ്മൃതികൾ, പുരാണങ്ങൾ ഇതിഹാസങ്ങൾ, ആഗമങ്ങൾ എന്നിവ എത്രകൂടിയാലും ഈ ശ്രീരാമനാമകീൎത്തനത്തിന്റെ ഒരു കലയോടുപോലും സമമായിരിക്കയില്ല. സീതാരാമന്റെ ഈ അഷ്ടോത്തരശതനാമങ്ങൾ പരമപാവനങ്ങളാകുന്നു. ഇവയുടെ കീൎത്തനമാത്രത്താൽ മനുഷ്യന്നു സൎവ്വകാമങ്ങളും കൈവരും. പുത്രനെ വേണ്ടവന്നു പുത്രനുണ്ടാകും. ധനം വേണ്ടവന്നു ധനം ലഭിക്കും. പതിയെ ഇച്ഛിക്കുന്നവന്നു പതിയുണ്ടാകും. ഈ സ്തോത്രത്തിന്റെ പാഠശ്രവണാദികളെക്കൊണ്ടു സൎവ്വകാമങ്ങളും സാധിക്കും. ഹേ ശിഷ്യ! പണ്ടു യജ്ഞവാടത്തിൽവെച്ചു കുംഭോദരമുനി യാതൊരു സ്തോത്രംകൊണ്ടു ശ്രീരാമനെ സ്തുതിച്ചുവോ ആ സ്തോത്രം ഇതാ ഞാൻ നിനക്കു പറഞ്ഞുതന്നു.

ഇങ്ങിനെ, ശതകോടി രാമായണാന്തൎഗ്ഗതമായ ആനന്ദരാമായണത്തിൽ യാഗകാണ്ഡത്തിൽ ശ്രീരാമനാമാഷ്ടോത്തരശതസ്തോത്രം എന്ന അഞ്ചാംസൎഗ്ഗം സമാപ്തം.

## ആറാം സൎഗ്ഗം.

ശ്രീരാമദാസൻ പറഞ്ഞു.

അനന്തരം ദിവ്യനായ കുംഭോദരമുനി ആസനത്തിങ്കൽ സ്ഥിതനായി. അപ്പോൾ ഋത്വിക്കുകൾ മേധ്യാശ്വമായ ശ്യാ

മകന്നുന്നെ യജ്ഞസ്തംഭത്തിന്മേൽ ബന്ധിച്ചു. ഹേ ദ്വിജശ്രേഷ്ഠ! ആ ഋത്വിക്കുകൾ ശ്യാമകന്നുന്റെ എല്ലാ അംഗങ്ങളേയും വെവ്വേറെയുള്ള മന്ത്രങ്ങളെക്കൊണ്ട് അഭിമന്ത്രിച്ചു ശമിതാവിനെക്കൊണ്ട് അവനെ ഹനിപ്പിച്ചു. പിന്നേ ആ മേദ്ധ്യാശ്വത്തിന്റെ മാംസഖണ്ഡങ്ങൾ നെയ്യിൽ നനച്ച് അവയെ അഗ്നിയിൽ ഹോമിച്ചു. അപ്രകാരംതന്നെ മലത്തവിട്, പായസം, പശുവിൻനെയ്യ് മുതലായും തേൻപുരട്ടിയ എള്ള കറുക മുതലായുമുള്ള നാനാപദാൎത്ഥങ്ങളെക്കൊണ്ടും ഹോമം കഴിച്ചു. ചമതളെക്കൊണ്ടുള്ള ഹോമവും ഉണ്ടായി. പിന്നെ കേവലമായ പശുവിൻ നെയ്കൊണ്ടു തടിച്ച ധാരയോടുകൂടിയും ധാരമുറിയാതെയുമുള്ള "വസുധാര" എന്ന ഹോമവും ചെയ്തു. ഈ വസുധാര ഉദ്ബ്ദ്ധമായ ഗോമുഖത്തിൽ കൂടേയാണ് ചെയ്യുത്. അതു യജ്ഞസമാപ്തിവരെ ചിരകാലത്തേയ്ക്കു നിണ്ടുനിൽക്കുകയും ചെയ്തു. അപ്പോൾ അതിനിബിഡമായ ധൂമപടലം പൊങ്ങി ആകാശം മുഴുവനും വ്യാപിച്ചു. ഇന്നും ആകാശം ശുഭ്രമായി കാണപ്പെടുന്നില്ല; നീലവൎണ്ണമായിത്തന്നെയിരിക്കുന്നതേയുള്ളു. ഇപ്രകാരം ഋത്വിക്കുകൾ ശുഭാവഹമായ വസന്തൎത്തുവിൽ മഹാപുണ്യമായ ചൈത്രമാസത്തിൽ ശ്രീരാമദേവന്റെ അശ്വമേധയാഗത്തെ വിധിപോലെ നടത്തിച്ചു.

യാഗത്തിലെ പതിവ്.

ശ്രീരാമനും സീതാദേവിയും പ്രതിദിവസം പ്രഭാതത്തിൽ എഴുന്നേററ് അഗ്നിഹോത്രാദികളായി പ്രാകൃതങ്ങളും വൈകൃതങ്ങളുമായുള്ള യജ്ഞങ്ങളെക്കൊണ്ടു ദിവ്യജ്ഞാനക്രിയേശ്വരനായ ദേവനെ ജയിക്കും. പിന്നെ ശിവനേയും ബ്രഹ്മാവിനേയും ദേവന്മാരേയും മുനിമാരേയും വേറെവേറെ നമസ്കരിച്ചു, കൌസല്യ മുതലായ അമ്മമാരേയും കാമധേനുവിനേയും ഹൃദയസ്ഥിതമായ ചിന്താമണിയേയും കണ്ഠത്തിൽ അങ്ങിനെ സൂൎയ്യപ്രകാശമുള്ള കൌസ്തുഭരത്നത്തേയും പുഷ്പകവിമാനത്തേയും യജ്ഞവാട ദേവതയായ യജ്ഞപുരുഷനേയും നമസ്കരിക്കും. അനന്തരം രാമതീൎത്ഥത്തിൽപോയി യഥാവിധി സ്നാനംചെയ്തു നിത്യകൎമ്മ

ങ്ങളെല്ലാം നിവത്തിച്ച ശ്രീശങ്കരനെ പൂജിക്കും. ശ്രീശങ്കരനെ പൂജിക്കുന്നതു കാമധേനുവിൽനിന്നുണ്ടായവയും സീതാദേവിയാൽത്തന്നെ സ്വൎണ്ണപാത്രത്തിലാക്കിക്കൊണ്ടുവരപ്പെട്ടവയുമായ ഉപഹാരദ്രവ്യങ്ങളെ സമൎപ്പിച്ചിട്ടാണ്. ശ്രീശങ്കരപൂജാനന്തരം കാമധേനുവിനേയും ബ്രഹ്മാവിനേയും ഋത്വിക്കുകളേയും സവിസ്തരം പൂജിച്ച ശ്രീരാമൻ സീതാസഹിതനായി ഗുരുസന്നിധിയിൽ സ്ഥിതി ചെയ്യും.

ലക്ഷ്മണൻെറ പൂജ.

പ്രതിദിവസം പ്രഭാതസമയത്ത് എല്ലാ ഋത്വിക്കുകളും ദേവന്മാരും മുനിസത്തമന്മാരും സ്നാനവും നിത്യകൎമ്മവും ചെയ്തു വന്നു യജ്ഞമണ്ഡപത്തിങ്കൽ സ്ഥിതിചെയ്ക പതിവായിരുന്നു. അവരെയെല്ലാം ലക്ഷ്മണൻ ശ്രീരാമൻെറ ആജ്ഞപ്രകാരം വഴിപോലെ പൂജിച്ചുവന്നു. അവരുടെ പൂജയും കാമധേനുവിൽനിന്നുണ്ടായ പലവിധം ദ്രവ്യോപഹാരങ്ങളെക്കൊണ്ടായിരുന്നു. അവരെ പൂജിച്ചതിന്നുശേഷം ലക്ഷ്മണൻ ദിവ്യവസ്ത്രാഭരണാദികളെക്കൊണ്ടും വിവിധങ്ങളായ പക്വാന്നങ്ങളെക്കൊണ്ടും രാജാക്കന്മാർ തുടങ്ങിയുള്ളവരേയും വഴിപോലെ പൂജിച്ചുവന്നു. അപ്രകാരംതന്നെ യാഗത്തിന്നു സന്നിഹിതമാരായ സ്ത്രീകൾക്കെല്ലാം, സീതയുടെ ആജ്ഞാനുസാരേണ ലക്ഷ്മണപത്നിയായ ഊൎമ്മിളയും മാണ്ഡവിയും ശ്രുതകീൎത്തിയുംകൂടി ഉചിതമായ പൂജയെച്ചെയ്തുവന്നു.

ചില പ്രധാനപ്പെട്ട ചടങ്ങുകൾ.

മേൽപറഞ്ഞപ്രകാരം പൂജിതന്മാരായ ഋത്വിക്കുകൾ യജ്ഞമണ്ഡപത്തിൽവെച്ച സുഗന്ധങ്ങളായ നാനാദ്രവ്യങ്ങളെക്കൊണ്ടു നിരന്തരമായ സ്വാഹാകാരങ്ങളോടുകൂടി അഗ്നിയിൽ ഹോമം ചെയ്തുവന്നു. രാമനും സീതയോടുകൂടി ദിവ്യങ്ങളും ശ്രേഷ്ഠങ്ങളുമായ പുരോഡാശങ്ങളെ ഹോമിച്ചു. ഹവിസ്സുകൾ അഗ്നിയിൽ മോചിക്കുമ്പോഴെല്ലാം അവയോട അവകാശികളായ ദേവന്മാർ സാക്ഷാത്തായിത്തന്നെ അവയെ സന്തോഷത്തോടുകൂടി ഭക്ഷിച്ചുവന്നു. അവർ "അസ്തുശ്രൌഷൻ" എന്നിങ്ങിനെ

പറഞ്ഞുവന്നു. യജ്ഞശാലയിൽ എങ്ങും മേഘദ്ധ്വനിയെന്നപോലെ വാദ്യഘോഷം കേൾക്കപ്പെട്ടിരുന്നു. ഋത്വിക്കുകളുടെ കോലാഹലവും യജ്ഞശാലയിൽ മുഴങ്ങിക്കൊണ്ടിരുന്നു. യജ്ഞശാലയുടെ മദ്ധ്യത്തിങ്കൽ ഋത്വിഗ്ജനങ്ങളാൽ വ്യാപ്തവും അതിമഹത്തുമായ ഹോമകുണ്ഡം അസാധാരണ തേജസ്സോടുകൂടി കാണപ്പെട്ടു ഋത്വിക്കുകൾ ഇരിക്കുന്നതിന്നു പിന്നിൽ മുനിമാർ, പിന്നെ പുറമേ ദേവന്മാർ, അനന്തരം ശ്രേഷ്ഠമാരായ സ്ത്രീകൾ, പിന്നീടു വിദ്യാധരന്മാർ, പിന്നെ യക്ഷന്മാർ, ഗന്ധൎവ്വന്മാർ, കിന്നരന്മാർ തുടങ്ങിയവർ, അനന്തരം വാനരന്മാർ, പിന്നെ ക്ഷത്രിയന്മാർ, തദനന്തരം അവരുടെ സേവകന്മാർ, അതിന്നുശേഷം വാരസ്ത്രീകൾ, പിന്നെ മാഗധന്മാർ, വന്ദികൾ മുതലായവർ—എന്നീ ക്രമത്തിൽ എല്ലാവരും യഥാസ്ഥാനം ഇരുന്നു യജ്ഞകൌതുകത്തെ സന്ദർശിച്ചു. മദ്ധ്യാഹ്നം വരെ ഹോമം ചെയ്തതിന്നുശേഷം ഋത്വിക്കുകൾ മാദ്ധ്യാഹ്നികം ചെയ്വാനായി സരയൂനദിയിലേയ്ക്കു പോകും. മാദ്ധ്യാഹ്നികം ചെയ്തതിന്നുശേഷം യജ്ഞമണ്ഡപത്തിലേയ്ക്കുതന്നെ വന്നു, നേമിരേഖപോലെ നിരത്തിയിട്ടിരിക്കുന്ന സ്വൎണ്ണാസനങ്ങളിൽ യഥാക്രമം സ്ഥിതിചെയ്യും. ദേവന്മാർ, ഈശ്വരന്മാർ മുതലായവരും ദിവ്യാസനങ്ങളിൽ ഇരിക്കും. അപ്പോൾ ലക്ഷ്മണനും ഭരതനും ശത്രുഘ്നനുംകൂടി അവരെ യഥായോഗ്യം പൂജിച്ചു്, എല്ലാവരുടെ മുമ്പിലും സ്വൎണ്ണപാത്രങ്ങൾ വെച്ചു് അവൎക്കു ഭോജ്യാദികൾ വിളമ്പുന്നതിന്നു സീതാദേവിയെ ധൃതിപ്പെടുത്തും. എന്നാൽ പിന്നെ സീത, ഊൎമ്മിള, മാണ്ഡവി, ശ്രുതകീൎത്തി എന്നിവരും മന്ത്രിപത്നിമാർ, സുഹൃൽപത്നിമാർ തുടങ്ങിയവരും കൂടി യജ്ഞമണ്ഡപത്തിൽ എല്ലാവൎക്കും ഭോജ്യാദിപദാൎത്ഥങ്ങൾ വിളമ്പുകയായി. കാമധേനുവിൽനിന്നുണ്ടായ പലതരം വിഭവങ്ങളോടുകൂടിയ അന്നങ്ങളെക്കൊണ്ടു, മുനീശ്വരാദികളായ സകലരും ഈ അശ്വമേധയാഗത്തിൽ തൃപ്തിയെ പ്രാപിച്ചു. യജ്ഞമണ്ഡപത്തിൽ പരിവേഷണകൎമ്മം ചെയ്യുന്ന സീത മുതലായ സ്ത്രീകളുടെ നൂപുരദ്ധ്വനിയും കിങ്ങിണികളുടെ കിലുക്കവും സൎവ്വരും കേട്ടുകൊണ്ടിരുന്നു.

ബ്രാഹ്മണാദികളുടെ സദ്യ.

(തുള്ളൽ)

"മൃഷ്ടമായെല്ലാരുമഷ്ടികഴിക്കുവി-
നിഷ്ടമെന്തെന്നാലതു പറഞ്ഞീടുവിൻ
വേണ്ടാത്തതെന്തെങ്കിലും വിളമ്പീടുകിൽ
വേണ്ട ഭയം,മറ്റു ദൂരെ നീക്കീടുവിൻ.
ചോദിച്ചിടാഴ്കിലുമെല്ലാ പദാൎത്ഥവും
ഭേദമെന്യേ വിളമ്പീടുമെല്ലാൎക്കുമേ
സൈ്വരമമൃതോപമമായ നെയ്യിന്റെ
ധാരമുറിയാതൊഴിക്കും നിരന്തരം"
ഇങ്ങിനെയോരോന്നു കേട്ടിതെല്ലാടവും
ഭംഗിയിലന്തണരുണ്ണുന്ന പന്തിയിൽ.
വേണ്ടേ കുറെക്കൂടിയെന്നു വിളമ്പുവോർ
വേണ്ട വേണ്ടെന്നു വിലക്കുന്നിതന്തണർ.
വേണമോ വല്ലതുമെന്നായ് രഘൂത്തമൻ
ശ്രേണിയിൽ നീളെ നടന്നു ചോദിക്കയും
ഒന്നുമേ വേണ്ടെന്നു കൈകാട്ടിയെല്ലാരു-
മൊന്നുമുരിയാടിടാതുണ്ടുകൊൾകയും
നല്ല വിശറികൾകൊണ്ടു വീശിക്കൊണ്ടു
നല്ലവണ്ണമുണ്ടു തൃപ്തിയടകയും.
മൃഷ്ടമായഷ്ടി കഴിച്ചുഷ്ണവാരിയാൽ
തുഷ്ടരായ് കയ്യും കഴുകി മുനീശ്വരർ
താംബൂലചൎവ്വണം ചെയ്തു പൊൻനാണ്യങ്ങ-
ളാമ്മാറു ദക്ഷിണ വാങ്ങി പ്രസന്നരായ്
തങ്ങൾ തങ്ങൾക്കുള്ള വാസസ്ഥലങ്ങളി-
ലങ്ങു ചെന്നൊട്ടൊട്ടു വിശ്രമിച്ചീടിനാർ.

അതിന്നുശേഷം മുമ്പറഞ്ഞപ്രകാരമുള്ള ഉപചാരാദിക ളോടുകൂടിത്തന്നെ ക്ഷത്രിയന്മാരായ രാജാക്കന്മാരും, തദനന്തരം വൈശ്യന്മാരും ഭോജനം ചെയ്തു. ഇങ്ങിനെത്തന്നെ സ്ത്രീകളു ടെ ഭോജനശാലകളിലും സദ്യകൾ നടന്നുകൊണ്ടിരുന്നു. ഒന്നാ

മതായി ദേവസ്ത്രീകൾ മുനിപത്നിമാരോടുംകൂടി ഭോജനം കഴിച്ചു. അതിന്നെത്തുടന്നുകൊണ്ടു ക്ഷത്രിയസ്ത്രീകളും സീതയുടെ അപേക്ഷപ്രകാരം ഭോജനം കഴിച്ചു. തദനന്തരം വൈശ്യസ്ത്രീകളും അതിൽപിന്നെ പൌരനാരിമാരും ഊണു കഴിച്ചു. ഒടുവിൽ ശൂദ്രസ്ത്രീകളും മൃഷ്ടമായി ഭക്ഷിച്ചു. പുരുഷന്മാരുടെ ഭോജനശാലകളിലാകട്ടെ വൈശ്യഭോജനാനന്തരം വാനരന്മാർ, രാക്ഷസന്മാർ, ഋക്ഷന്മാർ, പൌരന്മാർ, ജാനപദന്മാർ എന്നിവരും അവൎക്കുശേഷം ശൂദ്രാദികളും അതിൽപിന്നെ രാജസേവകന്മാരും ഭോജനം ചെയ്തു. ഈ യാഗസ്സദ്യയിൽ ഒരാളെങ്കിലും വിശന്നുംകൊണ്ടിരുന്നില്ല. ഒരാൾക്കും ഭോജനത്തിന്നു തടസ്ഥവും ഉണ്ടായില്ല. ഇങ്ങിനെ എല്ലാ ജനങ്ങളുടേയും ഊണു കഴിഞ്ഞതിന്നുശേഷം ശ്രീരാമൻ സ്വസ്ഥനായിട്ടു സീതയുടെ സന്നിബന്ധമായ അപേക്ഷപ്രകാരം അമൃതേത്തു കഴിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ അവിടുത്തെ സുഹൃത്തുകളും സചിവാദികളും ഉണ്ടായിരുന്നു. മണലിൽ എത്ര തരികളുണ്ടോ, വെള്ളത്തിൽ എത്ര തുള്ളികളുണ്ടോ, ആകാശത്തിൽ എത്ര നക്ഷത്രങ്ങളുണ്ടോ അത്ര ജനങ്ങൾ ബ്രാഹ്മണരും മററുമായിട്ടു, ശ്രീരാമന്റെ അദ്ധ്വരത്തിൽ പ്രതിദിനം ഭക്ഷണം കഴിച്ചുംകൊണ്ടിരുന്നു. മററുള്ളവരുടെ എല്ലാം ഊണു കഴിഞ്ഞതിന്നുശേഷം സീതയും ഭൎത്താവിന്റെ അമ്മമാർ, മന്ത്രിപത്നിമാർ, ഭൎത്തൃസഹോദരപത്നിമാർ എന്നിവരോടുകൂടി സ്വസ്ഥചിത്തയായിട്ടു ദിവ്യാന്നഭോജനം നിൎവ്വഹിച്ചു.

കഥാശ്രവണം മുതലായത്.

ഭോജനാനന്തരം ചതുൎത്ഥപ്രഹരാവസരത്തിൽ യജ്ഞമണ്ഡപത്തിൽ എല്ലാവരും ചേന്നു സഭ കൂടി കഥാകഥനം, നാമസങ്കീൎത്തനം, സംഗീതം, ശാസ്ത്രവാദം മുതലായ വിനോദങ്ങൾ നടത്തുക പതിവായിരുന്നു. മേൽപറഞ്ഞ വിനോദങ്ങളെക്കൊണ്ടും വാരസ്ത്രീകളുടെ നൃത്തഗീതങ്ങളെക്കൊണ്ടും ശ്രീരാമൻ ദിനാവസാനംവരെയുള്ള സമയം നയിച്ചുവന്നു. പിന്നെ സന്ധ്യാവന്ദനം കഴിച്ചു യഥാവിധി ഹോമവും ചെയ്തു പൂൎവ്വാഹ്നങ്ങളാ

യ കഥാദികളെക്കൊണ്ടു രാത്രിയുടെ രണ്ടു പ്രഹരത്തോളം കഴി ച്ചുകൂട്ടി എല്ലാവരേയും നിദ്രയ്ക്കായിക്കൊണ്ടു വിസൎജ്ജിക്കും. എ ല്ലാവരും താന്താങ്ങൾക്കുള്ള സ്ഥാനങ്ങളിൽച്ചെന്നു സുഖമായി കിടന്നുറങ്ങുകയും ചെയ്യും. അനന്തരം ശ്രീരാമനും സീതയോ ടുംകൂടി ഭൂമിയിൽ പട്ടാസനം വിരിച്ചു ജിതേന്ദ്രിയനായി ഇഷ്ട ദേവതാദ്ധ്യാനത്തോടുകൂടി പള്ളിക്കുറപ്പു കൊള്ളും. രാജാക്ക ന്മാൎക്ക് ആജ്ഞാഭംഗവും, ബ്രാഹ്മണൎക്കു മാനഖണ്ഡവും, സ്ത്രീ കൾക്കു ഭൎത്താവിനെ പിരിഞ്ഞുള്ള ശയനവും ആയുധംകൂടാതെ കൊല്ലുന്നതിന്നു തുല്യമാകയാൽ പ്രഭുവായ ശ്രീരാമൻ സീതാസ മേതനായിട്ടുതന്നെ ശയനം ചെയ്തു വന്നു. ഇങ്ങിനെയായിരു ന്നു ശ്രീരാമന്റെ അശ്വമേധയാഗത്തിൽ പ്രതിദിനം ഉണ്ടായി രുന്ന ദിനചൎയ്യാക്രമം.

ഇങ്ങിനെ ശതകോടി രാമായണാന്തൎഗ്ഗതമായ ആനന്ദരാമായണത്തിൽ
യാഗകാണ്ഡത്തിൽ യജ്ഞാംഗക്രമിതദിനചൎയ്യാവൎണ്ണനം എന്ന
ആറാം സൎഗ്ഗം കഴിഞ്ഞു.

## ഏഴാം സൎഗ്ഗം.

ശ്രീരാമദാസൻ പറഞ്ഞു:—

അനന്തരം 'സുത്യ'മെന്നു പറയപ്പെടുന്നതായ ദിവസം മ ഹാരാജാവു സദസ്സിന്റെ അധിപതിമാരും മഹാഭാഗന്മാരുമാ യ യാജകന്മാരെ വിധിപ്രകാരം പൂജിച്ചു. പിന്നെ ചൈത്രമാ സത്തിൽ ശുക്ലപക്ഷത്തിൽ പ്രതിപദത്തുനാൾ രാജാക്കന്മാർ യജ്ഞമണ്ഡപത്തിങ്കൽ വിധിക്കു തക്കവണ്ണം ധ്വജാരോപണ മെന്ന കൎമ്മവും നടത്തി.

വിഷ്ണുദാസൻ പറഞ്ഞു:—

ഹേ ഗുരോ! രാജാക്കന്മാർ യജ്ഞമണ്ഡപത്തിങ്കൽ ധ്വ ജങ്ങളെ ആരോപണം ചെയ്തുവെന്നു പറഞ്ഞുവല്ലോ. എ ന്നാൽ ഈ ധ്വജാരോപണത്തിന്റെ സ്വഭാവം ഒന്നു വിസ്തരി ച്ചു പറഞ്ഞുതരണം.

ശ്രീരാമദാസൻ പറഞ്ഞു:—

ഹേ ശിഷ്യ ! നീ ചോദിച്ചതു വളരെ നന്നായി എന്നു മാത്രമല്ല, ഈ ചോദ്യം ലോകത്തിന്ന് ഉപകാരപ്രദമായിട്ടുള്ളതും കൂടിയാണ്. നീ അവഹിതമാനസായിരുന്നു കേട്ടാലും. ഞാൻ പറഞ്ഞുതരാം.

ധ്വജാരോപണം.

ധ്വജാരോപണമെന്നതു സംവത്സരത്തിലൊരിക്കൽ നടത്തുന്ന ഒരു വ്രതമാകുന്നു. ഈ വ്രതത്തിന്നുള്ള സമയം വന്നതായിക്കണ്ടിട്ടു രാജകുമാരന്മാരെല്ലാവരുംകൂടി ശ്രീരാമന്റെ യജ്ഞവാടത്തിങ്കൽ സന്തോഷസമേതം ധ്വജങ്ങളെ ആരോപണം ചെയ്തു. യജ്ഞവാടത്തിലല്ലെങ്കിൽ പിന്നെ ധ്വജാരോപണം ചെയ്യേണ്ടതു വിഷ്ണുക്ഷേത്രങ്ങളിലാകുന്നു. കൊല്ലംതോറും ചൈത്രമാസത്തിലെ പുണ്യദിവസമായ വെളുത്ത പ്രതിപദത്തുന്നാളാണ് ഇതു ചെയ്യേണ്ടതു്. അതല്ലെങ്കിൽ ശ്രീരാമനവമി ദിവസവും ആകാം: മധുമാസത്തിലെ ശുക്ലദശമി, ആശ്വിനമാസത്തിലെ ശുക്ലദശമി, ഊർജ്ജമാസത്തിലെ ശുക്ലപ്രതിപദം എന്നിവയിലും ഇതു ചെയ്യാം. ഇങ്ങിനെ ഈ വ്രതത്തിന്റെ കാലം നിന്നോടു ഞാൻ പറഞ്ഞു.

ഇനി സർവ്വ പാപഹരവും സുകൃതകരവും ശ്രീരാമന്നു പ്രത്യേക പ്രീതിപ്രദവുമായ ധ്വജാരോപണമെന്ന വ്രതത്തെ ഞാൻ വിവരിച്ചു പറയാം! യാതൊരുവൻ വിഷ്ണുക്ഷേത്രത്തിൽ ഉത്തമമായ ധ്വജാരോപണവ്രതത്തെ അനുഷ്ഠിക്കുന്നുവോ അവൻ ബ്രഹ്മാദികളായ ദേവന്മാരാൽക്കൂടിയും പൂജിക്കപ്പെടുന്നു. അധികം പറഞ്ഞിട്ടു കാര്യമില്ലല്ലോ. കുടുംബിയായ ഒരു ബ്രാഹ്മണന്നു് ആയിരം ഭാരം സ്വർണ്ണം ദാനംചെയ്താലുള്ള ഫലം ധ്വജാരോപണവ്രതം ചെയ്താൽ സിദ്ധിക്കുന്നതാണ്. ഗംഗാസ്നാനം ചെയ്യുന്നതുകൂടിയും ധ്വജാരോപണത്തോടു തുല്യമാകുന്നതല്ല. അല്ലെങ്കിൽ, തുളസസേവയോ ശിവലിംഗപൂജയോ ആയാൽക്കൂടിയും ഇതിന്നു തുല്യമാകയില്ല. എല്ലാ വ്രതങ്ങളിലും വെച്ചു മഹത്വമുള്ളതും സർവ്വ പാപഹരവുമായ ഒരു വ്രത

മാണു ധ്വജാരോപണം. അതിനെപ്പററി ഇനി പറയുവാൻ പോകുന്ന സംഗതികളെ ശ്രദ്ധിച്ചു കേട്ടുകൊൾക.

ചൈത്രമാസത്തിലെ വെളുത്ത പക്ഷത്തിൽ പ്രതിപദത്തുന്നാളോ, മധുമാസത്തിലെ വെളുത്ത ദശമിനാളോ, ശ്രീരാമനവമി ദിവസമോ, ആശ്വിനിമാസത്തിലെ വെളുത്തപക്ഷത്തിൽ ദശമി ദിവസമോ, ഊർജ്ജമാസത്തിലെ വെളുത്ത പ്രതിപദത്തുന്നാളോ ദശമി ദിവസമോ ഈ വ്രതം അനുഷ്ഠിക്കാവുന്നതാകുന്നു. എന്നാൽ ചൈത്രമാസത്തിൽതന്നെ ചെയ്യുന്നതാണധികം ഉത്തമം. ചൈത്രമാസം കഴിഞ്ഞുപോയെങ്കിൽ പിന്നെ മററു പറഞ്ഞ തിഥികളിൽ ചെയ്യാമെന്നേ ഉള്ളൂ.

ചൈത്രമാസത്തിൽ വെളുത്ത പ്രതിപദത്തുന്നാൾ പ്രഭാതത്തിൽ ദന്തധാവനവും സ്നാനവും ചെയ്തു നിത്യകർമ്മങ്ങൾ നിവൃത്തിച്ചതിന്നുശേഷം വിഷ്ണുവിനെ പൂജിക്കണം. നാലു ബ്രാഹ്മണരോടുംകൂടി സ്വസ്തിവാചനവും നാന്ദീശ്രാദ്ധവും ധ്വജാരോപണകർമ്മത്തിങ്കൽ ചെയ്യേണ്ടതാണ്. ധ്വജമായി നാട്ടുവാനുള്ള സ്തംഭങ്ങൾ രണ്ടും വസ്ത്രംകൊണ്ടു വേഷ്ടനംചെയ്ത് ഗായത്രീമന്ത്രംകൊണ്ടു പ്രോക്ഷിക്കണം അതായിൽ തൂക്കുവാനുള്ള കൊടികളിൽ ഗരുഡന്റെയും ഹനുമാന്റെയും രൂപങ്ങൾ എഴുതണം. സൂര്യൻ, ചന്ദ്രൻ, ഹനുമാൻ ഗരുഡൻ എന്നിവരെ പൂജിക്കുന്നതുകൂടാതെ രണ്ടു കംഭങ്ങളിൽ ധാതാവിനേയും വിധാതാവിനേയും പൂജിക്കണം ആ പൂജ മഞ്ഞൾ പുരട്ടിയ അക്ഷതം, കുറുക എന്നിവകൊണ്ടും വിശേഷിച്ചു വെളുത്ത പുഷ്പങ്ങളെക്കൊണ്ടുമാണു ചെയ്യേണ്ടത്. ഈ പൂജ കഴിഞ്ഞാൽ ഒരു ഗോചർമ്മത്തോളം നിലം മെഴുകി തന്റെ ഗൃഹ്യപ്രകാരം അഗ്നിയെ ആധാനംചെയ്ത് ഘൃതഭാഗം മുതലായവയെ പായസത്തോടുകൂടി ഹോമിക്കണം. ഘൃതം (നൈ) കൊണ്ടു നൂററെട്ടു ഹോമവും ചെയ്യണം. ആദ്യം പുരുഷസൂക്തംകൊണ്ടും വേണം അവയെ ചെയ്വാൻ. പിന്നെ വിഷ്ണുവിന്നും മന്ത്രപൂർവ്വം ഹോമിക്കണം. അനന്തരം വൈനതേയനും സ്വാഹാകാരത്തോടുകൂടി പൂർണ്ണാഹുതികൾ ഹോമിക്കണം. അതിൽപിന്നെ ഹനുമാ

നും സ്വാഹാകാരത്തോടുകൂടി എട്ടാഹുതികൾ ഹോമിക്കണം. അപ്പോൾ 'സോമോധേനു' എന്ന ഋക്കിനെ ഉച്ചാരണംചെയ്ത് ഏററവും പ്രയതനായി ഹോമിക്കുകയും സൌരമന്ത്രങ്ങളേയും ശാന്തിസൂക്തങ്ങളേയും ഭക്തിയോടുകൂടി ജപിക്കുകയും വേണം. രാത്രിയിങ്കൽ വിഷ്ണുസന്നിധിയിൽത്തന്നെ ഉറക്കമിളക്കുകയും വേണം. ഇങ്ങിനെ ഒമ്പതു ദിവസം ഉത്സവമായി പൂജിക്കുകയും ആ ഒമ്പതു രാത്രികളിലും ഹരിനാമകീർത്തനംചെയ്തു ഉറക്കമിളക്കുകയും ചെയ്യന്നം.

പത്താമത്തെ ദിവസം പ്രഭാതത്തിൽ വ്രതമനുഷ്ഠിക്കുന്നവൻ ശുദ്ധനായി സ്നാനവും നിത്യകർമ്മവും ചെയ്തിട്ടു മുമ്പുപറഞ്ഞ ക്രമത്തിൽത്തന്നെ ചന്ദനം, പൂവു മുതലായവയെക്കൊണ്ടു ദേവന്മാരെ അർച്ചിക്കണം. അതിന്നുശേഷം മംഗളവാദ്യങ്ങൾ മുഴക്കിക്കൊണ്ടും ശോഭനങ്ങളായ ശുഷ്ണപീഠങ്ങളോടുകൂടിയും നൃത്താ സ്ഥാത്രപീഠം എന്നിവയോടുകൂടിയും ധ്വജത്തെ ദേവാലയത്തിങ്കലേക്കു എഴുന്നള്ളിക്കണം. ഹേ ശിഷ്യ! പരമശോഭനമായ ആ ധ്വജസ്തംഭത്തെ ദേവന്റെ ദ്വാരദേശത്തോ ശിഖരത്തിങ്കലോ ഉറപ്പോടുകൂടി സ്ഥാപിക്കുകയും വേണം. ഭംഗിയുള്ള ഗന്ധപുഷ്പാക്ഷതങ്ങളെക്കൊണ്ടും മനോഹരങ്ങളായ ദിവ്യധൂപങ്ങളെക്കൊണ്ടും ഭക്ഷ്യഭോജ്യാദികളോടുകൂടിയ നിവേദ്യങ്ങളെക്കൊണ്ടും വിഷ്ണുവിനെ യജിക്കുകയും ചെയ്യണം. പ്രതിപദം മുതൽ ദശമിവരെ ധ്വജസ്തംഭങ്ങൾ രണ്ടും സ്വഗൃഹത്തിൽ വെച്ച് പൂജിച്ച് ഏകാദശി ദിവസം അവയെ വിഷ്ണുക്ഷേത്രത്തിൽ കൊണ്ടുപോയി ശിഖരത്തിലോ പുരോഭാഗത്തോ ആരോപണം ചെയ്യണമെന്നു സാരം. അല്ലെങ്കിൽ ദശമിദിവസം ധ്വജങ്ങളെ ആരോപണം ചെയ്യാം. അതുപ്രകാരംതന്നെ നവമി, ദ്വിതീയ, ചതുർത്ഥി, അഷ്ടമി എന്നീ തിഥികളിലും ധ്വജാരോപണം ചെയ്യാം. അങ്ങിനെ ചെയ്യുന്ന സംഗതികളിൽ പൂജകൾ മുമ്പേകൂട്ടി തുടങ്ങണം. വ്രതം ആരംഭിക്കുന്നതു പ്രതിപദത്തുന്നാൾതന്നെ വേണം മററു തിഥികളിൽ പാടില്ല. വിഷ്ണുവിന്നാണെങ്കിൽ പൂർവ്വോക്തങ്ങളായ മാസങ്ങളിലല്ലാതെ മററു മി

സങ്ങളിൽ പാടില്ല. ശിവക്ഷേത്രത്തിലാണെങ്കിൽ ധ്വജാരോപണം ചെയ്യേണ്ടതു മാഘമാസത്തിലെ കറുത്ത ചതുൎദ്ദശി ദിവസമാണ്. അതിന്നു കൊടിക്കൂറകളിൽ നന്ദികേശ്വരന്റെയും ഭൃംഗിരിട്ടിയുടെയും രൂപങ്ങളാണെഴുതേണ്ടതു്. ശ്രീപാൎവ്വതിയുടെ ക്ഷേത്രത്തിൽ ധ്വജാരോപണം ആശ്വിനമാസത്തിൽ വെളുത്ത അഷ്ടമിദിവസമാണുത്തമം. മധുമാസത്തിലെ വെളുത്ത അഷ്ടമിയും കൊള്ളാം. ഗണപതിക്ഷേത്രത്തിൽ വേണ്ടതു നഭസ്യമാസത്തിൽ ചതുൎത്ഥിനാളാണ്. മാൎത്താണ്ഡക്ഷേത്രത്തിലാണെങ്കിൽ മാൎഗ്ഗശീൎഷമാസത്തിൽ വെളുത്ത ഷഷ്ഠിനാൾ വേണം. ഇപ്രകാരം എല്ലാ ദേവന്മാൎക്കും പറയപ്പെട്ട ഉത്സാഹദിവസങ്ങളിൽ ധ്വജാരോപണവ്രതത്തെ അനുഷ്ഠിക്കേണം. എന്നാൽ മധൂൎജ്ജാശ്വിനമാസങ്ങളിൽത്തന്നെയേ വിഷ്ണുവിന്നു ഈ വ്രതം അനുഷ്ഠിക്കാവൂ. ഇത്ഥം വിവരിക്കപ്പെട്ട വിധിപ്രകാരം ദേവാലയത്തിങ്കൽ ധ്വജസ്തംഭങ്ങളെ സ്ഥാപിച്ചു, വിത്തശാഠ്യം കൂടാതെ വിഷ്ണുവിനെ വിധിപോലെ പൂജിച്ചു, പ്രദക്ഷിണംചെയ്തു താഴെ കാണിക്കുന്ന സ്തോത്രം ജപിക്കേണം.

ധ്വജാരോപണസ്തോത്രം.

നമസ്തേ പുണ്ഡരീകാക്ഷ നമസ്തേ വിശ്വഭാവന
നമസ്തേസ്തു ഹൃഷീകേശ മഹാപുരുഷപൂൎവ്വജ
യേനേദമഖിലം ജാതം യസ്മിൻ സൎവ്വം പ്രതിഷ്ഠിതം
ലയമേഷ്യതി യത്രൈതൽ തം പ്രപന്നോസ്മി മാധവ.
ന ജാനന്തി പരം ഭാവം സൎവ്വ ബ്രഹ്മാദയസ്സുരാഃ
ധ്യായന്തി യോഗിനോ യം വൈ തം വന്ദേ ജ്ഞാനരൂപിണം
അന്തരിക്ഷം തു യന്നാഭിൎദ്ദ്യൌൎമ്മൂൎദ്ധാ യസ്യ ചൈവ ഹി
പാദൌ ച ഭൂശ്ച വൈ പൃത്ഥ്വീ തം വന്ദേ വിശ്വരൂപിണം
യസ്യ ശ്രോത്രേ ദിശസ്സൎവ്വാ യച്ചക്ഷുൎദ്ദിനകൃച്ഛശീ
ഋൿസാമയജുഷോ യേന തം വന്ദേ ബ്രഹ്മരൂപിണം.
യന്മുഖാൽ ബ്രാഹ്മണാ ജാതാ യൽബാഹോരഭവൻനൃപാഃ
വൈശ്യായസ്യോരുതോജാതാഃ പദ്ഭ്യാം ശൂദ്രസ്സമജായത
മാനസശ്ചന്ദ്രമാ ജാതോ ദിനേശശ്ചാക്ഷുഷസ്തഥാ

പ്രാണേഭ്യഃ പവനോജാതോ മുഖാദഗ്നിരജായത
പാപസംഘാതമാത്രേണ വദന്തി പുരുഷന്തുയം
സ്വഭാവവിമലംശുദ്ധം നിൎവ്വികാരം നിരഞ്ജനം
ക്ഷീരാബ്ധിശായിനംദേവ മനന്തമപരാജിതം
സൽഭക്തവത്സലം വിഷ്ണും ഭക്തിഗമ്യം നമാമ്യഹം
പൃഥിവ്യാദീനിഭൂതാനി തന്മാത്രാണിന്ദ്രിയാണിച
സുസൂക്ഷ്മാണിമയേനാസൻ തം വന്ദേസൎവ്വതോമുഖം
യൽ ബ്രഹ്മപരമംധാമ സൎവ്വലോകോത്തമോത്തമം
നിൎഗ്ഗുണം പരമം സൂക്ഷ്മം പ്രണതോസ്മി പുനഃ പുനഃ
നിൎവ്വികാരമജംശുദ്ധം സൎവ്വതോബാഹുമീശ്വരം
യമാമനന്തിയോഗീന്ദ്രാ സ്സൎവ്വകാരണകാരണം
ഏകോവിഷ്ണുൎമ്മഹൽഭൂതം പൃഥഗ് ഭൂതാന്യനേകശഃ
ത്രീൻലോകാൻവ്യാപ്യ ഭൂതാത്മാ ഭുംക്തേവിശ്വഭുഗവ്യയഃ
നിൎഗ്ഗുണഃ പരമാനന്ദസ്സമേവിഷ്ണുഃ പ്രസീദതു
ഹൃദയസ്ഥോപിദൂരസ്ഥോ മായയാ മോഹിതാത്മനാം
ജ്ഞാനിനാം സൎവ്വധൎമ്മസ്ഥ സമേ വിഷ്ണുഃ പ്രസീദതു.
ചതുൎഭിശ്ചചതുൎഭിശ്ച ദ്വാഭ്യാം പഞ്ചഭിരേവച
ഹൂയതേചപുനൎദ്വാഭ്യാം സമേവിഷ്ണുഃ പ്രസീദതു
ജ്ഞാനിനാം കൎമ്മിണാഞ്ചൈവ യഥാഭക്തിമതാംന്നൃണാം
ഗതിദാതാ വിശ്വഭുംഗ്യസ്സ മേ വിഷ്ണുഃ പ്രസീദതു
ജഗദ്ധിതാൎത്ഥംയോദേഹമധല്ലീലയാഹരിഃ
യമൎച്ചയന്തി വിബുധാസ്സമേവിഷ്ണുഃ പ്രസീദതു
യമാമനനന്തി വൈസന്തസ്സൎവ്വദാനന്ദവിഗ്രഹം
നിൎഗ്ഗുണഞ്ചഗുണാധാരം സമേ വിഷ്ണുഃ പ്രസീദതു
പരേശഃ പരമാനന്ദഃ പരാൽപരതരഃ പ്രഭുഃ
ചിദ്രൂപശ്ചപരിജ്ഞേയ സ്സമേവിഷ്ണുഃ പ്രസീദതു
യ ഇദം കീൎത്തയേന്നിത്യം സ്തോത്രാണാമുത്തമോത്തമം
സൎവ്വപാപവിനിൎമ്മുക്തോ വിഷ്ണുലോകേ മഹീയതേ.

ധ്വജാരോപണത്തിന്റെ ഫലശ്രുതി.

യാതൊരാൾ ഈ സ്തോത്രം ചൊല്ലി വിഷ്ണുവിനെയും ബ്രാഹ്മണരെയും പൂജിക്കുകയും, പിന്നെ ആചാൎയ്യനെ ദക്ഷിണയും വസ്ത്രവും കൊടുത്തു പൂജിക്കുകയും, തദനന്തരം ബ്രാഹ്മണരെ കാൽ കഴുകിച്ചൂട്ടുകയും, പിന്നെ പുത്രമിത്രകളത്രാദികളോടും ബന്ധുക്കളോടുംകൂടി മൌനവ്രതം പൂണ്ടു പാരണ കഴിക്കുകയും ചെയ്യുന്നുവോ അവൻ നാരായണമൂൎത്തിയാൽ സായൂജ്യം പ്രാപിക്കും. ഉത്തമമായ ഈ ധ്വജാരോപണവ്രതം അനുഷ്ഠിക്കുന്നവന്നുണ്ടാകുന്ന പുണ്യഫലത്തെ ഞാൻ പറയാം. മനസ്സിരുത്തി കേട്ടാലും. ധ്വജസംബന്ധിയായ വസ്ത്രം എപ്പോൾ കാററു തട്ടി ഇളകിത്തുടങ്ങുന്നുവോ അപ്പോഴെല്ലാം തന്റെ സൎവ്വപാപസമൂഹങ്ങളും നശിക്കും, സംശയമില്ല. മഹാപാപമുള്ളവനാകട്ടെ, സകല പാപങ്ങളുമുള്ളവനാകട്ടെ, ആരായാലും വിഷ്ണുക്ഷേത്രത്തിൽ ധ്വജാരോപണം ചെയ്താൽ അവൻ സൎവ്വപാപങ്ങളോടും വേർപെടും. ധ്വജം എത്രദിവസം വിഷ്ണുക്ഷേത്രത്തിന്റെ മുകളിൽ നില്ക്കുന്നുവോ അത്ര ആയിരം യുഗങ്ങൾ മുഴുവൻ അതു സ്ഥാപിച്ചവന്നു വിഷ്ണുസായൂജ്യത്തെ അനുഭവിക്കും. മറെറാരുവനാൽ ആരോപിക്കപ്പെട്ട ധ്വജത്തെക്കണ്ടു ധാൎമ്മികന്മാരായ യാവചിലർ അഭിനന്ദിക്കുന്നുവോ അവരും എല്ലാ ഉപപാതകങ്ങളിൽനിന്നും മോചിക്കും. ആരോപിതമായ ധ്വജം വിഷ്ണുക്ഷേത്രത്തിങ്കൽ തന്റെ കൊടിക്കൂറയെ ആട്ടിയുംകൊണ്ടു വ്രതകൎത്താവിന്റെ സൎവ്വപാപങ്ങളെയും അരനിമിഷത്തിന്നുള്ളിൽ ആട്ടിയോടിക്കുന്നു. ഇപ്രകാരം, ഹേ ശിഷ്യ! നീ ചോദിച്ചതനുസരിച്ചു ധ്വജാരോപണവ്രതത്തെ അതിന്റെ വിധാനത്തോടുകൂടി ഞാൻ പറഞ്ഞുതന്നു.

അശ്വമേധവും ധ്വജാരോപണവും.

അശ്വമേധയാഗത്തിങ്കൽ സംബന്ധിച്ച രാജാക്കന്മാർ ചൈത്രമാസത്തിലെ വെളുത്ത പ്രതിപദം വന്നതായറിഞ്ഞു ദ്വിതീയദിവസംതന്നെ, ഓരോരുത്തരും വേറെവേറെ ധ്വജാരോപണം അനുഷ്ഠിച്ചു. രാമനെ മഹാവിഷ്ണുവെന്നറിഞ്ഞ് അ

ദ്രേഹത്തിന്റെ അദ്ധ്വരമണ്ഡപത്തിൽത്തന്നെയാണ് എല്ലാവരും ധ്വജങ്ങളെ പ്രതിഷ്ഠിച്ചത്. ഓരോരോദിവസം അവനവന്റെ വാസഗൃഹങ്ങളിൽ പൂജിച്ചിട്ടാണ് അവർ ഈ വ്രതം അനുഷ്ഠിച്ചത്. ധ്വജത്തെ അവനവന്റെ ഗൃഹത്തിൽ ഒമ്പതുദിവസമോ അല്ലെങ്കിൽ ശക്തിപോലെയൊ ചുരുങ്ങിയത് ഒരു ദിവസമെങ്കിലുമോ പൂജിക്കേണമെന്നാണ വിധി. പ്രകൃതത്തിൽ യജ്ഞോത്സവം കാണുന്നതിൽ കുതുകികളായ രാജാക്കന്മാർ ഒരുദിവസമേ പൂജിക്കയുണ്ടായുള്ളൂ. ശ്രീരാമൻ ഇതിന്നുമുമ്പു തന്നെ ധ്വജാരോപണവ്രതം അനുഷ്ഠിച്ചിരുന്നു. അതു മാഘമാസത്തിൽ കറുത്തപക്ഷത്തിൽ ചാതുർദ്ദശിദിവസം ശിവന്റെ ആലയത്തിലാണ ചെയ്തിരുന്നത്. ഇങ്ങിനെ എല്ലാവരും പ്രതിഷ്ഠിച്ചവയും അത്യുന്നതങ്ങളുമായ ധ്വജങ്ങളെക്കൊണ്ട് ആകാശരംഗം സവിശേഷം ശോഭിച്ചു. ഏററവും മനോഹരവും ശുഭാവഹവുമായ ഈ ധ്വജാരോപണകഥയെ ആർ പഠിക്കുകയും കേൾക്കുകയും ചെയ്യുന്നുവോ അവരുടെ അഭീഷ്ടങ്ങളെല്ലാം സാധിക്കും.

ഇങ്ങിനെ ശതകോടിരാമായണാന്തർഗ്ഗതമായ ആനന്ദരാമായണത്തിൽ യാഗകാണ്ഡത്തിൽ ധ്വജാരോപണവ്രതം എന്ന ഏഴാംസർഗ്ഗം കഴിഞ്ഞു.

## എട്ടാം സർഗ്ഗം.

ശ്രീരാമദാസൻ പറഞ്ഞു.

അനന്തരം, ചൈത്രമാസത്തിൽ വെളുത്ത പക്ഷത്തിൽ ശ്രീരാമാവതാരദിനമായ നവമി തിഥിയിൽ, ഗുരുവായ വസിഷ്ഠമഹർഷി, അശ്വമേധത്തിന്റെ ഫലസിദ്ധിക്കായി അവഭൃഥസ്നാനം ചെയ്യേണ്ടതിന്നു ശ്രീരാമചന്ദ്രനോടു പറഞ്ഞു. സൂര്യന്റെ ചൂടിനെ ഭയപ്പെട്ട മഹർഷി രാമനെ സ്നാനത്തിന്നായി ധൃതിപ്പെടുത്തി. അപ്പോൾ ശ്രീരാമൻ ലക്ഷ്മണനോടരുളിച്ചെയ്തു. 'ഹേ ലക്ഷ്മണ! ഇന്ന് എനിക്ക് അവഭൃഥസ്നാനത്തിന്നായി ഉത്സവസമേതം രാമതീർത്ഥത്തിലേയ്ക്കു പോകണം. അതിന്നു ആ

ൻ പറയുന്നതെല്ലാം നീ ഏൎപ്പാടു ചെയ്യണം. രാജാക്കന്മാരെല്ലാം അവരവരുടെ ഗജതുരഗാദിസൈന്യങ്ങളോടും അന്തഃപുരസ്ത്രീകളോടുംകൂടി മണ്ഡപത്തിൽ ഒരുങ്ങി നില്ക്കേണമെന്നു കല്പന കൊടുക്കണം. നമ്മുടെ സൈന്യവും, പല്ലക്കു, തേരു, ആന എന്നിവയോടും കുതിര കാലാൾ എന്നിവയോടുംകൂടി തെയ്യാറാക്കണം. നവവാദ്യങ്ങളുടേയും തൂൎയ്യാദികളുടേയും ശബ്ദം മുഴക്കണം. കൊടിക്കൂറകൾ കൊടിമരങ്ങൾ തോരണങ്ങൾ എന്നിവയും മുക്താഹാരം പ്രവാളഹാരം പുഷ്പഹാരം മുതലായവയും യജ്ഞമണ്ഡപത്തിൽനിന്നു തുടങ്ങി രാമതീൎത്ഥത്തിങ്കലോളവും തൂക്കണം. തീൎത്ഥസൈകതത്തിൽ പുറമം കുലവാഴകളും കരിമ്പിൻതണ്ടുകളും നാട്ടുകയും വേണം. പൂച്ചട്ടികളിൽ വിചിത്രരീതിയിൽ നിൎമ്മിക്കപ്പെട്ട പുഷ്പവാടികകളും എല്ലാടവും ഉണ്ടാക്കണം. വാരസ്ത്രീകൾ നൃത്തം ചെയ്യണം. രാമതീൎത്ഥത്തിലേക്കുള്ള മാൎഗ്ഗം ചന്ദനവെള്ളം തളിച്ചു പരിമളപൂരിതമാക്കിത്തീൎക്കണം. വഴിനീളെ പുഷ്പങ്ങളെക്കൊണ്ടും പരമധാന്യങ്ങളെക്കൊണ്ടും ആച്ഛാദനം ചെയ്കയും വേണം. എന്നുവേണ്ട, ഞാൻ പറയാത്തതായി വല്ലതുമുണ്ടെങ്കിൽ അതും എന്നോടു ചോദിക്കാതെകണ്ടുതന്നെ നിസ്സംശയം കാലവിളംബംമെന്യെ തെയ്യാറാക്കണം". ഇപ്രകാരം ശ്രീരാമന്റെ വാക്കു കേട്ടു ലക്ഷ്മണൻ "അങ്ങിനെതന്നെ" എന്നു പറഞ്ഞുപോയി കല്പനപോലെയെല്ലാം ഏൎപ്പാടു ചെയ്കയും ചെയ്തു.

അവഭൃഥത്തിന്നുള്ള എഴുന്നള്ളത്ത്

അതിന്നുശേഷം ഋത്വിക്കുകൾ ഗമനാവസരത്തിൽ വേണ്ടതായ ഇഷ്ടിയെ സ്വാിസ്തൂരം ചെയ്തു. ഗുരു, കുതിരകളെപ്പൂട്ടിയ രഥത്തിൽ അഗ്നിയേയും യജ്ഞപാത്രങ്ങളേയും ശ്രീരാമനേയും സീതയേയും കയററി, താനും ഋത്വിക്കുകളോടുകൂടി അതിൽ കയറി. മഹൎഷിമാർ പുറമം നിന്നു വേദഘോഷങ്ങളെ മുഴക്കി. ശ്രീരാമൻ നല്ല കുതിരകളോടുകൂടിയതും സുവൎണ്ണാലംകൃതവുമായ രഥത്തിൽ ആരൂഢനായി വഴിയിൽ വന്ദിജനങ്ങളാൽ സ്തുതിക്കപ്പെട്ടുംകൊണ്ടു പളളിക്കെല്പളുക്കെ എഴുന്നള്ളത്തു

തുടങ്ങി. എല്ലാററിലും മുമ്പിൽ ഗജങ്ങൾ കൊടിയെഴുന്നള്ളിച്ചുംകൊണ്ടു നടന്നു. അതിൻെറ പിന്നാലെ അശ്വങ്ങളും നടന്നു. പിന്നെ കുതിരപ്പുറത്തു കയറി തൂര്യ്യവാദ്യം ഘോഷിക്കുന്നവരാണു പോയതു്. അതിനെത്തുടൎന്നുകൊണ്ടു വിചിത്രമായ ഉഷ്ണീഷവും ദണ്ഡവും ധരിച്ചവരായ രാജഭൃത്യന്മാർ നടകൊണ്ടു. തദനന്തരം വന്ദികൾ, നടന്മാർ മുതലായവരും അവരുടെ പിന്നിൽ വാരനാരീനിരയും നടന്നു. അതിൽപിന്നെ ദേവന്മാർ ഗന്ധൎവ്വന്മാരോടുകൂടിയും, തദനന്തരം ശ്രീരാമൻ സീതയോടുകൂടിയും പോയി. ശ്രീരാമൻ വഹ്നിയോടു കൂടി ഋത്വിഗ്ജനപത്രിതനായി രഥാരൂഢനായിട്ടാണ് എഴുന്നള്ളിയത്. ശ്രീരാമൻെറ പിന്നിൽ മുനീശ്വരന്മാരും അതിൻെറ പിന്നിൽ ഋഷിപത്നിമാരും അതിൽപിന്നെ ക്ഷത്രിയപത്നിമാർ മുതലായവരും പല്ലക്കു യാനം ചെയ്തു. പിന്നെ ക്ഷത്രിയന്മാരെല്ലാവരും പലതരത്തിലുള്ള വാഹനങ്ങളിൽ സഹിതന്മാരായി യാത്രചെയ്തു. അതിൽപിന്നെ അവരുടെ സൈന്യങ്ങളും തദനന്തരം രാജാക്കന്മാരുടെ സേവകന്മാരും പോയി. അനന്തരം നവവാദ്യങ്ങൾ കയററിയിട്ടുള്ള ഗജാദികൾ, അസ്ത്രങ്ങൾ കയററിയിട്ടുള്ള ഒട്ടകങ്ങൾ, ആയുധപൂരിതങ്ങളായ വണ്ടികൾ എന്നിവയാണു പോയതു്. പിന്നെ ലോഹപ്പണിക്കാർ, ആശാരിമാർ, തോൽപ്പണിക്കാർ, കയറും ചങ്ങലയുമെടുത്തിട്ടുള്ള നിലമളവുകാർ എന്നിവരും യഥാക്രമം പരമോത്സവസമേതരായി നടകൊണ്ടു. ഈ അവസരത്തിൽ വാദ്യങ്ങൾ മുഴങ്ങുകയും, വാരസ്ത്രീകൾ നൃത്തം വെക്കുകയും, മുനിപത്നിമാരും രാജപത്നിമാരും പുഷ്പവൃഷ്ടി പൊഴിക്കയും ചെയ്തു. വന്ദികൾ മുതലായവർ മാൎഗ്ഗത്തിൽ ശ്രീരാമനെ സ്തുതിക്കുകയും, ഗന്ധൎവ്വന്മാർ ഷഡ്ജാദികളായ സ്വരങ്ങൾ പാടുകയും, മുനിമാർ സ്വരത്തോടുകൂടി വേദോച്ചാരണം ചെയ്കയും ചെയ്തു. ഇപ്രകാരം അവൎണ്ണനീയമായ ആഡംബരത്തോടും ഘോഷങ്ങളോടുംകൂടിയും സീതയോടുകൂടി വഴിയിലുള്ള ഓരോ കൌതുകങ്ങളെ നോക്കിക്കണ്ടുകൊണ്ടും വെഞ്ചാമരത്താൽ വീജനം ചെയ്യപ്പെട്ടുകൊണ്ടുമാണു രാമൻ എഴുന്നള്ളിയതു.

ജനങ്ങൾ സീതാരാമന്മാരെ കാണ്മാൻ ധൃതിപ്പെടുന്നത്.

ഇപ്രകാരം എഴുന്നള്ളത്തു പോയിക്കൊണ്ടിരിക്കുമ്പോൾ എല്ലാ ജനങ്ങളും ശ്രീരാമന്റേയും സീതയുടേയും മുഖപങ്കജത്തെ സന്ദശിപ്പാൻ ധൃതിപ്പെട്ടു തിക്കിത്തിരക്കി വലുതായ കോലാഹലമുണ്ടാക്കി. അപ്പോൾ അവരെ വേത്രപാണികളായ രക്ഷിജനങ്ങൾ പ്രഹരിച്ചുതുടങ്ങി. തന്നിമിത്തം ജനങ്ങളുടെ കോലാഹലം അധികമായി. ഇതെല്ലാം കണ്ടും കേട്ടും എഴുന്നള്ളുന്ന ശ്രീരാമചന്ദ്രൻ ലക്ഷ്മണനോട് "ഈ ജനങ്ങളെല്ലാം പുഷ്പകവിമാനത്തിൽ കയറി സീതയേയും എന്നേയും യഥേഷ്ടം കണ്ടുകൊള്ളട്ടേ. ഈ സംഗതിയിൽ കലഹംവേണ്ട" എന്നരുളിച്ചെയ്തു. 'കല്പനപോലെ' എന്നു പറഞ്ഞു ലക്ഷ്മണൻ അവരെയെല്ലാം പുഷ്പകവിമാനത്തിൽ കയററി. അപ്പോൾ അവർ പുഷ്പകാരൂഢന്മാരായിട്ടു, സീതാദേവിയോടുകൂടി എഴുന്നള്ളുന്ന സർവ്വമനോഭിരാമനായ ശ്രീരാമനെ സാവധാനത്തിൽ യഥാസുഖം സന്ദശിച്ചു കൃതാത്ഥരായി. ചിലർ,

ഇന്നുനാം ധന്യരായ് സമ്പൂർണ്ണകാമരായ്
വന്നിതു മുൻചെയ്ത പുണ്യപുഞ്ജത്തിനാൽ
ഇന്നല്ലയോ മഹത്താകുമീയുത്സവം
തന്നിൽ നയനാഭിരാമനാം രാമനെ
ജാനകീദേവിയോടൊന്നിച്ചു നമ്മൾക്കു
കാണ്മാറായതു കണ്ണു കുളിക്കവേ.

എന്നു പറഞ്ഞു. മററു ചിലർ,

നമ്മുടെ ജന്മഹേതുക്കളായുള്ളോരമ്മയുമച്ഛനുമത്യന്തധന്യന്മാർ
ആയവർചെയ്തു പുണ്യങ്ങളാലല്ലയോ
മായമകന്നിന്നു സീതാസമേതനായ്
കണ്ണിനു പുണ്യോദയമായ രാമനെ–
ക്കണ്ണുകൾ രണ്ടും കുളിക്കവേ കണ്ടുനാം
കേവലാനന്ദപീയൂഷ വാരാശിയി–
ലീവിധമാറാടിടുന്നു യഥാസുഖം എന്നു ഘോഷിച്ചു.

ഇങ്ങിനെ ശ്രീരാമൻ എഴുന്നള്ളുമ്പോൾ സ്ത്രീകളെല്ലാം തമ്മിൽതമ്മിൽ മന്ത്രിച്ചു തങ്ങളേയും പുഷ്പകവിമാനത്തിൽ കയററിയാൽകൊള്ളാമെന്നായി സീതയോടപേക്ഷിച്ചു. അപ്പോൾ സീത പുരഃസ്ഥിതനായ ലക്ഷ്മണനോട് ഈ സ്ത്രീകളെയെല്ലാം പുഷ്പകവിമാനത്തിൽ കയററി നാരീശാലകളിൽ ഇരുത്തുക. ഇല്ലെങ്കിൽ ഇവർ ഇനിയും എന്നെ അതിന്നായി അലട്ടിത്തുടങ്ങും" എന്നു പറകയും, ലക്ഷ്മണൻ അതുപ്രകാരം അവരെയെല്ലാം പുഷ്പകവിമാനത്തിലുള്ള സ്ത്രീശാലകളിൽ കയററുകയും ചെയ്തു. അനന്തരം അവർ പുഷ്പകവിമാനത്തിലിരുന്നു, പുല്ലുകളെക്കൊണ്ടും വസ്ത്രങ്ങളെക്കൊണ്ടുമുള്ള മറകളുടെ ഇടയിൽക്കൂടി സീതാസമേതനായ ശ്രീരാമനെ സന്ദശിക്കുകയും അവരുടെ ശിരസ്സിൽ പുഷ്പങ്ങൾ വഷിക്കയും ചെയ്തു. ഈ അവഭൃഥയാത്രയിൽ മൃദംഗം, ശംഖം, പണവം, ദുന്ദുഭി, ആനകം, ഗോമുഖം മുതലായി വിചിത്രങ്ങളായിട്ടുള്ള വാദ്യങ്ങൾ മുഴങ്ങി. നത്തകിമാർ സന്തോഷത്തോടുകൂടി നൃത്തംചെയ്തു. പാട്ടുകാർ സംഘംസംഘമായി ചേന്നു പാട്ടുകൾ പാടി. വീണകളുടേയും ഓടക്കുഴലുകളുടേയും നാദം സ്വഗ്ഗലോകത്തോളം ചെന്നുമുട്ടി. രാജാക്കന്മാരെല്ലാം വിചിത്രങ്ങളായ ധ്വജപതാകകളോടുകൂടിയ ഗജേന്ദ്രന്മാരുടെ പുറത്തും രഥങ്ങളിലും കയറി നാനാലങ്കാരങ്ങളാൽ അലങ്കരിക്കപ്പെട്ട ഭേന്മാരോടുകൂടി യാനംചെയ്തു. യദുരാജാവു, സൃഞ്ജയരാജാവ്, കാംബോജരാജാവ്, കുരുരാജാവ്, കേകയരാജാവ്, കോസലരാജാവ് മുതലായവർ സൈന്യങ്ങളെക്കൊണ്ടു ഭൂമിയെ കുലുക്കിയുംകൊണ്ടു നടകൊണ്ടു. സദസ്യന്മാർ, ഋത്വിക്കുകൾ, ബ്രാഹ്മണശ്രേഷ്ഠന്മാർ എന്നിവർ യജമാനപുരസ്സരന്മാരായിട്ടു വലുതായ വേദഘോഷത്തോടുകൂടിയും പോയി. ദേവന്മാർ, ഋഷികൾ, പിതൃക്കൾ, ഗന്ധവ്വന്മാർ എന്നിവർ പുഷ്പവൃഷ്ടിയെയും ചെയ്തു. ചന്ദനമാല്യാംബരാഭരണാദികളാൽ അലംകൃതന്മാരായ സ്ത്രീപുരുഷന്മാർ കുറിക്കൂട്ടുകൾ പൂശിയും ആറാടിയും നാനാരസങ്ങളോടുകൂടി ക്രീഡിച്ചു. എണ്ണയും നെയ്യും ചന്ദനവും മഞ്ഞളുംചേന്ന കുങ്കുമപങ്കങ്ങളെ

കൊണ്ടു പുരുഷന്മാരാൽ പൂശപ്പെട്ടും അവരെ പൂശിയും വാരനാരിമാരും വിഹരിച്ചു. ഇപ്രകാരം നാനാസമുത്സാഹങ്ങളോടുകൂടി ശ്രീരാമൻ സീതാസമേതനായി തേരിലിരുന്നു വിവിധകൌതുകങ്ങളെ കണ്ടാനന്ദിച്ചുംകൊണ്ടു പതുക്കെ എഴുന്നള്ളി സരയൂനദിയുടെ തീരത്തിങ്കലുള്ള രാമതീൎത്ഥത്തിൽ എത്തിച്ചേൎന്നു.

ശ്രീരാമന്റെ അവഭൃഥസ്നാനം.

സരയൂതീരത്തിങ്കൽ തേരിൽനിന്നിറങ്ങി, ശ്രീരാമൻ സീതയോടുംകൂടി ഋത്വിക്കുകളാൽ പരിവാരിതനായിട്ടു ജലേഷ്ടി എന്ന കൎമ്മത്തെ ചെയ്തു. ഋത്വിക്കുകൾ ശ്രീരാമനെ പത്നിയോടും സംയാജന്മാരോടും അവഭൃത്ഥ്യന്മാരോടുംകൂടി രാമഹ്രദത്തിൽ ഇറക്കി ആചമിപ്പിച്ചിട്ടു സീതയോടുകൂടി സരയൂനദിയിൽ സ്നാനം ചെയ്യിച്ചു. ശത്രുഘ്നനെക്കൊണ്ടു മുമ്പുതന്നെ കൊണ്ടുവരുത്തപ്പെട്ടവയായ നാനാതീൎത്ഥജലങ്ങളെക്കൊണ്ടു മഹൎഷിമാർ ശ്രീരാമനെ മന്ത്രപൂൎവ്വം അഭിഷേകം ചെയ്കയും ചെയ്തു. ആ അവസരത്തിൽ ദേവന്മാരുടെ ദുന്ദുഭിവാദ്യങ്ങൾ മനുഷ്യരുടെ ദുന്ദുഭിവാദ്യങ്ങളോടിടകലൎന്നു മുഴങ്ങിക്കൊണ്ടിരുന്നു. ദേവന്മാരും ഋഷികളും, പിതൃക്കളും മനുഷ്യരും പുഷ്പവൃഷ്ടികൾ പൊഴിക്കയും ചെയ്തു. ശ്രീരാമന്റെ സ്നാനത്തിന്നുശേഷം ആ തീൎത്ഥത്തിൽ വൎണ്ണാശ്രമനിഷ്ഠന്മാരായ എല്ലാ ജനങ്ങളും സ്നാനം ചെയ്തു. മഹാപാപികളായവൎക്കൂടിയും സ്നാനം ചെയ്തു സൎവ്വപാപങ്ങളിൽനിന്നും മോചനത്തെ പ്രാപിച്ചു. അവഭൃഥസ്നാനത്തിന്നുശേഷം

നാനാലംകൃതി ചേൎന്നു നിൎമ്മലതര-
ക്ഷൌമങ്ങൾ ചുററിത്തെളി-
ഞ്ഞൂനാപേതമനൎഘകങ്കണലസൽ-
കേയൂരഹാരങ്ങളും
മാനാതീതമനോജ്ഞകുണ്ഡലമഹാ-
രത്നങ്ങളും ചേൎന്നു തൻ-
സ്ഥാനാഡംബരമൊത്തതീവ വിലസീ
രാമൻ ജഗന്മോഹനൻ.

മോടികൊള്ളൊരു കൌസ്തുഭാഖ്യമണിയും
ചിന്താമണീരത്നവും-
കൂടിച്ചേർന്നതിയായ കാന്തിപടലം
പൊങ്ങിപ്പരന്നങ്ങിനെ
കോടിഭാസ്കരബിംബമൊത്തുടനുദി-
ച്ചീടുംവിധം സൌഭഗം-
കൂടിച്ചേർന്നു വിളങ്ങി സൈകതതടേ
രാമൻ ഘനശ്യാമളൻ.

**യാഗദക്ഷിണ—ഒരു സരസസംഭവം.**

മേൽപ്രകാരം ശ്രീരാമൻ സർവ്വാലങ്കാരഭൂഷിതനായി സീതാദേവിയോടുകൂടി ഋത്വിക്കുകളാൽ പരിവാരിതനായി തീർത്ഥസൈകതത്തിൽ ശ്രേഷ്ഠമായ ആസനത്തിങ്കൽ എഴുന്നള്ളിയിരുന്നതിന്നുശേഷം, സ്നാനവും ദേഹാലങ്കാരവും ചെയ്തുവന്നവരായ ഋത്വിക്കുകൾക്കു വഴിപോലെ ദക്ഷിണകൾ കൊടുത്തു. ഗോദാനം, ഭൂദാനം, തുരഗദാനം, ഗജദാനം മുതലായ വലിയ വലിയ ദക്ഷിണകൾ യഥായോഗ്യം കൊടുക്കുകയുണ്ടായി. ഗുരുവായ വസിഷ്ഠമഹർഷിക്കു ദക്ഷിണയായി സാക്ഷാൽ കാമധേനുവിനെത്തന്നെ ദാനം ചെയ്വാനാണു ശ്രീരാമൻ ഉദ്യുക്തനായത്. ഈ വിവരം അറിഞ്ഞു വസിഷ്ഠമഹർഷി മനസ്സിൽ ഇങ്ങിനെ വിചാരിച്ചു. "ഈ കാമധേനുവിന്റെ മകളായ നന്ദിനി എന്ന ദിവ്യപശു എന്റെ കൈവശമുണ്ട്. ഇനി കാമധേനുവിനെ കിട്ടിയിട്ട് എനിക്കു പ്രയോജനമൊന്നുമില്ല. അതുകൊണ്ട് ഇവിടെ ഞാൻ ഒരത്ഭുതം കാണിക്കുന്നുണ്ട്. കാമധേനു രാമന്നുതന്നെ ഇരിക്കട്ടെ. കാമധേനുവിന്നു ചേർന്നവൻ രാമൻ തന്നെയാണ്. ആകയാൽ ഈ പശുവിനെ വേണ്ടെന്നു പറഞ്ഞു, രാമന്റെ കീർത്തി വർദ്ധിപ്പിക്കുവാനായി, സീതയെത്തന്നെ വഴിപോലെ അലങ്കരിച്ചു ദക്ഷിണയായിത്തരേണമെന്നു ഞാൻ യാചിക്കുന്നുണ്ട്. രാമന്റെ ഔദാര്യത്തെ ഞാനിന്നു ലോകസമക്ഷം കാട്ടിക്കൊടുക്കും." ഇങ്ങിനെ മനസ്സിൽ വിചാരിച്ചു വസിഷ്ഠമഹർഷി ശ്രീരാമനോടു പറഞ്ഞു. "അങ്ങു ധേനു

വിനെ ദാനം ചെയ്വാനാണോ ഭാവിക്കുന്നത്? അങ്ങിനെയാണെങ്കിൽ എനിക്കതുകൊണ്ടു തൃപ്തിയുണ്ടാകയില്ല. എനിക്കു ദാനം ചെയ്യുമെങ്കിൽ സീതയെത്തന്നെ ആഭരണാലംകൃതയായി ദാനം ചെയ്യണം. സീതയെക്കൊണ്ടല്ലാതെ മററുള്ള നാരീശതങ്ങളെക്കൊണ്ടും എനിക്കു തൃപ്തി വരികയില്ല." ഇങ്ങിനെ വസിഷ്ഠന്റെ വാക്കു കേട്ടിട്ടു ജനങ്ങളെല്ലാം "ഹാ! ഹാ!" എന്ന് ഉച്ചത്തിൽ പറഞ്ഞു. മഹാജനങ്ങൾ പലതും പറഞ്ഞുതുടങ്ങി.

(പാന)

എന്തുകഷ്ടമിതന്തക്കിഴവച്ചാർ
ഭ്രാന്തനെന്നോ വസിഷ്ഠനെന്നാർ ചിലർ
ദാന്തനായമുനി വിനോദത്തിനായ്
ഭ്രാന്തനെപ്പോലെ പൊയ്യയെന്നായ് ചിലർ
മാമുനീന്ദ്രൻ പരീക്ഷിക്കയാണിന്നു
രാമചന്ദ്രന്റെ ധൈര്യമെന്നും ചിലർ
നില്ലുനില്ലിതിൽ ശ്രീമന്നഃക്കാമ്പിങ്കൽ
തക്കപോലൊന്നു കാണമെന്നും ചിലർ
മാമുനീന്ദ്രനോടിപ്പോൾ രഘൂത്തമ-
സ്വാമിചെയ്യുതു കാണാമെന്നും ചിലർ.

ശ്രീരാമൻ സീതയെ ദാനംചെയ്യുത്

ഇങ്ങിനെ പലരും പലതും പറഞ്ഞുകൊണ്ടു നില്ക്കുമ്പോൾ, ശ്രീരാമൻ മഹർഷിയുടെ വാക്കുകേട്ട് ഒന്നു മന്ദഹസിച്ച് സീതയെ നേത്രസംജ്ഞകൊണ്ടു ഗുരുവിന്റെ സന്നിധിയിലേയ്ക്കു വിളിച്ചു. എന്നിട്ടു തന്റെ കൈകൊണ്ടുതന്നെ സീതയുടെ എടത്തെ കൈപിടിച്ചു സന്തോഷത്തോടുകൂടി സഭയിൽ വെച്ചു വസിഷ്ഠനോട് അരുളിച്ചെയ്തു. "ഗുരോ! സ്ത്രീദാനത്തിന്റെ മന്ത്രം പറഞ്ഞാലും. അങ്ങയ്ക്കു ഞാൻ സീതയെ ദാനം ചെയ്യുന്നുണ്ട്." 'അങ്ങിനെയാകട്ടേ' എന്നു മുനിശ്രേഷ്ഠന്മാർ പറഞ്ഞപ്പോൾ വസിഷ്ഠൻ ശ്രീരാമനാൽ സമർപ്പിതമായ സ്ത്രീദാനത്തെ യഥാവിധിയാകുംവണ്ണം അംഗീകരിച്ചു. ഇതുകണ്ടു സ്ഥാവരജംഗമങ്ങളായ സകലഭൂതഗ്രാമങ്ങളും ഭയചകിതങ്ങ

ളായി ഭവിച്ചു. ജനങ്ങളെല്ലാം അവനവന്റെ ദേഹത്തെപ്പറ്റിയ ഓൎമ്മയില്ലാത്തവരായി ചിത്രങ്ങളെപ്പോലെ നിലകൊണ്ടു. അപ്പോൾ മുനി സീതയോടു "ഹേ ബാലേ! നീ എന്റെ പുറത്തു കയറിയിരിക്കുക. രാമൻ നിന്നെ എനിക്കു നൽകിയിരിക്കുന്നു. നിന്നെ ഞാൻ എന്റെ മകളെപ്പോലെയാണു കരുതുന്നതു്" എന്നു പറഞ്ഞു. അതുകേട്ടു സാദ്ധ്വിയായ സീത അല്പം മനഃഖേദത്തോടുകൂടി കണ്ണുകളെ വാമഭാഗത്തേക്കു തിരിച്ചുകൊണ്ടു മഹൎഷിയുടെ പൃഷ്ഠത്തിൽ കയറി ഇരുന്നു. അപ്പോൾ സീതക്കു കണ്ണുകളിൽ വെള്ളം നിറയുകയും ദേഹമാസകലം രോമാഞ്ചമുണ്ടാകയും ചെയ്തു.

അനന്തരം രാമൻ വിനയത്തോടുകൂടി വസിഷ്ഠനോടു പറഞ്ഞു. അങ്ങു കാമധേനുവിനെക്കൂടി സ്വീകരിക്കണം. കാമധേനു മുമ്പുതന്നെ സീതക്കായി നൽകപ്പെട്ടതാകുന്നു. എന്റെ വക ചിന്താമണിക്കു സന്തോഷം വളൎത്തുന്നവളാണു് ഈ കാമധേനു. അവളെ ഞാൻ കൈലാസത്തിൽവെച്ചു സീതക്കു സമ്മാനിച്ചിട്ടുണ്ടു്. എന്നല്ല, അങ്ങക്കു ദാനംചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിട്ടാണു ധേനുവിനെ ഇവിടെ കൊണ്ടുവന്നിരിക്കുന്നതും" ഇങ്ങിനെ രാമൻ പറഞ്ഞതുകേട്ടു ഗുരു പിന്നേയും പറഞ്ഞു. "ഹേ മഹാബാഹുവായ രാമ! ഞാൻ അങ്ങയുടെ ഔദാൎയ്യത്തെ മഹാജനങ്ങൾക്കു കാണിപ്പാനായിട്ടാണു് അങ്ങയുടെ പത്നിയായ സീതയെ യാചിച്ചതു്. ഇവൾ ഇനിയും അങ്ങക്കുതന്നെ ഇരിക്കട്ടെ. ഇനി സീതയെ തുലാസ്സിൽവെച്ചു സ്വൎണ്ണംകൊണ്ടു തൂക്കുക. സീതയുടെ തൂക്കത്തിനു സമമായി എട്ടുപ്രാവശ്യം തൂക്കിയുണ്ടാകുന്ന സ്വൎണ്ണം എനിക്കു ദാനം ചെയ്യേണം. എനിക്കുതന്ന സീതയെ അങ്ങു് എന്റെ വചനപ്രകാരം ഈ സദസ്സിൽവെച്ചു വീണ്ടും സ്വീകരിച്ചാലും, അതുതന്നെയല്ല, ഒരു സംഗതികൂടി പറയുവാനുണ്ടു്. അതും അങ്ങു് കേൾക്കണം. കാമധേനു, ചിന്താമണി, സീതാദേവി, കൌസ്തുഭരത്നം, പുഷ്പകവിമാനം, അയോദ്ധ്യാനഗരി, സ്വന്തരാജ്യം എന്നിവയെ ആൎക്കും ദാനംചെയ്യരുതു്. എ

ന്റെ ആജ്ഞയ്ക്കെതിരായി അവയെ ഇനി ആൎക്കെങ്കിലും ദാനം ചെയ്യാൽ എന്റെ ആജ്ഞാഭംഗം ചെയ്യ ദോഷം അങ്ങയ്ക്കുണ്ടാകും. തന്നിമിത്തം അനേകക്ലേശങ്ങൾക്കിടവരും. എന്നാൽ നിഷേധിക്കപ്പെട്ട ഈ ഏഴു വസ്തുക്കളൊഴിച്ച് എന്തുവേണമെങ്കിലും അങ്ങയുടെ ഇഷ്ടംപോലെ ബ്രാഹ്മണൎക്കു ദാനം ചെയ്യാം." ഇങ്ങിനെ ഗുരു പറഞ്ഞതിനെ കേട്ടു ശ്രീരാമൻ അതു സമ്മതിച്ചു സീതയെ തുലാസ്സിൽവെച്ചു തൂക്കി ആ തൂക്കത്തിന്റെ എട്ടിരട്ടി സ്വൎണ്ണം മഹൎഷിക്കു ദാനംചെയ്തു. സീത അണിഞ്ഞിരുന്നവയായ ദിവ്യാലങ്കാരങ്ങളേയും അദ്ദേഹത്തിന്നു കൊടുത്തു. യാതോരാഭരണവുംകൂടാതെ വസ്ത്രവും സ്നാനാവരണവും മാത്രം ബാക്കിയാക്കി ശ്രീരാമൻ സീതയെ പ്രതിഗ്രഹിച്ചു. ഈ സമയത്തു സാദ്ധ്വിയായ സീതയുടെ മുഖം പുഞ്ചിരികൊണ്ടു മനോഹരമായി ഭവിച്ചു. അപ്പോൾ വാദ്യങ്ങൾ മുഴങ്ങുകയും ദേവസ്ത്രീകൾ വിമാനസ്ഥമാരായി സീതാരാമന്മാരുടെ ശിരസ്സിൽ പൂമഴ പൊഴിക്കുകയും ചെയ്തു. പിന്നെ സീത പൂൎവ്വാധികങ്ങളായ അലങ്കാരങ്ങളെ അണിഞ്ഞു. അപ്പോൾ സൎവ്വജനങ്ങളും സവിശേഷം സന്തോഷിക്കുകയും ചെയ്തു. തദനന്തരം സീത ഭൎത്താവിനെ വന്ദിച്ച് അദ്ദേഹത്തിന്റെ പാൎശ്വത്തിൽ സ്മിതാനനയായി പരമാനന്ദമഗ്നയായി ലജ്ജാനമ്രയായി സ്ഥിതിചെയ്തു.

ദാനസമാപ്തി.

അനന്തരം ശ്രീരാമൻ അനേകവിധത്തിലുള്ള ദാനങ്ങളെ ച്ചെയ്ത് ഋത്വിക്കുകൾ സദസ്യന്മാർ മുതലായവരെ സവിസ്തരം പൂജിക്കുകയും, തന്റെ ജ്ഞാനികളേയും രാജാക്കന്മാരേയും മിത്രജനങ്ങളേയും സുഹൃജ്ജനങ്ങളേയും ആഭരണങ്ങളും വസ്ത്രങ്ങളും കൊടുത്തു സന്തോഷിപ്പിക്കയും ചെയ്തു. എല്ലാവരും രാമന്റെ വസ്ത്രാലങ്കാരഭൂഷണദാനത്തേയും പൂജയേയും സ്വീകരിച്ച് അതിയായി സന്തോഷിച്ചു.

മിന്നുന്നനന്മണി കുണ്ഡലപംക്തിയും
പൊന്മയമായിട്ടുമാഭരണങ്ങളും.

കഞ്ചുകോഷ്ണീഷദുകൂലജാലങ്ങളു-
മഞ്ചിതമായ മനോഹരഹാരവും
എല്ലാമണിഞ്ഞു തെളിഞ്ഞുവിളങ്ങിനാ-
രെല്ലാജനങ്ങളുമാനന്ദ തൃപ്തരായ്
സുന്ദരിമാരും മഹാർഘാഭരണങ്ങ-
ളൊന്നൊഴിയാതെയണിഞ്ഞു പറഞ്ഞഹോ
കുണ്ഡലകാന്തി പതിഞ്ഞ കവിൾനിര-
തന്നാൽമനോഹരമാകും മുഖത്തോടും
പൊന്നരഞ്ഞാണോടുമൊത്തു സഭാന്തരെ
മിന്നിനാരത്യന്ത ശോഭാഭരിതരായ്.

ഇങ്ങിനെ ശതകോടി രാമായണാന്തർഗ്ഗതമായ ആനന്ദരാമായണത്തിൽ യാഗകാണ്ഡത്തിൽ അവഭൃഥോത്സവവർണ്ണനം എന്ന എട്ടാംസർഗ്ഗം സമാപ്തം.

---

## ഒമ്പതാം സർഗ്ഗം

ശ്രീരാമദാസൻ പറഞ്ഞു:-

ശ്രീരാമന്റെ അവഭൃഥസ്നാനം കഴിഞ്ഞതിന്നുശേഷം, പരമശിവൻ ബ്രഹ്മാദികളായ ദേവന്മാരോടുകൂടി രാമനെ വേദസൂക്തങ്ങളെക്കൊണ്ടു സ്തുതിച്ചിട്ട് അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു ഇങ്ങിനെ അരുളിച്ചെയ്തു:—

ധന്യരായ് ഞങ്ങളെല്ലാരുമിന്നു രാമമഹാമതേ!
ഇന്നല്ലോ വാജിമേധത്തിൻ പുണ്യാവഭൃഥമംഗളം.
മംഗളസ്നാതനായുള്ളോരങ്ങയെജ്ജാനകീപതേ!
ഞങ്ങൾക്കു കാണമാറായി തുംഗപുണ്യചയങ്ങളാൽ.
ഇന്നാണു ഞങ്ങൾക്കാനന്ദ സന്ദായകമതാം ദിനം
വന്നിട്ടുമതിനാലെന്നും പുണ്യമാം തന്നെയിദ്ദിനം
തരാം വരങ്ങൾ വളരെ വിരവിൽ സ്വീകരിക്കണി
പരമീദിവസം കാണായ്വരണം നിന്നെ മേലിലും
ഇന്നല്ല പുണ്യതീർത്ഥത്തിനെന്നല്ല രഘുനന്ദന!
മുന്നം യാത്രയിൽ നീ തീർത്ത പുണ്യതീർത്ഥചയത്തിനും,

ഭേന്നാമാങ്കിതാനേക ശിവലിംഗചയത്തിനും
തരുന്നുണ്ടിന്നനേകം വരങ്ങൾ കരുണാനിധേ!
പുരികൾക്കുത്തമഭേൽപുരിയാമീയയോദ്ധ്യതാൻ
സരിത്തുകൾക്കുത്തമയിസ്സരയൂനദിതാൻ വിഭോ!

രാമൻ ശിവനോടു വരം വരിക്കുന്നത്.

ഇപ്രകാരം പരമശിവൻെറ അരുളപ്പാടുകേട്ടു പുഞ്ചിരി പൂണ്ടു ശ്രീരാമൻ പറഞ്ഞു:—

അരുളിച്ചെയ്യുപോലാണെൻ കരളിൽ കാംക്ഷിതംപ്രഭോ!
വരിച്ചിടുന്നേനിനിയും വരങ്ങൾ ചിലതിന്നു ഞാൻ.
എല്ലാമാസത്തിനും മൌലിക്കല്ലായ്പരണമീ മധു;
ചൊല്ലാം വൈശാഖമാസത്തിൽത്തെല്ലേറെ കാർത്തികംശുഭം
കാർത്തികത്തേക്കാളുമല്പം കീർത്തി മാഘത്തിനേറിടും
കീർത്തിക്കുമതിലുംപൂണ്യപൂർത്തി ചൈത്രത്തിനാകണം;
ഞാനുണ്ടായ്പന്നതും യാഗസ്നാനംചെയ്തുമോക്കുകിൽ
നൂനമിച്ചൈത്രമാസത്തിൽത്താനപാരകൃപാനിധേ!
ആകയാലിച്ചൈത്രമാസമാകണം മാസമണ്ഡനം
ഏകണം വരമങ്ങുന്നു ഹേ കലേശകലാധര!
ഈ മാസത്തിൽ കൃതംദാനം ഹോമം സ്നാനം വിചിന്തനം
അശേഷവും കോടിഗുണം, വിശേഷിച്ചുമയോദ്ധ്യയിൽ.
ഒന്നാമതായ്പന്നിടണമെന്നാത്മപുരിയാമിതു
എന്നല്ലയോദ്ധ്യമുക്തിക്കു മുന്നതസ്ഥാനമാകണം.
ഷഷ്ടിസംവത്സരകൃതം മററിടങ്ങളിലെശ്ശുഭം
ഒററനാളിവിടെച്ചെയ്യാൽ മുററുമെന്നാകണം വിഭോ!
എനിക്കതിപ്രിയപുരിയയോദ്ധ്യപുരശാസന!
കാശിയേക്കാൾ ശതഗുണം മേലെയായ്പരണം സദാ.
സരയൂനദിയാകേണം സരിത്തുകളിലുത്തമാ
നദികൾക്കൊന്നിനുമിതിൻ സദൃശത്വം ഭവിക്കൊലാ.
അതിൽവെച്ചും രാമതീർത്ഥമിതു മൽകൃതമുത്തമം
വരേണം സർവ്വസതീർത്ഥകിരീടമണിയായിതു.

ഈ രാമതീർത്ഥം പാപങ്ങൾ ദൂരെപ്പോക്കുന്നതാകണം
നേരായ് ഞാൻ പണ്ടുനിർമ്മിച്ച സാരതീർത്ഥങ്ങളുംതഥാ
ഞാനെൻനാമത്തിൽനിർമ്മിച്ചനാനാലിംഗങ്ങളുംവിഭോ!
സ്നാനാർച്ചനാദിയാൽ മുക്തിദാനദക്ഷങ്ങളാകണം.
ചൈത്രമാസത്തിലീരാമതീർത്ഥത്തിൽ സർവ്വ മർത്ത്യരും
പ്രത്യബ്ദം വിധിപോൽ സ്നാനകൃത്യം മുട്ടാതെ ചെയ്യണം
അശ്വമേധം സോമയാഗം പശുമേധമിവററിനാൽ
ഉളവാംഫലമിങ്ങൊററകുളിയാൽ സിദ്ധമാകണം.
എന്നുതന്നെയല്ല,

(പാന)

ഭാനുതന്നുപരാഗേ കുരുക്ഷേത്രേ-
സ്നാനദാനങ്ങൾചെയ്യാലുളളാം ഫലം
ഇങ്ങു ചൈത്രത്തിലീ രാമതീർത്ഥത്തിൽ
മുങ്ങിയെന്നാലുളവായ്വരണമേ.
ഇയ്യയോദ്ധ്യയിൽ ചൈത്രമാസസ്നാനം
ചെയ്യും ലോകർക്കു മുക്തിസിദ്ധിക്കണം.
മാഘമാസത്തിൽ ശ്രീ പ്രയാഗത്തിങ്കൽ
സ്നാനം ചെയ്യണം സൽഫലമിച്ഛിപ്പോർ,
കാശിയിൽത്തഥാ കാർത്തികമാസത്തിൽ,
വൈശാഖത്തിലോ ദ്വാരകാതീർത്ഥത്തിൽ,
ആമട്ടിൽത്താനയോദ്ധ്യയിൽ ചൈത്രത്തിൽ,
രാമതീർത്ഥത്തിൽ സ്നാനം ശുഭപ്രദം.
ഇന്നോളം നരർ മാർഗ്ഗശീർഷം മാസം
തന്നെ മുഖ്യമാം മാസമെന്നോതിനാർ
ഇന്നിമേലിട്ടു മാസങ്ങൾക്കൊക്കയും
മുന്നിലിച്ചൈത്രമായി വന്നീടണം.
ദേവകൾക്കൊക്കെമുമ്പനീശൻ ഭവാ-
നാവിധംതന്നെ മാസങ്ങൾക്കൊക്കയും
മുമ്പിൽ നില്ക്കുന്നതാകണമിച്ചൈത്രം
തമ്പുരാനേ! പുരികൾക്കയോദ്ധ്യയും.

ചൈത്രമാസമണയുന്ന നേരത്തു
വൃത്രവൈരി തുടങ്ങിയ ദേവന്മാർ
മന്നിലിത്തീർത്ഥതോയത്തിൽ നിത്യവും
സന്നിധാനവും ചെയ്യുരുളിടണം
വർഷംതോറുമിച്ചൈത്രമാസത്തിങ്കൽ
ഹർഷം പൂണ്ടു ജഗത്രയവാസികൾ
വൃദ്ധരാതുരർനാരിമാരെന്നിവ-
രൊത്തുവന്നിങ്ങു രാമതീർത്ഥത്തിങ്കൽ
ഇന്നത്തെപ്പോലെ കാണുമാറാകണ-
മിന്നിമേലിലും ശ്രീശങ്കരപ്രഭോ!

ശ്രീപാർവ്വതി സീതയ്ക്കു വരം നൽകുന്നത്.

മേൽപ്രകാരം ശ്രീരാമൻ ശിവനോടു പറഞ്ഞതിന്നുശേഷം ശ്രീപാർവ്വതി സീതയോടു 'ഹേ സീതേ, സ്ത്രീകളുടെ നന്മക്കായി വേണ്ട വരങ്ങൾ ഭവതി എന്നിൽനിന്നും വാങ്ങിക്കൊൾക' എന്നരുളിച്ചെയ്തു. അതു കേട്ടു സീതാദേവി ആദരവോടുകൂടി പറഞ്ഞു. 'ഭൂമിയിൽ എന്റെ വകയായിട്ടുള്ള തീർത്ഥങ്ങൾ ആയിരക്കണക്കായിട്ടുണ്ട്. അവയിലൊന്നാണിവിടെയുമുള്ളത്. എന്നാൽ ഞാനിന്നു സ്നാനം ചെയ്തതായ ഈ തീർത്ഥം മററുള്ളവയേക്കാൾ ശ്രേഷ്ഠമാകുന്നു. ചൈത്രമാസത്തിലെ തൃതീയ, വൈശാഖത്തിലെ വെളുത്ത തൃതീയയായ അക്ഷയതൃതീയ എന്നീ പുണ്യദിനങ്ങളിൽ എന്റെ വക തീർത്ഥങ്ങളിൽ സ്നാനം ചെയ്യുന്നതിന്നു സീതാഗൌരീസ്നാനം എന്നു പേർ പറയും. ഈ സ്നാനം സ്ത്രീകൾക്കു വിശേഷമാകുന്നു. ഒരു മാസകാലം എന്റെ തീർത്ഥങ്ങളിൽ സ്നാനം ചെയ്യുന്നതു സ്ത്രീകൾക്കു സൌഭാഗ്യത്തെയും പുത്രപൌത്രസമൃദ്ധിയേയും നല്കുന്നതാകണം. എല്ലാദിക്കിലും രാമതീർത്ഥത്തിന്റെ ഇടത്തുഭാഗത്ത് എന്റെ തീർത്ഥവും ഉണ്ട്'. ഇപ്രകാരം സീതാദേവി വരങ്ങളെ വരിച്ചു മൌനത്തെ അവലംബിച്ചുകൊണ്ടു രാമസന്നിധിയിൽ സ്ഥിതി ചെയ്തു.

**സ്നാനം കഴിഞ്ഞുള്ള വരവ്**

തദനന്തരം ഗുരുവായ വസിഷ്ഠമഹർഷി ശ്രീരാമനോടു യജ്ഞമണ്ഡപത്തിലേയ്ക്കു തന്നെ തിരിച്ചു പോകുവാൻ കല്പിച്ചു. അതു കേട്ടു ശ്രീരാമൻ സീതയോടും ഋത്വിക്കുകളോടുംകൂടി രഥത്തിൽ കയറി. ആ സമയത്തു ദുന്ദുഭികളുടേയും ഭേരികളുടേയും ധ്വനികൾ മുഴങ്ങി. മൃദംഗപണവാദികളായ വാദ്യങ്ങളുടെ ഘോഷങ്ങളും ബ്രാഹ്മണരുടെ വേദഘോഷങ്ങളും ജയഘോഷങ്ങളും മന്ത്രഘോഷങ്ങളും എങ്ങും മുഴങ്ങുകയും അപ്സരസ്ത്രീകൾ നൃത്തം വെക്കുകയും ചെയ്തു. ശ്രീരാമൻ മുമ്പത്തെപ്പോലെതന്നെ മഹോത്സവങ്ങളോടുകൂടിയും നാനാകൌതുകങ്ങളെ നോക്കിക്കണ്ടുംകൊണ്ടും പതുക്കെ പതുക്കെ യജ്ഞമണ്ഡപത്തിലേക്കെഴുന്നള്ളി. മണ്ഡപത്തിലെത്തിയപ്പോൾ തേരിൽനിന്നിറങ്ങി സീതയോടുകൂടി അഗ്നിയെ ഹോമകുണ്ഡത്തിൽത്തന്നെ പ്രക്ഷേപിച്ചു. പിന്നെ പൂർണ്ണാഹുതി ചെയ്തു വസ്ത്രാഭരണഫലങ്ങളെക്കൊണ്ട് അഗ്നിയെ പൂജിച്ചു ശ്രീരാമൻ യജ്ഞപാത്രങ്ങളെ വിസർജ്ജനം ചെയ്തു. ഇങ്ങിനെ യജ്ഞകർമ്മം അവസാനിച്ചപ്പോൾ രാമൻ ഋത്വിക്കുകൾക്കു ദക്ഷിണ കൊടുക്കുവാനായി ലക്ഷ്മണനോടു കല്പിച്ചു. 'ഹേ ലക്ഷ്മണ! നീ നമ്മുടെ ഭണ്ഡാരപ്പുരയിൽ ഈ ഋത്വിക്കുകളോടുകൂടി പോയി കാവല്ക്കാരെ മാററി നിർത്തി ഒതുങ്ങി നില്ക്കണം. എല്ലാവരും അവരവൎക്കിഷ്ടമുള്ള ദ്രവ്യം എടുത്തുകൊള്ളട്ടേ; ആർ എന്ത് എടുക്കുന്നുവോ അതു വാഹനാദികളിൽ കയററി അവരുടെ ആശ്രമങ്ങളിൽ എത്തിച്ചുകൊടുക്കണം. മുനിജനങ്ങൾക്കെല്ലാം കൈ നിറയെ പ്രത്യേകമായും ദ്രവ്യം ദാനം ചെയ്യണം'. ലക്ഷ്മണൻ ജ്യേഷ്ഠന്റെ കല്പനപോലെ എല്ലാം ചെയ്തു. അതിന്നുശേഷം ശ്രീരാമൻ അശ്വമേധത്തിന്നു വരിക്കപ്പെട്ട ഋത്വിക്കുകളെയെല്ലാം യഥാസുഖം ഭക്ഷണം കഴിപ്പിച്ചു പറഞ്ഞയച്ചു.

**ദേവന്മാരേയും മററും പൂജിക്കുന്നത്.**

അതിന്നുശേഷം ശ്രീരാമൻ പരമശിവാദികളായ ദേവന്മാരെ നാനാവിഭവങ്ങളെക്കൊണ്ടു വഴിപോലെ പൂജിച്ചു.

ചിലൎക്ക് അനേകം അശ്വങ്ങളെ ദാനം ചെയ്തു. മററുചിലൎക്കു പല്ലക്കുകൾ നല്കി. ചിലൎക്കു ഗജങ്ങളേയും ചിലൎക്കു രഥങ്ങളേയും ചിലൎക്ക് ആയുധങ്ങളേയുമാണു നല്കിയത്. ഇപ്രകാരംതന്നെ രാജാക്കന്മാരേയും അവരുടെ അവരോധജനങ്ങളേയും സേവകന്മാരേയും ശ്രീരാമൻ വിശിഷ്ടങ്ങളായ വസ്ത്രങ്ങൾ, ആഭരണങ്ങൾ, വാഹനങ്ങൾ എന്നിവയെക്കൊണ്ടു സന്തോഷിപ്പിച്ചു. അതിന്നുശേഷം രാമൻ തന്റെ ദേഹത്തിൽ ദിവ്യങ്ങളായ വസ്ത്രങ്ങളെ ധരിച്ചു. അപ്പോൾ ദേവന്മാരും രാജാക്കന്മാരും ശ്രീരാമനേയും നാനാതരത്തിലുള്ള ഉപഹാരങ്ങൾ നല്കി പൂജിക്കുകയുണ്ടായി. നദികൾ, സമുദ്രങ്ങൾ, നാഗങ്ങൾ, ഗോക്കൾ, പക്ഷികൾ, മൃഗങ്ങൾ, ആകാശം, ഭൂമി എന്നിവയും എല്ലാ ഭൂതജാലങ്ങളും ശ്രീരാമന് ഉപഹാരങ്ങൾ (കാഴ്ചകൾ) സമൎപ്പിച്ചു. ആ അവസരത്തിൽ ശ്രീരാമൻ വസ്ത്രാഡംബരത്തോടും അലങ്കാരമോടിയോടും കൂടിയവനായി ബന്ധുക്കളാൽ സേവിക്കപ്പെട്ടുന്നവനായിട്ടു മറെറാരഗ്നിയൊ എന്നു തോന്നുമാറു ശോഭിച്ചു.

ശ്രീരാമന്നുള്ള ഉപഹാരങ്ങൾ.

ധനദനായ വൈശ്രവണൻ രാമന്നു സ്വൎണ്ണമയവും വിശിഷ്ടവുമായ ഒരു വീരാസനം ദാനം ചെയ്തു. വരുണൻ ചന്ദ്രനെപ്പോലെ പ്രഭയുള്ളതും സദാ ജലം സ്രവിക്കുന്നതുമായ ഒരാതപത്രവും നല്കി. വായുദേവൻ രണ്ടു വെഞ്ചാമരങ്ങളും, ധൎമ്മദേവൻ കീൎത്തിമയമായ ഒരു മാലയും കൊടുത്തു. ഇന്ദ്രൻ ഉൽകൃഷ്ടമായ ഒരു കിരീടവും, യമൻ സംയമനമായ ദണ്ഡവും ദാനം ചെയ്തു. ബ്രഹ്മാവു ബ്രഹ്മ(മന്ത്ര)മയമായ ഒരു കവചവും, സരസ്വതീദേവി മനോഹരമായ ഒരു ഹാരവും സമ്മാനിച്ചു. ശിവൻ പത്തു ചന്ദ്രവലയങ്ങളുള്ളതും ശ്രീപാൎവ്വതി നൂറു ചന്ദ്രവലയങ്ങളുള്ളതുമായ ഓരോ ഖഡ്ഗങ്ങൾ സംഭാവന ചെയ്തു. ചന്ദ്രൻ അമൃതമയങ്ങളായ കുതിരകളേയും, ത്വഷ്ടാവു സ്വൎണ്ണപാത്രമയമായ രഥത്തെയും, അഗ്നി ആജഗവമെന്ന ചാപത്തേയും, സൂൎയ്യൻ രശ്മിമയങ്ങളായ ബാണങ്ങളേയുമാണു നല്കിയത്.

ഭൂമി യോഗമയങ്ങളായ രണ്ടു മെതിയടികളേയും, ആകാശം പ്രതിദിനം പുഷ്പബലിയേയും കൊടുത്തു. ആകാശചാരികളായ മററുള്ളവർ ഗീതവാദ്യങ്ങളോടുകൂടിയ നാട്യത്തേയും അന്തൎദ്ധാനവിദ്യയേയും കൊടുത്തു. ഋഷികൾ സൎവ്വദാ സത്യങ്ങളായ ആശിൎവ്വാദങ്ങളെയും സമുദ്രം തന്നിൽനിന്നുണ്ടായ ശംഖത്തേയും കൊടുത്തു. സമുദ്രങ്ങൾ, പൎവ്വതങ്ങൾ, നദികൾ എന്നിവ മഹാത്മാവായ രാമന്നു രഥമാൎഗ്ഗങ്ങളേയും കൊടുത്തു. ഇതുപോലെതന്നെ രാജാക്കന്മാരും തേരുകൾ, കുതിരകൾ, ആനകൾ, പല്ലക്കുകൾ, പശുക്കൾ, കാളകൾ, ഖഡ്ഗങ്ങൾ, ദാസികൾ, ദാസന്മാർ, ഒട്ടകങ്ങൾ, പക്ഷികൾ തുടങ്ങിയ നാനാതരം കാഴ്ചകൾ കൊടുക്കുകയുണ്ടായി. രാജാക്കന്മാരുടെയും ദേവന്മാരുടെയും പത്നിമാർ സീതാദേവിക്കു മംഗല്യങ്ങളായ വസ്ത്രാലങ്കാരവാഹനങ്ങളേയും കഞ്ചുകങ്ങളേയും ക്രീഡോപകരണങ്ങളേയും പക്ഷിക്കൂട്ടുകളേയും ദാനം ചെയ്തു.

അനന്തരം അവരുടെയെല്ലാം പൂജകളെ സ്വീകരിച്ചു ശ്രീരാമൻ വന്ദിജനങ്ങളാൽ സ്തുതിക്കപ്പെട്ടവനായിട്ട് അഗ്നിയോടും സീതയോടുംകൂടി ദിവ്യമായ രഥത്തെ ആരോഹണം ചെയ്തു. കൂടെ തന്റെ അന്തഃപുരസ്ത്രീകളും നൃപപത്നിമാരും ഉണ്ടായിരുന്നു. മുനിശ്രേഷ്ഠന്മാരെല്ലാം വിമാനാരൂഢന്മാരായിട്ട് ആകാശത്തൂടേ അയോദ്ധ്യയിലുള്ള രാജഗൃഹത്തിലേക്കു പോയി.

അയോദ്ധ്യയിലേക്കുള്ള എഴുന്നള്ളത്ത്.

രഥാരൂഢനായ ശ്രീരാമചന്ദ്രൻ പൂൎവ്വോക്തങ്ങളായ ഉത്സവങ്ങളോടുകൂടിയും, സൂതമാഗധന്മാരാൽ സ്തുതിക്കപ്പെട്ടുകൊണ്ടും പതുക്കെപ്പതുക്കെ നഗരത്തിലേക്കെഴുന്നള്ളി. ഈ അവസരത്തിൽ

(കേക)

തിങ്കൾക്കീറൊളിമുക്താജാലങ്ങൾ തിളങ്ങുന്ന
വെൺകൊററക്കുട പിടിച്ചീടിനാൻ സൌമിത്രിതാൻ
ആലവട്ടങ്ങൾ പിടിച്ചീടിനാൻ ഭരതനും
ശ്രീലമാം വെഞ്ചാമരം വീശിനാൻ ശത്രുഘ്നനും.

സുഗ്രീവൻ വഹിച്ചിതു താംബൂലപാത്രത്തെയു-
മഗ്ര്യനാം വായുപുത്രൻ സലിലപാത്രത്തെയും.
യുഷ്മൻകോളാമ്പിയെടുത്തീടിനാൻ നളൻതാനും
കെല്പെഴുമംഗദനും കണ്ണാടിയെടുത്തുതേ.
ശ്രീമാനാം വിഭീഷണൻ വഹിച്ചു വസ്ത്രഭാണ്ഡം
ധൂമപാത്രത്തെയെടുത്തീടിനാൻ ജാംബവാനും
ഫലപാത്രങ്ങൾ പൂജാപാത്രങ്ങൾ പലതരം
വിലയേറിയ ഗന്ധദ്രവ്യത്തിൻ പാത്രങ്ങളും
മറവുള്ള സുഗന്ധവസ്തുക്കളും മന്ത്രീന്ദ്രന്മാർ
ചുറവമേ കരതാരിലെടുത്തു നടകൊണ്ടാർ.
ഇന്ദിരാദേവിയാകും സീതയോടൊരുമിച്ചാ-
സ്യന്ദനം തന്നിലിരുന്നരുളും രാമചന്ദ്രൻ
സാരമാം സുഗന്ധവസ്തുക്കളെക്കോരിക്കോരി
വാരനാരിമാരുടെ നിരയിൽ തൂകീടിനാൻ.
നന്മണം ചിതറുന്ന ചെഞ്ചായം നിറച്ചുള്ള
പൊന്മയജലയന്ത്രജാലങ്ങൾ കയ്ക്കലന്തി
വാരനാരിമാരുടെ പട്ടുടവാടകളും
ശീരരാം രാജാക്കൾ തൻ നിർമ്മല വസ്ത്രങ്ങളും
കാന്തിയേന്തുന്ന വസന്തത്തികൽത്തിളങ്ങുന്ന
ചെന്തളിർ നിരപോലെ ചുവപ്പിച്ചിതു രാമൻ
സുഗന്ധസ്നേഹരാഗസിക്തമായ്ത്തിളങ്ങുന്ന
മുകിൽവേണിമാരുടെ മുഗ്ദ്ധാർദ്രവസ്ത്രങ്ങളെ
വാരാളും പരിമളപൂരങ്ങൾ കോരിയൊഴി-
ച്ചേറവേ വിചിത്രമായ്ച്ചമച്ചാൻ രഘൂത്തമൻ.
വാരസ്ത്രീജനനാനൃത്തമാടവേ, വാദ്യജാലം
പാരമായ്മുഴങ്ങവേ, വന്ദികൾ സ്തുതിക്കവേ,
പൂമഴയേററംകൊണ്ടു രാജമാർഗ്ഗത്തിൽക്കൂടേ
കോമളൻ രാമചന്ദ്രൻ മന്ദമായെഴുന്നള്ളി.
വഴിയിലൊടനീളം കലശപ്രദീപങ്ങൾ,
വഴിയേ ദദ്ധ്യോദനം നിറച്ചുള്ളപൊൻകുംഭങ്ങൾ

ബലിദീപങ്ങൾ, പൂൎണ്ണകുംഭങ്ങളിവകൊണ്ടു
പലപൌരനാരിമാർ നിരന്നു നിന്നങ്ങിനെ
നീരാജനം ചെയ്തിതു ജാനകീദേവിയേയും
നിരന്ധ്രനിരദാഭനാകിയ രാമനേയും

സഭാപ്രവേശം.

ഇങ്ങിനേയുള്ള ഘോഷയാത്ര രാജധാനിയിൽ എത്തിയപ്പോൾ ശ്രീരാമൻ സീതയോടുംകൂടി തേരിൽനിന്നിറങ്ങി അഗ്നിയെ അഗ്ന്യാഗാരത്തിൽ കൊണ്ടുപോയി സ്ഥാപിച്ചു തന്റെ ആസ്ഥാനസഭയിൽ എഴുന്നള്ളി സിംഹാസനത്തിൽ ഇരുന്നു. അപ്പോൾ സൎവ്വരാജാക്കന്മാരും ശ്രീരാമനെ നമസ്കരിച്ചു. സിംഹാസനത്തിൽ—

നാനാരാജകിരീടകോടിവിലസദ്രത്നങ്ങൾ തൻ കാന്തിയും
തേനൊളുന്നവതംസപുഷ്പനിരതൻപുഷ്പൽപരാഗങ്ങളും
മാനാതീതമിണങ്ങി രഞ്ജിതകലാടോപം പെടും ചേവടി-
ക്കൂനാപേതമപൂൎവ്വകാന്തി ഭരമങ്ങേല്പിച്ചിതല്പേതരം
തങ്കംപോലെ തിളങ്ങിടും ജനകജാ പാദാരവിന്ദദ്വയ-
ത്തിങ്കൽദ്ദേവനരേന്ദ്ര രൂപിണികൾ ശിരസ്സൎപ്പിച്ചു വന്ദിക്കവേ
തങ്കൽച്ചൂടിയ പുഷ്പരേണുനിരയും സീമന്തസംസ്ഥാജ്ജ്വലൽ-
ത്തിങ്കൾസൂൎയ്യമണിപ്രഭാ പടലവും ചേൎന്നുല്ലസിച്ചു ത്തുലോം.

ദേവകളുടേയും മററും യാത്ര.

അതിന്നുശേഷം സഭയിൽവെച്ചു മഹേശ്വരൻ ശ്രീരാമനെ ശ്രീരാമസ്തവരാജാദികളായ സ്തോത്രങ്ങളെക്കൊണ്ടു വഴിപോലെ സ്തുതിക്കയും, ശ്രീരാമൻ അവിടുത്തെ വളരെ വിശേഷമായി പൂജിക്കയും ചെയ്തു. എന്നിട്ടു ശ്രീരാമന്റെ അനുജ്ഞവാങ്ങി വൃഷാരൂഢനായിട്ടു അവരോധജനങ്ങളോടും ദേവകളോടും ചേൎന്നു സ്വസ്ഥാനത്തേക്കു പോകുവാൻ പുറപ്പെട്ടു. രാജാക്കന്മാരുടെ പത്നിമാരും സീതയോടു വിടവാങ്ങി യഥാസ്വം വാഹനങ്ങളിൽ കയറി അയോദ്ധ്യയിൽനിന്നു പോയി. രാജാക്കന്മാരും രാമന്റെ അനുജ്ഞവാങ്ങി അവരോധ ജനങ്ങളോടും സൈന്യങ്ങളോടുംകൂടി സ്വസ്വരാജ്യങ്ങളിലേക്കു തിരിച്ചു.

ശിവൻ കൈലാസത്തിലേയ്ക്കും ബ്രഹ്മാവു സത്യലോകത്തേയ്ക്കും ഇന്ദ്രാദിദേവന്മാർ സ്വർഗ്ഗലോകത്തേയ്ക്കും പോയി. തദനന്തരം സുശീലന്മാരായ ഋത്വിക്കുകളും ബ്രഹ്മാദികളായ സദസ്യന്മാരും സമസ്തമുനീന്ദ്രന്മാരും അയോദ്ധ്യയിൽ സ്വസ്ഥാനങ്ങളിലേക്കു പോയി.

ഉപസംഹാരം.

അതിന്നുശേഷം ശ്രീരാമൻ മുമ്പത്തെപ്പോലെതന്നെ രാജ്യപരിപാലനം ചെയ്തു ജാനകീദേവിയോടുകൂടി ചിരകാലം സുഖമായി രമിച്ചുംകൊണ്ടു താമസിച്ചു. ഒന്നിടവിട്ടു കൊല്ലങ്ങളിൽ ശ്രീരാമൻ ഓരോ അശ്വമേധങ്ങൾ ഇതുപോലെ ചെയ്തുവന്നു. അങ്ങിനെ ഇരുപതു സംവത്സരങ്ങൾ കൊണ്ടു പത്തശ്വമേധങ്ങൾ തികഞ്ഞു. പത്താമത്തെ അശ്വമേധത്തിൽ ഗുരുവിൻെറ വാക്യം അനുസരിച്ചു ശ്രീരാമൻ സർവ്വസ്വവും ബ്രാഹ്മണൎക്കായി ദാനംചെയ്കയുണ്ടായി. അന്നു നാലുദിക്കുകളും ഋത്വിക്കുകൾക്കു ദക്ഷിണയായിക്കൊടുത്തു എന്നാണു കേട്ടിട്ടുള്ളത്. അങ്ങിനെ ദാനംകിട്ടിയ ദിക്കുകളെ ഋത്വിക്കുകൾ പിന്നെ സംരക്ഷണാൎത്ഥം രാമന്നുതന്നെ തിരികെ കൊടുത്തുവെന്നും കേൾവിയുണ്ട്.

ഹേ ശിഷ്യ! ഇപ്രകാരം നിൻെറ ചോദ്യമനുസരിച്ചു ശ്രീരാമചന്ദ്രൻെറ യാഗചരിതം ഞാൻ കുറഞ്ഞൊന്നു പറഞ്ഞുതന്നു. പുണ്യമായ ഈ യാഗകാണ്ഡം യാവനൊരുത്തൻ പ്രഭാതത്തിൽ എഴുന്നേററു ജപിക്കുന്നുവോ അവന്നു സർവ്വകാമങ്ങളും കൈവരും. പുത്രാൎത്ഥിക്കു പുത്രനുണ്ടാകും; ധനാൎത്ഥിക്കു ധനം ലഭിക്കും. ഈ യാഗകാണ്ഡം ശ്രവിച്ചാൽ അശ്വമേധത്തിൻെറ ഫലം ലഭിക്കും. ഹോമം ചെയ്യുമ്പോഴും ചാതുൎമ്മാസ്യാദികളിലും വദ്ധ്യാനപൂജാദ്യാരംഭത്തിൽ ഇതു വായിക്കണം.

രമ്യം പവിത്രം രഘുവീരനാഥൻ-
തന്നശ്വമേധത്തിലെഴും ചരിത്രം
പഠിക്കയും കേൾക്കയുമാരുചെയ്വി-
തവൎക്കുസൎവ്വേഷ്ടസമൃദ്ധിയുണ്ടാം.

ഇങ്ങിനെ ശതകോടി രാമായണാന്തൎഗ്ഗതമായ ആനന്ദരാമായണത്തിൽ
യാഗകാണ്ഡത്തിൽ ഒമ്പതാംസൎഗ്ഗം സമാപ്തം.

[illegible]

# പുതിയ പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| അദ്ധ്യാത്മരാമായണം (മൂലവും വ്യാഖ്യാനവും) | 3 | 0 | 0 |
| വാത്മീകിരാമായണം സുന്ദരകാണ്ഡം (മൂലവും വ്യാഖ്യാനവും) | 1 | 4 | 0 |
| കമ്പരാമായണം (ഗദ്യം) | [illegible] | 6 | 0 |
| ഭക്തവിജയം (ഗദ്യം) ഒന്നാംഭാഗം | 2 | 0 | 0 |
| ,, രണ്ടാംഭാഗം | 2 | 0 | 0 |
| ,, മൂന്നും നാലും ഭാഗങ്ങൾ | 2 | 8 | 0 |
| [illegible]യം (നോവൽ) | 3 | 0 | 0 |
| അമ്മയും മകളും ,, | 1 | 4 | 0 |
| വിലാസിനി ,, | 1 | 4 | 0 |
| മൃണാളിനി ,, | 1 | 4 | 0 |
| കല്യാണിക്കുട്ടി ,, | 1 | 0 | 0 |
| [illegible] ,, | 0 | 8 | 0 |
| [illegible] ,, | 0 | 6 | 0 |
| [illegible] ,, | 0 | 12 | |
| [illegible] ,, | 0 | 6 | |
| [illegible] ,, | 1 | 4 | |
| [illegible] ,, | 0 | 8 | |
| [illegible] ,, | 0 | [illegible] | |
| [illegible] | 2 | 0 | |
| ശ്രീരാമകൃഷ്ണപരമഹംസൻ | 1 | 0 | |
| [illegible] | 1 | [illegible] | |
| [illegible] | 1 | 8 | |
| ഭക്തകീർത്തനമാല | 0 | 12 | |
| ശ്രീകൃഷ്ണകർണ്ണാമൃതം | 0 | 8 | |
| അശ്വമേധയാഗം | 0 | 8 | |
| ശിവപാദാദികേശാന്തസ്തവം | 0 | 5 | |
| വിഷ്ണുപാദാദികേശാന്തസ്തവം | [illegible] | 5 | |
| ആനന്ദലഹരി | 0 | 5 | |
| വിംശതി | 0 | 6 | |
| ശൃംഗാരശതകം | 0 | 8 | |
| അഷ്ടപദി—ഗീതാഗോവിന്ദം | 1 | 0 | |


**പുസ്തകങ്ങൾക്കു വലിയ [illegible] സൗജന്യം !**

മാനേജർ,

**ജ്ഞാനസാഗരം പുസ്തകശാല, തൃശ്ശിവപേരൂർ**